## സിറോ മലബാർ സഭയുടെ ദൈവാരാധനാ ക്രമം



# ܪܐܙܐ: റാസ

## സിറോ മലബാർ അഥവാ മാർ തോമാ നസ്രാണി സഭയുടെ പരിശുദ്ധ കുർബാന

www.malankaralibrary.com

# സീറോമലബാർസഭയുടെ കുർബാന

## റാസക്രമം

കാർമ്മികൻ കൈകൾ കഴുകി തിരുവസ്ത്രങ്ങൾ അണിഞ്ഞ്, ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങളണിഞ്ഞ ആർച്ചുഡീക്കൻ ശുശ്രൂഷികൾ, സഹായികൾ എന്നിവരോടുകൂടെ പ്രദക്ഷിണമായി മദ്ബഹായിലേക്കു പോകുന്നു. പ്രദക്ഷിണത്തിൽ സ്ലീവാ ധൂപക്കുറ്റി, തിരികൾ, സുവിശേഷഗ്രന്ഥം എന്നിവയുണ്ടായിരിക്കണം. എല്ലാവരും മദ്ബഹായിൽ പ്രവേശിക്കുന്നു.

കാർമ്മികന്റെ ഇടത്തുവശത്ത് ആർച്ചുഡീക്കനും, പിറകിൽ ഒന്നാം ശുശ്രൂഷിയും ആർച്ചുഡീക്കന്റെ പിറകിൽ രണ്ടാം ശുശ്രൂഷിയും നിൽക്കുന്നു.

കാർമ്മികന്റെ ഇരുവശത്തുമായി ശുശ്രൂഷികൾ നിൽക്കുന്നു; അവരുടെ വശങ്ങളിലായി സഹായികളും. സുവിശേഷഗ്രന്ഥം വഹിക്കുന്ന ശുശ്രൂഷി അതു ബലിപീഠത്തിന്മേൽ ഇടത്തുഭാഗത്തു വയ്ക്കുന്നു. എല്ലാവരും ബലിപീഠത്തെ വണങ്ങി വചനവേദിയിലേക്കു പോകുന്നു.

സ്ലീവാ വഹിക്കുന്ന ശുശ്രൂഷി അതു വചനപീഠത്തിന്മേൽ തിരികളുടെ മധ്യേ വയ്ക്കുന്നു.

കാർമ്മി. അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയൊടീബലിയർപ്പിക്കാം.

സമൂ. **അനുരഞ്ജിതരായ്ത്തീർന്നീടാം**
**നവമൊരു പീഠമൊരുക്കീടാം**
**ഗുരുവിൻ സ്നേഹമൊടീയാഗം**
**തിരുമുമ്പാകെയണച്ചീടാം.**

*(അല്ലെങ്കിൽ)*

www.malankaralibrary.com

കാർമ്മി. നമുക്കു ലഭിച്ചിരിക്കുന്ന കല്പനയനുസരിച്ച് ഈ കുർബാന ആരംഭിക്കാം.

സമൂ. **മിശിഹായുടെ കല്പനയനുസരിച്ചാണല്ലോ നാം ഇത് അർപ്പിക്കുന്നത്.**

കാർമ്മി. അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവ്വേശനു സ്തുതിഗീതം. (3)

സമൂ. **ഭൂമിയിലെങ്ങും മർത്യനു ശാന്തി**
**പ്രത്യാശയുമെന്നേക്കും.** (3)

*(അല്ലെങ്കിൽ)*

കാർമ്മി. അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

സമൂ. **ആമ്മേൻ.** (3)

കാർമ്മി. ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

കാർമ്മി. സ്വർഗ്ഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.



സമൂ. **സ്വർഗ്ഗസ്ഥിതനാം താതാ നിൻ**
**സ്തുതിതൻ നിസ്തുല മഹിമാവാൽ**
**ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ**
**പാവനമായി വിളങ്ങുന്നു.**

**വാനവമാനവവൃന്ദങ്ങൾ**
**ഉദ്ഘോഷിപ്പൂ സാമോദം**
**പരിശുദ്ധൻ നീ എന്നെന്നും**
**പരിശുദ്ധൻ നീ പരിശുദ്ധൻ.**

**സ്വർഗ്ഗസ്ഥിതനാം താതാ നിൻ**
**നാമം പൂജിതമാകണമേ**

**നിൻ രാജ്യം വന്നീടണമേ**
**നിൻ ഹിതമിവിടെ ഭവിക്കണമേ.**

**സ്വർഗ്ഗത്തെന്നതുപോലുലകിൽ-**
**നിൻ ചിത്തം നിറവേറണമേ**
**ആവശ്യകമാമാഹാരം**
**ഞങ്ങൾക്കിന്നരുളീടണമേ.**

**ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ**
**ഞങ്ങൾക്കുള്ള കടം സകലം**
**പാപത്തിൻ കടബാദ്ധ്യതയും**
**അങ്ങു കനിഞ്ഞു പൊറുക്കണമേ.**

**ഞങ്ങൾ പരീക്ഷയിലൊരുനാളും**
**ഉൾപ്പെടുവാനിടയാകരുതേ**
**ദുഷ്ടാരൂപിയിൽനിന്നെന്നും**
**ഞങ്ങളെ രക്ഷിച്ചരുളണമേ.**

**എന്തെന്നാലെന്നാളേക്കും**
**രാജ്യം ശക്തി മഹത്ത്വങ്ങൾ**
**താവകമല്ലോ കർത്താവേ**
**ആമ്മേനാമ്മേനെന്നേക്കും.**

കാർമ്മി. താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

സമൂ. **സ്വർഗ്ഗസ്ഥിതനാം താതാ നിൻ**
**നാമം പൂജിതമാകണമേ**
**നിൻ രാജ്യം വന്നീടണമേ**
**പരിശുദ്ധൻ നീ പരിശുദ്ധൻ.**

**സ്വർഗ്ഗസ്ഥിതനാം താതാ നിൻ**
**സ്തുതിതൻ നിസ്തുല മഹിമാവാൽ**
**ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ**
**പാവനമായി വിളങ്ങുന്നു.**

www.malankaralibrary.com

**വാനവമാനവവൃന്ദങ്ങൾ**
**ഉദ്ഘോഷിപ്പൂ സാമോദം**
**പരിശുദ്ധൻ നീ എന്നെന്നും**
**പരിശുദ്ധൻ നീ പരിശുദ്ധൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

**അങ്ങയുടെ നാമം പൂജിതമാകണമേ./ അങ്ങയുടെ രാജ്യം വരണമേ./ അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ./ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,/ അങ്ങയുടെ മഹത്ത്വത്താൽ / സ്വർഗ്ഗവും ഭൂമിയും നിറ ഞ്ഞിരിക്കുന്നു./ മാലാഖമാരും മനുഷ്യരും/ അങ്ങു പരി ശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ/ എന്ന് ഉദ്ഘോഷി ക്കുന്നു./ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,/ അങ്ങ യുടെ നാമം പൂജിതമാകണമേ./ അങ്ങയുടെ രാജ്യം വരണമേ./ അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെ പ്പോലെ ഭൂമിയിലുമാകണമേ./ ഞങ്ങൾക്ക് ആവശ്യ കമായ ആഹാരം/ ഇന്നു ഞങ്ങൾക്കു തരണമേ./ ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ/ ഞങ്ങളുടെ കടങ്ങളും പാപങ്ങളും/ ഞങ്ങളോടും ക്ഷമിക്കണമേ./ ഞങ്ങളെ പ്രലോഭന ത്തിൽ ഉൾപ്പെടുത്തരുതേ./ ദുഷ്ടാരൂപിയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ./ എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും/ എന്നേക്കും അങ്ങ യുടേതാകുന്നു./ ആമ്മേൻ.**

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

സമൂ. **ആദിമുതൽ എന്നേക്കും ആമ്മേൻ.**

കാർമ്മി. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

**അങ്ങയുടെ നാമം പൂജിതമാകണമേ./ അങ്ങയുടെ രാജ്യം വരണമേ./ അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ,**

www.malankaralibrary.com

**പരിശുദ്ധൻ./ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,/ അങ്ങയുടെ മഹത്ത്വത്താൽ/ സ്വർഗ്ഗവും ഭൂമിയും നിറ ഞ്ഞിരിക്കുന്നു./ മാലാഖമാരും മനുഷ്യരും/ അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ/ എന്ന് ഉദ്ഘോഷിക്കുന്നു.**

ആഘോഷപൂർവ്വകമായ കുർബാനയിലും സാധാരണകുർബാനയിലും പകരം ചൊല്ലാവുന്നത്.

കാർമ്മി. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

**അങ്ങയുടെ നാമം പൂജിതമാകണമേ./ അങ്ങയുടെ രാജ്യം വരണമേ./ അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തി ലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവ ശ്യകമായ ആഹാരം/ ഇന്നു ഞങ്ങൾക്കു തരണമേ./ ഞങ്ങളുടെ കടക്കാരോടു/ ഞങ്ങൾ ക്ഷമിച്ചിരിക്കു ന്നതുപോലെ/ ഞങ്ങളുടെ കടങ്ങളും പാപങ്ങളും/ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭന ത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ./ എന്തുകൊണ്ടെന്നാൽ,/ രാജ്യവും ശക്തിയും മഹത്ത്വവും/ എന്നേക്കും അങ്ങ യുടേതാകുന്നു./ ആമ്മേൻ.**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,/ അങ്ങയുടെ മഹത്ത്വത്താൽ/ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും/ അങ്ങു പരിശുദ്ധൻ, പരി ശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.**

ശുശ്രൂ. നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

(ഞായറാഴ്ചകളിലും സാധാരണ തിരുനാളുകളിലും)

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, മനുഷ്യവംശ ത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി അങ്ങയുടെ പ്രിയപുത്രൻ കാരുണ്യപൂർവ്വം നല്കിയ ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിനു ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

www.malankaralibrary.com

(കർത്താവിന്റെ തിരുനാളുകളിലും മറ്റു പ്രധാനതിരുനാളുകളിലും)

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ തിരുനാമത്തിൽ ഉറച്ചു വിശ്വസിക്കുകയും ആ വിശ്വാസം പരമാർത്ഥതയോടെ ഏറ്റുപറയുകയും ചെയ്യുന്നവരെ അങ്ങു ശക്തരാക്കണമേ. ആത്മശരീരങ്ങളെ പവിത്രീകരിക്കുന്ന ഈ പരിഹാരരഹസ്യങ്ങൾ അവർ വിശുദ്ധിയോടെ പരികർമ്മം ചെയ്യട്ടെ. നിർമ്മലഹൃദയത്തോടും വിശുദ്ധവിചാരങ്ങളോടുംകൂടെ അവർ അങ്ങേക്കു പുരോഹിതശുശ്രൂഷ ചെയ്യുകയും അങ്ങു കനിഞ്ഞു നല്കിയ രക്ഷയെപ്രതി നിരന്തരം അങ്ങയെ സ്തുതിക്കുകയും ചെയ്യട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

(സാധാരണ ദിവസങ്ങളിൽ)

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ സംപൂജ്യമായ നാമത്തിനു സ്വർഗ്ഗത്തിലും ഭൂമിയിലും എപ്പോഴും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

കാർമ്മികൻ സങ്കീർത്തനമാല ആരംഭിക്കുന്നു. ഇരുഗണമായിതുടരുന്നു.

## സങ്കീർത്തനം 144

കാർമ്മി. കർത്താവേ, മമരാജാവേ,
പാടും നിൻ പുകളെന്നും ഞാൻ
സകലേശാ, നിൻ തിരുനാമം
വാഴ്ത്തീടും ഞാനനവരതം.

സമൂ. **കർത്താവേ, നിൻ സ്തുതി പാടും**
**അനുദിനമങ്ങയെ വാഴ്ത്തും ഞാൻ**
**നാഥൻ മഹിമ നിറഞ്ഞവനും**
**പാരം സ്തുത്യനുമെന്നെന്നും.**
**അനവദ്യൻ മമ നാഥാ, നിൻ**
**മഹിമയ്ക്കളെവില്ലറിവൂ ഞാൻ**

www.malankaralibrary.com

തലമുറ തലമുറയോടെന്നും
തവ കർമ്മങ്ങൾ വിവരിക്കും.

നാഥാ, നിൻ കരവിരുതെന്നും
നരകുലമഖിലം ഘോഷിക്കും
മഹനീയം നിൻ കീർത്തി സദാ
മഹിയിൽ വർണ്ണിച്ചീടും ഞാൻ.

ഭീതിദമാം നിൻ മഹിമാവും
ശക്തിയുമദ്ഭുത ചെയ്തികളും
വിരവൊടു കീർത്തിച്ചീടുമവർ
തവ തിരുനാമം വാഴ്ത്തും ഞാൻ.

നീ വർഷിക്കും നന്മകൾതൻ
ഓർമ്മകളവരുദ്ഘോഷിക്കും
താവകനീതി പ്രകീർത്തിക്കും
ഉച്ചസ്വരത്തിൽ സാമോദം.

നാഥൻ കരുണാവാരിധിയാം
ദയതൻ വിളനിലമവനെന്നും
ശാന്തി നിറഞ്ഞു വസിക്കുന്നു
നല്ലവനവനെന്നറിവൂ നാം.

സൃഷ്ടികളിൽ തൻ കാരുണ്യം
കർത്താവെന്നും ചൊരിയുന്നു.
നിഖിലചരാചര സൃഷ്ടികളും
നാഥനു നന്ദി പറഞ്ഞീടും.

നാഥാ, നിന്റെ വിശുദ്ധന്മാർ
നിതരാം നിന്നെ വണങ്ങുന്നു
നിൻ രാജ്യത്തിൻ മഹിമയതും
വർണ്ണിച്ചീടും നന്ദിയോടെ.

നിൻകരവൈഭവമവരെല്ലാം
ഏറ്റുപറഞ്ഞു നമിച്ചീടും
നിൻ ചെയ്തികളും മഹിമകളും
മർത്ത്യരെ നിത്യവുമറിയിക്കും.

താവകരാജ്യം കർത്താവേ,
നിതരാം മഹിമയിൽ നിലനില്ക്കും
തലമുറതോറും സുസ്ഥിരമായ്
നിന്നധികാരം നിലകൊള്ളും.

വാഗ്ദാനങ്ങളിലന്യൂനം
കർത്താവെന്നും വിശ്വസ്തൻ
തൻ ചെയ്തികളിൽ കുറവെന്യേ
നീതി നിറഞ്ഞവനെന്നെന്നും.

നിപതിക്കുന്നവരഖിലരെയും
നാഥൻ താങ്ങിനിറുത്തുന്നു.
നിപതിച്ചവരെ കനിവോടെ
നാഥൻ താങ്ങിയുയർത്തുന്നു.

കണ്ണുകളെല്ലാം കർത്താവേ,
നിന്നെത്തന്നെ തേടുന്നു
എന്തെന്നാൽ നീയാഹാരം
ചിതമാം സമയത്തേകുന്നു.

തൃക്കൈ നീട്ടുന്നഖിലേശൻ
സൃഷ്ടിക്കെല്ലാം നല്കുന്നു
സദയം തൻ പരിപാലനയാൽ
ആഗ്രഹപൂർത്തി വരുത്തുന്നു.

നാഥാ, നിന്നുടെ പാതകളിൽ
നീതി നിറഞ്ഞവനല്ലോ നീ
നിൻ ചെയ്തികളിൽ നീയെന്നും
കാരുണ്യത്തിൻ വിളനിലവും.

ഉള്ളുതുറന്നു വിളിക്കുമ്പോൾ
നാഥനടുത്തുണ്ടതു കേൾക്കാൻ
തന്നെ ഭയത്തോടെ സേവിക്കും
നരരുടെയിഷ്ടമവൻ ചെയ്യും.

അവരുടെ യാചന കേൾക്കുമവൻ
രക്ഷയവർക്കവനേകീടും

**ഭക്തജനങ്ങളെയഖിലേശൻ**
**സദയം കാത്തരുളീടുന്നു.**

**ദുഷ്ടജനങ്ങളെ സകലരെയും**
**നിശിതം നിഹനിച്ചീടുമവൻ**
**വിവരിക്കും ഞാൻ കർത്താവിൻ**
**സ്തുതികൾ നാവാൽ സാമോദം.**

**പാവനമവനുടെ തിരുനാമം**
**വാഴ്ത്തും സകലരുമെന്നേക്കും**
**പാവനമവനുടെ തിരുനാമം**
**വാഴ്ത്തും സകലരുമെന്നേക്കും.**

## സങ്കീർത്തനം 145

കാർമ്മി. എന്നാത്മാവേ, പാടുക നീ
കർത്താവിൻ സ്തുതിഗീതങ്ങൾ
ജീവിതകാലം മുഴുവൻ ഞാൻ
നാഥനു ഗീതികൾ പാടീടും.

സമൂ. **ഞാനീ മന്നിൽക്കഴിവോളം**
**ദൈവസ്തുതികൾ പാടീടും**
**അരചനിലോ നരനൊരുവനിലോ**
**ശരണം തേടാൻ തുനിയരുതേ.**

**അവനൊരുനാളും കഴിവില്ലീ-**
**യവനിയിൽ രക്ഷ നിനക്കേകാൻ**
**ആത്മാവൊരുനാൾ വെടിയുമ്പോൾ**
**മണ്ണോടവനും ചേരുന്നു.**

**ആ ദിനമവനുടെ ചിന്തകളും**
**ശൂന്യതതന്നിലമർന്നീടും**
**യാക്കോബിൻ പ്രിയ ദൈവത്തിൻ**
**തുണയുള്ളവനോ സൗഭാഗ്യം.**

**മണ്ണും വിണ്ണും കടലുകളും**
**നിർമ്മിച്ചഖിലം പാലിക്കും**
**കർത്താവാകും ദൈവത്തിൽ**
**ശരണം നിതരാമവനുണ്ടാം.**

www.malankaralibrary.com

**അവിടുന്നല്ലോ സത്യത്തെ**
**അവികലമെന്നും പാലിപ്പോൻ**
**പീഡിതരായ ജനങ്ങൾക്കായ്**
**ന്യായമവൻ വിധിചെയ്തീടും.**

**കനിവൊടു കർത്താവരുളുന്നു**
**പശിയുള്ളോർക്കിങ്ങാഹാരം**
**ബന്ധിതരായോർക്കെന്നെന്നും**
**നാഥൻ മോചനമേകുന്നു.**

**കുരുടന്മാരുടെ നയനങ്ങൾ**
**കർത്താവാണു തുറന്നിടുവോൻ**
**താഴ്ന്ന മുഖങ്ങളുയർത്തിടുവോൻ**
**കർത്താവല്ലോ എന്നാളും.**

**നീതി പുലർത്തും മാനവരെ**
**കർത്താവെന്നും സ്നേഹിപ്പൂ**
**അഗതികളെയവനലിവോടെ**
**നിത്യം കാത്തരുളീടുന്നു.**

**വിധവകളെയുമനാഥരെയും**
**ദൈവം തീറ്റിപ്പോറ്റുന്നു**
**ദുഷ്ടജനത്തിൻ മാർഗമവൻ**
**നിശിതം തട്ടിനശിപ്പിക്കും.**

**എന്നാളും ഭരണാധിപനായ്**
**കർത്താവല്ലോ വാഴുന്നു**
**സെഹിയോനേ, നിൻ ദൈവത്തിൻ**
**ഭരണം നിതരാം നിലനില്ക്കും.**

## സങ്കീർത്തനം 146

കാർമ്മി. നല്ലതുമുചിതവുമല്ലോ നാം
പാടുക ദൈവസ്തുതിഗീതം
വാഴ്ത്താമവനുടെ തിരുനാമം
ദൈവം നിത്യൻ സ്തുത്യർഹൻ.

**സമൂ.** **ചിതറിയൊരിസ്രേസൽ ജനതതിയെ**
**നാഥൻ വീണ്ടും ചേർക്കുന്നു**

പണിയുന്നോർശ്ലേം നഗരിയവൻ
കരുണാവാരിധിയവനല്ലോ.

പൊട്ടിനുറുങ്ങിയ മനസ്സുകളിൽ
ദൈവം സൗഖ്യം പകരുന്നു
ആകുലമാകെയകറ്റിയവൻ
ശാന്തി ജനത്തിനു നല്കുന്നു.

താരകനിരകളെയെണ്ണിയവൻ
വിണ്ണിൽ നിയമിച്ചാക്കുന്നു
നാമമവയ്ക്കവനേകുന്നു
പാതയവയ്ക്കു തുറക്കുന്നു.

ദൈവം ബലവാൻ വലിയവനും
സീമാതീതജ്ഞാനമവൻ
എളിയവനുന്നതി നല്കുന്നു
ദുഷ്ടനെ നിശിതം താഴ്ത്തുന്നു.

കിന്നരരാഗം മീട്ടിമുദാ
നാഥനു ഗാനം പാടിടുവിൻ
മുകിലുകളാലവനാകാശം
മൂടുന്നു, മഴ നല്കുന്നു.

പരിചൊടലംകൃതമാക്കുന്നു
തൃണജാതികളാൽ മലനിരകൾ
പക്ഷിമൃഗാദിക്കവനെന്നും
കരുണയൊടേകുന്നാഹാരം.

അശ്വബലം കണ്ടൊരുനാളും
നാഥനു പ്രീതി ജനിക്കില്ല
ബലവാനിയലും ശക്തിയിലും
നാഥനു തുഷ്ടി ജനിക്കില്ല.

ഭയവും നല്ല പ്രതീക്ഷയുമായ്
തന്നെത്തേടും നരതതിയിൽ
സ്നേഹമരന്ദം വർഷിക്കും
കർത്താവെന്നും കുറവെന്യേ.

www.malankaralibrary.com

കൂട്ടിച്ചേർക്കുന്നു
**(സങ്കീർത്തനം 35)**

കാർമ്മി. ജനരാശികളുടെ മധ്യേ ഞാൻ
നിൻസ്തുതിഗീതം പാടീടും
വളരെ ജനത്തിൻ മുമ്പിൽ ഞാൻ
നിൻസ്തുതിപാടി വണങ്ങീടും.

സമൂ. **താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേൻ ആമ്മേനനവരതം.**

**ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.**

*(അല്ലെങ്കിൽ)*
**സങ്കീർത്തനം 144**

കാർമ്മി. എന്റെ രാജാവായ ദൈവമേ, ഞാൻ അങ്ങയെ പുകഴ്ത്തും
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

സമൂ. എന്റെ രാജാവായ ദൈവമേ, ഞാൻ അങ്ങയെ പുകഴ്ത്തും;
അങ്ങയുടെ നാമം എന്നേക്കും ഞാൻ വാഴ്ത്തും.
അനുദിനം ഞാൻ അങ്ങയെ പുകഴ്ത്തും;
അങ്ങയുടെ നാമത്തെ എന്നേക്കും സ്തുതിക്കും.
നമ്മുടെ കർത്താവു വലിയവനും ഏറ്റവും സ്തുത്യർഹനുമാകുന്നു.
അവിടുത്തെ മഹത്ത്വത്തിന് അതിരില്ല; തലമുറതലമുറതോറും അങ്ങയുടെ പ്രവൃത്തികൾ അറിയിക്കപ്പെടും.
അങ്ങയുടെ ശക്തമായ പ്രവൃത്തികളെ അവർ പ്രഘോഷിക്കും. അങ്ങയുടെ മഹത്ത്വത്തെ ഞാൻ വിവരിക്കും.
അങ്ങയുടെ സമൃദ്ധമായ നന്മയെ അങ്ങയുടെ നീതിമാന്മാർ അന്വേഷിക്കും; അവർ അതു കണ്ടെത്തുകയും ചെയ്യും.
കർത്താവു ദയാലുവും കരുണാമയനുമാകുന്നു;
മഹാശാന്തനും നന്മയുടെ നിറകുടവുമാകുന്നു.
കർത്താവു നല്ലവനും അനന്തമായ കാരുണ്യം
തന്റെ ദാസർക്കു പ്രദാനം ചെയ്യുന്നവനുമാകുന്നു.
കർത്താവേ, അങ്ങയുടെ ദാസർ അങ്ങേക്കു നന്ദി പറയും.
അങ്ങയുടെ നീതിമാന്മാർ അങ്ങയെ വാഴ്ത്തുകയും ചെയ്യും.

www.malankaralibrary.com

അങ്ങയുടെ രാജ്യത്തിന്റെ മഹത്ത്വത്തെ അവർ പ്രകീർത്തിക്കും.
അങ്ങയുടെ ശക്തിയെ അവർ വർണ്ണിക്കും.
അവിടുത്തെ രാജ്യത്തിന്റെ പ്രതാപവും ശക്തമായ പ്രവൃത്തികളും മനുഷ്യമക്കളെ അവർ അറിയിക്കും.
അവിടുത്തെ രാജ്യം എന്നേക്കുമുള്ളതാകുന്നു;
അധികാരം എല്ലാ തലമുറകളിലും.
കർത്താവു വാഗ്ദാനങ്ങളിൽ വിശ്വസ്തനും
പ്രവൃത്തികളിൽ നീതിമാനുമാകുന്നു.
കർത്താവു വീഴുന്നവരെയെല്ലാം താങ്ങുന്നു;
നിലംപതിച്ചവരെ എഴുന്നേല്പിക്കുന്നു.
എല്ലാവരും കർത്താവിൽ ദൃഷ്ടി പതിച്ചിരിക്കുന്നു. എന്തെന്നാൽ, യഥാസമയം അവർക്ക് അവിടുന്ന് ആഹാരം നല്കുന്നു.
അവിടുന്നു തൃക്കരങ്ങൾ തുറക്കുകയും
എല്ലാവരെയും സംതൃപ്തരാക്കുകയും ചെയ്യുന്നു.
കർത്താവിന്റെ വഴികളെല്ലാം നീതിനിഷ്ഠവും
അവിടുത്തെ പ്രവൃത്തികൾ കൃപാപൂർണ്ണവുമാകുന്നു.
നിർമ്മലഹൃദയത്തോടെ കർത്താവിനെ വിളിക്കുന്നവർക്ക്
അവിടുന്നു സമീപസ്ഥനാകുന്നു.
തന്റെ ഭക്തരുടെ ആഗ്രഹം അവിടുന്നു സഫലമാക്കുന്നു.
അവരുടെ പ്രാർത്ഥനകേട്ട് അവിടുന്ന് അവരെ രക്ഷിക്കുന്നു.
കർത്താവു തന്റെ ഭക്തരെയെല്ലാം പരിപാലിക്കുന്നു.
ദുഷ്ടരെ മുഴുവൻ നശിപ്പിക്കുന്നു.
എന്റെ അധരങ്ങൾ കർത്താവിനെ സ്തുതിക്കും. എല്ലാ ജീവജാലങ്ങളും അവിടുത്തെ തിരുനാമം വാഴ്ത്തുകയും ചെയ്യും.

## സങ്കീർത്തനം 145

എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക.
ആയുഷ്കാലം മുഴുവൻ ഞാൻ അവിടുത്തെ സ്തുതിക്കും.
ഞാനുള്ള കാലത്തോളം ദൈവത്തെ പ്രകീർത്തിക്കും.
അധികാരിയിലോ മനുഷ്യനിലോ, ആശ്രയം വയ്ക്കരുത്;
എന്തെന്നാൽ, അവരുടെ കൈകളിൽ രക്ഷയില്ല.
ആത്മാവു വിട്ടുപിരിയുമ്പോൾ മണ്ണിലേക്ക് അവൻ മടങ്ങുന്നു;
അന്ന് അവന്റെ അഭിലാഷങ്ങൾ മണ്ണടിയുകയും ചെയ്യുന്നു.
യാക്കോബിന്റെ ദൈവം തുണയായുള്ളവൻ ഭാഗ്യവാൻ.

www.malankaralibrary.com

തന്റെ ദൈവമായ കർത്താവിൽ
പ്രത്യാശവയ്ക്കുന്നവനും ഭാഗ്യവാൻ.
ആകാശവും ഭൂമിയും സമുദ്രങ്ങളും
അവയിലുള്ള സമസ്തവും അവിടുന്നു സൃഷ്ടിച്ചു.
അവിടുന്നു സത്യത്തെ കാത്തു സൂക്ഷിക്കുന്നു;
പീഡിതർക്കു ന്യായം നടത്തിക്കൊടുക്കുന്നു.
വിശക്കുന്നവർക്ക് ആഹാരം നല്കുന്നു.
കർത്താവു ബന്ധിതരെ മോചിപ്പിക്കുന്നു.
കുരുടരുടെ കണ്ണുകൾ തുറക്കുന്നു.
അവിടുന്നു നിലംപതിച്ചവരെ എഴുന്നേല്പ്പിക്കുന്നു.
കർത്താവു നീതിമാന്മാരെ സ്നേഹിക്കുന്നു.
അവിടുന്ന് അഗതികളെ പരിപാലിക്കുന്നു.
അനാഥരെയും വിധവകളെയും പോറ്റുന്നു.
അവിടുന്നു ദുഷ്ടരുടെ വഴികൾ നശിപ്പിക്കുന്നു.
കർത്താവ് എന്നേക്കും വാഴുന്നു.
സെഹിയോനേ, നിന്റെ ദൈവം തലമുറകളോളം വാഴും.

## സങ്കീർത്തനം 146

നമ്മുടെ ദൈവത്തെ സ്തുതിക്കുന്നത് നല്ലതും ഉചിതവുമാകുന്നു.
അവിടുന്നു സ്തുത്യർഹനാകുന്നു.
കർത്താവ് ഓറശ്ലത്തെ പണിയുകയും ഇസ്രായേലിൽനിന്നു
ചിതറിപ്പോയവരെ ഒരുമിച്ചുകൂട്ടുകയും ചെയ്യുന്നു.
കർത്താവു ഹൃദയം തകർന്നവരെ സുഖപ്പെടുത്തുകയും
ആകുലതകൾ ഇല്ലാതാക്കുകയും ചെയ്യും.
അവിടുന്നു നക്ഷത്രങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുകയും
അവയ്ക്ക് ഓരോന്നിനും പേരിടുകയും ചെയ്തു.
നമ്മുടെ കർത്താവു വലിയവനും കരുത്തുറ്റവനുമാകുന്നു;
അവിടുത്തെ ജ്ഞാനം അളവറ്റതാകുന്നു.
കർത്താവ് എളിയവരെ ഉയർത്തുന്നു. ദുഷ്ടരെ താഴ്ത്തുന്നു.
കീർത്തനമാലപിച്ച് കർത്താവിനെ സ്തുതിക്കുവിൻ.
കിന്നരം മീട്ടി അവിടുത്തെ പുകഴ്ത്തുവിൻ.
അവിടുന്നു മേഘങ്ങളാൽ ആകാശം മൂടുന്നു;
ഭൂമിക്കായി മഴ പെയ്യിക്കുന്നു.

www.malankaralibrary.com

മലകളിൽ പുല്ലു മുളപ്പിക്കുന്നു. മൃഗങ്ങൾക്കും കരയുന്ന
പക്ഷിക്കുഞ്ഞുങ്ങൾക്കും ആഹാരം നല്കുന്നു.
കർത്താവ് അശ്വബലത്തിലോ
ബലവാന്റെ ശക്തിയിലോ പ്രസാദിക്കുന്നില്ല.
തന്നെ ഭയപ്പെടുന്നവരെയും തന്റെ കൃപയിൽ
പ്രത്യാശ വയ്ക്കുന്നവരെയും കർത്താവ് ഇഷ്ടപ്പെടുന്നു.

കൂട്ടിച്ചേർക്കുന്നു
**സങ്കീർത്തനം 35**

വലിയ സമൂഹത്തിൽ ഞാൻ അങ്ങയെ ഏറ്റുപറയും.
ജനതകളുടെ ഇടയിൽ ഞാൻ അങ്ങയെ സ്തുതിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേക്കും ആമ്മേൻ.

ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ

പകരം ചൊല്ലാവുന്നത്
**സങ്കീർത്തനം 15, 150, 116**
**സങ്കീർത്തനം 15**

കാർമ്മി. കർത്താവേ, നിന്റെ കൂടാരത്തിൽ ആരുവസിക്കും
നിന്റെ വിശുദ്ധഗിരിയിൽ ആരു വിശ്രമിക്കും?

സമൂ. പരിശുദ്ധമായ ചിന്തകളോടെ നിന്റെ ബലിപീഠത്തിനു മുമ്പാകെ
നില്ക്കുവാൻ കർത്താവേ, ഞങ്ങളെ സഹായിക്കണമേ.

കർത്താവേ, നിന്റെ കൂടാരത്തിൽ ആരു വസിക്കും
നിന്റെ വിശുദ്ധഗിരിയിൽ ആരു വിശ്രമിക്കും?

കറകൂടാതെ ജീവിക്കുന്നവനും നീതി പ്രവർത്തിക്കുന്നവനും
ഹൃദയത്തിൽ സത്യമുള്ളവനും നാവുകൊണ്ടു വഞ്ചിക്കാത്തവനും.

സഹോദരനോടു തിന്മ ചെയ്യാത്തവനും
അയല്ക്കാരനെതിരായ പ്രേരണയ്ക്കു വഴങ്ങാത്തവനും.

ദുഷ്ടനോടു കൂട്ടുചേരാത്തവനും
ദൈവഭക്തനെ മാനിക്കുന്നവനും.
സത്യപ്രതിജ്ഞ ലംഘിക്കാത്തവനും

അന്യായപ്പലിശ വാങ്ങാത്തവനും;
നിർദ്ദോഷിക്കെതിരായി കൈക്കൂലി വാങ്ങാത്തവനും.

ഇങ്ങനെ ജീവിക്കുന്നവൻ നീതിമാനാകുന്നു.
അവൻ ഒരിക്കലും ഇളകുകയില്ല.

## സങ്കീർത്തനം 150

കർത്താവിന്റെ വിശുദ്ധഭവനത്തിൽ അവിടുത്തെ സ്തുതിക്കുവിൻ.

പ്രതാപംനിറഞ്ഞ ആകാശത്തിൽ അവിടുത്തെ പ്രകീർത്തിക്കുവിൻ.

അവിടുത്തെ ധീരകൃത്യങ്ങളെക്കുറിച്ച്
അവിടുത്തെ സ്തുതിക്കുവിൻ.

അവിടുത്തെ ഉന്നതമഹിമാവിനെക്കുറിച്ച്
അവിടുത്തെ സ്തുതിക്കുവിൻ.

കാഹളമൂതിക്കൊണ്ട് അവിടുത്തെ സ്തുതിക്കുവിൻ.
വീണകളാലും കിന്നരങ്ങളാലും അവിടുത്തെ സ്തുതിക്കുവിൻ.

തപ്പുകളാലും മദ്ദളങ്ങളാലും അവിടുത്തെ സ്തുതിക്കുവിൻ.

ഇമ്പമുള്ള തന്ത്രികളാൽ അവിടുത്തെ സ്തുതിക്കുവിൻ.
കർണ്ണാനന്ദകരമായ കൈത്താളങ്ങളാൽ
അവിടുത്തെ സ്തുതിക്കുവിൻ.

ആരവംകൊണ്ടും ആർപ്പുവിളികൊണ്ടും
അവിടുത്തെ സ്തുതിക്കുവിൻ.

സർവ്വജീവജാലങ്ങളും കർത്താവിനെ സ്തുതിക്കട്ടെ.

## സങ്കീർത്തനം 116

ജനപദങ്ങളേ, കർത്താവിനെ സ്തുതിക്കുവിൻ
ഭൂവാസികളേ, കർത്താവിനെ പുകഴ്ത്തുവിൻ

അവിടുത്തെ സ്നേഹം അനന്തമാകുന്നു
തന്റെ വാഗ്ദാനം അവിടുന്നു പൂർത്തിയാക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
ആദിമുതൽ എന്നേക്കും, ആമ്മേൻ.

പരിശുദ്ധമായ ചിന്തകളോടെ
നിന്റെ ബലിപീഠത്തിനു മുമ്പാകെ നില്ക്കുവാൻ
കർത്താവേ, ഞങ്ങളെ സഹായിക്കണമേ.

കർത്താവേ, നിന്റെ കൂടാരത്തിൽ ആരു വസിക്കും
നിന്റെ വിശുദ്ധഗിരിയിൽ ആരു വിശ്രമിക്കും?

എല്ലാറ്റിനെയും വിശുദ്ധീകരിക്കുന്ന ദൈവമേ,
നിന്റെ ബലിപീഠം എത്ര മഹനീയവും മനോഹരവുമാകുന്നു.

www.malankaralibrary.com

ശുശ്രൂ. **നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ**

ഞായറാഴ്ചകളിലും സാധാരണ തിരുനാളുകളിലും

കാർമ്മി. മഹോന്നതനായ കർത്താവേ, അങ്ങയുടെ സംപൂജ്യമായ ത്രോണോസിന്റെയും സ്തുത്യർഹമായ സിംഹാസനത്തിന്റെയും സ് നേഹചൈതന്യം തുളുമ്പുന്ന ഭയഭക്തിജനകമായ പീഠത്തിന്റെയും മുമ്പാകെ അങ്ങയുടെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അങ്ങു സ്നേഹപൂർവ്വം സ്ഥാപിച്ച പവിത്രീകരിക്കുന്ന മദ്ബഹയുടെ മുമ്പിൽ ദിവ്യമഹത്ത്വം കുടികൊള്ളുന്ന തിരുസ്സന്നിധാനത്തിങ്കൽ ക്രോവേന്മാരുടെ ആയിരങ്ങൾ ഹല്ലേലുയ്യാ പാടുന്നു. സ്രാപ്പേന്മാരുടെയും മുഖ്യദൂതന്മാരുടെയും പതിനായിരങ്ങൾ പരിശുദ്ധൻ എന്നു പ്രകീർത്തിക്കുന്നു. അവരോടു ചേർന്ന് അങ്ങയുടെ മേച്ചിൽസ്ഥലത്തെ അജഗണമായ ഞങ്ങൾ അങ്ങേക്കു നിരന്തരം സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

കർത്താവിന്റെ തിരുനാളുകളിലും മറ്റു പ്രധാന തിരുനാളുകളിലും

കാർമ്മി. മഹോന്നതനായ കർത്താവേ, അങ്ങയുടെ ഭയഭക്തിജനകമായ പീഠത്തിന്റെയും ഉന്നതമായ ത്രോണോസിന്റെയും അലംകൃതവും സ്തുത്യർഹവുമായ സിംഹാസനത്തിന്റെയും മുമ്പാകെ അങ്ങയുടെ ശുശ്രൂഷകരായ ക്രോവേന്മാർ ഇടവിടാതെ സ്തുതിക്കുകയും സ്രാപ്പേന്മാർ പരിശുദ്ധൻ എന്ന് നിരന്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. അവരോടു ചേർന്ന് ഞങ്ങളും അങ്ങേക്ക് ഭയഭക്തികളോടെ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

### ഓർമ്മത്തിരുനാളുകളിലും സാധാരണ ദിവസങ്ങളിലും

കാർമ്മി. മഹോന്നതനായ കർത്താവേ, അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ സംപൂജ്യവും ഭയഭക്തിജനകവും സ്തുത്യർഹവും അഗ്രാഹ്യവുമായ തിരുനാമത്തെയും മനുഷ്യവംശത്തോടുള്ള അങ്ങയുടെ കൃപയെയും നിരന്തരം സ്തുതിക്കുവാനും ആരാധിക്കുവാനും പുകഴ്ത്തുവാനും ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

അനന്തരം, ഒന്നാം ശുശ്രൂഷി സ്ലീവയെടുത്ത് കാർമ്മികനെ ഏല്പിക്കുന്നു. അദ്ദേഹം അതു സ്വീകരിച്ച് ചുംബിച്ചതിനുശേഷം ആർച്ചുഡീക്കനെയും ശുശ്രൂഷികളെയും സഹായികളെയും വിശ്വാസികളെയും മുത്തിക്കുന്നു. തദവസരത്തിൽ ഗായകസംഘം അതതു ദിവസത്തിന്റെ മദ്ബഹഗീതം പാടുന്നു.

ഗായക I

നാഥനിലെന്നും നമ്മുടെ ഹൃദയം ആനന്ദിച്ചീടും
സ്ലീവാ നമ്മൾക്കെന്നും നന്മകൾ തന്നുറവിടമാം
രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ
കുരിശിതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടനെയുമവൻ കെണികളെയും
അതുവഴി നാം തോല്പിച്ചീടട്ടെ.

ഗായക II

ശരണം ഞങ്ങൾ തേടീടുന്നു തിരുനാമത്തിൽ
സ്ലീവാ നമ്മൾക്കെന്നും നന്മകൾതന്നുറവിടമാം
രക്ഷിതമായതുവഴിയായ് മർത്ത്യഗണം, കർത്താവേ
കുരിശിതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടനെയുമവൻ കെണികളെയും അതുവഴി നാം തോല്പിച്ചീടട്ടെ.

ഗായക I

താതനുമതുപോലാത്മജനും ദിവ്യ
റൂഹായ്ക്കും സ്തുതിയെന്നെന്നും

www.malankaralibrary.com

രക്ഷകനാം മിശിഹായേ, കനിവൊടു നീ തിരുസ്സഭയെ
പാവനമാക്കണമേ, നിൻ മഹിമയ്ക്കർപ്പിതമാം
ദൈവാലയമിതിലങ്ങേക്കാരുണ്യം ചൊരിയണമേ.
സുസ്ഥിരമാക്കണമിതിൽ നിൻ ബലിപീഠം, തിരുമെയ്യും
നിണവുമിതിൽ പരികർമ്മം ചെയ്യുന്നു ആഘോഷമൊടെ.

ഗായക II

ആദിമുതല്ക്കേ എന്നെന്നേക്കും ആമ്മേനാമ്മേൻ.
ചോദിപ്പോർക്കു ലഭിക്കും തേടുന്നോർ കണ്ടെത്തും
കരുണയോടേവം ദാസരോടരുൾ ചെയ്ത കർത്താവേ,
ജീവിതവീഥികളിൽ നിൻ തിരുവിഷ്ടം നിറവേറ്റാൻ
ആവശ്യകമാം കഴിവും തുണയുമിവർ യാചിക്കുന്നു.

ഗായക I

സർവ്വരുമൊന്നായ് പാടീടട്ടെ ആമ്മേനാമ്മേൻ.
സ്ലീവാ നമ്മൾക്കെന്നും നന്മകൾതന്നുറവിടമാം
രക്ഷിതമായതുവഴിയായ് മർത്യഗണം കർത്താവേ,
കുരിശിതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടനെയുമവൻ കെണികളെയും
അതുവഴി നാം തോല്പിച്ചീടട്ടെ.

*(അല്ലെങ്കിൽ)*

കാർമ്മി. *നമ്മുടെ ഹൃദയം കർത്താവിൽ ആനന്ദിക്കട്ടെ.*

ഗായക I സ്ലീവ നമുക്ക് അനുഗ്രഹങ്ങളുടെ ഉറവിടമാകുന്നു/ അതു വഴി മർത്യഗണം രക്ഷിക്കപ്പെട്ടിരിക്കുന്നു/ കർത്താവേ, ഈ സ്ലീവ ഞങ്ങൾക്ക് ഉറപ്പുള്ള കോട്ടയായിരിക്കട്ടെ / അതുവഴി ഞങ്ങൾ / പിശാചിനെയും അവന്റെ കെണികളെയും പരാജയപ്പെടുത്തട്ടെ.

ഗായക II *അവിടുത്തെ തിരുനാമത്തിൽ ഞങ്ങൾ ശരണപ്പെടുന്നു.*

സ്ലീവ നമുക്ക് ....... (ശേഷവും)

കാർമ്മി. *പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

ഗായക I ഞങ്ങളുടെ രക്ഷകനായ മിശിഹായേ / നിന്റെ കരുണയാൽ

www.malankaralibrary.com

തിരുസ്സഭയെ വിശുദ്ധീകരിക്കണമേ/ നിന്റെ ബഹുമാനത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ദൈവാലയത്തിൽ/ നിന്റെ കാരുണ്യം നിവസിപ്പിക്കണമേ/ അതിനുള്ളിൽ നിന്റെ ബലിപീഠത്തെ ഉറപ്പിക്കണമേ/ അതിന്മേൽ നിന്റെ ശരീരരക്തങ്ങൾ സാഘോഷം പരികർമ്മം ചെയ്യപ്പെടുന്നു.

ഗായക II *ആദിമുതൽ എന്നേക്കും ആമ്മേൻ.*

ചോദിക്കുന്നവർക്കു ലഭിക്കും/ അന്വേഷിക്കുന്നവർ കണ്ടെത്തും/ ഇപ്രകാരം നിന്റെ ദാസരോടു/ കാരുണ്യപൂർവ്വം വാഗ്ദാനം ചെയ്ത കർത്താവേ/ ഞങ്ങളുടെ പ്രവൃത്തികളാൽ/ നിന്റെ തിരുഹിതം നിറവേറ്റാൻ/ ആവശ്യകമായ ശക്തിയും സഹായവും/ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു

ഗായക I ജനങ്ങളെല്ലാം ആമ്മേൻ ആമ്മേൻ എന്ന് ഉദ്ഘോഷിക്കട്ടെ.

സ്ലീവ നമുക്ക് ..... (ശേഷവും)

കുരിശുമുത്തിക്കലിനുശേഷം ഒന്നാംശുശ്രൂഷി കുരിശ് യഥാസ്ഥാനം വയ്ക്കുന്നു. അപ്പോൾ ഗീതം നിർത്തുന്നു.

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമ്മികൻ ധൂപകലശത്തിൽ മൂന്നു തരി കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർത്ഥന താഴ്ന്ന സ്വരത്തിൽ ചൊല്ലിക്കൊണ്ട് ആശീർവ്വദിക്കുന്നു.

കാർമ്മി. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയത്രിത്വത്തിന്റെ നാമത്തിൽ ✠ ആശീർവ്വദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ, എന്നേക്കും.

ശുശ്രൂ. **ആമ്മേൻ.**

ശുശ്രൂ. **സമാധാനം നമ്മോടുകൂടെ.**

ഞായറാഴ്ചകളിലും തിരുനാളുകളിലും

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പി

www.malankaralibrary.com

ക്കുകയും ചെയ്യുമ്പോൾ, സ്വർഗ്ഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കുവാൻ ഞങ്ങൾക്ക് ഇട യാകട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കുവാനും മഹത്ത്വപ്പെടുത്തുവാനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊ ണ്ടെന്നാൽ, അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു. സകല ത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

ഓർമ്മത്തിരുനാളുകളിലും സാധാരണ ദിവസങ്ങളിലും

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടു ള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കു മായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതി ക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകല ത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

മദ്ബഹയുടെ വിരി നീക്കുന്നു.ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് വലത്തു വശത്തുനിന്ന് ആരംഭിച്ച് മദ്ബഹ ധൂപിക്കുന്നു. മദ്ബഹയുടെ മധ്യഭാഗത്ത് എത്തുമ്പോൾ സമൂഹത്തെയും ധൂപിക്കുന്നു. താഴെവരുന്ന കീർത്തനം ആഘോഷപൂർവ്വകമായ കുർബാനയിൽ രണ്ടുപ്രാവശ്യം പാടിയാലും മതി (ഒന്നാമത്തേതും മൂന്നാമത്തേതും). സാധാരണകുർബാനയിൽ ഒരു പ്രാവശ്യം പാടിയാലും മതി (ഒന്നാമത്തേത്).

ഗായക. **സർവ്വാധിപനാം കർത്താവേ,**

സമൂ. **നിന്നെ വണങ്ങി നമിക്കുന്നു**
**ഈശോ നാഥാ, വിനയമൊടെ**
**നിന്നെ നമിച്ചു പുകഴ്ത്തുന്നു.**
**മർത്യനു നിത്യമഹോന്നതമാ-**
**മുത്ഥാനം നീയരുളുന്നു**

www.malankaralibrary.com

**അക്ഷയമവനുടെയാത്മാവി-**
**ന്നുത്തമരക്ഷയുമേകുന്നു.**

ഞായറാഴ്ചകളിലും തിരുനാളുകളിലും

വചനവേദി. കർത്താവേ, അങ്ങേക്കു നന്ദി പറയുന്നത് ഉത്തമമാകുന്നു; അത്യുന്നതാ, അങ്ങയുടെ നാമം പ്രകീർത്തിക്കുന്നതും.

സർവ്വാധിപനാം കർത്താവേ,
നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ-
മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

സാധാരണ ദിവസങ്ങളിൽ

വചനവേദി. കർത്താവേ, ഞാൻ കൈകൾ കഴുകി നിർമ്മലമാക്കുകയും അങ്ങയുടെ ബലിപീഠത്തിനു പ്രദക്ഷിണം വയ്ക്കുകയുംചെയ്തു.

സർവ്വാധിപനാം കർത്താവേ,
നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ-
മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

ഗായക. **പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും**

സമൂ. **സ്തുതി. ആദിമുതൽ എന്നേക്കും, ആമ്മേൻ.**

www.malankaralibrary.com

**സർവ്വാധിപനാം കർത്താവേ,
നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.**

**മർത്യനു നിത്യമഹോന്നതമാ-
മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.**

*(അല്ലെങ്കിൽ)*

സമൂ. സകലത്തിന്റെയും നാഥാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;/ ഈശോമിശിഹായേ,/ നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു./ എന്തുകൊണ്ടെന്നാൽ,/ നീ ഞങ്ങളുടെ ശരീങ്ങളെ ഉയിർപ്പിക്കുന്നവനും /ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

ഞായറാഴ്ചകളിലും തിരുനാളുകളിലും

വചനവേദി. കർത്താവേ, / അങ്ങേക്കു നന്ദി പറയുന്നത് ഉത്തമമാകുന്നു; / അത്യുന്നതാ, അങ്ങയുടെ നാമം പ്രകീർത്തിക്കുന്നതും.

സകലത്തിന്റെയും നാഥാ,/ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;/ ഈശോ മിശിഹായേ,/ നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു./ എന്തുകൊണ്ടെന്നാൽ,/ നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും / ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

സാധാരണ ദിവസങ്ങളിൽ

വചനവേദി. കർത്താവേ,/ ഞാൻ കൈകൾ കഴുകി നിർമ്മലമാക്കുകയും/അങ്ങയുടെ ബലിപീഠത്തിനു/പ്രദക്ഷിണം വയ്ക്കുകയും ചെയ്തു.

സകലത്തിന്റെയും നാഥാ,/നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;/ ഈശോമിശിഹായേ,/ നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു./ എന്തുകൊണ്ടെന്നാൽ,/ നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും/ ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

www.malankaralibrary.com

ഗായക. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും ആമ്മേൻ.

സകലത്തിന്റെയുംനാഥാ,/ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;/ ഈശോമിശിഹായേ,/ നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു./ എന്തുകൊണ്ടെന്നാൽ,/ നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും/ ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

ശുശ്രൂ. **നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.**

കാർമ്മി. എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

താഴെവരുന്ന കീർത്തനം ആഘോഷപൂർവ്വകമായ കുർബാനയിൽ രണ്ടു പ്രാവശ്യം പാടിയാലും മതി. രണ്ടാമത്തേത് ''പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി ആദിമുതൽ എന്നേക്കും ആമ്മേൻ'' എന്ന ത്രിത്വസ്തുതികൂട്ടിച്ചേർത്തു വേണം ആലപിക്കുക. സാധാരണകുർബാനയിൽ ഒരു പ്രാവശ്യം പാടിയാലും മതി (ഒന്നാമത്തേത്).

ശുശ്രൂ. **ശബ്ദമുയർത്തിപ്പാടിടുവിൻ**
**സർവ്വരുമൊന്നായ് പാടിടുവിൻ**
**എന്നെന്നും ജീവിക്കും**
**സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.**

ഗായക. **പരിപാവനനാം സർവ്വേശാ,**
സമൂ. **പരിപാവനനാം ബലവാനേ,**
**പരിപാവനനാം അമർത്യനേ,**
**നിൻകൃപ ഞങ്ങൾക്കേകണമേ.**

വചനവേദി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

www.malankaralibrary.com

**പരിപാവനനാം സർവ്വേശാ,**
**പരിപാവനനാം ബലവാനേ,**
**പരിപാവനനാം അമർത്യനേ,**
**നിൻകൃപ ഞങ്ങൾക്കേകണമേ.**

ഗായക.സമൂ. **ആദിമുതൽ എന്നേക്കും ആമ്മേൻ.**
**പരിപാവനനാം സർവ്വേശാ,**
**പരിപാവനനാം ബലവാനേ,**
**പരിപാവനനാം അമർത്യനേ,**
**നിൻകൃപ ഞങ്ങൾക്കേകണമേ.**

*(അല്ലെങ്കിൽ)*

ശുശ്രൂ. സഹോദരരേ, നിങ്ങൾ സ്വരമുയർത്തി ജീവിക്കുന്ന ദൈവത്തെ പ്രകീർത്തിക്കുവിൻ.

ഗായക.സമൂ. പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളുടെ മേൽ കൃപയുണ്ടാകണമേ.

വചനവേദി: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളുമേൽ കൃപയുണ്ടാകണമേ.

ഗായക.. *ആദിമുതൽ എന്നേക്കും, ആമ്മേൻ.*

സമൂ. പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

ശുശ്രൂ. **നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ**

കാർമ്മി. വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ

കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

ആഘോഷപൂർവ്വകമായ കുർബാനയിലും സാധാരണകുർബാനയിലും ലേഖനവായനയ്ക്കു മുമ്പുള്ള രണ്ടു പ്രാർത്ഥനകളിൽ ഒന്നു ചൊല്ലിയാലും മതി. അത് ഇപ്പോൾ ചൊല്ലാവുന്നതാണ്.

ഒന്നാം വായനക്കാരൻ പഴയനിയമ വായനകൾ ഉൾക്കൊള്ളുന്ന ഗ്രന്ഥമെടുത്ത് കാർമ്മികന്റെ വലത്തുവശത്തു ചെന്ന്, ശിരസ്സു നമിക്കുന്നു.

ജനങ്ങൾക്കുനേരേ തിരിഞ്ഞുനിന്നു പറയുന്നു.

**സഹോദരരേ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.**

എല്ലാവരും ഇരിക്കുന്നു.

... പുസ്തകത്തിൽനിന്നുള്ള വായന.

കാർമ്മികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവ്വാദം യാചിക്കുന്നു.

**ഗുരോ, ആശീർവ്വദിക്കണമേ.**

താഴെവരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് ആശീർവ്വദിക്കുന്നു.

കാർമ്മി. തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടുത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.

അല്ലെങ്കിൽ

ദൈവം നിന്നെ ✠ അനുഗ്രഹിക്കട്ടെ.

വായനക്കാരൻ ജനങ്ങൾക്കുനേരേ തിരിഞ്ഞുനിന്നു വായിക്കുന്നു. വായന കഴിയുമ്പോൾ രണ്ടാം വായനക്കാരൻ ക്രമപ്രകാരം കാർമ്മികനെ വന്ദിച്ച്, ഒന്നാം വായന നടത്തിയ സ്ഥലത്തുതന്നെ ജനങ്ങൾക്കുനേരേ തിരിഞ്ഞുനിന്നു പറയുന്നു.

**സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ, .............. പുസ്തകത്തിൽ നിന്നുള്ള വായന.**

കാർമ്മികനുനേരേ തിരിഞ്ഞ് ആശീർവ്വാദം യാചിക്കുന്നു.

www.malankaralibrary.com

**ഗുരോ, ആശീർവ്വദിക്കണമേ.**

കാർമ്മികൻ ഇരുന്നുകൊണ്ടുതന്നെ താഴെവരുന്ന പ്രാർത്ഥന ചൊല്ലി ആശീർവ്വദിക്കുന്നു.

കാർമ്മി. തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടുത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.

*(അല്ലെങ്കിൽ)*

ദൈവം നിന്നെ ✠ അനുഗ്രഹിക്കട്ടെ.

വായനക്കാരൻ ജനങ്ങൾക്കുനേരേ തിരിഞ്ഞുനിന്നു വായിക്കുന്നു.

വായനകഴിയുമ്പോൾ

സമൂ. **ദൈവമായ കർത്താവിനു സ്തുതി.**

ശുശ്രൂഷി ഉദ്ഘോഷിക്കുന്നു

ശുശ്രൂ. **പ്രകീർത്തനം (ശൂറായാ) ആലപിക്കുവാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.**

എല്ലാവരും എഴുന്നേല്ക്കുന്നു. കാർമ്മികൻ ജനങ്ങൾക്ക് അഭിമുഖമായി നില്ക്കുന്നു. ദിവസത്തിന്റെ പ്രകീർത്തനം ആലപിക്കുന്നു.

കാർമ്മി. അംബരമനവരതം
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.
ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
ധന്യൻ തോമാശ്ലീഹാതൻ
(കർത്താവിൻ തിരുജനനത്തിൻ)
നിർമ്മലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II **തൻകരവിരുതല്ലോ**
**വാനവിതാനങ്ങൾ**
**ഉദ്ഘോഷിക്കുന്നു.**

www.malankaralibrary.com

സമൂ. **ദിവ്യാത്മാവിൻ ഗീതികളാൽ**
**ഹല്ലേലുയ്യാ ഗീതികളാൽ**
**ധന്യൻ തോമാശ്ലീഹാതൻ**
**(കർത്താവിൻ തിരുജനനത്തിൻ)**
**നിർമ്മലമാകുമനുസ്മരണം**
**കൊണ്ടാടാം ഇന്നീ വേദികയിൽ.**

ശുശ്രൂ.I **പകലുകൾ പകലുകളോ**
**ടവിരതമവിടുത്തെ**
**പുകളുരചെയ്യുന്നു.**

സമൂ. **ദിവ്യാത്മാവിൻ ഗീതികളാൽ**
**ഹല്ലേലുയ്യാ ഗീതികളാൽ**
**ധന്യൻ തോമാശ്ലീഹാതൻ**
**(കർത്താവിൻ തിരുജനനത്തിൻ)**
**നിർമ്മലമാകുമനുസ്മരണം**
**കൊണ്ടാടാം ഇന്നീ വേദികയിൽ.**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. **ദിവ്യാത്മാവിൻ ഗീതികളാൽ**
**ഹല്ലേലുയ്യാ ഗീതികളാൽ**
**ധന്യൻ തോമാശ്ലീഹാതൻ**
**(കർത്താവിൻ തിരുജനനത്തിൻ)**
**നിർമ്മലമാകുമനുസ്മരണം**
**കൊണ്ടാടാം ഇന്നീ വേദികയിൽ.**

ശുശ്രൂ. II **ആദിയിലെപ്പോലെ**
**ഇപ്പോഴുമെപ്പോഴും**
**എന്നേക്കും ആമ്മേൻ.**

സമൂ. **ദിവ്യാത്മാവിൻ ഗീതികളാൽ**
**ഹല്ലേലുയ്യാ ഗീതികളാൽ**

www.malankaralibrary.com

**ധന്യൻ തോമാശ്ലീഹാതൻ**
**(കർത്താവിൻ തിരുജനനത്തിൻ)**
**നിർമ്മലമാകുമനുസ്മരണം**
**കൊണ്ടാടാം ഇന്നീ വേദികയിൽ.**

**ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.**

*(അല്ലെങ്കിൽ)*

കാർമ്മി. ആകാശമണ്ഡലം ദൈവമഹത്ത്വം പ്രകീർത്തിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഗീതികളാൽ (മാർത്തോമാശ്ലീഹായുടെ/ വിശുദ്ധ പത്രോസിന്റെ/ ....സ്മരണ ആചരിക്കാം. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

ശുശ്രൂ. II വാനവിതാനം അവിടുത്തെ കരവേല വിളംബരം ചെയ്യുന്നു.

സമൂ. പരിശുദ്ധാത്മാവിന്റെ ഗീതികളാൽ / (മാർത്തോമാശ്ലീഹായുടെ / വിശുദ്ധ പത്രോസിന്റെ / .....) സ്മരണ ആചരിക്കാം./ ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

ശുശ്രൂ. I പകൽ പകലിനോട് അവിരാമം സംസാരിക്കുന്നു.

സമൂ. പരിശുദ്ധാത്മാവിന്റെ ഗീതികളാൽ / (മാർത്തോമാശ്ലീഹായുടെ / വിശുദ്ധ പത്രോസിന്റെ / .....) സ്മരണ ആചരിക്കാം./ ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

പരിശുദ്ധാത്മാവിന്റെ ഗീതികളാൽ / (മാർത്തോമാശ്ലീഹായുടെ / വിശുദ്ധ പത്രോസിന്റെ / .....) സ്മരണ ആചരിക്കാം./ ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ

ശുശ്രൂ. II ആദിമുതൽ എന്നേക്കും ആമ്മേൻ.

സമൂ. പരിശുദ്ധാത്മാവിന്റെ ഗീതികളാൽ / (മാർത്തോമാശ്ലീഹായുടെ / വിശുദ്ധ പത്രോസിന്റെ / .....) സ്മരണ ആചരിക്കാം./ ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

വലിയ തിരുനാളുകളിൽ കൂട്ടിച്ചേർക്കുന്നു.

പരിശുദ്ധാത്മാവിന്റെ ഗീതികളാൽ / അവിടുത്തെ ജനനത്തെ

www.malankaralibrary.com

(മാമ്മോദീസയെ / ഉയിർപ്പിനെ / ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തെ /...) പ്രകീർത്തിക്കാം/ ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

ശുശ്രൂ. **നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.**

ഞായറാഴ്ചകളിലും തിരുനാളുകളിലും

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ / എന്നേക്കും.

സമൂ. **ആമ്മേൻ.**

മറ്റു ദിവസങ്ങളിലും വലിയ നോമ്പിലെ ഞായറാഴ്ചകളിലും

കാർമ്മി. സർവ്വജ്ഞനായ ഭരണകർത്താവും തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ വിസ്മയനീയനായ പരിപാലകനും സകല നന്മകളുടെയും സൗഭാഗ്യങ്ങളുടെയും ഉറവിടവുമായ ദൈവമേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

ശുശ്രൂഷികൾ രണ്ടുപേരും ജനങ്ങൾക്ക് അഭിമുഖം നിന്നുകൊണ്ടു വ്യാഖ്യാനഗീതം (തുർഗാമ) പാടുന്നു. ഈ സമയത്ത് കാർമ്മികനും ആർച്ചുഡീക്കനും ഇരിക്കുന്നു.

സകലേശ്വരനാം ദൈവം
ഭൂവിന്നുടയോൻ രാജമഹേശൻ തന്റെ
സ്നേഹവിരുന്നിൻ ക്ഷണമുള്ളോരേ, വരുവിൻ നിങ്ങൾ.

പരിശോധിപ്പിൻ വേഗം
സുവിശേഷത്തിൻ ദിവ്യപ്രഭയിൽ നിങ്ങൾ
ശുചിയാക്കീടിൻ ഭൗതികചിന്താസരണികളെല്ലാം.

നാഥൻ സദയം നല്കി
സൗഭാഗ്യത്തിൻ നിക്ഷേപങ്ങൾ മന്നിൽ
പാപികൾ വരുവിൻ കടബാധ്യതകൾ നീക്കുക നിങ്ങൾ.

ദൈവികരാജ്യം നേടാൻ
ഹൃദയതലങ്ങൾ ശുചിയാക്കിടുവിൻ ചേലിൽ
ശിശുവിനുതുല്യം നിർമ്മലരായിത്തീരുക വീണ്ടും

ദൈവാത്മാവിൻ ഗീതം
ചൊരിയുകയല്ലോ ദൈവികരാജ്യം കാതിൽ
ശാശ്വതഭാഗ്യം നിറയും വഴികൾ വെളിവാക്കുന്നു.

നിഴലാം നിയമം വിട്ടു
നൂതനനിയമം പാലിച്ചവനാം പൗലോസ്
ശ്ലീഹാതന്നുടെ മാതൃക നിങ്ങൾ കൈക്കൊണ്ടിടുവിൻ.

ഇസ്രായേലിൻ തീക്ഷ്ണൻ
ശാവോലിനെയാ നാഥൻ പരിചിൽ നേടി
തിരുസഭതന്നിൽ തീക്ഷ്ണതയേറും മാതൃക നല്കാൻ.

ശാവോലന്നാൾ യൂദൻ
നിയമം ചാർത്തും തിരശ്ശീലകളാൽ അന്ധൻ
മിശിഹായവനിൽ തൻ നിയമത്താൽ കാഴ്ചപകർന്നു.

തെസ്ലോന്ന്യർക്കായ് (റോമ്മാക്കാർക്കായ്) പൗലോസ്
എഴുതിയ കത്താൽ നമ്മെയുമിപ്പോൾ മോദാൽ
ദൈവികദൗത്യം അറിയിപ്പതു നാം കേൾക്കുക യുക്തം.

*(അല്ലെങ്കിൽ)*

ഭൂസ്വർഗ്ഗങ്ങളുടെ രാജാവിന്റെ
രക്ഷാകരമായ വിരുന്നിനു
ദൈവത്തിന്റെ അനന്തപരിപാലനയാൽ ക്ഷണിക്കപ്പെട്ടവരേ,
ദൈവവചനത്തിന്റെ വെളിച്ചത്തിൽ നിങ്ങളെത്തന്നെ പരിശോധിച്ച്
നിങ്ങളുടെ മനസ്സിലെ
എല്ലാ ഭൗതിക ചിന്തകളും
ദൈവാഗ്നിയിൽ ശുദ്ധീകരിക്കുവിൻ.

www.malankaralibrary.com

യാചിക്കുന്നവരുടെ മുമ്പാകെ
സൗഭാഗ്യദായകമായ ഭണ്ഡാഗാരം തുറന്നു വച്ചുകൊണ്ട്
കർത്താവ് അരുൾ ചെയ്തു:
പാപികളേ, നിങ്ങൾ വരുവിൻ;
നിങ്ങളുടെ കടപ്പത്രം തിരിയെ വാങ്ങിക്കൊള്ളുവിൻ.

നിങ്ങൾ സ്വർഗ്ഗരാജ്യത്തിനവകാശികളും
അതിന്റെ അംഗങ്ങളുമാകുവാൻവേണ്ടി
നിങ്ങളുടെ ഹൃദയങ്ങൾ പവിത്രീകരിച്ച്
ശിശുക്കളെപ്പോലെ ആകുവിൻ.

കണ്ടാലും, ആത്മീയ സ്വരവീചികളാൽ
നിങ്ങളോടു ദൈവരാജ്യം പ്രസംഗിക്കപ്പെടുകയും
നിത്യാനന്ദത്തിലേക്കുള്ള വഴി
നിങ്ങൾക്കായി തുറക്കപ്പെടുകയും ചെയ്യുന്നു.

നിഴലിനു തുല്യമായ നിയമങ്ങളിൽനിന്ന്
യഥാർത്ഥമായ നിയമത്തിലേക്ക്
എബ്രായനായ പൗലോസിനെപ്പോലെ
നിങ്ങൾ തിരിയേണ്ടിയിരിക്കുന്നു.

ഇസ്രായേൽക്കാരിൽ തീക്ഷ്ണമതിയായി
താൻ കണ്ട ധീരനായ സാവൂളിനെ
കർത്താവു ക്രിസ്തീയസമൂഹത്തിനു വേണ്ടി
തീക്ഷ്ണമതിയാകുവാൻ വിളിച്ചു.

ഒരിക്കൽ അവൻ യഹൂദനിയമത്താലും
പാരമ്പര്യത്താലും അന്ധനായിരുന്നു.
എന്നാൽ പിന്നീടു മിശിഹായുടെ പ്രബോധനത്തിന്റെ ശക്തിയാൽ
അവന്റെ നയനങ്ങൾ തുറക്കപ്പെട്ടു.

അവന്റെ മഹത്ത്വപൂർണ്ണമായ/ സത്യവചനങ്ങൾ ശ്രവിക്കുന്നത് യുക്തമാകുന്നു. / അവനിപ്പോൾ (തെസലോണിയർക്കുള്ള .......) ലേഖനത്തിലൂടെ പഠിപ്പിക്കുന്നു.)

ഒന്നാം ശുശ്രൂഷി ലേഖനഗ്രന്ഥമെടുത്ത് കാർമ്മികന്റെ ഇടത്തുവശത്തു ചെന്ന്, ശിരസ്സു നമിക്കുന്നു; അവിടെത്തന്നെ ജനങ്ങൾക്കുനേരെ തിരിഞ്ഞുനിന്നുകൊണ്ടു പറയുന്നു.

## സഹോദരരേ... ശ്ലീഹാ... എഴുതിയ ലേഖനം.

കാർമ്മികനു നേരെ തിരിഞ്ഞ്, തലകുനിച്ച് ആശീർവാദം യാചിക്കുന്നു.

**ഗുരോ, ആശീർവദിക്കണമേ.**

താഴെ വരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

കാർമ്മി. മിശിഹാ തന്റെ വിശുദ്ധമായ പ്രബോധനത്താൽ നിന്നെ ജ്ഞാനിയാക്കട്ടെ; നിന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന പ്രബോധകവചനം ശ്രവിക്കുന്ന ഏവർക്കും അവിടുന്നു തന്റെ കൃപാതിരേകത്താൽ നിന്നെ നിർമ്മലദർപ്പണമാക്കുകയും ✠ ചെയ്യട്ടെ.

അല്ലെങ്കിൽ

മിശിഹാ നിന്നെ ✠ അനുഗ്രഹിക്കട്ടെ.

ജനങ്ങൾക്കുനേരേ തിരിഞ്ഞുനിന്നു വായിക്കുന്നു.

| ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു. |
|---|

വായന കഴിയുമ്പോൾ

സമൂ. **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

കാർമ്മികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട്, താഴെവരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടു ആശീർവദിക്കുന്നു.

കാർമ്മി. എന്റെ കർത്താവേ, പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ ✠ കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

ശുശ്രൂ. **ആമ്മേൻ.**

ശുശ്രൂ. **ഹല്ലേലൂയ്യാ.** (3)

തുടർന്ന്, രണ്ടുഭാഗമായി ദിവസത്തിന്റെ ഹല്ലേലുയ്യാഗീതം (സൂമാറാ) പാടുന്നു.

**ഹല്ലേലുയ്യാ പാടീടുന്നേൻ**
**ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.**

www.malankaralibrary.com

**നല്ലോരാശയമെൻ മനതാരിൽ**
**വന്നു നിറഞ്ഞു തുളുമ്പിടുന്നു.**

**രാജാവിൻ തിരുമുമ്പിൽ കീർത്തന**
**മധുവായ് ഞാനതൊഴുക്കീടട്ടെ.**

**ഏറ്റമനുഗ്രഹപൂരിതനാം കവി**
**തൻ തൂലികപോലെൻ നാവിപ്പോൾ.**

**താതനുമതുപോൽ സുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടീടുന്നേൻ**
**ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.**

*(അല്ലെങ്കിൽ)*

കാർമ്മി. എന്റെ ഹൃദയത്തിൽ ഒരു നല്ല ആശയം നിറഞ്ഞു തുളു മ്പുന്നു. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

ശുശ്രൂ. I അതു കീർത്തനമായി രാജാവിനു മുമ്പിൽ ഞാൻ ആല പിക്കും. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

ശുശ്രൂ. II എന്റെ നാവ് അനുഗൃഹീതനായ ഒരു കവിയുടെ തൂലിക പോലെയാകുന്നു.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

ശുശ്രൂ. I ആദിമുതൽ എന്നേക്കും ആമ്മേൻ. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി. പിതാവിന്റെ മഹത്വത്തിന്റെ തേജസ്സും
അവിടുത്തെ പ്രതിരൂപവുമായ മിശിഹായേ,
മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും
ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ
സുവിശേഷത്തിന്റെ വെളിച്ചത്താൽ

പ്രകാശിപ്പിക്കുകയും ചെയ്ത നിനക്ക്
ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും
കൃതജ്ഞതയും സമർപ്പിക്കുന്നു.
സകലത്തിന്റെയും നാഥാ, എന്നേക്കും, ആമ്മേൻ.

കാർമ്മികൻ ആർച്ച്ഡീക്കനോടും തിരിക്കാലുകൾ, ധൂപകലശം, സ്ലീവ എന്നിവ വഹിക്കുന്നവരോടുംകൂടെ ബലിപീഠത്തെ സമീപിച്ച് താഴെ വരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട്, സുവിശേഷഗ്രന്ഥമെടുക്കുന്നു.

കാർമ്മി. ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്തകാരുണ്യത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.

അനന്തരം ശുശ്രൂഷി താഴെവരുന്ന സുവിശേഷഗീതം ആരംഭിക്കുന്നു.

ശുശ്രൂ. **പുസ്തകങ്ങളുടെ ആരംഭത്തിൽ എന്നെപ്പറ്റി എഴുതിയിരിക്കുന്നു.**

**എഴുതീ നരകുലരക്ഷകനാം**
**മിശിഹാരാജൻ തൻമൊഴികൾ**
**സുവിശേഷത്തിൻ തിരുഗ്രന്ഥം**
**പരിശുദ്ധാത്മനിവേശത്താൽ**
**യൂദയാസഭയിൽ മത്തായി**
**മർക്കോസ് റോമിലെ ജനതയ്ക്കായ്**
**ലൂക്കാ ഈജിപ്തിലെ സഭയിൽ**
**യോഹന്നാൻ എഫേസൂസിൽ**
**നാഥാ, ജനതതിയീഗ്രന്ഥം**
**ധ്യാനിപ്പൂ; നിൻ മഹിമകളെ**
**മന്നിതിൽ വാഴ്ത്തി നമിക്കുന്നു.**

ഈ സമയത്തു കാർമ്മികൻ സുവിശേഷഗ്രന്ഥം മുത്തിയതിനുശേഷം ആർച്ച്ഡീക്കനെയും ശുശ്രൂഷികളെയും മുത്തിക്കുന്നു.

സമൂ. *ദൈവമേ, അങ്ങയുടെ തിരുവിഷ്ടം*
*നിറവേറ്റാൻ ഞാൻ ആഗ്രഹിച്ചു.*

www.malankaralibrary.com

**എഴുതീ നരകുലരക്ഷകനാം**

**............................................**

ശുശ്രൂ. *പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

**എഴുതീ നരകുലരക്ഷകനാം**

**.............................................**

*(അല്ലെങ്കിൽ)*

മത്തായി മർക്കോസ് ലൂക്കാ യോഹന്നാൻ സുവിശേഷകന്മാരേ, നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കട്ടെ.

*(അല്ലെങ്കിൽ)*

ശുശ്രൂ. *പുസ്തങ്ങളുടെ ആരംഭത്തിൽ എന്നെപ്പറ്റി എഴുതിയിരിക്കുന്നു.*

നമ്മുടെ രാജാവും രക്ഷകനുമായ മിശിഹായുടെ സുവിശേഷമാകുന്ന മഹാഗ്രന്ഥം അത്ഭുത പ്രവർത്തകരായ നാലു ഗ്രന്ഥകാരന്മാർ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വിരചിച്ചു. മത്തായി യൂദയായിലെ വിശ്വാസികൾക്കും മർക്കോസ് റോമിലെ സഭാംഗങ്ങൾക്കും ലൂക്കാ ഈജിപ്തിലെ ദൈവജനത്തിനും യോഹന്നാൻ എഫേസൂസിലെ സഭയ്ക്കും വേണ്ടി സുവിശേഷം എഴുതി. ഇപ്പോൾ ഇതാ കർത്താവേ, അങ്ങയുടെ മഹാശക്തിയെ പ്രകീർ ത്തിച്ചുകൊണ്ട് ജനതകൾ നാനാദിക്കുകളിലും ഈ ഗ്രന്ഥങ്ങൾ ധ്യാനവിഷയമാക്കുന്നു.

സമൂ. *ദൈവമേ അങ്ങയുടെ തിരുവിഷ്ടം നിറവേറ്റാൻ ഞാൻ ആഗ്രഹിച്ചു.*

നമ്മുടെ രാജാവും രക്ഷകനുമായ...

ശുശ്രൂ. *പിതാവും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

നമ്മുടെ രാജാവും രക്ഷകനുമായ...

അനന്തരം പുസ്തകം ബലിപീഠത്തിന്മേൽവച്ചിട്ട് കാർമ്മികനും ആർച്ചുഡീക്കനും യഥാസ്ഥാനം ഇരിക്കുന്നു. ശുശ്രൂഷികൾ അഴിക്കാലിങ്കൽച്ചെന്ന് ജനങ്ങൾക്കഭിമുഖംനിന്നു ഗായകസംഘവുമായി ഒന്നിടവിട്ടു വ്യാഖ്യാനഗീതം പാടുന്നു.

www.malankaralibrary.com

ശുശ്രൂ. **വിശ്വാസികളേ, കേൾപ്പിൻ**
**സൗഖ്യവുമുയിരും പകരും മൊഴികൾ മോദാൽ**
**ദൈവകുമാരൻ നരനായ് നമ്മെ മോചിതരാക്കി.**

**ഈ മൊഴി നിങ്ങൾക്കേകി**
**ഭാഗ്യം നിറയും വലിയൊരു നിധിയീ ഭൂവിൽ**
**ഈ സദ്ഗ്രന്ഥം ജീവൻ നല്കും ഔഷധമല്ലോ.**

**ജീവൻ നല്കാൻ പോരും**
**ജീവത്വചനം കേൾക്കിലൊളിക്കും സാത്താൻ**
**ബാധകളേതും ഭീതിയൊടുടനേ ഒഴിവായിടും**

**പ്രഭ വിതറീടും ദീപം**
**ജീവൻതന്നെ ഈ സദ്വചനം പാരിൽ**
**വിധിയാളനെയീ വചനം സുതരാം വെളിവാക്കുന്നു.**

**ജനതതിയെല്ലാം ചേലിൽ**
**രക്ഷിതരായി നാഥൻ വഴിയായ് ഭൂവിൽ**
**പാപം നിയതം മോചിപ്പവനീ നാഥൻ മാത്രം**

**വിത്തു വിതയ്ക്കും നാഥൻ**
**തിരുവചനത്തിൻ വിത്തു വിതയ്ക്കാൻ വന്നു.**
**വയലിനുപകരം ഹൃദയനിലങ്ങൾ നല്കുക നിങ്ങൾ.**

**നാഥൻ മൊഴിയും നാദം**
**ഭാഗ്യവുമുയിരും കരുണയുമുലകിൽ തൂകും**
**ശരണവുമനിശം കൃപയുമിതേകും മനുജനു മോദാൽ.**

**ആശ്രയമവനിൽ ചേർക്കും**
**വിശ്വാസികളോ ഭാഗ്യം നിയതം ചൂടും**
**അവനൊരുനാളിൽ മൃതനായാലും ജീവൻ നേടും.**

**ആശ്രിതരെയാ നാഥൻ**
**കൈവെടിയില്ല കാത്തരുളീടും നിത്യം**
**പാപാങ്കിതരായ് അവരിലൊരാളും മൃതിയടയില്ല.**

**ദൈവകുമാരൻ ഭൂവിൽ**
**മാനവനായി തിരുവവതാരം ചെയ്തു**
**കന്യകയിൽ നിന്നവനൊരുനാളിൽ ജാതനുമായി.**

www.malankaralibrary.com

**രോഗം സദയം നീക്കി**
**മൃതരിൽ ജീവൻ പുനരവനേകി മോദാൽ**
**പുനരുത്ഥാനം ചെയ്തൊരു നാഥൻ സ്വർഗ്ഗം പൂകി.**

**റൂഹായെയാ നാഥൻ**
**ശിഷ്യർക്കേകി ശിക്ഷണമേകി ചേലിൽ**
**ശിക്ഷണമേകാൻ സദയമയച്ചു ദിശകളിലെല്ലാം.**

**യോഹന്നാൻ തൻ സാക്ഷ്യം/ സുവിശേഷകനാം**
**ലൂക്കാ/ മർക്കോസ്...**
**അനുഭവമധുനാ വിവരിക്കുന്നു കേൾക്കാൻ**
**ചെവിയുള്ളവനോ കേട്ടു ഫലങ്ങൾ നല്കീടട്ടെ.**

**സ്വർഗ്ഗം പൂകാൻ പോരും**
**വാതിലിതല്ലോ വഴിയുമിതല്ലോ നിത്യം**
**ഈ വഴി പോയാൽ അപകടമെന്യേ രാജ്യം നേടാം.**

**മൃതരീ ശബ്ദം കേൾക്കിൽ**
**ജീവൻനേടും സ്വർഗ്ഗം പൂകും ചേലിൽ**
**ഇതു നിരസിക്കിൽ ജീവിപ്പവരും മൃതരായ് തീരും.**

*(അല്ലെങ്കിൽ)*

ശുശ്രൂ. പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നവരേ, നിങ്ങൾ വരുവിൻ. ശരീരത്തെ സൗഖ്യമാക്കുകയും ആത്മാവിനെ ജീവിപ്പിക്കുകയും ചെയ്യുന്ന വചനങ്ങൾ നിങ്ങൾ ശ്രവിക്കുവിൻ.

ഗായക. ദൈവപുത്രൻ മനുഷ്യരുടെ ഇടയിൽ മനുഷ്യനായി അവതരിച്ചു. തന്റെ നിയമംവഴി അവിടുന്നു മനുഷ്യരെ പാപത്തിൽനിന്നു മോചിപ്പിച്ചു. ഈ വചനം നിങ്ങൾക്കായി വലിയൊരു നിധി തുറന്നിരിക്കുന്നു. ഈ പുസ്തകം ജീവനും സൗഭാഗ്യവും നിറഞ്ഞതാകുന്നു. സജീവവും ജീവദായകവുമായ ഈ വചനം കേൾക്കുമ്പോൾ സാത്താൻ പലായനം ചെയ്യുകയും ദുഷ്ടാരൂപികൾ ഭയത്തോടെ ഓടിയകലുകയും ചെയ്യുന്നു. ഇതു മനുഷ്യനു സ്വർഗ്ഗരാജ്യത്തിലേക്കുള്ള വാതിലാകുന്നു. കെണികളില്ലാതെ സജ്ജമാക്കപ്പെട്ടിരിക്കുന്ന വഴിത്താരയുമാകുന്നു. മരിച്ചവർ ഈ ശബ്ദം ശ്രവിച്ചാൽ ജീവിക്കും. ജീവിക്കുന്നവർ ഈ വചനം തിരസ്കരിച്ചാൽ മരിക്കുകയും ചെയ്യും.

ഇതു പ്രകാശമാകുന്നു; ഇത് ദീപമാകുന്നു. ഇതു ജീവനാകുന്നു; മരിച്ച

www.malankaralibrary.com

വരെയും ജീവിക്കുന്നവരെയും വിധിക്കാനിരിക്കുന്നവൻ ഈ വചനം വഴി പ്രസംഗിക്കപ്പെടുന്നു. എല്ലാ ജനതകളും അവിടുന്നുവഴി രക്ഷിക്കപ്പെടുന്നു. ഇക്കാര്യം എല്ലാവരും അറിഞ്ഞിരിക്കേണ്ടതാകുന്നു. അതുപോലെ അവിടുന്നുവഴി എല്ലാ പാപങ്ങളും മോചിക്കപ്പെടുന്നുവെന്ന് നിങ്ങൾ വിശ്വസിക്കുകയും ബോധ്യപ്പെടുകയും ചെയ്യുവിൻ. വചനമാകുന്ന വിത്തു വിതയ്ക്കാൻ വിതക്കാരൻ പുറപ്പെട്ടിരിക്കുന്നു. നിങ്ങളുടെ ഹൃദയമാകുന്ന വയലുകൾ അവന്റെ മുമ്പാകെ സമർപ്പിക്കുവിൻ. അവന്റെ ശബ്ദം ജീവനും ആനന്ദവും ദയയും കാരുണ്യവുമാകുന്നു. അവന്റെ വചനം പ്രത്യാശയും ആയുസ്സും കൃപയും നന്മയുമാകുന്നു. അവനിൽ ആശ്രയിക്കുകയും അവന്റെ വചനത്തിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ; അവനിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; ജീവിക്കുന്നവനോ, പാപത്തിൽ മരിക്കുകയുമില്ല. ദൈവത്തിന്റെ ഏകപുത്രൻ ലോകത്തിൽ അവതരിക്കാൻ തിരുമനസ്സാകുകയും മാലാഖമാരുടേതിനേക്കാൾ ഉപരിയായ പ്രകൃതിയിൽ കന്യകയിൽനിന്നു ജനിക്കുകയും ചെയ്തു. അവിടുന്നു രോഗികളെ സുഖപ്പെടുത്തി മരിച്ചവരെ ഉയിർപ്പിച്ചു; പിശാചുക്കളെ ബഹിഷ്കരിച്ചു; മരണത്തെ പരാജയപ്പെടുത്തി; എന്തെന്നാൽ, അവിടുന്നു മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും സ്വർഗ്ഗത്തിലേക്കു കരേറുകയും ചെയ്തു. അവിടുന്ന് ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ച് അവരെ വിവേകികളാക്കി. അനന്തരം സുവിശേഷം പ്രസംഗിക്കുന്നതിനായി അവരെ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും അയച്ചു. ഇപ്പോൾ (യോഹന്നാൻ...) ഇതാ! താൻ കാണു കയും കേൾക്കുകയും ചെയ്തവ വിശദീകരിക്കുന്നു. ആകയാൽ കേൾക്കാൻ ചെവിയുള്ളവൻ അതു കേൾക്കട്ടെ.

കാർമ്മികൻ ബലിപീഠത്തെ സമീപിച്ചു സുവിശേഷഗ്രന്ഥമെടുത്ത്, നെറ്റിവരെ ഉയർത്തിപ്പിടിക്കുന്നു.

ധൂപകലശം, സ്ലീവാ, കത്തിച്ച തിരികൾ ഇവ വഹിക്കുന്നവർ മുമ്പെയും ആർച്ചുഡീക്കനോടുകൂടെ കാർമ്മികൻ പിമ്പെയും പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുന്നു. തത്സമയം കാർമ്മികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി. കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ ഞങ്ങൾ

www.malankaralibrary.com

എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

പ്രദക്ഷിണം വചനവേദിയിലെത്തുമ്പോൾ

ശുശ്രൂ. **നമുക്കു ശ്രദ്ധാപൂർവ്വംനിന്നു പരിശുദ്ധ സുവിശേഷം ശ്രവിക്കാം.**

*(അല്ലെങ്കിൽ)*

നിങ്ങൾ മൗനമായിനിന്നു ശ്രദ്ധാപൂർവ്വം പരിശുദ്ധ സുവിശേഷം ശ്രവിക്കുവിൻ.

സുവിശേഷഗ്രന്ഥംകൊണ്ടു ജനങ്ങളെ ആശീർവദിക്കുമ്പോൾ

കാർമ്മി. സമാധാനം ✠ നിങ്ങളോടുകൂടെ.

സമൂ. **അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.**

കാർമ്മി. വി. മത്തായി / മർക്കോസ് / ലൂക്കാ / യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം.

സമൂ. **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

കാർമ്മികൻ സുവിശേഷം വായിക്കുമ്പോൾ കത്തിച്ച തിരികളുമായി രണ്ടു ശുശ്രൂഷികൾ ഇരുവശത്തും നില്ക്കുന്നു. സഹായി മുമ്പിൽനിന്ന് ധൂപാർച്ചന നടത്തുന്നു.

സ്ലീവ വഹിക്കുന്ന സഹായി കാർമ്മികന്റെ വലത്തുവശത്തു നില്ക്കുന്നു.

സുവിശേഷ വായന തീരുമ്പോൾ

സമൂ. **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

കാർമ്മികൻ പുസ്തകമടച്ച് അതിന്മേൽ ചുംബിച്ച് ശുശ്രൂഷിയെ ഏല്പ്പിക്കുന്നു. ശുശ്രൂഷി അത് ബലിപീഠത്തിന്മേൽ വയ്ക്കുന്നു. റാസയിൽ വചനപീഠത്തിന്മേലും തിരികളും സ്ലീവയും അതതിന്റെ സ്ഥാനത്തു വയ്ക്കുന്നു.

മദ്ബഹയുടെ വിരിയിടുന്നു.

രണ്ടാം ശുശ്രൂഷി പ്രഘോഷണപീഠത്തിങ്കൽ നിന്നുകൊണ്ടു കാറോസൂസാ ആരംഭിക്കുന്നു.

www.malankaralibrary.com

I

ശുശ്രൂ. **നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടെ** (സാധാരണദിവസങ്ങളിൽ-അനുതാപത്തോടും ശ്രദ്ധയോടും കൂടെ) **നിന്ന്, കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ എന്നു പ്രാർത്ഥിക്കാം.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. **കാരുണ്യവാനായ പിതാവേ, ആശ്വാസദായകനായ ദൈവമേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. **ഞങ്ങളുടെ രക്ഷകനും പരിപാലകനും സകലത്തിന്റെയും ദാതാവുമായ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. **സമസ്ത ലോകത്തിന്റെയും സകല സഭകളുടെയും സമാധാനത്തിനും ഐക്യത്തിനും നിലനില്പിനും വേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. **ഞങ്ങളുടെ രാജ്യത്തിനും മറ്റെല്ലാ രാജ്യങ്ങൾക്കും അവയിൽ വസിക്കുന്ന വിശ്വാസികൾക്കും വേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. **അനുകൂലമായ കാലാവസ്ഥയ്ക്കും സമൃദ്ധമായ വിളവുകൾക്കും സുഭിക്ഷമായ വത്സരത്തിനും ലോകം മുഴുവന്റെയും ഐശ്വര്യത്തിനുംവേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. **മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ** (പേര്) **പാപ്പായുടെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ** (പേര്) **മെത്രാപ്പോലീത്തായു**

www.malankaralibrary.com

**ടെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ** (പേര്) **മെത്രാപ്പോലീത്തായുടെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ** (പേര്) **മെത്രാന്റെയും (മെത്രാപ്പോലീത്തായുടെയും) അവരുടെ സഹശുശ്രൂഷികളുടെയും ക്ഷേമത്തിനുവേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. **എല്ലാറ്റിനെയും കൃപാപൂർവ്വം ഭരിക്കുന്ന കാരുണ്യവാനായ ദൈവമേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. **അനുഗ്രഹസമ്പന്നനും കരുണാവാരിധിയുമായ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. **നന്മതന്നെ ആയവനും സകല നന്മകളുടെയും ദാതാവുമായ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. **സ്വർഗ്ഗത്തിൽ സ്തുതിക്കപ്പെടുന്നവനും ഭൂമിയിൽ ആരാധിക്കപ്പെടുന്നവനുമായ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. **പ്രകൃത്യാ മരണമില്ലാത്തവനും ഉജ്ജ്വലശോഭയിൽ വസിക്കുന്നവനുമായ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. **ഞങ്ങളുടെ കർത്താവായ മിശിഹായേ നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കണമേ. നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർദ്ധിപ്പിക്കുകയും ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

www.malankaralibrary.com

II

ശുശ്രൂ. **സമാധാനത്തിന്റെയും അനുഗ്രഹത്തിന്റെയും മാലാഖയെ അയയ്ക്കണമെന്ന് വിനയപൂർവ്വം ഞങ്ങൾ യാചിക്കുന്നു.**

സമൂ.**കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. **ഞങ്ങളുടെ ആയുസ്സിലെ എല്ലാദിവസവും രാവും പകലും ഞങ്ങൾക്കു പാപരഹിതമായ ജീവിതവും അങ്ങയുടെ സഭയ്ക്കു ശാശ്വതമായ സമാധാനവും ഞങ്ങൾ യാചിക്കുന്നു.**

സമൂ. **കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. **പരിശുദ്ധാത്മാവിന്റെ നിറവിലൂടെ ലഭിക്കുന്ന പരിപൂർണ്ണതയുടെ ബന്ധമായ സ്നേഹത്തിന്റെ ഐക്യം ഞങ്ങൾ യാചിക്കുന്നു.**

സമൂ.**കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. **പാപമോചനവും ഞങ്ങളുടെ ജീവിതത്തിന് ഉപകരിക്കുകയും ദൈവമായ അങ്ങയെ പ്രസാദിപ്പിക്കുകയും ചെയ്യുന്ന ദാനങ്ങളും ഞങ്ങൾ യാചിക്കുന്നു.**

സമൂ.**കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. **അങ്ങയുടെ അനുഗ്രഹവും കൃപയും എന്നും ഞങ്ങൾക്കു നല്കണമെന്നു ഞങ്ങൾ യാചിക്കുന്നു.**

സമൂ.**കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. **നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.**

സമൂ. **ഞങ്ങളുടെ ദൈവമായ കർത്താവേ അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കറോസൂസയുടെ സമയത്ത് ആർച്ചുഡീക്കൻ ധൂപകലശം വഹിക്കുന്ന ശുശ്രൂഷിയോടുകൂടെ വലത്തുവശത്തുള്ള ഉപപീഠത്തിങ്കലേക്കുപോയി താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് കാസ എടുത്ത് ശുശ്രൂഷി

www.malankaralibrary.com

യുടെ നേരെ തിരിഞ്ഞ് റൂശ്മ ചെയ്യുകയും ശുശ്രൂഷി അതിനെ ധൂപിക്കുകയും ചെയ്യുന്നു.

ആർച്ചുഡീക്കൻ

കർത്താവായ ദൈവമേ, പരിമളസസ്യങ്ങളുടെയും സുഗന്ധ ദ്രവ്യങ്ങളുടെയും നാഥാ, വാഗ്ദാനപേടകത്തിന്റെ താത്കാലിക കൂടാരത്തിൽ ശ്രേഷ്ഠപുരോഹിതനായ അഹറോന്റെ കാസയെ എന്നതുപോലെ ഈ കാസയെയും അങ്ങു സുഗന്ധപൂരിതമാക്കണമേ: പിതാവിന്റെയും പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട്, കാസയിൽ കുരിശാകൃതിയിൽ വീഞ്ഞ് ഒഴിക്കുന്നു.

ആർച്ചുഡീക്കൻ

നമ്മുടെ കർത്താവീശോമിശിഹായുടെ കാസയിൽ അവിടുത്തെ അമൂല്യമായ രക്തം ഒഴിക്കപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട്, കുരിശാകൃതിയിൽ അല്പം വെള്ളം കാസയിൽ ഒഴിക്കുന്നു.

കാർമ്മി. പടയാളികളിൽ ഒരുവൻ വന്ന് നമ്മുടെ കർത്താവിന്റെ തിരുവിലാവിൽ കുന്തംകൊണ്ടു കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു. അതുകണ്ട ആൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാകുന്നു. പിതാവിന്റെയും പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട്, കാസയിൽ കുരിശാകൃതിയിൽ വീഞ്ഞ് ഒഴിക്കുന്നു.

വീഞ്ഞു വെള്ളത്തോടും വെള്ളം വീഞ്ഞിനോടും കലർത്തപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

അനന്തരം ഇടത്തുവശത്തെ ഉപപീഠത്തിങ്കൽച്ചെന്നു താഴെവരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടു ക്രമപ്രകാരം പീലാസ ധൂപിക്കുന്നു.

കർത്താവായ ദൈവമേ, വാഗ്ദാനപേടകത്തിന്റെ താത്കാലിക കൂടാരത്തിൽ ശ്രേഷ്ഠപുരോഹിതനായ അഹറോന്റെ പീലാസയെ

www.malankaralibrary.com

എന്നതുപോലെ ഈ പീലാസയെയും സുഗന്ധപൂരിതമാക്കണമേ. പിതാവിന്റെയും പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട്, അപ്പം എടുത്ത് പീലാസയിൽ വയ്ക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശ്ശരീരം കൊണ്ട് ഈ പീലാസ റൂശ്മ ചെയ്യപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

കാറോസൂസായുടെ അവസാനത്തിൽ മദ്ബഹായുടെ വിരി നീക്കുന്നു. കാർമ്മികൻ വചനപീഠത്തിങ്കിൽ നിന്നുകൊണ്ട് കൈകൾ വിരിച്ചുപിടിച്ച് ഉയർന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി. കർത്താവേ, ബലവാനായ ദൈവമേ, അങ്ങയോടു ഞങ്ങൾ വിനയപൂർവ്വം പ്രാർത്ഥിക്കുന്നു. അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ. അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾ വഴി വർഷിക്കണമേ. അങ്ങയുടെ കൃപയും അനുഗ്രഹവും അങ്ങു കാരുണ്യാതിരേകത്താൽ തിരഞ്ഞെടുത്ത അങ്ങയുടെ അജഗണമായ ജനം മുഴുവന്റെയും കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

ആർച്ചുഡീക്കൻ സ്ലീവയെടുത്തു കാർമ്മികനെയും കാർമ്മികൻ അത് ഒന്നാം ശുശ്രൂഷിയെയും ഏല്പ്പിക്കുന്നു. ആർച്ചുഡീക്കൻ സുവിശേഷഗ്രന്ഥമെടുത്ത് കാർമ്മികനെയും കാർമ്മികൻ അത് രണ്ടാം ശുശ്രൂഷിയെയും ഏല്പിക്കുന്നു. ശുശ്രൂഷികൾ ബലിപീഠത്തിങ്കൽച്ചെന്നു മുഖാഭിമുഖം നില് ക്കുന്നു. കാർമ്മികനും ആർച്ചുഡീക്കനും സമൂഹവേദിയിൽ കുരിശടയാളമുള്ള വിരിപ്പുവിരിച്ചിരിക്കുന്ന സ്ഥലത്ത് മദ്ബഹയിങ്കലേക്കു തിരിഞ്ഞു നില്ക്കുന്നു.

ശുശ്രൂ. **കർത്താവേ, ആശീർവ്വദിക്കണമേ. സഹോദരരേ നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും ആശീർവ്വാദം സ്വീകരിക്കുകയും ചെയ്യുവിൻ.**

www.malankaralibrary.com

എല്ലാവരും തല കുനിക്കുന്നു. കാർമ്മികൻ കുനിഞ്ഞുനിന്ന് താഴെവരുന്ന കൈവയ്പുപ്രാർത്ഥന താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

ഞായറാഴ്ചകളിലും തിരുനാളുകളിലും

കാർമ്മി. കർത്താവേ, ശക്തനായ ദൈവമേ, അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു. ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർത്ഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ ചെയ്യുന്നതിനു പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷാംഗങ്ങളാകുവാൻ നിസ്സാരരും ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യണമേ. അങ്ങയുടെ കാരുണ്യവും അനുഗ്രഹവും ഞങ്ങളുടെയും അങ്ങു തിരഞ്ഞെടുത്ത ഈ ജനത്തിന്റെയുംമേൽ ഉണ്ടാകുമാറാകട്ടെ.

സാധാരണ ദിവസങ്ങളിലും വലിയ നോമ്പിലും

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, സാർവ്വത്രികവും ശ്ലൈഹികവുമായ സഭയുടെമേൽ അങ്ങയുടെ കരുണനിറഞ്ഞ വലംകൈ നീട്ടണമേ. ദൃശ്യവും അദൃശ്യവുമായ സകല വിപത്തുകളിലും നിന്ന് അതിനെ സംരക്ഷിക്കണമേ. ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടെ അങ്ങയുടെ മുമ്പാകെ ശുശ്രൂഷ ചെയ്യുവാൻ ഞങ്ങളെല്ലാവരെയും ദയാപൂർവ്വം യോഗ്യരാക്കണമേ.

കാർമ്മികൻ നിവർന്നുനിന്ന് ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി. കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് അങ്ങയെ ഞങ്ങളുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്തുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

ജ്ഞാനസ്നാനാർത്ഥികൾ ഉള്ളപ്പോൾ ശുശ്രൂഷികൾ ജനങ്ങൾക്കു നേരെ തിരിഞ്ഞുനിന്നു കൊണ്ട്, മാറിമാറി ചൊല്ലുകയോ, ഗായക സംഘം രണ്ടുഗണമായി പാടുകയോ ചെയ്യുന്നു.

ശുശ്രൂ. I **മാമ്മോദീസ സ്വീകരിച്ചിട്ടില്ലാത്തവർക്കു പോകാം.**

ശുശ്രൂ. II **ജീവന്റെ അടയാളം സ്വീകരിച്ചിട്ടില്ലാത്ത വർക്കു പോകാം.**

ശുശ്രൂ. I **വിശുദ്ധ കുർബാന സ്വീകരിക്കുന്നില്ലാത്ത വർക്കു പോകാം.**

ശുശ്രൂ. II **ശ്രോതാക്കളേ, നിങ്ങൾപോയി വാതില്ക്കൽ കാവൽ നിൽക്കുവിൻ.**

ജ്ഞാനസ്നാനാർത്ഥികൾ ഇല്ലാത്തപ്പോഴും മുൻപറഞ്ഞ കർമ്മരീതി ഉചിതമല്ലാത്തപ്പോഴും താഴെവരുന്ന ഉദ്ബോധനം നല്കാവുന്നതാണ്.

ശുശ്രൂ. **മാമ്മോദീസ സ്വീകരിക്കുകയും ജീവന്റെ അടയാള ത്താൽ മുദ്രിതരാകുകയും ചെയ്തവർ ഭക്തിയോടും ശ്രദ്ധ യോടുംകൂടെ വിശുദ്ധരഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ.**

ഒന്നാം ശുശ്രൂഷി രണ്ടാം ശുശ്രൂഷിയിൽ നിന്നു സുവിശേഷഗ്രന്ഥം ചുംബിച്ച് സ്വീകരിക്കുന്നു. രണ്ടാം ശുശ്രൂഷി ഒന്നാം ശുശ്രൂഷി യിൽനിന്നു സ്ലീവ ചുംബിച്ചു സ്വീകരിക്കുന്നു. സ്ലീവയും സുവിശേഷ ഗ്രന്ഥവും ബലിപീഠത്തിന്മേൽ വച്ചതിനുശേഷം ജനങ്ങൾക്കഭിമുഖം നിന്നുകൊണ്ടു ചൊല്ലുന്നു.

ശുശ്രൂ. **നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ**

കാർമ്മി. നിന്നുടെ വൈദികരണിയും നീതി; നിൻ വിശുദ്ധർ മഹിമാവും

ഗായക. **പാവനമാം ബലിപീഠേ വന്നെത്തി വൈദികൻ**
**സ്വർഗ്ഗത്തേക്കു കരങ്ങളുയർത്തിയവൻ റൂഹായെ**
**പ്രാർത്ഥനയോടെ ക്ഷണിപ്പൂ; സ്വർഗ്ഗത്തിൽനിന്നുമിതാ**
**റൂഹാ വന്നു വസിച്ചു, മിശിഹാതൻ തിരുഗാത്രം**
**പാവനമാക്കുകയാണീ യാഗത്തിൽ ✠ തൻശോണിതവും.**

www.malankaralibrary.com

കാർമ്മികൻ മുട്ടുകുത്തി വിരിപ്പിൻമേൽ മൂന്നു പ്രാവശ്യം ചുംബിക്കുന്നു. എഴുന്നേറ്റതിനു ശേഷം 'തൻ ശോണിതവും' എന്നു പാടുമ്പോൾ ആശീർവ്വദിക്കുന്നു. വലത്തുവശത്തേക്കു പോകുന്നു. വിരിപ്പിന്റെ മൂന്നു വശത്തും ഇതാവർത്തിക്കുന്നു.

ശുശ്രൂ. **കൂടാരത്തിൽ ചെന്നെത്തീടാം അവനെ വണങ്ങീടാം.**

ഗായക. **പാവനമാം ബലിപീഠേ വന്നെത്തി വൈദികൻ സ്വർഗ്ഗത്തേക്കു കരങ്ങളുയർത്തിയവൻ റൂഹായെ പ്രാർത്ഥനയോടെ ക്ഷണിപ്പൂ; സ്വർഗ്ഗത്തിൽനിന്നുമിതാ റൂഹാ വന്നു വസിച്ചു, മിശിഹാതൻ തിരുഗാത്രം പാവനമാക്കുകയാണീ യാഗത്തിൽ ✠ തൻശോണിതവും.**

വലത്തുവശത്തേക്കു പോകുന്നു.

കാർമ്മി. താതനുമതുപോലാത്മജനും ദിവ്യറൂഹായ്ക്കും സ്തുതിയെന്നെന്നും.

ഗായക. **പാവനമാം ബലിപീഠേ വന്നെത്തി വൈദികൻ സ്വർഗ്ഗത്തേക്കു കരങ്ങളുയർത്തിയവൻ റൂഹായെ പ്രാർത്ഥനയോടെ ക്ഷണിപ്പൂ; സ്വർഗ്ഗത്തിൽനിന്നുമിതാ റൂഹാ വന്നു വസിച്ചു, മിശിഹാതൻ തിരുഗാത്രം പാവനമാക്കുകയാണീ യാഗത്തിൽ ✠ തൻശോണിതവും.**

വലത്തുവശത്തേക്കു പോകുന്നു.

ശുശ്രൂ. **ആദിമുതല്ക്കേ എന്നെന്നേക്കും ആമ്മേനാമ്മേൻ.**

ഗായക. **പാവനമാം ബലിപീഠേ വന്നെത്തി വൈദികൻ സ്വർഗ്ഗത്തേക്കു കരങ്ങളുയർത്തിയവൻ റൂഹായെ പ്രാർത്ഥനയോടെ ക്ഷണിപ്പൂ; സ്വർഗ്ഗത്തിൽനിന്നുമിതാ റൂഹാ വന്നു വസിച്ചു, മിശിഹാതൻ തിരുഗാത്രം പാവനമാക്കുകയാണീ യാഗത്തിൽ ✠ തൻശോണിതവും.**

മധ്യത്തിൽവന്നു നിൽക്കുന്നു. അപ്പോൾ ശുശ്രൂഷികൾ ബലിപീഠത്തിലേക്കു തിരിഞ്ഞു തലകുനിച്ചുകൊണ്ടു പാടുന്നു.

ശുശ്രൂ. **ഇന്നും എന്നും എന്നേക്കും,
കർത്താവാം മിശിഹായേ,**

www.malankaralibrary.com

**നിൻ കാരുണ്യമതിൻ വലത്തുകരം നീട്ടണമേ.**
**നിന്നജഗണമിവരിൽ ആശിസ്സുകളേകിടുവാൻ**
**നിൻ കാരുണ്യമനന്തം കർത്താവേ, ഞങ്ങളെ നീ**
**ദുഷ്ടാത്മാവിൻ കൈകളിലൊരുനാളും ഏല്പിക്കരുതേ.**

കാർമ്മികനുനേരെ തിരിഞ്ഞു നിന്നുകൊണ്ടു പാടുന്നു.

ശുശ്രൂ. **കരുണാമയനാം കർത്താവേ,**
**ശിഷ്യഗണത്തിനു നല്കിയതാം**
**വാഗ്ദാനം നീ കരുണയൊടേ**
**ഞങ്ങൾക്കും നല്കീടണമേ.**

കാർമ്മി. കണ്ടാലും ഞാനെന്നാളും
ലോകാന്ത്യം വരെയെന്നെന്നും
നിങ്ങളൊടൊത്തു വസിച്ചീടും
നിങ്ങളൊടൊത്തു വസിച്ചീടും. (3)

ശുശ്രൂ. **കർത്താവേ, നീയെന്നാളും**
**ശ്ലീഹരൊടൊത്തു വസിച്ചതുപോൽ**
**ഞങ്ങളൊടൊത്തു വസിക്കണമേ**
**നിൻ കൃപയെന്നും ചിന്തണമേ.** (3)

ഈ ഗീതം ആവർത്തിക്കുന്ന ഓരോ പ്രാവശ്യവും ശുശ്രൂഷികൾ അല്പാല്പം നടന്ന് കാർമ്മികന്റെ അടുത്തേക്കുവരുന്നു. അവർ വിരിപ്പിന്റെ കിഴക്കുവശത്ത് കാർമ്മികന് അഭിമുഖം നില്ക്കുന്നു. അനന്തരം എല്ലാവരും ചേർന്നു പാടുന്നു.

എല്ലാവരും. **നിൻ തിരുനാമം വാഴ്ത്തിടുവാൻ**
**നന്ദി പറഞ്ഞു നമിച്ചിടുവാൻ**
**ദുഷ്ടനെ ദൂരെയകറ്റണമേ**
**ശാന്തിദമാം ദിനമേകണമേ.**

എല്ലാവരും മുട്ടുകുത്തി വിരിപ്പിൻമേൽ മുത്തുന്നു. അതിനുശേഷം കാർമ്മികൻ ചൊല്ലുന്നു.

കാർമ്മി. സകലത്തിന്റെയും നാഥനായ ദൈവം
നിങ്ങളുടെ ശുശ്രൂഷ സ്വീകരിക്കട്ടെ.

www.malankaralibrary.com

സകലവിധ വരങ്ങളുംകൊണ്ട്

അവിടുന്നു നിങ്ങളെ അലങ്കരിക്കട്ടെ.

എല്ലാവരും എഴുന്നേല്ക്കുന്നു.

കാർമ്മി. സകലത്തിന്റെയും നാഥനായ ദൈവം

തന്റെ കൃപാതിരേകത്താൽ

നാമെല്ലാവരോടും കൂടെ

എപ്പോഴുമുണ്ടായിരിക്കട്ടെ.

ആർച്ച്ഡീക്കനും ശുശ്രൂഷികളും കാർമ്മികന്റെ തിരുവസ്ത്രം മുത്തുന്നു.

*(അല്ലെങ്കിൽ)*

കാർമ്മി. അങ്ങയുടെ പുരോഹിതന്മാർ നീതിയും അങ്ങയുടെ വിശുദ്ധന്മാർ മഹത്ത്വവുമണിയുന്നു.

ഗായക. പുരോഹിതൻ വിശുദ്ധ മദ്ബഹയിൽ പ്രവേശിച്ച് നിർമ്മല മായ കരങ്ങൾ സ്വർഗ്ഗത്തിലേക്കുയർത്തി പരിശുദ്ധാത്മാവിനെ ക്ഷണിച്ച് അപേക്ഷിക്കുന്നു.പരിശുദ്ധാത്മാവ് ഉന്നതങ്ങളിൽനിന്നിറങ്ങി മിശിഹായുടെ ശരീരത്തെയും.

കാർമ്മികൻ മുട്ടുകുത്തി വിരിയിൽ മൂന്നു പ്രാവശ്യം ചുംബിക്കുന്നു. എഴുന്നേറ്റു കുരിശടയാളം വരച്ചുകൊണ്ട്

രക്തത്തെയും ✠ പവിത്രീകരിക്കുന്നു.

തുടർന്ന് വലത്തുഭാഗത്തേക്കു പോകുന്നു

ശുശ്രൂ. **നമുക്കു അവിടുത്തെ കൂടാരത്തിൽ പ്രവേശിച്ച് അവിടുത്തെ പാദപീഠം വണങ്ങാം.**

ഗായക. പുരോഹിതൻ...

പരിശുദ്ധാത്മാവ്... (കാർമ്മികൻ മുട്ടുകുത്തി...)

കാർമ്മി. രക്തത്തെയും ✠ പവിത്രീകരിക്കുന്നു.

(തുടർന്ന് വലത്തുഭാഗത്തേക്കു പോകുന്നു.)

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

www.malankaralibrary.com

ഗായക. പുരോഹിതൻ...
പരിശുദ്ധാത്മാവ്... (കാർമ്മികൻ മുട്ടുകുത്തി...)

കാർമ്മി. രക്തത്തെയും ✠ പവിത്രീകരിക്കുന്നു.

തുടർന്ന് വലത്തുഭാഗത്തേക്കു പോകുന്നു.

ശുശ്രൂ. ആദിമുതൽ എന്നേക്കും ആമ്മേൻ.

ഗായക. പുരോഹിതൻ...
പരിശുദ്ധാത്മാവ്... (കാർമ്മികൻ മുട്ടുകുത്തി...)

(തുടർന്ന് വലത്തുഭാഗത്തേക്കു പോകുന്നു.)

കുമ്പിടൽ കഴിയുമ്പോൾ ശുശ്രൂഷികൾ ബലിപീഠത്തിലേക്കു തിരിഞ്ഞു തലകുനിച്ചു നിന്നുകൊണ്ട് പാടുന്നു.

ശുശ്രൂ. എന്നും എന്നേക്കും. കർത്താവായ മിശിഹായേ, നിന്റെ കരുണയുടെ വലതുകരംനീട്ടി. നിന്റെ ജനത്തെയും നിന്റെ അജഗണത്തെയും ആശീർവദിക്കണമേ കർത്താവേ നിന്റെ കാരുണ്യം അനന്തമാകുന്നു. നിന്റെ കരവേലയായ ഞങ്ങളെ ദുഷ്ടാരൂപിയുടെ കൈകളിൽ ഏല്പിച്ചുകൊടുക്കരുതേ.

(കാർമ്മികന്റെ പക്കലേക്കു തിരിഞ്ഞ്)

നിന്റെ പന്ത്രണ്ടുപേരുടെ ഗണത്തോടു നീ ചെയ്ത വാഗ്ദാനം ഞങ്ങളിലും സ്ഥിരീകരിക്കണമേ.

കാർമ്മി. ഇതാ ലോകാവസാനം വരെ
ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. (3)

ശുശ്രൂ. **ശ്ലീഹന്മാരോടുകൂടെ ആയിരുന്നതുപോലെ അങ്ങയുടെ കൃപയുടെ സഹായത്താൽ ഞങ്ങളോടുകൂടെയുമായിരിക്കണമേ. (3)**

ഈ ഗാനം ആവർത്തിക്കുന്ന ഓരോ പ്രാവശ്യവും ശുശ്രൂഷികൾ അല്പാല്പം നടന്നു കാർമ്മികന്റെ പക്കലേക്കു വരുന്നു. അവർ വിരിയുടെ കിഴക്കു വശത്ത് കാർമ്മികന് അഭിമുഖം നില്ക്കുന്നു. അനന്തരം എല്ലാവരും ചേർന്നു പാടുന്നു.

www.malankaralibrary.com

പ്രലോഭനങ്ങളിൽനിന്നു ഞങ്ങളെ കാത്തുരക്ഷിക്കണമേ.
മഹനീയമായ നിന്റെ തിരുനാമത്തെ
നിരന്തരം ആരാധിക്കുകയും
സ്തുതിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നതിനു
സമാധാനപൂർണ്ണമായ കാലം ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

താഴെ വരുന്ന പ്രാർത്ഥനകൾ ചൊല്ലി കാർമ്മികൻ കൈകൾ കഴുകുന്നു

കാർമ്മി. സകലത്തിന്റെയും നാഥനായ ദൈവം തന്റെ കൃപാസമുദ്രത്തിൽ നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ കഴുകിക്കളയട്ടെ.

കൈകൾ തുടയ്ക്കുമ്പോൾ ചൊല്ലുന്നു.

കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചുനീക്കുകയും ചെയ്യട്ടെ.

ദിവ്യരഹസ്യഗീതം ആലപിക്കുന്നു

(സാധാരണ ദിവസങ്ങളിൽ )

ഗായക. *കർത്താവിൽ ഞാൻ ദൃഢമായി ശരണപ്പെട്ടു.*

സമൂ. **മിശിഹാകർത്താവിൻ**
**തിരുമെയ്നിണവുമിതാ**
**പാവനബലിപീഠേ**
**സ്നേഹഭയങ്ങളൊടണയുകനാ-**
**മഖിലരുമൊന്നായ് സന്നിധിയിൽ**
**വാനവനിരയൊടു ചേർന്നേവം**
**പാടാം ദൈവം പരിശുദ്ധൻ**
**പരിശുദ്ധൻ, നിത്യം പരിശുദ്ധൻ.**

ഗായക. *ദരിദ്രർ ഭക്ഷിച്ചു തൃപ്തരാകും.*

**മിശിഹാകർത്താവിൻ**
**തിരുമെയ് നിണവുമിതാ**
**പാവനബലിപീഠേ**

www.malankaralibrary.com

**സ്നേഹഭയങ്ങളൊടണയുകനാ-**
**മഖിലരുമൊന്നായ് സന്നിധിയിൽ**
**വാനവനിരയൊടു ചേർന്നേവം**
**പാടാം ദൈവം പരിശുദ്ധൻ**
**പരിശുദ്ധൻ, നിത്യം പരിശുദ്ധൻ.**

*(അല്ലെങ്കിൽ)*

ഗായക. *കർത്താവിൽ ഞാൻ ദൃഢമായി ശരണപ്പെട്ടു.*

സമൂ. വിശുദ്ധ ബലിപീഠത്തിന്മേൽ
മിശിഹായുടെ അമൂല്യമായ ശരീരവും രക്തവും.
നമുക്കെല്ലാവർക്കും
ഭയഭക്തികളോടുകൂടെ
അവിടുത്തെ സമീപിക്കുകയും
മാലാഖമാരോടൊന്നിച്ച്
ദൈവമായ കർത്താവു
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്നു പാടി സ്തുതിക്കുകയും ചെയ്യാം.

സമൂ. *ദരിദ്രർ ഭക്ഷിച്ചു തൃപ്തരാകും:*

വിശുദ്ധ ബലിപീഠത്തിന്മേൽ..............

ദിവ്യരഹസ്യഗീതത്തിന്റെ ആരംഭത്തിൽ കാർമ്മികൻ ആർച്ചുഡീക്കൻ ഉപപീഠത്തിന്മേൽനിന്ന് പീലാസ കൈകളിലെടുത്ത് നെറ്റിവരെ ഉയർത്തിപ്പിടിച്ചുകൊണ്ട് ബലിപീഠത്തിങ്കലേക്കുവരുന്നു. ഒന്നാം ശുശ്രൂഷി കാസ മേല്പറഞ്ഞവിധം എടുത്ത്, ബലിപീഠത്തിങ്കലേക്കു കൊണ്ടുവന്ന് കാർമ്മികനെ ആർച്ചുഡീക്കനെ ഏല്പിക്കുന്നു. കാർമ്മികൻ ആർച്ചുഡീക്കൻ വലത്തുകൈയിൽ കാസയും ഇടത്തുകൈയിൽ പീലാസയും എടുത്ത് കുരിശാകൃതിയിൽ ഉയർത്തിപ്പിടിക്കുന്നു. അപ്പോൾ ശുശ്രൂഷി താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

ശുശ്രൂ. **നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.**

www.malankaralibrary.com

ആർച്ചുഡീ. (താഴ്ന്നസ്വരത്തിൽ) അങ്ങയുടെ ആരാധ്യമായ ത്രിത്വത്തെ എപ്പോഴും എന്നേക്കും ഞങ്ങൾ സ്തുതിക്കും.

ശുശ്രൂ. **ആമ്മേൻ.**

ആർച്ചുഡീ. നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും തന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മ ആചരിക്കുവാൻ കല്പിക്കുകയും ചെയ്ത മിശിഹാ തന്റെ കൃപയാലും അനുഗ്രഹത്താലും ഈ കുർബാന നമ്മുടെ കരങ്ങളിൽ നിന്നു സ്വീകരിക്കുമാറാകട്ടെ. ആമ്മേൻ.

ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ കല്പനയനുസരിച്ച്, (കാർമ്മികൻ പീലാസകൊണ്ടു കാസയിൽ മൂന്നുപ്രാവശ്യം മുട്ടുന്നു.) മിശിഹായുടെ സ്വർഗ്ഗത്തിൽനിന്നുള്ള മഹത്ത്വപൂർണ്ണമായ രണ്ടാമത്തെ ആഗമനംവരെ അവിടുത്തെ വിശുദ്ധ പീഠത്തിന്മേൽ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ സജ്ജീകരിക്കപ്പെടുന്നു. അവിടുത്തേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.

ശുശ്രൂ. **ആമ്മേൻ.**

കാർമ്മികൻ ആർച്ചുഡീക്കൻ പീലാസ തന്റെ വലത്തുവശത്തും കാസ ഇടത്തുവശത്തുമായി ബലിപീഠത്തിന്മേൽ വയ്ക്കുകയും ശോശപ്പ കൊണ്ടു മൂടുകയും ചെയ്യുന്നു.

(എല്ലാ ദിവസത്തേക്കുമുള്ളത്)

കാർമ്മി. താതനുമതുപോലാത്മജനും
ദിവ്യറൂഹായ്ക്കും സ്തുതിയെന്നും.
ദൈവാംബികയെയും മാർ യൗസേപ്പിനെയും
സാദരമോർത്തീടാം പാവനമീ ബലിയിൽ.

ഗായക. **ആദിയിലെപ്പോൽ എന്നെന്നേക്കും**
**ആമ്മേനാമ്മേൻ.**
**സുതനുടെ പ്രേഷിതരേ,**
**ഏകജസ്നേഹിതരേ,**

**ശാന്തി ലഭിച്ചിടുവാൻ**
**നിങ്ങൾ പ്രാർത്ഥിപ്പിൻ.**

കാർമ്മി. സർവ്വരുമൊന്നായ് പാടീടട്ടെ ആമ്മേനാമ്മേൻ
മാർത്തോമ്മായെയും നിണസാക്ഷികളെയും
സൽക്കർമ്മികളെയും ബലിയിതിലോർത്തീടാം.

ഗായക. **നമ്മുടെകൂടെ ബലവാനാം**
**കർത്താവെന്നെന്നേക്കും.**
**രാജാവാം ദൈവം നമ്മോടൊത്തെന്നും**
**യാക്കോബിൻ ദൈവം നമ്മുടെ തുണയെന്നും.**

കാർമ്മി. ചെറിയവരെല്ലാം വലിയവരൊപ്പം കാത്തുവസിക്കുന്നു.
മൃതരെല്ലാരും നിൻ മഹിതോത്ഥാനത്തിൽ
ശരണം തേടുന്നു ഉത്ഥിതരായിടുവാൻ.

ഗായക. **തിരുസ്സന്നിധിയിൽ ഹൃദയഗതങ്ങൾ**
**ചൊരിയുവിനെന്നേക്കും.**
**നോമ്പും പ്രാർത്ഥനയും പശ്ചാത്താപവു**
**മായ്**
**ത്രിത്വത്തെ മോദാൽ നിത്യം വാഴ്ത്തീടാം.**

*(അല്ലെങ്കിൽ)*

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ദൈവമാതാവായ കന്യകാമറിയത്തിന്റെയും നീതിമാനായ മാർ യൗസേപ്പിന്റെയും സ്മരണ വിശുദ്ധ ബലിപീഠത്തിങ്കൽ ഉണ്ടാകട്ടെ.

ഗായക. **ആദിമുതൽ എന്നേക്കും ആമ്മേൻ. ദൈവപുത്രന്റെ ശ്ലീഹന്മാരേ, ഏകജാതന്റെ സ്നേഹിതരേ, ലോകത്തിൽ സമാധാനമുണ്ടാകുവാൻ വേണ്ടി പ്രാർത്ഥിക്കുവിൻ.**

കാർമ്മി. ദൈവജനമെല്ലാം ആമ്മേൻ, ആമ്മേൻ, എന്ന് ഉദ്ഘോഷിക്കട്ടെ. വിജയം വരിച്ച നീതിമാൻമാരുടെയും മകുടം ചൂടിയ രക്തസാക്ഷികളുടെയും സ്മരണയോടുകൂടെ നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായുടെ ഓർമ്മ വിശുദ്ധ ബലിപീഠത്തിങ്കൽ ഉണ്ടാകട്ടെ.

www.malankaralibrary.com

ഗായക. **ബലവാനായ കർത്താവു നമ്മോടുകൂടെ; നമ്മുടെ രാജാവു നമ്മോടുകൂടെ; നമ്മുടെ ദൈവം നമ്മോടുകൂടെ; യാക്കോബിന്റെ ദൈവം നമ്മുടെ സഹായിയും.**

കാർമ്മി. ചെറിയവരും വലിയവരും. നിന്റെ സ്തുത്യർഹമായ ഉത്ഥാനംവഴി നീ മഹത്ത്വത്തോടെ ഉയിർപ്പിക്കുമെന്ന പ്രതീക്ഷയിൽ മരിച്ചവരെല്ലാവരും നിദ്രചെയ്യുന്നു.

ഗായക. **അവിടുത്തെ സന്നിധിയിൽ നിങ്ങളുടെ ഹൃദയങ്ങൾ തുറക്കുവിൻ. ഉപവാസവും പ്രാർത്ഥനയും അനുതാപവുംവഴി മിശിഹായെയും അവിടുത്തെ പിതാവിനെയും പരിശുദ്ധാത്മാവിനെയും നമുക്കു പ്രസാദിപ്പിക്കാം.**

മദ്ബഹയിലുള്ളവരും വചനവേദിയിലുള്ളവരും മദ്ബഹയുടെ കവാടത്തിങ്കലേക്കുവരുന്നു. നന്നായി കുനിഞ്ഞ് താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി. കർത്താവായ ദൈവമേ, കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസ്സാക്ഷിയോടുംകൂടെ അതിവിശുദ്ധസ്ഥലത്തു പ്രവേശിച്ച് ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടെ അങ്ങയുടെ ബലിപീഠത്തിനു മുമ്പാകെ നില്ക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആധ്യാത്മികവും മാനുഷികവുമായ ബലികൾ യഥാർത്ഥ വിശ്വാസത്തോടെ അങ്ങേക്കർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ.

കാർമ്മികൻ നിവർന്നുനിന്ന് കൈകൾ വിരിച്ചു പിടിച്ചുകൊണ്ട് ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി. സർവ്വശക്തൻ
താതനുമായിടുമേക
ദൈവത്തിൽ
വിശ്വസിക്കുന്നു ഞങ്ങൾ.

സമൂ. **ദൃശ്യാദൃശ്യങ്ങൾ സർവ്വവും സൃഷ്ടിച്ചവൻ**
**സ്രഷ്ടാവിൽ വിശ്വസിക്കുന്നു ഞങ്ങൾ.**
**ദൈവത്തിന്റെ ഏകാത്മജനെല്ലാ-**
**സൃഷ്ടികൾക്കും മുൻപുള്ളോരാദ്യജാതൻ.**
**സർവ്വയുഗങ്ങൾക്കും മുൻപായ് പിതാവിൽനിന്നും**

www.malankaralibrary.com

**ജാതനെന്നാൽ സൃഷ്ടിക്കപ്പെട്ടിടാത്തോൻ**
**ഏകകർത്താവാം ഈശോമിശിഹായിൽ**
**എന്നെന്നും വിശ്വസിക്കുന്നു ഞങ്ങൾ.**
**സത്യദൈവത്തിൽനിന്നുള്ള സത്യദൈവമവൻ**
**താതനോടൊത്തു സത്തയിലേകനുമാം**
**സർവ്വപ്രപഞ്ചത്തിൻ സംവിധായകനവനാൽ**
**എല്ലാമെല്ലാം സൃഷ്ടിക്കപ്പെട്ടു.**
**മർത്യകുലത്തിൻ രക്ഷയ്ക്കായ് സദയം**
**സ്വർല്ലോകത്തിൽനിന്നുമവൻ താണിറങ്ങി**
**ദിവ്യാത്മാവാൽ കന്യാമേരിയിൽനിന്നും**
**ഗാത്രമെടുത്തു മർത്യനായ് ജനിച്ചു.**
**പന്തിയോസ് പീലാത്തോസിൻ കാലം**
**പീഡകളേറ്റു സ്ലീവയിൽ മരിച്ചു.**
**തിരുലിഖിതംപോൽ കല്ലറയിൽനിന്നവൻ**
**മൂന്നാംനാൾ ഉത്ഥാനം ചെയ്തു.**
**സ്വർല്ലോകത്തിൽ ആരോഹിതനായ്**
**സ്ഥിതി ചെയ്വൂ താതൻതൻ വലംഭാഗേ**
**മൃതരെയും ജീവിക്കുന്നവരെയും**
**വിധി ചെയ്വാൻ വരുമവൻ വീണ്ടും**
**ജീവൻ നല്കും സത്യാത്മാവേകൻ**
**ദിവ്യാത്മാവിലും വിശ്വസിക്കുന്നു ഞങ്ങൾ.**
**സാർവ്വത്രികമാം ശ്ലൈഹിക, മേകവുമാം**
**തിരുസ്സഭയിൽ വിശ്വസിക്കുന്നു ഞങ്ങൾ.**
**പാപകടങ്ങൾ മോചിപ്പതിനായ്**
**നല്കിടുമേക മാമ്മോദീസയും**
**മർത്യശരീരത്തിൽ ഉത്ഥാനവുമതുപോൽ**
**നിത്യായുസ്സും പ്രഖ്യാപിക്കുന്നു ഞങ്ങൾ.**

*(അല്ലെങ്കിൽ)*

കാർമ്മി. സർവ്വശക്തനും പിതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

(സമൂഹവും ചേർന്നു തുടരുന്നു)

www.malankaralibrary.com

**ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും**
**സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു.**
**ദൈവത്തിന്റെ ഏകപുത്രനും**
**സകല സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും**
**യുഗങ്ങൾക്കെല്ലാംമുമ്പു പിതാവിൽനിന്നു**
**ജനിച്ചവനും,**
**എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും**
**ഏകകർത്താവുമായ ഈശോമിശിഹായിൽ**
**ഞങ്ങൾ വിശ്വസിക്കുന്നു.**
**അവിടുന്നു സത്യദൈവത്തിൽ നിന്നുള്ള**
**സത്യദൈവവും**
**പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു.**
**അവിടുന്നുവഴി പ്രപഞ്ചം സംവിധാനം**
**ചെയ്യപ്പെടുകയും**
**എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു.**
**മനുഷ്യരായ നമുക്കുവേണ്ടിയും**
**നമ്മുടെ രക്ഷയ്ക്കുവേണ്ടിയും**
**അവിടുന്നു സ്വർഗ്ഗത്തിൽനിന്നിറങ്ങി**
**പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ**
**നിന്നു ശരീരം സ്വീകരിച്ച്**
**മനുഷ്യനായിപ്പിറന്നു.**
**പന്തിയോസ് പീലാത്തോസിന്റെ കാലത്തു**
**പീഡകൾ സഹിക്കുകയും**
**സ്ലീവയിൽ തറയ്ക്കപ്പെട്ടു മരിക്കുകയും**
**സംസ്കരിക്കപ്പെടുകയും**
**എഴുതപ്പെട്ടിരിക്കുന്നതുപോലെ**
**മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു.**
**അവിടുന്നു സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി**
**പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു.**
**മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കുവാൻ**
**അവിടുന്നു വീണ്ടും വരുവാനിരിക്കുന്നു.**

www.malankaralibrary.com

**പിതാവിൽ നിന്നും പുറപ്പെടുന്ന**

**സത്യാത്മാവും ജീവദാതാവുമായ**
**ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു.**
**ഏകവും പരിശുദ്ധവും ശ്ലൈഹികവും**
**സാർവ്വത്രികവുമായ**
**സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.**
**പാപമോചനത്തിനുള്ള ഏകമാമ്മോദീസയും**
**ശരീരത്തിന്റെ ഉയിർപ്പും**
**നിത്യായുസ്സും ഞങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു**
**ആമ്മേൻ.**

കാർമ്മികൻ ശുശ്രൂഷിക്കുനേരേ തിരിഞ്ഞ് ആശീർവദിച്ചുകൊണ്ട് ചൊല്ലുന്നു.

കാർമ്മി. സകലത്തിന്റെയും നാഥനായ ദൈവം തന്റെ സ്തുതികൾ ആലപിക്കുവാൻ നിന്നെ ✠ ശക്തനാക്കട്ടെ.

ശുശ്രൂഷി ജനങ്ങൾക്കുനേരേ തിരിഞ്ഞുനിന്ന് താഴെവരുന്ന കാറോസൂസ ചൊല്ലുന്നു.

ശുശ്രൂ. **നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ**
**പാത്രിയർക്കീസുമാരും മെത്രാന്മാരുമായ**
**നമ്മുടെ പിതാക്കന്മാർ,**
**പുരോഹിതന്മാർ, ശുശ്രൂഷികൾ എന്നിവരുടെയും**
**ബ്രഹ്മചാരികളുടെയും കന്യകകളുടെയും**
**നമ്മുടെ മാതാപിതാക്കന്മാർ,**
**പുത്രീപുത്രന്മാർ, സഹോദരീസഹോദരന്മാർ**
**എന്നിവരുടെയും**
**ഓർമ്മയാചരിച്ചുകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുവിൻ.**
**മിശിഹായുടെ സ്നേഹിതരും വിശ്വാസികളുമായ**
**എല്ലാ ഭരണകർത്താക്കളെയും**
**സത്യവിശ്വാസത്തോടെ മരിച്ച്,**
**ഈ ലോകത്തിൽനിന്നു വേർപെട്ടുപോയ**
**എല്ലാവരെയും അനുസ്മരിക്കുവിൻ.**

www.malankaralibrary.com

എല്ലാ പ്രവാചകന്മാരെയും ശ്ലീഹന്മാരെയും
രക്തസാക്ഷികളെയും വന്ദകരെയും
ഓർമ്മിക്കുവിൻ.
മരിച്ചവരുടെ ഉയിർപ്പിൽ
അവരെ മുടിചൂടിക്കുന്ന ദൈവം
അവരോടുകൂടെ നമുക്കു പ്രത്യാശയും
പങ്കാളിത്തവും ജീവനും
സ്വർഗ്ഗരാജ്യത്തിൽ അവകാശവും നല്കട്ടെ.
ഈ കുർബാന സംപ്രീതിയോടെ സ്വീകരിക്കപ്പെടുകയും
ദൈവത്തിന്റെ വചനത്താലും പരിശുദ്ധാത്മാവിനാലും
വിശുദ്ധീകരിക്കപ്പെടുകയും ചെയ്യട്ടെ.
**മിശിഹായുടെ കൃപയാൽ**
**ഈ ബലി നമുക്കു സഹായത്തിനും രക്ഷയ്ക്കും**
**സ്വർഗ്ഗരാജ്യത്തിൽ നിത്യജീവനും കാരണമാകട്ടെ.**

ഈ സമയത്ത് കാർമ്മികൻ മൂന്നു പ്രാവശ്യം നന്നായിക്കുനിഞ്ഞു കൊണ്ട് ആചാരംചെയ്യുന്നു. ഓരോ ആചാരത്തിനും ശേഷം അല്പം മുമ്പോട്ടു കയറി ബലിപീഠത്തെ സമീപിക്കുന്നു. തദവസരത്തിൽ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, അങ്ങേക്കു ഞാൻ നന്ദി പറയുന്നു. അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളുടെ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യങ്ങളെ അങ്ങേക്കു സമർപ്പിക്കുവാൻ പാപിയായിരുന്നിട്ടും എന്നെ അങ്ങു കാരുണ്യപൂർവ്വം യോഗ്യനാക്കി. അങ്ങയുടെ അജഗണമായ ജനത്തിന്റെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ലോകം മുഴുവന്റെയും അനുരഞ്ജനത്തിനും എല്ലാ സഭകളുടെയും സമാധാനത്തിനും ശാന്തിക്കുംവേണ്ടി ഞാൻ ഇവ അനുഷ്ഠിക്കുന്നു.

കാർമ്മികൻ ബലിപീഠത്തെ സമീപിച്ച്, അതിന്റെ മധ്യത്തിലും വലത്തെ അറ്റത്തും ഇടത്തെ അറ്റത്തും ആചാരം ചെയ്തു ചുംബിക്കുന്നു. അനന്തരം മധ്യത്തിൽ വന്ന് പ്രാർത്ഥന യാചിക്കുന്നു.

കാർമ്മി. കർത്താവേ, ആശീർവദിക്കണമേ.

ജനങ്ങൾക്കുനേരേ തിരിഞ്ഞ് കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട്

www.malankaralibrary.com

എന്റെ സഹോദരരേ, ഈ കുർബാന എന്റെ കരങ്ങൾവഴി പൂർത്തിയാകുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

ബലിപീഠത്തിനുനേരെ തിരിയുന്നു.

സമൂ. **സകലത്തിന്റെയും നാഥനായ ദൈവം/ തന്റെ അഭീഷ്ടം നിറവേറ്റുവാൻ നമ്മെ ശക്തരാക്കട്ടെ./ ഈ കുർബാന അവിടുന്നു സ്വീകരിക്കട്ടെ./ അങ്ങേക്കും ഞങ്ങൾക്കും/ ലോകം മുഴുവനുംവേണ്ടി അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ/ അവിടുന്നു സംപ്രീതനാകുകയും ചെയ്യട്ടെ./ ആമ്മേൻ.**

അനന്തരം താഴ്ന്നസ്വരത്തിൽ യാചനാപ്രാർത്ഥന (കൂശാപ്പ) ചൊല്ലുന്നു.

കാർമ്മി. കർത്താവും ദൈവവുമായ മിശിഹായേ, ഞങ്ങളുടെ നിരവധിയായ പാപങ്ങൾ പരിഗണിക്കരുതേ. ഞങ്ങളുടെ ദുഷ്ടതയുടെ ആധിക്യംനിമിത്തം നീ കോപിക്കരുതേ, നീ സ്വീകരിച്ച ഞങ്ങളുടെ മനുഷ്യത്വത്തോടെ സമയത്തിന്റെ സമാപ്തിയിൽ പ്രത്യക്ഷനാകുമ്പോൾ, തിരുസന്നിധിയിൽ കൃപയും അനുഗ്രഹവും കണ്ടെത്തുന്നതിനും സ്വർഗ്ഗീയഗണങ്ങളോടുചേർന്ന് നിന്നെ സ്തുതിക്കുന്നതിനും ഞങ്ങൾ യോഗ്യരാകുവാൻവേണ്ടി ഈ ബലി നിന്റെ അവർണ്ണനീയമായ കൃപയാൽ പവിത്രീകരിക്കണമേ. ഞങ്ങളുടെ പാപങ്ങൾ തുടച്ചുനീക്കുവാൻ ഇതിനു ശക്തി നല്കുകയും ചെയ്യണമേ.

## ഒന്നാമത്തെ കൃതജ്ഞതാസ്തോത്ര പ്രാർത്ഥന
## (കൂദാശ/ അനാഫൊറ)

കിഴക്കിന്റെ പ്രബോധകരായ അദ്ദായി, മാറി എന്നീ അനുഗൃഹീത ശിഷ്യന്മാരുടെ കുർബാന, കാർമ്മികൻ കുനിഞ്ഞുനിന്ന് കരങ്ങൾകൂപ്പി ഒന്നാം പ്രണാമജപം (ഗ്ഹാന്ത) ചൊല്ലുന്നു.

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു ഞങ്ങളുടെമേൽ വർഷിച്ച സമൃദ്ധമായ അനുഗ്രഹങ്ങളെപ്രതി ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളാകുന്ന ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷകരാകുവാൻ എളിയവരും പാപികളുമായിരുന്നിട്ടും ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. അങ്ങു നല്കിയ ഈ ദാനം

www.malankaralibrary.com

തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടുംകൂടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

കാർമ്മികൻ ബലിപീഠം ചുംബിച്ചതിനുശേഷം കൈകൾ കുരിശാകൃതിയിൽ നെഞ്ചിന്മേൽ ചേർത്തുവച്ചുകൊണ്ടു ചൊല്ലുന്നു.

കാർമ്മി. ഞങ്ങൾ അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.

തന്റെമേൽ കുരിശടയാളം വരയ്ക്കുന്നു.

ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

ഈ സമയത്ത് ശുശ്രൂഷികൾ ബലിപീഠത്തിന്റെ താഴത്തെ പടിയിൽ നില്ക്കുന്നു. കാർമ്മികൻ ജനങ്ങൾക്കുനേരേ തിരിഞ്ഞ് ആശീർവ്വദിക്കുന്നു.

കാർമ്മി. സമാധാനം ✠ നിങ്ങളോടുകൂടെ.

സമൂ. **അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.**

ശുശ്രൂഷികളിലൊരാൾ ആർച്ചുഡീക്കൻ കാർമ്മികനിൽ നിന്ന് സമാധാനം സ്വീകരിച്ച് മറ്റു ശുശ്രൂഷികൾക്ക് ക്രമപ്രകാരം നല്കുന്നു.

ശുശ്രൂ. **സഹോദരരേ, മിശിഹായുടെ സ്നേഹത്തിൽ നിങ്ങൾ സമാധാനം ആശംസിക്കുവിൻ.**

അനന്തരം ശുശ്രൂഷി ബലിപീഠത്തിൽനിന്ന് ഇറങ്ങി, മദ്ബഹയിൽ ഇടത്തും വലത്തും നില്ക്കുന്നവർക്കും അതിനുശേഷം ഗായകവേദിയിലുള്ളവർക്കും സമാധാനം നല്കുന്നു. സഹായികളിലൊരാൾ സമൂഹവേദിയിൽ നില്ക്കുന്ന വിശ്വാസികൾക്കു സമാധാനം നല്കുന്നു. എല്ലാവരും പരസ്പരം സമാധാനം ആശംസിക്കുന്നു. ഈ സമയത്ത് ശുശ്രൂഷി (സഹകാർമ്മികരുണ്ടെങ്കിൽ അവരിലൊരാൾ) ജനങ്ങൾക്കുനേരേ തിരിഞ്ഞുനിന്ന് അനുസ്മരണപ്രാർത്ഥന (ഡിപ്റ്റിക്സ്) ചൊല്ലുന്നു.

ശുശ്രൂ. **മരണംമൂലം ഈ ലോകത്തിൽ നിന്നു വേർപെട്ടുപോയ**
**പാത്രിയാർക്കീസുമാർ, മെത്രാന്മാർ**

**പുരോഹിതന്മാർ, ശുശ്രൂഷികൾ,**
**എന്നിവർക്കും സഭാസമൂഹത്തിലെ**
**മറ്റു ജീവിതാന്തസ്സുകളിൽപ്പെട്ട പരേതർക്കും**
(പ്രത്യേകിച്ച് ...ഉം) **വേണ്ടി**
**ഈ കുർബാന സ്വീകരിക്കേണമേ.**
**ലോകത്തിൽ സമാധാനം ഉണ്ടാകാനും**
**വത്സരത്തിലെ വിവിധ കാലങ്ങൾ**
**അങ്ങയുടെ കൃപയാൽ അനുഗൃഹീതവും**
**ഐശ്വര്യപൂർണ്ണവുമാകാനുംവേണ്ടി**
**ഈ ബലി അങ്ങു കൈക്കൊള്ളണമേ.**
**അങ്ങയുടെ സന്നിധിയിൽ അർപ്പിക്കപ്പെടുന്ന**
**ഈ കുർബാനയുടെ സ്വീകരണത്തിന്**
**യോഗ്യരായ എല്ലാ സഭാതനയർക്കുംവേണ്ടിയും**
**ഇപ്പോൾ തിരുമുമ്പിൽ നില്ക്കുന്ന**
**അങ്ങയുടെ ദാസന്മാർക്കും ദാസികൾക്കും**
**ഞങ്ങൾക്കുംവേണ്ടിയും മറ്റെല്ലാവർക്കും വേണ്ടിയും**
(പ്രത്യേകിച്ച് ...വേണ്ടിയും)
**ഈ കുർബാന അങ്ങു സ്വീകരിക്കേണമേ.**
**എന്നേക്കും. ആമ്മേൻ.**

ശുശ്രൂഷി ജനങ്ങൾക്കുനേരേ തിരിഞ്ഞുനിന്നു ചൊല്ലുന്നു.

ശുശ്രൂ. **നമുക്കെല്ലാവർക്കും അനുതാപത്തോടും വിശുദ്ധിയോടുംകൂടെ**
**കർത്താവിനു നന്ദിപറയുകയും**
**അവിടുത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യാം.**
**നിങ്ങൾ ആദരപൂർവ്വംനിന്ന്**
**ഇവിടെ അനുഷ്ഠിക്കപ്പെടുന്നവയെ സൂക്ഷിച്ചു വീക്ഷിക്കുവിൻ.**
**ഭയഭക്തിജനകമായ രഹസ്യങ്ങൾ കൂദാശ ചെയ്യപ്പെടുന്നു.**
**പുരോഹിതൻ** (മെത്രാപ്പോലീത്തായോ, മെത്രാനോ ആണ് ബലിയർപ്പിക്കുന്നതെങ്കിൽ **പുരോഹിതശ്രേഷ്ഠൻ** എന്നു പറയുന്നു.)

www.malankaralibrary.com

**തന്റെ മാധ്യ സ്ഥ്യം വഴി**
**സമാധാനം സമൃദ്ധമാകുന്നതിനുവേണ്ടി**
**പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു.**
**കണ്ണുകൾ താഴ്ത്തി, വിചാരങ്ങൾ**
**സ്വർഗ്ഗത്തിലേക്കുയർത്തി,**
**നിശ്ശബ്ദരായി**
**ഏകാഗ്രതയോടും ഭക്തിയോടുംകൂടെ**
**നിങ്ങൾ ഹൃദയത്തിൽ പ്രാർത്ഥിക്കുവിൻ,**
**സമാധാനം നമ്മോടുകൂടെ.**

ശുശ്രൂഷി 'നമുക്കെല്ലാവർക്കും' എന്ന് ആരംഭിക്കുമ്പോൾ കാർമ്മികൻ താഴെവരുന്ന പ്രാർത്ഥനകൾ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി. കർത്താവേ, ശക്തനായ ദൈവമേ,
ബലഹീനനായ എന്നെ ദയാപൂർവ്വം സഹായിക്കണമേ.
അങ്ങയുടെ ത്രിത്വത്തിന്റെ ബഹുമാനത്തിനും
ഈ സമൂഹത്തിന്റെ നന്മയ്ക്കുമായി
സജീവവും വിശുദ്ധവുമായ ഈ ബലി
തിരുസ്സന്നിധിയിൽ അർപ്പിക്കുവാൻ
അങ്ങയുടെ അനുഗ്രഹത്താൽ
എന്നെ യോഗ്യനാക്കുകയും ചെയ്യണമേ.
സകലത്തിന്റെയും നാഥാ, എന്നേക്കും.

കാർമ്മികൻ രഹസ്യങ്ങളെ മൂടിയിരിക്കുന്ന ശോശപ്പ എടുത്ത് അവയ്ക്കു ചുറ്റും വച്ചുകൊണ്ടു ചൊല്ലുന്നു.

കാർമ്മി. കർത്താവേ, നിന്റെ ശരീരത്തിനും രക്തത്തിനും കൃപാപൂർവ്വം നീ എന്നെ യോഗ്യനാക്കി. അപ്രകാരംതന്നെ, വിധിദിവസത്തിൽ, നിന്റെ സംപ്രീതിക്കും എന്നെ യോഗ്യനാക്കണമേ.

ശുശ്രൂഷി കുന്തുരുക്കവും ധൂപകലശവും കാർമ്മികന്റെ അടുക്കൽ കൊണ്ടുവരുന്നു. അദ്ദേഹം താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലി ധൂപം ആശീർവ്വദിക്കുന്നു.

www.malankaralibrary.com

കാർമ്മി. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
അങ്ങയുടെ ബഹുമാനത്തിനായി
ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ
മഹനീയ ത്രിത്വത്തിന്റെ നാമത്തിൽ ✠
ആശീർവ്വദിക്കപ്പെടട്ടെ.
ഇത് അങ്ങയുടെ പ്രസാദത്തിനും
അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ
മോചനത്തിനും കാരണമാകട്ടെ.

അനന്തരം അവിടെ നിന്നുകൊണ്ടുതന്നെ ബലിപീഠം ധൂപിക്കുന്നു. ധൂപകലശം ശുശ്രൂഷിയെ ഏല്പിച്ചതിനുശേഷം ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി. മിശിഹാ കർത്താവിൻ കൃപയും
ദൈവപിതാവിൻ സ്നേഹമതും
റൂഹാതൻ സഹവാസവുമീ ✠
നമ്മോടൊത്തുണ്ടാകട്ടെ.

സമൂ. **ആമ്മേൻ.**

കാർമ്മി. ഉയരങ്ങളിലേക്കുയരട്ടെ
ഹൃദയവികാര വിചാരങ്ങൾ
ഉയരങ്ങളിലേക്കുയരട്ടെ
ഹൃദയവികാരവിചാരങ്ങൾ.

സമൂ. **പൂർവ്വപിതാവാമബ്രാഹം,
ഇസഹാക്ക്, യാക്കോബെന്നിവർ തൻ
ദൈവമേ, നിത്യം ആരാധ്യൻ
രാജാവേ, നിൻ സന്നിധിയിൽ.**

കാർമ്മി. അഖിലചരാചരകർത്താവാം
ദൈവത്തിനു ബലിയർപ്പിപ്പൂ.

സമൂ. **ന്യായവുമാണതു യുക്തവുമാം
ന്യായവുമാണതു യുക്തവുമാം.**

*(അല്ലെങ്കിൽ)*

കാർമ്മി. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാ

www.malankaralibrary.com

വായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

കാർമ്മികൻ കൈകൾ ഉയർത്തിക്കൊണ്ട് ചൊല്ലുന്നു.

കാർമ്മി. നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്ക് ഉയരട്ടെ.

സമൂ. **അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ,
ആരാധ്യനായ രാജാവേ,
അങ്ങയുടെ സന്നിധിയിലേക്ക്.**

കാർമ്മി. സകലത്തിന്റെയും നാഥനായ ദൈവത്തിനു കുർബാന അർപ്പിക്കപ്പെടുന്നു.

സമൂ. **അതു ന്യായവും യുക്തവുമാകുന്നു.**

ശുശ്രൂ. **സമാധാനം നമ്മോടുകൂടെ.**

കാർമ്മികൻ താഴ്ന്ന സ്വരത്തിൽ യാചന പ്രാർത്ഥന ചൊല്ലുന്നു.

കാർമ്മി. കർത്താവേ, ഞങ്ങളുടെ മനസ്സിനെ എല്ലാ അശുദ്ധതയിലും ദുഷ്ടതയിലും അസൂയയിലും വഞ്ചനയിലും വിദ്വേഷത്തിലുംനിന്നു വിമുക്തമാക്കണമേ. അങ്ങയുടെ കരുണയാൽ, തമ്മിൽത്തമ്മിലും മറ്റെല്ലാവരോടും സ്നേഹവും ഐക്യവും ഞങ്ങളിൽ ഉളവാക്കണമേ. വിശുദ്ധവും സജീവവുമായ ഈ തിരുക്കർമ്മം പ്രത്യാശാപൂർവ്വം അനുഷ്ഠിക്കുവാൻ ഞങ്ങൾക്ക് ആത്മധൈര്യം നല്കുകയും ചെയ്യണമേ.

കാർമ്മികൻ കുനിഞ്ഞുനിന്ന് കരങ്ങൾകൂപ്പി രണ്ടാം പ്രണാമജപം ചൊല്ലുന്നു.

കാർമ്മി. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, അങ്ങയുടെ മഹത്ത്വമേറിയ ത്രിത്വത്തിന്റെ ആരാധ്യമായ നാമം എല്ലാ അധരങ്ങളിലുംനിന്നു സ്തുതിയും എല്ലാ നാവുകളിലുംനിന്നു കൃതജ്ഞതയും എല്ലാ സൃഷ്ടികളിലുംനിന്നു പുകഴ്ചയും അർഹിക്കുന്നു. എന്തുകൊണ്ടെന്നാൽ, അങ്ങു ലോകത്തെയും അതിലുള്ള സകലത്തെയും കനിവോടെ

സൃഷ്ടിക്കുകയും മനുഷ്യവംശത്തോടു അളവറ്റ കൃപ കാണിക്കുകയും ചെയ്തു. സ്വർഗ്ഗവാസികളുടെ ആയിരങ്ങളും മാലാഖമാരുടെ പതിനായിരങ്ങളും മഹോന്നതനായ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. അഗ്നിമയന്മാരും അരൂപികളുമായ സ്വർഗ്ഗീയ സൈന്യങ്ങൾ അങ്ങയുടെ നാമം പ്രകീർത്തിക്കുന്നു. പരിശുദ്ധരും അരൂപികളുമായ ക്രോവേന്മാരോടും സ്രാപ്പേന്മാരോടും ചേർന്ന് നാഥനായ അങ്ങേക്ക് അവർ ആരാധന സമർപ്പിക്കുന്നു.

കാർമ്മികൻ ബലിപീഠം ചുംബിക്കുന്നു. അനന്തരം കൈകൾ ഉയർത്തിച്ചൊല്ലുന്നു.

കാർമ്മി. ഒന്നായ് ഉച്ചസ്വരത്തിലവർ
തിരുസ്സന്നിധിയിൽ അനവരതം
സ്തുതിഗീതങ്ങൾ പാടുന്നു.

സമൂ. **ദൈവം നിത്യമഹത്ത്വത്തിൻ**
**കർത്താവെന്നും പരിശുദ്ധൻ**
**ബലവാനീശൻ പരിശുദ്ധൻ**
**മണ്ണും വിണ്ണും നിറയുന്നു**
**മന്നവനവനുടെ മഹിമകളാൽ.**
**ഉന്നതവീഥിയിലോശാന**
**ദാവീദിൻ സുതനോശാന**
**കർത്താവിൻ തിരുനാമത്തിൽ**
**വന്നവനും യുഗരാജാവായ്**
**വീണ്ടും വരുവോനും ധന്യൻ**
**ഉന്നതവീഥിയിലോശാന.**

*(അല്ലെങ്കിൽ)*

കാർമ്മി. ഉയർന്നസ്വരത്തിൽ ഇടവിടാതെ സ്തുതിച്ചുകൊണ്ട്, അവർ ഒന്നുചേർന്ന് ഉദ്ഘോഷിക്കുകയും ചെയ്യുന്നു.

സമൂ. **ബലവാനും കർത്താവുമായ ദൈവം**
**പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.**
**അവിടുത്തെ മഹത്ത്വത്താൽ**
**സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.**
**ഉന്നതങ്ങളിൽ ഓശാന;**
**ദാവീദിന്റെ പുത്രന് ഓശാന.**

www.malankaralibrary.com

**കർത്താവിന്റെ നാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനുമായവൻ അനുഗൃഹീതനാകുന്നു. ഉന്നതങ്ങളിൽ ഓശാന.**

കാർമ്മികൻ ഈ സമയം ബലിപീഠം ചുംബിച്ചതിനുശേഷം താഴ്ന്ന സ്വരത്തിൽ യാചന പ്രാർത്ഥന ചൊല്ലുന്നു.

കാർമ്മി. ദൈവമേ, അങ്ങു പരിശുദ്ധനാകുന്നു. അങ്ങു മാത്ര മാകുന്നു യഥാർത്ഥ പിതാവ്. സ്വർഗത്തിലും ഭൂമിയിലുമുള്ള സകല പിതൃത്വവും അങ്ങിൽനിന്നാകുന്നു. നിത്യനായ പുത്രാ, അങ്ങു പരിശുദ്ധനാകുന്നു. സമസ്തവും അങ്ങുവഴി സൃഷ്ടി ക്കപ്പെട്ടു. റൂഹാദ്ക്കുദ്ശായേ, അങ്ങു പരിശുദ്ധനാകുന്നു. എല്ലാം അങ്ങുവഴി പവിത്രീകരിക്കപ്പെടുന്നു.

കാർമ്മികൻ തുടരുന്നു

ഹാ, എനിക്കു ദുരിതം! ഞാൻ അസ്വസ്ഥനായിരിക്കുന്നു. കാരണം, എന്റെ അധരങ്ങൾ അശുദ്ധമാകുന്നു. അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ ഞാൻ വസിക്കുകയും ചെയ്യുന്നു. ബലവാനും കർത്താവുമായ രാജാവിനെ എന്റെ നയനങ്ങൾ ദർശിച്ചു. കർത്താവിനെ ഇന്നു ഞാൻ അഭിമുഖം കണ്ട ഈ സ്ഥലം എത്ര ഭീതിജനകം! ഇതു ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല. കർത്താവേ, അങ്ങയുടെ കൃപ ഞങ്ങളുടെമേൽ ഉണ്ടാകട്ടെ. അശുദ്ധരായ ഞങ്ങളെ ശുദ്ധീകരിക്കുകയും ഞങ്ങ ളുടെ അധരങ്ങളെ പവിത്രീകരിക്കുകയും ചെയ്യണമേ. എന്റെ കർത്താവേ, നിസ്സാരരായ ഞങ്ങളുടെ കീർത്തനങ്ങൾ സ്രാപ്പേ ന്മാരുടെയും മുഖ്യദൂതന്മാരുടെയും സ്തോത്രങ്ങളോടു ചേർക്ക ണമേ. ഭൂവാസികളെ സ്വർഗ്ഗവാസികളോടൊന്നിപ്പിച്ച അങ്ങയുടെ കാരുണ്യത്തിനു സ്തുതി.

കാർമ്മി. കർത്താവേ, ആശീർവദിക്കണമേ.

ജനങ്ങൾക്കുനേരേ തിരിഞ്ഞു കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട്

എന്റെ സഹോദരരേ,
ഈ കുർബാന എന്റെ കരങ്ങൾ വഴി പൂർത്തിയാകുവാൻ
നിങ്ങൾ എനിക്കു വേണ്ടി പ്രാർത്ഥിക്കുവിൻ.

www.malankaralibrary.com

ബലിപീഠത്തിനുനേരെ തിരിയുന്നു.

സമൂ. **മിശിഹാ അങ്ങയുടെ പ്രാർത്ഥന കേൾക്കുകയും കുർബാന സ്വീകരിക്കുകയും ചെയ്യട്ടെ. അങ്ങയുടെ പൗരോഹിത്യത്തെ അവിടുന്നു സ്വർഗ്ഗരാജത്തിൽമഹത്ത്വപ്പെടുത്തട്ടെ. അങ്ങേക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും അവിടുത്തെ കൃപയും അനുഗ്രഹവും പ്രത്യാശാപൂർവ്വം കാത്തിരിക്കുന്ന ലോകം മുഴുവനും വേണ്ടിയും അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ അവിടുന്നു സംപ്രീതനാവുകയും ചെയ്യട്ടെ. ആമ്മേൻ.**

കാർമ്മികൻ കുനിഞ്ഞുനിന്ന് കരങ്ങൾകൂപ്പി, മൂന്നാം പ്രണാമജപം ചൊല്ലുന്നു.

കാർമ്മി. കർത്താവായ ദൈവമേ, സ്വർഗ്ഗീയഗണങ്ങളോടുകൂടെ അങ്ങേക്കു ഞങ്ങൾ കൃതജ്ഞത സമർപ്പിക്കുന്നു. അങ്ങയിൽ മറഞ്ഞിരിക്കുന്ന ആത്മജാതനും അങ്ങയോടു സദൃശ്യനും അങ്ങയിൽനിന്നുള്ള പ്രകാശവും അങ്ങയുടെ സത്തയുടെ പ്രതിച്ഛായയുമായ വചനമാകുന്ന ദൈവത്തെ ഞങ്ങൾ വാഴ്ത്തുന്നു. അങ്ങയോടുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിക്കാതെ അവിടുന്നു തന്നെത്തന്നെ ശൂന്യനാക്കി, ദാസന്റെ രൂപം സ്വീകരിച്ച് വിവേകവും ബുദ്ധിയുമുള്ള അമർത്യമായ ആത്മാവോടും, മർത്യമായ ശരീരത്തോടുംകൂടെ പരിപൂർണ്ണമനുഷ്യനായി സ്ത്രീയിൽ നിന്നു ജാതനായി. നിയമത്തിനു അധീനരായവരെ ഉദ്ധരിക്കുവാൻ നിയമത്തിനു വിധേയനാവുകയും ഞങ്ങളുടെ രക്ഷയുടെ സ്മാരകം ഏർപ്പെടുത്തുകയും ചെയ്തു. രക്ഷാകരമായ ഈ രഹസ്യം തിരുസന്നിധിയിൽ ഞങ്ങൾ അർപ്പിക്കുന്നു.

കാർമ്മി. കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രൻ ഞങ്ങളെ പഠിപ്പിച്ചതുപോലെ അവിടുത്തെ പീഡാനുഭവത്തിന്റെ സ്മരണ ഞങ്ങൾ ആചരിക്കുന്നു. താൻ ഏല്പിച്ചുകൊടുക്കപ്പെട്ട രാത്രിയിൽ ഈശോ നിർമ്മലമായ തൃക്കരങ്ങളിൽ അപ്പമെടുത്ത്

പീലാസ കൈകളിലെടുത്ത് അല്പം ഉയർത്തിപ്പിടിക്കുന്നു.

www.malankaralibrary.com

സ്വർഗ്ഗത്തിലേക്ക്, ആരാധ്യനായ പിതാവേ, അങ്ങയുടെ പക്ക ലേക്ക്കണ്ണുകൾ ഉയർത്തി.

കണ്ണുകൾ ഉയർത്തുന്നു.

വാഴ്ത്തി, ✠ ✠ ✠ വിഭജിച്ച്, ശിഷ്യന്മാർക്കു നല്കിക്കൊണ്ട് അരുൾചെയ്തു; ഇതു പാപമോചനത്തിനായി നിങ്ങൾക്കു വേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. നിങ്ങളെല്ലാ വരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ.

സമൂ. **ആമ്മേൻ.**

കാർമ്മി. അപ്രകാരംതന്നെ കാസയുമെടുത്ത്

കാസ എടുക്കുന്നു.

കൃതജ്ഞതാസ്തോത്രം ചെയ്ത്, വാഴ്ത്തി, ✠ ✠ ✠ അവർക്കു നല്കിക്കൊണ്ട് അരുൾചെയ്തു: ഇതു പാപ മോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന, പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു. നിങ്ങളെല്ലാവരും ഇതിൽ നിന്നു വാങ്ങി പാനം ചെയ്യുവിൻ.

സമൂ. **ആമ്മേൻ.**

കാർമ്മി. ഞാൻ ഈ ചെയ്തത് നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ.

എല്ലാവരും കുനിഞ്ഞ് ആചാരം ചെയ്യുന്നു. കാർമ്മികൻ പ്രണാമജപം തുടരുന്നു

കാർമ്മി. കർത്താവേ, നീ ഞങ്ങളോടു കല്പിച്ചതുപോലെ, എളി യവരും ബലഹീനരും ആകുലരുമായ ഈ ദാസർ നിന്റെ തിരു സ്സന്നിധിയിൽ ഒരുമിച്ചുകൂടിയിരിക്കുന്നു. നന്ദി പ്രകാശിപ്പിക്കു വാൻ കഴിയാത്തവിധം അത്ര വലിയ അനുഗ്രഹമാണു നീ ഞങ്ങൾക്കു നല്കിയിരിക്കുന്നത്. നിന്റെ ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കുവാൻ നീ ഞങ്ങളുടെ മനുഷ്യസ്വഭാവം സ്വീകരിക്കുകയും അധഃപതിച്ചുപോയ ഞങ്ങളെ സമുദ്ധരിക്കു കയും മൃതരായ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്തു. പാപി കളായ ഞങ്ങളെ കടങ്ങൾ ക്ഷമിച്ചു വിശുദ്ധീകരിച്ചു; ഞങ്ങ ളുടെ ബുദ്ധിക്കു പ്രകാശം നല്കി. ഞങ്ങളുടെ ശത്രുക്കളെ പരാ

ജിതരാക്കി. ഞങ്ങളുടെ ബലഹീനമായ പ്രകൃതിയെ നിന്റെ സമൃദ്ധമായ അനുഗ്രഹത്താൽ മഹത്ത്വമണിയിക്കുകയും ചെയ്തു.

കാർമ്മി. നീ ഞങ്ങൾക്കു നല്കിയ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി ഞങ്ങൾ നിനക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

(ദിവ്യരഹസ്യങ്ങളുടെമേൽ റൂശ്മ ചെയ്യുന്നു.)

സമൂ. **ആമ്മേൻ.**

ശുശ്രൂ. **ഹൃദയംകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ.**

(തുടർന്ന്)

അത്യുന്നതങ്ങളിലേക്കു കണ്ണുകൾ ഉയർത്തുവിൻ. ഹൃദയ ജ്ഞാനത്തോടെ വീക്ഷിക്കുവിൻ. നിങ്ങൾ പ്രാർത്ഥിക്കുകയും ഇപ്പോൾ അനുഷ്ഠിക്കപ്പെടുന്നവയെക്കുറിച്ചു ധ്യാനിക്കുകയും ചെയ്യുവിൻ മിശിഹായുടെ മഹനീയമായ സിംഹാസനത്തിനു മുമ്പിൽ സ്രാപ്പേന്മാർ ഭയത്തോടെ നില്ക്കുന്നു. അവരെല്ലാവരും, പ്രാർത്ഥിക്കുന്ന ജനത്തോടും, ലോകം മുഴുവനുംവേണ്ടി അനുഗ്രഹം യാചിക്കുന്ന പുരോഹിതനോടും ചേർന്ന്, സജ്ജമാക്കപ്പെട്ടിരിക്കുന്ന ശരീരത്തെയും കലർത്തപ്പെട്ടിരിക്കുന്ന കാസയെയും ഉയർന്നസ്വരത്തിൽ നിരന്തരം പാടി സ്തുതിക്കുന്നു.

കാർമ്മികൻ കൈകൾ വിരിച്ചുപിടിച്ച് ചൊല്ലുന്നു.

കാർമ്മി. കർത്താവേ, ശക്തനായ ദൈവമേ, പ്രധാനാചാര്യനും സാർവ്വത്രികസഭയുടെ തലവനും ഭരണാധികാരിയുമായ റോമായിലെ മാർ (പേര്) പാപ്പായ്ക്കുവേണ്ടിയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ (പേര്) മെത്രാനു(മെത്രാപ്പോലീത്തായ്ക്കു) വേണ്ടിയും വിശുദ്ധ കത്തോലിക്കാസഭ മുഴുവനും വേണ്ടിയും, പുരോഹിതന്മാർ, - സമർപ്പിതർ, അല്മായപ്രേഷിതർ - ഭരണകർത്താക്കൾ, മേലധികാരികൾ എന്നിവർക്കുവേണ്ടിയും എല്ലാ പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും രക്തസാക്ഷിക

www.malankaralibrary.com

ളുടെയും വന്ദകരുടെയും ബഹുമാനത്തിനുവേണ്ടിയും അങ്ങയുടെ സന്നിധിയിൽ പ്രീതിജനകമായ വിധം വർത്തിച്ച നീതിമാന്മാരും വിശുദ്ധരുമായ എല്ലാ പിതാക്കന്മാർക്കുംവേണ്ടിയും ക്ലേശിതരും ദുഃഖിതരും, ദരിദ്രരും പീഡിതരും, രോഗികളും ആകുലരുമായ എല്ലാവർക്കുംവേണ്ടിയും ഞങ്ങളുടെ ഇടയിൽനിന്ന് അങ്ങയുടെ നാമത്തിൽ വേർപിരിഞ്ഞുപോയ എല്ലാ മരിച്ചവർക്കുവേണ്ടിയും അങ്ങയുടെ കാരുണ്യത്തെ, പ്രത്യാശാപൂർവ്വം കാത്തിരിക്കുന്ന ഈ ജനത്തിനുവേണ്ടിയും അയോഗ്യനായ എനിക്കുവേണ്ടിയും ഈ കുർബാന അങ്ങു സ്വീകരിക്കേണമേ.

ആഘോഷപൂർവ്വകമായ കുർബാനയിലും സാധാരണ കുർബാന യിലും താഴെക്കാണുന്ന വിധത്തിലും ചൊല്ലാവുന്നതാണ്.

കാർമ്മി. കർത്താവേ, ശക്തനായ ദൈവമേ, പ്രധാനാചാര്യനും സാർവ്വത്രികസഭയുടെ തലവനും ഭരണാധികാരിയുമായ റോമായിലെ മാർ (പേര്) പാപ്പായ്ക്കുവേണ്ടിയും ഞങ്ങളുടെ സഭ യുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും ഞങ്ങളുടെ അതിരൂപതാദ്ധ്യ ക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ (പേര്) മെത്രാനു (മെത്രാപ്പോലീത്തായ്ക്കു) വേണ്ടിയും വിശുദ്ധ കത്തോലിക്കസഭ മുഴുവനുംവേണ്ടിയും പുരോഹിതന്മാർ, - സമർപ്പിതർ, അല്മായ പ്രേഷിതർ - ഭരണകർത്താക്കൾ, മേലധികാരികൾ എന്നിവർക്കു വേണ്ടിയും ഈ കുർബാന സ്വീകരിക്കേണമേ.

സമൂ. **കർത്താവേ, ഈ കുർബാന സ്വീകരിക്കണമേ.**

കാർമ്മി. എല്ലാ പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും രക്ത സാക്ഷികളുടെയും വന്ദകരുടെയും ബഹുമാനത്തിനുവേണ്ടിയും അങ്ങയുടെ സന്നിധിയിൽ പ്രീതിജനകമായവിധം വർത്തിച്ച നീതിമാന്മാരും വിശുദ്ധരുമായ എല്ലാ പിതാക്കന്മാർക്കും വേണ്ടിയും ഈ കുർബാന സ്വീകരിക്കണമേ.

സമൂ. **കർത്താവേ, ഈ കുർബാന സ്വീകരിക്കണമേ.**

കാർമ്മി. ക്ലേശിതരും ദുഃഖിതരും, ദരിദ്രരും പീഡിതരും രോഗി കളും ആകുലരുമായ എല്ലാവർക്കുംവേണ്ടിയും ഞങ്ങളുടെ ഇട യിൽനിന്ന് അങ്ങയുടെ നാമത്തിൽ വേർപിരിഞ്ഞുപോയ എല്ലാ മരിച്ചവർക്കും വേണ്ടിയും അങ്ങയുടെ കാരുണ്യത്തെ പ്രത്യാ

www.malankaralibrary.com

ശാപൂർവ്വം കാത്തിരിക്കുന്ന ഈ ജനത്തിനുവേണ്ടിയും അയോഗ്യനായ എനിക്കുവേണ്ടിയും ഈ കുർബാന സ്വീകരിക്കണമേ.

സമൂ. **കർത്താവേ, ഈ കുർബാന സ്വീകരിക്കണമേ.**

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ കാരുണ്യത്തിനും കൃപാധികൃത്തിനും യോജിച്ചവിധം അങ്ങയുടെ ജനത്തോടും എളിയവനായ എന്നോടും വർത്തിക്കണമേ. എന്റെ പാപങ്ങൾക്കും തെറ്റുകൾക്കും തക്കവിധം അങ്ങു പ്രവർത്തിക്കരുതേ; അങ്ങയുടെ കൃപയാൽ യഥാർത്ഥ വിശ്വാസത്തോടെ ഞങ്ങൾ സ്വീകരിക്കുന്ന ഈ തിരുശ്ശരീരം വഴി ഞാനും ഇവരും കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും യോഗ്യരാകട്ടെ. ആമ്മേൻ.

കാർമ്മി. കർത്താവേ, ആശീർവദിക്കണമേ.

ജനങ്ങൾക്കുനേരേ തിരിഞ്ഞ് കരങ്ങൾ നീട്ടിവിടർത്തിക്കൊണ്ട്

എന്റെ സഹോദരരേ,
നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

ബലിപീഠത്തിനുനേരേ തിരിയുന്നു.

സമൂ. **മിശിഹാ അങ്ങയുടെ പ്രാർത്ഥന കേൾക്കുകയും കുർബാന സ്വീകരിക്കുകയും ചെയ്യട്ടെ.**

അങ്ങയുടെ പൗരോഹിത്യത്തെ അവിടുന്ന്
സ്വർഗ്ഗരാജ്യത്തിൽ മഹത്ത്വപ്പെടുത്തട്ടെ.
അങ്ങേക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും
അവിടുത്തെ കൃപയും അനുഗ്രഹവും
പ്രത്യാശാപൂർവ്വം കാത്തിരിക്കുന്ന
ലോകം മുഴുവനും വേണ്ടിയും
അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ
അവിടുന്നു സംപ്രീതനാകുകയും ചെയ്യട്ടെ. ആമ്മേൻ.

കാർമ്മികൻ കുനിഞ്ഞുനിന്ന് കരങ്ങൾകൂപ്പി, നാലാം പ്രണാമജപം ചൊല്ലുന്നു

കാർമ്മി. കർത്താവായ ദൈവമേ, അങ്ങു ഞങ്ങളെ പഠിപ്പിച്ചതുപോലെ നിർമ്മലവും വിശുദ്ധവുമായ ഈ ബലിപീഠത്തിന്മേൽ അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങൾ ഞങ്ങൾ

www.malankaralibrary.com

അർപ്പിക്കുന്നു. ഈ ഓർമ്മയാചരണത്തിൽ ദൈവമാതാവായ കന്യകാമറിയത്തിന്റെയും അങ്ങയുടെ തിരുസ്സന്നിധിയിൽ സംപ്രീതി കണ്ടെത്തിയ നീതിമാന്മാരും വിശുദ്ധരുമായ പിതാക്കന്മാരുടെയും പാവനസ്മരണ അങ്ങയുടെ അവർണ്ണനീയവും സമൃദ്ധവുമായ കൃപയാൽ സംജാതമാക്കണമേ. ജീവിതകാലം മുഴുവൻ അങ്ങയുടെ ശാന്തിയും സമാധാനവും ഞങ്ങൾക്കു നല്കണമേ. അങ്ങു മാത്രമാണ് യഥാർത്ഥ പിതാവായ ദൈവമെന്നും അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായെ അങ്ങ് അയച്ചുവെന്നും ഭൂവാസികൾ എല്ലാവരും അറിയട്ടെ. ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹാവഴി ജീവദായകമായ സുവിശേഷംവഴി പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ, വന്ദകന്മാർ, വേദപാരംഗതന്മാർ, മെത്രാന്മാർ, പുരോഹിതന്മാർ, ശുശ്രൂഷികൾ എന്നിവർക്കും വിശുദ്ധ മാമ്മോദീസയുടെ സജീവവും ജീവദായകവുമായ അടയാളത്താൽ മുദ്രിതരും ✠ (ബലിപീഠത്തിന്മേൽ കുരിശടയാളം വരയ്ക്കുന്നു) പരിശുദ്ധ കത്തോലിക്കാസഭയുടെ സന്താനങ്ങളുമായ എല്ലാവർക്കും ആവശ്യകമായ നൈർമ്മല്യത്തിന്റെയും വിശുദ്ധിയുടെയും മാർഗ്ഗം പഠിപ്പിച്ചുവെന്നും എല്ലാ മനുഷ്യരും അറിയട്ടെ. കർത്താവേ, എളിയവരും ബലഹീനരും ക്ലേശിതരുമായ ഈ ദാസരും അങ്ങു നല്കിയ മാതൃക പരമ്പരാഗതമായി സ്വീകരിച്ച് അങ്ങയുടെ നാമത്തിൽ ഒരുമിച്ചുകൂടി ഇപ്പോൾ തിരുസ്സന്നിധിയിൽ നില്ക്കുന്നു. ഞങ്ങളുടെ നാഥനും രക്ഷകനുമായ ഈശോമിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും മഹനീയവും ഭയഭക്തിജനകവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യത്തെ സന്തോഷത്തോടെ ഞങ്ങൾ സ്മരിക്കുകയും സ്തുതിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നു.

കാർമ്മികൻ ദിവ്യരഹസ്യങ്ങൾക്കു മുകളിൽ കൈകളുയർത്തി, ഇടത്തുകൈ അടിയിലും വലത്തുകൈ മുകളിലുമായി കുരിശാകൃതിയിൽ കമഴ്ത്തിപ്പിടിക്കുന്നു. ആഘോഷപൂർവ്വകമായ കുർബാനയിലും സാധാരണ കുർബാനയിലും ശുശ്രൂഷിയുടെ ആഹ്വാനം റൂഹാക്ഷണപ്രാർത്ഥനയുടെ ആരംഭത്തിൽ നടത്തുന്നു.

കാർമ്മി. കർത്താവേ, നിന്റെ പരിശുദ്ധാത്മാവ് എഴുന്നള്ളി വരട്ടെ.

www.malankaralibrary.com

ശുശ്രൂ. **നിങ്ങൾ നിശ്ശബ്ദരായി ആദരപൂർവ്വം പ്രാർത്ഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ.**

കാർമ്മി. നിന്റെ ദാസരുടെ ഈ കുർബാനയിൽ അവിടുന്ന് ആവസിച്ച് ഇതിനെ ആശീർവ്വദിക്കുകയും പവിത്രീകരിക്കുകയും ചെയ്യട്ടെ. ഇതു ഞങ്ങൾക്കു കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും മരിച്ചവരുടെ ഉയിർപ്പിലുള്ള വലിയ പ്രത്യാശയ്ക്കും നിന്നെ പ്രീതിപ്പെടുത്തിയ എല്ലാവരോടും ഒന്നിച്ച് സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവിതത്തിനും കാരണമാകട്ടെ.

(തുടരുന്നു)

കർത്താവായ ദൈവമേ, ഞങ്ങൾക്കുവേണ്ടിയുള്ള അങ്ങയുടെ മഹനീയവും വിസ്മയാവഹവുമായ ഈ രക്ഷാപദ്ധതിയെക്കുറിച്ച് അങ്ങയെ ഞങ്ങൾ നിരന്തരം പ്രകീർത്തിക്കുന്നു. അങ്ങയുടെ അഭിഷിക്തന്റെ അമൂല്യരക്തത്താൽ രക്ഷിക്കപ്പെട്ട സഭയിൽ സന്തോഷത്തോടും പ്രത്യാശയോടുംകൂടെ ഞങ്ങൾ അങ്ങേക്കു കൃതജ്ഞത അർപ്പിക്കുകയും ചെയ്യുന്നു.

ബലിപീഠം ചുംബിക്കുന്നു.

കാർമ്മി. അതിപൂജിതമാം നിൻ തിരുനാമത്തിനിതാ
സ്തുതിയും ബഹുമതിയും സ്തോത്രം കീർത്തനവും
നാഥാ ഞങ്ങളണയ്ക്കുന്നു ✠
ഇപ്പോഴുമെന്നേക്കും.

സമൂ. **ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. പൂജ്യമായിടും നിന്റെ നാമത്തി–
നാദരാൽ ഞങ്ങളർപ്പിക്കും
സ്തോത്രവും സ്തുതികീർത്തനങ്ങളും ✠
ഇന്നുമെപ്പൊഴുമെന്നേക്കും.

സമൂ. **ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. സജീവവും പരിശുദ്ധവും ജീവദായകവുമായ അങ്ങയുടെ നാമത്തിനു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. ഇപ്പോഴും ✠(ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു) എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

അല്പം കുനിഞ്ഞ് താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി. സ്വർഗ്ഗവാസികളുടെ സമാധാനവും ഭൂവാസികളുടെ പ്രത്യാശയുമായ മിശിഹായേ, ലോകത്തിന്റെ നാനാഭാഗങ്ങളിലും വിശിഷ്യാ, പരിശുദ്ധ കത്തോലിക്കാസഭയിലും നിന്റെ ശാന്തിയും സമാധാനവും പുലർത്തണമേ. സഭയെയും രാഷ്ട്രത്തെയും ഐക്യത്തിൽ സംരക്ഷിക്കണമേ. യുദ്ധങ്ങൾ ഒഴിവാക്കണമേ. യുദ്ധപ്രിയരായി ഭിന്നിച്ചു നില്ക്കുന്ന ജനതകളെ ചിതറിക്കണമേ. വിനയത്തിലും ദൈവഭയത്തിലും സമാധാനപൂർവ്വകവും ശാന്തവുമായ ജീവിതം നയിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. ഞങ്ങൾക്കല്ല കർത്താവേ, ഞങ്ങൾക്കല്ല നിന്റെ നാമത്തിനു മഹത്ത്വമുണ്ടാകട്ടെ.

നിവർന്നു നിന്നുകൊണ്ട് തുടരുന്നു.

കാർമ്മി. ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്തവിധം/ എന്നോടു ദയ തോന്നണമേ.

സമൂ. **അങ്ങയുടെ കാരുണ്യാതിരേകത്തിനനുസൃതമായി/എന്റെ പാപങ്ങൾ മായിച്ചുകളയണമേ.**

കാർമ്മി. എന്റെ അപരാധങ്ങൾ നിശ്ശേഷം കഴുകിക്കളയണമേ;/ പാപങ്ങളിൽനിന്ന് എന്നെ ശുദ്ധീകരിക്കണമേ.

സമൂ. എന്തുകൊണ്ടെന്നാൽ,/എന്റെ പാപങ്ങൾ ഞാൻ അറിയുന്നു./അവയെല്ലാം എപ്പോഴും എന്റെ/ കൺമുൻപിലുണ്ട്.

കാർമ്മി. അങ്ങേക്കെതിരായി ഞാൻ പാപം ചെയ്തുപോയി. അങ്ങയുടെ സന്നിധിയിൽ ഞാൻ തിന്മകൾ പ്രവർത്തിച്ചു.

സമൂ. അങ്ങയുടെ വചനത്തിൽ അങ്ങു നീതിയുക്തനാകുന്നു./ അങ്ങയുടെ വിധികളിൽ അങ്ങു കുറ്റമറ്റവനാകുന്നു.

കാർമ്മി. പാപത്തോടെയാണ് ഞാൻ പിറന്നത്. ഉത്ഭവം മുതലേ ഞാൻ പാപിയാകുന്നു.

സമൂ. അങ്ങു സത്യത്തിൽ പ്രസാദിച്ചു./അങ്ങയുടെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എനിക്കു വെളിപ്പെടുത്തി.

കാർമ്മി. സോപ്പാകൊണ്ട് എന്നെ തളിക്കുക. അപ്പോൾ ഞാൻ നിർമ്മലനാകും.

*(അല്ലെങ്കിൽ)*

കാർമ്മി. സ്വർഗ്ഗത്തിൽ വസിക്കുന്നവനേ, അങ്ങയുടെ പക്കലേക്കു ഞങ്ങൾ കണ്ണുകളുയർത്തി.

www.malankaralibrary.com

സമൂ. **ദാസന്മാരുടെ കണ്ണുകൾ നാഥന്റെ പക്കലേക്കും/ദാസി യുടെ കണ്ണുകൾ നാഥയുടെ പക്കലേക്കുമെന്നതുപോലെ.**

കാർമ്മി. ദൈവമായ കർത്താവേ, ഞങ്ങളോടു കരുണതോന്ന ണമേ. അതുവരെ ഞങ്ങളുടെ കണ്ണുകൾ അങ്ങയെത്തന്നെ നോക്കിയിരിക്കും.

സമൂ. ഞങ്ങളോടു കരുണ തോന്നണമേ;/ കർത്താവേ, ഞങ്ങ ളുടെമേൽ കരുണ തോന്നണമേ.

ശുശ്രൂഷി ധൂപകലശം കൊണ്ടുവരുന്നു. കാർമ്മികൻ താഴെ വരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട2 ധൂപം ആശീർവദിക്കുന്നു.

കാർമ്മി. പരിമളസസ്യങ്ങളുടെയും സുഗന്ധദ്രവ്യങ്ങളുടെയും നാഥാ, ശ്രേഷ്ഠപുരോഹിതനായ അഹറോൻ വാഗ്ദാനപേടക ത്തിന്റെ താത്കാലിക കൂടാരത്തിൽ അർപ്പിച്ച ധൂപംപോലെ ഞങ്ങളുടെ പ്രാർത്ഥനകളും ധൂപവും അങ്ങയെ പ്രസാദിപ്പിക്ക ട്ടെ. പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവ്വേശ്വ രാ, എന്നേക്കും.

കാർമ്മികൻ കൈകൾ വിടർത്തി ശുശ്രൂഷിയുടെ നേരേ നീട്ടുന്നു. ശുശ്രൂഷി അവയെ ധൂപിക്കുമ്പോൾ കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി. കർത്താവായ ദൈവമേ, പാപമാലിന്യങ്ങൾ കഴുകി അങ്ങയുടെ സ്നേഹത്തിന്റെ ദിവ്യപരിമളത്താൽ എന്നെ പൂരി തനാക്കണമേ. വഴിതെറ്റിപ്പോയ ഞങ്ങളെ അന്വേഷിച്ചു കണ്ടെ ത്തിയ നല്ലയിടയാ, എനിക്കറിയാവുന്നതും അറിഞ്ഞുകൂടാത്ത തുമായ കാർമ്മികൻ കൈകൾ നെഞ്ചിന്മേൽ കുരിശാകൃതിയിൽ ചേർത്തു പിടിക്കുന്നു.

എന്റെ കടങ്ങളും പാപങ്ങളും എന്നോടു ക്ഷമിക്കണമേ.

വലത്തുകരം ശുശ്രൂഷിയുടെ മേൽ ഉയർത്തിക്കൊണ്ട്

കാർമ്മി. കർത്താവായ ദൈവമേ, അങ്ങയുടെ മഹനീയവും വിശുദ്ധവുമായ ബലിപീഠത്തിനുമുമ്പിൽ നില്ക്കുന്ന ഈ ശുശ്രൂ ഷിയെ സുഗന്ധപൂരിതനാക്കണമേ.

വലത്തുകരം ജനങ്ങളുടെമേൽ നീട്ടിക്കൊണ്ട്

www.malankaralibrary.com

കാർമ്മി. കർത്താവായ ദൈവമേ, അങ്ങയുടെ കാരുണ്യം പ്രത്യാശാപൂർവ്വം കാത്തിരിക്കുന്ന ഈ ജനത്തെ സുഗന്ധപൂരിതരാക്കണമേ.

ബലിപീഠത്തിന്മേൽ കൈ നീട്ടിക്കൊണ്ട്

കർത്താവായ ദൈവമേ, മിശിഹായുടെ തിരുക്കല്ലറയുടെ സാദൃശ്യവും അവിടുത്തെ സിംഹാസനവുമായ ഈ ബലിപീഠത്തെയും പാപമോചകമായ തിരുശരീരരക്തങ്ങളെയും സുഗന്ധപൂരിതമാക്കണമേ.

ധൂപാശീർവ്വാദപ്രാർത്ഥനയ്ക്കുശേഷം വരുന്ന നാലു പ്രാർത്ഥനകൾക്കുപകരം ആഘോഷപൂർവ്വകമായ കുർബാനയിലും സാധാരണ കുർബാനയിലും താഴെവരുന്ന പ്രാർത്ഥന ചൊല്ലാവുന്നതാണ്.

കാർമ്മി. കർത്താവായ ദൈവമേ, അങ്ങയുടെ കാരുണ്യം പ്രത്യാശാപൂർവ്വം കാത്തുനില്ക്കുന്ന ഞങ്ങളെ അങ്ങയുടെ വിശുദ്ധിയുടെ പരിമളത്താൽ പൂരിതരാക്കണമേ.

കൈകൾ ഉയർത്തിക്കൊണ്ട്

കാർമ്മി. കർത്താവേ അനുഗ്രഹിക്കണമേ, ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങൾ അയോഗ്യരാകുന്നു. ഞങ്ങൾ തീർത്തും അയോഗ്യരാകുന്നു. എങ്കിലും സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിലേക്കു അങ്ങയുടെ കാരുണ്യം ഞങ്ങളെ അടുപ്പിക്കുന്നു.

കാർമ്മികൻ കൈകൾ കുരിശാകൃതിയിൽ നെഞ്ചോടു ചേർത്തു പിടിച്ചുകൊണ്ട് ബലിപീഠം ചുംബിക്കുന്നു. തുടർന്ന്, ആചാരം ചെയ്തതിനുശേഷം കാസയുടെ മൂടിമാറ്റുന്നു. പീലാസയിൽനിന്നു തിരുവോസ്തി കരങ്ങളിലെടുത്തുയർത്തി അതിന്മേൽ നോക്കിക്കൊണ്ടു ചൊല്ലുന്നു.

കാർമ്മി. ഞങ്ങളുടെ കർത്താവീശോമിശിഹായേ, നിന്റെ തിരുനാമത്തിനു സ്തുതിയും നാഥനായ നിനക്ക് ആരാധനയും എപ്പോഴും ഉണ്ടായിരിക്കട്ടെ. സജീവവും ജീവദായകവുമായ ഈ അപ്പം സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിയതും ലോകത്തിനു മുഴുവനും ജീവൻ നല്കുന്നതുമാകുന്നു. ഇതു ഭക്ഷിക്കുന്നവർ മരിക്കുകയില്ല. പ്രത്യുത, പാപമോചനവും രക്ഷയും പ്രാപിക്കുകയും നിത്യം ജീവിക്കുകയും ചെയ്യും.

www.malankaralibrary.com

സമൂ. *ഞാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങിയ*
*ജീവനുള്ള അപ്പമാകുന്നു.*

**രക്ഷകനീശോതൻ**
**ശിഷ്യരെയറിയിച്ച**
**ദിവ്യരഹസ്യമിതാ:**
**സ്വർഗ്ഗത്തിൽനിന്നാഗതമാം**
**ജീവൻ നല്കിടുമപ്പം ഞാൻ;**
**സ്നേഹമൊടെന്ന കൈക്കൊൾവോ-**
**നെന്നിൽ നിത്യം ജീവിക്കും;**
**നേടുമവൻ**
**സ്വർഗ്ഗം നിശ്ചയമായ്.**

*നിന്റെ തിരുവിഷ്ടം നിറവേറ്റുന്ന ശുശ്രൂഷകന്മാർ.*

**ക്രോവേ സ്രാപ്പേന്മാ-**
**രുന്നത ദൂതന്മാർ**
**ബലിപീഠത്തിങ്കൽ**
**ആദരവോടെ നില്ക്കുന്നു;**
**ഭയഭക്തിയൊടെ നോക്കുന്നു;**
**പാപകടങ്ങൾ പോക്കിടുവാൻ**
**കർത്താവിൻ മെയ് വിഭജിക്കും**
**വൈദികനെ**
**വീക്ഷിച്ചീടുന്നു.**

*നീതിയുടെ വാതിൽ ഞങ്ങൾക്കായി തുറക്കണമേ.*

**തിരുസന്നിധിയിങ്കൽ**
**പാപികളേവരെയും**
**മാടിവിളിച്ചവനാം**
**അനുതാപികളാമേവർക്കും**
**വാതിൽ തുറന്നുകൊടുത്തവനാം**
**കരുണാമയനാം കർത്താവേ,**
**നിൻ സവിധേ വന്നനവരതം**

www.malankaralibrary.com

**നിൻ സ്തുതികൾ**
**ഞങ്ങൾ പാടട്ടെ.**

*(അല്ലെങ്കിൽ)*

സമൂ. "ഞാൻ സ്വർഗ്ഗത്തിൽനിന്നു വന്ന
ജീവനുള്ള അപ്പമാകുന്നു.
ഉന്നതങ്ങളിൽ നിന്നിറങ്ങിയ അപ്പം ഞാനാകുന്നു.
സ്നേഹപൂർവ്വം സമീപിച്ച് എന്നെ സ്വീകരിക്കുന്ന എല്ലാവരും
എന്നിൽ നിത്യം ജീവിക്കുകയും
സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തുകയും ചെയ്യും"
എന്ന രഹസ്യം രക്ഷകൻ അറിയിച്ചു.

കാർമ്മികൻ ആംഗ്യത്തിൽമാത്രം തിരുവോസ്തി (ബുക്റ) കുരിശാകൃതിയിൽ ചുംബിച്ചുകൊണ്ടു ചൊല്ലുന്നു.

കാർമ്മി. അങ്ങയുടെ അവർണ്ണനീയമായ ദാനത്തെക്കുറിച്ചു കർത്താവേ, അങ്ങേക്കു സ്തുതി.

സമൂ. **അവിടുത്തെ തിരുവിഷ്ടം നിറവേറ്റുന്ന**
**ശുശ്രൂഷകരായ**
**ക്രോവേന്മാരും സ്രാപ്പേന്മാരും മുഖ്യദൂതന്മാരും**
**ബലിപീഠത്തിനുമുമ്പിൽ ഭയഭക്തികളോടെനിന്ന്**
**കടങ്ങളുടെ പൊറുതിക്കായി**
**മിശിഹായുടെ ശരീരം വിഭജിക്കുന്ന വൈദികനെ**
**(**മെത്രാനെങ്കിൽ **– വൈദികശ്രേഷ്ഠനെ)**
**സൂക്ഷിച്ചു വീക്ഷിക്കുന്നു.**
**നീതിയുടെ വാതിൽ ഞങ്ങൾക്കായി തുറക്കണമേ.**
**പാപികളെ തന്റെ അടുക്കലേക്കു വിളിക്കുകയും**
**അനുതാപികൾക്കായി വാതിൽ തുറന്നിടുകയും**
**ചെയ്തിരിക്കുന്ന**
**കാരുണ്യവാനായ കർത്താവേ**
**ഞങ്ങൾ അങ്ങയുടെ സന്നിധിയിൽ പ്രവേശിച്ച്**
**രാപകൽ അങ്ങേക്കു സ്തുതി പാടട്ടെ.**

www.malankaralibrary.com

ഈ സമയം കാർമ്മികൻ തുടരുന്നു.

കാർമ്മി. കർത്താവായ ദൈവമേ, അങ്ങയുടെ നാമത്തിൽ യഥാർത്ഥമായി വിശ്വസിച്ചുകൊണ്ട് ഈ വിശുദ്ധരഹസ്യങ്ങളെ ഞങ്ങൾ സമീപിക്കുന്നു. അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ തിരുശരീരരക്തങ്ങളെ അങ്ങയുടെ അനുഗ്രഹത്താലും കാരുണ്യത്താലും ഞങ്ങൾ വിഭജിച്ചു റൂശ്മ ചെയ്യുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേക്കും.

തിരുവോസ്തി രണ്ടായി മുറിക്കുന്നു. മുറിച്ച വശം കാസയ്ക്കുനേരെ വരത്തക്കവിധം ഇടത്തുകൈയിലുള്ള ഭാഗം പീലാസയിൽ വയ്ക്കുന്നു. അനന്തരം വലത്തുകൈയിലുള്ള ഭാഗംകൊണ്ടു തിരുരക്തത്തെ കുരിശാകൃതിയിൽ റൂശ്മ ചെയ്യുന്നു.

കാർമ്മി. നമ്മുടെ കർത്താവീശോമിശിഹായുടെ അമൂല്യമായ രക്തം അവിടുത്തെ ജീവദായകമായ ശരീരംകൊണ്ട് റൂശ്മ ചെയ്യപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

പീലാസയിലിരിക്കുന്ന ഭാഗത്തെ കൈയിലിരിക്കുന്ന ഭാഗംകൊണ്ടു കുരിശാകൃതിയിൽ റൂശ്മ ചെയ്യുന്നു. ആ സമയത്തു ചൊല്ലുന്നു. (ഇരുസാദൃശ്യങ്ങളിൽ വി. കുർബാന നല്കുന്നില്ലെങ്കിൽ കൂദാശ ചെയ്ത മറ്റു തിരുവോസ്തികളുടെ മേലും ഇപ്രകാരം റൂശ്മ ചെയ്യുന്നു.)

കാർമ്മി. നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശ്ശരീരം അവിടുത്തെ പാപമോചകമായ രക്തംകൊണ്ടു റൂശ്മ ചെയ്യപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ. ആമ്മേൻ.

രണ്ടുഭാഗങ്ങളും കൂട്ടിച്ചേർത്തു കാസയുടെ മുകളിൽ പിടിച്ചുകൊണ്ടു ചൊല്ലുന്നു.

കാർമ്മി. സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മഹത്ത്വമേറിയ ത്രിത്വത്തിന്റെ ആരാധ്യവും മഹനീയവുമായ നാമത്തിൽ വേർതിരിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും പൂർത്തീകരിക്കപ്പെടുകയും കലർത്തപ്പെടുകയും

www.malankaralibrary.com

പരസ്പരം യോജിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. കർത്താവായ ദൈവമേ, ഇവിടെയും മറ്റെല്ലാ സ്ഥലങ്ങളിലുമുള്ള വിശുദ്ധസഭയ്ക്കും ഞങ്ങൾക്കെല്ലാവർക്കും ഈ രഹസ്യങ്ങൾവഴി കടങ്ങളുടെ പൊറുതിയും പാപങ്ങളുടെ മോചനവും ഉയിർപ്പിലുള്ള പ്രത്യാശയും സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവിതവും ലഭിക്കുമാറാകട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.

തിരുവോസ്തിയുടെ ഭാഗങ്ങൾ ഒന്നിനുമീതേ ഒന്നായി കുരിശാകൃതിയിൽ വയ്ക്കുന്നു. അടിയിലത്തെ ഭാഗം കാസയ്ക്കു നേരെയും മുകളിലത്തെ ഭാഗം കാർമ്മികനുനേരെയും തിരിഞ്ഞിരിക്കണം. ആചാരം ചെയ്തതിനുശേഷം കാർമ്മികൻ നെറ്റിയിൽ കുരിശടയാളം വരയ്ക്കുന്നു.

തുടർന്ന്, കാർമ്മികൻ ശുശ്രൂഷികളുടെ നെറ്റിയിൽ കുരിശടയാളം വരച്ചുകൊണ്ട് ചൊല്ലുന്നു.

കാർമ്മി. മിശിഹാ നിന്റെ ശുശ്രൂഷ സ്വീകരിക്കുകയും നിന്റെ വദനം പ്രകാശമാനമാക്കുകയും ചെയ്യട്ടെ. അവിടുന്നു നിന്റെ ജീവനെ പരിരക്ഷിക്കുകയും നിന്റെ യുവത്വത്തെ പരിപോഷിപ്പിക്കുകയും ചെയ്യട്ടെ.

ശുശ്രൂ. മിശിഹാ അങ്ങയുടെ കുർബാന സ്വീകരിക്കട്ടെ.

ദിവ്യരഹസ്യങ്ങൾക്കുചുറ്റും വച്ചിരിക്കുന്ന ശോശപ്പ നിവർത്തി വച്ചുകൊണ്ട് കാർമ്മികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി. ഞങ്ങളുടെ കർത്താവായ ഈശോമിശിഹായേ, നിനക്കു സ്തുതി. സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളുടെ ശുശ്രൂഷകനും മധ്യസ്ഥനുമായി, അയോഗ്യനായിരുന്നിട്ടും എന്നെ നീ കാരുണ്യപൂർവ്വം നിയോഗിച്ചിരിക്കുന്നു. നിന്റെ കൃപാവരത്താൽ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും എന്നെ യോഗ്യനാക്കണമേ. ആമ്മേൻ.

കാർമ്മികൻ ആചാരം ചെയ്യുന്നു. താഴെവരുന്ന പ്രാർത്ഥന ഉയർന്ന സ്വരത്തിൽ ചൊല്ലിക്കൊണ്ട് തന്റെമേൽ കുരിശടയാളം വരയ്ക്കുന്നു.

www.malankaralibrary.com

കാർമ്മി. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

ശുശ്രൂ. **നമ്മുടെ രക്ഷകന്റെ അമൂല്യമായ ശരീരരക്തങ്ങളുടെ രഹസ്യങ്ങളെ നമുക്കെല്ലാവർക്കും ഭക്ത്യാദരങ്ങളോടെ സമീപിക്കാം.**

നിർമ്മലഹൃദയത്തോടും സത്യവിശ്വാസത്തോടുംകൂടെ അവിടുത്തെ പീഡാനുഭവത്തെ സ്മരിക്കുകയും ഉത്ഥാനത്തെപ്പറ്റി ധ്യാനിക്കുകയും ചെയ്യാം. നമുക്കുവേണ്ടി ദൈവത്തിന്റെ പ്രിയപുത്രൻ മർത്യമായ ശരീരവും അമർത്യവും ധൈഷണികവുമായ ആത്മാവും സ്വീകരിച്ചു മനുഷ്യനായി. അവിടുന്നു തന്റെ ജീവദായകമായ നിയമങ്ങളും വിശുദ്ധമായ കല്പനകളും വഴി നമ്മെ തെറ്റിൽനിന്ന് അകറ്റി സത്യത്തിന്റെ അറിവിലേക്ക് നയിച്ചു. മനുഷ്യവംശത്തിന്റെ ആദ്യഫലമായ അവിടുന്ന് നമുക്കുവേണ്ടിയുള്ള തന്റെ പരിത്രാണപ്രവർത്തനങ്ങളുടെ അന്ത്യത്തിൽ പീഡകൾ സഹിച്ച് കുരിശിൽ മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളുകയും ചെയ്തു. ഈ കൃപ നാം അനുസ്മരിക്കുവാൻ വേണ്ടി അവിടുന്നു വിശുദ്ധരഹസ്യങ്ങൾ നമുക്കു നല്കി. പൂർണ്ണഹൃദയത്തോടും വിനീത മനസ്സോടുംകൂടെ നമുക്കു നിത്യജീവന്റെ ദാനം സ്വീകരിക്കാം. നിഷ്കളങ്കമായ പ്രാർത്ഥനയോടും അഗാധമായ മനസ്താപത്തോടുംകൂടെ സഭയുടെ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാം.

**അനുതാപത്തിൽനിന്നുളവാകുന്ന ശരണത്തോടെ അപരാധങ്ങളിൽനിന്നു പിന്തിരിഞ്ഞു കൊണ്ടും പാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചുകൊണ്ടും സഹോദരരുടെ തെറ്റുകൾ ക്ഷമിച്ചുകൊണ്ടും നമുക്കു സകലത്തിന്റെയും നാഥനായ ദൈവത്തോട് കൃപയും പാപമോചനവും യാചിക്കുകയും ചെയ്യാം.**

ഒന്നാം ശുശ്രൂഷി ജനങ്ങൾക്കുനേരേ തിരിയുന്നു.

സമൂ. **കർത്താവേ, നിൻ ദാസരാമിവർതൻ**
**പാപകടങ്ങൾ മോചിക്കണമേ.**

ശുശ്രൂ. കലഹം മാറ്റാം ഭിന്നത നീക്കീടാം
മനസ്സാക്ഷി നിർമ്മലമാക്കീടാം.

സമൂ. **കർത്താവേ, നിൻ ...**

ശുശ്രൂ. ദ്വേഷം നീക്കാം ശത്രുത കൈവെടിയാം
ആത്മാക്കൾ പാവനമാക്കീടാം.

സമൂ. **കർത്താവേ, നിൻ...**

ശുശ്രൂ. ഭക്തിയോടങ്ങേ കൈക്കൊണ്ടീടാം
റൂഹായാൽ അതിനിർമ്മലരായ്ത്തീരാം.

സമൂ. **കർത്താവേ, നിൻ ...**

ശുശ്രൂ. യോജിപ്പോടും സ്നേഹാരൂപിയിലും
ഉൾക്കൊള്ളാം ദിവ്യമീ രഹസ്യങ്ങൾ.

സമൂ. **കർത്താവേ, നിൻ ...**

ശുശ്രൂ. ഞങ്ങൾക്കിവ നീ ഉത്ഥാനത്തിനും
രക്ഷയ്ക്കും കാരണമാക്കണമാമ്മേൻ.

*(അല്ലെങ്കിൽ)*

സമൂ. കർത്താവേ, അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ

ശുശ്രൂ. **ഭിന്നതകളും കലഹങ്ങളും വെടിഞ്ഞ് നമ്മുടെ മനസ്സാക്ഷിയെ ശുദ്ധീകരിക്കാം.**

സമൂ. കർത്താവേ, ...

ശുശ്രൂ. **ശത്രുതയിലും വിദ്വേഷത്തിലും നിന്നു നമ്മുടെ ആത്മാക്കളെ വിമുക്തമാക്കാം.**

സമൂ. കർത്താവേ, ...

ശുശ്രൂ. **വിശുദ്ധ കുർബാന സ്വീകരിക്കുകയും പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെടുകയും ചെയ്യാം.**

സമൂ. കർത്താവേ, ...

ശുശ്രൂ. **യോജിപ്പോടും ഐക്യത്തോടുംകൂടെ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാം.**

സമൂ. കർത്താവേ, ...

ശുശ്രൂ. **കർത്താവേ, ഇവ ഞങ്ങളുടെ ശരീരങ്ങളുടെ ഉയിർപ്പിനും ആത്മാക്കളുടെ രക്ഷയ്ക്കും കാരണമാകട്ടെ.**

സമൂ. **നിത്യജീവനും കാരണമാകട്ടെ. എന്നേക്കും, ആമ്മേൻ.**

ശുശ്രൂഷി കാറോസൂസ ചൊല്ലുമ്പോൾ, കാർമ്മികൻ കൈകൾ ഉയർത്തിപ്പിടിച്ച് താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി. ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ, അങ്ങു വാഴ്ത്തപ്പെട്ടവനാകുന്നു. അങ്ങയുടെ നാമം എന്നും സ്തുത്യർഹമാകുന്നു. ഞങ്ങളുടെ പാപങ്ങൾക്കനുസരിച്ച് അങ്ങു ഞങ്ങളോടു പ്രവർത്തിച്ചില്ല; പ്രത്യുത, അങ്ങയുടെ ദയാധിക്യത്താൽ അന്ധകാരശക്തികളിൽനിന്നു അങ്ങു ഞങ്ങളെ രക്ഷിച്ചു. അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ രാജ്യത്തിലേക്കു ഞങ്ങളെ ക്ഷണിച്ചു. മിശിഹാവഴി അങ്ങു മരണത്തിന്റെ ശക്തി നശിപ്പിക്കുകയും അക്ഷയമായ ജീവൻ ഞങ്ങൾക്കു നല്കുകയും ചെയ്തു. കർത്താവായ ദൈവമേ, അങ്ങയുടെ നിർമ്മലവും പരിശുദ്ധവുമായ ബലിപീഠത്തിങ്കൽ നിന്നുകൊണ്ട് ജീവദായകവും പരിശുദ്ധവുമായ ഈ കുർബാന അങ്ങേക്കർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കിയല്ലോ. പരിപൂർണ്ണമായ വിശുദ്ധിയോടെ ഈ ദാനം സ്വീകരിക്കുവാൻ അങ്ങയുടെ കൃപയാൽ ഞങ്ങളെ അർഹരാക്കണമേ. ഇതു ഞങ്ങൾക്കു ശിക്ഷാവിധിക്കു കാരണമാകാതെ അങ്ങയുടെ കാരുണ്യത്തിനും ഞങ്ങളുടെ പാപങ്ങളുടെ മോചനത്തിനും മരിച്ചവരുടെ ഉയിർപ്പിനും നിത്യജീവിതത്തിനും നിദാനമാകട്ടെ. ഞങ്ങ

ളെല്ലാവരും അങ്ങയുടെ മഹത്ത്വത്തിനു പൂർണ്ണസാക്ഷികളും അങ്ങയുടെ അധിവാസത്തിനു യോജിച്ച ആലയങ്ങളുമാകട്ടെ. മിശിഹായുടെ ശരീരരക്തങ്ങളോട് ഐക്യപ്പെടുന്ന ഞങ്ങൾ അവിടുത്തെ മഹത്ത്വപൂർണ്ണമായ പ്രത്യാഗമനത്തിൽ സകല വിശുദ്ധരോടുംകൂടെ പ്രശോഭിക്കുമാറാകട്ടെ. അങ്ങേക്കും അങ്ങയുടെ ഏകജാതനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.

ആവശ്യമെങ്കിൽ വിശുദ്ധ കുർബാന സ്വീകരിക്കുന്നവർക്കുവേണ്ടി കാർമ്മികൻ തിരുവോസ്തികൾ വിഭജിച്ചു തയ്യാറാക്കുന്നു.

ശുശ്രൂ. **നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.**

കാർമ്മികൻ കുനിഞ്ഞുനിന്ന് താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു

കാർമ്മി. കർത്താവായ ദൈവമേ, അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും കാരുണ്യപൂർവ്വം ക്ഷമിക്കണമേ. മഹോന്നതദൈവമായ അങ്ങയെ സ്വർഗ്ഗരാജ്യത്തിൽ സകല വിശുദ്ധരോടുമൊന്നിച്ച് സ്തുതിക്കുവാൻ ഞങ്ങളുടെ അധരങ്ങളെ പവിത്രീകരിക്കുകയും ചെയ്യണമേ.

കാർമ്മികൻ നിവർന്നുനിന്ന് കൈകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി. കർത്താവായ ദൈവമേ, കാരുണ്യപൂർവ്വം അങ്ങു ഞങ്ങൾക്കു നല്കിയ മനോവിശ്വാസത്തോടുകൂടെ അങ്ങയുടെ സന്നിധിയിൽ എപ്പോഴും നിർമ്മലഹൃദയരും പ്രസന്നവദനരും നിഷ്ക്കളങ്കരുമായി വ്യാപരിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളെല്ലാവരും ഒന്നുചേർന്ന് അങ്ങയെ വിളിച്ച് ഇപ്രകാരം അപേക്ഷിക്കുന്നു.

മുകളിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥനയ്ക്കു പകരം

(കർത്താവിന്റെ തിരുനാളുകളിലും മറ്റു പ്രധാന തിരുനാളുകളിലും)

കാർമ്മി. കർത്താവേ, ഞങ്ങളുടെ ഇടയിൽ നിന്റെ സമാധാനവും ഹൃദയങ്ങളിൽ ശാന്തിയും പുലർത്തണമേ. ഞങ്ങളുടെ നാവുകൾ നിന്റെ സത്യം പ്രഘോഷിക്കട്ടെ. ഞങ്ങളുടെ വദനങ്ങളെ ഞങ്ങൾ പുതിയ വീണകളാക്കുകയും ജ്വലിക്കുന്ന അധര

www.malankaralibrary.com

ങ്ങൾകൊണ്ട് ഞങ്ങൾ സ്തോത്രം ആലപിക്കുകയും ചെയ്യുമ്പോൾ നിന്റെ കുരിശു ഞങ്ങൾക്കു സംരക്ഷണമായി ഭവിക്കട്ടെ. 'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ' എന്നുപദേശിച്ചുകൊണ്ട് നീ ശിഷ്യന്മാരെ പഠിപ്പിച്ച വിശിഷ്ടമായ പ്രാർത്ഥന നിന്നിൽനിന്നു ലഭിച്ച മനോവിശ്വാസത്തോടെ ആവർത്തിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.

കാർമ്മി. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും ചേർന്ന്)
**അങ്ങയുടെ നാമം പൂജിതമാകണമേ.**
**അങ്ങയുടെ രാജ്യം വരണമേ.**
**അങ്ങയുടെ തിരുമനസ്സ്**
**സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.**
**ഞങ്ങൾക്ക് ആവശ്യകമായ ആഹാരം**
**ഇന്നു ഞങ്ങൾക്കു തരണമേ.**
**ഞങ്ങളുടെ കടക്കാരോടു**
**ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ**
**ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും**
**ക്ഷമിക്കണമേ.**
**ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.**
**ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.**
**എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.**

തുടർന്നു ചൊല്ലുന്നു

കാർമ്മി. കർത്താവേ, ശക്തനായ സർവ്വേശ്വരാ, നല്ലവനായ ദൈവമേ, കൃപാപൂർണ്ണനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ കാരുണ്യം ഞങ്ങൾ കേണപേക്ഷിക്കുന്നു. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗത്തിലും ഭൂമിയിലും, രാജ്യവും ശക്തിയും പ്രാബല്യവും അധികാരവും അങ്ങയുടേതാകുന്നു. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

www.malankaralibrary.com

സമൂ. **ആമ്മേൻ.**

“ഇപ്പോഴും” എന്നു പറയുമ്പോൾ കാർമ്മികൻ തന്റെമേൽത്തന്നെ കുരിശടയാളം വരയ്ക്കുന്നു. അനന്തരം ജനങ്ങൾക്കുനേരേ തിരിഞ്ഞുനിന്നുകൊണ്ട് ആശീർവദിക്കുന്നു.

കാർമ്മി. സമാധാനം ✠ നിങ്ങളോടുകൂടെ.

സമൂ. **അങ്ങയോടും അങ്ങയുടെ ആത്മാവോടും കൂടെ.**

കാർമ്മികൻ ബലിപീഠത്തിനുനേരേ തിരിയുമ്പോൾ വലത്തുകരം ദിവ്യരഹസ്യങ്ങൾക്കുനേരേ നീട്ടിക്കൊണ്ടു പറയുന്നു.

കാർമ്മി. വിശുദ്ധ കുർബാന വിശുദ്ധ ജനത്തിനുള്ളതാകുന്നു.

സമൂ. **ഏക പിതാവു പരിശുദ്ധനാകുന്നു.**
**ഏക പുത്രൻ പരിശുദ്ധനാകുന്നു.**
**ഏക റൂഹാ പരിശുദ്ധനാകുന്നു.**
**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും**
**എന്നേ ക്കും സ്തുതി. ആമ്മേൻ.**

നിശ്ചിത തിരുനാളുകളിൽ വിരിയിടുന്നു. ബലിവേദിയിലുള്ളവരും ഗായകവേദിയിലുള്ളവരും രണ്ടുഗണമായി പ്രത്യേക ഗീതം (ദ്ഹീലത്ത്) ചൊല്ലുന്നു. അനന്തരം വിരി നീക്കുന്നു. ശുശ്രൂഷി മദ്ബഹായുടെ ഇടത്തുവശത്തു നിന്നുകൊണ്ടു പറയുന്നു.

ശുശ്രൂ. **ജീവിക്കുന്ന ദൈവത്തെ നിങ്ങൾ പ്രകീർത്തിക്കുവിൻ.**

സമൂ. **സഭയിൽ അവിടുത്തേക്കു സ്തുതിയുണ്ടായിരിക്കട്ടെ. എല്ലാനിമിഷവും എല്ലാസമയവും അവിടുത്തെ കൃപയും കാരുണ്യവും നമ്മുടെ മേൽ ഉണ്ടായിരിക്കട്ടെ.**

സമൂഹം ദിവസത്തിന്റെ പ്രത്യുത്തരഗീതം (ഊനായ ദ്‌വേമ്മ) ആലപിക്കുന്നു. കാർമ്മികൻ കുനിഞ്ഞ് ആചാരം ചെയ്തു തിരുശരീരം കരങ്ങളിൽ എടുത്തു താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു. ആഘോഷപൂർവ്വകമായ കുർബാനയിലും സാധാരണ കുർബാനയിലും താഴെവരുന്ന മൂന്നു പ്രാർത്ഥനകളിൽ ഒന്നു ചൊല്ലിയാലും മതിയാകും.

കാർമ്മി. കർത്താവേ, നിന്റെ തിരുശരീരം എനിക്കു ശിക്ഷാവിധിക്കു ഹേതുവാകാതെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.

കാർമ്മി. മനുഷ്യവംശത്തിന്റെ പ്രത്യാശയും സകലത്തിന്റെയും നാഥനുമായ മിശിഹായേ, നിന്റെ ദിവ്യശരീരത്താൽ ഞങ്ങളുടെ ശരീരങ്ങളെ പവിത്രീകരിക്കണമേ. നിന്റെ അമൂല്യരക്തത്താൽ ഞങ്ങളുടെ  കടങ്ങൾ മോചിക്കണമേ. നിന്റെ കൃപാതിരേകത്താൽ ഞങ്ങളുടെ മനസ്സാക്ഷിയെ നിർമ്മലമാക്കുകയും ചെയ്യണമേ.

കാർമ്മി. കർത്താവായ മിശിഹായേ, ഞാൻ അയോഗ്യനെങ്കിലും നിന്റെ അനുഗ്രഹങ്ങളുടെ നിക്ഷേപം ഇതാ എന്റെ കരങ്ങളിൽ. നിന്റെ കാരുണ്യത്താൽ ദാനമായി ഞാൻ സ്വീകരിക്കുന്ന ഭയഭക്തിജനകമായ ഈ രഹസ്യത്തിന്റെ ശക്തിവിശേ ഷം എന്നിൽ പ്രകടമാക്കണമേ.

കാർമ്മികൻ തിരുശരീരം ഉൾക്കൊള്ളുന്നു. അനന്തരം കുനിഞ്ഞ് ആചാരം ചെയ്ത് കാസ കരങ്ങളിൽ എടുത്തുകൊണ്ടു ചൊല്ലുന്നു.

കാർമ്മി. സ്വർഗ്ഗീയമണവാളാ, നിന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ടവർക്കു നിന്റെ അമൂല്യരക്തത്തിന്റെ കാസ നീ സജ്ജമാക്കി.

തിരുരക്തം ഉൾക്കൊള്ളുന്നു. തുടർന്നു ചൊല്ലുന്നു.

അതിൽനിന്നു പാനം ചെയ്യുവാൻ പാപിയായ എന്നെയും അനുവദിച്ചു. നിന്റെ അവർണ്ണനീയമായ സ്നേഹത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.

വിശുദ്ധ കുർബാന ഇരുസാദൃശ്യങ്ങളിൽ വെവ്വേറെ കൊടുക്കുന്ന ക്രമം: കാർമ്മികൻ വിശുദ്ധ കുർബാന സ്വീകരിച്ചതിനുശേഷം ശുശ്രൂഷികൾക്കു നല്കുന്നു. തിരുശരീരം നല്കുമ്പോൾ ചൊല്ലുന്നു.

കാർമ്മി. നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശ്ശരീരം ദൈവത്തിന്റെ ഈ ശുശ്രൂഷകനു കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ.

തിരുരക്തം നല്കുമ്പോൾ

കാർമ്മി. നമ്മുടെ കർത്താവീശോമിശിഹായുടെ അമൂല്യരക്തം

ദൈവത്തിന്റെ ഈ ശുശ്രൂഷകനു കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ.

മുകളിൽ കൊടുത്തിരിക്കുന്ന രണ്ടു പ്രാർത്ഥനകൾക്കു പകരം ചൊല്ലാവുന്നത്.

ആത്മീയവിരുന്നു നിത്യജീവനു കാരണമാകട്ടെ.

അനന്തരം ഒന്നാം ശുശ്രൂഷി കാർമ്മികനെ സമീപിച്ചു ചൊല്ലുന്നു.

ശുശ്രൂ. **നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.**

കാർമ്മികൻ ശോശപ്പയും അതിന്മേൽ തിരുവോസ്തിയോടുകൂടെ പീലാസയും ഒന്നാം ശുശ്രൂഷിക്കു നല്കിക്കൊണ്ടു ചൊല്ലുന്നു.

കാർമ്മി. ദൈവത്തിന്റെ കൃപ നിന്നോടും ഞങ്ങളോടും സ്വർഗ്ഗരാജ്യത്തിൽ അവിടുത്തെ സ്വീകരിക്കുന്നവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

അനന്തരം രണ്ടാം ശുശ്രൂഷി കാർമ്മികനെ സമീപിച്ചു ചൊല്ലുന്നു.

ശുശ്രൂ. **നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.**

കാർമ്മികൻ കാസ രണ്ടാം ശുശ്രൂഷിയുടെ കൈയിൽ കൊടുക്കുന്നു. അപ്പോൾ ചൊല്ലുന്നു.

കാർമ്മി. പരിശുദ്ധാത്മാവിന്റെ കൃപ നിന്നോടും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

പ്രത്യുത്തരഗീതത്തിന്റെ ആദ്യഭാഗം അവസാനിക്കുമ്പോൾ കാസ വഹിക്കുന്ന ശുശ്രൂഷി പറയുന്നു

ശുശ്രൂ. കർത്താവേ, ആശീർവദിക്കണമേ.

കാർമ്മികൻ ജനങ്ങൾക്കുനേരെ തിരിഞ്ഞ് ആശീർവദിച്ചുകൊണ്ട് ചൊല്ലുന്നു.

കാർമ്മി. നമ്മെ ജീവിപ്പിക്കുന്ന കർത്താവീശോമിശിഹായുടെ കൃപാവരം അവിടുത്തെ കാരുണ്യത്താൽ നാമെല്ലാവരിലും ✠ സമ്പൂർണ്ണമാകട്ടെ.

www.malankaralibrary.com

സമൂ. **എപ്പോഴും എന്നേക്കും ആമ്മേൻ.**

ഗായകസംഘം അതതു ദിവസം ചൊല്ലേണ്ട പ്രത്യുത്തരഗീതത്തിന്റെ തുടർച്ചയായ ഭാഗം (ബാത്തേ ദ്ഊനായ) പാടുന്നു.

സാധാരണ ദിവസങ്ങളിൽ

ശുശ്രൂ. **സഹോദരരേ, സ്വർഗ്ഗരാജ്യത്തിലുള്ള വിശ്വാസത്തോടെ ദൈവപുത്രന്റെ ശരീരം സ്വീകരിക്കുവാനും അവിടുത്തെ രക്തം പാനം ചെയ്യുവാനും തിരുസഭ നിങ്ങളെ ക്ഷണിക്കുന്നു.**

കാസയും പീലാസയും സംവഹിക്കുന്ന ശുശ്രൂഷികളോടുകൂടെ കാർമ്മികൻ മദ്ബഹയുടെ വാതില്ക്കൽ നില്ക്കുന്നു.

അദ്ദേഹം പീലാസ ശുശ്രൂഷിയുടെ കൈയിൽനിന്നു വാങ്ങുകയോ ശുശ്രൂഷി അതു പിടിച്ചുകൊണ്ടു നില്ക്കുകയോ ചെയ്യുന്നു. തിരുശ്ശരീരം നല്കിക്കൊണ്ട്

കാർമ്മി. നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശ്ശരീരം ഭക്തനായ വിശ്വാസിക്കു (ഭക്തയായ വിശ്വാസിനിക്കു) കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ.

തിരുരക്തം നല്കിക്കൊണ്ട്

കാർമ്മി. നമ്മുടെ കർത്താവീശോമിശിഹായുടെ അമൂല്യരക്തം ഭക്തനായ വിശ്വാസിക്കു (ഭക്തയായ വിശ്വാസിനിക്കു) കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ.

മുകളിൽ കൊടുത്തിരിക്കുന്ന രണ്ടു പ്രാർത്ഥനകൾക്കു പകരം ചൊല്ലാവുന്നത്.

ആത്മീയവിരുന്നു നിത്യജീവനു കാരണമാകട്ടെ.

വിശുദ്ധ കുർബാന സ്വീകരിക്കുന്നതു പുരോഹിതനോ ശുശ്രൂഷിയോ ആണെങ്കിൽ കാർമ്മികൻ ചൊല്ലുന്നു.

കാർമ്മി. നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശ്ശരീരം (തിരുരക്തം) നിർമ്മലനായ പുരോഹിതനു / ദൈവത്തിന്റെ ശുശ്രൂഷിക്കു കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ.

www.malankaralibrary.com

വിശുദ്ധ കുർബാന ഇരുസാദൃശ്യങ്ങളിൽ ഒരുമിച്ചു നല്കുന്ന ക്രമം:
കാർമ്മികൻ ജനങ്ങളെ ആശീർവദിച്ചുകൊണ്ട് ചൊല്ലുന്നു.

കാർമ്മി. നമ്മെ ജീവിപ്പിക്കുന്ന കർത്താവീശോമിശിഹായുടെ കൃപാവരം അവിടുത്തെ കാരുണ്യത്താൽ നാമെല്ലാവരിലും ✠ സമ്പൂർണ്ണമാകട്ടെ.

സമൂ. **എപ്പോഴും എന്നേക്കും ആമ്മേൻ.**

(സാധാരണ ദിവസങ്ങളിൽ)

ശുശ്രൂ. **സഹോദരരേ, സ്വർഗ്ഗരാജ്യത്തിലുള്ള വിശ്വാസത്തോടെ ദൈവപുത്രന്റെ ശരീരം സ്വീകരിക്കുവാനും അവിടുത്തെ രക്തം പാനം ചെയ്യുവാനും തിരുസ്സഭ നിങ്ങളെ ക്ഷണിക്കുന്നു.**

കാർമ്മികൻ കാസ എടുത്തിരിക്കുന്ന ശുശ്രൂഷിയോടുകൂടെ അഴിക്കാലിങ്കൽച്ചെന്ന് വിശുദ്ധ കുർബാന നല്കുമ്പോൾ ചൊല്ലുന്നു.

കാർമ്മി. മിശിഹായുടെ ശരീരവും രക്തവും കടങ്ങളുടെ പൊറുതിക്കും നിത്യജീവനും കാരണമാകട്ടെ.

ജനങ്ങൾ വിശുദ്ധ കുർബാന സ്വീകരിച്ചുകഴിയുമ്പോൾ കാസയും പീലാസയും യഥാസ്ഥാനം വയ്ക്കുന്നു. ആഘോഷപൂർവ്വകമായ കുർബാനയിലും സാധാരണ കുർബാനയിലും താഴെവരുന്ന മൂന്നു പ്രാർത്ഥനകളിൽ ഒന്നു ചൊല്ലിയാലും മതിയാവും.

കാർമ്മി. മനുഷ്യവർഗ്ഗത്തിന്റെ പ്രത്യാശയായ മിശിഹായേ, ഞങ്ങൾ ഭക്ഷിച്ച തിരുശരീരവും പാനം ചെയ്ത തിരുരക്തവും ഞങ്ങൾക്കു ശിക്ഷാവിധിക്കു കാരണമാകാതെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും നിന്റെ സന്നിധിയിൽ സന്തുഷ്ടിക്കും നിദാനമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

കാർമ്മികൻ വലത്തുവശത്തെ ഉപപീഠത്തിങ്കലേക്കു പോകുന്നു. ഒന്നാം ശുശ്രൂഷി കാസയിൽ വീഞ്ഞും വെള്ളവും ഒഴിച്ചു കൊടുക്കുന്നു. അതു ഉൾക്കൊണ്ടതിനുശേഷം കാർമ്മികൻ ചൊല്ലുന്നു.

കാർമ്മി. മനുഷ്യവർഗ്ഗത്തിന്റെ പ്രത്യാശയായ മിശിഹായേ, നിന്റെ ശരീരം ദൃശ്യമായി സ്വീകരിച്ച ഞങ്ങളിൽ നിന്റെ ശക്തി ആന്തരി

www.malankaralibrary.com

കമായി വസിക്കട്ടെ. ഞങ്ങൾ ആനന്ദത്തോടെ നിന്നെ എതിരേല്ക്കുകയും നിന്റെ അഭീഷ്ടം നിറവേറ്റുന്ന നീതിമാന്മാരോടൊന്നിച്ച് നിനക്കു സ്തോത്രം ആലപിക്കുകയും ചെയ്യട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

കാസയും പീലാസയും തുടയ്ക്കുമ്പോൾ

കാർമ്മി. മനുഷ്യവർഗ്ഗത്തിന്റെ പ്രത്യാശയായ മിശിഹായേ, നിന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്ത ഞങ്ങളെ നല്ല കള്ളനോടും നിന്റെ അഭീഷ്ടം നിറവേറ്റുന്ന നീതിമാന്മാരോടുമൊരുമിച്ചു പറുദീസയിൽ നിന്നെ സ്തുതിക്കുവാൻ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും ആമ്മേൻ.

ഈ സമയത്തു സമൂഹം സ്തോത്രപ്രാർത്ഥന (തെശ്ബൊഹ്ത്ത) ചൊല്ലുന്നു.

(കർത്താവിന്റെ തിരുനാളുകളിലും മറ്റു പ്രധാന തിരുനാളുകളിലും)

സമൂ. **ഞങ്ങളുടെ കർത്താവേ,**
**കടങ്ങളുടെ പൊറുതിക്കായി വിശുദ്ധകുർബാന സ്വീകരിച്ച**
**ഞങ്ങളുടെ കൈകളെ ശക്തമാക്കണമേ.**
**ദൈവമായ നിനക്ക് എല്ലാദിവസവും**
**സത്ഫലങ്ങൾ സമർപ്പിക്കുവാൻ അവയെ**
**യോഗ്യമാക്കണമേ.**
**വിശുദ്ധസ്ഥലത്തു കീർത്തനം പാടിയ**
**ഞങ്ങളുടെ അധരങ്ങളെ**
**സ്വർഗ്ഗത്തിൽ നിന്നെ സ്തുതിക്കുവാൻ അർഹമാക്കണമേ.**
**നിന്റെ സ്തുതികൾ കേട്ട കാതുകൾ**
**ശിക്ഷാവിധിയുടെ സ്വരം കേൾക്കാതിരിക്കട്ടെ.**
**നിന്റെ അളവറ്റ കാരുണ്യം കണ്ട കണ്ണുകൾക്ക്**
**നിന്റെ അനുഗ്രഹദായകമായ പ്രത്യാഗമനം**
**കാണുവാൻ ഇടവരട്ടെ.**
**നിന്നെ പരിശുദ്ധൻ എന്നു പാടിപ്പുകഴ്ത്തിയ നാവുകളെ**
**സത്യം പറയുവാൻ സന്നദ്ധമാക്കണമേ.**
**ദൈവാലയത്തിൽ സഞ്ചരിച്ച പാദങ്ങൾക്കു**

www.malankaralibrary.com

പ്രകാശത്തിന്റെ സ്ഥലത്തു സഞ്ചരിക്കുവാൻ ഇടയാകട്ടെ.
നിന്റെ സജീവമായ ശരീരം ഉൾക്കൊണ്ട
ഞങ്ങളുടെ ശരീരങ്ങൾക്കു
നവജീവൻ പ്രദാനം ചെയ്യണമേ.
നിന്നെ ആരാധിച്ച ഞങ്ങളുടെ സമൂഹത്തെ
അനുഗ്രഹങ്ങൾ കൊണ്ടു സമ്പന്നമാക്കണമേ.
നിന്റെ അനന്തമായ സ്നേഹം
ഞങ്ങളിൽ എന്നും നിലനില്ക്കട്ടെ.
നിനക്കു സ്തുതികൾ സമർപ്പിക്കുവാൻ
ആ സ്നേഹത്തിൽ ഞങ്ങൾ വളരുകയും ചെയ്യട്ടെ.
ഞങ്ങളേവരുടെയും യാചനകൾക്കു നീ വാതിൽ
തുറക്കണമേ.
ഞങ്ങളുടെ ഈ ശുശ്രൂഷ
നിന്റെ സന്നിധിയിൽ സ്വീകാര്യമാവുകയും ചെയ്യട്ടെ.

(ഞായറാഴ്ചകളിലും ഓർമ്മത്തിരുനാളുകളിലും)

സമൂ. ഞങ്ങളുടെ കർത്താവായ ഈശോയേ,
പീഡാസഹനം വഴി മരണത്തെ കീഴടക്കിയ
ആരാധ്യനായ രാജാവേ,
സ്വർഗ്ഗരാജ്യത്തിൽ ഞങ്ങൾക്കു
നവജീവൻ വാഗ്ദാനം ചെയ്ത ദൈവപുത്രാ,
എല്ലാ ഉപദ്രവങ്ങളും ഞങ്ങളിൽനിന്ന് അകറ്റണമേ.
ഞങ്ങളുടെ ദേശത്തു സമാധാനവും കൃപയും
വർദ്ധിപ്പിക്കണമേ.
നീ മഹത്ത്വത്തോടെ പ്രത്യക്ഷപ്പെടുന്ന ദിവസം
നിന്റെ സന്നിധിയിൽ ഞങ്ങൾ ജീവൻ കണ്ടെത്തട്ടെ
നിന്റെ അഭീഷ്ടമനുസരിച്ച്
ഞങ്ങൾ നിന്നെ എതിരേല്ക്കുകയും ചെയ്യട്ടെ.
ഞങ്ങളുടെ വംശത്തിന് നല്കിയ കൃപയെക്കുറിച്ച്
ഓശാനപാടിയ ഞങ്ങൾ നിന്റെ നാമത്തെ സ്തുതിക്കട്ടെ.

www.malankaralibrary.com

**എന്തുകൊണ്ടെന്നാൽ, നീ ഞങ്ങളോടു കാണിച്ച**
**കാരുണ്യം വലുതാകുന്നു.**
**മർത്യരായ ഞങ്ങളിൽ നിന്റെ സ്നേഹം ഉദയം ചെയ്തു.**
**നീ ഞങ്ങളുടെ പാപങ്ങൾ കനിവോടെ ഉന്മൂലനം ചെയ്തു.**
**നിന്റെ ദാനത്തെക്കുറിച്ച്**
**നിനക്കു സ്തുതി.**
**കനിവോടെ കടങ്ങൾ പൊറുക്കുന്നവനേ,**
**ഉന്നതങ്ങളിൽ നിന്നുള്ള ഈ ദാനം വാഴ്ത്തപ്പെട്ടതാകട്ടെ.**
**ദൈവമായ നിനക്കു കൃതജ്ഞതയും ആരാധനയും**
**സമർപ്പിക്കുവാൻ**
**നിന്റെ കരുണയാൽ ഞങ്ങളെല്ലാവരും യോഗ്യരാകട്ടെ.**
**നാഥനായ നിന്നെ**
**എല്ലാസമയവും ഞങ്ങൾ പ്രകീർത്തിക്കുകയും**
**ചെയ്യട്ടെ. ആമ്മേൻ.**

(സാധാരണ ദിവസങ്ങളിൽ)

സമൂ. **ഞങ്ങളുടെ കർത്താവേ,**
**വിശ്വാസപൂർവ്വം ഞങ്ങൾ സ്വീകരിച്ച**
**ദിവ്യരഹസ്യങ്ങൾ**
**ഞങ്ങളുടെ കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ.**
**യുഗങ്ങളുടെ രാജാവായ മിശിഹായേ,**
**നീ ദാസന്റെയും സ്രഷ്ടാവിന്റെയും സാദൃശ്യമാകുന്നു.**
**നിന്നിൽ വിശ്വസിച്ച സകലരുടെയും കറകളും കടങ്ങളും**
**നിന്റെ ശരീരരക്തങ്ങളാൽ**
**നിർമ്മാർജ്ജനം ചെയ്യുകയും ക്ഷമിക്കുകയും ചെയ്തു.**
**നീ മഹത്ത്വപൂർണ്ണനായി പ്രത്യക്ഷപ്പെടുമ്പോൾ**
**മനോവിശ്വാസത്തോടെ നിന്നെ എതിരേല്ക്കുവാനും**
**സ്വർഗ്ഗീയഗണങ്ങളോടു കൂടെ നിന്നെ സ്തുതിക്കുവാനും**
**ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മേൻ.**

www.malankaralibrary.com

ശുശ്രൂ. **പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളെ സമീപിച്ച് ഇവയിൽ പങ്കുകൊള്ളുവാൻ യോഗ്യരാക്കപ്പെട്ട നമുക്കെല്ലാവർക്കും ഇവയുടെ ദാതാവായ ദൈവത്തിന് സ്തുതിയും കൃതജ്ഞതയും സമർപ്പിക്കാം.**

സമൂ. **അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ച് കർത്താവേ അങ്ങേക്കു സ്തുതി.**

ശുശ്രൂ. **നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ**

കാർമ്മികൻ ബലിപീഠത്തിനുമുമ്പിൽ മധ്യത്തിൽ നിന്നുകൊണ്ട് ഉയർന്നസ്വരത്തിൽ ചൊല്ലുന്നു.

ഞായറാഴ്ചകളിലും തിരുനാളുകളിലും

കാർമ്മി. കർത്താവായ ദൈവമേ, അങ്ങയുടെ മഹനീയ നാമത്തിനു സ്തുതിയും ആരാധനയും കൃതജ്ഞതയും സമർപ്പിക്കുക എല്ലാ നാഴികകളിലും യോഗ്യവും എല്ലാക്കാലങ്ങളിലും യുക്തവും ആകുന്നു. അങ്ങയുടെ ജീവദായകവും ദൈവികവുമായ വചനങ്ങളുടെ മാധുര്യം ആസ്വദിക്കുവാനും മാലാഖമാരോടുകൂടെ തിരുനാമത്തെ സ്തുതിക്കുവാനും അങ്ങയുടെ ദാനമായ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളുവാനും മഹോന്നതനായ ദൈവമേ, അങ്ങേക്കു സ്തുതിയുടെയും കൃതജ്ഞതയുടെയും കീർത്തനങ്ങൾ ഇടവിടാതെ ആലപിക്കുവാനും ബലഹീനരായ ഞങ്ങളെ കാരുണ്യപൂർവ്വം അങ്ങു യോഗ്യരാക്കി. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ. കർത്താവേ, ആശീർവ്വദിക്കണമേ.**

കാർമ്മി. സകലത്തെയും പവിത്രീകരിക്കുന്ന തന്റെ അമൂല്യമായ ശരീരരക്തങ്ങൾ സ്വീകരിക്കുവാൻ നമ്മുടെ കർത്താവും ദൈവവും രാജാവും രക്ഷകനും ജീവദാതാവുമായ മിശിഹാ കൃപാപൂർവ്വം നമ്മെ യോഗ്യരാക്കി. വിചാരങ്ങളും വചനങ്ങളും

www.malankaralibrary.com

പ്രവൃത്തികളുംവഴി തന്നെ പ്രസാദിപ്പിക്കുവാൻ അവിടുന്നു നമ്മെ അനുഗ്രഹിക്കട്ടെ. കർത്താവേ, ഞങ്ങൾ സ്വീകരിച്ചതും സ്വീകരിക്കുന്നതുമായ ഈ അച്ചാരം നിന്റെ കാരുണ്യാതിരേക ത്താൽ ഞങ്ങളുടെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും മരിച്ചവരുടെ ഉയിർപ്പിലുള്ള പ്രത്യാശയ്ക്കും നിന്റെ സന്നിധിയിൽ പ്രീതിജനകമായ വിധം വർത്തിച്ച എല്ലാ വരോടുമൊന്നിച്ച് സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവിതത്തിനും കാരണമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

സാധാരണ ദിവസങ്ങളിൽ

കാർമ്മി. കർത്താവായ ദൈവമേ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ കടങ്ങളുടെ മോചനത്തിനായി അങ്ങു കാരുണ്യപൂർവ്വം ഞങ്ങൾക്കു നല്കി. ഈ ദാനത്തെക്കുറിച്ച് അങ്ങയുടെ മഹനീയ ത്രിത്വത്തിനു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിര ന്തരം സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ. കർത്താവേ ആശീർവ്വദിക്കണമേ.**

കാർമ്മി. മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയായ മിശിഹായേ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവു മായ ഈ കുർബാനവഴി നീ ഞങ്ങളുടെ കടങ്ങളും പാപങ്ങളും പൊറുക്കുകയും അപരാധങ്ങൾ ക്ഷമിക്കുകയും ചെയ് തു. ഉന്ന തങ്ങളിൽ നിന്നുള്ള ആരാധ്യമായ ഈ ദാനം വാഴ്‌പ്പെട്ട താകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

ആഘോഷപൂർവ്വകമായ കുർബാനയിലും സാധാരണ കുർബാന യിലും കർത്തൃപ്രാർത്ഥന ഉപേക്ഷിക്കാവുന്നതാണ്.

കാർമ്മി. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

www.malankaralibrary.com

**അങ്ങയുടെ നാമം പൂജിതമാകണമേ.**
**അങ്ങയുടെ രാജ്യം വരണമേ.**
**അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.**
**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,**
**അങ്ങയുടെ മഹത്ത്വത്താൽ**
**സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.**
**മാലാഖമാരും മനുഷ്യരും**
**അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ**
**എന്ന് ഉദ്ഘോഷിക്കുന്നു.**
**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,**
**അങ്ങയുടെ നാമം പൂജിതമാകണമേ.**
**അങ്ങയുടെ രാജ്യം വരണമേ.**
**അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ**
**ഭൂമിയിലുമാകണമേ.**
**ഞങ്ങൾക്ക് ആവശ്യകമായ ആഹാരം**
**ഇന്നു ഞങ്ങൾക്കു തരണമേ.**
**ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ**
**ക്ഷമിച്ചിരിക്കുന്നതുപോലെ**
**ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും**
**ക്ഷമിക്കണമേ.**
**ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.**
**ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.**
**എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും**
**മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു.**
**ആമ്മേൻ.**

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. **ആദിമുതൽ എന്നേക്കും ആമ്മേൻ.**

കാർമ്മി. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

**അങ്ങയുടെ നാമം പൂജിതമാകണമേ.**
**അങ്ങയുടെ രാജ്യം വരണമേ.**
**അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.**
**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,**
**അങ്ങയുടെ മഹത്ത്വത്താൽ സ്വർഗ്ഗവും**
**ഭൂമിയും നിറഞ്ഞിരിക്കുന്നു.**
**മാലാഖമാരും മനുഷ്യരും**
**അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ**
**എന്ന് ഉദ്ഘോഷിക്കുന്നു.**

*(അല്ലെങ്കിൽ)*

കാർമ്മി. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

സമൂഹവും ചേർന്ന്

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ
ഭൂമിയിലുമാകണമേ.
ഞങ്ങൾക്ക് ആവശ്യകമായ ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ
ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.
ദുഷ്ടാരൂപിയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ,
എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും
എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

www.malankaralibrary.com

കാർമ്മികൻ മദ്ബഹയുടെ കവാടത്തിങ്കൽ ഇടത്തുവശത്തേക്ക് അല്പം മാറി ജനങ്ങൾക്കുനേരെ തിരിഞ്ഞ്, താഴെവരുന്ന സമാപനാശീർവ്വാദം (ഹൂത്താമ്മാ) നല്കുന്നു.

ഞായറാഴ്ചകളിലും തിരുനാളുകളിലും
ഓർമ്മത്തിരുനാളുകളിലും

കാർമ്മി. കർത്താവാം മിശിഹാവഴിയായ്
ദിവ്യാത്മാവിൻ ദാനങ്ങൾ
സ്നേഹപിതാവാം സകലേശൻ
വിരവൊടു നമ്മിൽ വർഷിച്ചു.

സ്വർല്ലോകത്തിൻ മഹിമയ്ക്കായ്
ദൈവം നമ്മെ വിളിച്ചല്ലോ
അക്ഷയസൗഭഗമാർന്നിടുവാൻ
ദൈവം നമ്മെ നയിച്ചല്ലോ.

"എന്റെ ശരീരം ഭക്ഷിക്കും
എൻ രക്തം പാനം ചെയ്യും
മാനവനെന്നിൽ നിവസിക്കും
അവനിൽ ഞാനും, നിശ്ചയമായ്.

വിധിയിൽ വീഴാതവനെ ഞാൻ
അന്തിമദിവസമുയിർപ്പിക്കും
നിത്യായുസ്സവനേകും ഞാൻ"
ഏവം നാഥനരുൾ ചെയ്തു.

അരുളിയപോലിന്നീ ബലിയിൽ
പങ്കാളികളാമഖിലർക്കും
ദൈവം കനിവാർന്നരുളട്ടെ
ദിവ്യാനുഗ്രഹമെന്നെന്നും.

നമ്മുടെ ജീവിതപാതകളിൽ
ആവശ്യകമാം ദാനങ്ങൾ
നല്കിയനുഗ്രഹമരുളട്ടെ
ദൈവം കരുണയൊടെന്നെന്നും.

www.malankaralibrary.com

ജീവൻ നല്കും ദൈവികമാം
ശുദ്ധിയെഴുന്ന രഹസ്യങ്ങൾ
കൈക്കൊണ്ടവരാമഖിലരിലും
ദൈവം വരനിര ചൊരിയട്ടെ.

കുരിശടയാളം വഴിയായ് നാം
സംരക്ഷിതരായ്ത്തീരട്ടെ
മുദ്രിതരായി ഭവിക്കട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. **ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. പിതാവായ ദൈവം നമ്മുടെ കർത്താവീശോ മിശിഹാ വഴി എല്ലാ ആധ്യാത്മിക ദാനങ്ങളും നല്കി നമ്മെ അനുഗ്രഹിച്ചു. നമ്മുടെ കർത്താവ് തന്റെ രാജ്യത്തിലേക്ക് നമ്മെ ക്ഷണിക്കുകയും അക്ഷയവും അനശ്വരവുമായ സൗഭാഗ്യത്തിലേക്ക് നമ്മെ നയിക്കുകയും ചെയ്തു. അവിടുന്നു തന്റെ ജീവദായകമായ സുവിശേഷംവഴി ശിഷ്യഗണത്തോട് ഇപ്രകാരം അരുൾ ചെയ്തു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും. അവനു ശിക്ഷാവിധി ഉണ്ടാവുകയില്ല. പ്രത്യുത അവൻ മരണത്തിൽനിന്നു നിത്യായുസ്സിലേക്കു പ്രവേശിക്കും." ഈ കുർബാനയിൽ പങ്കുകൊണ്ട നമ്മുടെ സമൂഹത്തെ തന്റെ വാഗ്ദാനമനുസരിച്ചു മിശിഹാ അനുഗ്രഹിക്കുകയും സംരക്ഷിക്കുകയും ചെയ്യട്ടെ. സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യങ്ങളിൽ പങ്കുകൊണ്ടു സന്തുഷ്ടരായ നമ്മെ അവിടുന്നു മഹത്വമണിയിക്കട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരാകട്ടെ. രഹസ്യവും പരസ്യവുമായ എല്ലാ വിപത്തുകളിലും നിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

(സാധാരണദിവസങ്ങളിൽ)

കാർമ്മി. ജീവൻ നല്കും ദൈവികമാം
പരിപാവനമീ ബലിവഴിയായ്
നാഥനു സ്തുതിയും ബഹുമതിയും
നമ്മൾ കാഴ്ച്ചയണച്ചല്ലോ.

പ്രീതി കലർന്നു യുഗാന്ത്യത്തിൽ
സ്വർഗ്ഗീയോർശ്ലം നഗരത്തിൽ
മാലാഖമാരൊത്തു വലം
ഭാഗം നമ്മൾക്കരുളട്ടെ.

നമ്മിൽ ലോകം മുഴുവനിലും
സഭയിലുമവൾതൻ തനയരിലും
നാഥൻ വരനിര ചൊരിയട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. **ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾവഴി നമ്മുടെ കർത്താവീശോമിശിഹായെ നാം ശുശ്രൂഷിക്കുകയും സ്തുതിക്കുകയും ബഹുമാനിക്കുകയും ചെയ്തു. തന്റെ രാജ്യത്തിന്റെ മഹത്ത്വത്തിനും പരിശുദ്ധ മാലാഖമാരോടൊന്നിച്ചുള്ള നിത്യാനന്ദത്തിനും തിരുസന്നിധിയിലുള്ള സംപ്രീതിക്കും സ്വർഗ്ഗീയ ജെറുസലേമിൽ തന്റെ വലത്തുഭാഗത്തുള്ള സ്ഥാനത്തിനും അവിടുന്നു നമ്മെ യോഗ്യരാക്കട്ടെ. നമ്മുടെയും ലോകം മുഴുവന്റെയും തിരുസഭയുടെയും അവളുടെ സന്താനങ്ങളുടെയും മേൽ അവിടുന്നു കൃപയും അനുഗ്രഹവും വർഷിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

www.malankaralibrary.com

## വേറൊന്ന്

കാർമ്മി. തന്റെ ശരീരത്താൽ നമ്മുടെ കടങ്ങൾ പൊറുക്കുകയും രക്തത്താൽ നമ്മുടെ പാപങ്ങളുടെ കറ മായിച്ചുകളയുകയും ചെയ്ത നമ്മുടെ കർത്താവു സഭയിൽ വാഴ്ത്തപ്പെട്ടവനാകട്ടെ. ദൈവത്തിന്റെ അനുഗൃഹീത ജനമേ, കർത്താവിന്റെ മേച്ചിൽസ്ഥലത്തെ അജഗണമേ, നിങ്ങളുടെമേൽ അവിടുന്നു കൃപാവരം ചൊരിയട്ടെ. അവിടുന്നു തന്റെ കാരുണ്യവും അനുഗ്രഹവും നിങ്ങളിൽ വർഷിക്കട്ടെ. അവിടുത്തെ പരിപാലനയുടെ വലംകൈ നിങ്ങളെ സംരക്ഷിക്കുകയും ചെയ്യട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

(മരിച്ചവരുടെ അനുസ്മരണദിവസത്തിൽ)

കാർമ്മി. കർത്താവേ, നിൻ സന്നിധിയിൽ
ഞങ്ങളണയ്ക്കും പ്രാർത്ഥനകൾ
ബലികൾ കാഴ്ചകളനവരതം
കനിവൊടു കൈക്കൊണ്ടരുളണമേ.

ആബേൽ നോഹയുമബ്രാഹം
യോബുമണച്ചൊരു ബലിയിൽ നീ
കൃപയാർന്നതുപോലീബലിയും
കൃപയൊടു തൃക്കൺ പാർക്കണമേ.

ഏലിയാനിവ്യാ ശ്ലീഹന്മാ-
രിവരുടെ ബലിയും വിധവയുടെ
കാണിക്കയതും കൈക്കൊണ്ട
നാഥാ കനിയണമീ ബലിയിൽ.

കർത്താവേ, നിൻ ദാസന്നായ്/
ദാസിക്കായ്/ ദാസർക്കായ്/
തിരുസ്സന്നിധിയിലണച്ചീടും
ബലിയിതു തൃക്കൺ പാർക്കണമേ
മൃതരുടെ പാപം മായ്ക്കണമേ.

www.malankaralibrary.com

കരുണാനിധിയാം കർത്താവേ,
ചേർക്കണമേ നിൻ ദാസനെയും/
ദാസിയെയും/ ദാസരെയും
പരിശുദ്ധന്മാർ മരുവീടും
പരമോന്നതമാം രാജ്യത്തിൽ.

ദിവ്യഗണത്തോടൊത്തനിശം
മഹിമയെഴുന്നൊരു ത്രിത്വത്തിൻ
സ്തുതിഗീതങ്ങളുയർത്തിടുവാൻ
കരുണയൊടിവനിൽ/ ഇവളിൽ/
ഇവരിൽ കനിയണമേ.

ഇന്നീ ബലി നിൻ സന്നിധിയിൽ
അർപ്പിച്ചവരാമഖിലർക്കും
കരുണയൊടേകണമഖിലേശാ ✠
ദിവ്യാനുഗ്രഹമെന്നെന്നും.

സമൂ. **ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥനയുടെ സ്വരം കേൾക്കണമേ. ഞങ്ങളുടെ യാചനകൾ അങ്ങയുടെ സന്നിധിയിൽ എത്തട്ടെ. ഞങ്ങളുടെ ബലികളും കാഴ്ചകളും സ്വീകരിച്ച്, മരിച്ചവരുടെ കടങ്ങൾ പൊറുക്കണമേ. നിഷ്കളങ്കനായ ആബേലിന്റെ ആദ്യബലിപോലെയും നീതിമാനും നിർമ്മലനുമായ നോഹിന്റെയും കർത്താവിൽ വിശ്വാസം അർപ്പിച്ച അബ്രാഹത്തിന്റെയും കഷ്ടതകൾ സഹിച്ച ജോബിന്റെയും സത്യപ്രവാചകനായ ഏലിയായുടെയും സെഹിയോൻശാലയിലെ ശ്ലീഹന്മാരുടെയും ബലികൾപോലെയും വിധവയുടെ കൊച്ചുകാശുപോലെയും അങ്ങയുടെ ദാസനു (ദാസിക്കു/ദാസർക്കു) വേണ്ടിയുള്ള ഈ ബലി കർത്താവേ, കനിവോടെ സ്വീകരിക്കണമേ. അങ്ങയുടെ അഭീഷ്ടം നിറവേറ്റിയ സകല നീതിമാന്മാരോടും കൂടെ ഈ സഹോദരനെ (സഹോദരിയെ/സഹോദരരേ) സ്വർഗ്ഗീയമണവറയ്ക്കു യോഗ്യനാ (യോഗ്യയാ/യോഗ്യരാ)ക്കണമേ.

www.malankaralibrary.com

കർത്താവേ, അങ്ങയുടെ ദാസനു (ദാസിക്കു/ദാസർക്കു) വേണ്ടിയുള്ള ഈ ബലി സ്വീകരിക്കുകയും ഈ ആളുടെയും (ഇവരുടെയും) ഈ ആളുടെ (ഇവരുടെ) സ്നേഹിതരുടെയും കടങ്ങൾ പൊറുക്കുകയും അപരാധങ്ങൾ മായിക്കുകയും ചെയ്യണമേ. കാരുണ്യവാനായ കർത്താവേ, അങ്ങയുടെ ഈ എളിയ ദാസനെ (ദാസിയെ/ദാസരെ) അങ്ങയുടെ വലത്തു ഭാഗത്ത്, നീതിമാന്മാരോടുകൂടെ സ്വർഗ്ഗീയ മണവറയിൽ വസിക്കുവാൻ യോഗ്യനാ(യോഗ്യയാ/ യോഗ്യരാ)ക്കണമേ. സ്തുത്യർഹവും ഭാഗ്യപൂർണ്ണവുമായ സ്ഥലത്ത് ഈ സഹോദരനെ (സഹോദരിയെ/സഹോദരരെ) സ്മരിക്കുകയും നിത്യാശ്വാസം നല്കി ആനന്ദിപ്പിക്കുകയും ചെയ്യണമേ. അവിടെ ഈ ആൾ (ഇവർ) ത്രിയേകദൈവത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും എന്നേക്കും സമർപ്പിക്കട്ടെ. ഈ തിരുക്കർമ്മത്തിൽ സംബന്ധിച്ച നിങ്ങൾ എല്ലാവരും ദൈവാനുഗ്രഹത്താൽ പാപമോചനത്തിനു യോഗ്യരാകുകയും ചെയ്യട്ടെ. ഞങ്ങളുടെ കർത്താവേ, ഈ സമൂഹത്തെയും ഈ ഭവനത്തെയും, ഞങ്ങളെല്ലാവരെയും സമൃദ്ധമായി ആശീർവ്വദിക്കണമേ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

കാർമ്മികൻ മദ്ബഹയുടെ മധ്യത്തിൽവന്ന് താഴെവരുന്ന വിടവാങ്ങൽപ്രാർത്ഥന ചൊല്ലി ആചാരം ചെയ്തതിനുശേഷം / ബലിപീഠം ചുംബിച്ചതിനുശേഷം ആർച്ചുഡീക്കനോടും ശുശ്രൂഷികളോടും സഹായികളോടുംകൂടെ സങ്കീർത്തിയിലേക്കു മടങ്ങുന്നു.

### വിടവാങ്ങൽ പ്രാർത്ഥന

കാർമ്മി. വിശുദ്ധീകരണത്തിന്റെ ബലിപീഠമേ സ്വസ്തി! ഞങ്ങളുടെ കർത്താവിന്റെ കബറിടമേ സ്വസ്തി! നിന്നിൽനിന്നു ഞാൻ സ്വീകരിച്ച കുർബാന കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ. ഇനി ഒരു ബലി അർപ്പിക്കുവാൻ ഞാൻ വരുമോ ഇല്ലയോ എന്നറിഞ്ഞുകൂടാ.

www.malankaralibrary.com

# വിശുദ്ധ കുർബാനയിലെ മാറിവരുന്ന പ്രാർത്ഥനകൾ
## (PROPRIA)

## മംഗലവാർത്തക്കാലം
### പ്രാരംഭപ്രാർത്ഥന

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പുത്രനായ മിശിഹാ തന്റെ മനുഷ്യാവതാരംവഴി രക്ഷാകരവാഗ്ദാനം പൂർത്തിയാക്കിയതിനെ ഓർത്ത് ഞങ്ങൾ അങ്ങ യെ സ്തുതിക്കുന്നു. മിശിഹായിലൂടെ അങ്ങുമായി ഞങ്ങളെ രമ്യതപ്പെടുത്തി ദൈവപുത്രസ്ഥാനത്തിന് അർഹരാക്കിയ അങ്ങയുടെ അനന്തകാരുണ്യത്തെ ഞങ്ങൾ വാഴ്ത്തുന്നു. മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേ ണ്ടി ഈ പരിശുദ്ധ കുർബാന യോഗ്യതാപൂർവ്വം അർപ്പിക്കു വാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അതുവഴി രക്ഷയുടെ ഫലങ്ങൾ ഞങ്ങളിൽ സ്ഥിരീകരിക്കുന്നതിനും ഇടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ**

### സങ്കീർത്തനമാല (മർമ്മീസ) 96, 97, 98

സങ്കീർത്തനം 98

*(രീതി: കർത്താവേ, മമ രാജാവേ...)*

**കർത്താവിന്നപദാനങ്ങൾ**
**വാഴ്ത്തുക പുതിയൊരുഗാനത്തിൽ**
**അത്ഭുതകരമാമവിടുത്തെ**
**കൃത്യാവലികൾ വർണ്ണിപ്പാൻ.**

**ഭൂതലമഖിലം സാമോദം**
**നാഥനു ഗീതികൾ പാടട്ടെ**
**പ്രീതിയോടാർത്തുവിളിച്ചീടാം**
**പാടാം നാഥനു സ്തുതിഗീതം.**

www.malankaralibrary.com

**ഇമ്പമൊടിന്നുമുഴക്കീടാം**
**കൊമ്പും കുഴലും കിന്നരവും**
**വാദ്യവിശേഷപരമ്പരയാൽ**
**വാഴ്ത്തുകരാജമഹോന്നതനെ**

**ആനന്ദത്തിരമാലകളായ്**
**ആർത്തുവിളിക്കാം സന്നിധിയിൽ**
**ആഴിയുമതിലെ ജീവികളും**
**ഊഴിയുമതിലെ നിവാസികളും**

**സ്വരമുച്ചത്തിലുയർത്തട്ടെ**
**കരഘോഷത്താലരുവികളും**
**ഒരുമിച്ചാർത്തുവിളിക്കട്ടെ**
**ഗിരിശിഖരങ്ങൾ തിരുമുമ്പിൽ**

**താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേൻ ആമ്മേനനവരതം.**

*(അല്ലെങ്കിൽ)*

**സങ്കീർത്തനം 98**

കാർമ്മി. കർത്താവിന് ഒരു പുതിയ കീർത്തനമാലപിക്കുവിൻ. അവിടുന്ന് അത്ഭുതകൃത്യങ്ങൾ ചെയ്തിരിക്കുന്നു.

സമൂ. ലോകരക്ഷകനായ മിശിഹായേ, / നിന്റെ ആഗമനം അനുഗൃഹീതമാകുന്നു. / മാലാഖമാരോടുകൂടെ നിന്നെ സ്തുതിക്കുവാൻ/ നീ ഞങ്ങളെ യോഗ്യരാക്കി.

കാർമ്മി. ഭൂമി മുഴുവൻ കർത്താവിന് ആനന്ദഗീതം ആലപിക്കട്ടെ. ആഹ്ലാദാരവത്തോടെ അവിടുത്തെ സ്തുതിക്കുവിൻ.

സമൂ. കിന്നരം മീട്ടി കർത്താവിന് സ്തുതികളാലപിക്കുവിൻ. വാദ്യഘോഷത്തോടെ അവിടുത്തെ പുകഴ്ത്തുവിൻ.

കാർമ്മി. കൊമ്പും കാഹളവും മുഴക്കി രാജാവായ കർത്താവിന്റെ സന്നിധിയിൽ ആനന്ദം കൊണ്ട് ആർപ്പിടുവിൻ.

www.malankaralibrary.com

സമൂ. സമുദ്രവും അതിലുള്ളവയും ഭൂമിയും അതിലെ നിവാസികളും/ ഉച്ചത്തിൽ സ്വരം ഉയർത്തട്ടെ.

കാർമ്മി. ജലപ്രവാഹങ്ങൾ കരഘോഷം മുഴക്കട്ടെ. കർത്താവിന്റെ മുമ്പിൽ പർവ്വതങ്ങൾ ഒത്തൊരുമിച്ച് ആനന്ദഗീതമാലപിക്കട്ടെ.

സമൂ. അവിടുന്ന് ഭൂമിയെ വിധിക്കാൻ വരുന്നു. അവിടുന്ന് ലോകത്തെ നീതിയോടും/ ജനതകളെ ന്യായത്തോടുംകൂടി വിധിക്കും.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി. ലോകരക്ഷകനായ മിശിഹായേ, നിന്റെ ആഗമനം അനുഗൃഹീതമാകുന്നു. മാലാഖമാരോടുകൂടെ നിന്നെ സ്തുതിക്കുവാൻ നീ ഞങ്ങളെ യോഗ്യരാക്കി.

## മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

ഗായക I. ***ദിനംതോറും അവന്റെ രക്ഷയെ പ്രഘോഷിക്കുവിൻ.***

**രക്ഷാകരമാം വാർത്തയിതേവം മറിയം കൈക്കൊണ്ടു**
**അതിനാൽ ദൈവികശക്തിനിറഞ്ഞു മറിയത്തിൽ**
**ദൈവാരൂപിയിറങ്ങിവസിച്ചു ഉദരത്തിൽ**
**അംഗനമാരിൽ ധന്യതയവളിൽ പൂരിതമായ്**
**ചിപ്പിയിൽ മുത്തുകണക്കേയീശോ ശിശുവായ് കന്യകയിൽ**

ഗായക II. ***ജനതകളുടെ മധ്യത്തിൽ അവന്റെ മഹത്ത്വത്തെ വെളിപ്പെടുത്തുവിൻ***

**രക്ഷാകരമാം വാർത്തയിതേവം...**

ഗായക I. ***പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി***

**തിരുസഭ കുരിശാൽ സംരക്ഷിതമായ് തീരണമെന്നാളും**
**വൈരിഗണത്തിൽനിന്നാജനനി രക്ഷിതയായ്**

www.malankaralibrary.com

**പ്രഭയും മഹിമയുമൊരുപോൽ സ്തുതിയും നിറയട്ടെ**
**അവളിൽ നാഥാ നിത്യം ശാന്തി വളർന്നീടുവാൻ**
**കാക്കണമവളുടെ സുതരെയെന്നെന്നും കൃപ വഴിയായ്**
ഗായക II. *ആദിമുതൽ എന്നേക്കും, ആമ്മേൻ.*
**തിരുസഭ കുരിശാൽ സംരക്ഷിതമായ് തീരണമെന്നാളും...**

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.

മംഗലവാർത്തക്കാലമിതിൽ
കീർത്തനമൊന്നായ് പാടിടുവിൻ
നിസ്തുലമാം തൻ ചെയ്തികളാൽ
നാഥനുസമനായില്ലാരും
വാഴ്ത്തീടാം നിത്യം തിരുനാമം.

ശുശ്രൂ II. **തൻമഹിമാവല്ലോ**
**വാനിലുമൂഴിയിലും**
**തിങ്ങിവിളങ്ങുന്നു**

സമൂ. **മംഗലവാർത്തക്കാലമിതിൽ...**

ശുശ്രൂ I. **ജനതകളവിടുത്തെ**
**മഹിമകൾ പാടുന്നു**
**താണുവണങ്ങുന്നു**

സമൂ. **മംഗലവാർത്തക്കാലമിതിൽ...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. **മംഗലവാർത്തക്കാലമിതിൽ...**

www.malankaralibrary.com

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. **മംഗലവാർത്തക്കാലമിതിൽ...**

## ഹല്ലേലുയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**അത്യുന്നതനാം കർത്താവിനെ നാം
സ്തോത്രം പാടി നമിക്കണമെന്നും.**

**ക്രോവേന്മാരാൽ പരിസേവിതനേ,
നിന്റെ വെളിച്ചം തെളിയണമെങ്ങും.**

**കരുണാമയനേ, നിന്റെ ജനത്തിനു
നിന്നെത്തന്നെ വെളിവാക്കണമേ.**

**താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.ആദത്തിന്റെ പാപംമൂലം അധഃപതിച്ച മനുഷ്യർക്കു രക്ഷകനായി വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായേ, ഞങ്ങൾക്കു പാപമോചനവും രക്ഷയും നല്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. പൂർവപിതാക്കന്മാർ പ്രത്യാശയോടെ പാർത്തിരുന്ന മിശിഹായേ, കൃപാവരങ്ങൾ നല്കി തിരുസ്സഭയെ ധന്യമാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. മനുഷ്യാവതാരംവഴി ഞങ്ങളുടെ നിത്യപുരോഹിതനായ മിശിഹായേ, ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. പൂർവപിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും രക്ഷകനായ മിശിഹായെ സ്വീകരിക്കുവാൻ ജനഹൃദയങ്ങളെ സജ്ജമാക്കിയ കർത്താവേ, ഈ മംഗലവാർത്തക്കാലത്തിൽ അങ്ങുതന്നെ ഞങ്ങളുടെ ഹൃദയത്തെയും ഒരുക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. സ്വർഗത്തിന്റെ കവാടം ഞങ്ങൾക്ക് തുറന്നു തരുവാൻ മനുഷ്യനായി അവതരിച്ച മിശിഹായേ, നിന്റെ ആഗമനം പ്രഘോഷിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. മനുഷ്യാവതാരം വഴി മനുഷ്യവംശത്തെ മഹത്വമണിയിച്ച മിശിഹായേ, ഞങ്ങളുടെ കുടുംബങ്ങളെ നിത്യസ്നേഹ ചൈതന്യത്താൽ ധന്യമാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

www.malankaralibrary.com

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി. കർത്താവായ ദൈവമേ, തികഞ്ഞ പ്രത്യാശയോടു കൂടി അങ്ങയുടെ തിരുക്കുമാരന്റെ പിറവിത്തിരുനാളിനൊരുങ്ങുന്ന ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. അങ്ങേക്കു പ്രിയങ്കരമായവ ചെയ്യുവാനും ത്യാഗപൂർണ്ണമായ ജീവിതത്തിലൂടെ ഞങ്ങളുടെ ഹൃദയങ്ങളിൽ മിശിഹായ്ക്കു വഴിയൊരുക്കുവാനും സഹായിക്കേണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)*

*നിനക്കു ഞാൻ സമാധാനം ആശംസിക്കും*

ദൈവിക വചനങ്ങൾ
മറിയം കേൾക്കുകയാൽ
ധന്യത കൈവന്നു
ദൈവകുമാരനു മാതാവായ്
മറിയം പാവന റൂഹായാൽ
മർത്യനു ശാന്തി പകർന്നിടുവാൻ
നിതരാം രക്ഷ പുലർത്തിടുവാൻ
വന്നവനാം നിന്നെ വാഴ്ത്തീടാം.

*നിന്റെ ശക്തിയാൽ സമാധാനമുണ്ടാകട്ടെ.*

ദൈവിക വചനങ്ങൾ...

*ഈ ആശംസയുടെ അർത്ഥമെന്തെന്ന് അവൾ ആലോചിച്ചു.*

ദൈവിക വചനങ്ങൾ...

*(അല്ലെങ്കിൽ)*

*നിനക്കു ഞാൻ സമാധാനം ആശംസിക്കും*

മാലാഖയുടെ വാക്കുകൾ കേട്ട മറിയം അസ്വസ്ഥയായി. അവൾ പുരുഷനെ അറിയാതിരിക്കെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ

www.malankaralibrary.com

ഗർഭം ധരിച്ചു. അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും. മനുഷ്യനായി അവതരിക്കുകയും മനുഷ്യവംശത്തിന് സമാശ്വാസം നല്കുകയും ചെയ്ത ഏകജാതൻ വാഴ്ത്തപ്പെട്ടവനാകട്ടെ.

*നിന്റെ ശക്തിയാൽ സമാധാനമുണ്ടാകട്ടെ.*
മാലാഖയുടെ വാക്കുകൾ കേട്ട...

*ഈ ആശംസയുടെ അർത്ഥമെന്തെന്ന് അവൾ ആലോചിച്ചു.*
മാലാഖയുടെ വാക്കുകൾ കേട്ട...

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. കർത്താവേ, നിൻ മാംസനിണങ്ങൾ**
**കൈക്കൊള്ളാൻ നീ വന്നുവിളിപ്പൂ.**
**ദൈവികരാജ്യം നേടാനും നീ**
**യോഗ്യത നല്കി കരുണാപൂർവം**

*(അല്ലെങ്കിൽ)*

സമൂ. കർത്താവേ, നിന്റെ തിരുശരീരരക്തങ്ങൾ സ്വീകരിക്കുവാൻ ഞങ്ങളെ നീ അനുഗ്രഹിച്ചു. നിന്റെ രാജ്യത്തിലേക്കു കാരുണ്യപൂർവം ഞങ്ങളെ ക്ഷണിക്കുകയും ചെയ്തു.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ. നിത്യപിതാവേ, തിരുസുതനാൽ നീ**
**രക്ഷ പകർന്നു, മർത്യനു മന്നിൽ.**
**കനിയണമെന്നും കൈക്കൊള്ളാനീ**
**ദിവ്യരഹസ്യം യോഗ്യതയോടെ.**

*(അല്ലെങ്കിൽ)*

ശുശ്രൂ. സഹോദരരേ, മിശിഹായുടെ തിരുശരീരരക്തങ്ങൾ സ്വീകരിച്ച് അവിടുത്തെ മഹത്ത്വത്തിൽ പങ്കുകാരാകുവിൻ.

www.malankaralibrary.com

# കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. കർത്താവായ ദൈവമേ, അങ്ങയുടെ കരുണയാൽ ഞങ്ങളെ പാപങ്ങളിൽനിന്നു മോചിച്ച് അങ്ങയെ സ്തുതിക്കുവാനും ആരാധിക്കുവാനും യോഗ്യരാക്കി. മിശിഹായുടെ ശരീരവും രക്തവുംകൊണ്ട് അങ്ങു ഞങ്ങളെ പരിപോഷിപ്പിക്കുകയും അങ്ങയുടെ രാജ്യത്തിലേക്കു ക്ഷണിക്കുകയും ചെയ്തു. ഈ മഹാദാനത്തെക്കുറിച്ച് ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി. ലോകരക്ഷകനായ മിശിഹായേ, ഞങ്ങളെ ദൈവമക്കളാക്കുവാൻ വേണ്ടി മനുഷ്യനായിപ്പിറക്കുകയും പാപാന്ധകാരത്തിൽ നിന്ന് പ്രകാശത്തിന്റെ പാതയിലേക്കു ഞങ്ങളെ നയിക്കുകയും ചെയ്തതിനെ പ്രതി ഞങ്ങൾ നിനക്കു നന്ദി പറയുന്നു. നിന്നെ സ്വീകരിച്ച ഞങ്ങൾ ലോകത്തിൽ പ്രകാശമായിത്തീരുവാനും ദൈവമക്കളായി ജീവിച്ച് നന്മയിലും നീതിയിലും സത്യത്തിലും വ്യാപരിക്കുവാനും കൃപ ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. മനുജകുലത്തിൻ രക്ഷയ്ക്കായ്
മന്നിലണഞ്ഞൊരു ദൈവസുതാ
പാവനമങ്ങേ തിരുനാമം
പൂജിതമങ്ങേ സാന്നിധ്യം

ലോകത്തിന്റെ പ്രകാശം നീ
മർത്യകുലത്തിൻ ശരണം നീ
സ്തുത്യർഹൻ നീ മിശിഹായേ,
നിത്യവുമങ്ങയെ വാഴ്ത്തുന്നു.

www.malankaralibrary.com

ദൈവത്തിൻ ജനമേ, നിങ്ങൾ
മംഗലവാർത്തക്കാലത്തിൽ
നന്മതെളിക്കും പാതകളിൽ
യോഗ്യതയോടെ നീങ്ങിടുവിൻ

രക്ഷകനാഗതനാകുമ്പോൾ
തന്നുടെ കൃപകൾ നേടിടുവിൻ
ദൈവം വരനിര ചൊരിയട്ടെ ✠
ഇപ്പോഴുമെപ്പൊഴുമെന്നേക്കും.

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. നമ്മെ രക്ഷിക്കുവാൻ വേണ്ടി മനുഷ്യനായി അവതരിച്ച നമ്മുടെ കർത്താവ് സഭയിൽ വാഴ്ത്തപ്പെട്ടവനാകട്ടെ. ലോകത്തിന്റെ പ്രകാശവും മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയുമായ മിശിഹായെ നമുക്കു സ്തുതിക്കാം. ദൈവത്തിന്റെ ജനമേ, രക്ഷയുടെ ദിവസം സമാഗതമാകുമ്പോൾ രക്ഷകനെ സ്വീകരിക്കുവാൻ നിങ്ങൾ യോഗ്യരാകട്ടെ. നന്മയെ മുറുകെപ്പിടിക്കുകയും തിന്മയിൽ നിന്ന് ഓടിയകലുകയും ചെയ്യുവാൻ അവിടുന്ന് തന്റെ കാരുണ്യവും അനുഗ്രഹവും നിങ്ങളിൽ വർഷിക്കട്ടെ. സമാധാനത്തിന്റെ ദൈവം ഈ മംഗലവാർത്തക്കാലത്ത് നിങ്ങളെ പൂർണ്ണമായി വിശുദ്ധീകരിക്കുകയും ചെയ്യട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# പിറവിക്കാലം

## പ്രാരംഭപ്രാർത്ഥന

കാർമ്മി. കർത്താവായ ദൈവമേ, അങ്ങയുടെ അനന്തകാരുണ്യത്തെ ഞങ്ങൾ വാഴ്ത്തുന്നു. ദൈവമായിരുന്നിട്ടും തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ച മിശിഹാ, സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ചൈതന്യം കൊണ്ട് നമ്മെ നിറയ്ക്കട്ടെ. മനുഷ്യനായി അവതരിച്ച മിശിഹായെ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായി സ്വീകരിച്ച് നമുക്കാരാധിക്കാം. ഈ വിശുദ്ധരഹസ്യങ്ങൾ ഭക്തിയോടെ പരികർമ്മം ചെയ്യുവാനും പരിത്രാണകർമ്മത്തിന്റെ ഫലങ്ങൾ നേടുവാനും ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ**

### സങ്കീർത്തനമാല (മർമ്മീസ) 96, 97, 98

### സങ്കീർത്തനം 97

*(രീതി: കർത്താവേ, മമരാജാവേ...)*

കർത്താവെന്നും വാഴുന്നു
നിത്യം ഭൂമിക്കാമോദം
ആനന്ദത്തിൽ മുഴുകട്ടെ
ദ്വീപസമൂഹവുമനവരതം.

മെഴുകായുരുകിയൊലിക്കുന്നു
മഹിയിൽ പർവതനിരയെല്ലാം
കർത്താവേ, നീ ഭൂലോകം
കൈകളിലല്ലോ താങ്ങുന്നു.

നിസ്തുലമാകും തൻ നീതി
ഉദ്ഘോഷിക്കുന്നാകാശം
ജനതകളെല്ലാമവിടുത്തെ
മഹിമകൾ കണ്ടു നമിക്കുന്നു.

www.malankaralibrary.com

സർവചരാചരപാലകനാം
സകലേശാ, നീയുന്നതനാം
എല്ലാ ദേവഗണങ്ങളിലും
വല്ലഭനുന്നതനല്ലോ നീ.

നീതിയിൽ വാഴും മാനവരേ,
മോദിച്ചീടുക കർത്താവിൽ
നന്ദിയൊടാതിരുനാമത്തെ
എന്നും വാഴ്ത്തി നമിച്ചിടുവിൻ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

*(അല്ലെങ്കിൽ)*

കാർമ്മി. കർത്താവ് വാഴുന്നു / ഭൂമി സന്തോഷിക്കട്ടെ / ദ്വീപ സമൂഹങ്ങൾ ആനന്ദിക്കട്ടെ.

സമൂ. ലോകരക്ഷകനായ മിശിഹായേ, നിന്റെ ആഗമനം അനുഗൃഹീതമാകുന്നു. മാലാഖാമാരോടുകൂടി നിന്നെ സ്തുതിക്കുവാൻ, നീ ഞങ്ങളെ യോഗ്യരാക്കി.

കാർമ്മി. ഭൂമി മുഴുവന്റെയും അധിപനായ കർത്താവിന്റെ മുമ്പിൽ പർവ്വതങ്ങൾ മെഴുകുതിരിപോലെ ഉരുകുന്നു.

സമൂ. ആകാശം അവിടുത്തെ നീതിയെ പ്രഘോഷിക്കുന്നു എല്ലാ ജനതകളും അവിടുത്തെ മഹത്ത്വം ദർശിക്കുന്നു.

കാർമ്മി. കർത്താവേ, അങ്ങ് ഭൂമി മുഴുവന്റെയും അധിപനാണ്. എല്ലാ ദേവന്മാരെയുംകാൾ ഉന്നതനാണ്.

സമൂ. തിന്മയെ ദ്വേഷിക്കുന്നവനെ കർത്താവ് സ്നേഹിക്കുന്നു, അവിടുന്ന് തന്റെ ഭക്തരുടെ ജീവനെ പരിപാലിക്കുന്നു. ദുഷ്ടരുടെ കൈയിൽ നിന്ന് അവരെ മോചിക്കുന്നു.

കാർമ്മി. നീതിമാന്മാരുടെമേൽ പ്രകാശം ഉദിച്ചിരിക്കുന്നു. പരമാർത്ഥ ഹൃദയർക്ക് സന്തോഷം ഉദിച്ചിരിക്കുന്നു.

www.malankaralibrary.com

സമൂ. നീതിമാന്മാരേ, കർത്താവിൽ ആനന്ദിക്കുവിൻ. അവിടുത്തെ വിശുദ്ധ നാമത്തിനു കൃതജ്ഞതയർപ്പിക്കുവിൻ.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി. ലോകരക്ഷകനായ മിശിഹായേ, നിന്റെ ആഗമനം അനുഗൃഹീതമാകുന്നു. മാലാകാമാരോടുകൂടി നിന്നെ സ്തുതിക്കുവാൻ / നീ ഞങ്ങളെ യോഗ്യരാക്കി.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

ഗായക I. *ജനതകളേ, നിങ്ങളെല്ലാം ഇതു ശ്രവിക്കുവിൻ.*

വരുവിൻ നിങ്ങൾ നാഥനുപാടാൻ നിതരാം സ്തുതിഗീതം
ഒരുമയോടേവം സാദരമിപ്പോൾ വാഴ്ത്തീടാം
അജ്ഞതയാകും കൂരിരുൾ ദൂരെ നീക്കിടുവാൻ
നീരാളങ്ങൾ നീളെ വിരിക്കാൻ കഴിയണമേ
നിസ്തുലമാകും സ്നേഹം കൈവരുവാൻ പ്രാർത്ഥിക്കേണം

ഗായക II. *അവന്റെ ജനത്തോടൊത്ത് ആർത്തുവിളിക്കുവിൻ.*

വരുവിൻ നിങ്ങൾ നാഥനുപാടാൻ നിതരാം സ്തുതിഗീതം...

ഗായക I. *പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി*

സ്ലീവായെന്നും നന്മവിടർത്താൻ കാരണമാകട്ടെ
അതുവഴി മാനവരെല്ലാം ശാന്തിപുല്കിടുവാൻ
മിശിഹാനാഥാ, കുരിശാലഭയം നല്കണമേ
കോട്ടയതെന്നും തിന്മകളെല്ലാം നീക്കിടുവാൻ
ദുഷ്ടനെയും കെണികളുമാ കൃപവഴി നാം വിജയിച്ചീടാൻ

ഗായക II. *ആദിമുതൽ എന്നേക്കും, ആമ്മേൻ.*

സ്ലീവായെന്നും നന്മവിടർത്താൻ കാരണമാകട്ടെ...

www.malankaralibrary.com

## പ്രകീർത്തനം (ശൂറായ)
*(രീതി: അംബരമനവരതം)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.
സ്വർഗ്ഗനിവാസികൾ സാമോദം
കർത്താവിൻ സ്തുതിപാടട്ടെ
ഉദ്ഘോഷിക്കുക ദൈവത്തിൻ
ശക്തിയുമതുപോൽ മഹിമകളും
തിരുജനനം വാഴ്ത്താം സാമോദം.

ശുശ്രൂ I. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ. സ്വർഗ്ഗനിവാസികൾ സാമോദം...**

ശുശ്രൂ II. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. സ്വർഗ്ഗനിവാസികൾ സാമോദം...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. സ്വർഗ്ഗനിവാസികൾ സാമോദം...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. സ്വർഗ്ഗനിവാസികൾ സാമോദം...**

## ഹല്ലേലുയ്യാഗീതം (സൂമാറ)
*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**കർത്താവന്നുമൊഴിഞ്ഞു, നീയെൻ**
**പുത്രൻ, നിന്നെ ജനിപ്പിച്ചു ഞാൻ**
**അതിനാലെന്തും ചോദിക്കുക നീ**
**അവയെല്ലാം ഞാനരുളും വേഗം**
**ജനനിരയെല്ലാം നിന്നവകാശം**
**ഭൂവിന്നതിരുകൾ നിൻ കരതാരിൽ**
**താതനുമതുപോൽ സുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**
**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**
**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടി നിന്ന് മനുഷ്യനായി പിറന്ന മിശിഹായെ ധ്യാനിച്ചു കൊണ്ട് 'ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു' എന്ന് ഏറ്റുപറയാം.

**സമൂ. ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.**

ശുശ്രൂ.വിനീതരായ ആട്ടിടയരെയും വിജ്ഞാനികളായ ശാസ്ത്രജ്ഞരെയും ദിവ്യശിശുവിന്റെ സവിധത്തിലേക്കു നയിച്ച ദൈവമേ,

**സമൂ. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.**

ശുശ്രൂ.തന്റെ തിരുക്കുമാരന്റെ മനുഷ്യാവതാരം വഴി എളിമയുടെയും ദാരിദ്ര്യത്തിന്റെയും മാതൃക കാട്ടുകയും സമാധാനവും പ്രത്യാശയും നല്കി ലോകത്തെ അനുഗ്രഹിക്കുകയും ചെയ്ത ദൈവമേ,

**സമൂ. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.**

ശുശ്രൂ. പാപംമൂലം അടയ്ക്കപ്പെട്ട പറുദീസായുടെ വാതിൽ തുറന്നു തരുന്നതിനും മനുഷ്യശരീരമെടുത്ത് ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുന്നതിനും അങ്ങയുടെ പ്രിയസുതനെ അയച്ച ദൈവമേ,

**സമൂ. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.**

ശുശ്രൂ.തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഏവരും നശിച്ചു പോകാതെ അവർക്കു നിത്യജീവനുണ്ടാകേണ്ടതിന് അവനെ നല്കുവാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ച ദൈവമേ,

**സമൂ. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.**

ശുശ്രൂ.ദാസന്റെ വേഷം ധരിച്ചു കാലിത്തൊഴുത്തിൽ പിറന്ന ദിവ്യസുതൻ വഴി പതിതരെയും പാവപ്പെട്ടവരെയും തന്നിലേക്കടുപ്പിച്ച ദൈവമേ,

**സമൂ. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.**

ശുശ്രൂ.മനുഷ്യാവതാരംവഴി ഞങ്ങളുടെ നിത്യപുരോഹിതനായ മിശിഹായേ, ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കുന്ന ദൈവമേ,

**സമൂ. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.**

ശുശ്രൂ.നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ.ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി.കർത്താവായ ദൈവമേ, ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കാൻ അങ്ങയുടെ തിരുക്കുമാരനെ നല്കിയതിന് അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു. നിത്യകന്യകയായ മറിയത്തോടും നീതിമാനായ യൗസേപ്പിനോടും വിനീതരായ ആട്ടിടയരോടും ചേർന്ന് ഞങ്ങളും ദിവ്യപൈതലിനെ സ്വീകരിച്ച് ആരാധിക്കുന്നു. ദൈവമക്കൾക്ക് ഉചിതമായ ജീവിതം

www.malankaralibrary.com

നയിക്കാൻ ഞങ്ങളെ സഹായിക്കണമേ. മനുഷ്യാവതാരത്താൽ ധന്യരായ ഞങ്ങളുടെ ചിന്തയിലും പ്രവൃത്തിയിലും മിശിഹാ അവതീർണ്ണനാകുവാൻ അനുഗ്രഹിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)*

*ആകാശമണ്ഡലത്തിൽ കർത്താവിനെ സ്തുതിക്കുവിൻ.*

ധരയും വാനിടവും
നിന്നെ വണങ്ങുന്നു
നാഥാ, സകലേശാ
കന്യാതനയൻ വഴിയന്നീ
ഭൂമിയെ നൂതനമാക്കീ നീ
വാനവദൂതർ ശാന്തിയുമായ്
വാനിൽ വന്നു നിരന്നപ്പോൾ
പൂരിതമായ് ലോകം കൃപയാലേ

*സ്വർഗ്ഗം സന്തോഷിക്കുകയും ഭൂമി ആഹ്ലാദിക്കുകയും ചെയ്യട്ടെ.*

ധരയും വാനിടവും...

*ആകാശവും ഭൂമിയും അവനെ പ്രകീർത്തിക്കുന്നു.*

ധരയും വാനിടവും...

*(അല്ലെങ്കിൽ)*

*ആകാശമണ്ഡലത്തിൽ കർത്താവിനെ സ്തുതിക്കുവിൻ.*

ആകാശവും ഭൂമിയും അവനെ പുകഴ്ത്തട്ടെ. കന്യകയിൽ നിന്നും ജനിച്ച അത്യുന്നതന്റെ പുത്രൻവഴി ആകാശവും ഭൂമിയും നവീകരിക്കപ്പെട്ടു. മാലാഖമാർ സമാധാനം പ്രഘോഷിച്ചപ്പോൾ സൃഷ്ടിജാലം വലിയ പ്രത്യാശയാൽ നിറഞ്ഞു. നമ്മുടെ പാപങ്ങൾ നീക്കിക്കളയുന്നവൻ ബേത്‌ലഹേമിൽ പ്രത്യക്ഷപ്പെട്ടു. പിന്നീടൊരിക്കലും സൃഷ്ടിയുടെ മേൽ മരണം ആധിപത്യം കൈവരിച്ചില്ല. കർത്താവേ, നിന്റെ ജനനത്തിൽ

www.malankaralibrary.com

ആകാശവും ഭൂമിയും ആഹ്ലാദിക്കുന്നു. ഞങ്ങളുടെ രക്ഷകനായ നിനക്കു സ്തുതി.

*സ്വർഗ്ഗം സന്തോഷിക്കുകയും ഭൂമി ആഹ്ലാദിക്കുകയും ചെയ്യട്ടെ.*

ആകാശവും ഭൂമിയും അവനെ പുകഴ്ത്തട്ടെ...

*ആകാശവും ഭൂമിയും അവനെ പ്രകീർത്തിക്കുന്നു.*

ആകാശവും ഭൂമിയും അവനെ പുകഴ്ത്തട്ടെ...

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. ദിവ്യരഹസ്യം നല്കുന്നവനാം
ദൈവകുമാരനു നന്ദിയുണർത്താം.
വിസ്മയപൂർവം സ്തുതികൾ പാടി
വാഴ്ത്തുകയായി വാനവരഖിലം
നിത്യം ദൈവമനാദിമുതൽക്കേ
അതിമഹനീയൻ പരിശുദ്ധനുമാം.**

*(അല്ലെങ്കിൽ)*

സമൂ. മനുഷ്യനായി അവതരിക്കുകയും തന്റെ ദിവ്യരഹസ്യങ്ങൾ നമ്മുടെ വംശത്തിനു നല്കുകയും ചെയ്ത ദൈവപുത്രന് നമുക്കു നന്ദി പറയാം. മാലാഖമാരുടെ വൃന്ദങ്ങൾ വിസ്മയപൂർവം നമ്മോടൊത്തു സ്തുതിച്ചുകൊണ്ട് ഉദ്ഘോഷിക്കുന്നു. കർത്താവ് പരിശുദ്ധനാകുന്നു. ദൈവം പരിശുദ്ധനാകുന്നു. അനാദിമുതലുള്ളവൻ പരിശുദ്ധനും മഹനീയനുമാകുന്നു.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ. ഉദ്ഘോഷിക്കും നിൻകൃപയെന്നും
തലമുറയെല്ലാം വാഴ്ത്തും മോദാൽ
ഭക്തിയോടെന്നും സന്നിധി ചേരാൻ
കൈക്കൊള്ളാം തിരുഗാത്രനിണങ്ങൾ.**

www.malankaralibrary.com

*(അല്ലെങ്കിൽ)*

ശുശ്രൂ.എല്ലാ തലമുറകളും നിന്റെ പ്രവൃത്തികൾ ഉദ്ഘോഷിക്കുകയും നിന്റെ ശക്തി വെളിപ്പെടുത്തുകയും ചെയ്യും. നമുക്കെല്ലാവർക്കും ഭക്ത്യാദരങ്ങളോടെ മിശിഹായുടെ തിരുശരീരരക്തങ്ങൾ സ്വീകരിക്കാം.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. കർത്താവായ ദൈവമേ, ലോകരക്ഷകനായി മിശിഹായെ ഞങ്ങൾക്കു നല്കിയ സ്നേഹാതിരേകത്തിന് ഞങ്ങൾ നന്ദി പറയുന്നു. ജ്ഞാനികൾ സമർപ്പിച്ച കാഴ്ച വസ്തുക്കൾപോലെ ഞങ്ങളുടെ ബലിയും അങ്ങേക്കു സ്വീകാര്യമാകട്ടെ. മിശിഹായുടെ ശരീരരക്തങ്ങൾ സ്വീകരിച്ച് അങ്ങേക്കു സാക്ഷികളാകുവാൻ ഞങ്ങളെ ശക്തരാക്കണമേ. അങ്ങയുടെ ദാനത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി. പിതാവിന്റെ പ്രതിരൂപമായ മിശിഹായേ, നിന്നിൽ പിതാവിനെ കാണുവാനും അവിടുത്തെ രക്ഷാകരപദ്ധതിയിൽ പങ്കുചേരുവാനും ഞങ്ങൾക്ക് ഇടവരുത്തിയതിന് നിനക്കു ഞങ്ങൾ നന്ദിപറയുന്നു. വി. കുർബാനയിലൂടെ നിന്നെത്തന്നെ ഞങ്ങൾക്കു ഭക്ഷണപാനീയങ്ങളായി നല്കിയതിന് ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. രക്ഷയുടെ അച്ചാരമായ ഈ ദിവ്യരഹസ്യങ്ങൾ ഞങ്ങൾക്കു നിത്യസൗഭാഗ്യത്തിനു കാരണമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. ഇരുളിൽ, മരണത്തിൻ നിഴലിൽ
കഴിയുന്നോർക്കു പ്രകാശമതായി
മന്നിലുദിച്ചൊരു മിശിഹായെ
വാഴ്ത്തിപ്പാടി നമിച്ചീടാം

www.malankaralibrary.com

ജ്ഞാനികൾ തേടിയപോൽ നിങ്ങൾ
തേടണമവനെ കണ്ടെത്താൻ
ഇടയാകട്ടെ കാലത്തിൻ
അടയാളങ്ങൾ ദർശിക്കാൻ.

നിങ്ങൾ ചെയ്യും നന്മകളെ
കണ്ടു ജനങ്ങൾ മിശിഹായെ
രക്ഷകനും തിരുനാഥനുമായ്
ഏറ്റുപറഞ്ഞു നമിക്കട്ടെ

നിങ്ങൾക്കും പ്രിയരേവർക്കും
ലോകം മുഴുവനുമലിവോടെ
ദൈവമനുഗ്രഹമരുളട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. അന്ധകാരത്തിൽ നടക്കുന്നവർക്കും മരണത്തിന്റെ നിഴലിൽ വസിക്കുന്നവർക്കുമായി വലിയ പ്രകാശമായി ഉദിച്ച മിശിഹായെ നമുക്കു വാഴ്ത്താം. ജ്ഞാനികൾ രക്ഷകനെ അന്വേഷിച്ചു കണ്ടെത്തിയതുപോലെ നിങ്ങളും ജീവിതത്തിൽ എല്ലാ സാഹചര്യങ്ങളിലും അവിടുത്തെ കണ്ടെത്തട്ടെ. കാലത്തിന്റെ അടയാളങ്ങളും സന്ദേശങ്ങളും വിവേചിച്ചറിഞ്ഞ് അവിടുത്തെ സ്വീകരിക്കുവാൻ നിങ്ങൾക്ക് ഇടയാകട്ടെ. നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് എല്ലാ ജനതകളും ലോകത്തിന്റെ പ്രകാശമായ മിശിഹായെ രക്ഷകനും നാഥനുമായി ഏറ്റുപറയട്ടെ. നിങ്ങളെയും നിങ്ങളുടെ പ്രിയപ്പെട്ടവരെയും ലോകം മുഴുവനെയും അവിടുന്ന് അനുഗ്രഹിക്കട്ടെ. ഇപ്പോഴും എപ്പോഴും ✠ എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# ദനഹാക്കാലം

## പ്രാരംഭപ്രാർത്ഥന

*(ദനഹാത്തിരുനാൾ)*

കാർമ്മി.കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രന്റെ മാമ്മോദീസവേളയിൽ ത്രിത്വൈകരഹസ്യം ഞങ്ങൾക്കു വെളിപ്പെടുത്തിത്തന്ന അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളുടെ രക്ഷകനായ മിശിഹായെ കർത്താവും ദൈവവുമായി ഏറ്റുപറയുവാനും യോഗ്യതയോടെ ഈ പെസഹാരഹസ്യങ്ങൾ പരികർമ്മം ചെയ്യുവാനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ**

*(മറ്റ് ദിവസങ്ങളിൽ)*

കാർമ്മി.കർത്താവായ ദൈവമേ, എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമായി അങ്ങയുടെ പുത്രനെ ലോകത്തിലേക്കയക്കുകയും അവൻ വഴി കൃപയും സത്യവും പ്രാപിക്കുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്ത അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളുടെ വിശ്വാസത്തിന്റെ കർത്താവും മഹാപുരോഹിതനുമായ ഈശോമിശിഹാ ഭരമേല്പിച്ച ഈ ദിവ്യരഹസ്യങ്ങൾ യഥായോഗ്യം പരികർമ്മം ചെയ്യുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ**

### സങ്കീർത്തനമാല (മർമ്മീസ) 96, 97, 98

### സങ്കീർത്തനം 96

*(രീതി: കർത്താവേ, മമരാജാവേ...)*

**കർത്താവിന്നപദാനങ്ങൾ**
**കീർത്തിപ്പിൻ പുതുഗാനത്തിൽ**
**വാഴ്ത്തിപ്പാടി നമിക്കട്ടെ**
**പാർത്തലമെല്ലാമുടയവനെ.**

www.malankaralibrary.com

**കീർത്തിച്ചീടാം തിരുനാമം**
**മാനവരക്ഷയുമതുപോലെ**
**ഘോഷിച്ചീടാം ജനമധ്യേ**
**ദൈവികമഹിമകളൊന്നൊന്നായ്**

**വാഴ്ത്തുക ജനമേ കർത്താവിൻ**
**നിസ്തുലശക്തി മഹത്ത്വങ്ങൾ**
**തിരുനാമത്തിനുചേർന്നവിധം**
**മഹിതസ്തുതികളുയർത്തിടുവിൻ.**

**തൃക്കാഴ്ചകളോടവിടുത്തെ**
**തിരുമുറ്റത്തു പ്രവേശിപ്പിൻ**
**നിർമ്മലവസ്ത്രവിഭൂഷിതരായ്**
**ആരാധിച്ചു വണങ്ങിടുവിൻ.**

**നീതി വിധിക്കും കർത്താവിൻ**
**നാമം ജനതകൾ വാഴ്ത്തട്ടെ**
**വനവൃക്ഷങ്ങൾ വയലുകളും**
**പുളകിതഗീതമുതിർക്കട്ടെ.**

**താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേനാമ്മേനനവരതം.**

*(അല്ലെങ്കിൽ)*

കാർമ്മി. കർത്താവിനു പുതിയ കീർത്തനം ആലപിക്കുവിൻ ഭൂമി മുഴുവൻ കർത്താവിനെ പാടി സ്തുതിക്കട്ടെ.

സമൂ. യോർദ്ദാനിൽ നിന്ന് മാമ്മോദീസ സ്വീകരിക്കുകയും അതു വഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ നീ അനുഗൃഹീതനാകുന്നു.

കാർമ്മി. കർത്താവിനെ പാടിപ്പുകഴ്ത്തുവിൻ. അവിടുത്തെ നാമത്തെ വാഴ്ത്തുവിൻ.

സമൂ. അവിടുത്തെ രക്ഷയെ പ്രതിദിനം പ്രകീർത്തിക്കുവിൻ. ജനതകളുടെ ഇടയിൽ അവിടുത്തെ മഹത്ത്വം പ്രഘോഷിക്കുവിൻ.

www.malankaralibrary.com

കാർമ്മി. ജനപദങ്ങളേ, ഉദ്ഘോഷിക്കുവിൻ, മഹത്ത്വവും ശക്തിയും കർത്താവിന്റേതെന്ന് ഉദ്ഘോഷിക്കുവിൻ.

സമൂ. കർത്താവിന്റെ നാമത്തിനു ചേർന്നവിധം അവിടുത്തെ മഹത്ത്വപ്പെടുത്തുവിൻ.

കാർമ്മി.കാഴ്ചകളുമായി അവിടുത്തെ അങ്കണത്തിൽ പ്രവേശിക്കുവിൻ. വിശുദ്ധ വസ്ത്രങ്ങളണിഞ്ഞ് അവിടുത്തെ ആരാധിക്കുവിൻ.

സമൂ.അവിടുന്ന് ജനതകളെ നീതിപൂർവ്വം വിധിക്കും. ആകാശം ആഹ്ളാദിക്കട്ടെ, ഭൂമി ആനന്ദിക്കട്ടെ.

കാർമ്മി. സമുദ്രവും അതിലുള്ളവയും ആർപ്പുവിളിക്കട്ടെ. വയലും അതിലുള്ളവയും ആഹ്ലാദിക്കട്ടെ.

സമൂ. അപ്പോൾ കർത്താവിന്റെ സന്നിധിയിൽ വനവൃക്ഷങ്ങൾ ആനന്ദഗീതം ഉതിർക്കും.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും ആമ്മേൻ.

കാർമ്മി.യോർദ്ദാനിൽ നിന്ന് മാമ്മോദീസ സ്വീകരിക്കുകയും അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ, നീ അനുഗൃഹീതനാകുന്നു.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

**ഗായക I.** ***എന്റെ കർത്താവായ രാജാവേ, ഞാൻ അങ്ങയെ പുകഴ്ത്തും.***

**കർത്താവേ, നിൻ ബലിപീഠത്തെ വലയം ചെയ്തീടും**
**ക്രോവേവൃന്ദം തിരുവദനം കാണാൻ കഴിയാതെ**
**ഭയവും ഭക്തിയുമാർന്നു തിരുസവിധേ നില്ക്കുന്നു**
**താണുവണങ്ങീടുന്നു ദൈവിക മഹിമകളെ**
**മാനവരെല്ലാമൊരുഗണമനവരതം പാടീടട്ടെ.**

**ഗായക II.** ***ദൈവമേ, അങ്ങയുടെ സിംഹാസനം എന്നും എന്നേക്കും.***

www.malankaralibrary.com

**കർത്താവേ, നിൻ ബലിപീഠത്തെ വലയം ചെയ്തീടും...**

ഗായക I. ***പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**രക്ഷകനീശോ നാഥാ, നിത്യം നിന്നുടെ സ്ലീവായിൽ**
**തേടുന്നഖിലരുമിപ്പോൾ വിശ്വാസം വഴിയായി**
**ജീവനുമതുപോൽ ഭാഗ്യവുമേകും കർത്താവേ,**
**നിൻ കാരുണ്യം ഞങ്ങൾക്കെന്നും രക്ഷയുമായ്**
**നിന്റെ വിശുദ്ധരുമൊന്നായ് വാണീടാൻ കനിയുക നീ**

ഗായക II. ***ആദിമുതൽ എന്നേക്കും, ആമ്മേൻ.***

**രക്ഷകനീശോ നാഥാ, നിത്യം നിന്നുടെ സ്ലീവായിൽ.....**

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.

കർത്താവിൻ തിരുനാമത്തെ
സ്തോത്രം പാടിനമിച്ചിടുവിൻ
വാനവരതുപോൽ മാനവരും
തന്നുടെ മഹിമകൾ കീർത്തിക്കും
വാഴ്ത്തീടാം ദനഹാക്കാലത്തിൽ.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ. കർത്താവിൻ തിരുനാമത്തെ...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. കർത്താവിൻ തിരുനാമത്തെ...**

www.malankaralibrary.com

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. കർത്താവിൻ തിരുനാമത്തെ...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. കർത്താവിൻ തിരുനാമത്തെ...**

## ഹല്ലേലുയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ**

**കീർത്തനഗീതികൾ പാടുക നിങ്ങൾ
നാഥനു മോദാൽ പകലും രാവും**

**വിശ്വസ്തതയിൽ കർത്താവെന്നും
സുസ്ഥിരനാണെന്നറിയുക നിങ്ങൾ**

**ശക്തിയോടെന്നും വൻകൃപ നമ്മിൽ
ചൊരിയും നാഥനെ വാഴ്ത്തിപ്പാടാം**

**താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ**

**ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ**

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

www.malankaralibrary.com

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. 'ഇവൻ എന്റെ പ്രിയപുത്രനാകുന്നു' എന്നു പിതാവിൽ നിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ, കർത്താവും ദൈവവുമായ നിന്നെ ഏറ്റുപറയുവാൻ സഭയെ അനുഗ്രഹിക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ദാസന്റെയും പാപിയുടെയും രൂപം ധരിച്ച മിശിഹായേ, വിനീതമായ സേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. സകല നീതിയും പൂർത്തിയാക്കുവാൻ യോഹന്നാനിൽ നിന്നു മാമ്മോദീസ സ്വീകരിച്ച മിശിഹായുടെ കല്പനകൾ വിശ്വസ്തതാപൂർവം പാലിച്ചുകൊണ്ട് ദൈവഹിതത്തിന് പൂർണ്ണമായി കീഴ്വഴങ്ങുവാൻ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. യോർദ്ദാനിൽ നിന്ന് വെളിപ്പെടുത്തപ്പെട്ട ത്രിത്വൈകരഹസ്യത്തിന്റെ കൂട്ടായ്മയെ മാതൃകയാക്കി ക്രൈസ്തവജീവിതം നയിക്കുവാൻ ഇടയാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ലോകത്തിന്റെ പ്രകാശമായ മിശിഹായിലൂടെ ലഭിച്ച വിശ്വാസത്തിൽ വളരുവാനും സത്പ്രവൃത്തികൾ ചെയ്തുകൊണ്ട് അവിടുത്തെ മഹത്ത്വപ്പെടുത്തുവാനും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

www.malankaralibrary.com

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി. കാരുണ്യവാനായ കർത്താവേ, ലോകരക്ഷയ്ക്കായി മനുഷ്യനായി അവതരിക്കുകയും മാമ്മോദീസവഴി നിന്റെ മഹത്ത്വം ഞങ്ങൾക്കു വെളിപ്പെടുത്തുകയും ചെയ്തുവല്ലോ. ദനഹാക്കാലത്തിൽ ഞങ്ങൾ ആത്മാവിന്റെ വരദാനങ്ങളാൽ നിറയട്ടെ. മാമ്മോദീസയുടെ ഫലങ്ങൾ ധാരാളമായി പുറപ്പെടുവിക്കുവാനും നിനക്കു സജീവസാക്ഷ്യം വഹിക്കുവാനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)*

*കർത്താവിനൊരു പുതിയ കീർത്തനം പാടുവിൻ*

യോർദ്ദാൻ തീരത്തായ്
കണ്ടു ജനനിരകൾ
അദ്ഭുതമുന്നതമാം
സ്വർഗ്ഗത്തിൻ പൊൻവാതിലുകൾ
മഹിമയൊടന്നു തുറന്നല്ലോ
മാടപ്രാവിൻ രൂപത്തിൽ
റൂഹാ താഴെയിറങ്ങുന്നു
പ്രിയസുതനിൽ, പ്രീതൻ ഞാനെന്നും.

*ഭൂമിയും അതിലെ നിവാസികളും*

യോർദ്ദാൻ തീരത്തായ്...

*ദൈവത്തിൽ നിന്നുള്ള സമസ്തവും പുതിയതാകുന്നു*

യോർദ്ദാൻ തീരത്തായ്...

*(അല്ലെങ്കിൽ)*

*കർത്താവിനൊരു പുതിയ കീർത്തനം പാടുവിൻ.*

യോർദ്ദാനിൽ ജനം ഒരു അദ്ഭുതം ദർശിച്ചു. യോഹന്നാൻ ഭയഭക്തിപൂർവ്വം നില്ക്കുന്നതും ദൈവത്തിന്റെ കുഞ്ഞാട് മാമ്മോദീസാ സ്വീകരിക്കുന്നതും സ്വർഗം തുറക്കപ്പെടുന്നതും പരിശുദ്ധാത്മാവ് അവന്റെമേൽ ഇറങ്ങി വസിക്കുന്നതും അവർ കണ്ടു. "ഇവൻ എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു" എന്ന പിതാവിന്റെ സാക്ഷ്യം അവർ കേൾക്കുകയും ചെയ്തു.

*ഭൂമിയും അതിലെ നിവാസികളും*
യോർദ്ദാനിൽ ജനം...

*ദൈവത്തിൽ നിന്നുള്ള സമസ്തവും പുതിയതാകുന്നു*
യോർദ്ദാനിൽ ജനം...

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ.** **വരുവിൻ നാഥനു പാടാം സ്തുതികൾ**
**വിരവിൽ നാഥൻ മോചനമേകി.**

**മാംസനിണങ്ങൾ വാനവദാനം**
**പൊറുതി നമുക്കായ് നല്കിടുവാനായ്**

*(അല്ലെങ്കിൽ)*

സമൂ. വരുവിൻ, നമുക്ക് ഒന്നുചേർന്ന് കർത്താവിനെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യാം. എന്തെന്നാൽ, അവിടുന്ന് നമ്മുടെ വംശത്തെയും ലോകം മുഴുവനെയും ദുഷ്ടാരൂപിയിൽ നിന്നു മോചിക്കുകയും തന്റെ ശരീരരക്തങ്ങളാകുന്ന സ്വർഗീയ ദാനം നമ്മുടെ കടങ്ങളുടെ പൊറുതിക്കായി നല്കുകയും ചെയ്തു. നമുക്കെല്ലാവർക്കും അവിടുത്തോടുകൂടി ആയിരിക്കുകയും കർത്താവിനെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യാം.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ.** **കർത്താവേ, നിൻഗാത്രനിണങ്ങൾ**
**ഭക്ഷണമായ് നീ കനിവൊടു നല്കി.**

**നന്ദി നിനക്കായ് അർപ്പിച്ചീടാൻ**
**നാവുകളെത്രയശക്തം മന്നിൽ.**

*(അല്ലെങ്കിൽ)*

ശുശ്രൂ. കർത്താവേ, നിന്റെ ശരീരരക്തങ്ങൾ ഞങ്ങൾക്കു ഭക്ഷണമായി നല്കി. നിനക്കർഹമായ നന്ദി പ്രകാശിപ്പിക്കുവാൻ ഞങ്ങളുടെ നാവുകൾ അപര്യാപ്തങ്ങളാണ്.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. കർത്താവായ ദൈവമേ, മാമ്മോദീസാവഴി ഞങ്ങളുടെ മനുഷ്യപ്രകൃതിയെ നവീകരിക്കുകയും രക്ഷയുടെ മാർഗ്ഗം വെളിപ്പെടുത്തുകയും ചെയ്ത അങ്ങയെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. ജലത്താലും ആത്മാവിനാലും ഞങ്ങളെ ദൈവമക്കളും മിശിഹായുടെ കൂട്ടവകാശികളുമാക്കിത്തീർക്കുകയും അവിടുത്തെ മരണത്തിലും ഉത്ഥാനത്തിലും പങ്കുകാരാക്കുകയും ചെയ്തുവല്ലോ. മിശിഹായുടെ തിരുശരീരരക്തങ്ങൾ സ്വീകരിക്കുവാൻ അങ്ങ് ഞങ്ങളെ യോഗ്യരാക്കി. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി. ഞങ്ങളുടെ രക്ഷകനും കർത്താവുമായ മിശിഹായേ, മാമ്മോദീസയിലൂടെ നീ ഞങ്ങളുടെ പാപക്കറകൾ കഴുകുകയും ആത്മാവിനാൽ ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്തുവല്ലോ. ദിവ്യരഹസ്യങ്ങളിൽ പങ്കുകാരാക്കി ദൈവിക ജീവനിൽ ഞങ്ങളെ വളർത്തുന്ന നിന്റെ അനന്തകാരുണ്യത്തിന് ഞങ്ങൾ നന്ദി പറയുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. ദൈവം നിത്യസമാരാധ്യൻ
ഭൂവിലയച്ചു തിരുസുതനെ

www.malankaralibrary.com

യോർദ്ദാൻ നദിയിൽ ത്രിത്വത്തിൻ
ദിവ്യരഹസ്യം വെളിവാക്കി
സുതരായ് നമ്മെയുയർത്തിടുവാൻ
പുത്രനെ നല്കി പ്രിയതാതൻ
മാംസനിണങ്ങൾ വഴിയായി
പാപകടങ്ങൾ നീക്കിടുവാൻ.

നമ്മിൽ നിത്യം നിവസിക്കും
പാവനറൂഹാ സത്യത്തിൻ
നിറവിൽ നമ്മെ നയിച്ചീടും,
ശക്തി വളർത്തും കൃപയോടെ,
താതനുമതുപോൽ തിരുസുതനും
കൃപയും സ്നേഹവുമരുളട്ടെ,
റൂഹാകൂടെ വസിക്കട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. രക്ഷകനായ മിശിഹായെ ലോകത്തിലേക്കയയ്ക്കുകയും യോർദ്ദാനിൽ പരിശുദ്ധത്രിത്വത്തിന്റെ രഹസ്യം വെളിപ്പെടുത്തുകയും ചെയ്ത പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. തന്റെ ശരീരരക്തങ്ങളാൽ പാപങ്ങൾ ക്ഷമിച്ച് സ്വർഗ്ഗരാജ്യത്തിന് നമ്മെ അവകാശികളാക്കിയ മിശിഹാ നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവപുത്രസ്ഥാനത്തേക്ക് ഉയർത്തുകയും സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ് നിങ്ങളെ ശക്തിപ്പെടുത്തട്ടെ. ദൈവത്തിന്റെ ജനമേ, നിങ്ങൾ സ്വീകരിച്ച ഈ ദിവ്യരഹസ്യങ്ങൾവഴി തിരുസന്നിധിയിലുള്ള സംപ്രീതിക്കും സ്വർഗ്ഗീയ ജറുസലെമിൽ തന്റെ വലത്തുഭാഗത്തുള്ള സ്ഥാനത്തിനും നിങ്ങൾ യോഗ്യരാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ. ആമ്മേൻ.**

# നോമ്പുകാലം

## പ്രാരംഭപ്രാർത്ഥന

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ തിരുക്കുമാരന്റെ രക്ഷാകരരഹസ്യങ്ങളിൽ ഞങ്ങളെ പങ്കുകാരാക്കുന്നതിനു ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. പാപംമൂലം അകന്നുപോയ ഞങ്ങൾ അനുതപിക്കുന്ന ഹൃദയത്തോടെ പിതാവായ അങ്ങയെ സമീപിക്കുന്നു. മിശിഹായോടുചേർന്ന് എളിമയോടും ഹൃദയവിശുദ്ധിയോടുംകൂടി പരിഹാരത്തിന്റെയും കൃതജ്ഞതയുടെയും ഈ ബലിയർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ**

### സങ്കീർത്തനമാല (മർമ്മീസ) 144, 145, 146

### സങ്കീർത്തനം 144

*(രീതി: കർത്താവേ, മമരാജാവേ...)*

**നാഥാ, നിന്റെ വിശുദ്ധന്മാർ**
**നിതരാം നിന്നെ വണങ്ങുന്നു**
**നിൻ രാജ്യത്തിൻ മഹിമയവർ**
**വർണ്ണിച്ചീടും വിനയമൊടെ.**

**വീഴുന്നവരെ കനിവോടെ**
**നാഥൻ താങ്ങിനിറുത്തുന്നു**
**നിപതിച്ചവരെ സകലരെയും**
**സദയം താങ്ങിയുയർത്തുന്നു.**

**കണ്ണുകളെല്ലാം കർത്താവേ,**
**നിന്നെത്തന്നെ തേടുന്നു**
**എന്തെന്നാൽ നീയാഹാരം**
**ചിതമാം സമയത്തേകുന്നു.**

**ഉള്ളു തുറന്നു വിളിക്കുമ്പോൾ**
**നാഥനടുത്തുണ്ടതു കേൾക്കാൻ**
**തന്നെ ഭയത്തൊടു സേവിക്കും**
**നരരുടെയിഷ്ടമവൻ ചെയ്യും.**

www.malankaralibrary.com

**അവരുടെ യാചന കേൾക്കുമവൻ
രക്ഷയവർക്കവനേകീടും
ഭക്തജനങ്ങളെയഖിലേശൻ
സദയം കാത്തരുളീടുന്നു.**

**താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.**

*(അല്ലെങ്കിൽ)*

കാർമ്മി. കർത്താവേ, അങ്ങയുടെ ദാസർ അങ്ങേക്കു നന്ദി പറയും. അങ്ങയുടെ നീതിമാന്മാർ അങ്ങയെ വാഴ്ത്തുകയും ചെയ്യും.

സമൂ. ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ തിരുനാമത്തെ പ്രതി ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ.

കാർമ്മി. അങ്ങയുടെ രാജ്യത്തിന്റെ മഹത്ത്വത്തെ അവർ പ്രകീർത്തിക്കും. അങ്ങയുടെ ശക്തിയെ അവർ വർണ്ണിക്കും.

സമൂ. കർത്താവ് വീഴുന്നവരെയെല്ലാം താങ്ങുന്നു. നിലംപതിച്ചവരെ എഴുന്നേല്പ്പിക്കുന്നു.

കാർമ്മി. എല്ലാവരും കർത്താവിൽ ദൃഷ്ടിപതിച്ചിരിക്കുന്നു എന്തെന്നാൽ യഥാസമയം അവർക്ക് അവിടുന്ന് ആഹാരം നല്കുന്നു.

സമൂ. നിർമ്മലഹൃദയത്തോടെ കർത്താവിനെ വിളിക്കുന്നവർക്ക് അവിടുന്നു സമീപസ്ഥനാകുന്നു.

കാർമ്മി. തന്റെ ഭക്തരുടെ ആഗ്രഹം അവിടുന്നു സഫലമാക്കുന്നു.

സമൂ. അവരുടെ പ്രാർത്ഥനകേട്ട് അവിടുന്ന് അവരെ രക്ഷിക്കുന്നു.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി. ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ തിരുനാമത്തെപ്രതി ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ.

www.malankaralibrary.com

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

**ഗായക I.** ***ദൈവത്തിന്റെ ദാസരേ, വരുവിൻ.***

**കുരിശാൽ മന്നിൽ രക്ഷിതരാകും ദൈവജനങ്ങളിതാ നാഥാ, നീയാണഭയം രക്ഷയിതിന്നുറവിടവും രക്ഷിതരാകണമിവർ നിൻ പീഡകളാൽ കർത്താവേ, കുരിശുകൾ ഞങ്ങൾക്കെന്നും ശക്തിതരും ദൈവകരം തിന്മതൻ കെണികളെയൊന്നായ് ദിനവും നാം വിജയിച്ചീടാൻ.**

**ഗായക II.** ***മക്കളേ, എന്നെ ശ്രവിക്കുവിൻ***

**കുരിശാൽ മന്നിൽ രക്ഷിതരാകും ദൈവജനങ്ങളിതാ...**

**ഗായക I.** ***പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**സർവ്വരുമൊന്നായ് പാടീടട്ടെ ആമ്മേനാമ്മേൻ.**
**സ്ലീവാ നമ്മൾക്കെന്നും നന്മകൾ തന്നുറവിടമാം**
**രക്ഷിതമായതുവഴിയായ് മർത്യഗണം കർത്താവേ,**
**കുരിശിതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം**
**ദുഷ്ടനെയും തൻകെണികളുമതുവഴി നാം വിജയിച്ചീടാൻ.**

**ഗായക II.** ***ആദിമുതൽ എന്നേക്കും, ആമ്മേൻ.***

**സർവ്വരുമൊന്നായ് പാടീടട്ടെ ആമ്മേനാമ്മേൻ...**

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.

മന്നവരെല്ലാം കീർത്തിക്കും
കർത്താവിൻ തിരുസന്നിധിയിൽ

www.malankaralibrary.com

ഉപവാസത്താലതുപോലെ
പ്രാർത്ഥന വഴിയായെന്നാളും
വാഴ്ത്തീടാം നിത്യം തിരുനാമം

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ. മന്നവരെല്ലാം കീർത്തിക്കും...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. മന്നവരെല്ലാം കീർത്തിക്കും...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. മന്നവരെല്ലാം കീർത്തിക്കും...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. മന്നവരെല്ലാം കീർത്തിക്കും...**

## ഹല്ലേലുയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലൂയ്യാ പാടാമൊന്നായ്
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.**

**കരുണാമയനാം കർത്താവിങ്കൽ
ശരണം തേടും മനുജൻ ധന്യൻ**

**കർത്താവല്ലോ വിശ്വം മുഴുവൻ
സൃഷ്ടിച്ചെന്നും പാലിക്കുന്നു.**

**വിശ്വസ്തൻ താനവിടുന്നെന്നും
ശാശ്വതമല്ലോ തൻ വാഗ്ദാനം.**

**താതനുമതുപോൽസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**
**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**
**ഹല്ലേലൂയ്യാ പാടാമൊന്നായ്**
**ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ' എന്നു അപേക്ഷിക്കാം.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ശുശ്രൂ. പരിശുദ്ധാത്മാവിനാൽ വനത്തിലേക്കു നയിക്കപ്പെടുകയും നാല്പതു രാവും നാല്പതു പകലും തപസ്സനുഷ്ഠിക്കുകയും ചെയ്ത കർത്താവേ, തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും അരൂപിയാൽ ഞങ്ങളെ നിറയ്ക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ശുശ്രൂ. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ മിശിഹായേ, ഞങ്ങളുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ശുശ്രൂ. സ്നേഹത്തിന്റെ ബലിവസ്തുവായ മിശിഹായേ, ഞങ്ങളുടെ ശരീരത്തെയും അതിന്റെ ദുർവാസനകളെയും നിന്നോടു കൂടെ ക്രൂശിക്കുന്നതിന് ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ശുശ്രൂ. സാത്താനെ പരാജയപ്പെടുത്തി ഞങ്ങൾക്കു മാതൃകയും മനോധൈര്യവും നല്കിയ മിശിഹായേ, പ്രലോഭന

www.malankaralibrary.com

ങ്ങളെ അതിജീവിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ശുശ്രൂ. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും മാർഗ്ഗത്തിൽ ഞങ്ങളെ നയിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും സമൃദ്ധമായി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി. കർത്താവായ ദൈവമേ, ലോകപാപങ്ങളുടെ പരിഹാരമായ മിശിഹായുടെ സഹനജീവിതത്തോടു യോജിച്ചുകൊണ്ട് ആത്മവിശുദ്ധീകരണത്തിനായി യത്നിക്കുന്ന അങ്ങയുടെ സഭയെ കാരുണ്യപൂർവ്വം കടാക്ഷിക്കണമേ. കുരിശുകൾ സന്തോഷത്തോടെ വഹിച്ചുകൊണ്ട് അങ്ങയുടെ തിരുക്കുമാരന്റെ ബലിജീവിതം തുടരുവാൻ ഞങ്ങളെ ശക്തരാക്കണമേ. യഥാർത്ഥമായ പ്രാർത്ഥനാചൈതന്യവും സഹോദരസ്നേഹവും ആത്മപരിത്യാഗവും പുലർത്തിക്കൊണ്ട് ഈ നോമ്പുകാലം ഫലദായകമാക്കുവാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ് ...)*

*വരുവിൻ, നമുക്കു കർത്താവിനെ വാഴ്ത്താം.*

www.malankaralibrary.com

പാവനമാക്കീടാം.
മർത്യവിചാരങ്ങൾ
വിനയമൊടെന്നാളും
അനുതാപത്തിൻ കണ്ണീരാൽ
പാപക്കറകൾ കഴുകീടാം.
ആത്മാവിൽ നിറയും താപം
ഏകാം ഈശോമിശിഹായ്ക്കായ്
വേദികയിൽ ബലിയായർപ്പിക്കാം.

*ദൈവമേ, നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ.*

പാവനമാക്കീടാം...

*(അല്ലെങ്കിൽ)*

*വരുവിൻ, നമുക്കു കർത്താവിനെ വാഴ്ത്താം.*

നമുക്കെല്ലാവർക്കും നമ്മുടെ വിചാരങ്ങളെ വിശുദ്ധീകരിക്കാം. അനുതാപത്തിന്റെ കണ്ണുനീർകൊണ്ട് നമ്മുടെ പാപക്കറകൾ കഴുകിക്കളയാം. ഭീതിജനകമായ തന്റെ ന്യായാസനത്തിനുമുമ്പാകെ നമ്മോടു കാരുണ്യം കാണിക്കുവാൻ വേണ്ടി അനുതാപത്തോടെ കർത്താവിനോടു നമുക്ക് അപേക്ഷിക്കാം. നമ്മുടെ എളിയ ഹൃദയത്തെയും പശ്ചാത്താപവിവശമായ ആത്മാവിനെയും, സ്വീകാര്യവും നിർമ്മലവുമായ ബലിവസ്തുവായി മിശിഹായ്ക്കു സമർപ്പിക്കുകയും ചെയ്യാം.

*ദൈവമേ, നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ.*

നമുക്കെല്ലാവർക്കും നമ്മുടെ വിചാരങ്ങളെ...

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. ജീവൻ പകരുമൊരൗഷധമല്ലോ**
**ഭൂവിനു നല്കുന്നീശോനാഥൻ**
**സോദരരേ, വന്നനുതാപത്തൊടു**
**കൈക്കൊള്ളാമീ ദിവ്യരഹസ്യം.**

*(അല്ലെങ്കിൽ)*

**സമൂ. ഇതാ, ജീവന്റെ ദിവ്യഔഷധം നല്കപ്പെടുന്നു. സഹോദരരേ, നിങ്ങൾ ഇതു സ്വീകരിച്ച് ജീവൻ പ്രാപിക്കുവിൻ.**

www.malankaralibrary.com

## അനുഗീതം (ഓനീസാ ദ്‌വാത്തേ)
*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

ശുശ്രൂ. **വരുവിൻ പാപക്കറകൾ കഴുകാം
ഉപവാസത്താൽ ശക്തി വരിക്കാം.
സ്നേഹത്തോടും ഭക്തിയൊടും നാം
കർത്താവിൻ തിരുസന്നിധി പൂകാം.**

*(അല്ലെങ്കിൽ)*

ശുശ്രൂ. വരുവിൻ, ഉപവാസവും പ്രായശ്ചിത്തവുംവഴി പാപക്കറകൾ കഴുകിക്കളയുന്ന ആത്മീയശക്തി നമുക്ക് പ്രാപിക്കാം. ഭയഭക്തികളോടും സ്നേഹത്തോടുംകൂടി നമുക്ക് അവിടുത്തെ തിരുശരീരരക്തങ്ങൾ സ്വീകരിക്കാം.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി.കർത്താവായ ദൈവമേ, തിരുവചനങ്ങളാൽ വിശുദ്ധീകരിക്കപ്പെടാനും ദിവ്യരഹസ്യങ്ങളാൽ നവജീവൻ നേടുവാനും പാപികളും ബലഹീനരുമായ ഞങ്ങളെ വിളിച്ചതിന് അങ്ങേക്കു നന്ദിപറയുന്നു. അങ്ങയുടെ പ്രമാണങ്ങളുടെ പാതയിൽ വിശ്വസ്തരായി ചരിക്കുവാനും അങ്ങു നല്കിയ രക്ഷയുടെ അനുഭവം പങ്കുവയ്ക്കുവാനും നിരന്തരം അങ്ങേക്കു സ്തുതികളർപ്പിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി. പാപികളെ വിളിക്കുന്നവനും അനുതാപികൾക്ക് വാതിൽ തുറന്നുകൊടുക്കുന്നവനുമായ മിശിഹായേ, നിന്റെ ശരീരരക്തങ്ങൾ സ്വീകരിക്കുവാൻ അനന്തമായ കൃപയാൽ നീ ഞങ്ങളെ യോഗ്യരാക്കി. നിന്റെ പ്രമാണങ്ങളുടെ മാർഗ്ഗത്തിലൂടെ നടന്ന് നിന്റെ രാജ്യത്തിന്റെ മഹത്ത്വത്തിൽ പ്രവേശിക്കുവാനും നീതിമാന്മാരോടുകൂടി സ്വർഗീയ ജറുസലേമിൽ നിന്നെ സ്തുതിക്കുവാനും ഞങ്ങൾ യോഗ്യരാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

www.malankaralibrary.com

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. മിശിഹാനാഥാ, പാപികളെ
പാണികൾ നീട്ടി വിളിച്ചു നീ
അനുതാപാകുല ഹൃദയമൊടെ
അനുദിനമങ്ങയെ വാഴ്ത്തുന്നു.

പരിഹാരത്തിൻ ബലിവഴിയായ്
പാവനമാനസരായ് ഞങ്ങൾ
നിത്യവിരുന്നിൽ ചേർന്നിടുവാൻ
നിസ്തുലയോഗ്യത നല്കണമേ.

തിരുവചനത്തിൻ പാതകളിൽ
ദീപ്തി പരത്തി നയിക്കണമേ
സഭയിൽ, ലോകം മുഴുവനിലും
സതതം വരനിര ചൊരിയണമേ.

രക്ഷകകൃപയും താതൻ തൻ
സ്നേഹവുമതുപോൽ റൂഹാതൻ
സഹവാസവുമുണ്ടാകട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി.പാപികളെ പശ്ചാത്താപത്തിലേക്കു വിളിക്കുവാൻ വന്ന മിശിഹായേ, ഈ പരിഹാരബലി വഴി നിന്നെ ഞങ്ങൾ സ്തുതിക്കുകയും ബഹുമാനിക്കുകയും ചെയ്തു. നിന്റെ ശരീരരക്തങ്ങൾ സ്വീകരിച്ച് വിശുദ്ധീകൃതരായ ഞങ്ങളെ ദൈവരാജ്യത്തിലെ നിത്യവിരുന്നിൽ പങ്കുകാരാക്കണമേ. നിന്റെ വചനത്തിന്റെ പാതയിൽ ചരിക്കുവാൻ ഞങ്ങൾക്കാവശ്യകമായ പ്രകാശം നല്കണമേ. നമ്മുടെയും ലോകം മുഴുവന്റെയും തിരുസഭയുടെയും അവളുടെ സന്താനങ്ങളുടെയുംമേൽ കർത്താവ് തന്റെ കൃപ വർഷിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും ✠ എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# ഉയിർപ്പുകാലം

## പ്രാരംഭപ്രാർത്ഥന

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, മനുഷ്യവംശത്തിന്റെ നവീകരണത്തിനുവേണ്ടി അങ്ങയുടെ പ്രിയപുത്രൻ നല്കിയ ദിവ്യരഹസ്യങ്ങൾ പ്രത്യാശയോടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആത്മശരീരങ്ങളെ പവിത്രീകരിക്കുന്ന ഈ പരിഹാരബലി ഞങ്ങൾ വിശുദ്ധിയോടെ പരികർമ്മം ചെയ്യുവാനും അങ്ങയുടെ തിരുക്കുമാരന്റെ ഉത്ഥാനത്തെ നിരന്തരം പ്രകീർത്തിക്കുവാനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ**

### സങ്കീർത്തനമാല (മർമ്മീസ) 46, 47, 48

*സങ്കീർത്തനം 46, 47, 48*

*(രീതി: കർത്താവേ, മമരാജാവേ...)*

**സൈന്യങ്ങൾതന്നധിനാഥൻ**
**നമ്മോടൊത്തു വസിക്കുന്നു**
**യാക്കോബിൻ ബലമാം ദൈവം**
**ഓർക്കുകിൽ നമ്മുടെയവലംബം.**

**കരഘോഷങ്ങൾ മുഴക്കിടുവിൻ**
**തിരുസന്നിധിയിൽ ജനതകളെ,**
**ആഹ്ളാദാരവമുയരട്ടെ**
**ദൈവത്തിൻ തിരുഭവനത്തിൽ.**

**ദൈവസ്തുതികൾ പാടിടുവിൻ**
**സ്തോത്രം ചെയ്തു പുകഴ്ത്തിടുവിൻ**
**കീർത്തനഗീതം മീട്ടിടുവിൻ**
**നമ്മുടെ രാജാവവനല്ലോ.**

**ഭൂവിന്നധിപനു മധുമയമാം**
**കീർത്തനഗീതം പാടീടാം**
**ജനതയ്ക്കെല്ലാമധിനാഥൻ**
**നിത്യം വാഴ്‌വൂ ത്രോണോസിൽ.**

www.malankaralibrary.com

**കർത്താവുന്നതനാകുന്നു**
**സ്തുത്യർഹൻ നിജനഗരത്തിൽ**
**ഉന്നതമവനുടെ പുണ്യഗിരി**
**മന്നിനു മുഴുവൻ സാഘോഷം.**

**താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേനാമ്മേനനവരതം.**

*(അല്ലെങ്കിൽ)*
*സങ്കീർത്തനം 46, 47, 48*

കാർമ്മി. സൈന്യങ്ങളുടെ കർത്താവ് നമ്മോടു കൂടെയുണ്ട്, യാക്കോബിന്റെ ദൈവമാണു നമ്മുടെ അഭയം.

സമൂ. ഉയിർത്തെഴുന്നേറ്റ കർത്താവേ, നിന്റെ ഉത്ഥാനത്തിൽ ഞങ്ങൾ ആനന്ദിക്കുന്നു.

കാർമ്മി. ജനതകളേ കരഘോഷം മുഴക്കുവിൻ. ദൈവത്തിന്റെ മുമ്പിൽ ആഹ്ലാദാരവം മുഴക്കുവിൻ.

സമൂ. ദൈവത്തെ പാടിപ്പുകഴ്ത്തുവിൻ സ്തോത്രങ്ങൾ ആലപിക്കുവിൻ.

കാർമ്മി.നമ്മുടെ രാജാവിനു സ്തുതികളുതിർക്കുവിൻ കീർത്തനങ്ങളാലപിക്കുവിൻ.

സമൂ. ദൈവം ഭൂമി മുഴുവന്റെയും രാജാവാണ് സങ്കീർത്തനം കൊണ്ട് അവിടുത്തെ സ്തുതിക്കുവിൻ.

കാർമ്മി. ദൈവം ജനതകളുടെമേൽ വാഴുന്നു അവിടുന്ന് തന്റെ പരിശുദ്ധ സിംഹാസനത്തിലിരിക്കുന്നു.

സമൂ. കർത്താവ് ഉന്നതനാണ് നമ്മുടെ ദൈവത്തിന്റെ നഗരത്തിൽ അത്യന്തം സ്തുത്യർഹനാണ്.

കാർമ്മി.പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി. ഉയിർത്തെഴുന്നേറ്റ കർത്താവേ, നിന്റെ ഉത്ഥാനത്തിൽ ഞങ്ങൾ ആനന്ദിക്കുന്നു.

www.malankaralibrary.com

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

**ഗായക I.** ***കർത്താവു ഭരണം നടത്തുന്നു; ഭൂമിയെല്ലാം ആനന്ദിക്കട്ടെ.***

**പീഡകളേറ്റു മിശിഹാനാഥൻ കുരിശിൽ ദാരുണമായ്**
**രക്ഷ ലഭിച്ചവരായ് നാം ചിന്തകളിൽ നിർമ്മലരായ്**
**സംയമനത്താലെന്നും നിസ്തുലമാം ശാന്തിയുമായ്**
**കുരിശിതു നമ്മൾക്കെന്നും ശക്തിയെഴും കോട്ടയുമാം**
**ദുഷ്ടനെയും തൻകെണികളുമതുവഴി നാം വിജയിച്ചീടാൻ.**

**ഗായക II.** ***ഭൂമി മുഴുവൻ കർത്താവിന് ആനന്ദഗീതം ആലപിക്കട്ടെ.***

**പീഡാസഹനം വഴിയായ് നാഥൻ മൃത്യുവെ വിജയിച്ചു**
**തിരുവുത്ഥാനത്താലേ വിജയം നാം കൊണ്ടാടാം**
**സന്തോഷാരവമെങ്ങും കേൾപ്പൂ നാം കാതുകളിൽ**
**കുരിശിതു നമ്മൾക്കെന്നും ശക്തിയെഴും കോട്ടയുമാം**
**ദുഷ്ടനെയും തൻകെണികളുമതുവഴി നാം വിജയിച്ചീടാൻ.**

**ഗായക I.** ***പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**സർവ്വരുമൊന്നായ് പാടീടട്ടെ ആമ്മേനാമ്മേൻ.**
**സ്ലീവാ നമ്മൾക്കെന്നും നന്മകൾ തന്നുറവിടമാം**
**രക്ഷിതമായതുവഴിയായ് മർത്യഗണം കർത്താവേ**
**കുരിശിതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം**
**ദുഷ്ടനെയും തൻകെണികളുമതുവഴി നാം വിജയിച്ചീടാൻ.**

**ഗായക II.** ***ആദിമുതൽ എന്നേക്കും, ആമ്മേൻ.***

**സർവ്വരുമൊന്നായ് പാടീടട്ടെ ആമ്മേനാമ്മേൻ....**

www.malankaralibrary.com

## പ്രകീർത്തനം (ശൂറായ)
*(രീതി: അംബരമനവരതം)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലൂയ്യാ ഗീതികളാൽ
കർത്താവിന്നുത്ഥാനത്തിൻ
നിർമ്മലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

## ഹല്ലേലുയ്യാഗീതം (സൂമാറ)
*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**കർത്താവെന്നും വാണീടുന്നു**
**ഭൂതലമഖിലം മോദിക്കട്ടെ.**

**കരയും കടലും തടവില്ലാതെ**
**സ്വരമുച്ചത്തിലുയർത്തീടട്ടെ.**

**കർത്താവിൻ സ്തുതി പാടുക മോദാൽ**
**ആനന്ദത്താലാർപ്പുവിളിപ്പിൻ.**

**താതനുമതുപോൽസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ' എന്നപേക്ഷിക്കാം.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ശുശ്രൂ. വഴിയും സത്യവും ജീവനുമായ മിശിഹായേ, നിന്റെ പുനരുത്ഥാനത്തിൽ ആനന്ദിക്കുന്ന ഞങ്ങളെ അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും അസത്യത്തിൽ നിന്നു സത്യത്തിലേക്കും മരണത്തിൽനിന്നു മരണമില്ലായ്മയിലേക്കും ആനയിക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

www.malankaralibrary.com

ശുശ്രൂ. പരിഹാസത്തിന്റെ അടയാളമായ കുരിശിനെ പുനരുത്ഥാനംവഴി മഹത്ത്വത്തിന്റെ ചിഹ്നമായി ഉയർത്തിയ കർത്താവേ, ഞങ്ങളുടെ ശരീരത്തെ അതിന്റെ ദുരാശകളോടുകൂടെ കുരിശിൽ തറയ്ക്കുവാനും ആത്മസമർപ്പണത്തിൽ നിത്യജീവൻ കണ്ടെത്തുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ശുശ്രൂ. ദാരിദ്ര്യത്താലും രോഗത്താലും വലയുന്നവരും സത്യത്തെപ്രതി പീഡയനുഭവിക്കുന്നവരും അങ്ങയുടെ മഹത്ത്വപൂർണ്ണമായ ഉത്ഥാനത്തെയും അവർണ്ണനീയമായ സ്വർഗ്ഗഭാഗ്യത്തെയും ഓർത്തുകൊണ്ട് നല്ല ഓട്ടം ഓടുവാനും വിശ്വാസം സംരക്ഷിക്കുവാനും വരം തരണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ശുശ്രൂ. ദിവ്യബലിയിൽ സജീവമായി പങ്കെടുക്കുവാനും ഞങ്ങളുടെ ജീവന്റെയും ഉയിർപ്പിന്റെയും കാരണമായ തിരുശരീരരക്തങ്ങൾ യോഗ്യതയോടുകൂടെ സ്വീകരിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ശുശ്രൂ. പുനരുത്ഥാനത്തിന്റെ മഹത്ത്വത്തിലേക്കു ദൈവജനത്തെ നയിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

www.malankaralibrary.com

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി. മരണത്തെ ജയിച്ചടക്കിയ മിശിഹായേ, നിന്റെ സഭയിൽ സദാ സന്നിഹിതനായി നവജീവൻകൊണ്ട് അതിനെ നിറയ്ക്കണമേ. നിന്റെ പുനരുത്ഥാനത്തിൽ പങ്കാളികളാകുവാൻവേണ്ടി നിന്റെ ബലിജീവിതത്തിൽ ഞങ്ങളെ സഹകാരികളാക്കണമേ. നിന്റെ സമാധാനവും ശാന്തിയും ഞങ്ങളുടെ സമൂഹത്തിലും കുടുംബങ്ങളിലും മനുഷ്യവർഗ്ഗം മുഴുവനിലും നിരന്തരം വസിക്കുവാൻ ഇടയാക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)*

*കർത്താവിനെ ഞാനെന്നും പുകഴ്ത്തും.*

കുരിശിൽ മരണത്താൽ
രക്ഷപകർന്നവനാം
മിശിഹാനാഥാ, നിൻ
ഉത്ഥാനത്താൽ മൃതരെല്ലാം
ജീവൻ നേടുന്നൊരുപോലെ
സ്വന്തം തനയനെ രക്ഷയ്ക്കായ്
താതാ പാരിലയച്ചു നീ,
തിരുനാമം വാഴ്ത്താമനുവേലം.

*അവിടുത്തെ മഹത്ത്വപൂർണ്ണമായ നാമം എന്നും വാഴ്ത്തപ്പെടട്ടെ.*

കുരിശിൽ മരണത്താൽ....

*(അല്ലെങ്കിൽ)*

*കർത്താവിനെ ഞാൻ എന്നും പുകഴ്ത്തും.*

തന്റെ ഉത്ഥാനംവഴി മരിച്ചവർക്കു ജീവൻ നല്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

*അവിടുത്തെ മഹത്ത്വപൂർണ്ണമായ നാമം എന്നും വാഴ്ത്തപ്പെടട്ടെ.*

തന്റെ ഉത്ഥാനം വഴി....

www.malankaralibrary.com

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. കർത്താവേ, നിൻ മാംസനിണങ്ങൾ
കൈക്കൊണ്ടവരാം മർത്യർക്കെല്ലാം
സ്വർല്ലോകത്തിൽ വാനവരൊപ്പം
പാടിനമിക്കാൻ വരമേകണമേ.**

*(അല്ലെങ്കിൽ)*

സമൂ. നിന്റെ തിരുശരീരരക്തങ്ങളാൽ ജീവിക്കുന്നവർ സ്വർഗ്ഗത്തിലെ മാലാഖമാരോടൊന്നിച്ച് ദൈവമായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു പാടി സ്തുതിച്ചുകൊണ്ട് നിന്നെ ആരാധിക്കുന്നു.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യ പാടീടുന്നേൻ...)*

**ശുശ്രൂ. കർത്താവിൻ, തിരുസന്നിധിയിങ്കൽ
ആരാധിക്കും മാനവർ നിങ്ങൾ.
സാദരമൊന്നായ് വരുവിൻ വരുവിൻ.
കൈക്കൊള്ളുകയീ മാംസനിണങ്ങൾ.**

*(അല്ലെങ്കിൽ)*

ശുശ്രൂ. കർത്താവിനെ ആരാധിക്കുന്ന സഹോദരരേ, വരുവിൻ, അവിടുത്തെ തിരുശരീരവും തിരുരക്തവും സ്വീകരിക്കുവിൻ.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. കർത്താവായ ദൈവമേ, ഞങ്ങൾ സ്വീകരിച്ച ഈ ദിവ്യരഹസ്യങ്ങൾ ഞങ്ങളുടെ ഉത്ഥാനത്തിന് അച്ചാരമായി ഭവിക്കട്ടെ. മനുഷ്യവംശത്തിന് അങ്ങു നല്കിയ മഹത്ത്വത്തെ ഓർത്ത് സ്വർഗ്ഗരാജ്യത്തിൽ സകല നീതിമാന്മാരോടുംകൂടി അങ്ങയെ സ്തുതിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

www.malankaralibrary.com

കാർമ്മി. മനുഷ്യവംശത്തിന്റെ പ്രത്യാശയായ മിശിഹായേ, ഈ കുർബാന വഴി ഉത്ഥാനത്തിന്റെ രഹസ്യത്തിൽ നീ ഞങ്ങളെ പങ്കുകാരാക്കി. തിരുരക്തത്താൽ രക്ഷിക്കപ്പെട്ട സഭയിൽ ഞങ്ങൾ നിന്റെ അനന്തകാരുണ്യത്തിന് എന്നും നന്ദി പ്രകാശിപ്പിക്കുന്നു. ഉന്നതങ്ങളിൽ നിന്നുള്ള ആരാധ്യമായ ദാനം വാഴ്ത്തപ്പെട്ടതാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. പാപവിമോചനമേകിടുവാൻ
പാരിനു ശാന്തി പകർന്നിടുവാൻ
ക്രൂശിതനായൊരു നാഥാ, നിൻ
ഉത്ഥാനം പരമാനന്ദം.

ഉത്ഥിതനാഥൻ മാനവരിൽ
പാവനശാന്തി നിറയ്ക്കട്ടെ.
സ്വാതന്ത്ര്യത്തിൻ വീഥികളിൽ
നിത്യം നമ്മെ നയിക്കട്ടെ.

വാഗ്ദാനംപോൽ അനവരതം
വിശ്വാസത്തിൽ വളർന്നിടുവാൻ
ഉത്ഥിതനെയുദ്ഘോഷിക്കാൻ
ദൈവം വരനിര ചൊരിയട്ടെ

ജീവൻ പകരും നിർമ്മലമാം
പാവന ദിവ്യരഹസ്യങ്ങൾ
നിത്യമഹത്ത്വം നല്കട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. ഉത്ഥാനത്തിന്റെ മഹത്ത്വത്തിൽ മനുഷ്യവംശത്തെ മുഴുവൻ ആനന്ദിപ്പിച്ച മിശിഹാ സഭയിൽ എന്നും വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടുന്ന് സാത്താനെയും മരണത്തെയും പരാജയ

www.malankaralibrary.com

പ്പെടുത്തുകയും പാപകടങ്ങളിൽ നിന്ന് നമ്മെ മോചിപ്പിക്കുകയും ചെയ്തു. ഉത്ഥിതനായ മിശിഹായുടെ സമാധാനം നമ്മിൽ എന്നും വസിക്കട്ടെ. ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് അവിടുന്ന് നമ്മെ നയിക്കട്ടെ. തന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കുമെന്ന വാഗ്ദാനം അനുസ്മരിച്ച് വിശ്വാസത്തിൽ വളരുവാനും ഉത്ഥാനരഹസ്യം എല്ലാവരോടും പ്രഘോഷിക്കുവാനും അവിടുന്ന് നമ്മെ അനുഗ്രഹിക്കട്ടെ. ലോകം മുഴുവൻ മിശിഹായുടെ ഉത്ഥാനത്താൽ നവജീവൻ പ്രാപിക്കട്ടെ. ജീവദായകമായ ദിവ്യരഹസ്യങ്ങളാൽ സന്തുഷ്ടരാക്കപ്പെട്ട നിങ്ങളെ അവിടുന്ന് നിത്യമഹത്ത്വത്തിലേക്കു പ്രവേശിപ്പിക്കുകയും ചെയ്യട്ടെ. ഇപ്പോഴും എപ്പോഴും ✠ എന്നേക്കും.

**സമൂ. ആമ്മേൻ.**

# ശ്ലീഹാക്കാലം

## പ്രാരംഭപ്രാർത്ഥന

*(പന്തക്കുസ്താതിരുനാൾ ദിനത്തിൽ)*

കാർമ്മി. കാരുണ്യവാനും സ്നേഹസമ്പന്നനുമായ ദൈവമേ, മനുഷ്യവർഗത്തെ പാപത്തിൽ നിന്നു രക്ഷിക്കുവാൻ അങ്ങയുടെ പ്രിയപുത്രനെ ഈ ലോകത്തിലേക്ക് അയച്ചതിന് ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. ലോകാവസാനത്തോളം മനുഷ്യരോടൊന്നിച്ച് വസിക്കുവാനും സത്യത്തിന്റെ പൂർണ്ണതയിലേക്ക് അവരെ നയിക്കുവാനും പന്തക്കുസ്താദിനത്തിൽ പരിശുദ്ധാത്മാവിനെ നല്കിയ അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു. ആത്മശരീരനൈർമ്മല്യത്തോടെ ഈ രക്ഷാരഹസ്യങ്ങൾ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ**

*(മറ്റു ദിവസങ്ങളിൽ)*

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ നാമത്തിൽ ഒന്നിച്ചുകൂടിയിരിക്കുന്ന ഞങ്ങളെ തൃക്കൺപാർക്കണമേ. അങ്ങയുടെ പ്രിയപുത്രന്റെ രക്ഷാരഹസ്യങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾവഴി തിരുസഭയിൽ തുടരുകയും മനുഷ്യവംശത്തിന് ശാന്തിയും സമാധാനവും നല്കുകയും ചെയ്യുന്നുവല്ലോ. ഈ ദൈവികരഹസ്യങ്ങൾ പരികർമ്മം ചെയ്യുവാൻ ബലഹീനരായ ഞങ്ങളെ കാരുണ്യപൂർവ്വം യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ**

### സങ്കീർത്തനമാല (മർമ്മീസ) 144, 145, 146

### സങ്കീർത്തനം 145

*(രീതി: കർത്താവേ, മമരാജാവേ...)*

**എന്നാത്മാവേ, പാടുക നീ**
**കർത്താവിൻ സ്തുതിഗീതങ്ങൾ**
**ജീവിതകാലം മുഴുവൻ ഞാൻ**
**നാഥനു ഗീതികൾ പാടിടും.**

www.malankaralibrary.com

**ഞാനീ മന്നിൽക്കഴിവോളം**
**ദൈവസ്തുതികൾ പാടീടും**
**അരചനിലോ നരനൊരുവനിലോ**
**ശരണം തേടാൻ തുനിയരുതേ.**

**കനിവൊടു കർത്താവേകുന്നു**
**പശിയുള്ളോർക്കിങ്ങാഹാരം**
**ബന്ധിതരായോർക്കെന്നെന്നും**
**നാഥൻ മോചനമേകുന്നു.**

**കുരുടന്മാരുടെ നയനങ്ങൾ**
**കർത്താവാണു തുറന്നിടുവോൻ**
**താഴ്ന്ന മുഖങ്ങളുയർത്തിടുവോൻ**
**കർത്താവല്ലോ എന്നാളും.**

**കർത്താവല്ലോ വാഴുന്നു**
**എന്നാളും ഭരണാധിപനായ്**
**സെഹിയോനേ, നിൻ ദൈവത്തിൻ**
**ഭരണം നിതരാം നിലനില്ക്കും.**

**താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേനാമ്മേനനവരതം.**

*(അല്ലെങ്കിൽ)*

കാർമ്മി. എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക. ആയുഷ്ക്കാലം മുഴുവൻ ഞാൻ അവിടുത്തെ സ്തുതിക്കും.

സമൂ. അങ്ങയുടെ അരൂപിയെ അയയ്ക്കുക. അപ്പോൾ സകലതും സൃഷ്ടിക്കപ്പെടും ഭൂമുഖം പുതുതാകുകയും ചെയ്യും.

കാർമ്മി. ഞാനുള്ള കാലത്തോളം ദൈവത്തെ പ്രകീർത്തിക്കും. അധികാരിയിലോ മനുഷ്യനിലോ ആശ്രയം വയ്ക്കരുത്.

സമൂ. കർത്താവു വിശക്കുന്നവർക്ക് ആഹാരം നല്കുന്നു. ബന്ധിതരെ അവിടുന്നു മോചിപ്പിക്കുന്നു.

www.malankaralibrary.com

കാർമ്മി. അവിടുന്നു കുരുടരുടെ കണ്ണുകൾ തുറക്കുന്നു. നിലം പതിച്ചവരെ എഴുന്നേല്പ്പിക്കുന്നു.

സമൂ. കർത്താവ് എന്നേക്കും വാഴുന്നു. സെഹിയോനേ, നിന്റെ ദൈവം തലമുറകളോളം വാഴും.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി. അങ്ങയുടെ അരൂപിയെ അയയ്ക്കുക. അപ്പോൾ സകലതും സൃഷ്ടിക്കപ്പെടും; ഭൂമുഖം പുതുതാകുകയും ചെയ്യും.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

***ഗായക I. വരുവിൻ, നമുക്കു കർത്താവിനെ വാഴ്ത്താം.***

**അത്ഭുതകരമായ് വിശ്വം മുഴുവൻ തീർത്തമഹോന്നതനാം**
**കർത്താവിനു നാം ഗീതം പാടീടാം ഈ നിമിഷം**
**ത്രിത്വസ്വരൂപനേകസ്വഭാവം നിസ്തുലമാം**
**പാവനമങ്ങേ ശക്തിയുരയ്ക്കാൻ ആവില്ല**
**വരമേകുന്നു ദൈവം കനിവോടെ സുതരായിടുവാൻ**

***ഗായക II. കൊമ്പും കാഹളവും മുഴക്കി രാജാവായ ദൈവത്തിന്റെ സന്നിധിയിൽ ആനന്ദിച്ച് ആർത്തുവിളിക്കുവിൻ***

**അത്ഭുതകരമായ് വിശ്വം മുഴുവൻ തീർത്തമഹോന്നതനാം...**

***ഗായക I. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**സ്ലീവാ മാനവനിരകൾക്കെല്ലാം നന്മയണയ്ക്കുന്നു**
**സർവരുമതുവഴി രക്ഷ നിതാന്തം നല്കീടും**
**സ്ലീവാ ഞങ്ങൾക്കെന്നും കനിവിൻ കോട്ടസമം**
**ദുഷ്ടനെ ഞങ്ങൾ വിജയിച്ചേവം വാഴ്ത്തീടാം**
**കുരിശുമരത്തിൽ അഭയം തേടി രക്ഷിതരായീടാം**

***ഗായക II. ആദിമുതൽ എന്നേക്കും ആമ്മേൻ.***

**സ്ലീവാ മാനവനിരകൾക്കെല്ലാം നന്മയണയ്ക്കുന്നു....**

www.malankaralibrary.com

## പ്രകീർത്തനം (ശൂറായ)
*(രീതി: അംബരമനവരതം)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ആത്മീയതയാൽ മധുരിതമാം
ഗീതികളാലെ മിശിഹാതൻ
ശ്ലീഹന്മാരെ കീർത്തിക്കാം
ഹല്ലേലൂയ്യാ പാടീടാം
വാഴ്ത്തീടാം നിത്യം തിരുനാമം

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ. ആത്മീയതയാൽ മധുരിതമാം...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. ആത്മീയതയാൽ മധുരിതമാം...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. ആത്മീയതയാൽ മധുരിതമാം...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. ആത്മീയതയാൽ മധുരിതമാം...**

www.malankaralibrary.com

## ഹല്ലേലൂയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**മിശിഹാതൻ പ്രിയ സ്നേഹിതരാകും
ശ്ലീഹന്മാരെ വണങ്ങാമൊന്നായ്**

**കൈകളിലേന്തും സ്ലീവായാലേ
വയലുകളെല്ലാം ഉഴുതുമറിക്കും**

**പുത്തൻവിത്തുകൾ പാകുകയായവർ
ചാലുകൾതോറും, തിരുവചനങ്ങൾ**

**താതനുമതുപോൽസുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടുംകൂടി 'പരിശുദ്ധാത്മാവേ, എഴുന്നള്ളി വരണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ. പരിശുദ്ധാത്മാവേ, എഴുന്നള്ളി വരണമേ.**

ശുശ്രൂ. പന്തക്കുസ്താതിരുനാളിൽ ശ്ലീഹന്മാരുടെമേൽ തീനാവുകളുടെ രൂപത്തിൽ ഇറങ്ങിവന്ന് സുവിശേഷം അറിയിക്കുവാൻ അവരെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവേ, ലോകമെങ്ങും വചനം പ്രഘോഷിക്കുവാൻ ഞങ്ങളെ ശക്തരാക്കുന്നതിന് എഴുന്നള്ളി വരണമേ.

**സമൂ. പരിശുദ്ധാത്മാവേ, എഴുന്നള്ള 1 വരണമേ.**

ശുശ്രൂ. വരദാനങ്ങളാൽ ശ്ലീഹന്മാരെ സമ്പന്നരാക്കിയ പരിശുദ്ധാത്മാവേ, ഞങ്ങളെയും കൃപാവരങ്ങൾ നല്കി അനുഗ്രഹിക്കുന്നതിന് എഴുന്നള്ളിവരണമേ.

**സമൂ. പരിശുദ്ധാത്മാവേ, എഴുന്നള്ളി വരണമേ.**

ശുശ്രൂ. രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കുവാനായി ശിഷ്യന്മാരെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവേ, ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും പ്രേഷിത രംഗങ്ങളിൽ ജോലി ചെയ്യുന്ന എല്ലാവരെയും ആത്മാവിന്റെ ദാനങ്ങൾ നല്കി അനുഗ്രഹിക്കുന്നതിന് എഴുന്നള്ളിവരണമേ.

**സമൂ. പരിശുദ്ധാത്മാവേ, എഴുന്നള്ളി വരണമേ.**

ശുശ്രൂ. വിശുദ്ധ കൂദാശകളിലൂടെ ദൈവികജീവൻ നല്കുന്ന പരിശുദ്ധാത്മാവേ, കൗദാശികജീവിതത്തിലൂടെ ഞങ്ങൾ വിശുദ്ധിയിൽ വളരുന്നതിന് എഴുന്നള്ളി വരണമേ.

**സമൂ. പരിശുദ്ധാത്മാവേ, എഴുന്നള്ളി വരണമേ.**

ശുശ്രൂ. പീഡനങ്ങളിലും ക്ലേശങ്ങളിലും ശ്ലീഹന്മാർക്ക് പ്രത്യാശയും ധൈര്യവും പ്രദാനം ചെയ്ത പരിശുദ്ധാത്മാവേ, ജീവിതക്ലേശങ്ങളുടെ മധ്യേ വസിക്കുന്ന ഞങ്ങൾക്ക് പ്രത്യാശയും ധൈര്യവും നല്കുന്നതിന് എഴുന്നള്ളി വരണമേ.

**സമൂ. പരിശുദ്ധാത്മാവേ, എഴുന്നള്ളി വരണമേ.**

ശുശ്രൂ. ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ ജോലി ചെയ്യുന്നവർ സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കുവാൻ സഹായിക്കുന്ന പരിശുദ്ധാത്മാവേ, അങ്ങയുടെ ദാനങ്ങൾ സമൃദ്ധമായി നല്കുന്നതിന് എഴുന്നള്ളി വരണമേ.

**സമൂ. പരിശുദ്ധാത്മാവേ, എഴുന്നള്ളി വരണമേ.**

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

www.malankaralibrary.com

കാർമ്മി. പരിശുദ്ധാത്മാവിനെ നല്കി സുവിശേഷചൈതന്യം കൊണ്ട് ശ്ലീഹന്മാരെ നിറച്ച കർത്താവായ ദൈവമേ, ഈ ദിവ്യാത്മാവിന്റെ ദാനങ്ങൾ ഞങ്ങളുടെ സമൂഹത്തിലും വർഷിക്കണമേ. അങ്ങനെ ഞങ്ങളെല്ലാവരും മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന പ്രേഷിതരാകട്ടെ. പരസ്പരസ്നേഹത്തിലും ഐക്യത്തിലും ഞങ്ങൾ വളരുകയും അവിടുത്തെ അനുയായികൾക്കു യോഗ്യമാംവിധം വ്യാപരിക്കുകയും ചെയ്യട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)*

*എന്റെ രാജാവായ കർത്താവേ, ഞാനങ്ങയെ പാടി പുകഴ്ത്തും*

മിശിഹാ കർത്താവേ
പാവനസഭയെ നീ
കൃപയാൽ രക്ഷിച്ചു
രക്തം ചിന്തിയുമതുപോലെ
ഗാത്രം ബലിയായർപ്പിച്ചും
ഞങ്ങളിതാ, തിരുസന്നിധിയിൽ
വാഴ്ത്താം വാനവരോടൊപ്പം
എന്നെന്നും നാഥാ തിരുനാമം

*ഞങ്ങളെ വെറുത്തവരിൽ നിന്ന് നീ ഞങ്ങളെ രക്ഷിച്ചു.*

മിശിഹാ കർത്താവേ....

*(അല്ലെങ്കിൽ)*

*എന്റെ രാജാവായ കർത്താവേ, ഞാനങ്ങയെ പാടി പുകഴ്ത്തും.*

മിശിഹാ കർത്താവേ, വിശുദ്ധ സഭയെ നിന്റെ അമൂല്യമായ രക്തത്താൽ രക്ഷിച്ചത് നീയാകുന്നു. നിന്റെ തിരുമനസ്സ് എന്നും നിറവേറ്റുവാൻ നിന്റെ കരുണയാൽ ഞങ്ങൾക്ക് അനുഗ്രഹം നൽകണമേ. നിർമ്മല ഹൃദയത്തോടും വിശുദ്ധ മനസാക്ഷിയോടും കൂടി ദൈവമായ നിനക്കു ഞങ്ങൾ ബലിയർപ്പിക്കട്ടെ. ഞങ്ങളുടെ ദൈവവും രക്ഷകനുമായ കർത്താവേ, നീ

www.malankaralibrary.com

പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്നുദ്ഘോഷിക്കുകയും മാലാഖാമാരുടെ ഗണങ്ങളോട് ചേർന്ന് ഭയഭക്തികളോടെ നിനക്കു ഞങ്ങൾ സ്തുതി അർപ്പിക്കുകയും ചെയ്യുന്നു.

*ഞങ്ങളെ വെറുത്തവരിൽ നിന്ന് നീ ഞങ്ങളെ രക്ഷിച്ചു.*

മിശിഹാകർത്താവേ, വിശുദ്ധ സഭയെ നിന്റെ...

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. ധന്യാത്മാക്കൾ ദിവ്യവെളിച്ചം**
**നിറയും ഗേഹം കാത്തുകഴിപ്പൂ.**
**മിശിഹാ തന്നുടെ സ്നേഹം മുഴുവൻ**
**മനസ്സിൽക്കൊണ്ടു നടക്കുക നമ്മൾ.**
**സുവിശേഷത്തിൻ സൗഭാഗ്യത്തിൽ**
**നിനവുകളെല്ലാം നട്ടുവളർത്താം.**
**കർത്താവിൻ തിരുസന്നിധി ചേരാം**
**കൈക്കൊള്ളാമീ ദിവ്യരഹസ്യം**

*(അല്ലെങ്കിൽ)*

സമൂ. വിശുദ്ധർ പ്രകാശത്തിന്റെ സ്ഥലത്ത് തങ്ങളുടെ കണ്ണുകൾ ഉറപ്പിച്ചു. അവർ മിശിഹായുടെ സ്നേഹത്തോടു പ്രത്യുത്തരിക്കുകയും എല്ലാ ക്ലേശങ്ങളും പീഡനങ്ങളും സഹിക്കുകയും ചെയ്തു. സുവിശേഷപ്രകാരം ഒരുക്കിയിരിക്കുന്ന അവാച്യമായ സൗഭാഗ്യത്തിൽ അവരോടൊപ്പം നമുക്കും പങ്കുചേരാം.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ. ശിഷ്യഗണങ്ങൾ കാട്ടിയ വഴിയിൽ**
**സ്വർഗം പൂകിയ മാനവരെല്ലാം**
**വാഴ്ത്തീടുന്നു നിത്യപിതാവിൻ**
**നാമം നിതരാം വാനവരൊപ്പം.**
**വിനയമൊടേവം സന്നിധി പൂകി**
**കൈക്കൊള്ളാമീ ദിവ്യരഹസ്യം.**

www.malankaralibrary.com

*(അല്ലെങ്കിൽ)*

ശുശ്രൂ. തിരഞ്ഞെടുക്കപ്പെട്ട ശ്ലീഹന്മാരെ അനുകരിച്ച് വിശുദ്ധർ സ്വർഗ്ഗത്തിലെത്തി ദൈവത്തെ അനവരതം സ്തുതിക്കുന്നു. മാലാഖമാരോടുകൂടി ഹല്ലേലൂയ്യാ പാടി നിങ്ങൾ കർത്താവിനെ പുകഴ്ത്തുവിൻ. സഹോദരരേ, വരുവിൻ, മിശിഹായുടെ ശരീരരക്തങ്ങൾ സ്വീകരിക്കുകയും ഹല്ലേലൂയ്യാ പാടി അവിടുത്തെ സ്തുതിക്കുകയും ചെയ്യുവിൻ.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. കർത്താവായ ദൈവമേ, പാപികളും ബലഹീനരുമായ ഞങ്ങളെ അങ്ങയുടെ ദിവ്യദാനങ്ങൾ നല്കി അനുഗ്രഹിച്ചതിന് ഞങ്ങൾ നന്ദി പറയുന്നു. മിശിഹായുടെ കുരിശിലെ ബലിവഴി ഞങ്ങളുടെ പാപങ്ങളെല്ലാം പൊറുത്ത് ദൈവരാജ്യത്തിന് അങ്ങു ഞങ്ങളെ അർഹരാക്കി. അങ്ങയുടെ അനന്തമായ സ്നേഹത്തിന് നിരന്തരം കൃതജ്ഞതയർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി. ഞങ്ങളുടെ കർത്താവും രക്ഷകനുമായ മിശിഹായേ, നിന്റെ ശരീരവും രക്തവും നല്കിക്കൊണ്ട് സ്വർഗീയ ജീവിതത്തിന് നീ ഞങ്ങളെ അർഹരാക്കി. വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും വിശുദ്ധീകരിക്കപ്പെട്ട് സ്വർഗ്ഗത്തിൽ നിത്യമഹത്ത്വം അനുഭവിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സ്വർഗവാസികളോടും ഭൂവാസികളോടും ചേർന്ന് ഈ അനന്തദാനത്തിന് നിനക്കു ഞങ്ങൾ കൃതജ്ഞതയർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. സ്നേഹപിതാവാം സകലേശൻ
സൃഷ്ടിച്ചല്ലോ മാനവരെ

www.malankaralibrary.com

രക്ഷിച്ചങ്ങേ തിരുസുതനാൽ
നല്കി റൂഹാ ദാനങ്ങൾ.

ദിവ്യരഹസ്യം കൈക്കൊള്ളും
നമ്മെ നയിക്കും നിഖിലേശൻ
പാടാം ദൈവസ്തുതികൾ നാം
വാഴ്ത്താമെന്നും തിരുമുമ്പിൽ.

പരിപാവനമീയാഗത്തിൽ
പങ്കാളികളായ്ത്തീർന്നവരാം
നമ്മെ നിതാന്തം സകലേശൻ
പ്രേഷിതരായി നയിക്കട്ടെ.

രക്ഷക കൃപയും താതൻ തൻ
സ്നേഹവുമൊപ്പം റൂഹാതൻ
സഹവാസവുമുണ്ടാകട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. പിതാവായ ദൈവം തന്റെ അനന്തമായ സ്നേഹത്താൽ നമ്മെ സൃഷ്ടിക്കുകയും പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ നല്കി നമ്മെ അനുഗ്രഹിക്കുകയും ചെയ്തു. ദൈവികരഹസ്യങ്ങളുടെ ഓർമ്മയാചരിച്ചുകൊണ്ട് ദൈവത്തെ സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്ത നമ്മെ അവിടുന്നു സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഈ കുർബാനയിൽ സംബന്ധിച്ച നിങ്ങളെല്ലാവരും മിശിഹായുടെ ഉത്തമസ്നേഹിതരും തിരുഹിതം നിറവേറ്റുന്നവരും അവിടുത്തെ സന്ദേശം ലോകമെങ്ങും പ്രഘോഷിക്കുന്നവരുമാകട്ടെ. നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും ✠ എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# കൈത്താക്കാലം

## പ്രാരംഭപ്രാർത്ഥന

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ മക്കളായ ഞങ്ങളുടെ നന്മയ്ക്കും രക്ഷയ്ക്കുംവേണ്ടി അങ്ങയുടെ പ്രിയപുത്രനെ ഞങ്ങൾക്കു നല്കിയല്ലോ. ലോകമെങ്ങും സുവിശേഷമറിയിച്ച ശ്ലീഹന്മാരുടെ ഓർമ്മ ആചരിക്കുന്ന ഞങ്ങളെ തൃക്കൺപാർക്കണമേ. അങ്ങയുടെ പ്രിയപുത്രൻ കാരുണ്യപൂർവം നല്കിയ ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളുടെ പരികർമ്മത്തിന് പാപികളായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ**

### സങ്കീർത്തനമാല (മർമ്മീസ) 144, 145, 146

### സങ്കീർത്തനം 146

**അഖിലകീർത്തനത്തിനും**
**അർഹനായ ദൈവമേ,**
**ഉചിതമാണു മധുരമാം**
**ദിവ്യനാമകീർത്തനം.**

**മഹിതമാകുമോറെശ്ലേം**
**പണിയുമങ്ങു പാലകൻ**
**ഒരു ഗണത്തിലാക്കുമീ**
**ചിതറിടും ജനങ്ങളെ.**

**തകരുമേതു ഹൃദയവും**
**ശാന്തി കാണ്മതങ്ങയിൽ**
**കനിവിയന്നൊരങ്ങിലീ**
**ഭുവനദുഃഖമുക്തിയും**

**കീർത്തനങ്ങൾ പാടിടാം**
**വാഴ്ത്തിടാം മഹേശനെ**
**കിന്നരങ്ങൾ മീട്ടിയാ**
**നാമഗീതി പാടിടാം.**

**അഭയമാർന്നിടുന്നിതാ**
**ഭയമിയന്ന മാനവർ**

www.malankaralibrary.com

**ശാന്തി തേടിടുന്നിതാ**
**തന്നിലെന്നുമാകുലർ.**

**താതനെന്ന പോലവേ**
**സുതനുമാത്മനും സദാ**
**സ്തുതിയനാദികാലവും**
**നിത്യമെങ്ങുമെപ്പൊഴും.**

*(അല്ലെങ്കിൽ)*

കാർമ്മി. നമ്മുടെ ദൈവത്തെ സ്തുതിക്കുന്നത് നല്ലതും ഉചിതവുമാകുന്നു. അവിടുന്നു സ്തുത്യർഹനാകുന്നു.

സമൂ.സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ. വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

കാർമ്മി. കർത്താവ് ഓറശ്ലത്തെ പണിയുകയും ഇസ്രായേലിൽ നിന്നും ചിതറിപ്പോയവരെ ഒരുമിച്ചുകൂട്ടുകയും ചെയ്യുന്നു.

സമൂ. കർത്താവു ഹൃദയം തകർന്നവരെ സുഖപ്പെടുത്തുകയും ആകുലതകൾ ഇല്ലാതാക്കുകയും ചെയ്യും.

കാർമ്മി. കർത്താവ് എളിയവരെ ഉയർത്തുന്നു. ദുഷ്ടരെ താഴ്ത്തുകയും ചെയ്യുന്നു.

സമൂ. തന്നെ ഭയപ്പെടുന്നവരെയും തന്റെ കൃപയിൽ പ്രത്യാശ വയ്ക്കുന്നവരെയും കർത്താവ് ഇഷ്ടപ്പെടുന്നു.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി. സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ. വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

***ഗായക I. ഭൂമിയിലെങ്ങും അവയുടെ സ്വരം ചെന്നെത്തുന്നു.***

**ശ്ലീഹന്മാരീയുലകിൽ സത്യം ഘോഷിക്കാമെന്നും**
**തിരുവചനത്താൽ ജനതയ്ക്കെല്ലാം വിശ്വാസം**

www.malankaralibrary.com

**ഉത്ഥിതനായ മിശിഹാവഴിയായി നീങ്ങി ഭയം**
**സുവിശേഷത്തിൻ ദൗത്യം നൽകി പാരാകേ**
**ജനമാ ബോധം കൈക്കൊള്ളുകയാൽ പ്രേഷിതരായി**

***ഗായക II.*** ***അവരുടെ വാക്കുകൾ ലോകത്തിന്റെ അതിർത്തികൾ വരെയും***

**ശ്ലീഹന്മാരീയുലകിൽ സത്യം ഘോഷിക്കാമെന്നും....**

***ഗായക I.*** ***പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**സ്ലീവായെന്നും മർത്യഗണത്തിൻ രക്ഷാസങ്കേതം**
**മർത്യർക്കെല്ലാമഭയം നല്കും കോട്ടയുമാം**
**കുരിശിതിൽ ഞങ്ങൾ വിജയിക്കട്ടെ ദുഷ്ടനെയും**
**അതുപോലവനുടെ കെണികളെയെല്ലാം നീക്കിടുവാൻ**
**വാഴ്ത്തിവണങ്ങാം കുരിശിനെയെന്നും രക്ഷിതരായീടാൻ**

***ഗായക II.*** ***ആദിമുതൽ എന്നേക്കും, ആമ്മേൻ.***

**സ്ലീവായെന്നും മർത്യഗണത്തിൻ രക്ഷാസങ്കേതം....**

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ആത്മീയതയാൽ മധുരിതമാം
ഗീതികളാലെ നാമൊന്നായ്
ശ്ലീഹന്മാരുടെയോർമ്മകളെ
കൊണ്ടാടാമീ വേദികയിൽ
വാഴ്ത്തീടാം കൈത്താക്കാലത്തിൽ.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ.** **ആത്മീയതയാൽ മധുരിതമാം...**

www.malankaralibrary.com

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. ആത്മീയതയാൽ മധുരിതമാം...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. ആത്മീയതയാൽ മധുരിതമാം...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. ആത്മീയതയാൽ മധുരിതമാം...**

## ഹല്ലേലൂയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലൂയ്യാ പാടീടുന്നേൻ...)*

**ഹല്ലേലൂയ്യാ പാടാമൊന്നായ്**
**ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.**

**നല്ലവനാകും കർത്താവിങ്കൽ**
**അഭയം തേടും മാനവരെല്ലാം.**

**ഭാഗ്യമിയന്നോരവരെ നാഥൻ**
**പാലിച്ചീടും കുറവില്ലാതെ.**

**തിന്മയിൽ നിന്നുമകന്നു നിതാന്തം**
**നന്മകൾ ചെയ്യുക നാമെല്ലാരും.**

**താതനുമതുപോൽ സുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലൂയ്യാ പാടാമൊന്നായ്**
**ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.**

www.malankaralibrary.com

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹ ത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയു ണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. രക്ഷകനായ മിശിഹായേ, നിന്റെ ദിവ്യരക്തത്താൽ നീ വീണ്ടെടുക്കുകയും രക്തസാക്ഷികളുടെ ചുടുനിണത്താൽ പരി പോഷിപ്പിക്കുകയും ചെയ്ത സഭയ്ക്കു പ്രയാസങ്ങളെയും എതിർപ്പുകളെയും നേരിടുന്നതിനും നിന്റെ ദിവ്യദൗത്യം വിജയ പ്രദമായി തുടരുന്നതിനും ശക്തി നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. സഭയോടൊത്തു ചിന്തിക്കുവാനും അവളുടെ പ്രവർത്ത നങ്ങളിൽ കഴിവിനൊത്തു പങ്കാളികളാകുവാനുമുള്ള സന്മനസ്സ് നിന്റെ ജനത്തിനു നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. നിന്റെ ആദർശങ്ങൾക്കൊത്തു സത്യസഭയെ ധീരമായി നയിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പാ യെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങ ളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീ ത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. വിവിധ സഭകൾക്കിടയിൽ പരസ്പര ധാരണയും ഐക്യവും വളർത്തി ഏകസത്യവിശ്വാസത്തിൽ അവയെ പരി രക്ഷിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കുവാൻ ശിഷ്യന്മാരെ നിയോഗിച്ച കർത്താവേ, ശ്ലീഹന്മാരും പ്രവാച കന്മാരുമാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്ന സഭയിൽ യഥാർത്ഥ പ്രേഷിതരാകുവാൻ ഞങ്ങളെ സഹായി ക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ദൈവവിളിക്കനുസൃതമായി സുവിശേഷവേലചെയ്ത് നീതിമാന്മാരോടൊപ്പം സ്വർഗസൗഭാഗ്യത്തിന് അർഹരാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ദൈവരാജ്യത്തിനു സാക്ഷികളായിത്തീർന്ന് മിശിഹായിൽ ലോകത്തെ നവീകരിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. പ്രേഷിത പ്രവർത്തനങ്ങളിൽ ഞങ്ങൾക്കുണ്ടാവുന്ന എതിർപ്പുകളെയും പ്രതിബന്ധങ്ങളെയും പ്രത്യാശയോടെ തരണം ചെയ്യുവാൻ ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി. സുവിശേഷത്തിനു സാക്ഷികളാകുവാൻ ഞങ്ങളെ വിളിച്ച കർത്താവേ, സഭയോടു ചേർന്ന് ഏകമനസ്സായി പ്രേഷിതവേല ചെയ്യുവാൻ ഞങ്ങളെ സഹായിക്കണമേ. വിശുദ്ധിയോടും തീക്ഷ്ണതയോടുംകൂടി സഭയിൽ ശുശ്രൂഷ ചെയ്യുവാനും നിന്നെ മഹത്ത്വപ്പെടുത്തുവാനും പ്രേഷിതരംഗങ്ങളിൽ സേവനമനുഷ്ഠിക്കുന്ന എല്ലാവരെയും അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)*

*കർത്താവിന്റെ മാലാഖമാരേ, അവിടുത്തെ വാഴ്ത്തുവിൻ*

നിതരാം വാഴ്ത്തുന്നു
വാനവനിരയൊന്നായ്
പാവനത്രിത്വത്തെ

www.malankaralibrary.com

കിന്നരനിരകൾ മീട്ടുന്നു
ക്രോവേന്മാരുടെ സൈന്യങ്ങൾ
ആരാധ്യൻ നീ സകലേശാ
എന്നും വന്ദനയാം ഞങ്ങൾ
നിൻ ബലിയിൽ സതതം ചേർന്നീടാൻ

*അവന്റെ അഭീഷ്ടം നിറവേറ്റുന്ന ശുശ്രൂഷികൾ*

നിതരാം വാഴ്ത്തുന്നു...

*(അല്ലെങ്കിൽ)*

*കർത്താവിന്റെ മാലാഖമാരേ, അവിടുത്തെ വാഴ്ത്തുവിൻ.*

ത്രിയേക ദൈവത്തെ മാലാഖമാരുടെ സൈന്യങ്ങൾ മുട്ടുകുത്തി ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. ആരാധ്യനായ അവിടുത്തേക്ക് അവർ നിത്യസ്തുതി അർപ്പിക്കുന്നു. അദൃശ്യനും ശക്തനുമായ ഏകദൈവത്തെ നമുക്കും പാടി പുകഴ്ത്താം.

*അവന്റെ അഭീഷ്ടം നിറവേറ്റുന്ന ശുശ്രൂഷികൾ.*

ത്രിയേക ദൈവത്തെ മാലാഖമാരുടെ...

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. പൂജിതമാമീ ബലിവേദികയിൽ**
**മിശിഹാ പെസഹാക്കുഞ്ഞാടല്ലോ**
**വാനവരൊന്നായ് ചുറ്റും നില്പൂ**
**സാദരമനുപമഗീതികൾ പാടാൻ**
**കൈക്കൊള്ളുകയീ ദിവ്യരഹസ്യം**
**ദൈവസുതൻതൻ ഗാത്രനിണങ്ങൾ**
**ഹല്ലേലൂയ്യാ പാടി നിതാന്തം**
**വാഴ്ത്താമെന്നും തിരുസാന്നിധ്യം**

*(അല്ലെങ്കിൽ)*

സമൂ. മദ്ബഹയിൽ ബലിയർപ്പിക്കപ്പെടുന്ന ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടിനു ചുറ്റും നമ്മോടൊപ്പം സ്വർഗ്ഗീയ സൈന്യങ്ങൾ നിലകൊള്ളുന്നു. മിശിഹായുടെ ശരീരരക്തങ്ങൾ സ്വീകരിക്കുകയും അവിടുത്തേക്ക് ഹല്ലേലുയ്യാ പാടുകയും ചെയ്യാം.

www.malankaralibrary.com

## അനുഗീതം (ഓനീസാ ദ്വാത്തേ)
*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ.** **തന്റെ ശരീരവുമതുപോൽ നിണവും**
**നല്കും നാഥനെ വാഴ്ത്തി നമിക്കാം**

**ഭയവും ഭക്തിയുമൊരുപോൽ നിറയും**
**വാനവവൃന്ദം നിരചേരുന്നു**

**മിശിഹാതന്നുടെ മാംസനിണങ്ങൾ**
**കൈക്കൊള്ളാം, സ്തുതിഗീതികൾ പാടാം**

*(അല്ലെങ്കിൽ)*

ശുശ്രൂ.നമ്മെ വിശുദ്ധീകരിക്കുവാൻ വേണ്ടി തന്റെ ശരീരരക്തങ്ങൾ നമുക്കു നല്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. അവർണ്ണനീയമായ ഈ രഹസ്യങ്ങൾ അർപ്പിക്കപ്പെടുമ്പോൾ മാലാഖമാർപോലും ഭയഭക്ത്യാദരങ്ങളോടെ നിലകൊള്ളുന്നു. ഇതാ മിശിഹായുടെ ശരീരരക്തങ്ങൾ. സഹോദരരേ, അവിടുത്തെ സ്വീകരിക്കുകയും ഹല്ലേലുയ്യാ പാടി സ്തുതിക്കുകയും ചെയ്യുവിൻ.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, ദിവ്യരഹസ്യങ്ങളിലൂടെ ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കിയതിന് ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ച് നിരന്തരം അങ്ങയെ സ്തുതിക്കുവാനും സ്വർഗവാസികളോടുകൂടി അങ്ങയെ പുകഴ്ത്തുവാനും ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി.ഞങ്ങളുടെ രക്ഷകനും നാഥനുമായ മിശിഹായേ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവുമായ ഈ ദിവ്യരഹസ്യങ്ങൾ വഴി നീ ഞങ്ങളുടെ കടങ്ങളും പാപങ്ങളും പൊറുക്കുകയും അപരാധങ്ങൾ ക്ഷമിക്കുകയും ചെയ്തു. വിശ്വാസംവഴി നിനക്കു വിധേയരായി ജീവിക്കുവാനും പ്രത്യാശയോടെ നിന്റെ നാമം വിളിച്ചപേക്ഷിക്കുവാനും സ്നേഹത്തിന്റെ സത്ഫലങ്ങൾ പുറപ്പെടുവിക്കുവാനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. മാമ്മോദീസാ വഴിയായി
ദൈവം നല്കീ നവജീവൻ
ദാനവരങ്ങളിലഖിലേശൻ
പങ്കാളികളായ്ത്തീർത്തല്ലോ.

തിരുവചനത്താൽ കനിവോടെ
ധന്യതനല്കി, ലോകത്തിൽ
സുവിശേഷത്തിനു സാക്ഷികളായ്
ജീവിതവീഥിയിൽ നീങ്ങിടുവിൻ.

വിശ്വാസത്തിലധിഷ്ഠിതമാം
നല്ല കുടുംബം തീർത്തെന്നും
സഭയുടെ നിസ്തുലചൈതന്യം
പാരിതിനെല്ലാം നല്കിടുവിൻ.

രക്ഷക കൃപയും താതൻ തൻ
സ്നേഹവുമൊപ്പം റൂഹാതൻ
സഹവാസവുമുണ്ടാകട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. മാമ്മോദീസാ വഴി ദൈവികജീവനിൽ നമ്മെ പങ്കുകാരാക്കുകയും വചനത്താലും ദിവ്യരഹസ്യങ്ങളാലും നമ്മെ സമ്പന്നരാക്കുകയും ചെയ്ത കർത്താവും രക്ഷകനുമായ മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. നമ്മുടെ ജീവിത സാഹചര്യങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യം വഹിക്കുവാൻ അവിടുന്നു നമ്മെ ശക്തരാക്കട്ടെ. വിശ്വാസത്തിലും പ്രാർത്ഥനയിലും അധിഷ്ഠിതമായ ജീവിതം നയിച്ച് സഭയെ സമ്പന്നയാക്കുവാൻ അവിടുന്നു നമ്മെ അനുഗ്രഹിക്കട്ടെ. വചനത്താലും ശരീരരക്തങ്ങളാലും പരിപുഷ്ടരായ നമ്മെ ദൈവികജീവന്റെ പൂർണ്ണതയിലേക്ക് അവിടുന്നു നയിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ

## പ്രാരംഭപ്രാർത്ഥന

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, മിശിഹായുടെ മഹത്ത്വപൂർണ്ണമായ ആഗമനത്തെ കാത്തിരിക്കുന്ന ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ആത്മശരീരങ്ങളെ പവിത്രീകരിക്കുന്ന ഈ ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിന് ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. വിശുദ്ധ കുരിശാൽ മുദ്രിതരായ ഞങ്ങൾ അങ്ങിൽ അഭയം പ്രാപിക്കുവാനും സ്വർഗത്തെ ലക്ഷ്യമാക്കി ജീവിക്കുവാനും കൃപ നല്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ**

### സങ്കീർത്തനമാല (മർമ്മീസ) 96, 97, 98

### സങ്കീർത്തനം 96

*(രീതി: കർത്താവേ, മമരാജാവേ...)*

**കർത്താവിന്നപദാനങ്ങൾ**
**കീർത്തിപ്പിൻ പുതുഗാനത്തിൽ**
**വാഴ്ത്തിപ്പാടി നമിക്കട്ടെ**
**പാർത്തലമെല്ലാമുടയവനെ.**

**വാഴ്ത്തുക തൻതിരുനാമവുമാ-**
**രക്ഷയുമെന്നും കീർത്തിപ്പിൻ**
**ജനതകൾ മധ്യേ കർത്താവിൻ**
**മഹിമകൾ നിതരാം ഘോഷിപ്പിൻ.**

**വാഴ്ത്തുക ജനമേ കർത്താവിൻ**
**നിസ്തുലശക്തി മഹത്ത്വങ്ങൾ**
**തിരുനാമത്തിനുചേർന്നവിധം**
**മഹിതസ്തുതികളുയർത്തിടുവിൻ.**

**തൃക്കാഴ്ചകളോടവിടുത്തെ**
**തിരുമുറ്റത്തു പ്രവേശിപ്പിൻ**
**നിർമ്മലവസ്ത്രവിഭൂഷിതരായ്**
**ആരാധിച്ചു വണങ്ങിടുവിൻ.**

www.malankaralibrary.com

**നീതി വിധിക്കും കർത്താവിൻ**
**നാമം ജനതകൾ വാഴ്ത്തട്ടെ**
**വനവൃക്ഷങ്ങൾ വയലുകളും**
**പുളകിതഗീതമുതിർക്കട്ടെ.**

**താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേനാമ്മേനനവരതം.**

*(അല്ലെങ്കിൽ)*

കാർമ്മി. കർത്താവിനു പുതിയ കീർത്തനം ആലപിക്കുവിൻ, ഭൂമി മുഴുവൻ കർത്താവിനെ പാടി സ്തുതിക്കട്ടെ.

സമൂ. ബലിയാൽ ഉടമ്പടി ഉറപ്പിച്ചിരിക്കുന്ന നീതിമാന്മാരെ വിളി ച്ചുകൂട്ടുവിൻ ആകാശം ദൈവനീതിയെ പ്രകീർത്തിക്കുന്നു എന്തുകൊണ്ടെന്നാൽ, വിധിക്കുന്നവൻ ദൈവമാകുന്നു.

കാർമ്മി.കർത്താവിനെ പാടിപ്പുകഴ്ത്തുവിൻ. അവിടുത്തെ നാമത്തെ വാഴ്ത്തുവിൻ.

സമൂ.അവിടുത്തെ രക്ഷയെ പ്രതിദിനം പ്രകീർത്തിക്കുവിൻ. ജനതകളുടെ ഇടയിൽ അവിടുത്തെ മഹത്ത്വം പ്രഘോഷിക്കു വിൻ.

കാർമ്മി. ജനപദങ്ങളേ, ഉദ്ഘോഷിക്കുവിൻ; മഹത്ത്വവും ശക്തിയും കർത്താവിന്റേതെന്ന് ഉദ്ഘോഷിക്കുവിൻ.

സമൂ. കർത്താവിന്റെ നാമത്തിനു ചേർന്നവിധം അവിടുത്തെ മഹത്ത്വപ്പെടുത്തുവിൻ.

കാർമ്മി.കാഴ്ചകളുമായി അവിടുത്തെ അങ്കണത്തിൽ പ്രവേ ശിക്കുവിൻ. വിശുദ്ധ വസ്ത്രങ്ങളണിഞ്ഞ് അവിടുത്തെ ആരാ ധിക്കുവിൻ.

സമൂ.അവിടുന്ന് ജനതകളെ നീതിപൂർവ്വം വിധിക്കും. ആകാശം ആഹ്ളാദിക്കട്ടെ, ഭൂമി ആനന്ദിക്കട്ടെ.

കാർമ്മി.സമുദ്രവും അതിലുള്ളവയും ആർപ്പുവിളിക്കട്ടെ. വയലും അതിലുള്ളവയും ആഹ്ലാദിക്കട്ടെ.

www.malankaralibrary.com

സമൂ. അപ്പോൾ കർത്താവിന്റെ സന്നിധിയിൽ വനവൃക്ഷങ്ങൾ ആനന്ദഗീതം ഉതിർക്കും.

കാർമ്മി.പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും ആമ്മേൻ.

കാർമ്മി. ബലിയാൽ ഉടമ്പടി ഉറപ്പിച്ചിരിക്കുന്ന നീതിമാന്മാരെ വിളിച്ചുകൂട്ടുവിൻ ആകാശം ദൈവനീതിയെ പ്രകീർത്തിക്കുന്നു എന്തുകൊണ്ടെന്നാൽ, വിധിക്കുന്നവൻ ദൈവമാകുന്നു.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

***ഗായക I. കർത്താവേ, അങ്ങ് ആകാശത്തിൽ ശക്തനാകുന്നു.***

**സന്തതമുന്നത സ്വർഗ്ഗതലത്തിൽ കുരിശിൻ പ്രഭയാലേ**
**ശാന്തിനിതാന്തം നിറയുകയല്ലോ ഭൂമിയിലും**
**അലകൾ നിറയും കടലുകളെല്ലാം തീർത്തല്ലോ**
**കുരിശീ മഹിയിൽ തൂകുകയല്ലോ ശാന്തിസദാ**
**കനിവോടരുളുക നാഥാ അതുവഴി രക്ഷിതരായീടാൻ**

***ഗായക II. അവിടുന്നു ഭൂമിയുടെ അതിർത്തിയോളം യുദ്ധം ഇല്ലാതാക്കുന്നു.***

**സന്തതമുന്നത സ്വർഗ്ഗതലത്തിൽ കുരിശിൻ പ്രഭയാലേ...**

***ഗായക I. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**സ്ലീവായെന്നും മർത്യഗണത്തിൻ രക്ഷാസങ്കേതം**
**മർത്യർക്കെല്ലാമഭയം നല്കും കോട്ടയുമാം**
**കുരിശിതിൽ ഞങ്ങൾ വിജയിക്കട്ടെ ദുഷ്ടനെയും**
**അതുപോലവനുടെ കെണികളെയെല്ലാം നീക്കിടുവാൻ**
**വാഴ്ത്തിവണങ്ങാം കുരിശിനെയെന്നും രക്ഷിതരായീടാൻ**

***ഗായക II. ആദിമുതൽ എന്നേക്കും, ആമ്മേൻ.***

**സ്ലീവായെന്നും മർത്യഗണത്തിൻ രക്ഷാസങ്കേതം....**

www.malankaralibrary.com

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം...)*

കാർമ്മി. സർവചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ആകാശവുമീ ഭൂതലവും
നാഥാ, താവകമാണല്ലോ
സൃഷ്ടികളെല്ലാമവിടുത്തെ
മഹിമകളല്ലോ പാടുന്നു
സ്ലീവായെ നിത്യം വാഴ്ത്തീടാം.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ. ആകാശവുമീ ഭൂതലവും...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. ആകാശവുമീ ഭൂതലവും...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. ആകാശവുമീ ഭൂതലവും...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. ആകാശവുമീ ഭൂതലവും...**

www.malankaralibrary.com

## ഹല്ലേലുയ്യാഗീതം (സൂമാറ)
*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**പാടുവിനെന്നും കർത്താവിന്നായ്
പാവനമാകും സ്തുതിഗീതങ്ങൾ.**

**അന്തമെഴാത്തൊരു കാരുണ്യം താൻ
നമ്മൊടു കാട്ടിയതോർത്തീടേണം.**

**നിലനില്ക്കുന്നു നിരന്തരമങ്ങേ
വിശ്വസ്തതയും കുറവില്ലാതെ.**

**താതനുമതുപോൽസുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ശുശ്രൂ. പ്രമാണങ്ങളെയും പ്രവാചകന്മാരെയും സമാദരിക്കുകയും എല്ലാ നിയമങ്ങളും പൂർത്തിയാക്കുകയും ചെയ്ത മിശിഹായേ, ഞങ്ങളുടെ മേലധികാരികളിൽ നിന്നെ ദർശിക്കുവാനും അവരുടെ ആജ്ഞകളനുസരിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

www.malankaralibrary.com

ശുശ്രൂ. ഏലിയായുടെ തീക്ഷ്ണതയോടും മൂശയുടെ ധൈര്യത്തോടുംകൂടി ജീവിതകാലം മുഴുവൻ നിനക്കു ശുശ്രൂഷ ചെയ്യുവാൻ ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങളപേക്ഷി ക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ശുശ്രൂ. താബോർമലയിൽവച്ചു രൂപാന്തരപ്പെടുകയും നിന്റെ മഹത്ത്വംകണ്ടു ഭീതിപൂണ്ട വത്സലശിഷ്യന്മാരെ ധൈര്യപ്പെടുത്തുകയും ചെയ്ത കർത്താവേ, വിധിദിവസത്തിൽ മഹത്ത്വപൂർണ്ണനായി നീ പ്രത്യക്ഷപ്പെടുമ്പോൾ ആനന്ദത്തോടെ നിന്നെ എതിരേല്ക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ശുശ്രൂ. അക്രമം കൈവെടിഞ്ഞു സ്നേഹത്തിലും സഹിഷ്ണുതയിലും സമാധാനത്തിന്റെ മാർഗ്ഗത്തിലൂടെ ലോകജനതയെ നയിക്കുവാൻ രാഷ്ട്രത്തലവന്മാരെ പഠിപ്പിക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ശുശ്രൂ.തിരഞ്ഞെടുക്കപ്പെട്ട ജനത്തെ വാഗ്ദാനത്തിന്റെ നാട്ടിലേക്കു മൂശ നയിച്ചതുപോലെ സ്വർഗീയ ഭവനത്തിലേക്കു ഞങ്ങളെ നയിക്കുവാൻ, ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും അനുഗ്രഹിക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ശുശ്രൂ. ഞങ്ങളുടെ ഉത്ഥാനവും പ്രതീക്ഷയുമായ മിശിഹായേ, നീ കുരിശടയാളത്തോടുകൂടി വാനമേഘങ്ങളിൽ ആഗതനാകുമ്പോൾ നിന്റെ വലത്തുഭാഗത്തു അണിനിരക്കുവാൻ ഞങ്ങളെ അർഹരാക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

www.malankaralibrary.com

ശുശ്രൂ.നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി. പ്രവാചകന്മാരുടെ പ്രതീക്ഷയും പഴയനിയമത്തിന്റെ പൂർത്തീകരണവുമായ മിശിഹായേ, ദൈവദൂതന്മാരാൽ പരിസേവിതനായി കുരിശടയാളത്തോടുകൂടെ വാനമേഘങ്ങളിൽ നീ പ്രത്യക്ഷനാകുമ്പോൾ വിശുദ്ധരോടൊന്നിച്ചു നിന്നെ എതിരേല്ക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. നിന്റെ പെസഹാ രഹസ്യത്തിൽ സജീവമായി പങ്കെടുക്കുന്ന ഞങ്ങളെ സ്വർഗ്ഗരാജ്യത്തിന് അവകാശികളാക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)*

*കർത്താവിന്റെ വിശുദ്ധമന്ദിരത്തിൽ അവിടുത്തെ സ്തുതിക്കുവിൻ.*

ബലിയായ് നല്കീ നീ
നാഥാ, സകലേശാ
നിൻ തിരുസൂനുവിനെ
നിർമ്മലമായൊരു ഹൃദയവുമായ്
പാപമകന്ന കരങ്ങളുമായ്
ദിവ്യവിരുന്നിൽ ചേർന്നിടുവാൻ
നിത്യം സന്നിധിയണയുന്നു
വാഴ്ത്തീടാം നാഥാ, നിൻ നാമം.

*കർത്താവ് കളങ്കമറ്റ കൈകളും നിർമ്മലമായ ഹൃദയവും ഉള്ളവൻ.*

ബലിയായ് നല്കീ നീ...

*(അല്ലെങ്കിൽ)*

*കർത്താവിന്റെ വിശുദ്ധമന്ദിരത്തിൽ അവിടുത്തെ സ്തുതിക്കുവിൻ.*

കളങ്കമറ്റ കൈകളോടും നിർമ്മല ഹൃദയത്തോടുംകൂടി അങ്ങയെ സമീപിക്കുന്നവർക്ക് കടങ്ങളുടെ പൊറുതിക്കായി

www.malankaralibrary.com

കർത്താവേ, അങ്ങ് ആത്മീയവിരുന്ന് ഒരുക്കുന്നു. ദൈവമേ, പാപികളായ ഞങ്ങൾക്കുവേണ്ടി അങ്ങ് പുത്രനായ മിശിഹായെ ബലിയായി നല്കി. അങ്ങേക്കു സ്തുതി.

*കർത്താവ് കളങ്കമറ്റ കൈകളും നിർമ്മലമായ ഹൃദയവും ഉള്ളവൻ.*

കളങ്കമറ്റ കൈകളോടും...

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ.** **നിത്യവിശുദ്ധിപകർന്നുതരും തിരു**
**ഗാത്രനിണങ്ങൾ ബലിപീഠത്തിൽ.**

**വരുവിൻ നരരേ, പാടിവണങ്ങാം**
**പാവനനാകും സകലേശനെ നാം.**

**പാപവിമോചനമരുളുന്നല്ലോ**
**മിശിഹാ തൻ തിരുമാംസനിണങ്ങൾ**

**കൈക്കൊള്ളാമീ ദിവ്യരഹസ്യം**
**വാഴ്ത്തിപ്പാടാം വാനവരൊപ്പം.**

*(അല്ലെങ്കിൽ)*

സമൂ. നമ്മെ വിശുദ്ധീകരിക്കുന്ന അമൂല്യമായ ശരീരരക്തങ്ങൾ നല്കപ്പെടുന്നു. സകലത്തിന്റെയും നാഥാ, നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു നമുക്കു പാടി സ്തുതിക്കാം. പാപമോചനത്തിനായി ഇതാ സകലജനതകൾക്കും സ്വർഗ്ഗീയ അപ്പം നല്കപ്പെടുന്നു. നമുക്ക് ഈ ദിവ്യരഹസ്യങ്ങൾ സ്വീകരിച്ച് മാലാഖമാരോടൊത്ത് അവിടുത്തെ ഹല്ലേലൂയ്യാ പാടി സ്തുതിക്കാം.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ.** **ദിവ്യരഹസ്യം ദൈവികദാനം,**
**കൈക്കൊള്ളുക നാമാദരവോടെ.**

**നിത്യവിശുദ്ധിപകർന്നുതരുന്നീ**
**രക്ഷകഗാത്രനിണങ്ങൾ പാരിൽ.**

www.malankaralibrary.com

**ഹല്ലേലൂയ്യാ പാടാമൊന്നായ്**
**ദൈവികദാനം കൈക്കൊണ്ടീടാം.**

*(അല്ലെങ്കിൽ)*

ശുശ്രൂ. ഇതാ, കടങ്ങളുടെ മോചനത്തിനായുള്ള ദൈവിക ദാനം. സഹോദരരേ, ഈ ദാനം സ്വീകരിക്കുകയും അതുവഴി വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുവിൻ. നമുക്കു ഹല്ലേലൂയ്യാ പാടിക്കൊണ്ട് ഐക്യത്തോടും സ്നേഹത്തോടുംകൂടി ഈ ദാനം സ്വീകരിക്കാം.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. കർത്താവായ ദൈവമേ, ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തിയതിന് ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. തിന്മയിൽ നിന്നു മോചിതരായി, ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളുവാൻ അങ്ങു ഞങ്ങളെ യോഗ്യരാക്കി. അങ്ങയുടെ നാമത്തെ മഹത്ത്വപ്പെടുത്തുവാനും അങ്ങയുടെ വചനം പ്രഘോഷിക്കുവാനും ബലഹീനരായ ഞങ്ങൾക്കു ശക്തി നല്കിയ അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി. മനുഷ്യവർഗ്ഗത്തിന്റെ പ്രത്യാശയായ മിശിഹായേ, ഈ ദിവ്യരഹസ്യങ്ങൾ വഴി നിന്റെ മഹത്ത്വം പ്രകീർത്തിക്കുവാൻ ഞങ്ങൾക്കു നീ കൃപ നല്കി. സകലത്തെയും പവിത്രീകരിക്കുന്ന നിന്റെ ശരീരരക്തങ്ങൾ വഴി നിത്യ സൗഭാഗ്യത്തിൽ നിന്നോടൊപ്പം പങ്കുചേരുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. നിസ്തുല ദിവ്യരഹസ്യങ്ങൾ
പരികർമ്മം നാം ചെയ്യുകയാൽ

www.malankaralibrary.com

നാഥൻ തന്റെ മഹത്ത്വത്തിൽ
പങ്കാളികളായ്ത്തീർത്തല്ലോ.

പീഡകളെങ്ങും നിറയുമ്പോൾ
വിശ്വാസത്തിൽ നിലനില്ക്കാൻ
സ്നേഹപിതാവാം സകലേശൻ
കൃപയും ശക്തിയുമരുളട്ടെ.

ദൈവത്തിൻ പരിപാലനമീ
ഭൂവിൽ നിങ്ങൾക്കെന്നാളും
നൽവരദാനം നല്കീടും
സംരക്ഷണവും ചിരകാലം.

കുരിശാൽ രക്ഷിതരാം നിങ്ങൾ
കരുണയിലെന്നും വളരട്ടെ
ഹൃദയത്തിൽ കൃപ നിറയട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. സ്തുത്യർഹവും പരിശുദ്ധവും ജീവദായകവുമായ തിരുശരീരരക്തങ്ങളുടെ പരികർമ്മം വഴി തന്റെ മഹത്ത്വത്തിൽ നമ്മെ പങ്കുകാരാക്കിയ കർത്താവ് സഭയിൽ വാഴ്ത്തപ്പെട്ടവനാകട്ടെ. ദൈവത്തിന്റെ അനുഗൃഹീത ജനമേ, ദൈവരാജ്യത്തിനുവേണ്ടി പീഡകളും ക്ലേശങ്ങളും അനുഭവിക്കേണ്ടിവരുമ്പോൾ നഷ്ടധൈര്യരാകാതെ വിശ്വാസത്തിൽ ഉറച്ചു നില്ക്കുവാൻ അവിടുന്നു നിങ്ങളെ അനുഗ്രഹിക്കട്ടെ. കർത്താവിന്റെ പരിപാലനത്തിൽ സംരക്ഷിക്കപ്പെട്ടവരേ, നിങ്ങളുടെമേൽ അവിടുന്നു കൃപാവരം ചൊരിയട്ടെ. അവിടുത്തെ കുരിശിനാൽ രക്ഷിക്കപ്പെട്ട നിങ്ങളിൽ അവിടുന്നു കാരുണ്യവും അനുഗ്രഹവും വർഷിക്കട്ടെ. ഇപ്പോഴും എപ്പോഴും ✠ എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# പള്ളിക്കൂദാശക്കാലം

## പ്രാരംഭപ്രാർത്ഥന

കാർമ്മി. കർത്താവായ ദൈവമേ, മിശിഹാവഴി സഭയെ സ്ഥാപിക്കുകയും സ്വർഗീയ സൗന്ദര്യത്താൽ അവളെ അലങ്കരിക്കുകയും ചെയ്ത അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. കൂദാശകൾ വഴി സഭയിൽ രക്ഷ പ്രദാനം ചെയ്യുവാൻ തിരുമനസ്സായ അങ്ങയുടെ അനന്തകാരുണ്യത്തിന് ഞങ്ങൾ നന്ദി പറയുന്നു. സഭാപ്രതിഷ്ഠയെ അനുസ്മരിക്കുന്ന ഞങ്ങളെ ആത്മശരീര വിശുദ്ധിയോടെ ഈ ബലി അർപ്പിക്കുവാനും മാലാഖമാരോടൊത്ത് അങ്ങയെ സ്തുതിക്കുവാനും ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ**

### സങ്കീർത്തനമാല (മർമ്മീസ) 147, 148, 149, 150

### സങ്കീർത്തനം 148

*(രീതി : കർത്താവേ, മമരാജാവേ...)*

**കർത്താവിൻ സ്തുതി പാടിടുവിൻ**
**അത്യുന്നതനെ വാഴ്ത്തിടുവിൻ**
**ആകാശങ്ങളിലുയരട്ടെ**
**കർത്താവിന്നപദാനങ്ങൾ**

**ദൂതന്മാരേ, സേവകരേ,**
**പാടുക നാഥനു സ്തുതി ഗീതം**
**സൈന്യങ്ങൾക്കവനധിനാഥൻ**
**ധന്യനെ വാഴ്ത്തുക സേനകളേ.**

**സൂര്യനുമതുപോൽ ചന്ദ്രനുമാ**
**സന്നിധിയിൽ സ്തുതിപാടട്ടെ**
**വാനിൽ താരകനിരയെല്ലാം**
**നാഥനുഗീതികൾ പാടട്ടെ.**

www.malankaralibrary.com

**മേഘാവലിയിലെ ജലനിരയും**
**ആകാശവുമതുപാടട്ടെ**
**അവിടുന്നല്ലോ തിരുമൊഴിയാൽ**
**അവയെ സകലം സൃഷ്ടിച്ചു.**

**ഗിരിശിഖരങ്ങൾ കുന്നുകളും**
**ഫലവൃക്ഷങ്ങൾ വല്ലികളും**
**തീയും മഞ്ഞും കന്മഴയും**
**കാറ്റും നാഥനെ വാഴ്ത്തട്ടെ.**

**താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേനാമ്മേനനവരതം.**

*(അല്ലെങ്കിൽ)*

കാർമ്മി. കർത്താവിനെ സ്തുതിക്കുവിൻ; ആകാശത്തുനിന്നു കർത്താവിനെ സ്തുതിക്കുവിൻ. ഉന്നതങ്ങളിൽ അവിടുത്തെ സ്തുതിക്കുവിൻ.

സമൂ.കർത്താവിനു പുതിയ കീർത്തനം പാടുവിൻ.നീതിമാന്മാരുടെ സമൂഹത്തിൽ അവിടുത്തെ പുകഴ്ത്തുവിൻ.

കാർമ്മി.കർത്താവിന്റെ ദൂതന്മാരേ, അവിടുത്തെ സ്തുതിക്കുവിൻ. കർത്താവിന്റെ സൈന്യങ്ങളേ, അവിടുത്തെ സ്തുതിക്കുവിൻ.

സമൂ. സൂര്യചന്ദ്രന്മാരേ, അവിടുത്തെ സ്തുതിക്കുവിൻ. മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളേ, അവിടുത്തെ സ്തുതിക്കുവിൻ.

കാർമ്മി. ഉന്നതവാനിടമേ, കർത്താവിനെ സ്തുതിക്കുവിൻ. ആകാശത്തിനുമേലുള്ള ജലസഞ്ചയമേ, അവിടുത്തെ സ്തുതിക്കുവിൻ.

സമൂ.അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ. എന്തെന്നാൽ, അവിടുന്ന് കല്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു. അവിടുത്തെ മഹത്ത്വം ഭൂമിയെയും ആകാശത്തെയുംകാൾ ഉന്നതമാണ്.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

www.malankaralibrary.com

കാർമ്മി.കർത്താവിനു പുതിയ കീർത്തനം പാടുവിൻ നീതിമാന്മാരുടെ സമൂഹത്തിൽ അവിടുത്തെ പുകഴ്ത്തുവിൻ.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

***ഗായക I.*** ***ആരംഭംമുതൽ അങ്ങു തിരഞ്ഞെടുത്ത് സ്വന്തമാക്കിയ സഭയെ ഓർക്കണമേ.***

**ഓർക്കണമങ്ങേ സഭയെ നിതരാം**
**കരുണയോടെന്നാളും**
**താവകസ്വന്തം സഭയെന്നോർക്കേ വിശ്വാസം**
**നീക്കണമെല്ലാ കലഹവുമതുപോൽ ഭിന്നതയും**
**മക്കളെയെല്ലാം സ്നേഹത്താലെ കാക്കണമേ**
**വിശ്വാസത്തിലുമതുപോൽ ശാന്തിയിലും നിര ചേർന്നീടാൻ**

***ഗായക II.*** ***അങ്ങയെ അറിയുന്നവരിൽ അങ്ങയുടെ കാരുണ്യം വർഷിക്കണമേ.***

**ഓർക്കണമങ്ങേ സഭയെ നിതരാം...**

***ഗായക I.*** ***പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**സ്ലീവായെന്നും മർത്യഗണത്തിൻ രക്ഷാസങ്കേതം**
**മർത്യർക്കെല്ലാമഭയം നല്കും കോട്ടയുമാം**
**കുരിശിതിൽ ഞങ്ങൾ വിജയിക്കട്ടെ ദുഷ്ടനെയും**
**അതുപോലവനുടെ കെണികളെയെല്ലാം നീക്കിടുവാൻ**
**വാഴ്ത്തിവണങ്ങാം കുരിശിനെയെന്നും രക്ഷിതരായീടാൻ**

***ഗായക II.*** ***ആദിമുതൽ എന്നേക്കും, ആമ്മേൻ.***

**സ്ലീവായെന്നും മർത്യഗണത്തിൻ രക്ഷാസങ്കേതം...**

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.

www.malankaralibrary.com

സീയോനിൽ തൻ സങ്കേതം
സ്ഥാപിച്ചവനാം കർത്താവേ
സഭയിൽ നിന്നെ വണങ്ങുന്നു
ആനന്ദത്തിൻ ഗീതികളാൽ
മഹിമയെഴും സഭയെ ഓർമ്മിക്കാം.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ. സീയോനിൽ തൻ സങ്കേതം...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. സീയോനിൽ തൻ സങ്കേതം...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. സീയോനിൽ തൻ സങ്കേതം...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. സീയോനിൽ തൻ സങ്കേതം...**

## ഹല്ലേലുയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**എത്രമനോജ്ഞം വിസ്മയനീയം
കർത്താവേ നിൻവാസസ്ഥാനം.**

**നിൻതിരുഭവന നിവാസികളെല്ലാം
ഭാഗ്യമിയന്നവരാണെന്നാളും.**

www.malankaralibrary.com

**ആനന്ദത്താൽ പാടുന്നൂ ഞാൻ**
**ജീവിപ്പവനാം ദൈവത്തിന്നായ്.**

**താതനുമതുപോൽസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടെ തിരുസ്സഭയുടെ ഭാവിമഹത്ത്വത്തെ സ്മരിച്ചുകൊണ്ട് 'കർത്താവേ, നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ. കർത്താവേ, നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.**

ശുശ്രൂ. 'ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും' എന്ന വാഗ്ദാനമനുസരിച്ച് സഭയിൽ നിരന്തരം വസിച്ചുകൊണ്ട് അവളെ നിത്യസൗഭാഗ്യത്തിലേക്കു നയിക്കുന്ന കർത്താവേ,

**സമൂ. നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.**

ശുശ്രൂ. ശ്ലീഹന്മാരും അവരുടെ പിൻഗാമികളുംവഴി സഭയെ സ്വർഗീയ ജറൂസലത്തേക്കു സുരക്ഷിതമായി നയിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും അനുഗ്രഹിക്കുന്ന കർത്താവേ,

**സമൂ. നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.**

ശുശ്രൂ.സഭയെ സ്നേഹിക്കുകയും നിർമ്മലവധുവായിരിക്കു

www.malankaralibrary.com

വാൻ അവൾക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത കർത്തവേ,

**സമൂ. നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.**

ശുശ്രൂ.ലോകസൃഷ്ടിക്കുമുമ്പുതന്നെ നിനക്കുണ്ടായിരുന്ന മഹത്ത്വത്തിൽ ഞങ്ങൾ പങ്കുകാരാകുവാൻ വേണ്ടി അനുദിനം ഞങ്ങളുടെ കുരിശുമെടുത്ത് നിന്നെ അനുഗമിക്കുവാൻ ആഹ്വാനം ചെയ്ത കർത്താവേ,

**സമൂ. നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.**

ശുശ്രൂ.എല്ലാ ജനപദങ്ങളും നിന്നെ രക്ഷകനായി ഏറ്റുപറയുവാനും നിന്നിൽ ശാശ്വത സമാധാനം കണ്ടെത്തുവാനും രക്ഷയുടെ അടയാളവും സമാധാനത്തിന്റെ തുറമുഖവുമായി സഭയെ സ്ഥാപിച്ച കർത്താവേ,

**സമൂ. നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.**

ശുശ്രൂ.നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി.തിരുസഭയെ കളങ്കമേശാത്ത വധുവാക്കിത്തീർക്കുവാൻ കാൽവരിയിൽ ജീവാർപ്പണം ചെയ്ത മിശിഹായേ, നിന്റെ ശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെടുന്ന ഈ സമൂഹത്തിൽ നീ പ്രസാദിക്കണമേ. പരിശുദ്ധാത്മാവിന്റെ സ്നേഹത്തിൽ നീ പിതാവിനോട് ഒന്നായിരിക്കുന്നതുപോലെ ഞങ്ങളും നിന്നിൽ ഒന്നായിരിക്കുവാൻ സഹായിക്കണമേ. നിത്യസൗഭാഗ്യത്തെ നോക്കിപ്പാർത്തിരിക്കുന്ന ഞങ്ങളേവരെയും നിലനില്പിന്റെ വരം നല്കി അനുഗ്രഹിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)*

*എന്റെ കർത്താവായ രാജാവേ, നിന്നെ ഞാൻ പാടിപ്പുകഴ്ത്തും*

www.malankaralibrary.com

മിശിഹാരാജാവേ,
നിൻ തിരുരക്തത്താൽ
സഭയെ പാലിച്ചു.
നല്കണമേ നിൻ കാരുണ്യം
തിരുഹിതമെന്നും നിറവേറ്റാൻ
നിർമ്മലമായ മനസ്സോടെ
ഞങ്ങൾ തിരുബലിയർപ്പിക്കും
സ്തുതിപാടും: നാഥൻ പരിശുദ്ധൻ.

*ഞങ്ങളുടെ ശത്രുക്കളിൽ നിന്നു നീ ഞങ്ങളെ രക്ഷിച്ചു.*

മിശിഹാ രാജാവേ...

*(അല്ലെങ്കിൽ)*

*എന്റെ കർത്താവായ രാജാവേ, നിന്നെ ഞാൻ പാടിപ്പുകഴ്ത്തും.*

രാജാവായ മിശിഹായേ, നിന്റെ അമൂല്യമായ രക്തത്താൽ സഭയെ എല്ലാ തെറ്റുകളിൽ നിന്നും നീ സംരക്ഷിച്ചു. എല്ലായ്പ്പോഴും നിന്റെ ഹിതം നിറവേറ്റാനുള്ള ശക്തി കാരുണ്യപൂർവം ഞങ്ങൾക്കു നല്കണമേ. വിശുദ്ധവും നിർമ്മലവുമായ ഹൃദയത്തോടുകൂടി നിനക്കു ബലി അർപ്പിക്കുവാൻ ഞങ്ങൾക്കിടയാകട്ടെ. ഞങ്ങളുടെ രക്ഷകനും കർത്താവുമായ ദൈവമേ, നീ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഭക്ത്യാദരങ്ങളോടെ ഉദ്ഘോഷിച്ചുകൊണ്ട് മാലാഖവൃന്ദത്തോടുകൂടി ഞങ്ങളും നിന്നെ സ്തുതിക്കട്ടെ.

*ഞങ്ങളുടെ ശത്രുക്കളിൽ നിന്നു നീ ഞങ്ങളെ രക്ഷിച്ചു.*

രാജാവായ മിശിഹായേ, നിന്റെ അമൂല്യമായ...

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. വിശ്വാസത്തിൻ പാറയിലല്ലോ**
**സഭയെ മിശിഹാനാഥനുയർത്തി.**

**ശ്ലീഹന്മാരെയുമതുപോൽ നല്കി**
**ബോധകരായ പ്രവാചകരെയും.**

**സഭയുടെ പുണ്യവിശുദ്ധി വളർത്തും**
**നാഥനെ വാഴ്ത്തിപ്പാടുക നമ്മൾ.**

www.malankaralibrary.com

*(അല്ലെങ്കിൽ)*

സമൂ. വിശ്വാസമാകുന്ന പാറമേൽ തന്റെ സഭയെ പണിതുയർത്തുകയും ശ്ലീഹന്മാരെയും പ്രവാചകന്മാരെയും സത്യപ്രബോധകരെയും സഭയ്ക്കു നല്കുകയും ചെയ്യുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

## അനുഗീതം (ഓനീസാ ദ്വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ. രാജാവാകും സ്വർഗപിതാവിൻ**
**പ്രിയസുതയല്ലോ തിരുസഭയാം നീ.**
**ധന്യനിതാന്തം നീയതിനാലേ**
**നിന്റെ മഹത്ത്വം പാടി നമിക്കാം.**
**സോദരഗണമേ, വരുവിൻ, നിങ്ങൾ**
**കൈക്കൊള്ളുകയീ മാംസനിണങ്ങൾ**

*(അല്ലെങ്കിൽ)*

ശുശ്രൂ. വിശ്വസ്തയായ സഭയേ, രാജാക്കന്മാരുടെ രാജാവായ പിതാവിന്റെ പുത്രീ, നീ അനുഗൃഹീതയാകുന്നു. പ്രിയ സഹോദരരേ, സഭയിൽ സജ്ജമാക്കിയിരിക്കുന്ന മിശിഹായുടെ ദിവ്യരഹസ്യങ്ങൾ സ്വീകരിച്ച് നമുക്കു നിത്യജീവൻ അവകാശമാക്കാം.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ അചഞ്ചലമായ സ്നേഹം അനുഭവിക്കാനും പൈതൃകമായ പരിപാലനയുടെ മാധുര്യം നുകരുവാനും അങ്ങു ഞങ്ങളെ അനുവദിച്ചുവല്ലോ. പുതിയ ജറുസലമായി സഭയെ തിരഞ്ഞെടുത്ത അങ്ങയുടെ അനന്തകാരുണ്യത്തിന് ഞങ്ങൾ നന്ദി പറയുന്നു. കർത്താവേ, ഈ ദിവ്യഭവനത്തിൽ ഒന്നുചേർന്ന് അങ്ങയെ ആരാധിക്കുവാനും ദിവ്യരഹസ്യങ്ങൾ അനുഷ്ഠിക്കുവാനും ഭാഗ്യം ലഭിച്ച ഞങ്ങളെ സകല സ്വർഗവാസികളോടുകൂടി അങ്ങയെ പരിശുദ്ധൻ എന്നു പാടി സ്തുതിക്കുവാൻ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

www.malankaralibrary.com

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി.കാരുണ്യവാനായ മിശിഹായേ, നിന്റെ അമൂല്യരക്തത്താൽ ഞങ്ങളെ വിശുദ്ധീകരിച്ച നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നിന്റെ തിരുവചനം ശ്രവിക്കുവാനും തിരുശരീരരക്തങ്ങൾ അനുഭവിക്കുവാനും ഞങ്ങളെ യോഗ്യരാക്കിയതിന് നിനക്കു നന്ദി പറയുന്നു. ഞങ്ങളുടെ ശരീരമാകുന്ന പരിശുദ്ധാത്മാവിന്റെ ആലയത്തെ വിശുദ്ധമായി സംരക്ഷിക്കുവാൻ ഞങ്ങളെ ശക്തരാക്കണമേ. സഭയെ നിർമ്മലവധുവായി സ്വീകരിച്ച മിശിഹായേ, മനുഷ്യവർഗ്ഗം മുഴുവൻ അവളെ രക്ഷയുടെ കൂദാശയായി സ്വീകരിക്കുവാനും അക്ഷയമായ ജീവന് അവകാശികളായിത്തീരുവാനും ഇടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. വാഗ്ദാനം നിറവേറ്റിടുവാൻ
നല്കീ മാനവരക്ഷയ്ക്കായ്
ദൈവം തന്നുടെ പ്രിയസുതനെ,
വാഴ്ത്താമെന്നും തിരുനാമം.

തൻപ്രിയവധുവായ് തിരുസഭയെ
കൈക്കൊണ്ടവനാം തിരുനാഥൻ
വീണ്ടും വന്നു യുഗാന്ത്യത്തിൽ
വിണ്ണിൻ വാതിൽ തുറന്നീടും.

ഈ ഭവനത്തിൽ ദൈവജനം
ദിവ്യസ്തുതികൾ പാടിടുവാൻ
നൽവരമേകിയ റൂഹായ്ക്കായ്
നന്ദിയണയ്ക്കാം വിനയമോടേ.

വിധികർത്താവാം മിശിഹാതൻ

www.malankaralibrary.com

വലതുവശത്തണിചേർന്നിടുവാൻ
ദൈവം കൃപയരുളീടട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. വാഗ്ദാനപൂർത്തീകരണത്തിനായി തന്റെ ഏകജാതനെ നല്കിയ പിതാവായ ദൈവത്തെ നമുക്കു സ്തുതിക്കാം. തന്റെ പ്രിയ മണവാട്ടിയായി സഭയെ സ്വീകരിക്കുകയും യുഗാന്ത്യത്തിൽ സ്വർഗ്ഗീയ ജറുസലത്തേക്ക് അവളെ ആനയിക്കുവാൻ ആഗതനാവുകയും ചെയ്യുന്ന മിശിഹായെ നമുക്കാരാധിക്കാം. ഈ ഭവനത്തിൽ നമ്മെ ഒന്നിച്ചുകൂട്ടിയ പരിശുദ്ധാത്മാവിന് നമുക്കു നന്ദി പറയാം. ദൈവത്തിന്റെ ആലയത്തോടുള്ള തീക്ഷ്ണതയിൽ ജ്വലിക്കുവാനും ആത്മാവിന്റെ ആലയങ്ങളായി വിശുദ്ധിയോടും നൈർമ്മല്യത്തോടും കൂടി ജീവിക്കുവാനും അവിടുന്ന് നിങ്ങളെ അനുഗ്രഹിക്കട്ടെ. മിശിഹാ, രാജാവും വിധികർത്താവുമായി അണയുമ്പോൾ അവിടുത്തെ വലത്തുഭാഗത്ത് അണിനിരക്കുവാൻ നിങ്ങൾക്കിടയാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# സ്വർഗ്ഗാരോഹണത്തിരുനാൾ

## പ്രാരംഭപ്രാർത്ഥന

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ തിരുക്കുമാരനും ഞങ്ങളുടെ രക്ഷകനുമായ ഈശോമിശിഹായുടെ മഹത്ത്വപൂർണ്ണമായ സ്വർഗ്ഗാരോഹണം ആഘോഷിക്കുന്ന ഞങ്ങളെ കാരുണ്യപൂർവ്വം കടാക്ഷിക്കണമേ. ഞങ്ങൾക്കു നല്കിയ രക്ഷയെപ്രതി ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അങ്ങയുടെ പുത്രനോടൊപ്പം സ്വർഗ്ഗീയ മഹത്ത്വത്തിൽ ഞങ്ങളും പങ്കുചേരുമെന്ന പ്രത്യാശയിൽ രക്ഷാകരമായ ഈ രഹസ്യങ്ങൾ യോഗ്യതാപൂർവ്വം പരികർമ്മം ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

### സങ്കീർത്തനമാല (മർമ്മീസ) 144, 145, 146

#### സങ്കീർത്തനം - 146

**അഖിലകീർത്തനത്തിനും**
**അർഹനായ ദൈവമേ,**
**ഉചിതമാണു മധുരമാം**
**ദിവ്യനാമകീർത്തനം.**

**മഹിതമാകുമോറെശ്ലേം**
**പണിയുമങ്ങു പാലകൻ**
**ഒരു ഗണത്തിലാക്കുമീ**
**ചിതറിടും ജനങ്ങളെ.**

**തകരുമേതു ഹൃദയവും**
**ശാന്തി കാണ്മതങ്ങയിൽ**
**കനിവിയന്നൊരങ്ങിലീ**
**ഭുവനദുഃഖമുക്തിയും**

**കീർത്തനങ്ങൾ പാടിടാം**
**വാഴ്ത്തിടാം മഹേശനെ**
**കിന്നരങ്ങൾ മീട്ടിയാ**
**നാമഗീതി പാടിടാം.**

www.malankaralibrary.com

**അഭയമാർന്നിടുന്നിതാ**
**ഭയമിയന്ന മാനവർ**
**ശാന്തി തേടിടുന്നിതാ**
**തന്നിലെന്നുമാകുലർ.**

**താതനെന്ന പോലവേ**
**സുതനുമാത്മനും സദാ**
**സ്തുതിയനാദികാലവും**
**നിത്യമെങ്ങുമെപ്പൊഴും.**

*(അല്ലെങ്കിൽ)*

കാർമ്മി. നമ്മുടെ ദൈവത്തെ സ്തുതിക്കുന്നത് നല്ലതും ഉചിതവുമാകുന്നു. അവിടുന്നു സ്തുത്യർഹനാകുന്നു.

സമൂ.സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ. വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

കാർമ്മി. കർത്താവ് ഓറശ്ലത്തെ പണിയുകയും ഇസ്രായേലിൽ നിന്നും ചിതറിപ്പോയവരെ ഒരുമിച്ചുകൂട്ടുകയും ചെയ്യുന്നു.

സമൂ.കർത്താവു ഹൃദയം തകർന്നവരെ സുഖപ്പെടുത്തുകയും ആകുലതകൾ ഇല്ലാതാക്കുകയും ചെയ്യും.

കാർമ്മി. കർത്താവ് എളിയവരെ ഉയർത്തുന്നു. ദുഷ്ടരെ താഴ്ത്തുകയും ചെയ്യുന്നു.

സമൂ. തന്നെ ഭയപ്പെടുന്നവരെയും തന്റെ കൃപയിൽ പ്രത്യാശ വയ്ക്കുന്നവരെയും കർത്താവ് ഇഷ്ടപ്പെടുന്നു.

കാർമ്മി.പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി.സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ. വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : പുലരിയിൽ നിദ്രയുണർന്നങ്ങേ...)*

***ഗായക I. കർത്താവേ, അങ്ങയുടെ സിംഹാസനം എന്നേക്കും നിലനില്ക്കുന്നു.***

www.malankaralibrary.com

**തേജോമയനാം കർത്താവേ,**
**തവസാന്നിദ്ധ്യം ദർശിപ്പാൻ**
**കഴിയാതെന്നും നിൻ ചുറ്റും**
**ക്രോവേന്മാർ നിലകൊള്ളുന്നു.**

**ഇത്ര മഹത്ത്വം നിറയും നീ**
**മാനവർ ഞങ്ങളുടെ മധ്യത്തിൽ**
**വാഴുന്നല്ലോ കർത്താവേ,**
**വാഴ്ത്തീടാം നിൻ തിരുനാമം**

**നിസ്തുലമാം നിൻ പ്രഭയാലേ**
**ശോഭിക്കുന്നു മാനവരും**
**വലുതാം കൃപയും കരുണയുമീ**
**ഞങ്ങളിൽ നാഥാ നീ തൂകി.**

*ഗായക II.* ***കർത്താവിന്റെ സിംഹാസനം സ്വർഗ്ഗത്തി ലാണല്ലോ.***

**തേജോമയനാം കർത്താവേ....**

*ഗായക I.* ***പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**ഞങ്ങടെ രക്ഷകനീശോയേ**
**ദാസർ താവക സന്നിധിയിൽ**
**അഭയം തേടി വരുന്നിപ്പോൾ**
**രക്ഷയുമുയിരും നേടീടാൻ.**

**ആരാധകരാം ഞങ്ങളിൽ നീ**
**നിൻ കാരുണ്യം ചൊരിയണമേ!**
**ഞങ്ങളെ നിൻ തിരുസ്ലീവായാൽ**
**കാത്തുസുരക്ഷിതരാക്കണമേ.**

**നിന്റെ വിശുദ്ധരോടൊത്തെന്നും**
**നിൻ സ്തുതിപാടാൻ സ്വർഗ്ഗത്തിൻ**
**മണവറ തന്നിൽ ചേർക്കണമേ**
**ഞങ്ങളെയും നീ കനിവോടെ.**

www.malankaralibrary.com

*ഗായക II.* ***ആദിമുതൽ എന്നേക്കും, ആമ്മേൻ.***
**ഞങ്ങളുടെ രക്ഷകനീശോയേ....**

## പ്രകീർത്തനം (ശൂറായ)
*(രീതി: അംബരമനവരതം...)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ആത്മീയതയാൽ മധുരിതമാം
ഗീതികളാലെ കർത്താവിൻ
സ്വർഗ്ഗാരോഹണമോർമ്മിക്കാം
ഹല്ലേലൂയ്യാ പാടീടാം
വാഴ്ത്തീടാം നിത്യം തിരുനാമം.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ. ആത്മീയതയാൽ മധുരിതമാം...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. ആത്മീയതയാൽ മധുരിതമാം...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. ആത്മീയതയാൽ മധുരിതമാം...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. ആത്മീയതയാൽ മധുരിതമാം...**

www.malankaralibrary.com

## ഹല്ലേലുയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**
**അത്യുച്ചത്തിൽ മാറ്റൊലി കൊൾവൂ**
**അത്യുന്നതനുടെ ശബ്ദം വാനിൽ.**

**ശാശ്വതമാകും സ്വർഗ്ഗംതന്നിൽ**
**വാഴും നാഥനെ വാഴ്ത്തിപ്പാടാം**

**കീർത്തനമൊന്നായ് പാടുക നമ്മൾ**
**കർത്താവിൻ തിരുസന്നിധി തന്നിൽ**

**താതനുമതുപോൽസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. വഴിയും സത്യവും ജീവനുമായ മിശിഹായേ, നിന്റെ പുനരുത്ഥാനത്തിൽ ആനന്ദിക്കുന്ന ഞങ്ങളെ അന്ധകാരത്തിൽ നിന്നു പ്രകാശത്തിലേക്കും അസത്യത്തിൽ നിന്നു സത്യത്തിലേക്കും മരണത്തിൽനിന്നു മരണമില്ലായ്മയിലേക്കും ആനയിക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

www.malankaralibrary.com

ശുശ്രൂ. പരിഹാസത്തിന്റെ അടയാളമായ കുരിശിനെ പുനരുത്ഥാനം വഴി മഹത്ത്വത്തിന്റെ ചിഹ്നമായി ഉയർത്തിയ കർത്താവേ, ഞങ്ങളുടെ ശരീരത്തെ അതിന്റെ ദുരാശകളോടുകൂടെ കുരിശിൽ തറയ്ക്കുവാനും ആത്മസമർപ്പണത്തിൽ നിത്യജീവൻ കണ്ടെത്തുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ദാരിദ്ര്യത്താലും രോഗത്താലും വലയുന്നവരും സത്യത്തെപ്രതി പീഡയനുഭവിക്കുന്നവരും അങ്ങയുടെ മഹത്ത്വപൂർണ്ണമായ ഉത്ഥാനത്തെയും അവർണ്ണനീയമായ സ്വർഗ്ഗഭാഗ്യത്തെയും ഓർത്തുകൊണ്ട് നല്ല ഓട്ടം ഓടുവാനും വിശ്വാസം സംരക്ഷിക്കുവാനും വരം തരണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. സകലത്തിന്റെയും അധിനാഥനായ കർത്താവേ, ഞങ്ങളെയും ഞങ്ങൾക്കുള്ളവയെയും നിനക്കു സമർപ്പിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ശിഷ്യന്മാരുടെ സാന്നിധ്യത്തിൽ സ്വർഗ്ഗാരോഹണം ചെയ്ത കർത്താവേ, നിന്റെ സാന്നിധ്യം അനുഭവിക്കുവാനും സ്വർഗ്ഗോന്മുഖരായി ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. തന്റെ മരണത്തിനും ഉത്ഥാനത്തിനും സാക്ഷികളാകുവാൻ ഞങ്ങളെ വിളിച്ച കർത്താവേ, രക്ഷാകരമായ സുവിശേഷം ഞങ്ങളുടെ ജീവിതസാഹചര്യങ്ങളിൽ പ്രഘോഷിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. പുനരുത്ഥാനത്തിന്റെ മഹത്ത്വത്തിലേക്കു ദൈവജനത്തെ നയിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭ

യുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി. സ്വർഗ്ഗാരോഹണംചെയ്ത് പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായ കർത്താവേ, നിന്റെ രക്ഷാകരമായ സാന്നിധ്യം എന്നും അനുഭവിക്കുവാൻ ഞങ്ങൾക്കു ഇടയാക്കണമേ. ഞങ്ങൾ നിന്റെ ഉത്ഥാനത്തിന്റെ സാക്ഷികളായി ജീവിച്ച് സ്വർഗ്ഗീയമഹത്ത്വത്തിന് അർഹരാകുവാനും, നിന്റെ മാതൃകയനുസരിച്ച് ഞങ്ങളുടെ ചിന്തകളെയും പ്രവർത്തനങ്ങളെയും രൂപപ്പെടുത്തുവാനും അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ് ...)*

*എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്.*

സമമല്ലൊരുനാളും
മോശയൊരുക്കിയതാം
നിസ്തുല കൂടാരം
സ്വർഗ്ഗാരോഹിതനാഥൻ തൻ
നിത്യമനോജ്ഞ വിശുദ്ധസ്ഥലം
ശാശ്വതരാജ്യമൊരുക്കാനായ്
നാഥൻ വാനിലണഞ്ഞല്ലോ
പാടീടാം ദൈവം പരിശുദ്ധൻ

www.malankaralibrary.com

*യാക്കോബിന്റെ എല്ലാ വാസസ്ഥലങ്ങളെയുംകാൾ സീയോന്റെ കവാടങ്ങൾ കർത്താവ് സ്നേഹിക്കുന്നു.*

സമമല്ലൊരുനാളും........

*(അല്ലെങ്കിൽ)*

*എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്.*

പണ്ട് മോശ ഉണ്ടാക്കിയതും പ്രധാനപുരോഹിതൻ മാത്രം പ്രവേശിച്ചിരുന്നതുമായ അതിവിശുദ്ധ സ്ഥലത്തേക്കാൾ ഉന്നതമാണ് നമ്മുടെ കർത്താവ് പ്രവേശിച്ച വിശുദ്ധസ്ഥലം. പൗരോഹിത്യ ശുശ്രൂഷ ചെയ്യുവാനും ശാശ്വതമായ രാജ്യം ഒരുക്കാനും അവിടുന്ന് സ്വർഗ്ഗത്തിൽ പ്രവേശിച്ചു. അവൻ മരണാർഹനല്ലാതിരുന്നിട്ടും, നമ്മുടെ നീതികരണത്തിനുവേണ്ടി അവിടുന്ന് മരണത്തിന് വിധേയനായി. ശരീരം സ്വീകരിച്ച് നമ്മോടൊത്തു വസിച്ച നമ്മുടെ ശിരസ്സും നാഥനും വിധികർത്താവും അത്യുന്നതങ്ങളിൽ വസിക്കുന്നവനും പിതാവിൽനിന്നുള്ള വചനവുമായ മിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു.

*യാക്കോബിന്റെ എല്ലാ വാസസ്ഥലങ്ങളെയുംകാൾ സീയോന്റെ കവാടങ്ങൾ കർത്താവ് സ്നേഹിക്കുന്നു.*

പണ്ട് മോശ......

## പ്രത്യേകഗീതം (ദ്ഹീലത്ത്)

*(രീതി: പുലരിയിൽ നിദ്രയുണർന്നങ്ങേ...)*

**സ്വർഗ്ഗാരോഹണ ദിവസത്തിൽ**
**വാനവവൃന്ദം സ്തുതിപാടി**
**ജയഘോഷത്തോടാനാളിൽ**
**വിണ്ണിലുയർന്നു തിരുനാഥൻ.**

**വാനിലുയർന്നൊരു മിശിഹായെ**
**മുകിലുകൾ വന്നു മറച്ചല്ലോ**
**ശിഷ്യഗണങ്ങൾ കാണാതായ്**
**ഗുരുവിൻ മുഖമാനിമിഷത്തിൽ**

**കർത്താവേ, നിൻ സ്ഥലമെന്നും**
**മഹിമാപൂർണ്ണം, പരിശുദ്ധം**

www.malankaralibrary.com

**നിത്യമിരിപ്പൂ പീഠത്തിൽ,**
**വാഴുന്നീശൻ ജനനിരയിൽ**

**ദൈവത്തിൻ സ്തുതിപാടിടുവിൻ**
**കീർത്തനനാദമുയർത്തിടുവിൻ**
**ദിവ്യശരീരനിണങ്ങളെ നാം**
**വാഴ്ത്തിപ്പാടി വണങ്ങീടാം.**

*(അല്ലെങ്കിൽ)*

ഉന്നതനായ ദൈവമേ, എന്നുമെന്നേക്കും നിന്റെ വിശുദ്ധസ്ഥലത്ത് നീ മഹത്ത്വപൂർണ്ണനാകുന്നു. കർത്താവിന്റെ മഹത്ത്വം അവന്റെ സ്ഥലത്ത് പ്രകീർത്തിക്കപ്പെടുന്നു. ജയഘോഷത്തോടും കാഹള നാദത്തോടുംകൂടി ദൈവമായ കർത്താവ് ആരോഹണം ചെയ്തു. ദൈവത്തെ പാടിപ്പുകഴ്ത്തുവിൻ, സ്തോത്രങ്ങളാലപിക്കുവിൻ. നമ്മുടെ രാജാവിന് സ്തുതികൾ ഉതിർക്കുവിൻ, കീർത്തനങ്ങൾ ആലപിക്കുവിൻ. ദൈവം ജനതകളുടെമേൽ വാഴുന്നു. അവിടുന്ന് തന്റെ പരിശുദ്ധ സിംഹാസനത്തിൽ ഇരിക്കുന്നു. പുത്രന്റെ സ്വർഗ്ഗാരോഹണദിവസം അവനെ സ്വർഗ്ഗീയഗണങ്ങൾ പാടി സ്തുതിച്ചു. അവർ നോക്കി നില്ക്കേ അവൻ ഉന്നതങ്ങളിലേക്കു സംവഹിക്കപ്പെട്ടു. ഒരു മേഘം വന്ന് അവനെ അവരുടെ ദൃഷ്ടിയിൽ നിന്നു മറച്ചു. നമ്മൾ സ്വീകരിക്കുന്ന അമൂല്യമായ ശരീരരക്തങ്ങളെ കൃതജ്ഞതാപൂർവ്വം പാടി സ്തുതിക്കാം. ഹല്ലേലൂയ്യാ.

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ.** **ഉന്നതമാകും സ്വർല്ലോകത്തിൽ**
**മിശിഹാനാഥൻ മഹിമയിൽ വാഴ്‌വൂ.**

**പാപവിമോചനവാഗ്ദാനവുമായ്**
**ജനതയ്ക്കെല്ലാം രക്ഷയുമായി**

**കർത്താവേ, നിൻ ദിവ്യരഹസ്യം**
**ഞങ്ങൾക്കെല്ലാം തൃപ്തി പകർന്നു**

**എത്രയശക്തം നാവുകളെല്ലാം**
**നിൻസ്തുതിപാടാൻ, നന്ദിയുണർത്താൻ**

www.malankaralibrary.com

*(അല്ലെങ്കിൽ)*

സമൂ. അത്യുന്നതസ്വർഗ്ഗത്തിൽ നമ്മുടെ കർത്താവായ മിശിഹാ മഹത്ത്വവും പ്രതാപവും കാന്തിയും അണിഞ്ഞിരിക്കുന്നു. അവൻ ജനതകൾക്കു രക്ഷയും, പാപകടങ്ങളിൽനിന്നു മോചനവും പ്രദാനം ചെയ്യുന്നു. കർത്താവേ, നിന്റെ ശരീരരക്തങ്ങളാൽ നീ ഞങ്ങളെ സംതൃപ്തരാക്കി. നിന്റെ നാമത്തിനു നന്ദി പറയുവാൻ ഞങ്ങളുടെ നാവുകൾ എത്ര അപര്യാപ്തങ്ങളാകുന്നു. നമ്മൾ സ്വീകരിക്കുന്ന അമൂല്യമായ ശരീരരക്തങ്ങളാൽ കൃതജ്ഞതാപൂർവം പാടി സ്തുതിക്കാം. ഹല്ലേലൂയ്യാ.

## അനുഗീതം (ഓനീസാ ദ്വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ. മഹിമയിൽ നിന്നു മഹോന്നതനീശോ**
**മഹിതം സ്വർഗ്ഗതലത്തിലുയർന്നു.**

**മുകിലുകളിൽ തൻ വരവേല്പിന്നായ്**
**മാലാഖാമാരണിയായ് നിന്നു.**

**സ്വർഗ്ഗാരോഹണ ദർശനഭാഗ്യം**
**ശിഷ്യഗണത്തിനു വിസ്മയമേകി.**

**കൈക്കൊള്ളാം നാം സ്വർഗ്ഗാരോഹിത**
**മിശിഹാ തന്നുടെ മാംസനിണങ്ങൾ.**

*(അല്ലെങ്കിൽ)*

ശുശ്രൂ. തന്റെ കാരുണ്യത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുകയും ഉന്നതത്തിലേക്കു മഹത്ത്വപൂർണ്ണനായി കരേറുകയും ചെയ്ത മിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. നിത്യജീവൻ നല്കുന്ന മിശിഹായുടെ തിരുശരീരരക്തങ്ങൾ നമുക്കു സ്വീകരിക്കാം.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. കർത്താവായ ദൈവമേ, ഞങ്ങളുടെ രക്ഷകനായി അങ്ങ് ഈ ലോകത്തിലേക്കയച്ച മിശിഹായുടെ മഹത്ത്വപൂർണ്ണമായ സ്വർഗ്ഗാരോഹണം അനുസ്മരിച്ചുകൊണ്ട് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. മിശിഹാവഴി ഞങ്ങളുടെ നവീകരണത്തിനും രക്ഷയ്ക്കും വേണ്ടി അങ്ങ് കരുണയാലും കൃപ

www.malankaralibrary.com

യാലും പൂർത്തിയാക്കിയ രക്ഷാകർമ്മം അവർണ്ണനീയമാകുന്നു. ഞങ്ങൾ അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി. സ്വർഗ്ഗാരോഹണം ചെയ്ത് മഹത്ത്വത്തിൽ പ്രവേശിച്ച മിശിഹായേ, നിന്റെ ദിവ്യവിരുന്നിൽ നീ ഞങ്ങളെ പങ്കുകാരാക്കി. ഞങ്ങൾ സ്വീകരിച്ച ഈ ദിവ്യരഹസ്യങ്ങൾ സ്വർഗ്ഗീയ മഹത്ത്വത്തിലുള്ള അച്ചാരമായി ഭവിക്കട്ടെ. നിന്റെ സ്വർഗ്ഗീയ വിരുന്നിൽ പങ്കുചേരാമെന്ന പ്രത്യാശയിൽ ഞങ്ങൾ എന്നും നിനക്കു നന്ദി പ്രകാശിപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. കുരിശിലെ മരണം വഴിയല്ലോ
രക്ഷാകർമ്മം സാധിതമായ്
തിരുവുത്ഥാനം മഹനീയം
സ്വർഗ്ഗാരോഹണമതുപോലെ

സകലചരാചരമൊപ്പം തൻ
മഹിമകൾ വാഴ്ത്താൻ മർത്ത്യർക്കും
യോഗ്യത നല്കിയ കർത്താവേ
നിൻ തിരുനാമം മഹനീയം

താതൻ തന്റെ വലംഭാഗേ
വാഴും നാഥൻ മാനവരെ
സ്നേഹപിതാവിൻ ഭവനത്തിൽ
ചേർക്കാനെന്നും കനിയട്ടെ.

സ്വർഗ്ഗാരോഹണ വേളയതിൽ
തൃക്കൈ നീട്ടിയ തിരുനാഥൻ

www.malankaralibrary.com

ദിവ്യാനുഗ്രഹമരുളട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. കുരിശിലെ രക്ഷാകർമ്മം പൂർത്തിയാക്കി ഉത്ഥാനത്തിലൂടെ മഹത്ത്വത്തിൽ പ്രവേശിക്കുകയും സ്വർഗ്ഗാരോഹണത്തിലൂടെ സകലത്തിന്റെയും നാഥനായി അവരോധിക്കപ്പെടുകയും ചെയ്ത മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായ മിശിഹാ നമ്മെയും പിതാവിന്റെ ഭവനത്തിലേക്കു നയിക്കട്ടെ. സകലചരാചരങ്ങളോടുമൊപ്പം അവിടുത്തെ മഹത്ത്വപ്പെടുത്തുവാൻ കർത്താവ് നമ്മെ യോഗ്യരാക്കി. അവിടുത്തെ അനുഗ്രഹവും സമാധാനവും സന്തോഷവും നമ്മിൽ നിറയട്ടെ. സ്വർഗ്ഗാരോഹണവേളയിൽ കൈകൾ ഉയർത്തി ശിഷ്യരെ അനുഗ്രഹിച്ച കർത്താവ് നിങ്ങളെയും അനുഗ്രഹിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

# രൂപാന്തരീകരണത്തിരുനാൾ

## ആഗസ്റ്റ് 6

### പ്രാരംഭപ്രാർത്ഥന

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രന്റെ ദിവ്യതേജസ് അവിടുത്തെ രൂപാന്തരീകരണം വഴി ലോകത്തിനു വെളിപ്പെടുത്തുവാൻ തിരുമനസ്സായ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. മാമ്മോദീസായിലൂടെ വിശുദ്ധരുടെ ഗണത്തിലേക്ക് അങ്ങയുടെ കൃപയാൽ ഞങ്ങളെ വിളിച്ചുവല്ലോ. അങ്ങയുടെ വത്സലസുതനെ യഥായോഗ്യം ശ്രവിക്കുവാനും അങ്ങേക്കു സ്വീകാര്യമായ വിധം ഭക്ത്യാദരങ്ങളോടെ ഈ ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യുവാനും ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

### സങ്കീർത്തനമാല (മർമ്മീസ) 96,97, 98

#### സങ്കീർത്തനം 96

*(രീതി: കർത്താവേ, മമരാജാവേ...)*

**കർത്താവിന്നപദാനങ്ങൾ**
**കീർത്തിപ്പിൻ പുതുഗാനത്തിൽ**
**വാഴ്ത്തിപ്പാടി നമിക്കട്ടെ**
**പാർത്തലമെല്ലാമുടയവനെ.**

**വാഴ്ത്തുക തൻതിരുനാമവുമാ**
**രക്ഷയുമെന്നും കീർത്തിപ്പിൻ**
**ജനതകൾ മധ്യേ കർത്താവിൻ**
**മഹിമകൾ നിതരാം ഘോഷിപ്പിൻ.**

**വാഴ്ത്തുക ജനമേ കർത്താവിൻ**
**നിസ്തുലശക്തി മഹത്ത്വങ്ങൾ**
**തിരുനാമത്തിനുചേർന്നവിധം**
**മഹിതസ്തുതികളുയർത്തിടുവിൻ.**

www.malankaralibrary.com

**തൃക്കാഴ്ചകളോടവിടുത്തെ**
**തിരുമുറ്റത്തു പ്രവേശിപ്പിൻ**
**നിർമ്മലവസ്ത്രവിഭൂഷിതരായ്**
**ആരാധിച്ചു വണങ്ങിടുവിൻ.**

**നീതി വിധിക്കും കർത്താവിൻ**
**നാമം ജനതകൾ വാഴ്ത്തട്ടെ**
**വനവൃക്ഷങ്ങൾ വയലുകളും**
**പുളകിതഗീതമുതിർക്കട്ടെ.**

**താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേൻ ആമ്മേനനവരതം.**

*(അല്ലെങ്കിൽ)*

കാർമ്മി. കർത്താവിനു പുതിയ കീർത്തനം ആലപിക്കുവിൻ, ഭൂമി മുഴുവൻ കർത്താവിനെ പാടിസ്തുതിക്കട്ടെ.

സമൂ. സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ; വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

കാർമ്മി. കർത്താവിനെ പാടിപ്പുകഴ്ത്തുവിൻ. അവിടുത്തെ നാമത്തെ വാഴ്ത്തുവിൻ.

സമൂ. അവിടുത്തെ രക്ഷയെ പ്രതിദിനം പ്രകീർത്തിക്കുവിൻ. ജനതകളുടെ ഇടയിൽ അവിടുത്തെ മഹത്ത്വം പ്രഘോഷിക്കുവിൻ.

കാർമ്മി. ജനപദങ്ങളേ, ഉദ്ഘോഷിക്കുവിൻ; മഹത്ത്വവും ശക്തിയും കർത്താവിന്റേതെന്ന് ഉദ്ഘോഷിക്കുവിൻ.

സമൂ. കർത്താവിന്റെ നാമത്തിനു ചേർന്നവിധം അവിടുത്തെ മഹത്ത്വപ്പെടുത്തുവിൻ.

കാർമ്മി. കാഴ്ചകളുമായി അവിടുത്തെ അങ്കണത്തിൽ പ്രവേശിക്കുവിൻ. വിശുദ്ധ വസ്ത്രങ്ങളണിഞ്ഞ് അവിടുത്തെ ആരാധിക്കുവിൻ.

സമൂ. അവിടുന്ന് ജനതകളെ നീതിപൂർവ്വം വിധിക്കും. ആകാശം ആഹ്ളാദിക്കട്ടെ, ഭൂമി ആനന്ദിക്കട്ടെ.

www.malankaralibrary.com

കാർമ്മി. സമുദ്രവും അതിലുള്ളവയും ആർപ്പുവിളിക്കട്ടെ. വയലും അതിലുള്ളവയും ആഹ്ലാദിക്കട്ടെ.

സമൂ. അപ്പോൾ കർത്താവിന്റെ സന്നിധിയിൽ വനവൃക്ഷങ്ങൾ ആനന്ദഗീതം ഉതിർക്കും.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി. സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ; വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം)*

***ഗായക I. എന്നേക്കും ഞങ്ങൾ അങ്ങേക്കു കൃതജ്ഞ തയർപ്പിക്കും.***

**താബോർമലയിൽ പൊന്നിൻ പ്രഭയിൽ നാഥാ പ്രതിരൂപം**
**കണ്ടവരെല്ലാം നിൻസ്തുതി പാടി കീർത്തിച്ചു**
**ഉജ്ജ്വലമംബരമതുപോൽ മുഖവും ശോഭിച്ചു**
**ആഹ്ലാദിക്കാമൊരുപോൽ ഗീതികൾ പാടീടാം**
**ദൈവിക പദ്ധതിയഖിലവുമീ മഹിയിൽ ഓർമ്മിച്ചീടാം**

***ഗായക II.കർത്താവ് നല്ലവനും കാരുണ്യവാനുമാകുന്നു.***

**താബോർമലയിൽ പൊന്നിൻ ....**

***ഗായക I.പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**സ്ലീവായെന്നും മർത്യഗണത്തിൻ രക്ഷാസങ്കേതം**
**മർത്യർക്കെല്ലാമഭയം നല്കും കോട്ടയുമാം**
**കുരിശിതിൽ ഞങ്ങൾ വിജയിക്കട്ടെ ദുഷ്ടനെയും**
**അതുപോലവനുടെ കെണികളെയെല്ലാം നീക്കിടുവാൻ**
**വാഴ്ത്തിവണങ്ങാം കുരിശിനെയെന്നും രക്ഷിതരായീടാൻ**

***ഗായക II. ആദിമുതൽ എന്നേക്കും, ആമ്മേൻ.***

**സ്ലീവായെന്നും മർത്യഗണത്തിൻ....**

www.malankaralibrary.com

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം...)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

കർത്താവീശോമിശിഹാ താൻ
രൂപാന്തരമാർന്നതിനാലെ
ദൈവമഹത്ത്വം വെളിവാക്കി
ശിഷ്യഗണത്തിനു മലമുകളിൽ
വാഴ്ത്തീടാം നിത്യം തിരുനാമം.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ. കർത്താവീശോമിശിഹാ താൻ...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. കർത്താവീശോമിശിഹാ താൻ...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. കർത്താവീശോമിശിഹാ താൻ...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. കർത്താവീശോമിശിഹാ താൻ...**

## ഹല്ലേലുയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**തിന്മയെ ദ്വേഷിച്ചീടുന്നോനെ**
**കർത്താവെന്നും സ്നേഹിക്കുന്നു.**

www.malankaralibrary.com

**തന്നുടെ ഭക്തരെയഖിലം നാഥൻ**
**പരിപാലിച്ചു തുണച്ചീടുന്നു.**

**ദുഷ്ടന്മാരുടെ കൈകളിൽ നിന്നും**
**അവരെ ദൈവം മോചിപ്പിക്കും.**

**താതനുമതുപോൽസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. രക്ഷകനായ മിശിഹായേ, നിന്റെ ദിവ്യരക്തത്താൽ നീ വീണ്ടെടുക്കുകയും രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കുകയും ചെയ്ത സഭയ്ക്കു പ്രയാസങ്ങളെയും എതിർപ്പുകളെയും നേരിടുന്നതിനും നിന്റെ ദിവ്യദൗത്യം വിജയപ്രദമായി തുടരുന്നതിനും ശക്തി നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. സഭയോടൊത്തു ചിന്തിക്കുവാനും അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കാളികളാകുവാനുമുള്ള സന്മനസ്സ് നിന്റെ ജനത്തിനു നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. നിന്റെ ആദർശങ്ങൾക്കൊത്തു സത്യസഭയെ ധീരമായി നയിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ

www.malankaralibrary.com

സഹശുശ്രൂഷികളെയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.വിവിധ സഭകൾ തമ്മിൽ പരസ്പര ധാരണയും ഐക്യവും വളർത്തി ഏകസത്യവിശ്വാസത്തിൽ അവയെ പരിരക്ഷിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.താബോർ മലയിൽ വച്ച് തന്റെ മഹത്ത്വം ശിഷ്യന്മാർക്കു വെളിപ്പെടുത്തിയ കർത്താവേ, നിന്നെപ്പോലെ സഹനത്തിന്റെ മാർഗം പിൻചെന്ന് മഹത്വത്തിൽ പ്രവേശിക്കുവാൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.തന്റെ മഹത്ത്വപൂർണ്ണമായ രൂപാന്തരീകരണംവഴി ശിഷ്യന്മാരെ വിശ്വാസത്തിൽ സ്ഥിരീകരിച്ച കർത്താവേ, ഞങ്ങളുടെ അനുദിനജീവിതത്തിൽ നിന്റെ മഹത്ത്വപൂർണ്ണമായ സാന്നിധ്യം അനുഭവിച്ചറിയുവാനും വിശ്വാസത്തിൽ ആഴപ്പെടുവാനും ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.'ഇവനെന്റെ പ്രിയപുത്രനാകുന്നു; ഇവനെ ശ്രവിക്കുവിൻ' എന്ന സന്ദേശം സ്വീകരിച്ച് ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും സുവിശേഷാനുസൃതം ജീവിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി.കൃപയും സത്യവും നിറഞ്ഞ ഏകജാതന്റെ മഹത്ത്വം ഞങ്ങൾക്കു വെളിപ്പെടുത്തിയ സ്നേഹസമ്പന്നനായ ദൈവമേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ. സഭയുടെ ശിരസ്സായ മിശിഹായെ എല്ലായ്പ്പോഴും ശ്രവിച്ചുകൊണ്ട് അവിടുത്തോടു സദൃശരായി ജീവിക്കുവാനും ദൈവമക്കളുടെ അവകാശം പ്രാപിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ് ...)*

*എന്തെന്നാൽ ജീവന്റെ ഉറവിടം അങ്ങയുടെ അടുക്കലുണ്ട്.*

മിശിഹാകർത്താവേ,
ദിവ്യമഹത്ത്വത്താൽ
ശാന്തിപകർന്നു നീ
തിന്മകൾ ദൂരെയകറ്റിടുവാൻ
നിത്യവെളിച്ചം നല്കി നീ
ദൈവസ്വഭാവം തെളിവാക്കി
പാടാം സ്തുതികൾ നിരനിരയായ്
ദിവ്യം നിൻ രൂപാന്തരഭാവം.

*അങ്ങയുടെ ആനന്ദധാരയിൽ നിന്ന് അവർ പാനം ചെയ്യും.*

മിശിഹാകർത്താവേ........

*(അല്ലെങ്കിൽ)*

*എന്തെന്നാൽ ജീവന്റെ ഉറവിടം അങ്ങയുടെ അടുക്കലുണ്ട്.*

മിശിഹായേ, സ്വന്തം മഹത്ത്വം വെളിപ്പെടുത്തിയതുവഴി നീ നന്മകളുടെ ഉറവയെയും സമാധാനത്തിന്റെ തുറമുഖത്തെയും ഞങ്ങൾക്കായി ഒരുക്കി വിഗ്രഹാരാധനയാകുന്ന തെറ്റിൽ നിന്ന് ഞങ്ങളെ നിന്റെയടുക്കലേക്ക് തിരിച്ചു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവികസ്വഭാവത്തെക്കുറിച്ചുള്ള അറിവു ഞങ്ങൾക്കു നല്കി. ആകയാൽ ഏക നന്മയായ അങ്ങയെ സങ്കീർത്തനങ്ങളാലും ഗീതങ്ങളാലും ഞങ്ങൾ പാടി സ്തുതിക്കുന്നു.

*അങ്ങയുടെ ആനന്ദധാരയിൽ നിന്ന് അവർ പാനം ചെയ്യും.*

മിശിഹായേ, സ്വന്തം മഹത്ത്വം വെളിപ്പെടുത്തിയതുവഴി....

## പ്രത്യേകഗീതം (ദ്ഹീലത്ത്)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**പ്രഭയും മഹിമയുമൊപ്പമണിഞ്ഞു
പ്രളയംപോലെ പ്രകാശമുണർന്നു.**

**മലയുടെ മുകളിൽ രക്ഷാകരമാം
മഹിതപ്രാഭവമന്നു തെളിഞ്ഞു.**

www.malankaralibrary.com

**സ്വർഗപിതാവിൻ ശബ്ദമുയർന്നു:**
**"പ്രീതൻ, ഞാനിവനെന്നുടെ പുത്രൻ."**

**ദിവ്യരഹസ്യം പാടി നമിപ്പൂ**
**നവ്യസ്വരത്തിൽ വാനവവൃന്ദം**

**ഹല്ലേലൂയ്യാപാടി വണങ്ങാം**
**കൈക്കൊള്ളാം തിരുഗാത്രനിണങ്ങൾ.**

*(അല്ലെങ്കിൽ)*

അങ്ങ് മഹത്ത്വവും പ്രഭയുമണിഞ്ഞു. പുറംകുപ്പായംകൊണ്ടെ ന്നപോലെ അങ്ങു പ്രകാശംകൊണ്ട് ആവൃതനായി. നമ്മുടെ രക്ഷ കൻ തന്റെ പ്രത്യാഗമനത്തിന്റെ മഹാപ്രാഭവം മലയുടെ മുക ളിൽവച്ചു വെളിപ്പെടുത്തി. ഇപ്രകാരം പറയുന്ന ഒരു സ്വരം സ്വർഗ ത്തിൽനിന്നു കേട്ടു: 'ഇവനാണ് എന്റെ പ്രിയ പുത്രൻ; ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു.' മിശിഹായുടെ നിഗൂഢമായ രഹ സ്യങ്ങൾ ഇതാ നല്കപ്പെടുന്നു. മാലാഖമാരുടെ വൃന്ദം വിശുദ്ധ മേശയിലെ ആത്മീയ ഭോജനത്തെ പാടി സ്തുതിക്കുന്നു. നമ്മുടെ രക്ഷകന്റെ കൃപയാൽ നമുക്കെല്ലാവർക്കും വിശ്വാസത്തോടെ അവിടുത്തെ സമീപിച്ച് ശരീരരക്തങ്ങൾ സ്വീകരിക്കുകയും ഹല്ലേ ലൂയ്യാ പാടി സ്തുതിക്കുകയും ചെയ്യാം.

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ.** **കർത്താവേ, നിൻ മാംസനിണങ്ങൾ**
**ഭക്ഷണമായ് നീ നല്കീടുന്നു.**

**കഴിയുന്നീലാ നാവിനുപോലും**
**നന്ദി യഥാർഹം പാടിനമിക്കാൻ.**

*(അല്ലെങ്കിൽ)*

സമൂ. കർത്താവേ, നിന്റെ ശരീരരക്തങ്ങൾ നീ ഞങ്ങൾക്കു ഭക്ഷ ണമായി നല്കി. നിന്റെ തിരുനാമത്തിനു യഥാർഹം നന്ദി പ്രകാ ശിപ്പിക്കുവാൻ ഞങ്ങളുടെ നാവുകൾ അപര്യാപ്തങ്ങളാകുന്നു.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ.** **മലയിൽ സ്വന്ത മഹത്ത്വം കാട്ടിയ**
**മിശിഹാ നാഥനെ വാഴ്ത്തി വണങ്ങാം.**

www.malankaralibrary.com

**വിസ്മയഭരിതം ശിഷ്യന്മാരാ**
**വേളയിൽ നിന്നു, പ്രഭയിൽ മുങ്ങി.**
**സ്വർഗപിതാവിൻ ശബ്ദമുയർന്നു:**
**'പ്രീതൻ ഞാനിവനെന്നുടെ പുത്രൻ."**
**മിശിഹാതൻ തിരുമാംസനിണങ്ങൾ**
**കൈക്കൊണ്ടങ്ങേ വാഴ്ത്താമനിശം.**

*(അല്ലെങ്കിൽ)*

ശുശ്രൂ. മലയിൽ വച്ച് തന്റെ മഹത്ത്വം വെളിപ്പെടുത്തിയ സകലത്തിന്റെയും നാഥനായ മിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. എല്ലാറ്റിനെയും ജീവിപ്പിക്കുന്ന അവിടുത്തെ മഹത്ത്വം കണ്ട് ശിഷ്യന്മാർ വിസ്മയഭരിതരായി. പ്രവാചകന്മാർ അദ്ഭുതപ്പെട്ടു. മേഘങ്ങൾ അവരെ ആവരണം ചെയ്യുകയും ശോഭ പരത്തുകയും ചെയ്തു. മിശിഹായുടെ ശരീരരക്തങ്ങൾ സ്വീകരിച്ചുകൊണ്ട് നമുക്ക് അവിടുത്തെ വാഴ്ത്തി സ്തുതിക്കാം.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹാ, തന്റെ രൂപാന്തരീകരണം വഴി ദൈവികതേജസ്സ് ഈ ലോകത്തിന് വെളിപ്പെടുത്തിയല്ലോ. അങ്ങയുടെ തിരുക്കുമാരന്റെ തിരുശ്ശരീരരക്തങ്ങൾ സ്വീകരിച്ച ഞങ്ങളെ, ദൈവികതേജസ്സിനാൽ നിറച്ച് ഉത്ഥാനത്തിന്റെ അനുഭവത്തിലേക്ക് നയിച്ചതിന് ഞങ്ങൾ നന്ദി പറയുന്നു. മനസ്സിന്റെയും ഹൃദയത്തിന്റെയും നവീകരണം വഴി ജീവിതരൂപാന്തരീകരണം സാധ്യമാക്കുവാൻ ഞങ്ങളെ എല്ലാവരെയും അങ്ങ് ശക്തിപ്പെടുത്തണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി. താബോർ മലയിൽവച്ച് രൂപാന്തരപ്പെട്ട മിശിഹായേ, സ്വർഗീയമഹത്ത്വത്തിന്റെ മുന്നാസ്വാദനമായ വിശുദ്ധ കുർബാനയിൽ പങ്കുചേരുവാൻ ഇടയാക്കിയതിന് നിന്നെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ കൃപയാൽ രൂപാന്തരപ്പെട്ടവരായി ജീവിതത്തിന്റെ വിവിധ മേഖലകളിലേക്കിറങ്ങിച്ചെല്ലുവാനും വിശുദ്ധിയുടെ വെണ്മയാർന്ന വസ്ത്രങ്ങളണിഞ്ഞ് നിന്റെ പ്രേഷിതരാകുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ. പരസ്പരസ്നേഹത്തിൽ മുന്നേ

റിക്കൊണ്ട് അനുദിനജീവിതത്തിൽ നിന്റെ മഹത്ത്വത്തിനു സാക്ഷികളാകുവാൻ ഞങ്ങളെ എല്ലാവരെയും അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. രൂപാന്തരമതുവഴിയായി
മിശിഹാ തൻ തിരുതേജസ്സീ
ലോകത്തിൽ വെളിവാക്കിയൊരാ
ദൈവം നമ്മിൽ കനിയട്ടെ.

നമ്മെവിളിച്ചു മിശിഹായിൽ
ദൈവം വിൺപ്രഭ കാട്ടിടുവാൻ
യോഗ്യതയെന്നും നല്കട്ടെ
ദർശന ഭാഗ്യം കൈവരുവാൻ.

ജീവൻ പകരും ദൈവികമാം
ശുദ്ധിയെഴുന്ന രഹസ്യങ്ങൾ
കൈക്കൊണ്ടവരാമഖിലരിലും
ദൈവം വരനിര ചൊരിയട്ടെ.

കുരിശടയാളം വഴി നിങ്ങൾ
നിതരാം മുദ്രിതരാകട്ടെ.
ദൈവംതൻ കൃപയരുളട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. രൂപാന്തരീകരണംവഴി മിശിഹായുടെ ദിവ്യതേജസ് ലോകത്തിനു വെളിപ്പെടുത്തുവാൻ തിരുമനസ്സായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. മിശിഹായിൽ നമ്മെ വിളിക്കുകയും ഒന്നിച്ചുകൂട്ടുകയും ചെയ്ത അവിടുന്ന് വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടുന്നു നമ്മെ മിശിഹായോട് അനുരൂപപ്പെടുത്തുകയും അവിടുത്തെ ദർശിക്കുന്നതിന് യോഗ്യരാക്കുകയും ചെയ്യട്ടെ. സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യങ്ങളിൽ പങ്കുകൊണ്ട നിങ്ങളെല്ലാവരും വിശുദ്ധ സ്ലീവായുടെ സജീവമായ അടയാളത്താൽ മുദ്രിതരും എല്ലാ വിപത്തുകളിലും നിന്നു സംരക്ഷിതരുമാകട്ടെ ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

## സെപ്തംബർ 14

*(പ്രാരംഭപ്രാർത്ഥന)*

കാർമ്മി. കർത്താവായ ദൈവമേ, അങ്ങയുടെ തിരുക്കുമാരനെ ഞങ്ങളുടെ പക്കലേക്കയച്ചതിനെ ഓർത്ത് അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. യഹൂദർക്ക് ഇടർച്ചയും വിജാതീയർക്ക് ഭോഷത്തവുമായ കുരിശുവഴി ഞങ്ങളെ രക്ഷിക്കുകയും അതിനെ രക്ഷയുടെ അടയാളമായി അങ്ങ് ഉയർത്തുകയും ചെയ്തുവല്ലോ. വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷിക്കുന്ന ഈ സുദിനത്തിൽ മിശിഹായുടെ രക്ഷാരഹസ്യങ്ങൾ യഥായോഗ്യം പരികർമ്മം ചെയ്യുവാൻ ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

### സങ്കീർത്തനമാല (മർമ്മീസ) 96, 97, 98

സങ്കീർത്തനം 96

*(രീതി: കർത്താവേ, മമ രാജാവേ...)*

**കർത്താവിന്നപദാനങ്ങൾ**
**കീർത്തിപ്പിൻ പുതുഗാനത്തിൽ**
**വാഴ്ത്തിപ്പാടി നമിക്കട്ടെ**
**പാർത്തലമെല്ലാമുടയവനെ.**

**വാഴ്ത്തുക തൻതിരുനാമവുമാ-**
**രക്ഷയുമെന്നും കീർത്തിപ്പിൻ**
**ജനതകൾ മദ്ധ്യേ കർത്താവിൻ**
**മഹിമകൾ നിതരാം ഘോഷിപ്പിൻ.**

**വാഴ്ത്തുക ജനമേ കർത്താവിൻ**
**നിസ്തുലശക്തി മഹത്ത്വങ്ങൾ**
**തിരുനാമത്തിനുചേർന്നവിധം**
**മഹിതസ്തുതികളുയർത്തിടുവിൻ.**

www.malankaralibrary.com

**തൃക്കാഴ്ചകളോടവിടുത്തെ**
**തിരുമുറ്റത്തു പ്രവേശിപ്പിൻ**
**നിർമ്മലവസ്ത്രവിഭൂഷിതരായ്**
**ആരാധിച്ചു വണങ്ങിടുവിൻ.**

**നീതി വിധിക്കും കർത്താവിൻ**
**നാമം ജനതകൾ വാഴ്ത്തട്ടെ**
**വനവൃക്ഷങ്ങൾ വയലുകളും**
**പുളകിതഗീതമുതിർക്കട്ടെ.**

**താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേൻ ആമ്മേനനവരതം.**

*(അല്ലെങ്കിൽ)*

കാർമ്മി.കർത്താവിനു പുതിയ കീർത്തനം ആലപിക്കുവിൻ, ഭൂമി മുഴുവൻ കർത്താവിനെ പാടിസ്തുതിക്കട്ടെ.

സമൂ. ബലിയാൽ ഉടമ്പടി ഉറപ്പിച്ചിരിക്കുന്ന നീതിമാന്മാരെ വിളിച്ചുകൂട്ടുവിൻ. ആകാശം ദൈവനീതിയെ പ്രകീർത്തിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിധിക്കുന്നവൻ ദൈവമാകുന്നു.

കാർമ്മി. കർത്താവിനെ പാടിപ്പുകഴ്ത്തുവിൻ. അവിടുത്തെ നാമത്തെ വാഴ്ത്തുവിൻ.

സമൂ.അവിടുത്തെ രക്ഷയെ പ്രതിദിനം പ്രകീർത്തിക്കുവിൻ. ജനതകളുടെ ഇടയിൽ അവിടുത്തെ മഹത്ത്വം പ്രഘോഷിക്കുവിൻ.

കാർമ്മി. ജനപദങ്ങളേ, ഉദ്ഘോഷിക്കുവിൻ; മഹത്ത്വവും ശക്തിയും കർത്താവിന്റേതെന്ന് ഉദ്ഘോഷിക്കുവിൻ.

സമൂ. കർത്താവിന്റെ നാമത്തിനു ചേർന്നവിധം അവിടുത്തെ മഹത്ത്വപ്പെടുത്തുവിൻ.

കാർമ്മി. കാഴ്ചകളുമായി അവിടുത്തെ അങ്കണത്തിൽ പ്രവേ ശിക്കുവിൻ. വിശുദ്ധ വസ്ത്രങ്ങളണിഞ്ഞ് അവിടുത്തെ ആരാധിക്കുവിൻ.

www.malankaralibrary.com

സമൂ.അവിടുന്ന് ജനതകളെ നീതിപൂർവ്വം വിധിക്കും. ആകാശം ആഹ്ളാദിക്കട്ടെ, ഭൂമി ആനന്ദിക്കട്ടെ.

കാർമ്മി.സമുദ്രവും അതിലുള്ളവയും ആർപ്പുവിളിക്കട്ടെ. വയലും അതിലുള്ളവയും ആഹ്ലാദിക്കട്ടെ.

സമൂ. അപ്പോൾ കർത്താവിന്റെ സന്നിധിയിൽ വനവൃക്ഷങ്ങൾ ആനന്ദഗീതം ഉതിർക്കും.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി. ബലിയാൽ ഉടമ്പടി ഉറപ്പിച്ചിരിക്കുന്ന നീതിമാന്മാരെ വിളിച്ചുകൂട്ടുവിൻ. ആകാശം ദൈവനീതിയെ പ്രകീർത്തിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിധിക്കുന്നവൻ ദൈവമാകുന്നു.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

***ഗായക I. ദൈവമേ, എനിക്കു നീതി നടത്തിത്തരണമേ.***

**മാനവരക്ഷകനീശോനാഥാ, നിന്നെ നമിക്കുന്നു**
**മാനവനിരയിൽ നിൻ ദാനങ്ങൾ തൂകണമേ**
**കുരിശാലിരുളിൻ കോട്ടയതെല്ലാം നീക്കണമേ**
**നിന്റെ പുരോഹിതനിരകൾ സ്ലീവായെ വാഴ്ത്തുന്നു**
**രക്ഷിതരാകണമവരെന്നാളും മഹിമകൾ പാടീടാൻ**

***ഗായക II.അവിടുത്തെ മിന്നൽപ്പിണരുകൾ ലോകത്തെ പ്രകാശിപ്പിക്കുന്നു.***

**മാനവരക്ഷകനീശോനാഥാ, നിന്നെ നമിക്കുന്നു.**

***ഗായക I.പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**സ്ലീവായെന്നും മർത്യഗണത്തിൻ രക്ഷാസങ്കേതം**
**മർത്യർക്കെല്ലാമഭയം നല്കും കോട്ടയുമാം**
**കുരിശിതിൽ ഞങ്ങൾ വിജയിക്കട്ടെ ദുഷ്ടനെയും**
**അതുപോലവനുടെ കെണികളെയെല്ലാം നീക്കിടുവാൻ**
**വാഴ്ത്തിവണങ്ങാം കുരിശിനെയെന്നും രക്ഷിതരായീടാൻ**

www.malankaralibrary.com

***ഗായക II.*** ***ആദിമുതൽ എന്നേക്കും, ആമ്മേൻ.***
**സ്ലീവായെന്നും മർത്യഗണത്തിൻ....**

## പ്രകീർത്തനം (ശൂറായ)
*(രീതി: അംബരമനവരതം...)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ദൈവം നിന്നെയനുഗ്രഹമാം
തൈലം കൊണ്ടഭിഷേചിച്ചു
നാഥനു സ്തുതികളുയർത്തീടാം
ഹല്ലേലുയ്യാ പാടീടാം
സ്ലീവായെ നിത്യം വാഴ്ത്തീടാം.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ. ദൈവം നിന്നെയനുഗ്രഹമാം...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. ദൈവം നിന്നെയനുഗ്രഹമാം...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. ദൈവം നിന്നെയനുഗ്രഹമാം...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. ദൈവം നിന്നെയനുഗ്രഹമാം...**

www.malankaralibrary.com

## ഹല്ലേലുയ്യാഗീതം (സൂമാറ)
*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.
സ്ലീവാ ഭരണം നേടീ വാനിൽ
ഭുവനത്തിലുമെന്നറിയുന്നു നാം.**

**കുരിശിനെയേറ്റുപറഞ്ഞ ജനങ്ങൾ
മഹിമയണിഞ്ഞു നിൻകൃപയാലേ**

**പരിപാവനനേ, ബലവാനേ നീ
മരണമെഴാത്തോൻ മഹിമാപൂർണ്ണൻ.**

**താതനുമതുപോൽസുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ഏലിയായുടെ തീക്ഷ്ണതയോടും മൂശയുടെ ധൈര്യത്തോടും കൂടി ജീവിതകാലം മുഴുവൻ നിനക്കു ശുശ്രൂഷ ചെയ്യുവാൻ സഹായിക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. താബോർമലയിൽവച്ചു രൂപാന്തരപ്പെടുകയും നിന്റെ മഹത്ത്വം കണ്ടു ഭീതിപൂണ്ട വത്സലശിഷ്യന്മാരെ ധൈര്യപ്പെടുത്തുകയും ചെയ്ത കർത്താവേ, വിധിദിവസത്തിൽ മഹത്ത്വപൂർണ്ണനായി നീ പ്രത്യക്ഷപ്പെടുമ്പോൾ ആനന്ദത്തോടെ നിന്നെ

www.malankaralibrary.com

എതിരേല്ക്കുവാൻ യോഗ്യരാക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. തിരഞ്ഞെടുക്കപ്പെട്ട ജനത്തെ വാഗ്ദാനത്തിന്റെ നാട്ടിലേക്കു മൂശ നയിച്ചതുപോലെ സ്വർഗീയ ഭവനത്തിലേക്കു ഞങ്ങളെ നയിക്കുവാൻ, ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും പ്രേഷിതരംഗങ്ങളിൽ ജോലി ചെയ്യുന്ന എല്ലാവരെയും അനുഗ്രഹിക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ഞങ്ങളുടെ ഉത്ഥാനവും പ്രതീക്ഷയുമായ മിശിഹായേ, നീ കുരിശടയാളത്തോടുകൂടി വാനമേഘങ്ങളിൽ ആഗതനാകുമ്പോൾ നിന്റെ വലത്തുഭാഗത്തു അണിനിരക്കുവാൻ അർഹരാക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ സകല മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും' എന്ന് അരുളിച്ചെയ്ത കർത്താവേ, കുരിശിന്റെ പാതയിൽ സഞ്ചരിച്ച് മഹത്ത്വം പ്രാപിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ശിക്ഷയുടെയും പരിഹാസത്തിന്റെയും അടയാളമായിരുന്ന കുരിശിനെ മഹത്ത്വത്തിന്റെ ചിഹ്നമായി ഉയർത്തിയ കർത്താവേ, സകല ജനങ്ങളും കുരിശിൽ രക്ഷ കണ്ടെത്തുവാൻ അനുഗ്രഹിക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. കുരിശിന്റെ വചനം ദൈവത്തിന്റെ ശക്തിയാണെന്ന് ഞങ്ങൾക്കു മനസ്സിലാക്കിത്തന്ന കർത്താവേ, കുരിശിലാശ്രയിച്ചു ജീവിക്കുവാൻ കൃപ ചെയ്യണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

www.malankaralibrary.com

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി. ഞങ്ങൾക്കുവേണ്ടി ക്രൂശിതനായ മിശിഹായേ, നിന്റെ കുരിശിൽ അഭിമാനംകൊള്ളുവാനും അനുദിന ജീവിതത്തിലെ കുരിശുകൾ വഹിച്ച് നിന്നെ അനുഗമിക്കുവാനും ഞങ്ങളെ ശക്തരാക്കണമേ. നിന്റെ കുരിശ് ഞങ്ങൾക്കു രക്ഷയും അഭയവുമാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)
*(രീതി: മിശിഹാ കർത്താവിൻ തിരുമെയ് ...)*

*എന്റെ രാജാവും ദൈവവുമായ അങ്ങയെ ഞാൻ പുകഴ്ത്തും.*

കുരിശിൻ രഹസ്യങ്ങൾ
ഭൂമിയിലെങ്ങെങ്ങും
ഘോഷിതമാകുന്നു
സൃഷ്ടികളെല്ലാം മോദത്തിൻ
തിരമാലകളിൽ മുഴുകുന്നു
മിശിഹാനാഥൻ ലോകത്തിൽ
നിതരാം കീർത്തിതനാകുന്നു
സ്ലീവായെ വാഴ്ത്താം സാമോദം.

*അവിടുത്തെ മഹത്ത്വം ആകാശത്തിലും ഭൂമിയിലും.*

കുരിശിൻ രഹസ്യങ്ങൾ........

*(അല്ലെങ്കിൽ)*

*എന്റെ രാജാവും ദൈവവുമായ അങ്ങയെ ഞാൻ പുകഴ്ത്തും.*

സ്ലീവായുടെ രഹസ്യം പ്രസംഗിക്കപ്പെടുകയും സർവസൃഷ്ടികളും സന്തോഷിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ,

www.malankaralibrary.com

മിശിഹാനാഥൻ പ്രഘോഷിക്കപ്പെടുകയും ലോകം മുഴുവൻ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

*അവിടുത്തെ മഹത്ത്വം ആകാശത്തിലും ഭൂമിയിലും*

സ്ലീവായയുടെ രഹസ്യം....

## പ്രത്യേകഗീതം (ദ്ഹീലത്ത്)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**പരിഹാസ്യമതായ് ലോകം കരുതിയ**
**കുരിശിതു വിജയകിരീടം ചൂടി.**

**മാനവനിരയും വാനവനിരയും**
**പാടിവണങ്ങുന്നിതിനെ നിതരാം.**

**വിജയം നേടിയ കുരിശിനെ വാഴ്ത്താം**
**സ്ലീവാ പൂകിയ നാഥനെയതുപോൽ.**

**കുരിശിലെ ബലിവഴി ജീവൻ നല്കിയ**
**മിശിഹാനാഥനെയാരാധിക്കാം.**

*(അല്ലെങ്കിൽ)*

പരിഹാസപാത്രമായിരുന്ന കുരിശ് ഇതാ ഉയർത്തപ്പെട്ടിരിക്കുന്നു. അതിനെ മാലാഖമാരും മനുഷ്യരും പുകഴ്ത്തുന്നു. പിശാച് ശപിക്കപ്പെട്ടവനായി, കുരിശ് വിജയം വരിച്ചു.

സഹോദരരേ, പാപികൾക്കുവേണ്ടി കുരിശിൽ മരിക്കുകയും സ്നേഹത്താൽ തന്റെ സഭയ്ക്കുവേണ്ടി തന്നെത്തന്നെ അർപ്പിക്കുകയും ചെയ്ത ദൈവപുത്രന്റെ ശരീരരക്തങ്ങളുടെ ബലിയെ നമുക്കു സമീപിക്കാം. ബലഹീനനെപ്പോലെ അവിടുന്ന് കുരിശിൽ തൂങ്ങിക്കിടക്കുന്നു. എന്നാൽ ദൈവമായ അവിടുന്ന് ജീവൻ നല്കുന്നു. ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. വാനവനിരയൊടു ചേർന്നു നമുക്കും**
**കുരിശിൻ തിരുനാൾ ഘോഷിച്ചീടാം.**

www.malankaralibrary.com

**സ്ലീവാവഴിയായ് വിജയം നേടി**
**മിശിഹാനാഥൻ ശാന്തിപകർന്നു.**

**തന്റെ ശരീരവുമതുപോൽ നിണവും**
**ദൈവകുമാരൻ പാരിനു നല്കി.**

*(അല്ലെങ്കിൽ)*

സമൂ. തന്റെ സ്ലീവായാൽ വിജയം വരിക്കുകയും ഭൂമിയിലും സ്വർഗ്ഗത്തിലും സമാധാനം സ്ഥാപിക്കുകയും തന്റെ ശരീരരക്തങ്ങൾ സഭയ്ക്കു നല്കുകയും ചെയ്ത മിശിഹായെ കുരിശിന്റെ തിരുനാളിൽ മാലാഖമാരോടൊത്ത് നമുക്കു സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യാം. ഹല്ലേലൂയ്യാ.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ. വിസ്മയപൂരിതമായീ ഭൂവും**
**വാനവുമുന്നതമാകും കുരിശാൽ.**

**ദൈവകുമാരൻ കുരിശാലല്ലോ**
**വിജയംനേടീ, സ്തുതിപാടീടാം**

**ദൈവവുമായനുരഞ്ജിപ്പിച്ചു**
**മർത്യരെയതുപോൽ ഭൂവിനെയും താൻ.**

**ക്രൂശിതനുലകിൽ നരരെത്തേടി**
**നഷ്ടപ്പെട്ടൊരു ജീവൻ നല്കി.**

**ദിവ്യശരീരവുമതുപോൽ നിണവും**
**ഭക്ഷണമായ് തിരുനാഥൻ നല്കി.**

**പോരാ നാവിനു യോഗ്യത തെല്ലും**
**തിരുനാമത്തിനു നന്ദിയുണർത്താൻ.**

*(അല്ലെങ്കിൽ)*

ശുശ്രൂ. ആരാധ്യമായ കുരിശ് സ്വർഗ്ഗവാസികളിലും ഭൂവാസികളിലും വിസ്മയം ജനിപ്പിക്കുന്നു. കുരിശ് നമ്മെ വീണ്ടെടുക്കുകയും നമുക്കു വിജയം നേടിത്തരുകയും ചെയ്തു. കുരിശു നമ്മെ നവീകരിക്കുകയും അനുരഞ്ജിപ്പിക്കുകയും ചെയ്തു.

ജീവിക്കുന്ന ക്രൂശിതൻ നമ്മെ അന്വേഷിച്ചിറങ്ങുകയും നഷ്ട പ്പെട്ടുപോയ നമ്മുടെ ജീവനെ രക്ഷിക്കുകയും ചെയ്തു. കർത്താവേ, നിന്റെ തിരുശരീരരക്തങ്ങൾ നീ ഞങ്ങൾക്കു ഭക്ഷ ണമായി നല്കി. നിന്റെ തിരുനാമത്തിനു നന്ദി പറയുവാൻ ഞങ്ങളുടെ നാവുകൾ അശക്തങ്ങളാകുന്നു.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി.കർത്താവായ ദൈവമേ, യുഗാന്തത്തിൽ നീതിമാന്മാരെ അങ്ങയുടെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിപ്പിക്കുമ ല്ലോ. സത്യത്തിലും നീതിയിലും വ്യാപരിച്ച് ശത്രുവിന്റെ തന്ത്ര ങ്ങളെ പരാജയപ്പെടുത്തുവാൻ അങ്ങ് ഞങ്ങൾക്കു ശക്തി നല്കി. ആത്മാവിന്റെ ദാനങ്ങളാൽ അങ്ങയെ മഹത്വപ്പെടു ത്തുവാനും, സന്മനസ്സോടും ആത്മാർത്ഥതയോടുംകൂടി അങ്ങ യുടെ മുൻപിൽ ജീവിക്കുവാനും ഞങ്ങളെ യോഗ്യരാക്കി. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാ ധനയും ഞങ്ങൾ സമർപ്പിക്കുന്നു. പിതാവും പുത്രനും പരി ശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി.മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയായ മിശിഹായേ, ഈ ദിവ്യരഹസ്യങ്ങൾ വഴി നിന്റെ മഹത്വം പ്രകീർത്തിക്കുവാൻ ഞങ്ങൾക്കു നീ കൃപ നല്കി. സകലത്തെയും പവിത്രീകരി ക്കുന്ന നിന്റെ ശരീരരക്തങ്ങൾവഴി സ്വർഗത്തിൽ നിന്റെ വല ത്തുഭാഗത്ത് അണിനിരക്കുവാൻ ഞങ്ങളെ യോഗ്യരാക്കുന്ന നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. കുരിശാൽ രക്ഷപകർന്നവനാം
മിശിഹാനാഥനെ വാഴ്ത്തീടാം
രക്ഷാകരമാം സഹനത്തിൻ
സാരം സകലരുമറിയട്ടെ

www.malankaralibrary.com

ദിവ്യരഹസ്യം കൈക്കൊള്ളും
നിങ്ങൾക്കെല്ലാമൊരുപോലെ
കുരിശിൻ പ്രഭയിൽ ചിരകാലം
ജീവിക്കാൻ കൃപയാകട്ടെ.

തീക്ഷ്ണത നിറയും ശ്ലീഹന്മാർ
നാഥനെയുദ്ഘോഷിച്ചതുപോൽ
കുരിശിൻ പാവന സന്ദേശം
പാരിനു നിങ്ങളുമേകിടുവിൻ.

നിങ്ങൾ ദൈവിക സ്നേഹത്താൽ
ഉജ്ജ്വലരായിത്തീരട്ടെ
സകലരിലും കൃപ നിറയട്ടെ ✠
ഇപ്പോഴുമെപ്പൊഴുമെന്നേക്കും.

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. കുരിശിലൂടെ ദൈവമഹത്ത്വം വെളിപ്പെടുത്തുകയും രക്ഷനല്കുകയും ചെയ്ത കർത്താവിനെ നമുക്കു സ്തുതിക്കാം. അവിടുത്തെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും അർത്ഥം ഗ്രഹിക്കുവാനും ക്ലേശങ്ങളുടെ രക്ഷാകരമായ അർത്ഥം മനസ്സിലാക്കുവാനും മിശിഹാ നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കട്ടെ. മഹത്ത്വപൂർണ്ണമായ കുരിശിന്റെ പ്രകാശത്തിൽ നിത്യമായി വസിക്കുവാൻ അവിടുത്തെ ദിവ്യരഹസ്യങ്ങൾ സ്വീകരിച്ച നമ്മെ അവിടുന്ന് അനുഗ്രഹിക്കട്ടെ. തീക്ഷ്ണതകൊണ്ടു നിറഞ്ഞ ശ്ലീഹന്മാർ മിശിഹായെ ധൈര്യപൂർവ്വം പ്രഘോഷിച്ചതുപോലെ കുരിശിന്റെ സന്ദേശം എല്ലാവർക്കും പകർന്നുകൊടുക്കുവാൻ നിങ്ങളുടെ ഹൃദയങ്ങൾ ദൈവസ്നേഹത്താൽ ജ്വലിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം

## ആഗസ്റ്റ് 15

### *പ്രാരംഭപ്രാർത്ഥന*

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, പരിശുദ്ധ കന്യകാമറിയത്തെ ആത്മശരീരങ്ങളോടെ അങ്ങു സ്വർഗീയ മഹിമയിലേക്ക് ഉയർത്തുകയും നിത്യകിരീടമണിയിക്കുകയും ചെയ്തുവല്ലോ. ഞങ്ങളുടെ അമ്മയായ പരിശുദ്ധ മറിയത്തിനു കൈവന്ന ഈ മഹാഭാഗ്യത്തെപ്രതി ഞങ്ങൾ കൃതജ്ഞതാപൂർവം അങ്ങയെ സ്തുതിക്കുന്നു. ദൈവജനനിയുടെ സ്വർഗാരോപണത്തിരുനാൾ ആഘോഷിക്കുന്ന ഈ സുദിനത്തിൽ രക്ഷാകരമായ ഈ ദിവ്യരഹസ്യങ്ങൾ അങ്ങേക്കു പ്രീതികരമായ രീതിയിൽ പരികർമ്മം ചെയ്യുവാൻ ബലഹീനരായ ഞങ്ങളെ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

## സങ്കീർത്തനമാല (മർമ്മീസ) 144, 145, 146

### സങ്കീർത്തനം 146

**അഖിലകീർത്തനത്തിനും**
**അർഹനായ ദൈവമേ,**
**ഉചിതമാണു മധുരമാം**
**ദിവ്യനാമകീർത്തനം.**

**മഹിതമാകുമോറെശ്ലേം**
**പണിയുമങ്ങു പാലകൻ**
**ഒരു ഗണത്തിലാക്കുമീ**
**ചിതറിടും ജനങ്ങളെ.**

**തകരുമേതു ഹൃദയവും**
**ശാന്തി കാണ്മതങ്ങയിൽ**
**കനിവിയന്നൊരങ്ങിലീ**
**ഭുവനദുഃഖമുക്തിയും**

www.malankaralibrary.com

**കീർത്തനങ്ങൾ പാടിടാം**
**വാഴ്ത്തിടാം മഹേശനെ**
**കിന്നരങ്ങൾ മീട്ടിയാ**
**നാമഗീതി പാടിടാം.**

**അഭയമാർന്നിടുന്നിതാ**
**ഭയമിയന്ന മാനവർ**
**ശാന്തി തേടിടുന്നിതാ**
**തന്നിലെന്നുമാകുലർ.**

**താതനെന്ന പോലവേ**
**സുതനുമാത്മനും സദാ**
**സ്തുതിയനാദികാലവും**
**നിത്യമെങ്ങുമെപ്പൊഴും.**

*(അല്ലെങ്കിൽ)*

കാർമ്മി. നമ്മുടെ ദൈവത്തെ സ്തുതിക്കുന്നത് നല്ലതും ഉചിതവുമാകുന്നു. അവിടുന്നു സ്തുത്യർഹനാകുന്നു.

സമൂ. സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ. വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

കാർമ്മി. കർത്താവ് ഓറശ്ലത്തെ പണിയുകയും ഇസ്രായേലിൽ നിന്നും ചിതറിപ്പോയവരെ ഒരുമിച്ചുകൂട്ടുകയും ചെയ്യുന്നു.

സമൂ. കർത്താവു ഹൃദയം തകർന്നവരെ സുഖപ്പെടുത്തുകയും ആകുലതകൾ ഇല്ലാതാക്കുകയും ചെയ്യുന്നു.

കാർമ്മി. കർത്താവ് എളിയവരെ ഉയർത്തുന്നു. ദുഷ്ടരെ താഴ്ത്തുകയും ചെയ്യുന്നു.

സമൂ. തന്നെ ഭയപ്പെടുന്നവരെയും തന്റെ കൃപയിൽ പ്രത്യാശ വയ്ക്കുന്നവരെയും കർത്താവ് ഇഷ്ടപ്പെടുന്നു.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി. സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ. വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

www.malankaralibrary.com

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)
*(രീതി: നാഥനിലെന്നും നമ്മുടെ ഹൃദയം...)*

*ഗായക I.* *എന്നേക്കും ഞങ്ങൾ അങ്ങേക്കു കൃതജ്ഞതയർപ്പിക്കും*
പാവന കന്യാമാതാവേ, നീ സ്വർഗ്ഗാരോപിതയായ്
ആനന്ദത്താൽ നിറയുകയായീ ഹൃദയങ്ങൾ
മധുമയഗീതികൾ പാടുകയായീ ജനമെല്ലാം
ആത്മശരീരസമന്വിതയായ് നീ സ്വർഗ്ഗത്തിൽ
നിൻതിരുതനയൻ നല്കിയ ദാനം നിത്യം ഓർക്കുക നാം

*ഗായക II.* *കർത്താവ് നല്ലവനും കാരുണ്യവാനുമാകുന്നു.*
പാവന കന്യാമാതാവേ, നീ....

*ഗായക I.* *പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി*
സ്ലീവായെന്നും മർത്യഗണത്തിൽ രക്ഷാസങ്കേതം
മർത്യർക്കെല്ലാമഭയം നല്കും കോട്ടയുമാം
കുരിശിതിൽ ഞങ്ങൾ വിജയിക്കട്ടെ ദുഷ്ടനെയും
അതുപോലവനുടെ കെണികളെയെല്ലാം നീക്കിടുവാൻ
വാഴ്ത്തിവണങ്ങാം കുരിശിനെയെന്നും രക്ഷിതരായീടാൻ

*ഗായക II.* *ആദിമുതൽ എന്നേക്കും ആമ്മേൻ.*
സ്ലീവായെന്നും മർത്യഗണത്തിൽ രക്ഷാസങ്കേതം...

## പ്രകീർത്തനം (ശൂറായ)
*(രീതി: അംബരമനവരതം...)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലൂയ്യാ ഗീതികളാൽ
സ്വർഗാരോപിത മാതാവിൻ
നിർമ്മലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

www.malankaralibrary.com

ശുശ്രൂ II തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

ശുശ്രൂ I ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

കാർമ്മി നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

ശുശ്രൂ II ആദിയിലെപ്പോലെ
ഇപ്പൊഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

## ഹല്ലേലുയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**സ്വർഗാരോപിത മാതാവിൻ തിരു-**
**നാളിൽ ഗീതം പാടി വണങ്ങാം.**

**മറിയത്തിൻ തിരുഗാത്രം വിണ്ണിൽ**
**നാഥനുയർത്തി കാരുണ്യത്താൽ.**

**പാരിടമാകെ അവളുടെ വിജയം**
**ഘോഷിക്കുന്നു, ഹല്ലേലൂയ്യാ.**

**താതനുമതുപോൽസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

www.malankaralibrary.com

**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. രക്ഷകനായ മിശിഹായേ, നിന്റെ ദിവ്യരക്തത്താൽ നീ വീണ്ടെടുക്കുകയും രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കുകയും ചെയ്ത സഭയ്ക്കു പ്രയാസങ്ങളെയും എതിർപ്പുകളെയും നേരിടുന്നതിനും നിന്റെ ദിവ്യദൗത്യം വിജയപ്രദമായി തുടരുന്നതിനും ശക്തി നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. സഭയോടൊത്തു ചിന്തിക്കുവാനും അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കാളികളാകുവാനുമുള്ള സന്മനസ്സ് നിന്റെ ജനത്തിനു നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. നിന്റെ ആദർശങ്ങൾക്കൊത്തു സത്യസഭയെ ധീരമായി നയിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.വിവിധ സഭകൾ തമ്മിൽ പരസ്പര ധാരണയും

ഐക്യവും വളർത്തി ഏകസത്യവിശ്വാസത്തിൽ അവയെ പരിരക്ഷിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.ഞങ്ങളുടെ കർത്താവായ മിശിഹായേ, രക്ഷാകരകർമ്മത്തിൽ നിന്നോട് അടുത്തു സഹകരിക്കുകയും മഹത്ത്വം പ്രാപിക്കുകയും ചെയ്ത പരിശുദ്ധ അമ്മയെപ്പോലെ ഞങ്ങളും ദൈവേഷ്ടം നിർവഹിക്കുന്നതിനും നിത്യസൗഭാഗ്യം പ്രാപിക്കുന്നതിനും കൃപ ചെയ്യണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. പരിശുദ്ധ കന്യകാമറിയത്തെ നിന്റെ മഹത്ത്വപൂർണ്ണതയിൽ ശാരീരികമായിട്ടുകൂടി പങ്കുചേർത്ത കർത്താവേ, ഞങ്ങളുടെ ശരീരങ്ങളെ നിന്റെ മഹത്ത്വത്തിൽ പങ്കുചേർക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. പരിശുദ്ധാത്മാവ് ഇറങ്ങി വസിച്ച് കന്യകാമാതാവിന്റെ ശരീരത്തെ മഹത്വപ്പെടുത്തിയ കർത്താവേ, ദൈവാത്മാവിന്റെ സജീവാലയമായ ഞങ്ങളുടെ ശരീരത്തെ നിർമ്മലമായി കാത്തുസൂക്ഷിക്കുന്നതിനു കൃപ ചെയ്യണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ഇന്നേദിവസം ഞങ്ങളുടെ മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യദിനം ആഘോഷിക്കുവാൻ കൃപ നല്കിയ കർത്താവേ, പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥ്യത്താൽ ഞങ്ങളുടെ രാജ്യത്തെയും അതിൽ വസിക്കുന്നവരെയും ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൽ വളരുവാൻ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

www.malankaralibrary.com

**കാർമ്മി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അനുഗൃഹീതയും കൃപാവരപൂർണ്ണയുമായ മാതാവിന്റെ മാധ്യസ്ഥ്യം വഴി അങ്ങയോടു ഞങ്ങൾ വിനയപൂർവം അപേക്ഷിക്കുന്നു. അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ. സ്വർഗാരോപിതയായ മറിയത്തിന്റെ പ്രാർത്ഥനകൾ ഈ ലോകത്തിൽ ഞങ്ങൾക്ക് ഉറപ്പുള്ള സഹായവും സംരക്ഷണവുമായിരിക്കട്ടെ. പരിശുദ്ധ അമ്മയെപ്പോലെ ഞങ്ങളും സദാ സ്വർഗീയകാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ടു ജീവിക്കുവാനും നിത്യമഹത്ത്വം പ്രാപിക്കുവാനും അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ് ...)*

*വരുവിൻ, ശ്രവിക്കുവിൻ. ഞാൻ നിങ്ങളോടു വിവരിച്ചു പറയാം.*

മരണം ദൈവത്തിൻ
സുതനും കൈക്കൊണ്ടു
നിർമ്മല ഗാത്രത്തിൽ
ദൈവകുമാരൻ കല്പിച്ചു
വാനവരോടായ്, പ്രിയമേറും
തന്നുടെ ജനനീ ഗാത്രത്തെ
വിണ്ണിൽ കൃപയിലുയർത്തിടുവാൻ
തിരുജനനീ, സ്വർഗാരോപിതയായ്.

*സകല ജനതകളും ഇതു ശ്രവിക്കട്ടെ.*

മരണം ദൈവത്തിൻ........

*(അല്ലെങ്കിൽ)*

*വരുവിൻ, ശ്രവിക്കുവിൻ. ഞാൻ നിങ്ങളോടു വിവരിച്ചു പറയാം.*

ആദത്തിന്റെ പാപം മൂലം വന്നു ഭവിച്ച മരണം ദൈവസുതനെ വഹിച്ച നിർമ്മലശരീരത്തെയും സമീപിച്ചു. തന്റെ മാതാവിന്റെ ശരീരത്തെ ആദരിക്കുവാൻ കർത്താവു സ്വർഗത്തിലെ മാലാഖമാരോടു കല്പിച്ചു. കല്പിക്കപ്പെട്ടതുപോലെ അവർ അവളെ

www.malankaralibrary.com

ആഘോഷത്തോടും ആദരവോടുംകൂടി സ്വർഗത്തിലേക്കു സംവഹിക്കുകയും ചെയ്തു. അവളുടെ സ്വർഗാരോപണദിവസത്തെ മഹത്ത്വപ്പെടുത്തിയവനു സ്തുതി.

*സകല ജനതകളും ഇതു ശ്രവിക്കട്ടെ.*
ആദത്തിന്റെ പാപം മൂലം വന്നു ഭവിച്ച മരണം....

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ.** **അക്ഷയഗാത്രം, രക്തവുമതുപോൽ**
**കൈക്കൊള്ളാം നാം ഹൃദയൈക്യത്തിൽ.**
**മാനവരക്ഷപകർന്നിടുവാനായ്**
**മൃത്യുവരിച്ചവനുത്ഥിതനായി.**
**വാനവരൊപ്പം ഹല്ലേലൂയ്യാ**
**പാടിവണങ്ങാം നാഥനെ നിതരാം.**

*(അല്ലെങ്കിൽ)*

സമൂ. നമ്മുടെ രക്ഷകനായ മിശിഹായുടെ അക്ഷയശരീരവും അമൂല്യരക്തവും ഹൃദയൈക്യത്തോടെ നമുക്കു സ്വീകരിക്കാം. എന്തെന്നാൽ നമുക്കു വേണ്ടിയുള്ള അവിടുത്തെ മരണത്തിലും പുനരുത്ഥാനത്തിലും നാം വിശ്വസിക്കുകയും പ്രത്യാശവയ്ക്കുകയും ചെയ്യുന്നു. മാലാഖമാരോടുകൂടി അവിടുത്തെ ഹല്ലേലൂയ്യാ പാടി സ്തുതിക്കുക ഉചിതമാകുന്നു.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ.** **കന്യാജനനീ, അർപ്പിതരാകും**
**കന്യകളങ്ങയെ വാഴ്ത്തീടുന്നു.**
**എന്തെന്നാൽ നിൻ സ്വർഗാരോപണ-**
**മുലകും സ്വർഗവുമാഘോഷിപ്പൂ.**
**വരുവിൻ വരുവിൻ സോദരഗണമേ.**
**കൈക്കൊള്ളാം തിരുമാംസനിണങ്ങൾ.**

*(അല്ലെങ്കിൽ)*

www.malankaralibrary.com

ശുശ്രൂ.മറിയമേ, നീ അനുഗൃഹീതയാകുന്നു. കന്യകമാർ നിന്നെ വാഴ്ത്തുന്നു. എന്തെന്നാൽ നിന്റെ സ്വർഗാരോപണം സ്വർഗ്ഗത്തെ സന്തോഷിപ്പിക്കുകയും ഭൂമിയെ ആനന്ദിപ്പിക്കുകയും ചെയ്തു. സഹോദരരേ, വരുവിൻ. നമുക്കു മിശിഹായുടെ തിരുശരീരരക്തങ്ങൾ സ്വീകരിക്കാം.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. ആത്മശരീരങ്ങളോടെ സ്വർഗീയ സൗഭാഗ്യം അനുഭവിക്കുവാൻ പരിശുദ്ധ കന്യകാമറിയത്തിനു കൃപ നല്കിയ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. നിത്യസൗഭാഗ്യത്തിന്റെ ഉറവിടവും അച്ചാരവുമായ ഈ കുർബാനയിൽ പങ്കുചേരുവാൻ അങ്ങു ഞങ്ങളെ കൃപാപൂർവം യോഗ്യരാക്കിയതിന് ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി. ഞങ്ങളുടെ കർത്താവും ദൈവവും രക്ഷകനും ജീവദാതാവുമായ മിശിഹായേ, സകലത്തെയും പവിത്രീകരിക്കുന്ന നിന്റെ അമൂല്യമായ ശരീരരക്തങ്ങൾ നീ ഞങ്ങൾക്കു നല്കി. ഈ ദിവ്യരഹസ്യങ്ങൾ സ്വീകരിച്ച ഞങ്ങളുടെ ശരീരങ്ങൾ ഉയിർപ്പിന്റെ മഹത്വത്തിന് അർഹമാകട്ടെ. അവർണ്ണനീയമായ ഈ ദിവ്യദാനത്തെപ്രതി നിനക്കു ഞങ്ങൾ സ്തുതിയും കൃതജ്ഞതയും ആരാധനയും അർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. ആത്മശരീരസമന്വിതയായ്
കന്യകയാകും മറിയത്തെ
സ്വർഗാരോപിതയാക്കുകയാൽ
വാഴ്ത്താമഖിലമഹേശ്വരനെ.

ഉത്ഥാനത്തിൻ മഹിമയതിൽ
താതൻ ചേർത്തൊരു മറിയത്തെ

www.malankaralibrary.com

മർത്യകുലത്തിനു മാതാവായ്
നല്കിയ സുതനെ വാഴ്ത്തീടാം

സ്വർഗാരോപിതമാതാവിൻ
പ്രാർത്ഥനയാലേ ആത്മാവിൻ
സ്വർഗ്ഗാനന്ദം പകരട്ടെ
ദൈവം കരുണയോടെന്നെന്നും.

രക്ഷകകൃപയും താതൻ തൻ
സ്നേഹവുമൊപ്പം റൂഹാതൻ
സഹവാസവുമുണ്ടാകട്ടെ ✠
ഇപ്പോഴുമെപ്പൊഴുമെന്നേക്കും.

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. ദൈവമാതാവായ കന്യകാമറിയത്തെ ആത്മശരീരങ്ങളോടെ സ്വർഗീയ മഹത്ത്വത്തിലേക്കു പ്രവേശിപ്പിച്ച സർവശക്തനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. സ്വർഗാരോപിതയായ അമ്മയുടെ പ്രാർത്ഥനയാൽ ആത്മീയാനന്ദവും സ്വർഗീയദാനങ്ങളും സമൃദ്ധമായി നമുക്കു ലഭിക്കുമാറാകട്ടെ. മിശിഹായുടെ ഉത്ഥാനത്തിന്റെ മഹത്ത്വത്തിൽ പരിശുദ്ധ കന്യകാമറിയത്തെ പങ്കുചേർത്ത പിതാവായ ദൈവത്തിന്റെ സ്നേഹവും തന്റെ പ്രിയ മാതാവിനെ നമുക്ക് അമ്മയായി നല്കുവാൻ തിരുമനസ്സായ പുത്രന്റെ കൃപയും പരിപൂർണ്ണതയുടെ മാർഗത്തിലൂടെ കന്യകാമറിയത്തെ നയിച്ച പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ

## (പൊതുവായിട്ടുള്ളത്)

## *പ്രാരംഭപ്രാർത്ഥന*

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ തിരുക്കുമാരനെ മനുഷ്യവർഗ്ഗത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കും വേണ്ടി ഞങ്ങൾക്കു നല്കിയതിന് നന്ദി പറയുന്നു. അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ മിശിഹായ്ക്കു ജന്മം നല്കിയ പരിശുദ്ധ കന്യകാമറിയത്തെ ഞങ്ങൾക്കു മാതാവായി തന്ന അങ്ങയെ ഞങ്ങൾ സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു. അങ്ങയുടെ രക്ഷാരഹസ്യങ്ങളുടെ അനുസ്മരണവും ആഘോഷവുമായ ഈ ബലി യോഗ്യതാപൂർവ്വം അർപ്പിക്കുവാൻ ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

### സങ്കീർത്തനമാല (മർമ്മീസ) 144, 145, 146

#### സങ്കീർത്തനം - 146

**അഖിലകീർത്തനത്തിനും
അർഹനായ ദൈവമേ,
ഉചിതമാണു മധുരമാം
ദിവ്യനാമകീർത്തനം.**

**മഹിതമാകുമോറെശ്ലേം
പണിയുമങ്ങു പാലകൻ
ഒരു ഗണത്തിലാക്കുമീ
ചിതറിടും ജനങ്ങളെ.**

**തകരുമേതു ഹൃദയവും
ശാന്തി കാണ്മതങ്ങയിൽ
കനിവിയന്നൊരങ്ങിലീ
ഭുവനദുഃഖമുക്തിയും**

**കീർത്തനങ്ങൾ പാടിടാം**
**വാഴ്ത്തിടാം മഹേശനെ**
**കിന്നരങ്ങൾ മീട്ടിയാ**
**നാമഗീതി പാടിടാം.**

**അഭയമാർന്നിടുന്നിതാ**
**ഭയമിയന്ന മാനവർ**
**ശാന്തി തേടിടുന്നിതാ**
**തന്നിലെന്നുമാകുലർ.**

**താതനെന്ന പോലവേ**
**സുതനുമാത്മനും സദാ**
**സ്തുതിയനാദികാലവും**
**നിത്യമെങ്ങുമെപ്പൊഴും.**

*(അല്ലെങ്കിൽ)*

കാർമ്മി. നമ്മുടെ ദൈവത്തെ സ്തുതിക്കുന്നത് നല്ലതും ഉചിതവുമാകുന്നു. അവിടുന്നു സ്തുത്യർഹനാകുന്നു.

സമൂ.സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ. വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

കാർമ്മി. കർത്താവ് ഓറശ്ശലത്തെ പണിയുകയും ഇസ്രായേലിൽ നിന്നും ചിതറിപ്പോയവരെ ഒരുമിച്ചുകൂട്ടുകയും ചെയ്യുന്നു.

സമൂ. കർത്താവു ഹൃദയം തകർന്നവരെ സുഖപ്പെടുത്തുകയും ആകുലതകൾ ഇല്ലാതാക്കുകയും ചെയ്യും.

കാർമ്മി. കർത്താവ് എളിയവരെ ഉയർത്തുന്നു. ദുഷ്ടരെ താഴ്ത്തുകയും ചെയ്യുന്നു.

സമൂ. തന്നെ ഭയപ്പെടുന്നവരെയും തന്റെ കൃപയിൽ പ്രത്യാശ വയ്ക്കുന്നവരെയും കർത്താവ് ഇഷ്ടപ്പെടുന്നു.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി. സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ. വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

www.malankaralibrary.com

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

***ഗായക I.*** ***അവിടുന്നു നമ്മോടു കാരുണ്യം കാണിക്കുവാൻ അപേക്ഷിക്കാം.***

**മാനവരക്ഷകനീശോ നാഥാ നിന്നുടെ മാതാവിൽ**
**അഭയം തേടുന്നവരെനാഥാ താങ്ങണമേ**
**മഹിമാപൂർണ്ണം ബലിയാൽ നന്മകൾ ചൊരിയണമേ**
**പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ് നീ മാതാവേ**
**പാപികളാകും ഞങ്ങളിതാ നിൻ സവിധത്തിൽ നില്പൂ**

***ഗായക II.*** ***അവിടുത്തെ ആരാധിക്കുക, എന്തെന്നാൽ അവിടുന്നു കർത്താവാകുന്നു.***

**മാനവരക്ഷകനീശോതൻ ....**

***ഗായക I.*** ***പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**പാവനകന്യാമാതാവേ, നിൻ നല്വരദാനങ്ങൾ**
**ലോകത്തിനു നീ കരുണയോടേകൂ പ്രാർത്ഥനയാൽ**
**മഹിതാനന്ദം നിറയണമെന്നും തിരുസഭയിൽ**
**സഭയുടെ തനയർ ലോകം മുഴുവൻ പാടീടും**
**ദുഷ്ടപിശാചിൻ വലയിൽ വീഴാൻ ഇടയാക്കീടരുതേ**

***ഗായക II.*** ***ആദിമുതൽ എന്നേക്കും, ആമ്മേൻ.***

**പാവനകന്യാമാതാവേ....**

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം...)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലൂയ്യ ഗീതികളാൽ
പരിപൂജിതയാം മാതാവിൻ

www.malankaralibrary.com

നിർമ്മലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ II. സീയോൻ ഗിരിയല്ലോ
ഉന്നതരാജാവിൻ
പൂജിതമാം നഗരം.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

ശുശ്രൂ I. അഭയം നല്കുന്നു
ദൈവം നഗരത്തിൻ
കോട്ടയിലെന്നാളും.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

## ഹല്ലേലുയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**പാവനമായൊരു ഗിരിയുടെ മീതെ
തൻനഗരം പണിചെയ്തു നാഥൻ.**

**കർത്താവിന്നു പ്രിയങ്കരമാമീ
സീയോൻ നഗരം നിസ്തുലമല്ലോ.**

**ഇസ്രായേലിനു വേറൊന്നില്ലാ
ഇതുപോലുന്നതരമ്യ കവാടം.**

www.malankaralibrary.com

**താതനുമതുപോൽസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**
**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**
**ഹല്ലേലൂയ്യാ പാടാമൊന്നായ്**
**ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" എന്നു പിതാവിൽ നിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ, കർത്താവും ദൈവവുമായി നിന്നെ ഏറ്റുപറയുവാൻ നിന്റെ സഭയെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ദാസന്റെയും പാപിയുടെയും രൂപംധരിച്ച മിശിഹായേ, വിനീതമായ സേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. 'ഇതാ കർത്താവിന്റെ ദാസി' എന്ന് പ്രത്യുത്തരിച്ചുകൊണ്ട് ദൈവഹിതത്തിന് പൂർണ്ണമായി വിധേയപ്പെടുകയും വചനമാകുന്ന ദൈവത്തിന് ഭൂമിയിൽ ജന്മം നല്കുകയും

www.malankaralibrary.com

ചെയ്ത പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃകയിൽ, വചന മാകുന്ന മിശിഹായെ ലോകത്തിൽ പ്രഘോഷിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. കർത്താവിൽനിന്നും കേട്ട കാര്യങ്ങൾ വിശ്വസിക്കു കയും വചനം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുകയും ചെയ്ത പരിശുദ്ധ കന്യകാമറിയത്തെപ്പോലെ, വചനം ശ്രവി ക്കുവാനും അതനുസരിച്ച് ജീവിക്കുവാനും ഞങ്ങളെ സഹാ യിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ആദിമാതാവായ ഹവ്വായുടെ അനുസരണക്കേടുമൂല മുണ്ടായ ശാപം നീക്കുന്നതിന് അനുസരണം വഴി രക്ഷാകര കർമ്മത്തിൽ സഹകരിച്ച പരിശുദ്ധ കന്യകാമറിയത്തെപ്പോലെ, ഞങ്ങളും രക്ഷയുടെയും പ്രത്യാശയുടെയും ഉപകരണങ്ങളാ യിത്തീരുവാൻ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കു ന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി. കർത്താവായ ദൈവമേ, പരിശുദ്ധ കന്യകാമറിയ ത്തിന്റെ ..... തിരുനാൾ ആഘോഷിക്കുന്ന ഞങ്ങളുടെ പ്രാർത്ഥ നകൾ കരുണാപൂർവ്വം സ്വീകരിക്കണമേ. അങ്ങയുടെ ഹിത ത്തിന് സമ്പൂർണ്ണമായി സമർപ്പിക്കുവാനും വിശുദ്ധിയിൽ വള രുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ജീവിതാന്ത്യത്തിൽ അമ്മയോടൊപ്പം മഹത്ത്വത്തിലേക്കു പ്രവേശിക്കുവാനും സ്വർഗ്ഗഭാഗ്യം അനുഭവിക്കുവാനും ഞങ്ങൾക്കിടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ് ...)*

*അപ്പോൾ ജനങ്ങളുടെയിടയിൽ പ്രഘോഷിക്കപ്പെട്ടു.*

ധന്യേ, കന്യാംബേ
മന്നിൽ ഭാഗ്യവതീ
വാഴ്ത്തുകയായ് ഞങ്ങൾ
നല്കീ നിത്യസമുന്നതനാം
വിണ്ണിൻ നാഥനു ജന്മം നീ
എന്നുമനുഗ്രഹപൂരിതയാം
നിന്നിൽ ഞങ്ങൾ തേടുന്നു
ദൈവത്തിൻ ദാനം ചിരകാലം

*അവനോടു പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുവിൻ.*

ഭാഗ്യമെഴുന്നവളാം
കന്യാമാതാവേ
ഭൂമിയിൽ നിന്നെന്നും
യുദ്ധവുമതുപോൽ ശത്രുതയും
നീക്കണമങ്ങേ പ്രാർത്ഥനയാൽ
വത്സരമെല്ലാം നന്മകളാൽ
നിറയാൻ കനിയണമനുനിമിഷം
തിരുസുതനിൽ അഭയം തേടുന്നു.

*(അല്ലെങ്കിൽ)*

*അപ്പോൾ ജനങ്ങളുടെ ഇടയിൽ പ്രഘോഷിക്കപ്പെട്ടു.*

മറിയമേ, നീ അനുഗൃഹീതയാകുന്നു. നിന്റെ സൗഭാഗ്യം അവർണ്ണനീയമാകുന്നു. മറിയമേ, നീ ഭാഗ്യവതിയാകുന്നു. ഉന്നതങ്ങളിലും അഗാധങ്ങളിലും ശക്തനും അധിനാഥനുമായ രാജാധിരാജനു ജന്മം നല്കിയ നീ എത്രയോ സമുന്നതയാകുന്നു. തിരുപ്പുത്രനോട് ഞങ്ങൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കണമേ. അവനോടു പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുവിൻ. ഭാഗ്യപ്പെട്ട അമ്മേ, ഭൂമിയുടെ അതിർത്തികളിൽനിന്ന് യുദ്ധങ്ങൾ ഒഴിവാക്കുന്നതിനും തന്റെ നന്മയാൽ

www.malankaralibrary.com

വത്സരം മുഴുവനും അനുഗൃഹീതമാകുന്നതിനും നിന്റെ ഉദരത്തിന്റെ ഫലമായ തിരുക്കുമാരനോട് നിരന്തരം പ്രാർത്ഥിക്കണമേ.

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. അക്ഷയമാകും ദൈവകുമാരക**
**രക്തശരീരം കൈക്കൊള്ളുക നാം.**

**രക്ഷകമരണം മാനവനിരകൾ-**
**ക്കുത്ഥാനത്തിനു ദൈവികസാക്ഷ്യം.**

*(അല്ലെങ്കിൽ)*

സമൂ. നമുക്കെല്ലാവർക്കും നമ്മുടെ രക്ഷകനായ മിശിഹായുടെ അക്ഷയമായ ശരീരവും അമൂല്യമായ രക്തവും സ്വീകരിക്കാം. സകലർക്കും വേണ്ടിയുള്ള മിശിഹായുടെ മരണത്തിൽ നമുക്കു പ്രത്യാശവയ്ക്കാം. അവന്റെ ഉത്ഥാനത്തിൽ നമുക്ക് വിശ്വാസം അർപ്പിക്കാം. മാലാഖമാരോടുകൂടി അവന് ഹല്ലേലൂയ്യാ പാടുകയും ചെയ്യാം.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ. ധന്യതനേടി പുത്രനിലൂടെ**
**കന്യകയാകും പാവന ജനനി.**

**കൈക്കൊള്ളാമീ ദിവ്യരഹസ്യം**
**നാഥനെ വാഴ്ത്താൻ തന്നോടൊപ്പം.**

*(അല്ലെങ്കിൽ)*

ശുശ്രൂ. എല്ലാ സ്ത്രീകൾക്കും മാതൃകയായ മറിയമേ, നീ അനുഗൃഹീതയാകുന്നു. നിന്റെ പുത്രനെപ്രതി നിന്റെ നാമം മഹോന്നതമാകയാൽ, നീ വാഴ്ത്തപ്പെട്ടവളാകുന്നു. സകലത്തിന്റെയും നാഥനായ നിന്റെ പുത്രന്റെ മാതാവും ദാസിയും ആകുവാൻ യോഗ്യയായിത്തീർന്ന മറിയമേ, നീ ഭാഗ്യവതിയാകുന്നു. മാലാഖമാരോടുകൂടി നിന്റെ തിരുപ്പുത്രന് ഹല്ലേലുയ്യാ പാടിക്കൊണ്ട്

www.malankaralibrary.com

അവിടുത്തെ തിരുശരീരരക്തങ്ങൾ നമുക്കു സ്വീകരിക്കാം.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. ആത്മശരീരങ്ങളോടെ സ്വർഗീയ സൗഭാഗ്യം അനുഭവിക്കുവാൻ പരിശുദ്ധ കന്യകാമറിയത്തിനു കൃപ നല്കിയ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. നിത്യസൗഭാഗ്യത്തിന്റെ ഉറവിടവും അച്ചാരവുമായ ഈ കുർബാനയിൽ പങ്കുചേരുവാൻ അങ്ങു ഞങ്ങളെ കൃപാപൂർവം യോഗ്യരാക്കിയതിന് ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി. ഞങ്ങളുടെ കർത്താവും ദൈവവും രക്ഷകനും ജീവദാതാവുമായ മിശിഹായേ, സകലത്തെയും പവിത്രീകരിക്കുന്ന നിന്റെ അമൂല്യമായ ശരീരരക്തങ്ങൾ നീ ഞങ്ങൾക്കു നല്കി. ഈ ദിവ്യരഹസ്യങ്ങൾ സ്വീകരിച്ച ഞങ്ങളുടെ ശരീരങ്ങൾ ഉയിർപ്പിന്റെ മഹത്ത്വത്തിന് അർഹമാകട്ടെ. അവർണ്ണനീയമായ ഈ ദിവ്യദാനത്തെപ്രതി നിനക്കു ഞങ്ങൾ സ്തുതിയും കൃതജ്ഞതയും ആരാധനയും അർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. വിശ്വാസത്തിൻ തികവിൽ നാം
ദൈവപിതാവിനെ വാഴ്ത്തീടാം
നല്കീ കന്യാമറിയത്തെ
ദൈവം പുത്രനു മാതാവായ്

കുരിശിൻ സവിധേ നില്ക്കുമ്പോൾ
നരവംശത്തിനു മാതാവായ്
മിശിഹാനാഥൻ നല്കുകയായ്
കനിവാൽ കന്യാമറിയത്തെ

www.malankaralibrary.com

സ്ത്രീകളിലെല്ലാം ധന്യസദാ
റൂഹാതൻ കൃപയാൽ മറിയം
സുതനുടെ കുരിശിൻ പിന്നാലെ
വ്യാകുലയായി നീങ്ങിയവൾ.

അമ്മയോടൊപ്പം നിങ്ങളുമാ
സ്വർഗ്ഗകിരീടം നേടിടുവാൻ
വരമേകട്ടെ, സകലേശൻ ✠
ഇപ്പോഴുമെപ്പൊഴുമെന്നേക്കും.

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. മിശിഹായുടെ മാതാവായി പരിശുദ്ധ കന്യകാമറിയത്തെ തിരഞ്ഞെടുത്ത പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. “ഇതാ നിന്റെ അമ്മ” എന്നരുളിച്ചെയ്തുകൊണ്ട് മറിയത്തെ നമുക്ക് അമ്മയായി നല്കിയ മിശിഹായെ നമുക്കു സ്തുതിക്കാം. സ്ത്രീകളിൽ അനുഗൃഹീതയാകുവാൻ മറിയത്തിനു ഭാഗ്യം നല്കിയ പരിശുദ്ധാത്മാവിന് നമുക്കു കൃതജ്ഞതയർപ്പിക്കാം. പിതാവായ ദൈവത്തിന് സ്തോത്രമാലപിച്ചുകൊണ്ടും മിശിഹായെ കുരിശിൻ ചുവടുവരെ അനുയാത്ര ചെയ്തുകൊണ്ടും ജീവിച്ച പരിശുദ്ധ കന്യാമറിയത്തെപ്പോലെ സ്വർഗ്ഗീയ കിരീടത്തിന് യോഗ്യരാകത്തക്കവിധത്തിൽ ജീവിക്കുവാൻ ഈ ദിവ്യരഹസ്യങ്ങൾ നമുക്കു ശക്തിപ്രദാനം ചെയ്യട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ

## മാർച്ച് 19

### *പ്രാരംഭപ്രാർത്ഥന*

കാർമ്മി. മനുഷ്യവംശത്തെ വീണ്ടെടുക്കാൻ തന്റെ തിരുക്കുമാരനെ ലോകത്തിലേക്കയച്ച ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. ഞങ്ങളുടെ രക്ഷകനായ ഈശോയുടെ വളർത്തുപിതാവും സംരക്ഷകനുമായി വിശുദ്ധ യൗസേപ്പിനെ തിരഞ്ഞെടുത്തതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അവതരിച്ച വചനത്തിന് ജീവിതം സമ്പൂർണ്ണമായി സമർപ്പിച്ച വിശുദ്ധ യൗസേപ്പിനോടുചേർന്ന് വിശുദ്ധിയോടെ ഈ ബലിയർപ്പിക്കുവാൻ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

### സങ്കീർത്തനമാല (മർമ്മീസ) 19, 20, 21

#### സങ്കീർത്തനം 19

*(രീതി: കർത്താവേ, മമ രാജാവേ...)*

**കർത്താവിന്റെ വിശുദ്ധഹിതം
നേത്രങ്ങൾക്കു പ്രകാശംതാൻ
ഭക്തിപുലർത്തുക നിർമ്മലമായ്
നിത്യമതങ്ങനെ നിലനില്ക്കും.**

**നീതി നിറഞ്ഞവയാണല്ലോ
നാഥൻ നല്കും കല്പനകൾ
ഹൃദയങ്ങളിലവ സന്തോഷം
സദയം കോരിനിറയ്ക്കുന്നു.**

**കർത്താവിൻ വിധിവാക്യങ്ങൾ
സത്യവുമതുപോൽ നീതിയുമാം
തങ്കത്തേക്കാളഭികാമ്യം
തേൻകട്ടയിലും മധുരതരം.**

www.malankaralibrary.com

**തെറ്റുകളെന്നെ ഭരിക്കല്ലേ**
**ശുദ്ധീകൃതനായ് വാഴാം ഞാൻ**
**നീയെന്നഭയം കർത്താവേ,**
**നീയാണെന്റെ വിമോചകനും.**

**എന്നധരത്തിലെ വാക്കുകളും**
**എൻമനതാരിൻ ചിന്തകളും**
**താവകദൃഷ്ടിയിലെന്നെന്നും**
**പാവനമായി വിളങ്ങട്ടെ.**

**താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേൻ ആമ്മേനനവരതം.**

*(അല്ലെങ്കിൽ)*

കാർമ്മി. കർത്താവിന്റെ പ്രമാണം വിശുദ്ധമാണ്. അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു.

സമൂ. ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ തിരുനാമത്തെ പ്രതി ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ.

കാർമ്മി. ദൈവഭക്തി നിർമ്മലമാണ്. അത് എന്നേക്കും നിലനില്ക്കുന്നു.

സമൂ. കർത്താവിന്റെ കല്പനകൾ നീതിയുക്തമാണ്. അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു.

കാർമ്മി. കർത്താവിന്റെ വിധികൾ സത്യമാണ്. അവ തികച്ചും നീതിപൂർണ്ണമാണ്.

സമൂ. അവ പൊന്നിനെയും തങ്കത്തെയുകാൾ അഭികാമ്യമാണ്. അവ തേനിനെയും തേൻകട്ടയെയുംകാൾ മധുരമാണ്.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി. ഞങ്ങളുടെ രക്ഷകനായ ദൈവമേ,ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ തിരുനാമത്തെപ്രതി ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ.

www.malankaralibrary.com

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : പുലരിയിൽ നിദ്രയുണർന്നങ്ങേ...)*

*ഗായക I. അവിടുന്നു അവനായി സജ്ജമാക്കിയ സ്ഥലത്ത്.*

**മാർ യൗസേപ്പേ, സ്വർഗത്തിൽ**
**പേരുകളെഴുതപ്പെട്ടവരാം**
**ആദിമജാതരൊടൊപ്പം നിൻ**
**നാമവുമെഴുതപ്പെട്ടല്ലോ**

**നന്മരണത്തിൻ മധ്യസ്ഥാ,**
**ഞങ്ങൾ മരിക്കും നിമിഷത്തിൽ**
**പ്രിയതാതാ നീ ഞങ്ങൾക്കായ്**
**പ്രാർത്ഥിക്കണമേ കനിവോടെ,**

**പ്രാർത്ഥിക്കണമേ നിൻ സവിധേ**
**അണയും നിന്നുടെ മക്കൾക്കായ്**
**കർത്താവീശോമിശിഹാതൻ**
**രാജ്യം ഞങ്ങൾ ചേരാനായ്.**

*ഗായക II. എന്തെന്നാൽ, അങ്ങ് അങ്ങയുടെ വാസസ്ഥലം അത്യുന്നതത്തിൽ ഉറപ്പിച്ചു.*

**മാർ യൗസേപ്പേ, സ്വർഗത്തിൽ.................**

*ഗായക I. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

**പാവനമാകും സ്ലീവായാൽ**
**നമ്മെ രക്ഷിച്ചരുളീടും**
**നമ്മുടെ നാഥനു മോദമൊടേ**
**സ്തുതിഗീതങ്ങൾ പാടീടാം**

**കുരിശിലെ ബലിയാൽ മരണത്തെ**
**വിജയിച്ചവനാം തിരുനാഥൻ**
**നമ്മൾക്കരുളുന്നനവദ്യം**

www.malankaralibrary.com

**ഭാഗ്യം ശാശ്വതസ്വർഗ്ഗത്തിൽ**
**നമ്മൾ ജയിക്കണമീക്കുരിശാൽ**
**ദുഷ്ടനെയും തൻ കെണികളെയും**
**കുരിശിതു ഞങ്ങൾക്കാലംബം**
**കുരിശിനെ ഞങ്ങൾ നമിക്കുന്നു.**

***ഗായക II. ആദിമുതൽ എന്നേക്കും, ആമ്മേൻ.***

**പാവനമാകും സ്ലീവായാൽ................**

## പ്രകീർത്തനം (ശൂറായ)

*(രീതി: അമ്പരമനവരതം....)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
നീതിയെഴും മാർ യൗസേപ്പിൻ
നിർമ്മലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

www.malankaralibrary.com

**സമൂ.** **ദിവ്യാത്മാവിൻ ഗീതികളാൽ...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ.** **ദിവ്യാത്മാവിൻ ഗീതികളാൽ...**

## ഹല്ലേലുയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**ആരുവസിക്കും കർത്താവേ, നിൻ**
**പാവനഗിരിയിൽ, കൂടാരത്തിൽ**

**കപടതയെന്യേ ജീവിപ്പോനും**
**നീതിയെമാത്രം തേടുന്നോനും**

**ഹൃദയേ നിതരാം നേരുള്ളോനും**
**നാവാൽ വഞ്ചന ചെയ്യാത്തവനും.**

**താതനുമതുപോൽസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തി യോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാ കണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവാസ ത്തിലും പ്രാർത്ഥനയിലും ചെലവഴിച്ച മിശിഹായേ, തപസ്സി

www.malankaralibrary.com

ന്റെയും പ്രായശ്ചിത്തത്തിന്റെയും ചൈതന്യത്തിൽ ജീവിക്കുവാനും പ്രാർത്ഥനാരൂപിയിൽ വളരുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ മിശിഹായേ, ഞങ്ങളുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. പിതാവിന്റെ ഹിതമനുസരിച്ച് അവതാരം ചെയ്ത വചനത്തെ പരിപാലിച്ച മാർ യൗസേപ്പിനെപ്പോലെ വിശ്വാസത്തിലും വിശുദ്ധിയിലും തങ്ങളുടെ മക്കളെ ദൈവോന്മുഖരായി വളർത്തുവാൻ എല്ലാ മാതാപിതാക്കളെയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. തിരുക്കുടുംബത്തെ പുലർത്തുവാൻ നിരന്തരം അധ്വാനിച്ച വിശുദ്ധ യൗസേപ്പിനെപ്പോലെ ഞങ്ങളുടെ തൊഴിലിനോട് വിശ്വസ്തത പുലർത്തുവാനും അതിൽ അർത്ഥവും ആനന്ദവും കണ്ടെത്തുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. സഭയുടെ സംരക്ഷകനായ വി. യൗസേപ്പിന്റെ മദ്ധ്യസ്ഥതയാൽ, സഭയോടൊത്തു ചിന്തിക്കുവാനും അവളുടെ സംരക്ഷണത്തിനും വളർച്ചയ്ക്കുംവേണ്ടി ജീവിതം സമർപ്പിക്കുവാനും സഭാതനയർക്കെല്ലാവർക്കും ശക്തിനല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും മാർഗ്ഗത്തിൽ ഞങ്ങളെ നയിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനു

www.malankaralibrary.com

മായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്താ യെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാ പ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി. നസ്രത്തിലെ തിരുക്കുടുംബത്തിൽ മാർ യൗസേപ്പിന്റെ സംരക്ഷണയിൽ വളർന്ന ഈശോയേ, അനുസരണത്തിന്റെയും പ്രാർത്ഥനയുടെയും അധ്വാനത്തിന്റെയും ജീവിതം നയിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. നിന്റെ വളർത്തു പിതാവിനെപ്പോലെ ഞങ്ങളെ ഭരമേല്പിക്കുന്ന ചുമതലകൾ വിശ്വസ്തതയോടെ നിറവേറ്റുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ് ...)*

**നീതിമാന്റെ സ്മരണ എന്നും നിലനില്ക്കും.**

ഈശോമിശിഹാതൻ
പാലകനാം താതാ,
ധന്യൻ യൗസേപ്പേ,
ഈശോതൻ തിരുബാല്യത്തിൽ
സംരക്ഷിച്ചു നീ, യതുപോൽ
കരുണയൊടെന്നും കാക്കണമേ
മന്നിൽ നിത്യം ഞങ്ങളെയും
മഹിതം നിൻ കനിവിൻ പ്രാർത്ഥനയാൽ.

www.malankaralibrary.com

*ദൈവതിരുമുമ്പിൽ എന്നേക്കും അവൻ വസിക്കുന്നു.*

ഈശോമിശിഹാതൻ........

*(അല്ലെങ്കിൽ)*

*നീതിമാന്റെ സ്മരണ എന്നും നിലനില്ക്കും.*

വി. യൗസേപ്പേ, അങ്ങയെ ഞങ്ങൾ മിശിഹായോടൊപ്പം സഭയിൽ അനുസ്മരിക്കുന്നു. എന്തെന്നാൽ, അങ്ങ് ബാലനായ ഈശോയെ ശ്രേഷ്ഠവും അസാധാരണവുമായ വിധത്തിൽ സംരക്ഷിച്ചു. അങ്ങയുടെ പ്രാർത്ഥന ഞങ്ങളുടെ സമൂഹത്തെ സഹായിക്കുകയും എല്ലാ തിന്മകളിലും നിന്ന് ഞങ്ങളെ സംരക്ഷിക്കുകയും ചെയ്യട്ടെ.

*ദൈവതിരുമുമ്പിൽ എന്നേക്കും അവൻ വസിക്കുന്നു.*

വി. യൗസേപ്പേ.....

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. വരുവിൻ, വരുവിൻ, സോദരഗണമേ,**
**നീതിയെഴുന്നൊരു താതനെയോർക്കാം.**
**അനവരതം സ്തുതിഗീതികൾ പാടാം**
**വാഴ്ത്തിപ്പാടാം ഹല്ലേലൂയ്യാ.**

*(അല്ലെങ്കിൽ)*

സമൂ. നീതിമാനായ വിശുദ്ധ യൗസേപ്പിന്റെ ഓർമ്മ നമുക്കാചരിക്കാം. നമുക്ക് അനവരതം സ്തുതികീർത്തനങ്ങൾ ആലപിക്കാം. സന്തോഷപൂർവ്വം നമുക്കു ഹല്ലേലൂയ്യാ പാടുകയും ചെയ്യാം.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ. ഞങ്ങളെയെല്ലാം സംരക്ഷിക്കും**
**മാർ യൗസേപ്പേ, പ്രാർത്ഥിക്കണമേ.**
**താവകസ്മരണാസുദിനം ഞങ്ങൾ**
**കൈക്കൊള്ളട്ടെ ദിവ്യരഹസ്യം**

www.malankaralibrary.com

*(അല്ലെങ്കിൽ)*

ശുശ്രൂ. ഞങ്ങളുടെ സംരക്ഷകനായ വിശുദ്ധ യൗസേപ്പേ, അങ്ങയുടെ പ്രാർത്ഥന ഞങ്ങളുടെ ശത്രുവിനെ പരാജയപ്പെടുത്തട്ടെ. ഞങ്ങളെല്ലാവരും കർത്താവിനെ ഹല്ലേലൂയ്യാ പാടി സ്തുതിക്കുന്നു. ഞങ്ങൾ സ്വീകരിക്കുന്ന തിരുശരീരരക്തങ്ങൾ ഞങ്ങൾക്കു നിത്യജീവൻ നല്കട്ടെ.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിൽ പങ്കുചേർന്ന് വിശുദ്ധ യൗസേപ്പിതാവിന്റെ ഓർമ്മ ആചരിക്കുവാൻ അങ്ങ് ഞങ്ങൾക്കു കൃപ നല്കി. ഈ ദാനത്തെ പ്രതി അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി. ഞങ്ങളുടെ പ്രത്യാശയായ മിശിഹായേ, പരിശുദ്ധ കുർബാന വഴി നീ ഞങ്ങളുടെ കടങ്ങൾ പൊറുക്കുകയും പാപങ്ങൾ മോചിക്കുകയും നിത്യജീവനിൽ ഞങ്ങളെ പങ്കുചേർക്കുകയും ചെയ്തു. ഈ അമൂല്യദാനം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ. വിശുദ്ധ യൗസേപ്പിതാവിനെപ്പോലെ ഞങ്ങളും ഈ ഭൂമിയിൽ നിന്നെ ഏറ്റുപറയുന്നതിനും ജീവിതത്തിലൂടെ നിനക്കു സാക്ഷ്യം വഹിക്കുന്നതിനും സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. പാലകനാം മാർ യൗസേപ്പിൻ
മധ്യസ്ഥതയാൽ ഭവനങ്ങൾ
ശോഭിതമായിത്തീരട്ടെ
തിരുഭവനത്തിൻ മാതൃകയിൽ

www.malankaralibrary.com

അനുദിനജീവിത പാതകളിൽ
നീതിയൊടെന്നും മുന്നേറാൻ
നല്വരദാനം നല്കട്ടെ
താതൻ മാനവരഖിലർക്കും.

പ്രാർത്ഥനയാലേ ദൈവേഷ്ടം
നിറവേറ്റാൻ വരമേകട്ടെ
ക്ളേശങ്ങളിലാ മാതൃകയിൽ
ശാന്തത നിങ്ങൾ തേടിടുവിൻ.

നന്മരണം വഴിയായെന്നും
വാനവരൊത്തു വസിച്ചിടുവാൻ
നാഥൻ നന്മകൾ ചൊരിയട്ടെ ✠
ഇപ്പോഴുമെപ്പൊഴുമെന്നേക്കും.

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. തിരുക്കുടുംബത്തിന്റെ നാഥനായ വി. യൗസേപ്പിന്റെ മധ്യസ്ഥതയാൽ എല്ലാ കുടുംബങ്ങളും സ്നേഹവും സമാധാനവും നിറഞ്ഞ മാതൃകാകുടുംബങ്ങളായി പ്രശോഭിക്കുവാൻ ഇടയാകട്ടെ. പ്രാർത്ഥനാജീവിതം നയിച്ച് എല്ലാ സാഹചര്യങ്ങളിലും ദൈവതിരുവിഷ്ടം നിറവേറ്റുവാൻ കുടുംബാംഗങ്ങൾ പ്രാപ്തരായിത്തീരട്ടെ. ജീവിതത്തിലെ ക്ലേശകരമായ അനുഭവങ്ങളിൽ ശാന്തതയോടെ വ്യാപരിക്കുവാൻ വി. യൗസേപ്പിന്റെ മാതൃക നിങ്ങൾക്കു പ്രചോദനമരുളട്ടെ. നമ്മുടെ അനുദിന ജീവിതത്തിൽ നീതിയോടെ വർത്തിച്ച് സ്വർഗ്ഗീയഭവനത്തിന് അർഹരായിത്തീരുവാനും സകല വിശുദ്ധരോടുമൊത്ത് അനവരതം സ്തുതിഗീതങ്ങൾ ആലപിക്കുവാനും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# വിശുദ്ധ സ്നാപകയോഹന്നാൻ

*പ്രാരംഭപ്രാർത്ഥന*

കാർമ്മി. കർത്താവായ ദൈവമേ, ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി മിശിഹായെ നല്കിയ അങ്ങയുടെ അനന്ത കാരുണ്യത്തിന് ഞങ്ങൾ നന്ദി പറയുന്നു. സ്നാപകയോഹന്നാനെ അനുകരിച്ച് സത്യത്തിലും നീതിയിലും വളർന്ന് മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ഈ വിശുദ്ധ കുർബാന യോഗ്യതാപൂർവ്വം പരികർമ്മം ചെയ്യുവാൻ ബലഹീനരായ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സങ്കീർത്തനമാല (മർമ്മീസ)

*(രീതി: കർത്താവേ, മമരാജാവേ...)*

### സങ്കീർത്തനം 19

**കർത്താവിന്റെ വിശുദ്ധഹിതം**
**നേത്രങ്ങൾക്കു പ്രകാശംതാൻ**
**ഭക്തിപുലർത്തുക നിർമ്മലമായ്**
**നിത്യമതങ്ങനെ നിലനിൽക്കും.**

**നീതിനിറഞ്ഞവയാണല്ലോ**
**നാഥൻ നല്കും കല്പനകൾ**
**ഹൃദയങ്ങളിലവ സന്തോഷം**
**സദയം കോരിനിറയ്ക്കുന്നു.**

**കർത്താവിൻ വിധി വാക്യങ്ങൾ**
**സത്യവുമതുപോൽ നീതിയതും**
**തങ്കത്തേക്കാളഭികാമ്യം**
**തേൻകട്ടയിലും മധുരതരം.**

**തെറ്റുകളെന്നെ ഭരിക്കല്ലേ**
**ശുദ്ധീകൃതനായ് വാഴാം ഞാൻ**

www.malankaralibrary.com

**നീയെന്നഭയം കർത്താവേ,**
**നീയാണെന്റെ വിമോചകനും.**

**എന്നധരത്തിലെ വാക്കുകളും**
**എൻമനതാരിൻ ചിന്തകളും**
**താവകദൃഷ്ടിയിലെന്നെന്നും**
**പാവനമായി വിളങ്ങട്ടെ.**

**താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേൻ ആമ്മേനനവരതം.**

*(അല്ലെങ്കിൽ)*

കാർമ്മി. കർത്താവിന്റെ പ്രമാണം വിശുദ്ധമാണ്. അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു.

സമൂ. യോർദ്ദാനിൽ നിന്ന് മാമ്മോദീസ സ്വീകരിക്കുകയും അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ, നീ അനുഗൃഹീതനാകുന്നു.

കാർമ്മി. ദൈവഭക്തി നിർമ്മലമാണ്. അത് എന്നേക്കും നിലനില്ക്കുന്നു.

സമൂ. കർത്താവിന്റെ കല്പനകൾ നീതിയുക്തമാണ്. അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു.

കാർമ്മി. കർത്താവിന്റെ വിധികൾ സത്യമാണ്. അവ തികച്ചും നീതിപൂർണ്ണമാണ്.

സമൂ. അവ പൊന്നിനെയും തങ്കത്തെയുകാൾ അഭികാമ്യമാണ്. അവ തേനിനെയും തേൻകട്ടയെയുംകാൾ മധുരമാണ്.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

കാർമ്മി. യോർദ്ദാനിൽ നിന്ന് മാമ്മോദീസ സ്വീകരിക്കുകയും അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ, നീ അനുഗൃഹീതനാകുന്നു.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

***ഗായക. I*** ***എല്ലാ ജനതകളും ഇതു ശ്രവിക്കുവിൻ***

**ഏലീശ്വായുടെ നന്ദനനാകും യോഹന്നാനല്ലോ**
**ഉയരും സ്വരമായ് വഴി കാട്ടുകയായി മരുഭൂവിൽ**
**ലോകത്തിൻ പാപം നീക്കിടുവാനായ് കുഞ്ഞാടായ്**
**നാഥനെയല്ലോ മുന്നിൽക്കണ്ടു രക്ഷകനായ്**
**സ്നാനം നല്കിയവൻ കഴുകി കല്മഷമൊന്നൊന്നായ്**

***ഗായക II.*** ***ഉദരത്തിൽ നിന്നു തന്നെ വിശുദ്ധിയുടെ പ്രഭയോടുംകൂടി***

**ഏലീശ്വായുടെ നന്ദനനാകും.....**

***ഗായക I.*** ***പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**വിണ്ണിൻ വാതിൽ തുറന്നു താതൻ മൊഴിയും ശബ്ദമിതാ**
**ഇവനെൻപുത്രൻ, ഇവനിൽ ഞാൻ പ്രീതിതനായ്**
**കുരിശാൽ രക്ഷപകർന്നു, പാടാം സ്തുതിഗീതം**
**സ്ലീവായല്ലോ മാനവനഭയം ബലിയാലേ**
**വാഴ്ത്തി നമിക്കാം കുരിശിനെയൊന്നായ്**
**ദുഷ്ടനെ വിജയിക്കാൻ**

***ഗായക II.*** ***ആദിമുതൽ എന്നേക്കും, ആമ്മേൻ.***

**വിണ്ണിൻ വാതിൽ തുറന്നു...**

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം...)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

നീതിയിൽ മേവും മനുജൻതൻ
അധരം ജ്ഞാനം ഘോഷിപ്പൂ

സ്നാപകനാകും നിവ്യാ തൻ
നിർമ്മലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ

ശുശ്രൂ II. മുത്തുകൾ പൊഴിയും പോൽ
നാവിൽ നിന്നപ്പോൾ
നീതിയുതിർക്കുന്നു.

**സമൂ. നീതിയിൽ മേവും മനുജൻതൻ...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. നീതിയിൽ മേവും മനുജൻതൻ...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ

**സമൂ. നീതിയിൽ മേവും മനുജൻതൻ...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. നീതിയിൽ മേവും മനുജൻതൻ...**

## ഹല്ലേലുയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**കാരണമെന്യേ ഭൂവിന്നധിപർ
പീഡിപ്പിച്ചു നിത്യവുമെന്നെ**

**ഞാനോ നിൻ വചനത്തിൽ മാത്രം
അഭയം തേടി സംശയമെന്യേ.**

**നീതിയെഴും നിൻകല്പനകൾക്കായ്
നിന്നെപ്പാടി നമിച്ചീടും ഞാൻ**

**താതനുമതുപോൽസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**
**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**
**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ.നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.'ഇവൻ എന്റെ പ്രിയപുത്രനാകുന്നു' എന്നു പിതാവിൽ നിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ, കർത്താവും ദൈവവുമായി നിന്നെ ഏറ്റുപറയുവാൻ നിന്റെ സഭയെ അനുഗ്രഹിക്കണമെന്ന് നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.ദാസന്റെയും പാപിയുടെയും രൂപംധരിച്ച മിശിഹായേ, വിനീതമായ സേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.മിശിഹായുടെ മുന്നോടിയായ യോഹന്നാൻ മാംദാനയെപ്പോലെ ഞങ്ങൾ സത്യത്തിന്റെ സാക്ഷികളും പരിത്യാഗത്തിന്റെ മാതൃകകളും ആയിത്തീരുവാൻ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.യോഹന്നാനെ അനുകരിച്ച് നിസ്വാർത്ഥമായ ജീവിതത്തിലൂടെ അങ്ങയുടെ മഹത്ത്വം ലക്ഷ്യമാക്കി ജീവിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.അവൻ വളരുകയും ഞാൻ ചെറുതാകുകയും ചെയ്യണമെന്നു പറഞ്ഞ സ്നാപകന്റെ ചൈതന്യം ഉൾക്കൊണ്ട് ഞങ്ങളുടെ സഹോദരങ്ങളുടെ വളർച്ചയിലും ഉന്നമനത്തിലും സന്തോഷിക്കുവാൻ പ്രാപ്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി.കർത്താവായ ദൈവമേ, മാനസാന്തരത്തിന് ആഹ്വാനം ചെയ്ത സ്നാപകയോഹന്നാന്റെ സ്വരം ശ്രവിക്കുകയും ഹൃദയപരിവർത്തനത്തിന് വിധേയരാകുകയും ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കണമേ. ഞങ്ങൾ അങ്ങേക്കു സാക്ഷ്യം വഹിക്കുന്നവരും അങ്ങയെ പ്രഘോഷിക്കുന്നവരുമാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ് ...)*

*വരുവിൻ, ദൈവത്തിന്റെ പ്രവൃത്തികൾ കാണുവിൻ.*

ഈശോമിശിഹാതൻ
ശിരസ്സു നമിച്ചല്ലോ
സ്നാനം കൈക്കൊള്ളാൻ
യോഹന്നാനോ ചൊല്ലുകയായ്
യോഗ്യതയെല്ലുമെനിക്കില്ല

www.malankaralibrary.com

സമ്മതമാകുകയിന്നിപ്പോൾ
നല്കാൻ ജ്ഞാനസ്നാനം നീ
യോഹന്നാൻ സ്നാനം നല്കിയുടൻ

*വരുവിൻ, അവിടുത്തെ പ്രവൃത്തികൾ ഞാൻ വിവരിക്കാം.*

ഈശോമിശിഹാ...

*(അല്ലെങ്കിൽ)*

*വരുവിൻ, ദൈവത്തിന്റെ പ്രവൃത്തികൾ കാണുവിൻ.*

സകലത്തിന്റെയും നാഥനായവൻ മാമ്മോദീസാ സ്വീകരിക്കുന്നതിനായി തന്റെ മുന്നോടിയായ യോഹന്നാനെ സമീപിച്ചു. പാപം മോചിക്കുന്നവൻ സർവനീതിയും പൂർത്തിയാക്കുന്നതിന് അവനിൽനിന്നു മാമ്മോദീസ സ്വീകരിച്ചു. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടിന്റെ ഈ ബലിയിൽ ദൈവം സംപ്രീതനാകട്ടെ.

*വരുവിൻ, അവിടുത്തെ പ്രവൃത്തികൾ ഞാൻ വിവരിക്കാം.*

സകലത്തിന്റെയും നാഥനായവൻ മാമ്മോദീസ...

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. കൈക്കൊള്ളാം തിരുമാംസനിണങ്ങൾ
യോഹന്നാൻ തൻ ഓർമ്മദിനത്തിൽ.**

**സഭയെക്കനിവൊടു പോഷിപ്പിക്കും
നാഥനു പാടാം ഹല്ലേലൂയ്യാ.**

*(അല്ലെങ്കിൽ)*

സമൂ. കർത്താവിന് സ്നാനം നല്കിയ യോഹന്നാന്റെ ഈ തിരുനാളിൽ ജീവദായകമായ തിരുശരീരരക്തങ്ങൾ നമുക്കു സ്വീകരിക്കാം. തന്റെ സ്നേഹാതിരേകത്താൽ സഭയെ പരിപോഷിപ്പിക്കുന്നവനെ ഹല്ലേലൂയ്യാ പാടി നമുക്കു സ്തുതിക്കുകയും ചെയ്യാം.

## അനുഗീതം (ഓനീസാ ദ്വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ. നാഥാ, നിൻ തിരുമാംസനിണങ്ങൾ
നല്കുന്നനുപമമോക്ഷം ധരയിൽ**

www.malankaralibrary.com

## നന്ദിയുരയ്ക്കാൻ നാവുകൾ പോരാ നിരവധി നാവുകളുണ്ടായെങ്കിൽ

*(അല്ലെങ്കിൽ)*

ശുശ്രൂ. നിന്റെ നാമത്തിനു നന്ദി പ്രകാശിപ്പിക്കുവാൻ ഞങ്ങൾക്ക് എത്രയധികം നാവുകൾ വേണ്ടിയിരിക്കുന്നു. കർത്താവേ, അങ്ങയുടെ ശരീരരക്തങ്ങളാൽ ഞങ്ങളെ നീ സംതൃപ്തരാക്കണമേ.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. കർത്താവായ ദൈവമേ, അങ്ങയുടെ മഹനീയമായ നാമത്തിനു സ്തുതിയും ആരാധനയും കൃതജ്ഞതയും സമർപ്പിക്കുക യുക്തവും യോഗ്യവുമാകുന്നു. ഞങ്ങളുടെ രക്ഷകനും നാഥനുമായ മിശിഹായുടെ മുന്നോടിയായി യോഹന്നാൻ മാംദാനയെ ഞങ്ങൾക്ക് അയച്ചുതരുകയും അവിടുത്തെ രക്ഷാകരരഹസ്യത്തിൽ ഞങ്ങളെ പങ്കുകാരാക്കുകയും ചെയ്തു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ, കർത്താവേ, ആശീർവദിക്കണമേ.**

കാർമ്മി.'ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' എന്നു യോഹന്നാൻ മാംദാനയിൽനിന്നു സാക്ഷ്യം സ്വീകരിച്ച മിശിഹാ, തന്റെ അമൂല്യമായ തിരുശരീരരക്തങ്ങൾ സ്വീകരിക്കുവാൻ കൃപാപൂർവ്വം നമ്മെ യോഗ്യരാക്കി. കർത്താവേ, ഞങ്ങൾ കൈക്കൊണ്ട ഈ ദിവ്യരഹസ്യങ്ങൾ മരിച്ചവരിൽ നിന്നുള്ള ഉയിർപ്പിനും സ്വർഗ്ഗരാജ്യത്തിൽ നവജീവിതത്തിനും കാരണമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. കർത്താവേ, നിൻ വരവിന്നായ്
വീഥിയൊരുക്കിയ യോഹന്നാൻ
നരരെവിളിച്ചനുതാപത്തിൻ
മാമ്മോദീസാ കൈക്കൊള്ളാൻ

www.malankaralibrary.com

സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ
വലിയവനാകും സ്നാപകനായ്
നല്വരദാനം നല്കിയ നിൻ
മഹിമകൾ വാഴ്ത്തിപ്പാടുന്നു.

ഇടയാകട്ടെ ഞങ്ങൾക്കും
നീതിവഴിക്കു ഗമിച്ചീടാൻ
ത്യാഗം പുല്കി നിരന്തരമാ
ധർമ്മവഴിക്കു ചരിച്ചീടാൻ.

അറിയിക്കട്ടെ സുവിശേഷം
അഖിലർക്കും, നിൻ ചൈതന്യം
അരുളും ദിവ്യരഹസ്യങ്ങൾ ✠
ഇപ്പോഴുമെപ്പൊഴുമെന്നേക്കും.

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. കർത്താവായ ദൈവമേ, മിശിഹായ്ക്കു വഴിയൊരുക്കുവാൻ വന്ന സ്നാപകയോഹന്നാൻ അനുതാപത്തിന്റെ മാമ്മോദീസ സ്വീകരിക്കുവാൻ ജനങ്ങളെ ആഹ്വാനം ചെയ്തുവല്ലോ. സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ ഏറ്റവും വലിയവനായ സ്നാപകനെ വരദാനങ്ങൾ നല്കി അനുഗ്രഹിച്ചതിന് ഞങ്ങൾ നന്ദി പറയുന്നു. ത്യാഗപൂർണ്ണമായ ജീവിതം നയിച്ചുകൊണ്ട് ധർമ്മവും നീതിയും പാലിക്കുവാനും ദൈവരാജ്യത്തിന്റെ സദ്വാർത്ത അറിയിക്കുവാനും ഞങ്ങൾക്ക് ഇടയാകട്ടെ. നാം സ്വീകരിച്ച ദിവ്യരഹസ്യങ്ങളുടെ ശക്തി അതിന് നമ്മെ പ്രാപ്തരാക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# ശ്ലീഹന്മാരുടെ തിരുനാൾ

## *പ്രാരംഭപ്രാർത്ഥന*

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ മക്കളായ ഞങ്ങളുടെ നന്മയ്ക്കും രക്ഷയ്ക്കും വേണ്ടി അങ്ങയുടെ പ്രിയപുത്രനെ ഞങ്ങൾക്കു നല്കിയല്ലോ. ലോകമെങ്ങും സുവിശേഷമറിയിച്ച ശ്ലീഹന്മാരുടെ ഓർമ്മ ആചരിക്കുവാൻ ഒരുമിച്ചു കൂടിയിരിക്കുന്ന ഞങ്ങളെ തൃക്കൺപാർക്കണമേ. അങ്ങയുടെ പ്രിയപുത്രൻ കാരുണ്യപൂർവം നല്കിയ ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളുടെ പരികർമ്മത്തിന് പാപികളായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

### സങ്കീർത്തനമാല (മർമ്മീസ) 144, 145, 146

### സങ്കീർത്തനം 146

*(രീതി: കർത്താവേ, മമരാജാവേ...)*

**നല്ലതുമുചിതവുമല്ലോ നാം**
**പാടുക ദൈവസ്തുതിഗീതം**
**വാഴ്ത്താമവനുടെ തിരുനാമം**
**ദൈവം നിത്യം സ്തുത്യർഹൻ.**

**ചിതറിയൊരിസ്രേൽ ജനതതിയെ**
**നാഥൻ വീണ്ടും ചേർക്കുന്നു**
**പണിയുന്നോർശ്ലേം നഗരിയവൻ**
**കരുണാവാരിധിയവനല്ലോ.**

**പൊട്ടിനുറുങ്ങിയ മനസ്സുകളിൽ**
**ദൈവം സൗഖ്യം പകരുന്നു**
**ആകുലമാകെയകറ്റിയവൻ**
**ശാന്തിജനത്തിനു നല്കുന്നു.**

**കിന്നരരാഗം മീട്ടിമുദാ**
**നാഥനുഗാനം പാടിടുവിൻ**

**മുകിലുകളാലവനാകാശം**
**മൂടുന്നു മഴ നല്കുന്നു.**

**ഭയവും നല്ല പ്രതീക്ഷയുമായ്**
**തന്നെത്തേടും നരതതിയിൽ**
**സ്നേഹമരന്ദം വർഷിക്കും**
**കർത്താവെന്നും കുറവെന്യേ.**

**താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേൻ ആമ്മേനനവരതം.**

*(അല്ലെങ്കിൽ)*

**അഖിലകീർത്തനത്തിനും**
**അർഹനായ ദൈവമേ,**
**ഉചിതമാണു മധുരമാം**
**ദിവ്യനാമകീർത്തനം.**

**മഹിതമാകുമോറെശ്ലേം**
**പണിയുമങ്ങു പാലകൻ**
**ഒരു ഗണത്തിലാക്കുമീ**
**ചിതറിടും ജനങ്ങളെ.**

**തകരുമേതു ഹൃദയവും**
**ശാന്തി കാണ്മതങ്ങയിൽ**
**കനിവിയന്നൊരങ്ങിലീ**
**ഭുവനദുഃഖമുക്തിയും**

**കീർത്തനങ്ങൾ പാടിടാം**
**വാഴ്ത്തിടാം മഹേശനെ**
**കിന്നരങ്ങൾ മീട്ടിയാ**
**നാമഗീതി പാടിടാം.**

**അഭയമാർന്നിടുന്നിതാ**
**ഭയമിയന്ന മാനവർ**

**ശാന്തി തേടിടുന്നിതാ**
**തന്നിലെന്നുമാകുലർ.**

**താതനെന്ന പോലവേ**
**സുതനുമാത്മനും സദാ**
**സ്തുതിയനാദികാലവും**
**നിത്യമെങ്ങുമെപ്പൊഴും.**

*(അല്ലെങ്കിൽ)*

കാർമ്മി. നമ്മുടെ ദൈവത്തെ സ്തുതിക്കുന്നത് നല്ലതും ഉചിതവുമാകുന്നു. അവിടുന്നു സ്തുത്യർഹനാകുന്നു.

സമൂ. സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ. വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

കാർമ്മി. കർത്താവ് ഓറശ്ലത്തെ പണിയുകയും ഇസ്രായേലിൽ നിന്നും ചിതറിപ്പോയവരെ ഒരുമിച്ചുകൂട്ടുകയും ചെയ്യുന്നു.

സമൂ. കർത്താവു ഹൃദയം തകർന്നവരെ സുഖപ്പെടുത്തുകയും ആകുലതകൾ ഇല്ലാതാക്കുകയും ചെയ്യും.

കാർമ്മി. കർത്താവ് എളിയവരെ ഉയർത്തുന്നു. ദുഷ്ടരെ താഴ്ത്തുകയും ചെയ്യുന്നു.

സമൂ. തന്നെ ഭയപ്പെടുന്നവരെയും തന്റെ കൃപയിൽ പ്രത്യാശ വയ്ക്കുന്നവരെയും കർത്താവ് ഇഷ്ടപ്പെടുന്നു.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി. സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ. വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

***ഗായക I. വരുവിൻ, നമുക്കു കർത്താവിനെ വാഴ്ത്താം.***

**അദ്ഭുതകരമായ് വിശ്വം മുഴുവൻ തീർത്തമഹോന്നതനാം**
**കർത്താവിനു നാം ഗീതം പാടീടാം ഈ നിമിഷം**
**ത്രിത്വസ്വരൂപനേകസ്വഭാവം നിസ്തുലമാം**

www.malankaralibrary.com

**പാവനമങ്ങേ ശക്തിയുരയ്ക്കാൻ ആവില്ല**
**വരമേകുന്നു ദൈവം കനിവോടെ സുതരായിടുവാൻ**

***ഗായക II.*** ***കൊമ്പും കാഹളവും മുഴക്കി രാജാവായ ദൈവത്തിന്റെ സന്നിധിയിൽ ആനന്ദിച്ച് ആർത്തുവിളിക്കുവിൻ.***

**അത്ഭുതകരമായ് വിശ്വം മുഴുവൻ തീർത്തമഹോന്നതനാം.....**

***ഗായക I.*** ***പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**സ്ലീവാ മാനവനിരകൾക്കെല്ലാം നന്മയണയ്ക്കുന്നു**
**സർവരുമതുവഴി രക്ഷ നിതാന്തം നല്കീടും**
**സ്ലീവാ ഞങ്ങൾക്കെന്നും കനിവിൻ കോട്ടസമം**
**ദുഷ്ടനെ ഞങ്ങൾ വിജയിച്ചേവം വാഴ്ത്തീടാം**
**കുരിശുമരത്തിൽ അഭയം തേടി രക്ഷിതരായീടാം**

***ഗായക II.*** ***ആദിമുതൽ എന്നേക്കും, ആമ്മേൻ.***

**സ്ലീവാ മാനവനിരകൾക്കെല്ലാം നന്മയണയ്ക്കുന്നു...........**

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം...)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ആത്മീയതയാൽ മധുരിതമാം
ഗീതികളാലെ നാമൊന്നായ്
ശ്ലീഹന്മാരുടെ ഓർമ്മകളെ
കൊണ്ടാടാമീ വേദികയിൽ
വാഴ്ത്തീടാം കൈത്താക്കാലത്തിൽ.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ.** **ആത്മീയതയാൽ മധുരിതമാം...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. ആത്മീയതയാൽ മധുരിതമാം...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. ആത്മീയതയാൽ മധുരിതമാം...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. ആത്മീയതയാൽ മധുരിതമാം...**

## ഹല്ലേലുയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**നല്ലവനാകും കർത്താവിങ്കൽ**
**അഭയം തേടും മാനവരെല്ലാം**

**ഭാഗ്യമിയന്നോരവനെ നാഥൻ**
**പാലിച്ചീടും കുറവില്ലാതെ**

**തിന്മയിൽ നിന്നുമകന്നു നിതാന്തം**
**നന്മകൾ ചെയ്യുക നാമെല്ലാരും**

**താതനുമതുപോൽസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

www.malankaralibrary.com

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ.നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും കൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.രക്ഷകനായ മിശിഹായേ, നിന്റെ ദിവ്യരക്തത്താൽ നീ വീണ്ടെടുക്കുകയും രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കുകയും ചെയ്ത സഭയ്ക്കു പ്രയാസങ്ങളെയും എതിർപ്പുകളെയും നേരിടുന്നതിനും നിന്റെ ദിവ്യദൗത്യം വിജയപ്രദമായി തുടരുന്നതിനും ശക്തി നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.സഭയോടൊത്തു ചിന്തിക്കുവാനും അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കാളികളാകുവാനുമുള്ള സന്മനസ്സ് നിന്റെ ജനത്തിനു നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.നിന്റെ ആദർശങ്ങൾക്കൊത്തു സത്യസഭയെ ധീരമായി നയിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.വിവിധ സഭകൾക്കിടയിൽ പരസ്പര ധാരണയും ഐക്യവും വളർത്തി ഏകസത്യവിശ്വാസത്തിൽ അവയെ പരിരക്ഷിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കുവാൻ ശിഷ്യന്മാരെ നിയോഗിച്ച കർത്താവേ, ശ്ലീഹന്മാരും പ്രവാച

കന്മാരുമാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്ന സഭയിൽ യഥാർത്ഥ പ്രേഷിതരാകുവാൻ ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.ദൈവവിളിക്കനുസൃതമായി സുവിശേഷവേല ചെയ്ത് നീതിമാന്മാരോടൊപ്പം സ്വർഗഭാഗ്യത്തിന് അർഹരാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.ദൈവരാജ്യത്തിനു സാക്ഷികളായിത്തീർന്ന് മിശിഹായിൽ ലോകത്തെ നവീകരിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.പ്രേഷിത പ്രവർത്തനങ്ങളിൽ ഞങ്ങൾക്കുണ്ടാവുന്ന എതിർപ്പുകളെയും പ്രതിബന്ധങ്ങളെയും പ്രത്യാശയോടെ തരണംചെയ്യുവാൻ ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ.ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി.സുവിശേഷത്തിനു സാക്ഷികളാകുവാൻ ഞങ്ങളെ വിളിച്ച കർത്താവേ, സഭയോടു ചേർന്ന് ഏകമനസ്സായി പ്രേഷിതവേലചെയ്യുവാൻ ഞങ്ങളെ സഹായിക്കണമേ. വിശുദ്ധിയോടും തീക്ഷ്ണതയോടുംകൂടി സഭയിൽ ശുശ്രൂഷചെയ്യുവാനും നിന്നെ മഹത്ത്വപ്പെടുത്തുവാനും പ്രേഷിതരംഗങ്ങളിൽ സേവനമനുഷ്ഠിക്കുന്ന എല്ലാവരെയും അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ് ...)*

*ഭൂമിയിലെങ്ങും അത്യുന്നതൻ*

മഹിമാപൂരിതനാം
ബലവാനങ്ങല്ലോ
നാഥാ, സകലേശാ
ബലിപീഠം നിൻ മഹിമകളാൽ
നിറയുന്നെന്നും കർത്താവേ
വിജയം നല്കി വളർത്തുന്നു
ധരയിൽ നല്കുക നവശാന്തി
മലരണിയാൻ വിണ്ണിൻ സൗഭാഗ്യം

*മഹത്ത്വവും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു.*

മഹിമാപൂരിതനാം...

*(അല്ലെങ്കിൽ)*

*ഭൂമിയിലെങ്ങും അത്യുന്നതൻ*

ശക്തനായ കർത്താവേ, നിന്റെ ബലിപീഠത്തെ നീ മഹത്ത്വപ്പെടുത്തി. സഭയിലെ വിശ്വാസികളെ നീ വിജയകിരീടമണിയിച്ചു. കർത്താവേ, സമാധാനവും ശാശ്വതശാന്തിയും നിന്റെ ജനങ്ങളിൽ വർദ്ധിപ്പിക്കണമേ.

*മഹത്ത്വവും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു.*

ശക്തനായ കർത്താവേ, നിന്റെ ബലിപീഠത്തെ...

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. ആനന്ദിപ്പിൻ നീതിയിൽ മുഴുകും**
**മാനവരേ, മണിവീണകൾ മീട്ടാം**

**ദിവ്യരഹസ്യം മർത്യനു നല്കിയ**
**മിശിഹാനാഥനെ വാഴ്ത്തി നമിക്കാം.**

*(അല്ലെങ്കിൽ)*

www.malankaralibrary.com

സമൂ. നീതിമാന്മാരേ, കർത്താവിൽ ആനന്ദിക്കുവിൻ. ദൈവത്തെ സ്തുതിക്കുന്നത് നീതിമാന്മാർക്ക് ഉചിതമാകുന്നു. തന്റെ ദിവ്യരഹസ്യങ്ങളാകുന്ന ദാനം നമുക്കു നല്കിയ മിശിഹായെ കിന്നരംമീട്ടി സ്തുതിക്കുകയും അവിടുത്തേക്കു ഹല്ലേലൂയ്യാ പാടുകയും ചെയ്യാം.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ.** **രാജമഹേശൻ മിശിഹാനാഥൻ**
**ദിവ്യവിരുന്നിനു നമ്മെ വിളിപ്പൂ.**

**സ്വർഗവിരുന്നിനുമാനവരെല്ലാം**
**യോഗ്യതനേടാൻ വന്നണയുന്നു**

**തിരുനാളുകളിൽ വിനയമൊടേവം**
**നിത്യം പാപവിമോചിതരാകാൻ**

**കൈക്കൊള്ളാമീ ദിവ്യരഹസ്യം**
**നിത്യത പുല്കാൻ മാനവഹൃദയം**

*(അല്ലെങ്കിൽ)*

ശുശ്രൂ. രാജാക്കന്മാരുടെ രാജാവായ ദൈവം മിശിഹായുടെ ശരീരരക്തങ്ങളാകുന്ന ആത്മീയവിരുന്നിന് നമ്മെ ക്ഷണിച്ചു. പാപപരിഹാരാർത്ഥമുള്ള ഈ രഹസ്യത്തെ നിങ്ങൾ സമീപിക്കുവിൻ. എന്തുകൊണ്ടെന്നാൽ, ഇത് അമർത്യതയുടെ അച്ചാരവും നിത്യതയുടെ ഉടമ്പടിയുമാകുന്നു. നവജീവനിൽ അവനോടുകൂടി വാഴുന്നതിന് തന്റെ കരുണയാൽ അവൻ നമ്മെ യോഗ്യരാക്കി. നമുക്കു നല്കിയ ദൈവപുത്രനെ സ്വീകരിക്കുവാൻ നമ്മുടെ ആത്മാക്കളെ അലങ്കരിക്കാം. വരുവിൻ, തന്റെ ദിവ്യരഹസ്യങ്ങളാകുന്ന ദാനം നമുക്കു നല്കിയ മിശിഹായ്ക്ക് ഹല്ലേലുയ്യാ പാടി നന്ദി പറയാം.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി.കർത്താവായ ദൈവമേ, വചനത്താൽ ഞങ്ങളെ പരിപോഷിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്ത അങ്ങേക്ക്

www.malankaralibrary.com

എല്ലാ സമയവും സ്തുതിയും ആരാധനയും കൃതജ്ഞതയും സമർപ്പിക്കുക ഉചിതമാകുന്നു. ലോകത്തിന്റെ അതിർത്തികൾ വരെയും സുവിശേഷം പ്രഘോഷിക്കുവാൻ തിരുസഭയ്ക്ക് അങ്ങു കൃപാവരം നല്കി. ജീവന്റെയും വിശുദ്ധിയുടെയും ഉറവിടമായ അങ്ങയുടെ വചനത്തിന്റെ മാധുര്യം ആസ്വദിച്ച് സഭയിൽ നിരന്തരം അങ്ങയെ പാടിപ്പുകഴ്ത്തുവാൻ ഞങ്ങൾക്കിടയാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി. കർത്താവായ മിശിഹായേ, ജീവദായകമായ ശരീരവും രക്തവും നീ ഞങ്ങൾക്ക് ഭക്ഷണപാനീയങ്ങളായി നല്കി. സ്വർഗ്ഗീയമായ ഈ വിരുന്ന് ഞങ്ങൾക്ക് പാപമോചനവും നിത്യജീവനും പ്രദാനം ചെയ്തു. അവർണ്ണനീയമായ ഈ ദാനത്തിന് ഞങ്ങളെ യോഗ്യരാക്കിയ നിന്നെ, സ്വർഗത്തിൽ വിശുദ്ധ ശ്ലീഹന്മാരോടൊപ്പം സ്തുതിക്കുവാനും മഹത്ത്വപ്പെടുത്തുവാനും ഞങ്ങൾക്കിടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. ഉത്ഥാനത്തിനു ധരയിൽ നാം
സാക്ഷികളാകാൻ സകലേശൻ
നമ്മെ വിളിച്ചു, നാമതിനായ്
നിത്യപിതാവിനു സ്തുതിപാടാം.

മിശിഹാനാഥനെ ശ്ലീഹന്മാർ
അനുഭവമാക്കിയ സ്മരണകളിൽ
ജീവിക്കാം നാമതുവഴിയായ്
നേടാം നൂതന സൗഭാഗ്യം.

ശ്ലീഹന്മാരുടെ ചൈതന്യം
നിറയണമെന്നും ഹൃദയത്തിൽ
റൂഹാ നമ്മിൽ വസിക്കുമ്പോൾ
തിങ്ങും വരനിരയാത്മാവിൽ.

www.malankaralibrary.com

മിശിഹാതൻ തിരുമെയ്യാകും
സഭയുടെ നിസ്തുല നിർമ്മിതിയിൽ
പങ്കാളികളായ്ത്തീർന്നിടുവിൻ ✠
ഇപ്പോഴുമെപ്പൊഴുമെന്നേക്കും.

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. ലോകത്തിന്റെ അതിർത്തികൾവരെയും കർത്താവിന്റെ ഉയിർപ്പിന് സാക്ഷ്യം വഹിക്കുവാൻ വിളിക്കപ്പെട്ട നമുക്കെല്ലാവർക്കും അവിടുത്തെ സ്തുതിക്കാം. ജീവിക്കുന്ന വചനമായ മിശിഹായെ കാണുകയും അനുഭവിക്കുകയും ചെയ്ത വിശുദ്ധ ശ്ലീഹന്മാരുടെ ഓർമ്മയാചരണം നമുക്ക് എന്നും പ്രചോദനമരുളട്ടെ. തങ്ങളുടെ വാക്കുകളും പ്രവൃത്തികളും വഴി മിശിഹായ്ക്കു സാക്ഷ്യം നല്കിയ ശ്ലീഹന്മാരുടെ ആത്മീയ സാന്നിധ്യം എപ്പോഴും നമ്മോടുകൂടി ഉണ്ടായിരിക്കട്ടെ. സുവിശേഷത്തെപ്രതി ജീവനർപ്പിക്കുവാൻ ശ്ലീഹന്മാരെ ശക്തരാക്കിയ പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുകയും ആത്മീയവരങ്ങളാൽ നമ്മെ നിറയ്ക്കുകയും ചെയ്യട്ടെ. ഭൂമിയിൽ മിശിഹായുടെ ശരീരമായ സഭയെ പടുത്തുയർത്തുവാനും സ്വർഗീയസഭയിൽ അവിടുത്തെ സഹവാസം നിത്യമനുഭവിക്കുവാനും നമ്മുടെ കർത്താവീശോമിശിഹാ നിങ്ങളുടെ മേൽ കൃപാവരം ചൊരിയട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# മാർത്തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ

## ജൂലൈ 3

## *പ്രാരംഭപ്രാർത്ഥന*

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയ പുത്രനിലൂടെ രക്ഷയുടെ സന്ദേശം ലോകത്തിനു നല്കുവാൻ അങ്ങു തിരുമനസ്സായല്ലോ. 'നമുക്കും അവനോടുകൂടി പോയി മരിക്കാം' എന്നുപറഞ്ഞ് മിശിഹായ്ക്കു പൂർണ്ണമായി സമർപ്പിച്ച മാർത്തോമ്മാശ്ലീഹായെ ഭാരതത്തിന്റെ അപ്പസ്തോലനും വിശ്വാസത്തിന്റെ പിതാവുമായി നല്കിയതിന് അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ഈ പുണ്യപിതാവിന്റെ ദുക്റാന തിരുനാൾ ആചരിക്കുന്ന ഞങ്ങൾ ഈ ദിവ്യരഹസ്യങ്ങൾ ഭക്ത്യാദരപൂർവ്വം അർപ്പിക്കുവാനും രക്ഷയുടെ ഫലം സ്വീകരിക്കുവാനും യോഗ്യരായിത്തീരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

**സങ്കീർത്തനമാല (മർമ്മീസ) 25, 26, 27**

**സങ്കീർത്തനം - 27**

**ദൈവമെന്റെ രക്ഷകൻ**
**ദൈവമെന്റെ നായകൻ**
**ദൈവമെന്റെ ആശ്രയം**
**ദൈവമെന്റെ സർവ്വവും.**

**സൈന്യമെന്നെ വളഞ്ഞാലും**
**വൈരികൾ പിന്തുടർന്നാലും**
**ഭീതിയില്ലെനിക്കു തെല്ലും**
**ദൈവമാണെൻ പാലകൻ.**

**നിയതമങ്ങേ വസതിയിൽ**
**കഴിയുവാനെൻ മോഹം**
**മധുരമങ്ങേ മഹിമയിൽ**
**മറയുവാനെൻ ദാഹം.**

www.malankaralibrary.com

**കണ്ണിനങ്ങേ കതിരുകൾ
കണ്ടു കണ്ടു മയങ്ങണം
കാതിനങ്ങേ കനിവെഴും
കഥകൾ കേട്ടു ലയിക്കണം.**

*(അല്ലെങ്കിൽ)*
*(രീതി: കർത്താവേ, മമരാജാവേ...)*

**കർത്താവാണെൻ രക്ഷയുമെൻ
ദീപ്തിയുമെന്നറിയുന്നു ഞാൻ
മാമകജീവനു കോട്ടയവൻ
പേടിപ്പതു ഞാനാരെയിനി.**

**വലിയൊരു സൈനിക താവളമെ-
ന്നെതിരെ മുന്നിലുയർന്നാലും
ക്രൂരതയോടവർ പൊരുതാലും
ധൈര്യം വെടിയുകയില്ലാ ഞാൻ.**

**നിൻ മാധുര്യം നുകരാനും
നിന്റെ ഹിതം ഞാൻ തേടാനും
നിൻ മന്ദിരമതിൽ വാഴാനും
നിൻ മനമെന്നിൽ കനിയേണം.**

**ഉന്നതശിലമേലെന്നെയവൻ
താങ്ങിയുയർത്തി നിറുത്തീടും
ശത്രുവിനെക്കാളുയരത്തിൽ
ശീർഷമുയർന്നിഹ നില്ക്കും ഞാൻ.**

**കർത്താവിൽ നീയർപ്പിക്കൂ
നിത്യം നിന്നുടെ പ്രത്യാശ
ദുർബലമാനസനാകാതെ
സത്വരധൈര്യം നേടുക നീ.**

**താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേൻ ആമ്മേനനവരതം.**

*(അല്ലെങ്കിൽ)*

കാർമ്മി. കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്. ഞാൻ ആരെ ഭയപ്പെടണം?

സമൂ. സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ. വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

കാർമ്മി. കർത്താവ് എന്റെ ജീവിതത്തിനു കോട്ടയാണ്. ഞാൻ ആരെ പേടിക്കണം?

സമൂ. ഒരു സൈന്യം തന്നെ എനിക്കെതിരെ പാളയമടിച്ചാലും എന്റെ ഹൃദയം ഭയം അറിയുകയില്ല.

കാർമ്മി. എനിക്കെതിരെ യുദ്ധമുണ്ടായാലും ഞാൻ ആത്മധൈര്യം വെടിയുകയില്ല.

സമൂ. ഒരു കാര്യം മാത്രം ഞാൻ തേടുന്നു. കർത്താവിന്റെ മാധുര്യം ആസ്വദിക്കാനും കർത്താവിന്റെ ആലയത്തിൽ അവിടുത്തെ ഹിതം ആരായുവാനും വേണ്ടി ജീവിതകാലം മുഴുവൻ അവിടുത്തെ ആലയത്തിൽ വസിക്കാൻ തന്നെ.

കാർമ്മി. എന്നെ ഉയർന്ന പാറമേൽ നിറുത്തും. എന്നെ വലയം ചെയ്യുന്ന ശത്രുക്കളുടെ മുകളിൽ എന്റെ ശിരസ്സ് ഉയർന്നു നില്ക്കും.

സമൂ. കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ. ദുർബലരാകാതെ ധൈര്യമവലംബിക്കുവിൻ. കർത്താവിനുവേണ്ടി കാത്തിരിക്കുവിൻ.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

കാർമ്മി. സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ. വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

***ഗായക I.** എന്നേക്കും ഞങ്ങൾ അങ്ങേക്കു കൃതജ്ഞതയർപ്പിക്കും.*

**മിശിഹാനാഥാ, നിൻ പ്രിയശിഷ്യൻ മാർത്തോമ്മാ വഴിയായ്**

www.malankaralibrary.com

**സുവിശേഷത്തിൻ ദാനവരങ്ങൾ കൈവന്നു**
**ഭാരതഭൂവിൽ ദീപമുയർത്തീ മാർത്തോമ്മാ**
**മരണത്താലേ സാക്ഷ്യമതേകീ വിശ്വാസം**
**വിജയകിരീടം ചൂടി വിളങ്ങി താതനെ വാഴ്ത്തീടാം.**

***ഗായക II.** കർത്താവ് നല്ലവനും കാരുണ്യവാനുമാകുന്നു.*

**മിശിഹാനാഥാ, നിൻ പ്രിയശിഷ്യൻ.....**

***ഗായക I.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

**സ്ലീവായെന്നും മർത്യഗണത്തിൻ രക്ഷാസങ്കേതം**
**മർത്യർക്കെല്ലാമഭയം നല്കും കോട്ടയുമാം**
**കുരിശിതിൽ ഞങ്ങൾ വിജയിക്കട്ടെ ദുഷ്ടനെയും**
**അതുപോലവനുടെ കെണികളെയെല്ലാം നീക്കിടുവാൻ**
**വാഴ്ത്തിവണങ്ങാം കുരിശിനെയെന്നും രക്ഷിതരായീടാൻ**

***ഗായക II.** ആദിമുതൽ എന്നേക്കും, ആമ്മേൻ.*

**സ്ലീവായെന്നും മർത്യഗണത്തിൻ രക്ഷാസങ്കേതം...........**

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം...)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.
ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലൂയ്യാ ഗീതികളാൽ
ധന്യൻ തോമ്മാശ്ലീഹാതൻ
നിർമ്മലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ.** **ദിവ്യാത്മാവിൻ ഗീതികളാൽ...**

www.malankaralibrary.com

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

ശുശ്രൂ I. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

## ഹല്ലേലുയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**എൻ കർത്താവെൻ ദൈവവുമങ്ങെ-
ന്നുദ്ഘോഷിച്ചു തോമ്മാശ്ലീഹാ**

**പ്രത്യാശിപ്പൂ ഞാനെന്നാളും
കർത്താവിൻ തിരുവചനം തന്നിൽ.**

**ഞാനെൻ നാഥനിലഭയം തേടും
അവിടുന്നാണെൻ ശരണവുമോർത്താൽ.**

**താതനുമതുപോൽസുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

www.malankaralibrary.com

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.ദരിദ്രർക്കു സുവിശേഷം പ്രസംഗിക്കപ്പെടുന്നു എന്നരുളി ച്ചെയ്ത മിശിഹായേ, സുവിശേഷഭാഗ്യങ്ങൾക്കൊത്തവിധം ജീവി ച്ചുകൊണ്ട് നിന്റെ സത്യത്തിനു സാക്ഷികളാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ മാതൃ കയനുസരിച്ച് നിന്നോടുകൂടി മരിക്കുവാൻ സന്നദ്ധരായ അനേകം മിഷനറിമാരെ ഭാരതത്തിനു നല്കണമെന്നു ഞങ്ങൾ പ്രാർത്ഥി ക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കുവാൻ ശിഷ്യന്മാരെ നിയോഗിച്ച മിശിഹായേ, ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാ വും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോ ലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാ ദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്താ യെയും) അവരുടെ സഹശുശ്രൂഷികളെയും പ്രേഷിതരംഗങ്ങളിൽ ജോലി ചെയ്യുന്ന എല്ലാവരെയും ആത്മാവിന്റെ ദാനങ്ങൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.ജീവിതത്തിലെ വിവിധരംഗങ്ങളിൽ ജോലി ചെയ്യുന്നവർ സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോ ഭിക്കുവാൻ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമൃദ്ധമായി നല്ക ണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.'വഴിയും സത്യവും ജീവനും ഞാനാകുന്നു' എന്ന് ഞങ്ങൾക്കു വെളിപ്പെടുത്തിയ മിശിഹായേ, നിന്നെ ഞങ്ങളുടെ സർവസ്വവുമായി സ്വീകരിച്ചു ജീവിക്കുവാൻ ഞങ്ങളെ അനുഗ്ര ഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന് ഉദ്ഘോഷിച്ചുകൊണ്ട് നിന്നിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ തോമ്മാശ്ലീഹായെപ്പോലെ കർത്താവും ദൈവവുമായി നിന്നെ ഏറ്റുപറയുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.'നമുക്കും അവനോടുകൂടി പോയി മരിക്കാം' എന്നു പറഞ്ഞുകൊണ്ടു നിർഭയനായി നിന്നെ അനുഗമിച്ച തോമ്മാശ്ലീഹായെപ്പോലെ, നിന്നെപ്രതി ജീവൻപോലും ത്യജിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി.ഞങ്ങളുടെ കർത്താവായ മിശിഹായേ, നിന്നിൽ ആഴമായി വിശ്വസിച്ച മാർത്തോമ്മായെ പിതാവും ശ്ലീഹായുമായി ഞങ്ങൾക്കു നല്കിയ നിന്റെ അനന്തകാരുണ്യത്തിന് ഞങ്ങൾ നന്ദി പറയുന്നു. ഈ പുണ്യാത്മാവിന്റെ വിശ്വാസദാർഢ്യവും ധൈര്യവും പ്രേഷിതചൈതന്യവും ഞങ്ങൾക്കും നല്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ് ...)*

*നീ സന്തുഷ്ടനായിരിക്കും, നിനക്കുനന്മവരും.*

മഹിയിൽ നിൻ ജന്മം
മഹിതം, ധീരവുമാം
തോമ്മാശ്ലീഹായേ,
ഭാഗ്യമെഴുന്നവനല്ലോ നീ

www.malankaralibrary.com

സ്പർശിച്ചീടാനായല്ലോ
മിശിഹാതന്നുടെ പാർശ്വത്തിൽ
താതാ, നിന്നുടെ വിശ്വാസം
നിസ്തുലമാം, വാഴ്ത്താം നിൻനാമം.

*എന്റെ അസ്ഥികൾ പ്രഘോഷിക്കും.*

മഹിയിൽ നിൻ ജന്മം...

*(അല്ലെങ്കിൽ)*

*നീ സന്തുഷ്ടനായിരിക്കും, നിനക്കു നന്മവരും.*

ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായേ, അങ്ങ് ഭാഗ്യവാനാകുന്നു. എന്തുകൊണ്ടെന്നാൽ, മിശിഹായുടെ ഉയിർപ്പിനു ശേഷം അവിടുത്തെ പാർശ്വത്തിൽ അങ്ങ് സ്പർശിക്കുകയും 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്നു വിളിച്ചു വിശ്വാസം ഏറ്റുപറയുകയും ചെയ്തു. മാർത്തോമ്മാശ്ലീഹായോടു ചേർന്ന് നമുക്കും മിശിഹായിലുള്ള വിശ്വാസം ഏറ്റുപറയാം.

*എന്റെ അസ്ഥികൾ പ്രഘോഷിക്കും.*

ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായേ,...

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. മഹനീയം നിൻ സ്മരണാസുദിനം,**
**മഹിതോജ്ജ്വലമേ താവകമരണം.**

**മാർത്തോമ്മാ, നിൻ വിജയകിരീടം**
**മാലാഖമാർ തീർക്കുകയായി.**

**അവരോടൊപ്പം നിരയായ് നമ്മൾ**
**അവനീനാഥനു സ്തുതികൾ പാടാം**

**കൈക്കൊള്ളാം തിരുമാംസനിണങ്ങൾ**
**കൈവരുമാത്മ വിശുദ്ധിയുമിപ്പോൾ.**

*(അല്ലെങ്കിൽ)*

www.malankaralibrary.com

സമൂ. ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായേ, അങ്ങയുടെ ഓർമ്മദിനം മഹനീയമാകുന്നു. അങ്ങയുടെ രക്തസാക്ഷിത്വം അതിലുപരി മഹനീയമാകുന്നു. മഹത്ത്വത്തിന്റെ സിംഹാസനം അങ്ങേക്കായി ഒരുക്കപ്പെട്ടു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം അങ്ങേക്കായി സ്വർഗത്തിൽ വിജയകിരീടം ഒരുക്കി. അങ്ങയെ തിരഞ്ഞെടുത്ത് തന്റെ ദാനങ്ങളാൽ അങ്ങയെ സമ്പന്നനാക്കിയ ദൈവത്തിനു ക്രോവേന്മാർ മഹത്ത്വമർപ്പിക്കുന്നു. അവരോടുചേർന്നു നമുക്കും ഹല്ലേലൂയ്യാ പാടി അവനെ സ്തുതിക്കാം.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

ശുശ്രൂ. **മാർതോമ്മാതന്നോർമ്മത്തിരുനാൾ**
**മോദമോടേവം കൊണ്ടാടീടാം.**

**ദിവ്യരഹസ്യം പകരും നാഥനു**
**നവ്യമനോഹരഗീതികൾ പാടാം.**

**മിശിഹാനാഥാ, കൈക്കൊള്ളാം തിരു**
**മാംസനിണങ്ങൾ വിനയാന്വിതരായ്.**

*(അല്ലെങ്കിൽ)*

ശുശ്രൂ. വിശുദ്ധ തോമ്മാശ്ലീഹായുടെ ഈ അനുസ്മരണദിനത്തിൽ തന്റെ ശരീരരക്തങ്ങൾ നമുക്കായി സജ്ജമാക്കിയ മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. വരുവിൻ, ഈ ദിവ്യരഹസ്യങ്ങൾ സ്വീകരിച്ച് നമുക്കു ദൈവത്തെ മഹത്ത്വപ്പെടുത്താം.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിൽ പങ്കുചേർന്ന് മാർത്തോമ്മാശ്ലീഹായുടെ ഓർമ്മ ആചരിക്കുവാൻ അങ്ങു ഞങ്ങൾക്കു കൃപ നല്കി. ഈ ദാനത്തെപ്രതി അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

www.malankaralibrary.com

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി.ഞങ്ങളുടെ പ്രത്യാശയായ മിശിഹായേ, പരിശുദ്ധ കുർബാന വഴി നീ ഞങ്ങളുടെ കടങ്ങൾ പൊറുക്കുകയും പാപങ്ങൾ മോചിക്കുകയും നിത്യജീവനിൽ ഞങ്ങളെ പങ്കുചേർക്കുകയും ചെയ്തു. ഈ അമൂല്യദാനം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ. മാർത്തോമ്മാശ്ലീഹായെപ്പോലെ ഞങ്ങളും ഈ ഭൂമിയിൽ നിന്നെ ഏറ്റുപറയുന്നതിനും ജീവിതത്തിലൂടെ നിനക്കു സാക്ഷ്യം വഹിക്കുന്നതിനും സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. സുവിശേഷത്തിൻ പൊൻകിരണം
ഭാരതനാടിനു നല്കിടുവാൻ
മാർത്തോമ്മായെ സകലേശൻ
കരുണയൊടേവമയച്ചല്ലോ.

വിശ്വാസത്തിൻ ഭാസുരമാം
ദീപ്തിയിലേവരുമണിചേരാൻ
ഇടയാകട്ടെ, തിരുസഭയിൽ
സുവിശേഷം കതിർചൂടട്ടെ.

സ്നേഹപിതാവാം മാർത്തോമ്മാ
മാതൃകയാകട്ടെന്നാളും
പ്രേഷിതരായിഹ ജീവിക്കാൻ
ജീവിതസാക്ഷ്യം നല്കിടുവാൻ

രക്ഷക കൃപയും താതൻ തൻ
സ്നേഹവുമൊപ്പം റൂഹാതൻ
സഹവാസവുമുണ്ടാകട്ടെ ✠
ഇപ്പോഴുമെപ്പൊഴുമെന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

*(അല്ലെങ്കിൽ)*

കാർമ്മി. ഭാരതത്തിനു സുവിശേഷവെളിച്ചം നല്കുവാൻ തന്റെ വത്സലശിഷ്യനായ മാർത്തോമ്മാശ്ലീഹായെ അയച്ച കാരുണ്യ വാനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. വിശ്വാസവെളിച്ചം സഭയിലൂടെ കൂടുതൽ പ്രകാശമാനമാകുവാനും സുവിശേഷ മാർഗം അനേകർ കണ്ടെത്തുവാനും ഇടയാകട്ടെ. മാർത്തോമ്മാ ക്രിസ്ത്യാനികളായ എല്ലാവരും വിശ്വാസത്തിൽ ഐക്യപ്പെ ടുന്നതിനും ലോകമെങ്ങും സുവിശേഷത്തിന്റെ പ്രേഷിതരും സാക്ഷികളുമായിത്തീരുന്നതിനും ഇടയാകട്ടെ. നമ്മുടെ പിതാ വായ മാർത്തോമ്മാശ്ലീഹായെ അനുകരിക്കുവാനും സഭയുടെ വിശ്വസ്തമക്കളായി ജീവിക്കുവാനും ദൈവം നമ്മെ അനുഗ്ര ഹിക്കട്ടെ. ഈ വിശുദ്ധ കുർബാനയിൽ സംബന്ധിച്ച് ദൈവത്തെ മഹത്ത്വപ്പെടുത്തിയ നാമെല്ലാവരും സ്വർഗത്തിൽ നമ്മുടെ പിതാവായ തോമ്മാശ്ലീഹായോടൊത്ത് അവിടുത്തെ സ്തുതിക്കുവാൻ അർഹരാകട്ടെ. നമ്മുടെ കർത്താവീശോമി ശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗവും നിങ്ങളെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

www.malankaralibrary.com

# വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാർ

*പ്രാരംഭപ്രാർത്ഥന*

കാർമ്മി. കർത്താവായ മിശിഹായേ, വചനപ്രഘോഷകരായി ശ്ലീഹന്മാരെ നീ നിയോഗിച്ചുവല്ലോ. അവരിലൂടെ ഞങ്ങൾക്കു നല്കിയ വിശ്വാസത്തിന് ഞങ്ങൾ നന്ദി പറയുന്നു. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ ആചരിക്കുന്ന ഞങ്ങളെ വിശ്വാസതീക്ഷ്ണതയാൽ നിറയ്ക്കണമേ. നിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സ്മാരകമായ ഈ ദിവ്യരഹസ്യങ്ങൾ യോഗ്യതയോടുകൂടി പരികർമ്മം ചെയ്യുവാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

### സങ്കീർത്തനമാല (മർമ്മീസ) 33, 34, 35

### സങ്കീർത്തനം 33

*(രീതി: കർത്താവേ, മമരാജാവേ...)*

**കാർമ്മി.** **പുതിയൊരു കീർത്തനമുരുവിടുവിൻ**
**ആർപ്പുവിളിക്കുവിൻ ഉച്ചത്തിൽ**
**കർത്താവിൻ തിരുവചനങ്ങൾ**
**സത്യം നിത്യവുമോർത്തിടുവിൻ.**

**കർത്താവരുളും കാരുണ്യം**
**പാർത്തലമാകെ നിറയ്ക്കുന്നു**
**തിരുവചനത്താലാകാശം**
**വിരചിതമായി വിസ്മയമേ.**

**കർത്താവിന്റെ വിചാരങ്ങൾ**
**വർത്തിച്ചീടും ശാശ്വതമായ്**
**അവനുടെ സ്വന്തം ജനപദവും**
**അവനെ നമിക്കും നരഗണവും.**

www.malankaralibrary.com

**കരുണാമയനാം കർത്താവിൽ**
**ശരണംതേടുവിനാദരവായ്**
**തൃപ്പാദത്തിലണഞ്ഞവരെ**
**എപ്പോഴും കാത്തരുളുമവൻ.**

**തിരുനാമത്തിൽ നിത്യം നാം**
**ശരണം തേടി നമിക്കുന്നു**
**കാരുണാനിധിയാം കർത്താവേ,**
**ചൊരിയണമിവരിൽ കാരുണ്യം.**

**താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേൻ ആമ്മേനനവരതം.**

*(അല്ലെങ്കിൽ)*

കാർമ്മി.കർത്താവിനു ഒരു പുതിയ കീർത്തനം ആലപിക്കുവിൻ. ഉച്ചത്തിൽ ആർപ്പുവിളികളോടെ തന്ത്രി മീട്ടുവിൻ.

സമൂ. യോർദ്ദാനിൽ നിന്ന് മാമ്മോദീസ സ്വീകരിക്കുകയും അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ, നീ അനുഗൃഹീതനാകുന്നു.

കാർമ്മി. കർത്താവിന്റെ വചനം സത്യമാണ്. അവിടുത്തെ പ്രവൃത്തി വിശ്വസനീയമാണ്.

സമൂ. കർത്താവിന്റെ കാരുണ്യംകൊണ്ട് ഭൂമി നിറഞ്ഞിരിക്കുന്നു.

കാർമ്മി.കർത്താവിന്റെ വചനത്താൽ ആകാശം നിർമ്മിക്കപ്പെട്ടു.

സമൂ. കർത്താവിന്റെ പദ്ധതികൾ ശാശ്വതമാണ്. അവിടുത്തെ ചിന്തകൾ തലമുറകളോളം നിലനില്ക്കുന്നു.

കാർമ്മി. കർത്താവ് ദൈവമായുള്ള ജനവും അവിടുന്നു തനിക്കുവേണ്ടി തിരഞ്ഞെടുത്ത ജനതയും ഭാഗ്യമുള്ളവരാണ്.

സമൂ. ഇതാ തന്നെ ഭയപ്പെടുന്നവരെയും തന്റെ കാരുണ്യത്തിൽ പ്രത്യാശവയ്ക്കുന്നവരെയും കർത്താവ് കടാക്ഷിക്കുന്നു.

www.malankaralibrary.com

കാർമ്മി. നമ്മുടെ ഹൃദയം കർത്താവിൽ സന്തോഷിക്കുന്നു. എന്തെന്നാൽ, നമ്മൾ അവിടുത്തെ വിശുദ്ധ നാമത്തിൽ ആശ്രയിക്കുന്നു.

സമൂ. കർത്താവേ, അങ്ങയുടെ കാരുണ്യം ഞങ്ങളുടെമേൽ ചൊരിയണമേ. ഞങ്ങൾ അങ്ങയിൽ പ്രത്യാശ അർപ്പിച്ചിരിക്കുന്നു.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

കാർമ്മി. യോർദ്ദാനിൽ നിന്ന് മാമ്മോദീസ സ്വീകരിക്കുകയും അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ നീ അനുഗൃഹീതനാകുന്നു.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

***ഗായക I.** ദൈവം ഞങ്ങൾക്കു രക്ഷ നല്കുന്നു.*

**നല്കുകയായി നേതൃസ്ഥാനം കേപ്പായ്ക്കാനാളിൽ**
**പൗലോശ്ലീഹാ സഭയുടെ വിശ്രുത ശില്പിയുമായി**
**അവരുടെ പ്രാർത്ഥനവഴിയായ് നമ്മൾ കൃപയാർന്നു**
**വാഴ്ത്താമവരെ, ദൈവം നല്കിയ വരമോർക്കേ**
**നിത്യം ജീവിക്കുന്നവനല്ലോ ദൈവം പാലകനാം**

***ഗായക II.** ജനങ്ങളെല്ലാവരും ഇതു ശ്രവിക്കുവിൻ.*

**നല്കുകയായി നേതൃസ്ഥാനം കേപ്പായ്ക്കാനാളിൽ.....**

***ഗായക I.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

**തിരുഭവനത്തിൽ സ്തുതിപാടുന്നതു സമുചിതമാണല്ലോ**
**നിവ്യരെ, മല്പാന്മാരെയുമേകി തിരുസഭയിൽ**
**നന്മകൾ പൂക്കും സ്ലീവാ നമ്മെ കാക്കുന്നു**
**ദിവ്യവിരുന്നീ ഞങ്ങൾക്കെല്ലാം നല്കുന്നു**
**വാഴ്ത്തീടുന്നു നാഥാ നിന്നുടെ സ്ലീവാ തൻ വിജയം**

***ഗായക II.** ആദിമുതൽ എന്നേക്കും, ആമ്മേൻ.*

**തിരുഭവനത്തിൽ സ്തുതിപാടുന്നതു സമുചിതമാണല്ലോ...**

www.malankaralibrary.com

## പ്രകീർത്തനം (ശൂറായ)

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.

സുന്ദരകീർത്തന വീചികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
പത്രോസ് പൗലോസ് ശ്ലീഹർതൻ
നിർമ്മലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീവേദികയിൽ.

ശുശ്രൂ II. അത്ഭുതമോരോന്നും
ചെയ്തു സകലേശൻ
തന്റെ വലംകൈയാൽ

**സമൂ. സുന്ദരകീർത്തന വീചികളാൽ...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. സുന്ദരകീർത്തന വീചികളാൽ...**

ശുശ്രൂ I. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. സുന്ദരകീർത്തന വീചികളാൽ...**

## ഹല്ലേലുയ്യാഗീതം (സൂമാറ)
*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**ഭാഗ്യം പാപവിമോചനമെന്നും
ദൈവിക കൃപയാൽ കൈവരുമല്ലോ.
നിർമ്മലമാകും ഹൃദയവുമതുപോൽ
നിത്യതതേടും മർത്ത്യാത്മാവും.**

www.malankaralibrary.com

**കണ്ണീർക്കണികകൾ തിരുസ്സന്നിധിയിൽ**
**കാഴ്ചയണയ്ക്കാൻ മുത്തുകളാകും.**

**താതനുമതുപോൽസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ.നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.'ഇവൻ എന്റെ പ്രിയപുത്രനാകുന്നു' എന്നു പിതാവിൽ നിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ, കർത്താവും ദൈവവുമായി നിന്നെ ഏറ്റുപറയുവാൻ നിന്റെ സഭയെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.ദാസന്റെയും പാപിയുടെയും രൂപംധരിച്ച മിശിഹായേ, വിനീതമായ സേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

www.malankaralibrary.com

ശുശ്രൂ.ശ്ലീഹന്മാരിലൂടെ ഞങ്ങൾക്കു ലഭിച്ച വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.വിശ്വാസത്തെപ്രതി രക്തസാക്ഷിത്വം വരിച്ച പത്രോസ്, പൗലോസ് ശ്ലീഹന്മാരെപ്പോലെ എല്ലാറ്റിലുപരിയായി അങ്ങയെ സ്നേഹിക്കുവാനും അങ്ങേക്കുവേണ്ടി ജീവൻ അർപ്പിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.സുവിശേഷപ്രഘോഷണം സർവ്വപ്രധാനദൗത്യമാക്കിയ പത്രോസ്, പൗലോസ് ശ്ലീഹന്മാരെപ്പോലെ ജീവിതകാലം മുഴുവൻ സുവിശേഷത്തിനു സാക്ഷികളാകുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ.ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി.കർത്താവായ ദൈവമേ, അങ്ങയുടെ സഭയെ പഠിപ്പിക്കുവാനും നയിക്കുവാനും അങ്ങു നിയോഗിച്ച പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ജീവിത മാതൃക ഞങ്ങൾക്കു മാർഗ്ഗദീപമാകട്ടെ. അങ്ങയിലുള്ള വിശ്വാസം ഏറ്റുപറയുവാനും അങ്ങയുടെ വചനം പ്രഘോഷിക്കുവാനും ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ് ...)*

*എന്റെ രാജാവായ കർത്താവേ, ഞാനങ്ങയെ പാടിപ്പുകഴ്ത്തും.*

ശ്ലീഹന്മാരാകും
പത്രോസ്, പൗലോസിൻ

www.malankaralibrary.com

ഓർമ്മദിനത്തിൽ നാം
പ്രാർത്ഥന സാദരമർപ്പിക്കാം
വാനവനിരയൊടു ചേർന്നേവം
കർത്താവേ, നീ തിരുസഭയെ
നിത്യം കാക്കണമലിവോടെ
സ്വർഗ്ഗത്തിൽ വാഴ്ത്താനവരൊപ്പം

*അവന്റെ തിരഞ്ഞെടുക്കപ്പെട്ടവർ അവന്റെ മുമ്പിൽ ഒരുമിച്ചു കൂടി.*

ശ്ലീഹന്മാരാകും പത്രോസ്...

*സകല ജനങ്ങളും വംശങ്ങളും ഒരുമിച്ചുകൂടി*

ശ്ലീഹന്മാരാകും പത്രോസ്...

*(അല്ലെങ്കിൽ)*

*എന്റെ രാജാവായ കർത്താവേ, ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും*

ശ്ലീഹന്മാരുടെ തലവനായ പത്രോസിന്റെയും വിജാതീയരുടെ അപ്പസ്തോലനായ പൗലോസിന്റെയും ഓർമ്മയാചരിക്കുന്നതിന് ആരാധകരെ ക്ഷണിക്കുവാൻ അങ്ങു തിരുമനസ്സായി. അവരുടെ ഓർമ്മദിനത്തിൽ സ്വർഗ്ഗവാസികളും ഭൂവാസികളും സന്തോഷിക്കുകയും സഭയിൽ സമാധാനം സമൃദ്ധമാകുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. കർത്താവേ, പിശാചിന്റെ കെണികളിൽ നിന്ന് അങ്ങയുടെ സഭയെ കാത്തുകൊള്ളണമേ. വിശുദ്ധരോടൊത്ത് സ്വർഗ്ഗീയ മണവറയിൽ അങ്ങയെ സ്തുതിക്കുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ.

*അവന്റെ തിരഞ്ഞെടുക്കപ്പെട്ടവർ അവന്റെ മുമ്പിൽ ഒരുമിച്ചുകൂടി.*

ശ്ലീഹന്മാരുടെ തലവനായ...

*സകല ജനങ്ങളും വംശങ്ങളും ഒരുമിച്ചുകൂടി*

ശ്ലീഹന്മാരുടെ തലവനായ...

www.malankaralibrary.com

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ.** **വിശ്വാസത്തിൻ പാറയിലല്ലോ**
**സ്ഥാപിക്കുകയായ് സഭയെ നാഥൻ**

**നിയമിച്ചാക്കീ ശ്ലീഹന്മാരെ**
**മല്പാന്മാരെ, നിവ്യന്മാരെ.**

**ഞങ്ങൾ വാഴ്ത്തുന്നങ്ങേനാമം**
**മന്നിലുണർത്തിയ നന്മകളോർക്കേ.**

*(അല്ലെങ്കിൽ)*

സമൂ. വിശ്വാസമാകുന്ന പാറമേൽ വിശുദ്ധസഭയെ സ്ഥാപിക്കുകയും അതിൽ ശ്ലീഹന്മാരെയും പ്രവാചകന്മാരെയും മല്പാന്മാരെയും നിയമിച്ചാക്കുകയും ചെയ്ത കർത്താവേ, അങ്ങ് വാഴ്ത്തപ്പെട്ടവനാകുന്നു.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ.** **കേപ്പയോടീശോ കല്പിക്കുകയായ്**
**മേയ്ക്കുക നീയെൻ കുഞ്ഞാടുകളെ.**

**പ്രേഷിതദൗത്യം നിവേറ്റീടാൻ**
**നിയമിച്ചാക്കീ പൗലോസിനെയും**

**ജീവൻ പകരും മാംസനിണങ്ങൾ**
**കൈക്കൊള്ളാമീയോർമ്മദിനത്തിൽ.**

*(അല്ലെങ്കിൽ)*

ശുശ്രൂ. ശ്ലീഹന്മാരുടെ തലവനായ പത്രോസിനോട് 'നീ എന്റെ ആടുകളെയും കുഞ്ഞാടുകളെയും മേയ്ക്കുക' എന്നും ജനതകളുടെ ശ്ലീഹായായി തെരഞ്ഞെടുക്കപ്പെട്ട പൗലോസിനോട് 'നീ സകല ജാതികളെയും പഠിപ്പിക്കുക' എന്നും കർത്താവരുളിച്ചെയ്തു. സഹോദരരേ, അവരുടെ തിരുനാൾദിനമായ ഇന്ന് നമുക്ക് അവിടുത്തെ തിരുശരീരരക്തങ്ങൾ സ്വീകരിക്കാം.

www.malankaralibrary.com

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി.കർത്താവായ ദൈവമേ, മിശിഹായുടെ ജീവദായകവും രക്ഷാകരവുമായ സന്ദേശം ശ്ലീഹന്മാരിലൂടെ ഞങ്ങൾക്കു നല്കി അനുഗ്രഹിച്ച അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. ശ്ലീഹന്മാരാകുന്ന അടിസ്ഥാനത്തിൽ സ്ഥാപിച്ച സഭയുടെ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളുവാൻ ഞങ്ങളെ യോഗ്യരാക്കിയതിന് ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി.കർത്താവായ മിശിഹായേ, പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ രക്തസാക്ഷിത്വത്തിലൂടെ നീ ധന്യമാക്കിയ സഭയിൽ നിനക്കു ഞങ്ങൾ നന്ദി പറയുന്നു. അവരെപ്പോലെ നിന്നിലുള്ള വിശ്വാസം ഏറ്റുപറയുവാനും നിന്റെ വചനം പ്രഘോഷിക്കുവാനും ഞങ്ങളെയും ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. മർത്യകുലത്തിനു രക്ഷകനായ്
പുത്രനെമന്നിലയച്ചവനാം
ദൈവപിതാവേ, സ്തുതിഗീതം
പാവനമങ്ങേ തിരുനാമം.

പത്രോസാകും പാറയതിൽ
സഭയെയുർത്തിയ രക്ഷകനാം
ഈശോമിശിഹാവാഴുന്നു
ലോകാന്ത്യംവരെ നരരൊപ്പം.

സഭയിൽ വാസം ചെയ്തു സദാ
പാലിക്കും പരിശുദ്ധാത്മാ,

www.malankaralibrary.com

വാഴ്ത്തുകയാണീ ദൈവജനം
സത്യത്തിൻ തികവാർന്നീടാൻ.

പത്രോസ്, പൗലോസ് മാതൃകയിൽ
സഭയോടൊത്തു ചരിച്ചിടുവാൻ
ശക്തി നമുക്കു ലഭിക്കട്ടെ ✠
ഇപ്പോഴുമെപ്പൊഴുമെന്നേക്കും.

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. നമ്മുടെ രക്ഷയ്ക്കായി തന്റെ ഏകജാതനെ നല്കുവാൻ തിരുമനസ്സായ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. പത്രോസാകുന്ന പാറമേൽ തന്റെ സഭയെ സ്ഥാപിച്ചുകൊണ്ട് യുഗാന്തം വരെ നമ്മോടൊത്തു വസിക്കുന്ന മിശിഹായെ നമുക്കു സ്തുതിക്കാം. സഭയിൽ എന്നും വസിച്ചുകൊണ്ട് സത്യത്തിന്റെ പൂർണ്ണതയിലേക്കു നമ്മെ നയിക്കുന്ന പരിശുദ്ധാത്മാവിനെ നമുക്ക് പ്രകീർത്തിക്കാം. മിശിഹായെ എല്ലാറ്റിനുമുപരിയായി സ്നേഹിക്കുകയും ദൈവഹിതമനുസരിച്ചു സഭയെ പടുത്തുയർത്തുവാൻ യത്നിക്കുകയും ചെയ്ത പത്രോസ്, പൗലോസ് ശ്ലീഹന്മാർ നമുക്കു സജീവമാതൃകകളായിരിക്കട്ടെ. സഭയോടൊത്തു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും നിങ്ങൾ ശക്തരാകട്ടെ. നിങ്ങൾ സ്വീകരിച്ച ഈ കൂദാശ തിരുസന്നിധിയിലുള്ള സംപ്രീതിക്കും സ്വർഗ്ഗീയ ജെറുസലേമിൽ മിശിഹായുടെ വലത്തുഭാഗത്തുള്ള സ്ഥാനത്തിനും നിങ്ങളെ യോഗ്യരാക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# വിശുദ്ധരുടെ തിരുനാൾ

*പ്രാരംഭപ്രാർത്ഥന*

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ തിരുക്കുമാരനും ഞങ്ങളുടെ രക്ഷകനുമായ ഈശോമിശിഹായുടെ മഹത്ത്വപൂർണ്ണമായ ഉത്ഥാനത്തിൽ പങ്കുചേർന്ന് സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്ന വിശുദ്ധരെ ഞങ്ങൾ ഇന്ന് അനുസ്മരിക്കുന്നു. അവരെപ്പോലെ ജീവിതത്തിലും മരണത്തിലും കർത്താവിനു സാക്ഷ്യംവഹിച്ചുകൊണ്ട് അങ്ങയെ മഹത്ത്വപ്പെടുത്തി സ്വർഗ്ഗഭാഗ്യത്തിന് അർഹരാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അവരുടെ ഓർമ്മ ആചരിച്ചുകൊണ്ട് ഈ ദിവ്യരഹസ്യങ്ങൾ യോഗ്യതയോടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

### സങ്കീർത്തനമാല (മർമ്മീസ) 33, 34, 35

*(രീതി: കർത്താവേ, മമരാജാവേ...)*

### സങ്കീർത്തനം 33

**കാർമ്മി.** **പുതിയൊരു കീർത്തനമുരുവിടുവിൻ**
**ആർപ്പുവിളിക്കുവിൻ ഉച്ചത്തിൽ**
**കർത്താവിൻ തിരുവചനങ്ങൾ**
**സത്യം നിത്യവുമോർത്തിടുവിൻ.**

**കർത്താവരുളും കാരുണ്യം**
**പാർത്തലമാകെ നിറയ്ക്കുന്നു**
**തിരുവചനത്താലാകാശം**
**വിരചിതമായി വിസ്മയമേ.**

**കർത്താവിന്റെ വിചാരങ്ങൾ**
**വർത്തിച്ചീടും ശാശ്വതമായ്**
**അവനെ നമിക്കും നരഗണവും**
**അവനുടെ സ്വന്തം ജനപദവും.**

www.malankaralibrary.com

**കരുണാമയനാം കർത്താവിൽ**
**ശരണം തേടുവിനാദരവായ്**
**തൃപ്പാദത്തിലണഞ്ഞവരെ**
**എപ്പോഴും കാത്തരുളുമവൻ.**

**തിരുനാമത്തിൽ നിത്യം നാം**
**ശരണം തേടി നമിക്കുന്നു.**
**കരുണാനിധിയാം കർത്താവേ,**
**ചൊരിയണമിവരിൽ കാരുണ്യം.**

**താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേൻ ആമ്മേനനവരതം.**

*(അല്ലെങ്കിൽ)*

കാർമ്മി. കർത്താവിനു ഒരു പുതിയ കീർത്തനം ആലപിക്കുവിൻ. ഉച്ചത്തിൽ ആർപ്പുവിളികളോടെ തന്ത്രി മീട്ടുവിൻ.

സമൂ. കർത്താവു ഭരണം നടത്തുന്നു. ഭൂമിയെല്ലാം ആനന്ദിക്കട്ടെ

കാർമ്മി. കർത്താവിന്റെ വചനം സത്യമാണ്. അവിടുത്തെ പ്രവൃത്തി വിശ്വസനീയമാണ്.

സമൂ. കർത്താവിന്റെ കാരുണ്യംകൊണ്ട് ഭൂമി നിറഞ്ഞിരിക്കുന്നു.

കാർമ്മി. കർത്താവിന്റെ വചനത്താൽ ആകാശം നിർമ്മിക്കപ്പെട്ടു.

സമൂ. കർത്താവിന്റെ പദ്ധതികൾ ശാശ്വതമാണ്. അവിടുത്തെ ചിന്തകൾ തലമുറകളോളം നിലനില്ക്കുന്നു.

കാർമ്മി. കർത്താവ് ദൈവമായുള്ള ജനവും അവിടുന്നു തനിക്കുവേണ്ടി തിരഞ്ഞെടുത്ത ജനതയും ഭാഗ്യമുള്ളവരാണ്.

സമൂ. ഇതാ തന്നെ ഭയപ്പെടുന്നവരെയും തന്റെ കാരുണ്യത്തിൽ പ്രത്യാശവയ്ക്കുന്നവരെയും കർത്താവ് കടാക്ഷിക്കുന്നു.

കാർമ്മി. നമ്മുടെ ഹൃദയം കർത്താവിൽ സന്തോഷിക്കുന്നു. എന്തെന്നാൽ, നമ്മൾ അവിടുത്തെ വിശുദ്ധ നാമത്തിൽ ആശ്രയിക്കുന്നു.

www.malankaralibrary.com

സമൂ. കർത്താവേ, അങ്ങയുടെ കാരുണ്യം ഞങ്ങളുടെമേൽ ചൊരിയണമേ. ഞങ്ങൾ അങ്ങയിൽ പ്രത്യാശ അർപ്പിച്ചിരിക്കുന്നു.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി. കർത്താവു ഭരണം നടത്തുന്നു. ഭൂമിയെല്ലാം ആനന്ദിക്കട്ടെ.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

***ഗായക I.കർത്താവിനെ സ്തുതിച്ച് മഹത്ത്വപ്പെടുത്തുവിൻ.***

**സഭയാം ജനനിയെയോർത്തു വിശുദ്ധർ മോദം കൊള്ളുകയായി**
**പൂരിതരായി മഹിതാത്മാവിൽ ദിവ്യഗണം**
**അവരുടെ മാതൃക ശോഭിക്കുന്നീ ഭുവനത്തിൽ**
**ഭാസുരദീപഗണങ്ങൾ പോലവരോ മിന്നുന്നു**
**കാലിടറാതെ നടന്നീടാനായ് കൃപവഴി മുന്നേറാം**

***ഗായക II.രാജകുമാരി മഹത്ത്വത്തോടെ നിലകൊള്ളുന്നു.***

**സഭയാം ജനനിയെയോർത്തു...**

***ഗായക I.പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**സ്ലീവായെന്നും മർത്യഗണത്തിൻ രക്ഷാസങ്കേതം**
**മർത്യർക്കെല്ലാമഭയം നല്കും കോട്ടയുമാം**
**കുരിശിതിൽ ഞങ്ങൾ വിജയിക്കട്ടെ ദുഷ്ടനെയും**
**അതുപോലവനുടെ കെണികളെയെല്ലാം നീക്കിടുവാൻ**
**വാഴ്ത്തിവണങ്ങാം കുരിശിനെയെന്നും രക്ഷിതരായീടാൻ**

*ഗായക II.* ***ആദിമുതൽ എന്നേക്കും, ആമ്മേൻ.***

**സ്ലീവായെന്നും മർത്ത്യഗണത്തിൻ രക്ഷാസങ്കേതം...**

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം...)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലൂയ്യാ ഗീതികളാൽ
കർത്താവിന്റെ വിശുദ്ധർ തൻ
നിർമ്മലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

www.malankaralibrary.com

## ഹല്ലേലൂയ്യാഗീതം (സൂമാറ)
*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**ദീപ്തി തിളങ്ങും സ്വർഗ്ഗകിരീടം**
**നാഥനൊരുക്കി വിശുദ്ധർക്കായി**

**അതിനാലിന്നവർ സന്തോഷത്താൽ**
**ആർപ്പൂ വിളിപ്പൂ തിരുസന്നിധിയിൽ**

**അവരുടെ മാതൃക നമ്മളെയെന്നും**
**നാഥനിലേക്കു നയിച്ചീടട്ടെ.**

**താതനുമതുപോൽസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ.നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.വഴിയും സത്യവും ജീവനുമായ മിശിഹായേ, നിന്റെ പുനരുത്ഥാനത്തിൽ ആനന്ദിക്കുന്ന ഞങ്ങളെ അന്ധകാരത്തിൽ നിന്നു പ്രകാശത്തിലേക്കും അസത്യത്തിൽ നിന്നു സത്യത്തിലേക്കും മരണത്തിൽനിന്നു മരണമില്ലായ്മയിലേക്കും ആനയിക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.പരിഹാസത്തിന്റെ അടയാളമായ കുരിശിനെ പുനരുത്ഥാനം വഴി മഹത്ത്വത്തിന്റെ ചിഹ്നമായി ഉയർത്തിയ കർത്താവേ, ഞങ്ങളുടെ ശരീരത്തെ അതിന്റെ ദുരാശകളോടുകൂടെ കുരിശിൽ തറയ്ക്കുവാനും ആത്മസമർപ്പണത്തിൽ നിത്യജീവൻ കണ്ടെത്തുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.ദാരിദ്ര്യത്താലും രോഗത്താലും വലയുന്നവരും സത്യത്തെ പ്രതി പീഡയനുഭവിക്കുന്നവരും അങ്ങയുടെ മഹത്ത്വപൂർണ്ണമായ ഉത്ഥാനത്തെയും അവർണ്ണനീയമായ സ്വർഗ്ഗഭാഗ്യത്തെയും ഓർത്തുകൊണ്ട് നല്ല ഓട്ടം ഓടുവാനും വിശ്വാസം സംരക്ഷിക്കുവാനും വരം തരണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.വിശുദ്ധരുടെ ഓർമ്മ ആചരിക്കുന്ന ഞങ്ങളെല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരാണെന്ന ബോധ്യത്തിൽ വളരുവാൻ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായി ജീവിച്ച വിശുദ്ധരെപ്പോലെ, വിവേകത്തോടും നൈർമ്മല്യത്തോടുംകൂടി ജീവിക്കുവാൻ സഹായിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.പ്രാർത്ഥനയിലും ഉപവാസത്തിലും ദിനരാത്രങ്ങൾ ചെലവഴിച്ച വിശുദ്ധരെ അനുകരിച്ച് പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ജീവിതം നയിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.പുനരുത്ഥാനത്തിന്റെ മഹത്ത്വത്തിലേക്കു ദൈവജനത്തെ നയിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോ

www.malankaralibrary.com

ലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും ആത്മീയ നന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ.ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി.വിശുദ്ധി തന്നെയായ ദൈവമേ, അങ്ങയുടെ പുത്രനായ മിശിഹായെ അനുകരിച്ച് വിശുദ്ധ ജീവിതം നയിച്ച അങ്ങയുടെ പ്രിയദാസരെപ്രതി ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ജീവിതത്തിലും മരണത്തിലും മിശിഹായ്ക്കു നിർഭയം സാക്ഷ്യംവഹിച്ച് വിശുദ്ധിയുടെ പരിമളം പരത്തുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ് ...)*

*അവരെ കർത്താവിന്റെ ഭവനത്തിൽ നട്ടിരിക്കുന്നു.*

വിണ്ണിൻ പുഷ്പങ്ങൾ
നിങ്ങൾ ദൈവികമാം
പാവനവാടികയിൽ
ഔഷധഗുണമാർന്നഖിലർക്കും
രോഗനിവാരണമരുളുന്നു
വിജയത്തിൻ പൊൻമുടി ചൂടി
വാഴാൻ ദൈവം കനിയട്ടെ
ഞങ്ങൾക്കായ് നിങ്ങൾ പ്രാർത്ഥിപ്പിൻ.

*അവിടുന്നു നട്ടുപിടിപ്പിച്ച ലബനോനിലെ ദേവദാരുക്കൾ.*

വിണ്ണിൻ പുഷ്പങ്ങൾ...

www.malankaralibrary.com

*(അല്ലെങ്കിൽ)*

*അവരെ കർത്താവിന്റെ ഭവനത്തിൽ നട്ടിരിക്കുന്നു.*

മിശിഹായുടെ പടയാളികളായ വിശുദ്ധരേ, നിങ്ങൾ പറുദീസായിലെപ്പോലെ സഭയിലും ഔഷധഗുണമുള്ള പുഷ്പങ്ങളാണല്ലോ. നിങ്ങളുടെ വിജയത്തിന്റെ പരിമളത്താൽ നിങ്ങൾ എല്ലായിടവും വിശുദ്ധീകരിക്കുന്നു. എന്തുകൊണ്ടെന്നാൽ, നിങ്ങൾ മിശിഹായ്ക്കുവേണ്ടിയാണ് മരണം വരിച്ചത്. അവനിലൂടെ എല്ലാ രോഗങ്ങൾക്കും നിങ്ങൾ ഔഷധം നല്കുന്നു. സഹനത്തിന്റെ കിരീടത്തോടെ പരസ്നേഹത്തിൽ പ്രശോഭിക്കുന്ന നിങ്ങൾ, ഞങ്ങളോടു കരുണയുണ്ടാകാൻ സകലത്തിന്റെയും നാഥനോടു പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുവിൻ.

*അവിടുന്നു നട്ടുപിടിപ്പിച്ച ലബനോനിലെ ദേവദാരുക്കൾ.*

മിശിഹായുടെ പടയാളികളായ.......

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. ദിവ്യശരീരവുമതുപോൽ നിണവും**
**കർത്താവേ, നീയരുളുക നിത്യം**

**യോഗ്യതപോലെ നന്ദിയുണർത്താൻ**
**നാവിനുതെല്ലും കഴിയുന്നില്ല**

**ശക്തിമഹത്ത്വം മിശിഹാ നാഥാ**
**നല്കി വിശുദ്ധർക്കനവരതം നീ**

**ഞങ്ങളുമതുപോൽ ജീവിതമെന്നും**
**നിർമ്മലമാക്കാൻ കനിവേകണമേ.**

*(അല്ലെങ്കിൽ)*

സമൂ.കർത്താവേ, നിന്റെ ശരീരരക്തങ്ങളാൽ നീ ഞങ്ങളെ പരിപോഷിപ്പിച്ചു. നിനക്കു നന്ദി പ്രകാശിപ്പിക്കുവാൻ ഞങ്ങളുടെ നാവുകൾ എത്രയോ അപര്യാപ്തങ്ങളാണ്. വിശുദ്ധർക്ക് വിസ്മയനീയമായ ശക്തിയും ധൈര്യവും നല്കിയ മിശിഹാ

വാഴ്ത്തപ്പെട്ടവനാകട്ടെ. ദൈവപുത്രന്റെ സാക്ഷികളേ, ആത്മീയനന്മകളുടെ മദ്ധ്യസ്ഥരേ, മിശിഹാ ഞങ്ങളോടു കാരുണ്യം കാണിക്കുവാൻ നിങ്ങൾ പ്രാർത്ഥിക്കുവിൻ.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ.** **വരുവിൻ വരുവിൻ സോദരഗണമേ,**
**കൈക്കൊള്ളുകയീ ദിവ്യരഹസ്യം**
**ബലിവേദികയിൽ വിരചിതമല്ലോ**
**പൂജിതമോരോനാമവുമിളയിൽ**
**തിരുശേഷിപ്പുകൾ സൂക്ഷിക്കുന്നു**
**സഭയിൽ, ദിവ്യവരങ്ങൾ നേടാൻ.**
**ഹല്ലേലൂയ്യാ ഗീതം പാടാം**
**നാമൊരുഗണമായ് പാവനസഭയിൽ**

*(അല്ലെങ്കിൽ)*

ശുശ്രൂ. എന്റെ സഹോദരരേ, വരുവിൻ, വിശുദ്ധരുടെ ഓർമ്മദിവസമായ ഇന്ന് സകലത്തിന്റെയും നാഥനായ ദൈവപുത്രന്റെ അമൂല്യമായ ശരീരവും സജീവവും ജീവദായകവുമായ രക്തവും സ്വീകരിക്കാം. അവൻ അവരുടെ ഓർമ്മ തന്റെ അൾത്താരയിൽ ഉല്ലേഖനം ചെയ്യുന്നു. വിശുദ്ധ സഭയിൽ അവരുടെ തിരുശേഷിപ്പുകൾ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അവരിലൂടെ നാം അനുഗൃഹീതരാകുവാൻ കർത്താവ് അവർക്കു ശക്തി നല്കിയിരിക്കുന്നു. വിശുദ്ധസഭയിൽ നമുക്കു ഹല്ലേലൂയ്യാഗീതം ആലപിക്കാം.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. സർവ്വശക്തനും നിത്യം ജീവിക്കുന്നവനുമായ ദൈവമേ, വിശുദ്ധരിൽ അങ്ങയുടെ കൃപാവരത്തിന്റെ വിജയം ഞങ്ങൾ ആഘോഷിക്കുന്നു. കർത്താവീശോമിശിഹായുടെ തിരുശരീരരക്തങ്ങളാൽ ഞങ്ങളെ ധന്യരാക്കിയ അങ്ങയുടെ കാരുണ്യാതിരേകത്തിന് ഞങ്ങൾ നന്ദി പറയുന്നു. സ്വർഗ്ഗത്തിൽ വിശുദ്ധരുടെ കൂട്ടായ്മയിൽ പങ്കുചേരുവാൻ ഞങ്ങൾ

www.malankaralibrary.com

സ്വീകരിച്ച ദിവ്യരഹസ്യങ്ങൾ ഞങ്ങൾക്ക് അച്ചാരമാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി.മനുഷ്യവംശത്തിന്റെ പ്രത്യാശയായ മിശിഹായേ, നിന്റെ ഉത്ഥാനത്തിന്റെ മഹത്ത്വത്തിൽ പങ്കുചേർന്ന സകലവിശുദ്ധരോടും കൂടി സഭയിൽ നിന്നെ പ്രകീർത്തിക്കുവാൻ നീ ഞങ്ങളെ യോഗ്യരാക്കി. നിന്റെ അനന്തമായ ഈ സ്നേഹത്തിന് നിനക്കു നന്ദി പ്രകാശിപ്പിക്കുവാൻ ഞങ്ങൾ എന്നും കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. ജീവനണച്ചും ധീരതയാൽ
മഹിമയണിഞ്ഞു മിശിഹായ്ക്കായ്
സാക്ഷ്യം നല്കി വിശുദ്ധന്മാർ
മാതൃക മർത്ത്യർക്കേകുന്നു.

നേർവഴികാട്ടി നയിക്കട്ടെ
നിർഭയസാക്ഷ്യം നല്കി സദാ
നിർമ്മലരായി വിളങ്ങിടുവാൻ
ജീവിതമാതൃക വഴിയെന്നും.

പാവനബലിയിൽ മോദമൊടെ
പങ്കാളികളായ് തീർന്നവരാം
മാനവനിരയിൽ സകലേശൻ
പരിമളമെന്നും തൂകട്ടെ.

സ്വർഗമഹത്ത്വമണിഞ്ഞിടുവാൻ
അർഹത ഭൂമിയിലേവർക്കും
ദൈവം കനിവാർന്നരുളട്ടെ ✠
ഇപ്പോഴുമെപ്പൊഴുമെന്നേക്കും.

www.malankaralibrary.com

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. രക്തസാക്ഷികളുടെയും വന്ദകരുടെയും മറ്റു വിശുദ്ധരുടെയും മഹനീയമാതൃകവഴി നമ്മെ ധന്യരാക്കിയ മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടുത്തെ വിശ്വസ്ത ദാസരുടെ ധീരത ഞങ്ങൾക്ക് ശക്തി നല്കട്ടെ. അവിടുത്തേക്കു നിർഭയം സാക്ഷ്യം വഹിച്ച ശ്ലീഹന്മാർ ഞങ്ങൾക്കു വഴികാട്ടികളാകട്ടെ. സകല വിശുദ്ധരുടെയും ജീവിതമാതൃക വിശുദ്ധിയിലേക്കും മഹത്ത്വത്തിലേക്കും ഞങ്ങളെ നയിക്കട്ടെ. ഈ കുർബാനയിൽ പങ്കുകൊണ്ട നിങ്ങളെ കർത്താവ് തന്റെ വിശുദ്ധിയുടെ പരിമളത്താൽ മഹത്ത്വമണിയിക്കട്ടെ. നിങ്ങളെല്ലാവരും സ്വർഗ്ഗീയമഹത്ത്വത്തിന് അർഹരാകുകയും ചെയ്യട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# ദേവാലയ മധ്യസ്ഥന്റെ (മധ്യസ്ഥയുടെ) തിരുനാൾ

*പ്രാരംഭപ്രാർത്ഥന*

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ രക്ഷാപദ്ധതിയിൽ പങ്കുചേരുവാൻ ഞങ്ങളെ വിളിച്ച അങ്ങയുടെ അനന്തകാരുണ്യത്തെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളുടെ ഇടവക മധ്യസ്ഥനായ/മധ്യസ്ഥയായ (പേര്) ഓർമ്മ ആചരിച്ചുകൊണ്ട് ഈ ദിവ്യരഹസ്യങ്ങൾ വിശുദ്ധിയോടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

**സങ്കീർത്തനമാല (മർമ്മീസ) 63, 64, 65**
**(രക്തസാക്ഷിയെങ്കിൽ)**
**സങ്കീർത്തനം 63**
*(രീതി: കർത്താവേ, മമരാജാവേ...)*

**നീയെൻ ദൈവം കർത്താവേ**
**തേടുന്നങ്ങയെ നിത്യം ഞാൻ**
**അങ്ങേക്കായ് ഞാൻ ദാഹിപ്പൂ**
**വിണ്ടു വരണ്ട നിലം പോലെ.**

**തിരുമുഖദർശനമില്ലാതെ**
**തളരുന്നെന്നുടൽ ബലഹീനം**
**ശക്തിമഹത്ത്വം ദർശിക്കാൻ**
**ദൈവിക ഭവനം പൂകി ഞാൻ.**

**ജീവിതകാലം മുഴുവൻ ഞാൻ**
**താവക മഹിമകൾ കീർത്തിക്കും**
**തിരുനാമത്തെ വിളിച്ചെന്നും**
**കൈകളുയർത്തിയപേക്ഷിക്കും.**

www.malankaralibrary.com

**മധുരം നിൻ സ്തുതി പാടും ഞാൻ**
**അധരം കൊണ്ടു മനോഹരമായ്**
**എന്റെ സഹായം നീയല്ലോ**
**നിൻ ചിറകിൻ കീഴെന്നഭയം.**

**നിന്നോടൊന്നായ് ചേരുന്നു**
**എന്നാത്മാവും ജീവിതവും**
**എന്നെത്താങ്ങി നിറുത്തുന്നു**
**നിന്റെ വലംകൈയെന്നെന്നും.**

**താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേൻ ആമ്മേനനവരതം.**

*(അല്ലെങ്കിൽ)*

കാർമ്മി. ദൈവമേ, അവിടുന്നാണ് എന്റെ ദൈവം; ഞാനങ്ങയെ തേടുന്നു. എന്റെ ആത്മാവ് അങ്ങേക്കായി ദാഹിക്കുന്നു.

സമൂ.യോർദ്ദാനിൽ നിന്ന് മാമ്മോദീസ സ്വീകരിക്കുകയും അതു വഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ, നീ അനുഗൃഹീതനാകുന്നു.

കാർമ്മി. ഉണങ്ങിവരണ്ട ഭൂമിയെന്നപോലെ എന്റെ ശരീരം അങ്ങയെ കാണാതെ തളരുന്നു.

സമൂ.അങ്ങയുടെ ശക്തിയും മഹത്ത്വവും ദർശിക്കാൻ ഞാൻ വിശുദ്ധ മന്ദിരത്തിൽ വന്നു.

കാർമ്മി.എന്റെ ജീവിതകാലം മുഴുവൻ ഞാനങ്ങയെ പുകഴ്ത്തും.

സമൂ. ഞാൻ കൈകളുയർത്തി അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കും.

കാർമ്മി.എന്റെ അധരങ്ങൾ അങ്ങേക്ക് ആനന്ദഗാനം ആലപിക്കും. അവിടുന്ന് എന്റെ സഹായമാണ്.

സമൂ.അങ്ങയുടെ ചിറകിൻ കീഴിൽ ഞാൻ ആനന്ദിക്കും. എന്റെ ആത്മാവ് അങ്ങയോട് ഒട്ടിച്ചേർന്നിരിക്കുന്നു. അങ്ങയുടെ വലത്തു കൈ എന്നെ താങ്ങി നിർത്തുന്നു.

കാർമ്മി.പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും ആമ്മേൻ.

കാർമ്മി.യോർദ്ദാനിൽ നിന്ന് മാമ്മോദീസ സ്വീകരിക്കുകയും / അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ, / നീ അനുഗൃഹീതനാകുന്നു.

(മറ്റു വിശുദ്ധരെങ്കിൽ)

**സങ്കീർത്തനം 27**

*(രീതി: ദൈവമെന്റെ രക്ഷകൻ...)*

**ദൈവമെന്റെ രക്ഷകൻ**
**ദൈവമെന്റെ നായകൻ**
**ദൈവമെന്റെ ആശ്രയം**
**ദൈവമെന്റെ സർവ്വവും.**

**സൈന്യമെന്നെ വളഞ്ഞാലും**
**വൈരികൾ പിന്തുടർന്നാലും**
**ഭീതിയില്ലെനിക്കു തെല്ലും**
**ദൈവമാണെൻ പാലകൻ.**

**നിയതമങ്ങേ വസതിയിൽ**
**കഴിയുവാനെൻ മോഹം**
**മധുരമങ്ങേ മഹിമയിൽ**
**മറയുവാനെൻ ദാഹം.**

**കണ്ണിനങ്ങേ കതിരുകൾ**
**കണ്ടു കണ്ടു മയങ്ങണം**
**കാതിനങ്ങേ കനിവെഴും**
**കഥകൾ കേട്ടു ലയിക്കണം.**

*(അല്ലെങ്കിൽ)*

കാർമ്മി.കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്. ഞാൻ ആരെ ഭയപ്പെടണം?

www.malankaralibrary.com

സമൂ.യോർദ്ദാനിൽ നിന്ന് മാമ്മോദീസ സ്വീകരിക്കുകയും അതു വഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ, നീ അനുഗൃഹീതനാകുന്നു.

കാർമ്മി. കർത്താവ് എന്റെ ജീവിതത്തിനു കോട്ടയാണ്. ഞാൻ ആരെ പേടിക്കണം?

സമൂ.ഒരു സൈന്യം തന്നെ എനിക്കെതിരെ പാളയമടിച്ചാലും എന്റെ ഹൃദയം ഭയം അറിയുകയില്ല.

കാർമ്മി. എനിക്കെതിരെ യുദ്ധമുണ്ടായാലും ഞാൻ ആത്മ ധൈര്യം വെടിയുകയില്ല.

സമൂ. ഒരു കാര്യം മാത്രം ഞാൻ തേടുന്നു. കർത്താവിന്റെ മാധുര്യം ആസ്വദിക്കാനും കർത്താവിന്റെ ആലയത്തിൽ അവി ടുത്തെ ഹിതം ആരായുവാനും വേണ്ടി ജീവിതകാലം മുഴുവൻ അവിടുത്തെ ആലയത്തിൽ വസിക്കാൻ തന്നെ.

കാർമ്മി. എന്നെ ഉയർന്ന പാറമേൽ നിറുത്തുന്നു. എന്നെ വലയം ചെയ്യുന്ന ശത്രുക്കളുടെ മുകളിൽ എന്റെ ശിരസ്സ് ഉയർന്നു നില്ക്കും.

സമൂ. കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ. ദുർബലരാകാതെ ധൈര്യമവലംബിക്കുവിൻ. കർത്താവിനുവേണ്ടി കാത്തിരിക്കു വിൻ.

കാർമ്മി.പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

കാർമ്മി.യോർദ്ദാനിൽ നിന്ന് മാമ്മോദീസ സ്വീകരിക്കുകയും അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹാ യേ നീ അനുഗൃഹീതനാകുന്നു.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

***ഗായക I.കർത്താവ് ഉന്നതങ്ങളിൽ പ്രകീർത്തിതനാകുന്നു.***

**വിണ്ടലമന്ദിരതാരഗണം പോൽ വാഴ്വൂ ദിവ്യഗണം**
**വിൺമണി മകുടം ചൂടി വിളങ്ങൂ പൂജിതരെ**
**നിണസാക്ഷികളും സകലവിശുദ്ധരും ധന്യതയിൽ**

www.malankaralibrary.com

**മിശിഹാനാഥനെ സ്നേഹിച്ചതിനാൽ സൗഭാഗ്യം**
**കുരിശിതു നമ്മൾക്കുലകിൽ ലക്ഷ്യം നിരതം നേടീടാം**

*ഗായക II.* ***പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**സ്വർല്ലോകത്തിൽ നക്ഷത്രം പോൽ മിന്നും മധ്യസ്ഥാ/ മധ്യസ്ഥേ**
**സ്വർണ്ണകിരീടം ചൂടി വിളങ്ങു കതിർവീശി**
**ക്ലേശിതർ മർത്യർക്കെല്ലാമഭയം നീയല്ലോ**
**സ്ലീവാ നല്കും നന്മകളെയോർക്കാം വാഴ്ത്തീടാം**
**ദുഷ്ടനൊരുക്കും കെണികൾ നീക്കി സ്ലീവാ വഴികാട്ടും**

*ഗായക I.* ***ആദിമുതൽ എന്നേക്കും, ആമ്മേൻ.***

**സ്വർല്ലോകത്തിൽ നക്ഷത്രം പോൽ മിന്നും മധ്യസ്ഥാ/ മധ്യസ്ഥേ**

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം...)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ദൈവത്തിൻ തിരുഭവനത്തിൻ
പേരിനുകാരണമായീടും
മധ്യസ്ഥന്നായ് പാടീടാം (മധ്യസ്ഥയ്ക്കായ് പാടീടാം)
ഹല്ലേലൂയ്യാ ഗീതങ്ങൾ
വാഴ്ത്തീടാം നിത്യം തിരുനാമം.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ. ദൈവത്തിൻ തിരുഭവനത്തിൻ...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

www.malankaralibrary.com

**സമൂ.** **ദൈവത്തിൻ തിരുഭവനത്തിൻ...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ.** **ദൈവത്തിൻ തിരുഭവനത്തിൻ...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ.** **ദൈവത്തിൻ തിരുഭവനത്തിൻ...**

## ഹല്ലേലുയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**ആരുവസിക്കും നാഥാ നിന്റെ**
**കൂടാരത്തിൽ കൃപയുള്ളോനേ?**

**ആരുവസിക്കും നിർമ്മലമാകും**
**താവകഗിരിയിൽ ഭയമില്ലാതേ?**

**കപടതയെന്യേ ജീവിപ്പോനും**
**അതുപോൽ നീതി പുലർത്തുന്നോനും**

**താതനുമതുപോൽസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ.നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

www.malankaralibrary.com

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.'ഇവൻ എന്റെ പ്രിയപുത്രനാകുന്നു' എന്നു പിതാവിൽ നിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ, കർത്താവും ദൈവവുമായി നിന്നെ ഏറ്റുപറയുവാൻ നിന്റെ സഭയെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.ദാസന്റെയും പാപിയുടെയും രൂപംധരിച്ച മിശിഹായേ, വിനീതമായ സേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.മിശിഹായുടെ പാത പിഞ്ചെന്ന ഞങ്ങളുടെ ഇടവക മധ്യസ്ഥന്റെ/മധ്യസ്ഥയുടെ മാതൃക അനുകരിച്ച് വിശ്വാസത്തിൽ ആഴപ്പെടുവാനും വിശുദ്ധിയിൽ വളരുവാനും വരം നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.ചെറിയകാര്യങ്ങളിലും വിശ്വസ്തരായിരുന്ന ദാസരെപ്പോലെ അങ്ങു നല്കിയ താലന്തുകളെ പ്രയോജനപ്പെടുത്തുവാനും വർദ്ധിപ്പിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.ഞങ്ങളുടെ ഇടവകയുടെ (സ്ഥാപനത്തിന്റെ) പ്രത്യേക മധ്യസ്ഥനും/മധ്യസ്ഥയും പരിപാലകനും/പരിപാലകയും ആയ വിശുദ്ധ (പേര്) ന്റെ/യുടെ പ്രാർത്ഥനയാൽ ദൃശ്യവും അദൃശ്യവുമായ എല്ലാ വിപത്തുകളിൽനിന്നു ഞങ്ങളെ കാത്തുരക്ഷിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി. കർത്താവായ ദൈവമേ, ഞങ്ങളുടെ യാചനകൾ ശ്രവിക്കണമേ. ഈ ഇടവകയുടെ (സ്ഥാപനത്തിന്റെ) മധ്യസ്ഥനായ/മധ്യസ്ഥയായ വിശുദ്ധ (പേര്) ന്റെ/യുടെ ഓർമ്മ ആചരിക്കുന്ന ഞങ്ങൾക്ക് അങ്ങയുടെ ദാനങ്ങൾ സമൃദ്ധമായി നല്കണമേ. സ്നേഹസമ്പന്നനായ വിശുദ്ധാ/സ്നേഹസമ്പന്നയായ വിശുദ്ധേ അങ്ങേക്കു പ്രിയപ്പെട്ടവരായ ഞങ്ങൾക്ക് വിധിദിവസത്തിൽ അങ്ങ് മധ്യസ്ഥനാ (യാ) യിരിക്കേണമേ. അങ്ങയുടെ പ്രാർത്ഥനകളാൽ ഞങ്ങൾ ദൈവകൃപയ്ക്ക് അർഹരാകുകയും അങ്ങ് അനുഭവിക്കുന്ന നിത്യാനന്ദത്തിൽ പങ്കുകാരാകുകയും ചെയ്യട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ് ...)*

*നീതിമാന്റെ സ്മരണ എന്നും നിലനില്ക്കും*

ഞങ്ങൾ തേടുകയായ്
താവക മാധ്യസ്ഥ്യം
നിത്യവുമെളിമയോടെ
മിശിഹാനാഥനോടൊത്തനിശം
വാഴ്ത്താമങ്ങേ വരദാനം
ഞങ്ങളുമങ്ങേ മാതൃകപോൽ
സ്ലീവാ കൈകളിലേന്തിടുവാൻ
സൗഭാഗ്യം ഞങ്ങൾക്കേകണമേ

*നീതിമാൻ ദൈവസന്നിധിയിൽ എന്നും നിലനിൽക്കുന്നു*

ഞങ്ങൾ തേടുകയായ്...

*(അല്ലെങ്കിൽ)*

www.malankaralibrary.com

*നീതിമാന്റെ സ്മരണ എന്നും നിലനില്ക്കും*

മിശിഹായോടൊത്ത് ഞങ്ങളുടെ മധ്യസ്ഥനായ/മധ്യസ്ഥയായ (പേര്) തിരുസഭയിൽ അനുസ്മരിക്കപ്പെടുന്നു. കുരിശിനെ എളിമയോടെ വഹിക്കുകയും അവിടുത്തെ പ്രമാണങ്ങൾ അനുസരിച്ച് വ്യാപരിക്കുകയും ചെയ്ത വിശുദ്ധരെ തന്നോടൊത്ത് അവിടുന്ന് നിത്യസൗഭാഗ്യത്തിലേക്ക് വിളിച്ചു.

*നീതിമാൻ ദൈവസന്നിധിയിൽ എന്നും നിലനിൽക്കുന്നു*

മിശിഹായോടൊത്ത് ഞങ്ങളുടെ മധ്യസ്ഥനായ/മധ്യസ്ഥയായ....

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ.** **മഹനീയം തവസ്മരണയിതെല്ലാ**
**മനുജരുമൊരുപോലാഘോഷിക്കാം.**
**മഹിതം താവകസിംഹാസനമാ**
**മലരൊളിചിന്തും സ്വർഗ്ഗതലത്തിൽ.**
**ദൈവം നല്കിയ വിജയകിരീടം**
**ദിവ്യമതേറ്റവുമുന്നതമല്ലോ.**
**വാനവവൃന്ദം പാടുന്നങ്ങയെ**
**വാഴ്ത്തി നിതാന്തം ഹല്ലേലൂയ്യാ.**

*(അല്ലെങ്കിൽ)*

സമൂ. ഞങ്ങളുടെ സ്വർഗ്ഗീയ മധ്യസ്ഥനായ/മധ്യസ്ഥയായ വിശുദ്ധ (പേര്) അങ്ങയുടെ അനുസ്മരണാദിനം മഹനീയമാകുന്നു. അങ്ങേക്കായ് ഒരുക്കപ്പെടുന്ന മഹത്ത്വത്തിന്റെ സിംഹാസനം മരണത്തിലൂടെ അങ്ങു നേടി. അങ്ങയെ തിരഞ്ഞെടുത്ത് തന്റെ ദാനങ്ങളാൽ അങ്ങയെ സമ്പന്നനാക്കിയ ദൈവത്തിന് ക്രോവേന്മാർ മഹത്ത്വമർപ്പിക്കുന്നു. അവരോടുചേർന്ന് നമുക്കും ഹല്ലേലൂയ്യാ പാടി അവനെ സ്തുതിക്കാം.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ.** **ഓർമ്മദിനത്തിൽ നല്കി നീ നിൻ**
**തനുവും നിണവും മിശിഹാനാഥാ,**

www.malankaralibrary.com

**വരുവിൻ വരുവിൻ, കൈക്കൊള്ളാം നാം**
**വിരവൊടു മാംസനിണങ്ങൾ, നിരയായ്.**

*(അല്ലെങ്കിൽ)*

ശുശ്രൂ. ഈ അനുസ്മരണാദിനത്തിൽ തന്റെ ശരീരരക്തങ്ങൾ നമുക്കായി സജ്ജമാക്കിയ മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. വരുവിൻ, ഈ ദിവ്യരഹസ്യങ്ങൾ സ്വീകരിച്ച് നമുക്കു ദൈവത്തെ മഹത്ത്വപ്പെടുത്താം.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിൽ പങ്കുചേർന്ന് ഞങ്ങളുടെ ഇടവക മധ്യസ്ഥന്റെ/മധ്യസ്ഥയുടെ ഓർമ്മ ആചരിക്കുവാൻ അങ്ങു ഞങ്ങൾക്കു കൃപ നല്കി. ഈ ദാനത്തെപ്രതി അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി. ഞങ്ങളുടെ പ്രത്യാശയായ മിശിഹായേ, പരിശുദ്ധ കുർബാന വഴി നീ ഞങ്ങളുടെ കടങ്ങൾ പൊറുക്കുകയും പാപങ്ങൾ മോചിക്കുകയും നിത്യജീവനിൽ ഞങ്ങളെ പങ്കുചേർക്കുകയും ചെയ്തു. ഈ അമൂല്യദാനം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ. വിശുദ്ധ (പേര്) നെപ്പോലെ ഞങ്ങളും ഈ ഭൂമിയിൽ നിന്നെ ഏറ്റുപറയുന്നതിനും ജീവിതത്തിലൂടെ നിനക്കു സാക്ഷ്യം വഹിക്കുന്നതിനും സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. മാതൃകനല്കുന്നേവർക്കും
മഹിമകൾ നിറയും മധ്യസ്ഥൻ/മധ്യസ്ഥ
നന്മകൾ വർഷിച്ചനുദിനവും
നിങ്ങൾക്കാശ്രയമേകട്ടെ.

www.malankaralibrary.com

ഏകശരീരം പോലെന്നും
ഏവരുമിവിടെവസിക്കട്ടെ
നിങ്ങളിലെല്ലാമൊരുപോലെ
നിത്യവുമൈക്യം പുലരട്ടെ.

മാമ്മോദീസാവഴി നിങ്ങൾ
സ്നേഹവിശുദ്ധിയിൽ നീങ്ങിടുവാൻ
കർത്താവൂഴിയിലേവർക്കും
ദിവ്യാനുഗ്രഹമരുളട്ടെ.

സ്നേഹമോടിന്നീ തിരുബലിയിൽ
പങ്കാളികളായ് തീർന്നവരാം
നിങ്ങളിൽ ദൈവം കനിയട്ടെ ✠
ഇപ്പോഴുമെപ്പൊഴുമെന്നേക്കും.

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. തിരഞ്ഞെടുക്കപ്പെട്ട ജനമായ നമുക്കു മാതൃകയും പ്രത്യേക സംരക്ഷകനുമായി വിശുദ്ധ (പേര്) നെ കല്പിച്ചു നല്കുകയും ഈ വിശുദ്ധന്റെ/വിശുദ്ധയുടെ മാധ്യസ്ഥ്യം വഴി നിരവധിയായ നന്മകൾ നമ്മുടെമേൽ വർഷിക്കുകയും ചെയ്യുന്ന ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. മാമ്മോദീസയിലൂടെ തിരുസ്സഭയിലെ അംഗങ്ങളായി നമ്മെ ഉയർത്തിയ മിശിഹാ ഒരേ ശരീരത്തിലെ അവയവങ്ങൾപോലെ പരസ്പരം സ്നേഹിച്ചും സഹായിച്ചും ജീവിക്കുവാൻ നമ്മെ അനുഗ്രഹിക്കട്ടെ. നമ്മുടെ ഈ സമൂഹത്തെ കൂട്ടായ്മയിൽ വളർത്തുന്നതിനു പരിശ്രമിക്കുന്ന എല്ലാവരും കർത്താവിന്റെ കാരുണ്യത്തിന് പാത്രീഭൂതരാകട്ടെ. നാമെല്ലാവരും അനുദിനം വിശുദ്ധിയിൽ വളരുവാൻ ഇടയാകട്ടെ. ഈ ദിവ്യകർമ്മങ്ങളിൽ പങ്കുചേർന്ന നിങ്ങളെ അവിടുന്നു സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# വിശുദ്ധ കുര്യാക്കോസ് ഏലിയാസ്

## ജനുവരി 3

### പ്രാരംഭപ്രാർത്ഥന

കാർമ്മി. സർവ്വനന്മകളുടെയും ഉറവിടവും എല്ലാ അനുഗ്രഹ ങ്ങളുടെയും ദാതാവുമായ ദൈവമേ, വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെ ദിവ്യവരങ്ങളാൽ സമൃദ്ധമായി അലംകൃത നാക്കിയ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. സഭയെ നവീകരി ക്കുന്നതിനും സഭാമക്കളെ വിശ്വാസത്തിൽ വളർത്തുന്നതിനും നേതൃത്വം വഹിച്ച ഈ പുണ്യാത്മാവിനെ അനുസ്മരിക്കുന്ന ഞങ്ങളെ ദൈവികരഹസ്യങ്ങൾ വിശ്വാസത്തോടും ഹൃദയ നൈർമല്യത്തോടുംകൂടി പരികർമ്മം ചെയ്യുവാൻ ശക്തരാ ക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

### സങ്കീർത്തനമാല (മർമ്മീസ)

*(രീതി: കർത്താവേ മമ രാജാവേ...)*

**സങ്കീർത്തനം 146**

**എന്നാത്മാവേ, പാടുക നീ**
**കർത്താവിൻ സ്തുതിഗീതങ്ങൾ**
**ജീവിതകാലം മുഴുവൻ ഞാൻ**
**നാഥനു ഗീതികൾ പാടീടും.**

**ഞാനീ മന്നിൽക്കഴിവോളം**
**ദൈവസ്തുതികൾ പാടീടും**
**അരചനിലോ നരനൊരുവനിലോ**
**ശരണം തേടാൻ തുനിയരുതേ.**

**നീതിപുലർത്തും മാനവരെ**
**കർത്താവെന്നും സ്നേഹിപ്പൂ**
**അഗതികളെയവനലിവോടെ**
**നിത്യം കാത്തരുളീടുന്നു.**

www.malankaralibrary.com

**വിധവകളെയുമനാഥരെയും**
**ദൈവം തീറ്റിപ്പോറ്റുന്നു**
**ദുഷ്ജനത്തിൻ മാർഗ്ഗമവൻ**
**നിശിതം തട്ടിനശിപ്പിക്കും.**

**എന്നാളും ഭരണാധിപനായ്**
**കർത്താവല്ലോ വാഴുന്നു**
**സെഹിയോനേ, നിൻ ദൈവത്തിൻ**
**ഭരണം നിതരാം നിലനില്ക്കും.**

**താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേൻ ആമ്മേനനവരതം.**

*(അല്ലെങ്കിൽ)*

കാർമ്മി. എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക. ആയുഷ്കാലം മുഴുവൻ ഞാൻ അവിടുത്തെ സ്തുതിക്കും.

സമൂ. ലോകരക്ഷകനായ മിശിഹായേ, / നിന്റെ ആഗമനം അനുഗൃഹീതമാകുന്നു. / മാലാഖമാരോടുകൂടി നിന്നെ സ്തുതിക്കുവാൻ / നീ ഞങ്ങളെ യോഗ്യരാക്കി.

കാർമ്മി. ഞാനുള്ള കാലത്തോളം ദൈവത്തെ പ്രകീർത്തിക്കും. അധികാരിയിലോ മനുഷ്യനിലോ ആശ്രയം വയ്ക്കരുത്.

സമൂ. കർത്താവു നീതിമാന്മാരെ സ്നേഹിക്കുന്നു. അവിടുന്ന് അഗതികളെ പരിപാലിക്കുന്നു.

കാർമ്മി. അനാഥരെയും വിധവകളെയും പോറ്റുന്നു. അവിടുന്നു ദുഷ്ടരുടെ വഴികൾ നശിപ്പിക്കുന്നു.

സമൂ. കർത്താവ് എന്നേക്കും വാഴുന്നു. സെഹിയോനേ, നിന്റെ ദൈവം തലമുറകളോളം വാഴും.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

www.malankaralibrary.com

കാർമ്മി. ലോകരക്ഷകനായ മിശിഹായേ, / നിന്റെ ആഗമനം അനുഗൃഹീതമാകുന്നു. / മാലാഖമാരോടുകൂടെ നിന്നെ സ്തുതിക്കുവാൻ / നീ ഞങ്ങളെ യോഗ്യരാക്കി.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : പുലരിയിൽ നിദ്രയുണർന്നങ്ങേ...)*

ഗായക I. *നീതിമാന്മാർ അങ്ങയെ പുകഴ്ത്തും.*

നിന്റെ വിശുദ്ധരെ ഞങ്ങളിതാ
ഓർമ്മിക്കുന്നു സാഘോഷം
അനുദിനമവരുടെ പ്രാർത്ഥനയിൽ
അഭയം ഞങ്ങൾ തേടുന്നു.
അവരുടെ യാചന കേട്ടിപ്പോൾ
പാപികളാകും ഞങ്ങളിൽ നീ
കരുണാമാരി പൊഴിക്കണമേ
ശരണം നീ താൻ കർത്താവേ.
ഞങ്ങൾ നിതരാം നിൻ സത്യം
ഘോഷിക്കാൻ കൃപയേകണമേ
നിർമ്മലമാം നിൻ സ്നേഹത്താൽ
ഞങ്ങടെയുള്ളം നിറയട്ടെ.

ഗായക II. *എന്റെ ജീവിതത്തിന്റെ എല്ലാ ദിവസങ്ങളിലും*

നീതിയെഴുന്നവർ ഭുവനത്തിൽ
ലവണമതല്ലോനിരൂപിച്ചാൽ
അവരുടെയർത്ഥനകേട്ടാലും
കോട്ട നമുക്കതു ലോകത്തിൽ.
അബ്രാഹം പുനരഹറോനും
മോശയുമൊരുനാൾ പ്രാർത്ഥിച്ചു
അവരുടെയാചന കൈക്കൊണ്ടു
നന്മനിറഞ്ഞൊരു സർവേശൻ.
ഇന്നീ ഞങ്ങടെ തലമുറയിൽ
നിൻപ്രിയരായ വിശുദ്ധന്മാർ
നിന്നൊടു നാഥാ പ്രാർത്ഥിപ്പൂ
നല്ലവനേ, നീ കേൾക്കണമേ.

www.malankaralibrary.com

*ഗായക I.* *പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

സ്ലീവാ നമ്മൾക്കെന്നാളും
നന്മകൾ തന്നുറവാണല്ലോ
അതുവഴിയല്ലോ മർത്യഗണം
രക്ഷയുമുയിരും നേടുന്നു.

അതിനാൽ മിശിഹാ കർത്താവേ,
നിന്നുടെ സ്ലീവായെന്നാളും
ഞങ്ങൾക്കഭയം നൽകീടും
കോട്ടയുമായി ഭവിക്കട്ടെ.

ഞങ്ങൾ ജയിക്കട്ടതു വഴിയായ്
ദുഷ്ടനെ,യവനുടെ കെണികളെയും
കുരിശിതു ഞങ്ങൾക്കാലംബം
കുരിശിനെ ഞങ്ങൾ വണങ്ങുന്നു.

*ഗായക II.* *ആദിമുതൽ എന്നേക്കും, ആമ്മേൻ.*

സ്ലീവാ നമ്മൾക്കെന്നാളും...

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം...)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലൂയ്യാ ഗീതികളാൽ
ധന്യൻ ചാവറ താതൻ തൻ
നിർമ്മലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ.** **ദിവ്യാത്മാവിൻ ഗീതികളാൽ...**

www.malankaralibrary.com

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

## ഹല്ലേലൂയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**നിർമ്മലമാർഗ്ഗം പിൻതുടരുന്നോർ
നിസ്തുലമാകും ഭാഗ്യമെഴുന്നോർ.**

**കർത്താവിൻ തിരുവചനം കാക്കും
മർത്ത്യരിഹത്തിൽ ഭാഗ്യമിയന്നോർ.**

**തെറ്റുകളില്ലാതീശ്വരമാർഗ്ഗം
തേടുന്നവരും ഭാഗ്യമെഴുന്നോർ.**

**താതനുമതുപോൽസുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

www.malankaralibrary.com

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" എന്നു പിതാവിൽ നിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ, കർത്താവും ദൈവവുമായി നിന്നെ ഏറ്റുപറയുവാൻ നിന്റെ സഭയെ അനുഗ്രഹിക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ദാസന്റെയും പാപിയുടെയും രൂപംധരിച്ച മിശിഹായേ, വിനീതമായ സേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠി ക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ആഴമായ പ്രാർത്ഥനയുടെയും തീവ്രമായ ദൈവ സ്നേഹത്തിന്റെയും മാതൃക ഞങ്ങൾക്ക് നല്കിയ വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെപ്പോലെ, നിരന്തരമായ പ്രാർത്ഥനയിലൂടെ ദൈവ സ്നേഹത്തിൽ വളരുവാൻ ഞങ്ങളെ അനുഗ്രഹിക്കണ മെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.ആദ്ധ്യാത്മികതയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടി അദ്ധ്വാനിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. സന്യാസജീവിതത്തിന്റെ ഉദാത്തമാതൃകയായിരുന്ന വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെപ്പോലെ സമർപ്പിത ജീവിതം നയിക്കുന്നവർ, സ്വർഗ്ഗീയജീവിതത്തിലുള്ള പ്രത്യാശയിൽ ദൈവജനത്തെ വളർത്തുവാൻ ഇടവരുത്തണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി. കർത്താവായ ദൈവമേ, മാമ്മോദീസയിൽ ലഭിച്ച പരിശുദ്ധിയും നൈർമല്യവും അഭംഗുരം പാലിക്കുവാൻ വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെ അനുഗ്രഹിച്ച അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു. സഭയോടൊത്തു ചിന്തിക്കുവാനും, വിശ്വാസത്തിലും വിശുദ്ധിയിലും ഉത്തമ മാതൃകകളായിത്തീരുവാനും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: പുലരിയിൽ നിദ്രയുണർന്നങ്ങേ ...)*

*രാത്രിയിൽ ഞാൻ ധ്യാനിച്ചു; ഹൃദയത്തിൽ സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്തു*

സഭയുടെ ശക്തി വളർത്തിടുവാൻ
സദയം നല്കീ തിരുനാഥൻ
ശ്ലീഹന്മാരെ വന്ദകരെ
മല്പാന്മാരെയുമതുപോലെ.
    ആത്മവിശുദ്ധിയെഴുന്നവരെ
    അജപാലകരെ, സിദ്ധരെയും
    അനുദിനമങ്ങേക്കവരെല്ലാം
    അർപ്പിക്കുന്നു പ്രാർത്ഥനകൾ.

അധ്വാനിച്ചു തളർന്നിടുവോർ
രാത്രിയുറങ്ങും വേളകളിൽ
സ്തുതിയർപ്പിപ്പൂ മിശിഹായ്ക്കായ്
സന്ന്യസ്തർ ചിരജാഗ്രതയിൽ.

*മക്കളേ, വരുവിൻ, എന്നെ ശ്രവിക്കുവിൻ.*

സഭയുടെ ശക്തി വളർത്തിടുവാൻ...

*(അല്ലെങ്കിൽ)*

*രാത്രിയിൽ ഞങ്ങൾ ധ്യാനിച്ചു; ഹൃദയത്തിൽ സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്തു.*

സഭയെ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ശ്ലീഹന്മാരെയും മല്പാന്മാരെയും അജപാലകരെയും നല്കിയ മിശിഹായേ, ദിവസത്തിന്റെ ജോലി കഴിഞ്ഞ് എല്ലാവരും വിശ്രമിക്കുന്ന രാത്രിയാമങ്ങളിലും സഭ സന്ന്യസ്തരുടെ അധരങ്ങൾവഴി നിനക്ക് സ്തുതി ആലപിക്കുന്നു.

*മക്കളേ, വരുവിൻ, എന്നെ ശ്രവിക്കുവിൻ.*

സഭയെ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി.....

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. ആത്മവിശുദ്ധി വരുത്തിടുവാനായ്
അനുതാപത്തിൻ വീഥികൾ തേടാം.**

**മനസ്സിനുശാന്തി പകർന്നുതരുന്നു
മോചനമരുളും ദിവ്യരഹസ്യം.**

*(അല്ലെങ്കിൽ)*

സമൂ. ആത്മവിശുദ്ധീകരണത്തിനായി നമ്മുടെ രക്ഷകൻ നല്കിയ പരിഹാരരഹസ്യങ്ങളെ സ്നേഹത്തോടും ഐക്യത്തോടും കൂടി സ്മരിക്കുകയും ഹല്ലേലൂയ്യാ പാടി അവിടുത്തെ സ്തുതിക്കുകയും ചെയ്യാം.

www.malankaralibrary.com

## അനുഗീതം (ഓനീസാ ദ്വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

ശുശ്രൂ. **സാദരമാത്മവിശുദ്ധി വരുത്തി**
**സോദരഗണമേ, വരുവിൻ നിങ്ങൾ.**

**പാപവിമോചനമേകും ദാനം**
**പരിചൊടു നിത്യം കൈക്കൊണ്ടാലും.**

*(അല്ലെങ്കിൽ)*

ശുശ്രൂ. പാപമോചനത്തിനായി നല്കപ്പെടുന്ന ദാനമിതാ! സഹോദരരേ, വരുവിൻ, തിരുശരീരരക്തങ്ങൾ സ്വീകരിച്ച് വിശുദ്ധി പ്രാപിക്കുവിൻ.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിൽ പങ്കുചേർന്ന് വിശുദ്ധ കുര്യാക്കോസ് ഏലിയാസിന്റെ ഓർമ്മ ആചരിക്കുവാൻ അങ്ങു ഞങ്ങൾക്കു കൃപ നല്കി. ഈ ദാനത്തെപ്രതി അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ, കർത്താവേ, ആശീർവദിക്കണമേ.**

കാർമ്മി. ഞങ്ങളുടെ പ്രത്യാശയായ മിശിഹായേ, പരിശുദ്ധ കുർബാനവഴി നീ ഞങ്ങളുടെ കടങ്ങൾ പൊറുക്കുകയും പാപങ്ങൾ മോചിക്കുകയും നിത്യജീവനിൽ ഞങ്ങളെ പങ്കുചേർക്കുകയും ചെയ്തു. ഈ അമൂല്യദാനം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ. വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെപ്പോലെ ഞങ്ങളും ഈ ഭൂമിയിൽ നിന്നെ ഏറ്റുപറയുന്നതിനും ജീവിതത്തിലൂടെ നിനക്കു സാക്ഷ്യം വഹിക്കുന്നതിനും സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

www.malankaralibrary.com

# സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. പൂജിതനാകും സകലേശൻ
പ്രീതിയൊടെന്നും വാഴ്ത്തുന്നു
തന്റെ വിശുദ്ധരിലതിനാൽ നാം
തിരുനാമത്തിനു സ്തുതിപാടാം.

വിശുദ്ധനായി സദാ
വാരൊളിതൂകും ധന്യാത്മൻ
ചാവറയച്ചനിലൂടെങ്ങും
ചിന്മയരൂപൻ വരമേകി.

നമ്മുടെ സഭയിൽ മാതൃകയായ്
ധരയിൽ ധന്യസമർപ്പിതരെ
ധാരാളം തന്നരുളട്ടെ
സ്നേഹപിതാവാം സകലേശൻ.

കർമ്മവിശുദ്ധി പകർന്നിടുവിൻ
ധന്യാത്മാവിൻ നന്മകളെ
ധ്യാനിച്ചെന്നും നീങ്ങിടുവിൻ ✠
ഇപ്പോഴുമെപ്പൊഴുമെന്നേക്കും.

സമൂ. **ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. വിശുദ്ധരിൽ വസിക്കുകയും അവരിൽ സംപ്രീതനാകുകയും ചെയ്യുന്ന കാരുണ്യവാനായ ദൈവത്തെ നമുക്കു സ്തുതിക്കാം. വിശുദ്ധ കുര്യാക്കോസ് ഏലിയാസിന്റെ മാതൃക അനുകരിച്ച് സഭയ്ക്കും സമൂഹത്തിനുംവേണ്ടി ജീവിക്കുവാൻ ധാരാളം സമർപ്പിതരെ ദൈവം പ്രദാനം ചെയ്യട്ടെ. വിശുദ്ധരായ പൂർവ്വികരെപ്പോലെ ധീരതയോടുകൂടി വിശ്വാസം സംരക്ഷിക്കുവാനും പ്രഘോഷിക്കുവാനും ദൈവം നമ്മെ ശക്തരാക്കട്ടെ. വിശുദ്ധരെ മഹത്ത്വത്തിന്റെ കിരീടമണിയിക്കുന്ന ദൈവം വിശുദ്ധിയുടെ മാർഗ്ഗത്തിലൂടെ നിങ്ങളെ നയിച്ച് നിത്യസമ്മാനത്തിന് അർഹരാക്കട്ടെ. ഈ ദിവ്യരഹസ്യങ്ങളിൽ സംബന്ധിച്ച നിങ്ങളെ ഓരോരുത്തരെയും ദൈവം സമൃദ്ധ മായി അനുഗ്രഹിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

www.malankaralibrary.com

# വിശുദ്ധ അൽഫോൻസ

**ജൂലൈ 28**

## *പ്രാരംഭപ്രാർത്ഥന*

കാർമ്മി. കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായോടുള്ള സ്നേഹത്തെപ്രതി സ്വയം പരിത്യജിച്ച് സ്വന്തം കുരിശുമെടുത്ത് അവിടുത്തെ പിഞ്ചെന്ന വിശുദ്ധ അൽഫോൻസയെ മഹത്ത്വത്തിലേക്ക് ഉയർത്തുവാൻ അങ്ങു തിരുമനസ്സായല്ലോ. ഈ കന്യകയുടെ തിരുനാൾ ആചരിക്കുന്ന ഞങ്ങളെ അങ്ങയോടുള്ള സ്നേഹത്തിൽ നിലനിർത്തണമേ. അങ്ങയുടെ തിരുക്കുമാരന്റെ രക്ഷാകരമായ ബലി ആത്മശരീരവിശുദ്ധിയോടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

### സങ്കീർത്തനമാല (മർമ്മീസ) 144,145,146

### സങ്കീർത്തനം 146

**അഖിലകീർത്തനത്തിനും**
**അർഹനായ ദൈവമേ,**
**ഉചിതമാണു മധുരമാം**
**ദിവ്യനാമകീർത്തനം.**

**മഹിതമാകുമോറെശ്ലേം**
**പണിയുമങ്ങു പാലകൻ**
**ഒരു ഗണത്തിലാക്കുമീ**
**ചിതറിടും ജനങ്ങളെ.**

**തകരുമേതു ഹൃദയവും**
**ശാന്തി കാണ്മതങ്ങയിൽ**
**കനിവിയന്നൊരങ്ങിലീ**
**ഭുവനദുഃഖമുക്തിയും**

**കീർത്തനങ്ങൾ പാടിടാം**
**വാഴ്ത്തിടാം മഹേശനെ**
**കിന്നരങ്ങൾ മീട്ടിയാ**
**നാമഗീതി പാടിടാം.**

**അഭയമാർന്നിടുന്നിതാ**
**ഭയമിയന്ന മാനവർ**
**ശാന്തി തേടിടുന്നിതാ**
**തന്നിലെന്നുമാകുലർ.**

**താതനെന്ന പോലവേ**
**സുതനുമാത്മനും സദാ**
**സ്തുതിയനാദികാലവും**
**നിത്യമെങ്ങുമെപ്പൊഴും.**

*(അല്ലെങ്കിൽ)*

കാർമ്മി. നമ്മുടെ ദൈവത്തെ സ്തുതിക്കുന്നത് നല്ലതും ഉചിതവുമാകുന്നു. അവിടുന്നു സ്തുത്യർഹനാകുന്നു.

സമൂ. സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ. വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

കാർമ്മി. കർത്താവ് ഓറശ്ലത്തെ പണിയുകയും ഇസ്രായയേലിൽ നിന്നും ചിതറിപ്പോയവരെ ഒരുമിച്ചുകൂട്ടുകയും ചെയ്യുന്നു.

സമൂ. കർത്താവു ഹൃദയം തകർന്നവരെ സുഖപ്പെടുത്തുകയും ആകുലതകൾ ഇല്ലാതാക്കുകയും ചെയ്യും.

കാർമ്മി. കർത്താവ് എളിയവരെ ഉയർത്തുന്നു. ദുഷ്ടരെ താഴ്ത്തുകയും ചെയ്യുന്നു.

സമൂ. തന്നെ ഭയപ്പെടുന്നവരെയും തന്റെ കൃപയിൽ പ്രത്യാശ വയ്ക്കുന്നവരെയും കർത്താവ് ഇഷ്ടപ്പെടുന്നു.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി. സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ. വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

www.malankaralibrary.com

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

ഗായക I. *നിഷ്കളങ്കരായി വ്യാപരിക്കുന്നവർ ഭാഗ്യവാന്മാർ.*

ഓർമ്മിക്കുകയായ് നിന്റെ വിശുദ്ധരെ ഞങ്ങൾ സാഘോഷം...
അഭയം തേടുകയായിവരെല്ലാം പ്രാർത്ഥനയിൽ
അവരുടെ പ്രാർത്ഥനയഭയം നല്കും തിരുനാഥാ
കരുണാമാരി പൊഴിച്ചു നിതാന്തം കാക്കണമേ
അഴിയും ഗോതമ്പിൻ മണിയായി ഉലകിൽ ഫലമേകാൻ

ഗായക II. *എന്റെ ജീവിതത്തിന്റെ എല്ലാ ദിവസങ്ങളിലും*

ഓർമ്മിക്കുകയായ് നിന്റെ വിശുദ്ധരെ ഞങ്ങൾ സാഘോഷം...

ഗായക I. *പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

സ്ലീവായെന്നും മർത്യഗണത്തിൻ രക്ഷാസങ്കേതം
മർത്യർക്കെല്ലാമഭയം നല്കും കോട്ടയുമാം
കുരിശിതിൽ ഞങ്ങൾ വിജയിക്കട്ടെ ദുഷ്ടനെയും
അതുപോലവനുടെ കെണികളെയെല്ലാം നീക്കിടുവാൻ
വാഴ്ത്തിവണങ്ങാം കുരിശിനെയെന്നും രക്ഷിതരാ
യീടാൻ

ഗായക II. *ആദിമുതൽ എന്നേക്കും, ആമ്മേൻ.*

സ്ലീവായെന്നും മർത്യഗണത്തിൻ രക്ഷാസങ്കേതം...

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം...)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലൂയ്യാ ഗീതികളാൽ
വിശുദ്ധയാം അൽഫോൻസാതൻ

നിർമ്മലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

## ഹല്ലേലൂയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**നിർമ്മലമാർഗ്ഗം പിൻതുടരുന്നോർ
നിസ്തുലമാകും ഭാഗ്യമെഴുന്നോർ.**

**കർത്താവിൻ തിരുവചനം കാക്കും
മർത്ത്യരിഹത്തിൽ ഭാഗ്യമിയന്നോർ.**

**തെറ്റുകളില്ലാതീശ്വരമാർഗ്ഗം
തേടുന്നവരും ഭാഗ്യമെഴുന്നോർ.**

**താതനുമതുപോൽസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ദരിദ്രർക്കു സുവിശേഷം പ്രസംഗിക്കപ്പെടുന്നു എന്നരുളിച്ചെയ്ത മിശിഹായേ, സുവിശേഷഭാഗ്യങ്ങൾക്കൊത്തവിധം ജീവിച്ചുകൊണ്ട് നിന്റെ സത്യത്തിനു സാക്ഷികളാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ മാതൃകയനുസരിച്ച് നിന്നോടുകൂടി മരിക്കുവാൻ സന്നദ്ധരായ അനേകം മിഷനറിമാരെ ഭാരതത്തിനു നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കുവാൻ ശിഷ്യന്മാരെ നിയോഗിച്ച മിശിഹായേ, ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷികളെയും പ്രേഷിതരംഗങ്ങളിൽ ജോലി

www.malankaralibrary.com

ചെയ്യുന്ന എല്ലാവരെയും ആത്മാവിന്റെദാനങ്ങൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ജീവിതത്തിലെ വിവിധരംഗങ്ങളിൽ ജോലി ചെയ്യുന്നവർ സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കുവാൻ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമൃദ്ധമായി നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ദൈവസ്നേഹത്തെപ്രതി എല്ലാം സഹിക്കുകയും അതിൽ സന്തോഷം കണ്ടെത്തുകയും ചെയ്ത വിശുദ്ധ അൽഫോൻസയെപ്പോലെ ദൈവേഷ്ടത്തിന് ഞങ്ങളെത്തന്നെ സമർപ്പിക്കുന്നതിനും ജീവിതക്ലേശങ്ങളെയും പ്രയാസങ്ങളെയും വീരോചിതമായി നേരിടുന്നതിനും വേണ്ട അനുഗ്രഹം ഞങ്ങൾക്കു നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. നിലത്തുവീണഴിഞ്ഞ് ഫലം പുറപ്പെടുവിക്കുന്ന ഗോതമ്പുമണിപോലെ ദൈവരാജ്യത്തിന്റെ ഫലങ്ങൾ സഭയിൽ പുറപ്പെടുവിക്കുവാൻ സമർപ്പിതർക്ക് വരം നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും വഴിയിൽ സമർപ്പിതജീവിതം നയിക്കുന്നതിന് തത്പരരും യോഗ്യരുമായ ധാരാളം യുവതീയുവാക്കന്മാരെ വിളിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി. കർത്താവായ ദൈവമേ, അങ്ങയെ പ്രതി എല്ലാം ഉപേ

www.malankaralibrary.com

ക്ഷിക്കുന്നതിനും ക്ലേശങ്ങൾ സഹിക്കുന്നതിനും വിശുദ്ധ അൽഫോൻസയെ അങ്ങു ശക്തയാക്കിയല്ലോ. ആഴമേറിയ വിശ്വാസത്തിന്റെയും ദൈവസ്നേഹത്തിന്റെയും സാക്ഷ്യമായ ഈ സമർപ്പിതജീവിതം ഞങ്ങൾക്കു മാതൃകയാകട്ടെ. ഈ പുണ്യവതിയുടെ മാധ്യസ്ഥ്യം തേടുന്ന ഞങ്ങൾക്ക് പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും അരൂപിയും ദൈവസ്നേഹചൈതന്യവും നല്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ് ...)*

*സകലജനതകളും ഇതു ശ്രവിക്കട്ടെ.*

തിരുസഭമോദിപ്പൂ
വാനവരോടൊപ്പം
സ്തുതികൾപാടിയിതാ
ഭാഗ്യമിയന്നവളായിടും
അൽഫോൻസായുടെ ഓർമ്മദിനം
കനിവാർന്നല്ലോ സകലേശൻ
പാരിൽ നിർമ്മല കന്യകയിൽ
നിസ്തുലമാം കിരണം തൂകിടുവാൻ

*ഭൂവാസികളെല്ലാവരും ഇതു ശ്രദ്ധിച്ചു കേൾക്കട്ടെ.*

തിരുസഭമോദിപ്പൂ...

*(അല്ലെങ്കിൽ)*

***സകലജനതകളും ഇതു ശ്രവിക്കട്ടെ.***

വിശുദ്ധ അൽഫോൻസായുടെ ഓർമ്മ ആചരിക്കുന്ന ഈ ദിവസം തിരുസ്സഭ സന്തോഷിക്കുന്നു. അത്യുന്നതങ്ങളിൽ മാലാഖമാർ ആരാധിക്കുന്ന സർവശക്തനും മഹത്ത്വപൂർണ്ണനുമായ ദൈവത്തെ ഭൂമിയിൽ ഞങ്ങൾ സ്തുതിക്കുന്നു. എന്തെന്നാൽ തന്റെ അനന്തകരുണയാൽ നിസ്സാരരായ മനുഷ്യരാൽ സ്തുതി

www.malankaralibrary.com

ക്കപ്പെടുവാൻ അവിടുന്ന് തിരുമനസ്സായി. സകലത്തിന്റെയും സ്രഷ്ടാവായ ദൈവം എല്ലാവരാലും സ്തുതിക്കപ്പെടട്ടെ.

***ഭൂവാസികളെല്ലാവരും ഇതു ശ്രദ്ധിച്ചു കേൾക്കട്ടെ.***

വിശുദ്ധ അൽഫോൻസായുടെ.....

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. പാപവിമോചനമേകും രക്ഷക
മാംസനിണങ്ങൾ കൈക്കൊള്ളുക നാം**

**ദൈവികജീവൻ നല്കും പൂജിത
ദിവ്യരഹസ്യം മധുരിതമെന്നും.**

**കർത്താവിൻ തിരുവാഗ്ദാനം പോൽ
സ്വർഗം നേടാമന്ത്യദിനത്തിൽ.**

**സ്നേഹമൊടേവം ദിവ്യരഹസ്യം
കൈക്കൊള്ളുന്നോർ ഭാഗ്യമെഴുന്നോർ.**

*(അല്ലെങ്കിൽ)*

സമൂ. നമുക്ക് ആധ്യാത്മിക മേശയെ സമീപിച്ച് പാപപൊറുതിക്കായി മിശിഹായുടെ ശരീരവും രക്തവും സ്വീകരിക്കാം. മാധുര്യം നിറഞ്ഞ മഹാരഹസ്യവും നിത്യജീവന്റെ അച്ചാരവുമാണിത്. സ്നേഹപൂർവം ഇതു സ്വീകരിക്കുന്നവർ പവിത്രീകരിക്കപ്പെടുന്നു. നമ്മുടെ കർത്താവിന്റെ വാഗ്ദാനമനുസരിച്ച് സ്വർഗരാജ്യത്തിനവകാശികളായിത്തീരുകയും ചെയ്യുന്നു.

## അനുഗീതം (ഓനീസാ ദ്വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ. വരുവിൻ സോദരഗണമേ, ദൈവിക
ജീവൻ പകരും ദിവ്യരഹസ്യം.**

**പരിപാവനമാം ഹൃദയത്തോടേ
കൈക്കൊള്ളാം തിരുമാംസനിണങ്ങൾ.**

www.malankaralibrary.com

**ചിന്തകളെല്ലാം ശുദ്ധീകൃതമായ്
സൗഖ്യം നേടാം, നിർമലരാകാം.**

*(അല്ലെങ്കിൽ)*

ശുശ്രൂ.സഹോദരരേ, വരുവിൻ. പാപപൊറുതി നേടി നിത്യജീവൻ പ്രാപിക്കുവാൻ ഈ ദിവ്യരഹസ്യങ്ങൾ നിങ്ങൾ സ്വീകരിക്കുവിൻ. അർഹതയുള്ളവർക്ക് എല്ലാ നന്മകളും നല്കുന്നതും ജീവൻ മറഞ്ഞിരിക്കുന്നതുമായ ഈ വലിയ രഹസ്യത്തെ പരിശുദ്ധമായ ഹൃദയത്തോടെ നിങ്ങൾ സമീപിക്കുവിൻ. ഇതുവഴി നമ്മുടെ ചിന്തകൾ വിശുദ്ധീകരിക്കപ്പെടുകയും രോഗങ്ങൾ സുഖമാക്കപ്പെടുകയും ചെയ്യും. ഹല്ലേലൂയ്യാ.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി.ഞങ്ങളുടെ കർത്താവായ ദൈവമേ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിൽ പങ്കുചേർന്ന് വിശുദ്ധ അൽഫോൻസായുടെ ഓർമ്മ ആചരിക്കുവാൻ അങ്ങു ഞങ്ങൾക്കു കൃപ നല്കി. ഈ ദാനത്തെപ്രതി അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ.ആമ്മേൻ, കർത്താവേ, ആശീർവദിക്കണമേ.**

കാർമ്മി.ഞങ്ങളുടെ പ്രത്യാശയായ മിശിഹായേ, പരിശുദ്ധ കുർബാന വഴി നീ ഞങ്ങളുടെ കടങ്ങൾ പൊറുക്കുകയും പാപങ്ങൾ മോചിക്കുകയും നിത്യജീവനിൽ ഞങ്ങളെ പങ്കുചേർക്കുകയും ചെയ്തു. ഈ അമൂല്യദാനം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ. വിശുദ്ധ അൽഫോൻസായെപ്പോലെ ഞങ്ങളും ഈ ഭൂമിയിൽ നിന്നെ ഏറ്റുപറയുന്നതിനും ജീവിതത്തിലൂടെ നിനക്കു സാക്ഷ്യം വഹിക്കുന്നതിനും സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. അൽഫോൻസാമ്മ നമുക്കേകും
മാതൃകപോലീ ഭുവനത്തിൽ
കുരിശുകളെല്ലാം പേറിടുവാൻ
ദൈവം കൃപയിന്നരുളട്ടെ.

എല്ലാവർക്കും നന്മവരാൻ
എന്നും ത്യാഗപഥം തേടാൻ
പരിശുദ്ധാത്മാവനുവേലം
നരനരുളട്ടെ സൗഭാഗ്യം.

രക്ഷാകരമാമീ ബലിയിൽ
പങ്കാളികളായ്ത്തീർന്നവരേ,
ദൈവൈക്യത്തിൽ ജീവിപ്പിൻ
നിർമ്മലവീഥിയിൽ നീങ്ങിടുവിൻ.

ജീവിതമേകും ക്ലേശങ്ങൾ
ത്യാഗമിയന്നു സഹിക്കാനായ്
ദൈവം ശക്തി പൊഴിക്കട്ടെ ✠
ഇപ്പോഴുമെപ്പോഴുമെന്നേക്കും.

സമൂ. **ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. വിശുദ്ധ അൽഫോൻസായുടെ മാതൃക അനുകരിച്ച് ജീവിത ക്ലേശങ്ങളാകുന്ന കുരിശെടുത്ത് മിശിഹായെ അനുകരിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. മറ്റുള്ളവർക്കുവേണ്ടി ത്യാഗങ്ങൾ സഹിക്കുവാൻ അവിടുന്നു നമ്മെ ശക്തരാക്കട്ടെ. എല്ലാം പവിത്രീകരിക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവായ ദൈവം നമ്മെ വിശുദ്ധിയുടെ മാർഗത്തിലൂടെ സ്വർഗഭാഗ്യത്തിന് അർഹരാക്കട്ടെ. രക്ഷാകരമായ ഈ ദിവ്യരഹസ്യങ്ങളിൽ പങ്കുകാരായ നിങ്ങളെ ദൈവൈക്യത്തിൽ നിരന്തരം ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും ദൈവം അനുഗ്രഹിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

www.malankaralibrary.com

# വിശുദ്ധ എവുപ്രാസ്യ

## ആഗസ്റ്റ് 29

### *പ്രാരംഭപ്രാർത്ഥന*

കാർമ്മി. കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയ പുത്രനായ ഈശോ മിശിഹായോടുള്ള സ്നേഹത്താൽ ജ്വലിച്ച്, നിരന്തരമായ പ്രാർത്ഥനയാലും വീരോചിതമായ തപശ്ചര്യകളാലും നിസ്വാർത്ഥമായ പരോപകാര പ്രവൃത്തികളാലും അവിടുത്തെ പിൻചെന്ന വിശുദ്ധ എവുപ്രാസ്യയെ മഹത്ത്വത്തിലേക്ക് ഉയർത്തുവാൻ അങ്ങ് തിരുമനസ്സായല്ലോ. ഈ പുണ്യാത്മാവിന്റെ ഓർമ്മ ആചരിക്കുന്ന ഞങ്ങളെ അങ്ങയോടുള്ള സ്നേഹത്തിൽ നിലനിർത്തണമേ. അങ്ങയുടെ തിരുക്കുമാരന്റെ രക്ഷാകരമായ ബലി ആത്മശരീര വിശുദ്ധിയോടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

**സങ്കീർത്തനമാല (മർമ്മീസ) 22, 23, 24**
*(രീതി: കർത്താവേ മമ രാജാവേ...)*
**സങ്കീർത്തനം 23**

**കർത്താവാണെന്നജപാലൻ**
**കുറവിനിയൊന്നുമെനിക്കില്ല**
**പച്ചവിരിച്ചൊരു പുൽമേട്ടിൽ**
**ശയ്യയെനിക്കു വിരിക്കുമവൻ.**

> **തെളിനീരൊഴുകും ചോലയിലേ-**
> **യ്ക്കെന്നെ നയിക്കുമവൻ നൂനം**
> **നവമുന്മേഷം പകരുന്നെൻ**
> **പ്രാണനിലേക്കവനന്യൂനം.**

**നീതിപഥത്തിൽ പദമൂന്നാ-**
**നെന്നെ നയിക്കുന്നവനെന്നും**

www.malankaralibrary.com

**മരണത്തിൻ കരിനിഴൽ വീഴും**
**താഴ്‌വരയിൽ ഞാൻ നീങ്ങുകിലും.**

**അവനെന്നരികിൽ നിൽക്കുകയാൽ**
**ഭീതിയശേഷമെനിക്കില്ല**
**നന്മയുമൊപ്പം കരുണയുമെൻ**
**ജീവിതമഖിലം നിലനിൽക്കും.**

**കർത്താവിൻ തിരുഭവനത്തിൽ**
**ഞാനെന്നും നിവസിച്ചീടും**
**വരനിര അനുദിനമേകുമവൻ**
**എന്നെപ്പരിപാലിച്ചീടും.**

**താതനുമതുപോലാത്മജനും**
**റൂഹായ്ക്കും സ്തുതി എന്നേക്കും**
**ആദിമുതല്ക്കെന്നതുപോലെ**
**ആമ്മേൻ ആമ്മേനനവരതം.**

*(അല്ലെങ്കിൽ)*

കാർമ്മി. കർത്താവ് എന്റെ ഇടയനാകുന്നു എനിക്ക് ഒന്നിനും മുട്ടുണ്ടാവുകയില്ല.

സമൂ. സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമെ വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമെ.

കാർമ്മി. സമൃദ്ധമായ പുൽത്തകിടിയിൽ അവിടുന്ന് എന്നെ മേയ്ക്കും പ്രശാന്തമായ ജലാശയത്തിലേക്ക് അവിടുന്ന് എന്നെ നയിക്കും.

സമൂ. അവിടുന്ന് എന്നെ ബലപ്പെടുത്തുകയും തന്റെ നാമത്തിന് ചേർന്ന വിധം നേർവഴിക്ക് എന്നെ നയിക്കുകയും ചെയ്യും.

കാർമ്മി. അങ്ങുന്ന് എന്റെ കൂടെയുള്ളതിനാൽ മരണത്തിന്റെ താഴ്‌വരയിൽ കൂടി നടക്കുവാനും ഞാൻ ഭയപ്പെടുകയില്ല.

സമൂ. അങ്ങേ ചെങ്കോലും വടിയും എനിക്ക് ആശ്വാസം നല്കുന്നു.

കാർമ്മി. എന്റെ ശത്രുക്കളുടെ മുമ്പിൽ അങ്ങുന്നെനിക്ക് വിരുന്നൊരുക്കി.

www.malankaralibrary.com

സമൂ. എന്റെ ശിരസ്സ് തൈലം കൊണ്ടു പൂശി എന്റെ പാന പാത്രം കവിഞ്ഞൊഴുകുന്നു.

കാർമ്മി. എന്റെ ജീവിത കാലം മുഴുവൻ അങ്ങയുടെ അനുഗ്രഹം എന്നെ പിന്തുടരും.

സമൂ. കർത്താവിന്റെ ഭവനത്തിൽ ചിരകാലം ഞാൻ വസിക്കുകയും ചെയ്യും.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

സമൂ. ആദിമുതൽ എന്നേക്കും ആമ്മേൻ.

കാർമ്മി. സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമെ വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമെ.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : പുലരിയിൽ നിദ്രയുണർന്നങ്ങേ...)*

ഗായക I. *നീതിമാന്മാർ അങ്ങയെ പുകഴ്ത്തും.*

നിന്റെ വിശുദ്ധരെ ഞങ്ങളിതാ
ഓർമ്മിക്കുന്നു സാഘോഷം
അനുദിനമവരുടെ പ്രാർത്ഥനയിൽ
അഭയം ഞങ്ങൾ തേടുന്നു.

അവരുടെ യാചന കേട്ടിപ്പോൾ
പാപികളാകും ഞങ്ങളിൽ നീ
കരുണാമാരി പൊഴിക്കണമെ
ശരണം നീതാൻ കർത്താവേ.

നിതരാം ഞങ്ങൾ നിൻ സത്യം
ഘോഷിക്കാൻ കൃപയേകണമെ
നിർമ്മലമാം നിൻ സ്നേഹത്താൽ
ഞങ്ങടെയുള്ളം നിറയട്ടെ.

ഗായക II. *എന്റെ ജീവിതത്തിന്റെ എല്ലാ ദിവസങ്ങളിലും*

നീതിയെഴുന്നവർ ഭുവനത്തിൽ
ലവണമതല്ലോ നിരൂപിച്ചാൽ
അവരുടെയർത്ഥന കേട്ടാലും
കോട്ട നമുക്കതു ലോകത്തിൽ.

www.malankaralibrary.com

അബ്രാഹം പുനരഹറോനും
മോശയുമൊരുനാൾ പ്രാർത്ഥിച്ചു
അവരുടെയാചന കൈകൊണ്ടു
നന്മ നിറഞ്ഞൊരു സർവ്വേശൻ.
ഇന്നീ ഞങ്ങടെ തലമുറയിൽ
നിൻ പ്രിയരായ വിശുദ്ധന്മാർ
നിന്നോടു നാഥാ പ്രാർത്ഥിപ്പു
നല്ലവനേ, നീ കേൾക്കണമെ.

ഗായക I. *പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

സ്ലീവാ നമ്മൾക്കെന്നാളും
നന്മകൾതന്നുറവാണല്ലോ
അതുവഴിയല്ലോ മർത്ത്യഗണം
രക്ഷയുമുയിരും നേടുന്നു.
രക്ഷകനീശോമിശിഹായേ
നിന്നുടെ സ്ലീവാ എന്നാളും
ഞങ്ങൾക്കഭയം നല്കീടും
കോട്ടയുമായി ഭവിക്കട്ടെ.
ഞങ്ങൾ ജയിക്കട്ടതുവഴിയായ്
ദുഷ്ടനെയും തൻകെണികളെയും
കുരിശിതു ഞങ്ങൾക്കാലംബം
കുരിശിനെ ഞങ്ങൾ വണങ്ങുന്നു.

ഗായക II. *ആദിമുതൽ എന്നേക്കും, ആമ്മേൻ.*

സ്ലീവാ നമ്മൾക്കെന്നാളും...

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം...)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലൂയ്യാ ഗീതികളാൽ

www.malankaralibrary.com

വിശുദ്ധയായൊരു കന്യകയാം
എവുപ്രാസ്യാ തൻ ഓർമ്മ ദിനം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ...**

## ഹല്ലേലൂയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**നിർമ്മലമാർഗ്ഗം പിൻതുടരുന്നോർ
നിസ്തുലമാകും ഭാഗ്യമെഴുന്നോർ**

**കർത്താവിൻ തിരുനിയമം കാക്കും
മർത്യരിഹത്തിൽ ഭാഗ്യമിയന്നോർ**

www.malankaralibrary.com

**കുറ്റമെഴാതെ ദൈവികമാർഗം**
**തേടുന്നവരും ഭാഗ്യമെഴുന്നോർ**

**താതനുമതുപോൽ സുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ...ഹല്ലേലുയ്യാ**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും കൂടെനിന്ന് കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമെ എന്ന് പ്രാർത്ഥിക്കാം.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ദരിദ്രർക്ക് സുവിശേഷം പ്രസംഗിക്കപ്പെടുന്നു എന്നരുൾ ചെയ്ത മിശിഹായേ, സുവിശേഷ ഭാഗ്യങ്ങൾക്കൊത്തവിധം ജീവിച്ചുകൊണ്ട് നിന്റെ സത്യത്തിന് സാക്ഷികളാകാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായുടെ മാതൃകയനുസരിച്ച് നിന്നോടുകൂടി മരിക്കുവാൻ സന്നദ്ധരായ അനേകം മിഷനറിമാരെ ഭാരതത്തിന് നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. രക്ഷയുടെ സന്ദേശം ലോകത്തെ അറിയിക്കുവാൻ ശിഷ്യന്മാരെ നിയോഗിച്ച മിശിഹായേ, ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്)

www.malankaralibrary.com

മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും (മെത്രാപ്പോലീത്താ യെയും) അവരുടെ സഹശുശ്രൂഷികളെയും പ്രേഷിതരംഗങ്ങളിൽ സേവനം ചെയ്യുന്ന എല്ലാവരെയും ആത്മാവിന്റെ ദാനങ്ങൾ നല്കി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ജീവിതത്തിലെ വിവിധ രംഗങ്ങളിൽ ജോലി ചെയ്യുന്നവർ സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കുവാൻ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമൃദ്ധമായി നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ലോകരക്ഷകനായ മിശിഹായേ, നിന്നോട് ഐക്യപ്പെട്ട് ദൈവഹിതം ജീവിതാവസാനംവരെ പൂർണ്ണമായി നിറവേറ്റുവാൻ നിരന്തരമായ പ്രാർത്ഥനയും കഠിനമായ തപശ്ചര്യകളും അനുഷ്ഠിച്ച വിശുദ്ധ എവുപ്രാസ്യയെപ്പോലെ പരിത്യാഗവും പ്രായശ്ചിത്തവുംവഴി എല്ലാ സന്യസ്തരും ലോകത്തിന് മാർഗ്ഗദീപമാകാൻ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. ദൈവത്തോടുള്ള ബന്ധത്തിൽ തീക്ഷ്ണതയും, സഹോദരങ്ങളോടുള്ള ബന്ധത്തിൽ അനുകമ്പയും പുലർത്തിയ വിശുദ്ധ എവുപ്രാസ്യയെപ്പോലെ അനുദിനം ജീവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. കർത്താവിന്റെ വിളിയുടെ സ്വരം ശ്രവിച്ചുകൊണ്ട് സ്വയം പരിത്യജിച്ച് സമർപ്പിതജീവിതം നയിക്കുവാൻ, ധാരാളം യുവതീയുവാക്കളെ പ്രചോദിപ്പിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

www.malankaralibrary.com

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി. കർത്താവായ ദൈവമേ, അങ്ങേ ഹിതം വിശ്വസ്തതയോടെ നിറവേറ്റി അങ്ങയുടെ പുത്രന് സാക്ഷ്യം വഹിക്കുവാൻ വിശുദ്ധ എവുപ്രാസ്യയെ അനുഗ്രഹിച്ചുവല്ലോ. അങ്ങയുടെ ജനത്തിന് സേവനം ചെയ്തുകൊണ്ട് സ്നേഹത്തിന്റെ പ്രമാണം പൂർത്തിയാക്കുവാൻ ഞങ്ങളെ ശക്തരാക്കണമേ. സഹനങ്ങളെ സന്തോഷപൂർവ്വം സ്വീകരിക്കുവാനും ത്യാഗപൂർണ്ണമായ ജീവിതംവഴി അങ്ങയെ മഹത്ത്വപ്പെടുത്തുവാനും ഞങ്ങളെ സഹായിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: പുലരിയിൽ നിദ്രയുണർന്നങ്ങേ ...)*

*സകല ജനങ്ങളും ഇതു ശ്രവിക്കട്ടെ,*

തിരുസഭ മോദിപ്പൂ
വാനവരോടൊപ്പം
സ്തുതികൾ പാടിയിതാ
വിശുദ്ധയായി വിളങ്ങീടും
എവുപ്രാസ്യയുടെ ഓർമ്മദിനം
കനിവാർന്നല്ലോ സകലേശൻ
പാരിൽ നിർമ്മല കന്യകയിൽ
നിസ്തുലമാം  കിരണം തൂകിടുവാൻ

*ഭൂവാസികളെല്ലാവരും ഇതു ശ്രദ്ധിച്ചു കേൾക്കട്ടെ.*

തിരുസഭ മോദിപ്പൂ....

*(അല്ലെങ്കിൽ)*

*സകല ജനങ്ങളും ഇതു ശ്രവിക്കട്ടെ,*

വിശുദ്ധ എവുപ്രാസ്യയുടെ ഓർമ്മ ആചരിക്കുന്ന ഈ ദിവസം തിരുസഭ സന്തോഷിക്കുന്നു. അത്യുന്നതങ്ങളിൽ മാലാഖമാർ ആരാധിക്കുന്ന സർവ്വശക്തനും മഹത്ത്വപൂർണ്ണനുമായ ദൈവ

www.malankaralibrary.com

ത്തെ ഭൂമിയിൽ ഞങ്ങൾ സ്തുതിക്കുന്നു. എന്തെന്നാൽ തന്റെ അനന്തകരുണയാൽ നിസ്സാരരായ മനുഷ്യരാൽ സ്തുതിക്കപ്പെടുവാൻ അവിടുന്ന് തിരുമനസ്സായി. സകലത്തിന്റെയും സ്രഷ്ടാവായ ദൈവം എന്നെന്നും ആരാധിക്കപ്പെട്ടെ.

*ഭൂവാസികളെല്ലാവരും ഇതു ശ്രദ്ധിച്ചു കേൾക്കട്ടെ.*

തിരുസഭ മോദിപ്പൂ....

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ. പാപവിമോചനമേകും രക്ഷക**
**മാംസനിണങ്ങൾ കൈക്കൊള്ളുക നാം.**
**ദൈവികജീവൻ നൽകും പൂജിത**
**ദിവ്യരഹസ്യം മധുരിതമെന്നും.**
**കർത്താവിൻ തിരുവാഗ്ദാനം പോൽ**
**സ്വർഗ്ഗം നേടാമന്ത്യദിനത്തിൽ**
**സ്നേഹമൊടേവം ദിവ്യരഹസ്യം**
**കൈക്കൊള്ളുന്നോർ ഭാഗ്യമെഴുന്നോർ.**

*(അല്ലെങ്കിൽ)*

സമൂ. നമുക്ക് ഈ ആത്മീയമേശയെ സമീപിച്ച് പാപപ്പൊറുതിക്കായ് മിശിഹായുടെ ശരീരവും രക്തവും സ്വീകരിക്കാം. മാധുര്യം നിറഞ്ഞ ദിവ്യരഹസ്യവും നിത്യജീവന്റെ അച്ചാരവുമാണിത്. ഭക്ത്യാദരപൂർവ്വം ഇതു സ്വീകരിച്ച് നമുക്ക് സ്വർഗ്ഗരാജ്യത്തിന് അവകാശികളായിത്തീരാം.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ. വരുവിൻ സോദര ഗണമേ, ദൈവിക**
**ജീവൻ പകരും ദിവ്യരഹസ്യം.**
**പരിപാവനമാം ഹൃദയത്തോടെ**
**കൈക്കൊള്ളാം തിരുമാംസനിണങ്ങൾ.**
**ചിന്തകളെല്ലാം ശുദ്ധീകൃതമായ്**
**സൗഖ്യം നേടാം നിർമ്മലരാകാം.**

www.malankaralibrary.com

*(അല്ലെങ്കിൽ)*

ശുശ്രൂ. സഹോദരരേ, വരുവിൻ. പാപപ്പൊറുതി നേടി നിത്യ ജീവൻ പ്രാപിക്കുവാൻ ഈ ദിവ്യരഹസ്യങ്ങൾ നിങ്ങൾ സ്വീകരിക്കുവിൻ. അർഹതയുള്ളവർക്ക് എല്ലാ നന്മകളും നല്കുന്നതും ജീവൻ പ്രദാനംചെയ്യുന്നതുമായ ഈ വലിയ രഹസ്യത്തെ പരിശുദ്ധമായ ഹൃദയത്തോടെ നിങ്ങൾ സമീപിക്കുവിൻ. ഇതു വഴി നമ്മുടെ ചിന്തകൾ വിശുദ്ധീകരിക്ക പ്പെടുകയും രോഗങ്ങൾ സുഖമാക്കപ്പെടുകയും ചെയ്യും. ഹല്ലേലൂയ്യാ.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യ ങ്ങളിൽ പങ്കുചേർന്ന് വിശുദ്ധ എവുപ്രാസ്യയുടെ ഓർമ്മയാ ചരിക്കുവാൻ അങ്ങു ഞങ്ങൾക്ക് കൃപ നല്കി. ഈ ദാനത്തെ പ്രതി അങ്ങേക്ക് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ട വരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമെ.**

കാർമ്മി. മനുഷ്യവർഗ്ഗത്തിന്റെ പ്രത്യാശയായ മിശിഹായേ, പരിശുദ്ധ കുർബാനവഴി നീ ഞങ്ങളുടെ കടങ്ങൾ പൊറുക്കുകയും പാപങ്ങൾ മോചിക്കുകയും നിത്യജീവനിൽ ഞങ്ങളെ പങ്കുചേർക്കുകയും ചെയ്തു. ഈ അമൂല്യദാനം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ. വിശുദ്ധ എവുപ്രാസ്യയെപ്പോലെ ഞങ്ങളും ഈ ഭൂമിയിൽ നിന്നെ ഏറ്റുപറയുന്നതിനും ജീവിത ത്തിലൂടെ നിനക്കു സാക്ഷ്യംവഹിക്കുന്നതിനും സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. പ്രീതൻ ദൈവം പൂജിതരാം
പുണ്യാത്മാക്കളിലെന്നാളും

www.malankaralibrary.com

സ്നേഹിക്കുന്നു വിശുദ്ധിയെയി–
ന്നവനിയിൽ നിതരാം സകലേശൻ.
ആത്മാവിൻ തിരുവചനവുമായ്
ജീവിതശുദ്ധിവരിച്ചവളാം
എവുപ്രാസ്യാതൻ മാതൃകയീ
ഭൂവിനു പരിമളമരുളട്ടെ.
തിരുഹൃദയത്തിൻ തണലിലവൾ
വേദനയഖിലവുമർപ്പിച്ചു
ജീവിത ദൗത്യം നിറവേറ്റി
ദീപ്തി പരത്തി കന്യകയാൾ
കൃപയാലെന്നും പൂരിതരായ്
സാക്ഷ്യം നല്കാൻ ധര തന്നിൽ
ദൈവം നൽവരമരുളട്ടെ ✠
ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. നമ്മെ സ്നേഹിക്കുകയും തന്റെ കൃപയിലൂടെ നമുക്ക് ആശ്വാസവും നല്ല പ്രത്യാശയും നല്കുകയും ചെയ്ത ദൈവം മഹത്ത്വപ്പെടട്ടെ. പരിശുദ്ധവും ജീവദായകവുമായ തിരുശ്ശരീരങ്ങളുടെ പരികർമ്മംവഴി തന്റെ രക്ഷാകരപദ്ധതിയിൽ നമ്മെ പങ്കുകാരാക്കിയ കർത്താവ് സഭയിൽ വാഴ്ത്തപ്പെട്ടവനാകട്ടെ. വിശുദ്ധ എവുപ്രാസ്യയെ അനുകരിച്ച് നിരന്തരമായ പ്രാർത്ഥനയും വീരോചിതമായ സഹനവുംവഴി സകലർക്കും ശുശ്രൂഷ ചെയ്യുവാൻ അവിടുന്ന് നമ്മെ ശക്തരാക്കട്ടെ. സ്നേഹത്തോടും വിനയത്തോടുംകൂടിയുള്ള ശുശ്രൂഷവഴി മിശിഹായുടെ യഥാർത്ഥ ശിഷ്യരാകുവാനും, അവിടുത്തെ സജീവ സാക്ഷികളാകുവാനും വേണ്ട കൃപയും അനുഗ്രഹവും ദൈവം നിങ്ങളിൽ വർഷിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# സകല മരിച്ചവരുടെയും ഓർമ്മ

## *പ്രാരംഭപ്രാർത്ഥന*

**കാർമ്മി.** കർത്താവായ ദൈവമേ, മരണംമൂലം വേർപെട്ടു പോയ ഞങ്ങളുടെ സഹോദരർക്ക് നിത്യജീവൻ പ്രദാനം ചെയ്യണമേ. മിശിഹായിൽ അവരുടെ ഓർമ്മ ആചരിച്ചുകൊണ്ട് മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി ഈ ദിവ്യരഹസ്യങ്ങൾ വിശുദ്ധിയോടെ പരികർമ്മം ചെയ്യുവാൻ ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ.** **ആമ്മേൻ.**

### സങ്കീർത്തനമാല (മർമ്മീസ) 130, 131, 132

*(രീതി: കർത്താവേ, മമരാജാവേ...)*

### സങ്കീർത്തനം - 130

**ആഴത്തിൽ നിന്നു ഞാൻ**
**ആർദ്രമായ്ക്കേഴുന്നു**
**ദൈവമേ എന്നെ നീ കേൾക്കേണമേ.**

**പാപങ്ങളെല്ലാം നീ**
**ഓർത്തിരുന്നാൽ നാഥാ**
**ആരാരീലോകത്തിൽ രക്ഷ നേടും.**

**പാപത്തിൻ മോചനം**
**നിന്നിൽ ഞാൻ തേടുന്നു**
**നീയാണെൻ മോക്ഷവും പ്രത്യാശയും.**

**പുലരുവാൻ കാക്കുന്ന**
**കാവൽക്കാരെന്നപോൽ**
**സകലേശാ നിന്നെ ഞാൻ കാത്തിരിപ്പൂ.**

**പാപങ്ങൾ മോചിക്കും**
**കാരുണ്യവാരിധേ,**
**ആത്മാക്കൾക്കാശ്വാസം നല്കേണമേ.**

www.malankaralibrary.com

താതനും പുത്രനും
റൂഹായ്ക്കുമാദരാൽ
കീർത്തനഗീതികളെന്നേരവും

## സങ്കീർത്തനം - 88
*(രീതി: കർത്താവേ, മമരാജാവേ...)*

നാഥാ, നിന്റെ സഹായം ഞാൻ
യാചിക്കുന്നു പകലെല്ലാം
രാവിലുമങ്ങേ സന്നിധിയിൽ
വാവിട്ടേവം വിലപിപ്പൂ.

എന്നർത്ഥനകൾ നിൻ മുമ്പിൽ
വന്നെത്താനിടയാകട്ടെ
എൻ വിളികൾക്കായ് സദയം നീ
നിൻ ചെവി ചായ്ച്ചു ശ്രവിക്കണമേ.

അന്യനിലാശ്രയമിനിയില്ല
നിന്നെത്തന്നെ വിളിപ്പൂ ഞാൻ
കൈകളുയർത്തിത്തിരുമുമ്പിൽ
കരയുന്നൂ ഞാൻ കർത്താവേ.

പുലരികൾ തോറും നിൻമുമ്പിൽ
നിലവിളിയായ് ഞാനെത്തുന്നു
കർത്താവേ, ഞാനുച്ചത്തിൽ
പ്രാർത്ഥിക്കുന്നു വിലാപത്തിൽ.

ഇരുളിൽ മുങ്ങിത്താഴുമ്പോൾ
കരമൊന്നേകാനാരുള്ളൂ
കൈകളുയർത്തിത്തിരുമുമ്പിൽ
കരയുന്നൂ ഞാൻ കേൾക്കണമേ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേൻ ആമ്മേനനവരതം.

www.malankaralibrary.com

*(അല്ലെങ്കിൽ)*

**സങ്കീർത്തനം 130**

കാർമ്മി. കർത്താവേ, അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു. കർത്താവേ, എന്റെ ശബ്ദം കേൾക്കണമേ.

സമൂ. മരിച്ചവരെ ഉയർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

കാർമ്മി. എന്റെ പ്രാർത്ഥന ചെവിക്കൊള്ളണമേ. കർത്താവേ, നീ പാപങ്ങളെല്ലാം ഓർത്തിരിക്കുമെങ്കിൽ ആർക്കു രക്ഷയുണ്ടാകും?

സമൂ. എന്തുകൊണ്ടെന്നാൽ, പാപമോചനം നിന്റെ പക്കൽ നിന്നാകുന്നുവല്ലോ. കർത്താവിൽ ഞാൻ ശരണപ്പെടുന്നു.

കാർമ്മി. എന്റെ പ്രതീക്ഷ അവന്റെ വാഗ്ദാനത്തിലാകുന്നു. പുലരിയാവാൻ കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ കർത്താവേ, നിന്നെ ഞാൻ കാത്തിരിക്കുന്നു.

സമൂ. പുലരിയാവാൻ കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ

ഇസ്രായേലും കർത്താവിനെ കാത്തിരിക്കുന്നു.

കാർമ്മി. എന്തുകൊണ്ടെന്നാൽ, അവൻ കരുണയുള്ളവനാകുന്നു.

പൂർണ്ണമായ രക്ഷയും അവന്റെ പക്കലാകുന്നു.

സമൂ. ഇസ്രായേലിനെ അതിന്റെ പാപങ്ങളിൽ നിന്നെല്ലാം അവൻ രക്ഷിക്കും.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

കാർമ്മി. മരിച്ചവരെ ഉയർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

*(അല്ലെങ്കിൽ)*

**സങ്കീർത്തനം – 88**

കാർമ്മി. കർത്താവേ, പകൽ മുഴുവൻ ഞാൻ സഹായത്തിനപേക്ഷിക്കുന്നു. രാത്രിയിൽ അങ്ങയുടെ സന്നിധിയിൽ നിലവിളിക്കുന്നു.

www.malankaralibrary.com

സമൂ. യോർദ്ദാനിൽ നിന്ന് മാമ്മോദീസ സ്വീകരിക്കുകയും അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ, നീ അനുഗൃഹീതനാകുന്നു.

കാർമ്മി. എന്റെ പ്രാർത്ഥന അങ്ങയുടെ മുമ്പിൽ എത്തുമാറാകട്ടെ.

സമൂ. എന്റെ നിലവിളിക്കു ചെവിചായ്ക്കണമേ.

കാർമ്മി. കർത്താവേ, എന്നും ഞാനങ്ങയെ വിളിച്ചപേക്ഷിക്കുന്നു.

സമൂ. ഞാനങ്ങയുടെ സന്നിധിയിലേക്ക് കൈകളുയർത്തുന്നു.

കാർമ്മി. കർത്താവേ, ഞാനങ്ങയോടു നിലവിളിച്ചപേക്ഷിക്കുന്നു.

സമൂ. പ്രഭാതത്തിൽ എന്റെ പ്രാർത്ഥന അങ്ങയുടെ സന്നിധിയിൽ എത്തുന്നു.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

കാർമ്മി. യോർദ്ദാനിൽ നിന്ന് മാമ്മോദീസ സ്വീകരിക്കുകയും അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ, നീ അനുഗൃഹീതനാകുന്നു.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

*ഗായക I.* ***നീ എന്നേക്കും നിത്യ പുരോഹിതനാകുന്നു.***

**നിത്യവിമോചകനീശോ നാഥാ ബലിയായ്ത്തീർന്നു നീ**
**പാപകടങ്ങൾ നീക്കിടുവാനായി കാൽവരിയിൽ**
**മർത്യവികാരം നീയറിയുന്നു നിശ്ചയമായ്**
**സഹനംകൊണ്ടീ ജീവിതമങ്ങേ കൃപയാലേ**
**മർത്യനു രക്ഷ പകർന്നിടുവാനായ് പീഡകളേറ്റിളയിൽ**

*ഗായക II.* ***മെൽക്കിസ്ദേക്കിനോടു സാമ്യമുള്ള നിത്യപുരോഹിതൻ.***

**നിത്യവിമോചകനീശോ നാഥാ ബലിയായ്ത്തീർന്നു നീ...**

*ഗായക I.* ***പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**നന്മകൾ നല്കാനുറവ കണക്കേ സ്ലീവാ കൺ മുൻപിൽ**
**രക്ഷയുമുയിരും നേടാൻ സ്ലീവാ ധരയിങ്കൽ**
**രാജാവാകും മിശിഹാനാഥാ കനിയണമേ**
**കെണികൾ നീക്കാൻ സ്ലീവായെന്നും ശക്തിതരും**
**വാഴ്ത്തിവണങ്ങും, കുരിശാണവനിയിൽ മാന വനാലംബം**

*ഗായക II.* ***ആദിമുതൽ എന്നേക്കും, ആമ്മേൻ.***

**നന്മകൾ നല്കാനുറവ കണക്കേ സ്ലീവാ കൺമുൻപിൽ.......**

## പ്രകീർത്തനം (ശൂറായ)

*(രീതി: അംബരമനവരതം...)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

നാഥാ നിന്റെയരൂപിയെ നീ
ഞങ്ങളിലെന്നുമയയ്ക്കണമേ
മൃതരിൽ കരുണപൊഴിക്കണമേ
നിത്യവിമോചനമേകണമേ
പ്രാർത്ഥിക്കാം നാഥാ, നീ കനിയൂ

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു

**സമൂ.** **നാഥാ നിന്റെയരൂപിയെ നീ...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ.** **നാഥാ നിന്റെയരൂപിയെ നീ...**

www.malankaralibrary.com

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. നാഥാ നിന്റെയരൂപിയെ നീ...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. നാഥാ നിന്റെയരൂപിയെ നീ...**

## ഹല്ലേലുയ്യാഗീതം (സൂമാറ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

**നാഥാ, നിന്റെ ദയയ്ക്കു സമാനം
കാരുണ്യം നീ ചൊരിയണമെന്നിൽ**

**മാമകപാപകടങ്ങളശേഷം
കണ്ണിനു മുമ്പിൽ കാണുന്നു ഞാൻ**

**ദുർഭഗനെന്നിൽ കാരുണ്യം നീ
മാരികണക്കു പൊഴിക്കണമെന്നും**

**താതനുമതുപോൽസുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ. നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രതീക്ഷയോടും കൂടി നിന്ന് 'കർത്താവേ നിന്നോടു ഞങ്ങൾ യാചിക്കുന്നു' എന്നപേക്ഷിക്കാം.

www.malankaralibrary.com

**സമൂ. കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. മാമ്മോദീസാവഴി സ്വർഗ്ഗരാജ്യത്തിന് അവകാശിയാവുകയും മരണംവഴി ഞങ്ങളിൽനിന്നു വേർപിരിയുകയും ചെയ്ത ഞങ്ങളുടെ സഹോദരൻ (സഹോദരി) (പേര്) നെ നിത്യഭാഗ്യത്തിൽ ചേർക്കണമെന്ന്,

**സമൂ. കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. ശുദ്ധീകരണസ്ഥലത്തിൽ സങ്കടമനുഭവിക്കുന്ന ഞങ്ങളുടെ സഹോദരങ്ങളെ നിത്യാശ്വാസമരുളി അനുഗ്രഹിക്കണമെന്ന്.

**സമൂ. കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. മിശിഹായുടെ പീഡാനുഭവങ്ങളെക്കുറിച്ച് മരിച്ചവരുടെ കടങ്ങൾ മോചിക്കുവാൻ കരുണയുണ്ടാകണമെന്ന്.

**സമൂ. കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞ ഞങ്ങളുടെ സഹോദരങ്ങളെ മിശിഹായുടെ ഉയിർപ്പിന്റെ മഹത്ത്വത്തിൽ പങ്കുകാരാക്കണമെന്ന്.

**സമൂ. കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. മിശിഹായുടെ ശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെട്ടവരും മരണനിദ്ര പ്രാപിച്ചവരുമായ ഞങ്ങളുടെ സഹോദരങ്ങളെ നിത്യജീവൻ നല്കി അനുഗ്രഹിക്കണമെന്ന്.

**സമൂ. കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. സൂര്യനെ വെല്ലുന്ന ശോഭയോടെ ഞങ്ങളും അവസാന വിധി ദിവസത്തിൽ ഉയിർത്തെഴുന്നേല്ക്കുവാൻ വരം തരണമെന്ന്.

**സമൂ. കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. ലോകാരംഭം മുതൽ നീതിമാന്മാർക്കായി സജ്ജമാക്കിയിരിക്കുന്ന സ്വർഗ്ഗരാജ്യത്തിൽ ഞങ്ങളും എത്തിച്ചേരുവാൻ ഇടയാക്കണമെന്ന്.

സമൂ. കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

www.malankaralibrary.com

**സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയോടു ഞങ്ങൾ വിനയപൂർവ്വം പ്രാർത്ഥിക്കുന്നു. അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ. ഞങ്ങളുടെ മരിച്ചവരുടെ കടങ്ങൾ ക്ഷമിക്കുകയും അവരെ നിത്യമഹത്ത്വമണിയിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ് ...)*

*അങ്ങയുടെ പ്രീതിക്കു പാത്രീഭൂതനായവൻ ഭാഗ്യവാൻ.*

പ്രതിഫലമേകീടാൻ
നീതിവിധിക്കായ് നീ
ആഗതനാകുമ്പോൾ
നന്മകളൊപ്പം തിന്മകളും
നോക്കി വിധിക്കും വേളയതിൽ
നിണഗാത്രങ്ങൾ കൈക്കൊള്ളും
ഞങ്ങൾ നിൻ കൃപ കാണട്ടെ
നാഥാ നീ നിത്യം വിധിയാളൻ

*വാക്കോ പ്രസംഗമോ ഇല്ല.*

പ്രതിഫലമേകീടാൻ...

*(അല്ലെങ്കിൽ)*

*അങ്ങയുടെ പ്രീതിക്കു പാത്രീഭൂതനായവൻ ഭാഗ്യവാൻ.*

മാലാഖമാരാൽ പരിശുദ്ധൻ എന്ന് പ്രകീർത്തിക്കപ്പെടുന്നവനും ഞങ്ങളെ അത്യധികം സ്നേഹിക്കുന്ന രക്ഷകനുമായ മിശിഹായേ, കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനുമായി ഞങ്ങൾ ജീവിതത്തിലെ എല്ലാ ദിവസവും അങ്ങയോടു പ്രാർത്ഥിക്കുന്നു. നിന്റെ ന്യായാസനത്തിൻ മുമ്പാകെ പ്രതിഫലം പ്രാപിക്കുവാൻ ഞങ്ങൾ നിറുത്തപ്പെടുകയും

www.malankaralibrary.com

ഞങ്ങളുടെ നന്മതിന്മകൾക്കനുസൃതം നീതിവിധി നടത്തുകയും ചെയ്യുമ്പോൾ, കർത്താവേ, നിന്റെ ശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെട്ടവരുടെമേൽ കരുണയായിരിക്കണമേ.

*വാക്കോ പ്രസംഗമോ ഇല്ല*

മാലാഖമാരാൽ പരിശുദ്ധൻ എന്ന് പ്രകീർത്തിക്കപ്പെടുന്നവനും....

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ.** **വേഗമുയിർക്കും മൃതരെല്ലാരും**
**നിന്നുടെ ശബ്ദം കേൾക്കുന്നേരം**

**ജീവൻ നല്കിയ നാഥനു നിത്യം**
**സ്തുതിഗീതങ്ങൾ പാടീടുന്നു.**

*(അല്ലെങ്കിൽ)*

**സമൂ. കർത്താവ് വാഴ്ത്തപ്പെട്ടവനാകട്ടെ. എന്തുകൊണ്ടെന്നാൽ, അവിടുത്തെ സ്വരം മരിച്ചവരെ കല്ലറകളിൽ നിന്നുയിർപ്പിക്കുന്നു. ഉയിർത്തെഴുന്നേറ്റ അവർ തങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിച്ചവന് സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു.**

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ശുശ്രൂ.** **മിശിഹാനാഥൻ സ്വർഗ്ഗപദത്തിൽ**
**വാതിൽ തുറന്നു ജീവൻ നല്കി.**

**തിരുമെയ്യും തിരുനിണവും വഴിയായ്**
**രക്ഷിതരാകും മൃതരെല്ലാരും.**

*(അല്ലെങ്കിൽ)*

ശുശ്രൂ.മരത്തിൽ നിന്നുള്ള ഫലം കല്ലറയിലേക്കുള്ള വഴി തുറന്നുവെങ്കിൽ നമ്മുടെ വംശത്തിന്റെ പ്രത്യാശയായ മിശിഹാ നമുക്ക് സ്വർഗ്ഗത്തിലേക്കുള്ള വഴി തുറന്നു തന്നു. രക്ഷ അറിയിക്കുന്നവന്റെ സ്വരംകേട്ട് മരിച്ചവർ ജീവിക്കുകയും അവർ

www.malankaralibrary.com

ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുന്നു. സഹോദരരേ, വരുവിൻ, മിശിഹായുടെ തിരുശരീരരക്തങ്ങൾ സ്വീകരിച്ച് മരിച്ചവരുടെ ഉയിർപ്പ് നമുക്ക് പ്രഘോഷിക്കാം.

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, മർത്യരായ ഞങ്ങളെ ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിൽ പങ്കുചേരുവാൻ കാരുണ്യപൂർവ്വം അങ്ങ് യോഗ്യരാക്കി. ഞങ്ങളോടു കാണിച്ച ഈ വലിയ കൃപയെപ്രതി അങ്ങയുടെ മഹനീയ നാമത്തിന് എപ്പോഴും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ. ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി. മനുഷ്യവർഗ്ഗത്തിന്റെ പ്രത്യാശയായ മിശിഹായേ, അമർത്യതയുടെ ഔഷധമായ ഈ കുർബാനവഴി നീ ഞങ്ങളുടെ കടങ്ങളും പാപങ്ങളും മോചിക്കുകയും ഞങ്ങളുടെ ആത്മാക്കളെ പരിപോഷിപ്പിക്കുകയും ചെയ്തു. അമൂല്യമായ ഈ ദാനത്തെ പ്രതി നിനക്കു ഞങ്ങൾ നന്ദി പറയുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. മരണംമൂലം മരണത്തെ
വിജയിച്ചവനാം കർത്താവേ,
നിൻ തിരുനാമം, ചിരകാലം
വാഴ്ത്തിപ്പാടി നമിക്കുന്നു.

'നാഥാ, നിന്നിൽ മരിച്ചാലും
ജീവിച്ചീടും', ചൊന്നൂനീ
നിൻ തിരുരക്തശരീരങ്ങൾ
കൈക്കൊള്ളുന്നവരെല്ലാരും.

www.malankaralibrary.com

വാഗ്ദാനം നരനേകി നീ
സ്വർഗ്ഗം നേടിടുമൊരുനാളിൽ
മരണമടഞ്ഞവരെല്ലാരും
നിന്നിൽ ജീവൻ പുണരട്ടെ.

അവരുടെ സ്മരണയുണർത്തിടുമീ
ബലിയിൽ ചേർന്നവരെല്ലാരും
കൃപയാലെന്നും നിറയട്ടെ ✠
ഇപ്പോഴുമെപ്പൊഴുമെന്നേക്കും.

സമൂ. **ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. കുരിശുമരണംവഴി മരണത്തെ പരാജയപ്പെടുത്തുകയും നിത്യജീവൻ നമുക്കു നേടിത്തരുകയും ചെയ്ത മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. തന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കുമെന്നും തന്റെ ശരീരരക്തങ്ങൾ സ്വീകരിക്കുന്നവർ സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തുമെന്നുമുള്ള അവിടുത്തെ വാഗ്ദാനം മരണംമൂലം നമ്മിൽനിന്നു വേർപിരിഞ്ഞുപോയ സഹോദരരിലും നമ്മിലും നിറവേറട്ടെ. കർത്താവിൽ മരണനിദ്ര പ്രാപിച്ചവർ ഉയിർപ്പിന്റെ മഹത്ത്വത്തിൽ പങ്കുകാരായി ദൈവത്തിന്റെ വലത്തുഭാഗത്തു നില്ക്കുവാൻ യോഗ്യരാകട്ടെ. അവരുടെ സ്മരണ ആചരിച്ചുകൊണ്ട് ഈ കുർബാനയിൽ പങ്കെടുത്ത നിങ്ങളെ ജീവന്റെയും മരണത്തിന്റെയും നാഥനായ അവിടുന്ന് സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

www.malankaralibrary.com

# മൂന്നുനോമ്പ്
# നിനിവേ ഉപവാസം

*(മൂന്നു നോമ്പിലെ തിങ്കൾ, ചൊവ്വ, ബുധൻ എന്നീ ദിവസങ്ങളിലും തുടർന്നുള്ള വ്യാഴാഴ്ചയും ഉപയോഗിക്കാവുന്നത്)*

## *പ്രാരംഭപ്രാർത്ഥന*

കാർമ്മി.പാപികളായ ഞങ്ങളുടെ തിരിച്ചുവരവിനായി കാത്തിരിക്കുന്ന സ്നേഹസമ്പന്നനായ ദൈവമേ, അങ്ങയുടെ ഏകപുത്രൻ ഞങ്ങൾക്കുവേണ്ടി അർപ്പിച്ച പരിഹാരബലിയിൽ യോഗ്യതയോടെ പങ്കുചേരാൻ ഞങ്ങളെ ശക്തരാക്കണമേ. യോനായിലൂടെ കർത്താവിന്റെ തിരുഹിതമറിഞ്ഞ നിനിവേ നിവാസികൾ പ്രാർത്ഥനയും ഉപവാസവുംവഴി പാപത്തിനു പരിഹാരം ചെയ്ത് അങ്ങയുടെ കാരുണ്യത്തിന് അർഹരായല്ലോ. അനുതാപചൈതന്യത്തോടെ ഈ പരിഹാരരഹസ്യങ്ങൾ അനുഷ്ഠിക്കുവാനും പാപമോചനം നേടുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

### സങ്കീർത്തനമാല (മർമ്മീസ)

സങ്കീർത്തനം - 144

*(രീതി: കർത്താവേ, മമരാജാവേ...)*

**നാഥാ, നിന്റെ വിശുദ്ധന്മാർ**
**നിതരാം നിന്നെ വണങ്ങുന്നു**
**നിൻ രാജ്യത്തിൻ മഹിമയതും**
**വർണ്ണിച്ചീടും മഹിമയോടെ.**

**നിപതിക്കുന്നവരഖിലരെയും**
**നാഥൻ താങ്ങിനിറുത്തുന്നു**
**നിപതിച്ചവരെ കനിവോടെ**
**നാഥൻ താങ്ങിയുയർത്തുന്നു.**

www.malankaralibrary.com

**കണ്ണുകളെല്ലാം കർത്താവേ,
നിന്നെത്തന്നെ തേടുന്നു
എന്തെന്നാൽ നീയാഹാരം
ചിതമാം സമയത്തേകുന്നു.**

**ഉള്ളു തുറന്നു വിളിക്കുമ്പോൾ
നാഥനടുത്തുണ്ടതു കേൾക്കാൻ
തന്നെ ഭയത്തോടെ സേവിക്കും
നരരുടെയിഷ്ടമവൻ ചെയ്യും.**

**അവരുടെ യാചന കേൾക്കുമവൻ
രക്ഷയവർക്കവനേകീടും
ഭക്തജനങ്ങളെയഖിലേശൻ
സദയം കാത്തരുളീടുന്നു.**

**താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേൻ ആമ്മേനനവരതം.**

*(അല്ലെങ്കിൽ)*

കാർമ്മി. കർത്താവേ, അങ്ങയുടെ ദാസർ അങ്ങേക്കു നന്ദിപറയും. അങ്ങയുടെ നീതിമാന്മാർ അങ്ങയെ വാഴ്ത്തുകയും ചെയ്യും.

സമൂ. യോർദ്ദാനിൽനിന്ന് മാമ്മോദീസ സ്വീകരിക്കുകയും അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ, നീ അനുഗൃഹീതനാകുന്നു.

കാർമ്മി. അങ്ങയുടെ രാജ്യത്തിന്റെ മഹത്ത്വത്തെ അവർ പ്രകീർത്തിക്കും. അങ്ങയുടെ ശക്തിയെ അവർ വർണ്ണിക്കും.

സമൂ. കർത്താവ് വീഴുന്നവരെയെല്ലാം താങ്ങുന്നു. നിലംപതിച്ചവരെ എഴുന്നേല്പ്പിക്കുന്നു.

കാർമ്മി. എല്ലാവരും കർത്താവിൽ ദൃഷ്ടിപതിച്ചിരിക്കുന്നു. എന്തെന്നാൽ യഥാസമയം അവർക്ക് അവിടുന്ന് ആഹാരം നല്കുന്നു.

www.malankaralibrary.com

സമൂ. നിർമ്മലഹൃദയത്തോടെ കർത്താവിനെ വിളിക്കുന്നവർക്ക് അവിടുന്നു സമീപസ്ഥനാകുന്നു.

കാർമ്മി. തന്റെ ഭക്തരുടെ ആഗ്രഹം അവിടുന്നു സഫലമാക്കുന്നു

സമൂ. അവരുടെ പ്രാർത്ഥനകേട്ട് അവിടുന്ന് അവരെ രക്ഷിക്കുന്നു

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി. യോർദ്ദാനിൽനിന്ന് മാമ്മോദീസ സ്വീകരിക്കുകയും / അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ, / നീ അനുഗൃഹീതനാകുന്നു.

## മദ്ബഹഗീതം (ഓനീസ ദ്കങ്കേ)

*(രീതി : നാഥനിലെന്നും നമ്മുടെ ഹൃദയം...)*

*ഗായക I.* ***ജനങ്ങളേ, നിങ്ങളെല്ലാവരും ഇതു ശ്രവിക്കുവിൻ.***

**നിനിവേ വാസികളുപവാസത്താൽ രക്ഷിതരായതുപോൽ**
**നിവ്യാ ചൊന്നതിനൊപ്പം നോല്ക്കാമുപവാസം**
**പ്രാർത്ഥനവഴിയായഖിലരുമിവിടെ മോചിതരായ്**
**അനുതാപത്താൽ ശിക്ഷയിൽനിന്നും മുക്തിയുമായ്**
**അഭയം തേടാം തിരുസന്നിധിയിൽ കരുണകളാൽ വാഴ്ത്താം.**

*ഗായക II.* ***നിങ്ങൾ പ്രായശ്ചിത്തം അനുഷ്ഠിക്കുവിൻ എന്ന് അവിടുന്ന് അരുളിച്ചെയ്തു.***

**നിനിവേവാസികളുപവാസത്താൽ...**

*ഗായക I.* ***പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***

**വഴികാണിച്ചു സ്വർഗ്ഗപഥത്തിൽ ചേരാൻ തിരുലിഖിതം**
**നശ്വരമാകും ധനമതിലല്ല സൗഭാഗ്യം**
**രക്ഷയ്ക്കുതകും നോമ്പുപവാസം പ്രാർത്ഥനയും**
**സ്ലീവാ നമ്മുടെ രക്ഷയതെന്നും നല്കീടും**
**കൃപകൾ നേടിനിതാന്തം ദുഷ്ടനെയും വിജയിച്ചീടാൻ.**

*ഗായക II.* ***ആദിമുതൽ എന്നേക്കും, ആമ്മേൻ.***

**വഴികാണിച്ചു സ്വർഗ്ഗപഥത്തിൽ ചേരാൻ തിരുലിഖിതം...**

## പ്രകീർത്തനം (ശൂറായ)
*(രീതി: അംബരമനവരതം...)*

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

കർത്താവിൻ തിരുസന്നിധിയിൽ
ഭയമൊടു നിങ്ങളണഞ്ഞിടുവിൻ
രക്ഷ നമുക്കു സമീപസ്ഥം
നാഥനിലേക്കു തിരിഞ്ഞാലും
പ്രാർത്ഥിക്കാം നാഥാ നീ കനിയൂ.

ശുശ്രൂ II. തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു.

**സമൂ. കർത്താവിൻ തിരുസന്നിധിയിൽ...**

ശുശ്രൂ I. ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു

**സമൂ. കർത്താവിൻ തിരുസന്നിധിയിൽ...**

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ. കർത്താവിൻ തിരുസന്നിധിയിൽ...**

ശുശ്രൂ II. ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ. കർത്താവിൻ തിരുസന്നിധിയിൽ...**

## ഹല്ലേലുയ്യാഗീതം (സൂമാറ)
*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

www.malankaralibrary.com

**നിന്റെ കൃപയ്ക്കു സമാനം നാഥാ**
**എന്നിൽക്കരുണ പൊഴിക്കുകനിത്യം**

**പാപക്കറകളശേഷവുമിപ്പോൾ**
**കഴുകിവെടിപ്പു വരുത്തണമെന്നിൽ.**

**എന്തെന്നാലെൻ തെറ്റുകളെല്ലാം**
**കണ്ണിനു മുമ്പിൽക്കാണുന്നു ഞാൻ.**

**താതനുമതുപോൽസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടാമൊന്നായ്**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

## പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസാ)

ശുശ്രൂ.നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.'ഇവൻ എന്റെ പ്രിയപുത്രനാകുന്നു' എന്നു പിതാവിൽ നിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ, കർത്താവും ദൈവവുമായി നിന്നെ ഏറ്റുപറയുവാൻ നിന്റെ സഭയെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.ദാസന്റെയും പാപിയുടെയും രൂപംധരിച്ച മിശിഹായേ, വിനീതമായ സേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനെ

www.malankaralibrary.com

യും (മെത്രാപ്പോലീത്തായെയും) അവരുടെ സഹശുശ്രൂഷിക ളെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.യോനായുടെ ആഹ്വാനം സ്വീകരിച്ച് അനുതാപപൂർവ്വം ഉപവസിക്കുകയും പ്രായശ്ചിത്തം അനുഷ്ഠിക്കുകയും ചെയ്ത നിനിവേ നിവാസികളെപ്പോലെ, അനുതാപത്തിന്റെ ചൈതന്യ ത്തിൽ ജീവിക്കുവാൻ വേണ്ട അനുഗ്രഹം നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.ഞങ്ങളുടെ സ്രഷ്ടാവും നാഥനുമായ ദൈവമേ, അങ്ങയുടെ മാർഗ്ഗത്തിൽ നിന്നും വ്യതിചലിക്കുവാൻ ഇടയാകുന്ന സാഹച ര്യങ്ങളെ ഉപേക്ഷിക്കുവാൻ ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.സകലർക്കുംവേണ്ടി തന്നെത്തന്നെ അർപ്പിച്ച മിശിഹായേ, ഈ ലോകജീവിതത്തിൽ മറ്റുള്ളവർക്കുവേണ്ടി അപേക്ഷകളും യാചനകളും അർപ്പിക്കുവാനും സത്പ്രവൃത്തികളിലൂടെ സമ്പ ന്നരാകുവാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.**

ശുശ്രൂ.നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ.ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

കാർമ്മി.പാപികളുടെ മാനസാന്തരം ആഗ്രഹിക്കുന്ന മിശിഹായേ, പാപങ്ങളെക്കുറിച്ചു പശ്ചാത്താപിക്കുന്ന ഞങ്ങളുടെ പ്രാർത്ഥന കൾ ശ്രവിക്കണമേ. പരസ്പരം ക്ഷമിച്ചും സ്നേഹിച്ചും ഞങ്ങൾക്കുള്ളത് മറ്റുള്ളവരുമായി പങ്കുവച്ചും ദൈവരാജ്യത്തിന്റെ സന്ദേശവാഹകരാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സക ലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ് ...)*

*കുറ്റങ്ങൾക്കു മാപ്പു കിട്ടിയവൻ ഭാഗ്യവാൻ.*

ഉപവാസത്തോടും
അനുതാപത്തോടും ഒന്നായണയുകനാം
കർത്താവേ നിൻ സവിധത്തിൽ
രക്ഷണമങ്ങു കനിഞ്ഞേകും
കരുണാമയനാണങ്ങെന്നും
നിത്യം പാപവിമോചകനേ
കാരുണ്യം ചൊരിയൂ ചിരകാലം.

*നിങ്ങളുടെ ഹൃദയങ്ങളെ അവിടുത്തെ തിരുമുമ്പിൽ തുറക്കുവിൻ.*

ഉപവാസത്തോടും...

*(അല്ലെങ്കിൽ)*

*കുറ്റങ്ങൾക്കു മാപ്പു കിട്ടിയവൻ ഭാഗ്യവാൻ ആകുന്നു.*

ഉപവാസത്തോടും അനുതാപത്തോടുംകൂടി നമുക്കു മിശിഹായോടു പ്രാർത്ഥിക്കാം. അനുതപിക്കുന്ന എല്ലാവരെയും അവിടുന്ന് സ്നേഹപൂർവ്വം സ്വീകരിച്ചു രക്ഷിക്കുകയും തന്റെ കാരുണ്യാതിരേകത്താൽ അവർക്കു പാപമോചനം നല്കുകയും ചെയ്തു.

*നിങ്ങളുടെ ഹൃദയങ്ങളെ അവിടുത്തെ തിരുമുമ്പിൽ തുറക്കുവിൻ.*

ഉപവാസത്തോടും അനുതാപത്തോടുംകൂടി നമുക്കു.....

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മാ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

**സമൂ.** **ദൈവജനത്തിനു നല്കണമേ നിൻ**
**കൃപയും കരുണയുമെന്നും നാഥാ**
**സംരക്ഷണവും വഴിയും നീയാ-**
**ണെന്നും നിന്റെ ജനത്തിനു പാരിൽ,**
**തീക്ഷ്ണതയോടെയർപ്പിക്കുന്നീ**
**പ്രാർത്ഥന ഞങ്ങൾ, കൈക്കൊള്ളണമേ.**

www.malankaralibrary.com

*(അല്ലെങ്കിൽ)*

സമൂ. കർത്താവേ, നിന്നെ ആരാധിക്കുന്ന ഞങ്ങളുടെ സമൂഹത്തിൽ നിന്റെ കൃപ സമൃദ്ധമാക്കണമേ. നീ നല്കിയ ദാനം നിന്റെ കാരുണ്യം യാചിക്കുന്ന ജനത്തിന് വഴിയും സംരക്ഷണവും ആയിരിക്കട്ടെ. ഞങ്ങളുടെ കർത്താവേ, തീക്ഷ്ണതയോടെ ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന സ്വീകരിക്കണമേ.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

*(രീതി: ഹല്ലേലുയ്യാ പാടീടുന്നേൻ...)*

ശുശ്രൂ. **സ്വന്തശരീരവുമതുപോൽ രക്തവു-**
**മേകിയനാഥനെ വാഴ്ത്താനണയാം.**
**നിത്യപിതാവിൻ കാരുണ്യത്താൽ**
**ദൈവകുമാരൻ പാരിലണഞ്ഞു**

*(അല്ലെങ്കിൽ)*

ശുശ്രൂ. സ്വന്തം ശരീരവും രക്തവും ഞങ്ങൾക്കു നല്കിയ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച കാരുണ്യത്തിന് എന്നേക്കും മഹത്ത്വമുണ്ടായിരി**ക്കട്ടെ.**

## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി. കർത്താവായ ദൈവമേ, തിന്മയെ നന്മകൊണ്ട് ജയിക്കുവാൻ മിശിഹായിലൂടെ പഠിപ്പിച്ച അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അങ്ങയുടെ ദാനമായ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളുവാൻ അങ്ങ് ഞങ്ങളെ കാരുണ്യപൂർവ്വം യോഗ്യരാക്കി. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.**

കാർമ്മി. മനുഷ്യവംശത്തിന്റെ പ്രതീക്ഷയായ മിശിഹായേ, പരിശുദ്ധമായ ഈ കുർബാന വഴി നീ ഞങ്ങളുടെ കടങ്ങളും പാപങ്ങളും പൊറുക്കുകയും ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്തു. നിന്റെ ദിവ്യഭോജനം ഞങ്ങളെ ദൈവികജീവനിൽ വളർത്തുകയും സ്വർഗ്ഗത്തിന് അവകാശികളാക്കുകയും ചെയ്തു. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നിരന്തരം പ്രാർത്ഥിക്കുവാനും പ്രത്യാശയോടുകൂടി ജീവിക്കുവാനും ഞങ്ങളെ

www.malankaralibrary.com

അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ. ആമ്മേൻ.**

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

കാർമ്മി. സർവമനുഷ്യരുമൊരുപോലെ
രക്ഷിതരാകാനതുപോലെ
അറിവിൻ നിറവിൽച്ചേരാനും
അഖിലേശാ നിന്നഭിലാഷം.

നിനിവേനഗരിയിലനുതാപം
രക്ഷപകർന്നിടുമെന്നോതി
യൗനാനതുപോൽ നമ്മളിലും
നിറയണമനുദിനമനുതാപം.

അനുതാപത്താലഖിലരിലും
രക്ഷപകർന്നു ചരിച്ചിടുവാൻ
തീക്ഷ്ണത നമ്മിൽ നിറയട്ടെ
ദൈവം നമ്മിൽ കനിയട്ടെ.

നിത്യപിതാവിൻ പാലനവും
തിരുസുതകൃപയും റൂഹാതൻ
സംസർഗവുമുണ്ടാകട്ടെ ✠
ഇപ്പോഴുമെപ്പൊഴുമെന്നേക്കും.

**സമൂ. ആമ്മേൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. എല്ലാ മനുഷ്യരും രക്ഷയുടെ മാർഗ്ഗത്തിലേക്കു വരണമെന്നു തിരുമനസ്സായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. മാനസാന്തരത്തിനുള്ള ആഹ്വാനവുമായി നിനിവേ നഗരത്തിലേക്ക് യോനാ നിവ്യായെ അയച്ച അവിടുന്ന് അനുതാപത്തിന്റെ ചൈതന്യം നമുക്കു നല്കട്ടെ. നമ്മുടെയും മറ്റുള്ളവരുടെയും രക്ഷയിലുള്ള തീക്ഷ്ണത അവിടുന്നു നമുക്കു പ്രദാനം ചെയ്യട്ടെ. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ. ആമ്മേൻ.**

www.malankaralibrary.com

# അനുബന്ധം

# I

തക്സയിൽ ചേർത്തിരിക്കുന്നവയ്ക്കുപകരം പാടാവുന്ന ഗീതങ്ങൾ

## പ്രാരംഭഗീതം

കാർമ്മി. അന്തിമഭോജനവേളയിൽ നാഥൻ
അരുളിയ കല്പനപോൽ
അഖിലരുമൊന്നായാദരവായ്
അർപ്പിക്കാമീദിവ്യബലി.

സമൂ. രക്ഷണമേകാൻ ദൈവാത്മജനാം
രക്ഷകനേകിയ കല്പനപോൽ
സ്നേഹമൊടീബലിയർപ്പിക്കാം
സാദരമീബലിപീഠത്തിൽ.

## അത്യുന്നതങ്ങളിൽ

കാർമ്മി. അത്യുന്നതമാംസ്വർഗ്ഗത്തിൽ
ദൈവത്തിനു കീർത്തനം (3)

സമൂ. ഭൂമിയിലെല്ലാമർത്ത്യർക്കും
ശരണം, ശാന്തിയുമെന്നേക്കും.
ആമ്മേൻ. (3)

## സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

കാർമ്മി. സ്വർഗ്ഗസ്ഥിതനാം താതാ, താവക
നാമം പൂജിതമാകണമേ
വന്നീടണമേ താവകരാജ്യം
അങ്ങു നിതാന്തം പരിശുദ്ധൻ.

സമൂ. സ്വർഗ്ഗസ്ഥിതനാംതാതാ, താവക
നിസ്തുലനിത്യമഹത്ത്വത്താൽ
നിറയുകയല്ലോ, നിരുപമമായ്
ഭൂവും സ്വർഗ്ഗവുമൊരുപോലെ.

www.malankaralibrary.com

കീർത്തിക്കുകയായ് വാനവഗണവും
മാനവവൃന്ദവുമനവരതം
അങ്ങു നിരന്തം പരിശുദ്ധൻ
അങ്ങു നിതാന്തം പരിശുദ്ധൻ
പരിശുദ്ധൻ, പരിശുദ്ധൻ
അങ്ങു നിതാന്തം പരിശുദ്ധൻ

സ്വർഗ്ഗസ്ഥിതനാം താതാ, താവക
നാമം പൂജിതമാകണമേ
വന്നീടണമേ താവകരാജ്യം
തിരുഹിതമുലകിലുമാകണമേ.

അരുളണമലിവായ് ഞങ്ങൾക്കിന്നും
ആവശ്യകമാമാഹാരം
ഞങ്ങൾ ക്ഷമിച്ചതുപോലെ, കനിവായ്
പാപകടങ്ങൾ ക്ഷമിക്കണമേ.

ഞങ്ങൾ പരീക്ഷയിൽ വീഴാതെന്നും
രക്ഷിക്കണമേ കൃപയോടെ
ദുഷ്ടാരൂപിയിൽനിന്നലിവോടെ
ഞങ്ങളെ രക്ഷിച്ചരുളണമേ.
രാജ്യം ശക്തി മഹത്ത്വവുമഖിലം
നിത്യം താവകമാണല്ലോ.
കീർത്തിക്കുകയായ് വാനവഗണവും
മാനവവൃന്ദവുമൊരുപോലെ.......

## സങ്കീർത്തനം 144

രാജാവാം ദൈവമേ, ഞാൻ
രാപകലങ്ങേ വാഴ്ത്തും
പാവനമങ്ങേനാമം
പാടിപ്പുകഴ്ത്തുമെന്നും.

ഉന്നതനാണു നാഥൻ
ധന്യനും സ്തുത്യർഹനും
തൻമഹിമാതിരേകം
സീമയില്ലാത്തതല്ലോ.

താവക ശക്തിയെല്ലാം
പാവനകർമ്മമെല്ലാം
എന്നെന്നും വാഴ്ത്തുമല്ലോ
എങ്ങുമേ ലോകരെല്ലാം.

ആദരവോടെ നാഥാ,
അങ്ങയെ കീർത്തിക്കുന്നു.
ആത്മനാ ലോകമെല്ലാം
അങ്ങയെ വാഴ്ത്തുമെന്നും.

അങ്ങേ സമൃദ്ധമാകും
നന്മതൻ കീർത്തിപാടും
കണ്ടെത്തുമല്ലോ സർവം
അന്വേഷിക്കുന്ന മർത്യർ.

പൂർണ്ണദയാമയനാം
കർത്താവു കാരുണ്യവാൻ
നന്മതൻ കേദാരമായ്
സർവം ക്ഷമിക്കയല്ലോ.

നല്ലവനങ്ങുമന്നിൽ
ദാസർക്കു നന്മ ചെയ്വൂ
നിത്യവുമാത്മനാ ഞാൻ
വാഴ്ത്തുന്നു നന്ദിപൂർവ്വം.

തൻരാജ്യ വൈഭവവും
ശക്തിയും വർണ്ണിച്ചീടും.
നന്ദിയോടങ്ങേ ദാസർ
വാഴ്ത്തുമാ ദിവ്യനാമം.

താവക രാജ്യശോഭ
നിത്യം ഞാൻ പാടി വാഴ്ത്തും
ശക്തി മഹത്ത്വമെല്ലാം
കീർത്തിക്കും നിത്യകാലം.

താവക വാഗ്ദാനങ്ങൾ
കാക്കുന്നു നീതിമാനായ്
സങ്കേതമങ്ങേക്കൈകൾ
നേത്രങ്ങളങ്ങേ നോക്കും.

www.malankaralibrary.com

കാരുണ്യരൂപാ നല്കൂ
കണ്ണുകൾക്കങ്ങുഭാഗ്യം
ആവശ്യനേരത്തെല്ലാം
ആഹാരമങ്ങു നല്കും.

കർത്താവിൻ വീഥിയെല്ലാം
നീതിയാൽ ശോഭിക്കുന്നു.
തൃക്കൈകൾ നീട്ടി ഹൃത്തിൽ
സംതൃപ്തി നല്കുമല്ലോ.

സന്മനോഭാവമോടെ
നന്മകൾ വർഷിക്കുന്നു.
നിർമ്മലമാനസങ്ങൾ
അങ്ങയെ തേടിടുമ്പോൾ.

ഭക്തർക്കു ദാനമേകി
സാഫല്യം നല്കീടുന്നു.
പ്രാർത്ഥന കേട്ടു നാഥൻ
രക്ഷിപ്പൂ കൈകൾ നീട്ടി.

പൂർണ്ണമായാശ്രിതരെ
പാലിക്കുന്നങ്ങുപാരിൽ
ദുഷ്ടരോ നിത്യകാലം
നിർമ്മൂലനാശം കാണ്മൂ.

എൻ ചിത്തം വാഴ്ത്തുമങ്ങേ
ദാനങ്ങൾ നന്ദിപൂർവ്വം
ജീവജാലങ്ങളെല്ലാം
കീർത്തിക്കും ദിവ്യനാമം

### സങ്കീർത്തനം 145

ജീവിതകാലം മുഴുവൻ ഞാൻ
താവക നന്മകൾ കീർത്തിക്കും
വാഴ്ത്തുക വാഴ്ത്തുക മാനസമേ,
വിരവൊടു നാഥനെ വിനയമൊടെ,

www.malankaralibrary.com

കർത്താവേ, തവതിരുനാമം
കീർത്തിക്കും ഞാൻ ചിരകാലം
പ്രഭുവരനിരയിൽ, മർത്യനിലും
ആശ്രയഭാവമണയ്ക്കരുതേ.

രക്ഷിക്കില്ലവർ ഒരുനാളും
രക്ഷണമേകാനാവില്ലാ
ആത്മാവവരെപ്പിരിയുമ്പോൾ
അവരും മണ്ണിലൊടുങ്ങുന്നു.

പൂഴിയിലേക്കു മടങ്ങുമ്പോൾ
കൊഴിയുന്നാശകൾ മലരുകളായ്
യാക്കോബിൻ പരിപാലകനാം
ദൈവം പാലനമരുളുന്നു.

കരുണാമയനാം ദൈവത്തിൽ
ശരണം തേടുക സൗഭാഗ്യം
ഗഗനവുമതുപോൽ ഭൂതലവും
മികവിൽ നാഥൻ സൃഷ്ടിച്ചു.

നീതി നടത്തുന്നഖിലർക്കും
സത്യം നിത്യം കാക്കുന്നു
നല്കുന്നവിടുന്നാഹാരം
ബന്ധിതർ കാൺമൂ മോചനവും.

കുരുടന്മാരുടെ കണ്ണുകളിൽ
കനകവെളിച്ചം പകരുന്നു
വീണുതളർന്ന ജനങ്ങളെയോ
പാണികൾ നീട്ടിയുയർത്തുന്നു.

സ്നേഹിക്കുന്നൂ സകലേശൻ
നീതി പുലർത്തും മാനവരെ
പാലിക്കുന്നു മഹിതേശൻ
പാരിതിലലിവാർന്നഗതികളെ.

സംരക്ഷിപ്പൂ വിധവകളെ
സദയം നാഥനനാഥരെയും
ദുഷ്ടന്മാരുടെ വഴിയെല്ലാം
സ്പഷ്ടം നാഥനകറ്റുന്നു.

www.malankaralibrary.com

പാർത്തലഭരണനിയന്താവായ്
കർത്താവെന്നും വാഴുന്നൂ
സഹിയോനേ, തവഹൃദയേശൻ
തലമുറതോറും വാണരുളും.

**സങ്കീർത്തനം 146**

അഖിലകീർത്തനത്തിനും
അർഹനായ ദൈവമേ,
ഉചിതമാണു മധുരമാം
ദിവ്യനാമകീർത്തനം.

മഹിതമാകുമോറശ്ലേം
പണിയുമങ്ങു പാലകൻ
ഒരു ഗണത്തിലാക്കുമീ
ചിതറിടും ജനങ്ങളെ.

തകരുമേതു ഹൃദയവും
ശാന്തി കാണ്മതങ്ങയിൽ
കനിവെഴുന്നൊരങ്ങിലീ
ഭുവനദുഃഖമുക്തിയും.

താരകത്തിനൊക്കെയും
പേരിടുന്നു പാവനൻ
ഉന്നത പ്രതാപനായ്
വാണിടുന്നു പാലകൻ.

അഖിലലോകനായകൻ
അറിവുപൂർണ്ണമായവൻ
താഴ്ത്തിടുന്നു ദുഷ്ടരെ
താങ്ങിടുന്നു ശിഷ്ടരെ.

കീർത്തനങ്ങൾ പാടിടാം
വാഴ്ത്തിടാം മഹേശനെ
കിന്നരങ്ങൾ മീട്ടിയാ
നാമഗീതി പാടിടാം.

www.malankaralibrary.com

മൂടിടുന്നു വാനിടം
മുകിലിനാലെ പാലകൻ
മനമിയന്ന കനിവുപോൽ
മഴതരുന്നു പാരിതിൽ.

മുളയെടുത്തു മലകളിൽ
കളകളാർത്തുവളരുമേ
കിളികളും മൃഗങ്ങളും
കരളുണർന്നുപാടുമേ.

അശ്വശക്തിയാകിലും
മർത്ത്യശക്തിയാകിലും
പ്രീതിചേർക്കുകില്ലഹോ
നിത്യനാകുമീശനിൽ.

അഭയമാർന്നിടുന്നിതാ
ഭയമിയന്ന മാനവർ
ശാന്തി തേടിടുന്നിതാ
തന്നിലെന്നുമാകുലർ.

**സകലത്തിന്റെയും നാഥാ**

ഗായക. സാദരമഖിലേശാ,
സമൂ. നിന്നെ വണങ്ങുന്നു
ഈശോമിശിഹായേ,
നിന്നെ നമിക്കുന്നു.

മർത്ത്യശരീരങ്ങൾ-
ക്കരുളുന്നുത്ഥാനം
ആത്മാവിനുമതുപോൽ
രക്ഷണമേകുന്നു.

**ത്രൈശുദ്ധകീർത്തനം**

ശുശ്രൂ. സ്വരമുയർത്തി വാഴ്ത്തുവിൻ
സകലരും പുകഴ്ത്തുവിൻ
നിത്യവും സജീവനാം
നിഖിലലോകനാഥനെ.

www.malankaralibrary.com

ഗായക. പാവനനാം അഖിലേശാ,
സമൂ. പാവനനാം ബലവാനേ,
പാവനനാം അമർത്യനേ,
നിൻകൃപയരുളണമേ.

## പ്രകീർത്തനം

കാർമ്മി. ആകാശമണ്ഢലം ദൈവമഹത്ത്വം
നിത്യവും കീർത്തിക്കുന്നു

മാർത്തോമ്മാ ശ്ലീഹായെ
(കർത്താവിന്നുത്ഥാനം /
കന്യകാമറിയത്തെ)
ദിവ്യാത്മഗീതിയാൽ
പാടിയനുസ്മരിക്കാം.

ശുശ്രൂ. II വാനവിതാനങ്ങൾ വാഴ്ത്തുന്നു സാദരം
ദൈവിക ശില്പഭംഗി.

സമൂ. മാർത്തോമ്മാ.........

ശുശ്രൂ. I പകലുകളവിരതം പകലുകളോടിതാ
ഭാഷണം ചെയ്‌വൂ മന്നിൽ.

സമൂ. മാർത്തോമ്മാ.........

കാർമ്മി. താതനും പുത്രനും പാവനാത്മാവിനും
സ്തോത്രമുണ്ടായിടട്ടെ.

സമൂ. മാർത്തോമ്മാ.........

ശുശ്രൂ. II ആദിയിലെന്നപോൽ എന്നേക്കുമാകണം
ഇപ്പോഴുമീമഹിയിൽ

സമൂ. മാർത്തോമ്മാ.........

## ഹല്ലേലുയ്യാഗീതം

ഹൃദയവീണയിലുണരുമീ
മധുരമാശയഗീതകം

www.malankaralibrary.com

ഉദയരശ്മികളെന്നപോൽ
വിരിയും തവസന്നിധേ.

ഹല്ലേലുയ്യാ (3)

അധികധന്യതപുലരുമീ
കവികുലോത്തമകോകിലം
രചനസാധനയാക്കുമീ
മഹിതതൂലികരസനയും.

ഹല്ലേലുയ്യാ (3)

താതനും തിരുതനയനും
സ്തുതി, മഹോന്നതനാത്മനും
ആദിയിൽപ്പോലിന്നുമേ
നിത്യവും സ്തുതികീർത്തനം.

ഹല്ലേലുയ്യാ (3)

## ദിവ്യരഹസ്യഗീതം

ഗായക. അങ്ങിൽ ദൃഢമായ് ഞാൻ
സമൂ. ശരണം തേടുന്നു
ആദരപൂർവ്വമിതാ
നില്പു തിരുമുൻപിൽ.

പാവനപീഠത്തിൽ
രക്തശരീരങ്ങൾ,
പാടാം ഭക്തിയൊടേ
ദൈവം പരിശുദ്ധൻ.

സ്നേഹവുമതുപോലെ
ഭയവും ഹൃദയത്തിൽ
നിറയും ചിന്തയുമായ്
നില്പൂ തിരുമുൻപിൽ.

വാനവനിരചേരും
പൂജിതമീനിമിഷം
പാടാം ഭക്തിയൊടേ
ദൈവം പരിശുദ്ധൻ.

www.malankaralibrary.com

## ദിവ്യരഹസ്യഗീതം (തുടർച്ച)

കാർമ്മി. കീർത്തനം താതനും ദൈവകുമാരനും
പാവനാത്മാവിനുമെന്നും
ഈ ബലിപീഠത്തിൽ കന്യകമാതാവിൻ
നാമം സ്മരിക്കുന്നു ഞങ്ങൾ.

സമൂ. ആദിമുതൽ സദാകാലവുമങ്ങേക്കു
പാടുന്നു കീർത്തനഗാനം.
ശ്ലീഹന്മാരേ, നിങ്ങൾ പ്രാർത്ഥിപ്പിൻ, ഭൂമിയിൽ
ശാന്തി വിടർന്നിടാനെന്നും.

കാർമ്മി. ദൈവജനം സ്തുതിപാടട്ടെ നിത്യവും
നീതിമാന്മാരോടുകൂടെ.
മാർത്തോമ്മാശ്ലീഹാതൻ ഓർമ്മയീവേദിയിൽ
പൊൻദീപനാളമാണെന്നും.

സമൂ. ബലവാനാം കർത്താവു നമ്മോടുകൂടെയാം
നമ്മുടെ രാജാവുമൊപ്പം
നമ്മിൽ വസിക്കുന്നു പാവനൻ; യാക്കോബിൻ
ദൈവം സഹായിക്കുന്നെന്നും.

കാർമ്മി. നിദ്രകൊള്ളുന്നിതാ മൃത്യുവരിച്ചവർ
ഉത്ഥാനചിന്തയുമായി
അങ്ങു പകർന്നിടും നിത്യപ്രതീക്ഷയിൽ
തുല്യരാണെല്ലാരും മന്നിൽ.

സമൂ. അങ്ങേ തിരുമുൻപിലെല്ലാഹൃദന്തവും
നിത്യം തുറക്കുക ഭാഗ്യം
പ്രാർത്ഥനയാൽ സ്വർഗ്ഗതാതനു നവ്യമാം
പ്രീതിയണച്ചിടാം നമ്മൾ.

## വിശ്വാസപ്രമാണം

കാർമ്മി. സർവശക്തതാതനാമേകദൈവമേ,
വിശ്വസിപ്പു മർത്യരാം ഞങ്ങളങ്ങയിൽ.

സമൂ. ദൃശ്യലോകമെന്നപോൽ അദൃശ്യലോകവും
സൃഷ്ടിചെയ്ത ദൈവമേ, സർവപാലകാ

www.malankaralibrary.com

സർവശക്തതാതനാമേകദൈവമേ,
വിശ്വസിപ്പു മർത്യരാം ഞങ്ങളങ്ങയിൽ

സർവസൃഷ്ടിജാലവും തീർത്ത ദൈവമാം
സത്യതാതനങ്ങിൽ നിന്നാദ്യജാതനാം
സൃഷ്ടിയല്ല പുത്രനാമീശോദൈവജൻ,
വിശ്വസിപ്പു മർത്യരാം ഞങ്ങളങ്ങയിൽ.

ദൈവസൂനു ദൈവമാണേകസത്തയിൽ
ലോകസൃഷ്ടി പൂർത്തിയായങ്ങിലൂടവേ
മർത്യരക്ഷനല്കുവാൻ പാവനാത്മനാൽ
മർത്യരൂപമാർന്നിഹേ കന്യകാത്മജൻ.

പീലാത്തോസിൻവാഴ്ചയിൽ പീഡയേറ്റവൻ
ക്രൂശിലേറി ദാരുണം മൃത്യുവാർന്നവൻ
മൂന്നുനാളിനുള്ളിൽ സത്യദൈവസൂനുവീ
മന്നിലുത്ഥിതൻ മഹത്ത്വപൂർണ്ണശോഭയിൽ.

സ്വർഗ്ഗമാർന്നുമഹിമയോടെ നിത്യപിതാവിൻ
വലതുഭാഗമാർന്നു വാഴ്‌വു മഹിതകാന്തിയിൽ
ഒടുവിലെത്തുമീമഹിയിൽ അന്നു വിധിയുമായ്,
സകലരും ശ്രവിക്കുമന്ത്യവിധി വിനീതരായ്.

താതനിൽനിന്നെന്നപോലെ സുതനിൽനിന്നുമേ
പ്രഭവമാർന്നു വാണിടുന്ന സത്യദൈവമായ്
ജീവനേകിടുന്ന മഹിതപാവനാത്മനിൽ
വിശ്വസിപ്പു പൂർണ്ണമായ് ഞങ്ങളേവരും.

ഏകമാണു ധന്യമാണു പാവനംസഭ
ശ്ലൈഹികപ്രഭാവമാർന്നു സാർവജനീനം
പാപമോചനംതരുന്നു, ജ്ഞാനസ്നാനവും
ഏറ്റുചൊല്‌വൂ സാദരം ഞങ്ങളേവരും.

മർത്യമുക്തിയാമുയിർപ്പും നിത്യജീവനും
ഏറ്റുചൊല്‌വൂ പൂർണ്ണമായ് ഞങ്ങളേവരും
സർവശക്തതാതനാകുമേകദൈവമേ
വിശ്വസിപ്പുമർത്യരാം ഞങ്ങളങ്ങയിൽ.

www.malankaralibrary.com

**ചിന്തകൾ ഉന്നതത്തിലേക്ക്**

കാർമ്മി. ദൈവപിതാവിൻ സ്നേഹവും
നിർമ്മലസൂനുവിൻ കാരുണ്യവും
പാവനാത്മാവിൻ സഹവാസവും ✠
നമ്മിലുണ്ടാകണമെന്നുമെന്നും.

സമൂ. ആമ്മേൻ.

കാർമ്മി. വാനിലേക്കുയരട്ടെ
ചിന്തകൾ.

സമൂ. അബ്രാഹത്തിന്റെയും
ഇസഹാക്കിന്റെയും
യാക്കോബിന്റെയും ദൈവമേ,
ആരാധ്യനാകും
രാജാവാമങ്ങേ
സന്നിധി നിത്യവും ചേർന്നിടട്ടെ.

കാർമ്മി. അർപ്പിക്കാമീബലി
ഞങ്ങളങ്ങേ
പൂജിതമാംബലി-
വേദികയിൽ.

സമൂ. എന്നെന്നും ന്യായ്യവും
യുക്തവുമാം,
എന്നെന്നും ന്യായ്യവും
യുക്തവുമാം.

**പരിശുദ്ധൻ**

കാർമ്മി. വാനവരഖിലം പാടുകയായ്
പാവനമാം തവസന്നിധിയിൽ.

സമൂ. പൂജിതനെന്നും ബലവാനാം
നാഥൻ ദൈവം പരിശുദ്ധൻ
അവനിയുമതുപോൽ വിണ്ടലവും
മുഖരിതമങ്ങേ ഗീതികളാൽ.

www.malankaralibrary.com

ദാവീദിൻസുതനോശാന
ഉന്നതവീഥിയിലോശാന
തിരുനാമത്തിൽ വന്നവനും
വാഗ്ദാനംപോൽ വരുവോനും
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

ഓശാന..... ഓശാന.....
ദാവീദിൻസുതനോശാന.

**അനാഫൊറാസമാപനം**

കാർമ്മി. നാഥാ, പൂജിതമാം
നാമത്തിനു നിത്യം
സ്തുതിയും കീർത്തനവും ✠
നന്ദിയുമെന്നേക്കും.

സമൂ. ആമ്മേൻ.

**തിരുശ്ശരീരം ഉയർത്തുമ്പോൾ**

വിണ്ണിൽനിന്നിങ്ങാഗതമാം
ജീവദായകഭോജ്യം ഞാൻ
മാനസതാരിൽ കൈക്കൊള്ളും
മാനവരെന്നും ജീവിക്കും. (2)

വാനവരൊന്നായ് ബലിപീഠത്തിൽ
മുന്നിൽനില്പൂ വിനയമൊടേ
വിഭജിക്കുകയായ് ദിവ്യശരീരം
യാഗവേദിയിൽ വൈദികൻ.
കൈകൾകൂപ്പി നില്ക്കാമൊന്നായ്
ധ്യാനലീനം നാം..... (2)

വിണ്ണിൽ..........

മാനവരെല്ലാം അനുതാപത്തിൻ
മാർഗ്ഗംതേടാനണയുന്നു
കാരുണ്യത്തിൻ വാതിൽതുറക്കും
സ്നേഹനാഥനെ വാഴ്ത്തുവാൻ.
കൈകൾകൂപ്പി.....

www.malankaralibrary.com

## അനുതാപകീർത്തനം

സമൂ. അപരാധങ്ങൾ നീക്കണമേ
പാപകടങ്ങൾ മായ്ക്കണമേ.

ശുശ്രൂ. മനസ്സിൽ നിറയും മലിനതയെല്ലാം
കഴുകി ധന്യരാകാം.

സമൂ. അപരാധങ്ങൾ ....................

ശുശ്രൂ. ശത്രുതയെല്ലാം നീക്കി നിതാന്തം
ഹൃദയം ദീപ്തമാക്കാം.

സമൂ. അപരാധങ്ങൾ ....................

ശുശ്രൂ. ഹൃദയമൊരുക്കാം നാഥനു നിത്യം
നിറയാം ആത്മാവാൽ.

സമൂ. അപരാധങ്ങൾ ....................

ശുശ്രൂ. ഏകമനസ്സായ് ദിവ്യരഹസ്യം
നിതരാമുൾക്കൊള്ളാം.

സമൂ. അപരാധങ്ങൾ ....................

ശുശ്രൂ. ആത്മാവിൻ പരിരക്ഷണമതിനീ
നിണവും തിരുമെയ്യും.

സമൂ. അപരാധങ്ങൾ ....................

ശുശ്രൂ. ഉത്ഥാനത്തിനുമതുപോൽ ജീവനും
കാരണമായിടുവാൻ.

സമൂ. അപരാധങ്ങൾ നീക്കണമേ
പാപകടങ്ങൾ മായ്ക്കണമേ.

## സ്തോത്രപ്രാർത്ഥന

ദിവ്യകാരുണ്യം സ്വീകരിക്കാൻ
നീട്ടിയ പാണികൾ ധന്യമാക്കൂ
സാഫല്യമെന്നെന്നും കൈവരിക്കാൻ
സ്നേഹസ്വരൂപാ യോഗ്യമാക്കൂ.

www.malankaralibrary.com

കീർത്തനംപാടിയ നാവുകളെ
വിണ്ണിൽ സ്തുതിക്കുവാൻ അർഹമാക്കൂ
ദിവ്യസ്തുതികേൾക്കും കാതുകളിൽ
ശിക്ഷാവിധിസ്വരം കേൾക്കരുതേ.

വിൺദീപ്തി ദർശിച്ച കണ്ണുകളാൽ
വീണ്ടും നിൻ ദർശനം സാധ്യമാക്കൂ
പാടിപ്പുകഴ്ത്തിയ മാനവരെ
വിണ്ണിലും പാടുവാൻ ആനയിക്കൂ.

ദേവാലയത്തിൽ ചരിച്ച ഞങ്ങൾ
വിണ്ണിലും കാണട്ടെ പാദമുദ്ര
ദിവ്യശരീരമുൾക്കൊണ്ട ഞങ്ങൾ
നിത്യമാം ജീവൻ പുണർന്നിടട്ടെ.

അങ്ങയെ പാടിസ്തുതിച്ച ഞങ്ങൾ
ആശിസ്സു പൂർണ്ണമായ് നേടിടട്ടെ
ഞങ്ങളിലെന്നുമനന്തമായി
താവകസ്നേഹം വസിച്ചിടട്ടെ.

നിൻസ്തുതി പാടുവാനായി ഞങ്ങൾ
സ്നേഹത്തിലെന്നും വളർന്നീടട്ടെ
യാചനകൾക്കായ് തുറന്നീടേണേ
വിൺവാതിൽ, സ്വീകാര്യരാകുവാനായ്.

## സമാപനാശീർവ്വാദം

*(ഞായറാഴ്ചകളിലും തിരുനാളുകളിലും ദുക്റാനകളിലും)*

കാർമ്മി. ദൈവപിതാവുതൻ സൂനുവാൽ
പാവനാത്മാവിന്റെ ദാനങ്ങൾ
കാരുണ്യമാർന്നേകി, മാനവർ
കൈവരിക്കാൻ സ്വർഗ്ഗജീവിതം.

സമൂ. ആമ്മേൻ.

കാർമ്മി. അക്ഷയഭാഗ്യത്തിൽ ചേരുവാൻ
ആത്മാവിൽ ശാന്തി തളിർക്കുവാൻ
നിത്യമനോഹരനാകത്തിൻ
നിസ്തുലസൗഭാഗ്യംതന്നിതാ.

www.malankaralibrary.com

സമൂ. ആമ്മേൻ.

കാർമ്മി. നവ്യമാംജീവൻ പകർന്നിടും
സന്ദേശമെന്നെന്നുമോർത്തിടാം.
“ദിവ്യശരീരവും രക്തവും
സ്വീകരിക്കുന്നവർ ജീവിക്കും.”

സമൂ. ആമ്മേൻ.

കാർമ്മി. അന്ത്യദിനത്തിന്റെ ശാന്തിയിൽ
ശിക്ഷാവിധി കാണാതാദിനം
ഉത്ഥാനമേകും ഞാനാമർത്യർ
നിത്യതപൂകുവാനെന്നുമേ.

സമൂ. ആമ്മേൻ.

കാർമ്മി. ദിവ്യമാമീബലി നല്കീടും
നിത്യമഹത്ത്വത്തിൽ മുങ്ങുവാൻ
ദൈവികദാനങ്ങൾ നിങ്ങളിൽ
പൂർണ്ണപ്രഭാരശ്മിതൂകട്ടെ.

സമൂ. ആമ്മേൻ.

കാർമ്മി. കുരിശാലെ മുദ്രിതരായ് നിങ്ങൾ
സർവവിപത്തുമകന്നിനി
സംരക്ഷപുൽകുമാറാകട്ടെ ✠
ഇപ്പോഴുമെപ്പോഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(സാധാരണദിവസങ്ങളിൽ)

കാർമ്മി. ദൈവികമാമീതിരുബലിയാൽ
നാഥനെ വാഴ്ത്തി വണങ്ങീ നാം
ദിവ്യരഹസ്യം മാനവരിൽ
ജീവൻ നിത്യം പകരട്ടെ.

സമൂ. ആമ്മേൻ.

കാർമ്മി. ദൈവികരാജ്യമഹത്ത്വത്തിൽ
നിത്യാനന്ദം നല്കിടുവാൻ

www.malankaralibrary.com

വാനവരൊത്തു വലംഭാഗം
ദൈവം കനിവാർന്നരുളട്ടെ.

സമൂ. ആമ്മേൻ.

കാർമ്മി. തിരുസ്സഭതൻ പ്രിയതനയരിലും
നമ്മിൽ ലോകം മുഴുവനിലും
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും ✠
വരവും കൃപയും ചൊരിയട്ടെ.

സമൂ. ആമ്മേൻ.

(വേറൊന്ന്)

കാർമ്മി. സ്വന്തശരീരത്താൽ നാഥൻ
മാനവനുയിരേകി
തൻതിരുരക്തത്താൽ കഴുകി
പാപക്കറയഖിലം.

സമൂ. ആമ്മേൻ.

കാർമ്മി. ദൈവത്തിൻജനമേ, വയലിൽ
മേയുമൊരജഗണമേ,
നിങ്ങളിലെന്നെന്നും ജീവൻ
പൂരിതമാകട്ടെ.

സമൂ. ആമ്മേൻ.

കാർമ്മി. നാഥൻ വലതുകരംനീട്ടി
ആശിഷമരുളട്ടെ
രക്ഷണമേകട്ടെ ദൈവം ✠
ഇപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(മരിച്ചവരുടെ അനുസ്മരണാദിവസങ്ങളിൽ)

കാർമ്മി. പാവനമങ്ങേസന്നിധിയിൽ
പ്രാർത്ഥന നിത്യമണയ്ക്കുന്നു.
നാഥാ, മാനവയാചനകൾ
കൈക്കൊള്ളണമേ കനിവോടെ.

www.malankaralibrary.com

സമൂ. ആമ്മേൻ.

കാർമ്മി. ബലികളുമതുപോൽ കാഴ്ചകളും
കൃപയൊടു തൃക്കൺപാർത്തെന്നും
മൃതരുടെ പാപം നീക്കണമേ
വാനവരാജ്യം നല്കണമേ.

സമൂ. ആമ്മേൻ.

കാർമ്മി. ആബേലങ്ങേ സന്നിധിയിൽ
ജീവിതബലിയന്നർപ്പിച്ചു
നീതിയെഴുന്നോരബ്രാഹം
യോബും നോഹും പൂജിതരായ്.

സമൂ. ആമ്മേൻ.

കാർമ്മി. അന്നുപ്രവാചകനേലിയയും
ശ്ലീഹന്മാരുമണച്ചതുപോൽ
ഞങ്ങളണച്ചൊരു തിരുബലി നീ
കനിവൊടു തൃക്കൺപാർക്കണമേ.

സമൂ. ആമ്മേൻ.

കാർമ്മി. കർത്താവേ, നിൻ ദാസർക്കായ്
(ദാസനായ് / ദാസിക്കായ്)
അർപ്പിക്കുന്നീ ബലി ഞങ്ങൾ
വിധവയണച്ചൊരു നേർച്ചസമം
കൈക്കൊള്ളണമീ ദിവ്യബലി.

സമൂ. ആമ്മേൻ.

കാർമ്മി. വാനവരൊത്തുനിരന്തരമാ
മഹിമയെഴും തിരുരാജ്യത്തിൽ
താവകഗീതികൾ പാടിടുവാൻ
കനിവാർന്നിവരെ ചേർക്കണമേ.

സമൂ. ആമ്മേൻ.

കാർമ്മി. നാഥാ, താവക തിരുബലിയിൽ
പങ്കാളികളായ്ത്തീർന്നവരാം

www.malankaralibrary.com

ഞങ്ങൾക്കരുളുക വരദാനം ✠
ഇപ്പൊഴുമെപ്പൊഴും എന്നേക്കും.

സമൂ. ആമ്മേൻ.

## അനുബന്ധം I (തുടർച്ച)

### സങ്കീർത്തനം 35

അങ്ങയെ വാഴ്ത്തും ഞാൻ
അരിയസമൂഹത്തിൽ
താവകജയഗീതം
പാടും ജനനിരയിൽ.

താതനുമതുപോലെ
സുതനും റൂഹായ്ക്കും
ആദിയിലെപ്പോലെ
കീർത്തനമനവരതം.

ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.....

### മദ്ബഹഗീതം

ഗായക. I നിത്യാനന്ദം പുല്കട്ടെ
നമ്മുടെ ഹൃദയം കർത്താവിൽ.

നിത്യമനുഗ്രഹമരുളീടും
കുരിശിൽ രക്ഷിതരായ് നമ്മൾ,
നല്ലൊരു കോട്ടയതെന്നാളും
സാത്താനതുകണ്ടകലുന്നു.

ഗായക. II ശരണം തേടുന്നിവരെല്ലാം
നമ്മുടെ ഹൃദയം കർത്താവിൽ.

നിത്യമനുഗ്രഹ.......

ഗായക. I കരുണയൊടെന്നും തിരുസ്സഭയെ
പരിരക്ഷിക്കണമഖിലേശാ,
മഹിമയൊടങ്ങേക്കർപ്പിതമാം
സദനമിതെന്നും കാക്കണമേ.

www.malankaralibrary.com

നിവസിപ്പിക്കുക കാരുണ്യം
നിത്യവുമങ്ങേ ഭവനത്തിൽ
പൂജിതമാം ബലിപീഠത്തിൽ
താവകരക്തശരീരങ്ങൾ.

ഗായക. II
ആദിയിലെപ്പോലെന്നേക്കും
പൂജിതമങ്ങേ തിരുനാമം
ചോദിക്കുന്നവർ നേടുന്നു
കണ്ടെത്തുന്നു തേടുന്നോർ.

ഓർക്കുകയാണീ വാഗ്ദാനം
നാഥാ, ഞങ്ങളുമതിനാലേ
തിരുഹിതമെന്നും നിറവേറ്റാൻ
ശക്തിനിതാന്തം പ്രാർത്ഥിപ്പൂ.

ഗായക. I
ഉദ്ഘോഷിപ്പൂ ജനമെല്ലാം
ആമ്മേനാമ്മേനെന്നിപ്പോൾ.
നിത്യമനുഗ്രഹ...........

## വ്യാഖ്യാനഗീതം

ഭൂസ്വർഗ്ഗങ്ങൾക്കധിപൻ ദൈവം
രക്ഷാകരമാം വിരുന്നിനായ്
നമ്മെ വിളിച്ചു നാമതിനാലേ
തിരുവചനത്തിൻ പ്രഭയാലേ.
മാനസമാകും സ്വർണ്ണം ദൈവിക
സ്നേഹത്തിൻ തീക്കനലാലേ
ശുദ്ധിവരുത്താം ഭൗതികചിന്തകൾ
ദൂരെയകറ്റാമൊരുപോലെ.

പ്രാർത്ഥിക്കും ജനനിരയുടെ മുമ്പിൽ
നിക്ഷേപങ്ങൾ തുറന്നിതാ
നാഥൻ ചൊല്വൂ, വരുവിൻ നിങ്ങൾ
പാപകടങ്ങൾ നീക്കിടുവാൻ.

www.malankaralibrary.com

സ്വർഗ്ഗത്തിന്നവകാശികളാകാൻ
സ്വന്തം ഹൃദയവികാരങ്ങൾ
ശുദ്ധിവരുത്തുക നിങ്ങൾ ഭൂവിൽ
ശിശുക്കളെപ്പോലായിടുവാൻ.

ദിവ്യമനോഹരഗീതികളാലേ
ദൈവികരാജ്യം തെളിയുന്നു
നിത്യാനന്ദപ്പുതുവഴിയെല്ലാം
നിങ്ങൾക്കവയാൽ പുലരുന്നു.

നിഴലിനുസമമാം നിയമം നീക്കി
നിത്യമനോഹരനിയമമിതാ
നല്കുകയല്ലോ പൗലോസ്ശ്ലീഹാ
നിങ്ങൾക്കതുപുതുവഴിയല്ലോ.

ഇസ്രായേലിൻ തീക്ഷ്ണതയാലേ
ജ്വലിച്ചുനിന്നൊരുസാവൂളിൻ
ഹൃദയവിളക്കാൽ ക്രൈസ്തവനിരയിൽ
ജ്വാലകളങ്ങുതെളിച്ചല്ലോ.

ഒരിക്കലവനായഹൂദനിയമം
പരിപാലിച്ചവനാണല്ലോ
പാരമ്പര്യം തീർത്തിടുമന്ധത
നീക്കി നാഥൻ വചനത്താൽ.

അവനന്നരുളിയ തിരുവചനങ്ങൾ
കേൾക്കാമിപ്പോളാദരവായ്

തെസലോന്യർക്കായ്
(റോമാക്കാർക്കായ് /
എഫേസ്യർക്കായ്)
പൗലോസെഴുതിയ
ലേഖനമിപ്പോൾ വായിക്കാം.

## സുവിശേഷഗീതം

ശുശ്രൂ. പാവനഗ്രന്ഥത്തിന്നാരംഭത്തിൽ
ദിവ്യമാം നാമം തെളിഞ്ഞു കാണ്മൂ

www.malankaralibrary.com

ദൈവകുമാരന്റെ ജീവിതത്തിൽ
സുവിശേഷം നവ്യപ്രകാശമായി.

സുവിശേഷകന്മാർ നാലുപേരും
പാവനാരൂപിയാൽ നീതരായി
വിശ്വാസികൾക്കു പകർന്നു നല്കി
ശാശ്വതധ്യാനപ്രകാശധാര.

മത്തായി നല്കി യൂദർക്കായ്
മർക്കോസു റോമിലെ ജനതയ്ക്കും
ഈജിപ്തിൻ സഭയിൽ ലൂക്കായും
യോഹന്നാനേകി എഫേസൂസിൽ.

ദൈവികശക്തിമഹത്ത്വമെല്ലാം
ഭൂവിൽ പ്രകീർത്തിച്ചു മർത്യരെല്ലാം
ലോകത്തിലെങ്ങും നിറഞ്ഞിതല്ലോ
സാകല്യം നല്കുന്ന ദിവ്യഗീതം.

സമൂ. തിരുഹിതമെന്നിൽ നിറഞ്ഞുനിന്നു
കാരുണ്യമോലുന്ന ദിവ്യരൂപാ
ദൈവകുമാരന്റെ ജീവിതത്തിൽ
സുവിശേഷം നവ്യപ്രകാശമായി.

മത്തായി നല്കി യൂദർക്കായ്
മർക്കോസ് റോമിലെ ജനതയ്ക്കും
ഈജിപ്തിൻ സഭയിൽ ലൂക്കായും
യോഹന്നാനേകി എഫേസൂസിൽ.

ശുശ്രൂ. താതനും പുത്രനുമെന്നപോലെ
പാവനാത്മാവിനും കീർത്തനങ്ങൾ
ദൈവകുമാരന്റെ ജീവിതത്തിൽ
സുവിശേഷം നവ്യപ്രകാശമായി.

മത്തായി നല്കി.....

## വ്യാഖ്യാനഗീതം

ആത്മാവും മർത്യഗാത്രവും - എല്ലാം
സൗഖ്യമാക്കുന്ന വചനങ്ങൾ

www.malankaralibrary.com

കേൾക്കുവാൻ പോരൂ ഈശോതൻ ദിവ്യ
കാരുണ്യം പുല്കും വചനങ്ങൾ.

ദൈവസൂനുവീഭൂമിയിൽവന്നു
മർത്യപാപങ്ങൾ നീക്കുവാൻ
ദിവ്യനാഥന്റെ മൊഴികളാൽ മന്നിൽ
കൂരിരുൾനീങ്ങി ശാന്തിയായ്.

ദിവ്യസൂക്തങ്ങൾ ഭൂമിയിൽ നവ്യ
മാർഗ്ഗമായ് പൂർണ്ണശോഭയിൽ
ജീവനും ഭാഗ്യദാനവും നല്കി
ദിവ്യഗ്രന്ഥമീയൂഴിയിൽ.

ജീവൻ നല്കുമാവാക്കുകൾ കേൾക്കേ
ദൂരെനീങ്ങുന്നു കൂരിരുൾ
ദുഷ്ടാരൂപികൾ അന്ധകാരത്തിൻ
കോട്ടതേടിയൊളിക്കുന്നു.

മൃത്യുപുല്കിയ മർത്യരൊക്കെയും
കേൾക്കുന്നീ ശബ്ദവീചികൾ
ഉത്ഥാനത്തിനു സജ്ജരാകുവാൻ;
കേൾക്കുന്നീലെങ്കിൽ മൃത്യുവായ്.

ദീപമായ് ദിവ്യദീപ്തി നല്കുന്നു
ജീവനേകുന്ന വചനങ്ങൾ
ജീവിക്കുന്നവർ മൃത്യുവാർന്നവർ
കേൾക്കുമാവിധി വാക്കുകൾ.

രക്ഷനല്കുന്നു ദിവ്യരക്ഷകൻ
പാപമോചനമേകുന്നു
വിശ്വസിക്കുവിൻ, ബോധ്യമാക്കുവിൻ
മർഗ്ഗമാദിവ്യനായകൻ.

വചനമാകുന്ന വിത്തുമായിതാ
കർഷകൻ വയൽതേടുന്നു
ഹൃദയമാകുന്ന വയലുകൾ നിങ്ങൾ
സജ്ജമാക്കുവിൻ പൂർണ്ണമായ്.

www.malankaralibrary.com

ജീവനാകുന്നു, മോദമാകുന്നു
നാഥന്റെ ശബ്ദം കാരുണ്യം
ആയുസ്സും കൃപയൊക്കെയും നല്കി
ധന്യരാക്കുന്നു മർത്യരെ.

ആശ്രയിക്കുക ദിവ്യനാഥന്റെ
വചനത്തിൽ ഭാഗ്യമാർന്നിടാൻ
വിശ്വസിക്കുകിൽ മൃത്യുവിൻ വാതിൽ
പൂട്ടിടാം നിത്യം ജീവിക്കാം.

ദൈവസൂനുവീഭൂവിൽ വന്നൊരു
കന്യയിൽ നിന്നു ജാതനായ്
വാനവർക്കെല്ലാമുപരിയാകുന്ന
സ്ഥിതിയിലായ് മർത്യജീവിതം.

രോഗികൾക്കേകി സൗഖ്യമൂഴിയിൽ
മൃത്യുതോറ്റുപോയ് തൻമുൻപിൽ
മൃത്യുവാർന്നവനെങ്കിലും മൃതി
തോറ്റുപോയ്, പൂകി വാനിടം.

ശിഷ്യന്മാരുടെ നാവുകൾക്കേകി
പാവനാത്മാവിൻ ശക്തിയാൽ
നവ്യമാം വരം, ലോകത്തിൻ നാനാ
ഭാഗത്തും കേട്ടാ വചനങ്ങൾ.

ഇപ്പോളിന്നിതാ സുവിശേഷംവഴി
കേൾപ്പു നാം ദിവ്യവചനങ്ങൾ
കേൾക്കുവാൻ ചെവിയുള്ളവർ കേട്ടു
വിശ്വാസം കാത്തുസൂക്ഷിപ്പിൻ.

### സാഷ്ഠാംഗപ്രണാമം

കാർമ്മി. മഹിമയണിയുന്നു പുണ്യവാന്മാർ
മഹിതമാം നീതി പുരോഹിതന്മാർ.

ഗായക. പരിശുദ്ധവേദിയിൽനിന്നു പുരോഹിതൻ
ആദരാൽ കൈകളുയർത്തിടുന്നു.

www.malankaralibrary.com

പാവനാത്മാവിനെ ഭക്ത്യാ വിളിക്കുന്നു.
പാരിലിറങ്ങുന്നു ദിവ്യരൂപൻ
പാവനമാക്കുന്നു രക്തശരീരങ്ങൾ
പുജിതമീയാഗവേദിയിങ്കൽ

ശുശ്രൂ. ഒന്നായ്ക്കടന്നീടാം കുടാരത്തിൽ
വാഴ്ത്തിടാം സാദരം പാദപീഠം.

ഗായക. പരിശുദ്ധ .................

കാർമ്മി. നിത്യനാം താതനും ആത്മജനും
പാവനാത്മാവിനും സ്തോത്രമെന്നും.

ഗായക. പരിശുദ്ധ .................

ശുശ്രൂ. ആദിയിലെന്നപോലിന്നുമെന്നും
അങ്ങേക്കു കീർത്തനഗാനധാര.

ഗായക. പരിശുദ്ധ .................

ശുശ്രൂ. എന്നും എന്നേക്കും.

നാഥാ, കനിവിൻ വലതുകരം
നീട്ടുക സ്നേഹമൊടെന്നാളും
അങ്ങേയജ്ജനനിരകൾക്കായ്
ആശീർവ്വാദം നല്കിടുവാൻ.

കർത്താവേ, നിൻകാരുണ്യം
നിത്യമനന്തമപാരവുമാം
താവകസൃഷ്ടികളാം ഞങ്ങൾ
ദുഷ്ടകരങ്ങളിൽ വീഴരുതേ.

ശുശ്രൂ. അങ്ങേ ദ്വാദശശിഷ്യർക്കായ്
പണ്ടേ നല്കിയ വാഗ്ദാനം.
ഞങ്ങളിലെന്നും നിലനില്ക്കാൻ
കൃപ നീ ഞങ്ങൾക്കരുണളമേ.

കാർമ്മി. വാഗ്ദാനം ഞാൻ നല്കുന്നു
നിങ്ങൾക്കൊപ്പം ലോകത്തിൽ
അന്തിമനിമിഷംവരെയീ ഞാൻ
വന്നു വസിക്കും നിശ്ചയമായ്.

www.malankaralibrary.com

ശുശ്രൂ. ശ്ലീഹന്മാരിൽ വസിച്ചതുപോൽ
ശ്ലീഹരൊടൊത്തു കഴിഞ്ഞതുപോൽ
കർത്താവേ, നിൻ കൃപയെന്നും
ഞങ്ങളിലെല്ലാം ചിന്തണമേ.

എല്ലാ വരും സർവപരീക്ഷയുമങ്ങകലെ
മാറ്റി നിറുത്തുക തിരുനാഥാ
ശാന്തിവിടർത്തും കാലം നിൻ
നാമം വാഴ്ത്താൻ നല്കണമേ.

## II

### പ്രാരംഭഗീതം

കാർമ്മി. പെസഹായുടെ തിരുനാളിൽ
മിശിഹായരുൾചെയ്തതുപോൽ
പരിപാവനമാമീ ബലി
പുരുമോദമൊടർപ്പിക്കാം.

സമൂ. കരുണാമയനീശോതൻ
തിരുവായ്മൊഴിപോലിപ്പോൾ
പരിചോടീ ദിവ്യബലി
തിരുമുമ്പിലണച്ചീടാം.

### അത്യുന്നതങ്ങളിൽ

കാർമ്മി. അത്യുന്നതമാം സ്വർഗ്ഗത്തിൽ
നിത്യവുമീശനു സ്തുതിഗീതം.

സമൂ. മർത്യനു ശാന്തി നിരന്തരമാം
പ്രത്യാശയുമീ ഭൂമിയിലും.

### സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

കാർമ്മി. സ്വർഗ്ഗത്തിൽ വാഴുന്ന നിത്യനാം താതാ നിൻ
തിരുനാമം പൂജിതമായിടേണം.
വരണമേ നിന്നുടെ രാജ്യമീ ഭൂമിയിൽ
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീ.

www.malankaralibrary.com

സമൂ. സ്വർഗ്ഗത്തിൽ വാഴുന്ന നിത്യനാം താതാ നിൻ
നിസ്തുലമായ മഹിമാവുതൻ
നിരവദ്യശോഭയാൽ നിറയുന്നു സന്തതം
നിരുപമസ്വർഗ്ഗവും ഭൂതലവും.
പരിചോടു പാടുന്നു മാലാഖമാരുടെ
നിരയോടു ചേർന്നിതാ മർത്ത്യവൃന്ദം:
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീയെന്നും
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീ.

സ്വർഗ്ഗത്തിൽ വാഴുന്ന നിത്യനാം താതാ നിൻ
തിരുനാമം പൂജിതമായിടേണം.
വരണം നിൻരാജ്യം, ഭവിക്കണം ഭൂമിയിൽ
തിരുവിഷ്ടം സ്വർഗ്ഗത്തിലെന്നപോലെ.
തരണമേ ഞങ്ങൾക്കു വേണ്ടതാമാഹാരം
കരുണയോടിന്നു ദയാനിധിയേ
കനിവാർന്നു നാഥാ, പൊറുത്താലും ഞങ്ങൾതൻ
കടമെല്ലാം ഞങ്ങൾ ക്ഷമിച്ചപോലെ.
സതതം പരീക്ഷയിലുൾപ്പെടുത്താതെയീ
സുതരെ പരിരക്ഷിച്ചീടണമേ.
ഒരുനാളും ദുഷ്ടന്റെ കെണിയിൽ പതിക്കാതെ
കരുണയാൽ ഞങ്ങളെ കാത്തിടണേ.
അഖിലാണ്ഡമേകമാം വചനത്തിൻ ശക്തിയാൽ
വിരചിച്ചുവാണിടും പരമനാഥാ
പരിചോടു രാജ്യവും ശക്തിമഹത്ത്വവും
നിരൂപിക്കിൽ നിന്റേതാണെന്നുമാമ്മേൻ.

കാർമ്മി. സ്തുതിപാടാം നമ്മൾക്കു താതനും പുത്രനും
പരിശുദ്ധ റൂഹായ്ക്കുമെന്നുമെന്നും
പരിചിൽ മുഴങ്ങട്ടെയാദിയിലെന്നപോൽ
തിരുനാമസ്തുതിഗീതമെന്നുമാമ്മേൻ.

സമൂ. സ്വർഗ്ഗത്തിൽ വാഴുന്ന നിത്യനാം താതാ നിൻ
തിരുനാമം പൂജീതമായിടേണം.

www.malankaralibrary.com

വരണമേ നിന്നുടെ രാജ്യമീ ഭൂമിയിൽ
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീ.
സ്വർഗ്ഗത്തിൽ വാഴുന്ന നിത്യനാം താതാ നിൻ
നിസ്തുലമായ മഹിമാവുതൻ
നിരവദ്യശോഭയാൽ നിറയുന്നു സന്തതം
നിരുപമസ്വർഗ്ഗവും ഭൂതലവും.
പരിചോടുപാടുന്നു മാലാഖമാരുടെ
നിരയോടു ചേർന്നിതാ മർത്ത്യവൃന്ദം:
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീയെന്നും
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീ.

**സങ്കീർത്തനം 144**

കാർമ്മി. മാമകരാജാവാം ദൈവമേ നിൻ തിരു-
നാമം പുകഴ്ത്തും ഞാനെന്നുമെന്നും
പാടിപ്പുകഴ്ത്തും ഞാൻ നിന്നപദാനങ്ങൾ
ചേണെഴും വാങ്മയത്തൂമധുവാൽ.

സമൂ. മാമകരാജാവാം ദൈവമേ, നിൻ തിരു-
നാമം പുകഴ്ത്തും ഞാനെന്നുമെന്നും
നാഥൻ മഹിമനിറഞ്ഞവനാണങ്ങേ
നാമം സ്തുതിക്കർഹമെന്നുമെന്നും.

സീമയെഴാത്ത മഹത്ത്വത്താൽ പൂരിതൻ
മാമകനാഥൻ, തൻ ചെയ്തികളെ
പാരം പ്രകീർത്തിച്ചിടുന്നു തലമുറ-
തോറുമീയൂഴിയിൽ മർത്ത്യപുത്രർ.

ശക്തമാം നിന്റെ പ്രവൃത്തികളൊക്കെയും
മർത്ത്യർ പ്രഘോഷിക്കും ഭക്തിപൂർവ്വം
കണ്ണുകളഞ്ചിക്കും നിൻമഹിമാവിന്റെ
കാന്തിയെ വർണ്ണിച്ചു പാടിടും ഞാൻ.

താവകനന്മകൾ തേടിടുമെന്നെന്നും
നീതിമാന്മാരായ നിന്റെ മക്കൾ

സാമോദം കണ്ടെത്തും നിന്റെയനുഗ്രഹ-
പ്പൂമഴ പാരിലാ ഭാഗ്യവാന്മാർ.

പാരം ദയാലുവാം കർത്താവു കാരുണ്യ-
വാരിധിയാണെന്നറിഞ്ഞിടേണം
ചിന്മയനേറ്റവും ശാന്തനാണങ്ങയിൽ
നന്മനിറഞ്ഞു തുളുമ്പിടുന്നു.

മാരികണക്കെ പൊഴിയുന്നു കർത്താവിൻ
കാരുണ്യം തന്നുടെ ദാസന്മാരിൽ
നന്ദിനിറഞ്ഞവർ പാടിപ്പുകഴ്ത്തുന്നു.
നിന്നുടെ നന്മകളെന്നുമെന്നും.

താവകരാജ്യത്തിൻ നിത്യമഹത്ത്വത്തെ
ഭൂവിൽപ്പുകഴ്ത്തുന്നു നീതിമാന്മാർ
പാടവമോടവർ വർണ്ണിച്ചിടുന്നു നിൻ
പാണിതൻ വൈഭവം പാരിലെങ്ങും.

നിത്യവും സ്തുത്യർഹനായിടും കർത്താവേ,
നിത്യം നിലനില്ക്കും നിന്റെ രാജ്യം
ഉന്നതമാകിയ നിന്നധികാരവു-
മെന്നും നിലനില്ക്കും സുസ്ഥിരമായ്.

വിശ്വസ്തനാകുന്നു തന്നുടെ വാഗ്ദാന-
മൊക്കെ നിറവേറ്റും സർവ്വശക്തൻ
അന്യൂനം നീതി നിറഞ്ഞവനാണങ്ങു
തന്നുടെ ചെയ്തികളൊക്കെയിലും.

ശക്തമാം തന്നുടെ പാണിയാൽ താങ്ങുന്നു
കർത്താവു പൂഴിയിൽ വീഴുവോരെ
വേഗം പിടിച്ചുയുർത്തുന്നു നിരാമയൻ
പാരിൽ നിപതിച്ചവരെയെല്ലാം.

സൃഷ്ടികൾക്കൊക്കെയും നാഥനാം കർത്താവിൻ
ദൃഷ്ടി പതിക്കുന്നു ലോകമെല്ലാം
തൃക്കരംകൊണ്ടവൻ നല്കുന്നിതാഹാരം
തക്കസമയത്തു വേണ്ടുവോളം.

www.malankaralibrary.com

നീതിനിറഞ്ഞവയാണല്ലോ കർത്താവിൻ
പാതകളൊക്കെയുമോർത്തിടുകിൽ
പാരം കൃപാപൂർണ്ണമാണു തൻ ചെയ്തികൾ
പാടിപ്പുകഴ്ത്തുവിൻ തന്റെ നാമം.

നിർമ്മലമാനസമോടു വിളിപ്പവർ -
ക്കെന്നും സമീപസ്ഥനാണു നാഥൻ
തന്നുടെ ഭക്തർതൻ വാഞ്ഛിതമൊക്കെയും
ഉന്നതനങ്ങു സഫലമാക്കും.

നാഥനവരുടെ പ്രാർത്ഥന കേൾക്കുന്നു
പ്രീതനായ് രക്ഷയും നല്കിടുന്നു
കർത്താവു തന്നുടെ ഭക്തരെയൊക്കെയും
നിത്യവും പാലിച്ചിടുന്നു മോദാൽ.

ശക്തിയേറുന്ന ഭുജത്താൽ നശിപ്പിക്കും
ദുഷ്ടജനങ്ങളെയാകെ നാഥൻ
പാടിടുമെന്റെയധരങ്ങൾ കർത്താവിൻ
പാവനനാമത്തിൻ ഗീതകങ്ങൾ.

പാരിടമെങ്ങും നിറഞ്ഞുകവിയുന്ന
ജീവജാലങ്ങളനവരതം
വാഴ്ത്തിപ്പുകഴ്ത്തിടും തൻതിരുനാമത്തെ
വാഴ്ത്തുവിൻ നിങ്ങളും തൻ മഹത്ത്വം.

**സങ്കീർത്തനം 145**

മാമകാത്മാവേ, നീ പാടിപ്പുകഴ്ത്തുക
സ്നേഹസ്വരൂപനാം കർത്താവിനെ
ജീവിതകാലം മുഴുവനും ഞാനങ്ങേ
ഗീതികൾ മോദമോടാലപിക്കും.

ഭൂമിയിൽ ഞാനുള്ള കാലംവരെയുമെൻ
നാഥനു കീർത്തനമാലപിക്കും
ഞാനാശ്രയിക്കില്ല രാജാവിൽ, മർത്യനിൽ;
നാഥനിലാണെൻ പ്രതീക്ഷയെല്ലാം.

അക്ഷയമാകിയ രക്ഷയെനിക്കേകൊ-
നിക്ഷിതി തന്നിലിന്നാരുമില്ല
മാനവൻ മണ്ണിലടിയുന്നു വാടിയ
പൂവുപോലാത്മാവു വേർപെടുമ്പോൾ

മണ്ണിലടിയുന്നവനോടുകൂടെത്തൻ
സുന്ദരസ്വപ്നങ്ങളാകമാനം
യാക്കോബിൻ ദൈവം തുണയായിട്ടുള്ളവൻ
ഭാഗ്യവാനാകുന്നു പാരിലെന്നും.

വാനവും ഭൂമിയും നീലക്കടൽകളും
നാനാചരാചരജാലങ്ങളും
സാനന്ദം സൃഷ്ടിച്ചുപാലിക്കും കർത്താവിൽ
മാനസം ചേർക്കുവോൻ ഭാഗ്യവാനാം.

സത്യത്തെ രക്ഷിച്ചു പീഡിതർക്കായ് നീതി
നിത്യം നടത്തുന്ന ദൈവമല്ലോ
ക്ഷുത്പീഡിതർക്കൊക്കെയാഹാരമേകുന്നു
ബന്ധിതരായോർക്കു മോചനവും.

അന്ധർതൻ നേത്രം തുറക്കുന്ന കർത്താവു
സന്തതം വീണവർക്കാലംബമാം
നീതിയെഴുന്നോരെ സ്നേഹിച്ചിടുന്നവൻ
പാവങ്ങളെ സദാ പാലിക്കുന്നു.

പാരമനാഥർ വിധവകളെന്നിവർ-
ക്കാഹാരം നല്കുന്ന സർവ്വശക്തൻ
ദുഷ്ടജനങ്ങൾതൻ മാർഗ്ഗങ്ങളൊക്കെയും
തട്ടിനശിപ്പിക്കും തിട്ടമത്രേ.

സർവ്വലോകങ്ങൾക്കുമുന്നതരാജാവായ്
സർവാധിനാഥൻ ജയിച്ചിടുന്നു
നിത്യം സെഹിയോനേ, വാണിടും നിൻ ദൈവം
നിസ്തുലമായ മഹിമയോടെ.

www.malankaralibrary.com

## സങ്കീർത്തനം 146

നല്ലതുമേറ്റമുചിതവും ദൈവത്തെ
നമ്മൾ പുകഴ്ത്തുന്നതെന്നുമെന്നും
കർത്താവാം ദൈവം സ്തുതിക്കർഹനാകുന്നു
നിത്യം പുകഴ്ത്തുക നാമവനെ

കീർത്തിയെഴുന്ന ജറുസലേം പട്ടണം
കർത്താവു വീണ്ടും പണിതിടുന്നു
ചിന്നിച്ചിതറിയോരിസ്രായേൽ മക്കളെ
ഒന്നിച്ചുകൂട്ടുന്നു വീണ്ടും നാഥൻ.

പൊട്ടിത്തകർന്ന മനങ്ങളിൽ കർത്താവു
സൗഖ്യമാം തൈലം പകർന്നിടുന്നു
ആകുലചിന്തകളൊക്കെയകറ്റുന്നു
മോദമായ് ശാന്തിയരുളിടുന്നു.

അംബരവീഥിയിൽ മിന്നിത്തിളങ്ങുന്ന
സുന്ദരനക്ഷത്രജാലങ്ങളെ
എണ്ണി സ്വയം തിട്ടമാക്കുന്ന സർവ്വേശൻ
നല്കുന്നവയ്ക്കോരോ നാമധേയം.

ശക്തിയുമേറ്റം മഹത്ത്വവും ചേർന്നൊരു
കർത്താവിൻ ജ്ഞാനമനന്തമത്രേ
ശിഷ്ടരെ നിത്യമുയർത്തുന്നവൻ, സദാ
ദുഷ്ടരെയൊക്കെയും താഴ്ത്തിടുന്നു.

കിന്നരം മീട്ടിയും കീർത്തനം പാടിയും
തന്നെപ്പുകഴ്ത്തുവിൻ ഭക്തിപൂർവ്വം
മേഘങ്ങളാലവൻ വാനിടം മൂടുന്നു
ഭൂമിക്കായ് മാരി പൊഴിച്ചിടുന്നു.

ചാലേ തൃണങ്ങളാൽ നീലമലകളെ
ചേലയണിയിക്കും ലോകനാഥൻ
പക്ഷിമൃഗാദികൾക്കൊക്കെയും നിത്യവും
ഭക്ഷണം നല്കുന്നു വേണ്ടുവോളം.

www.malankaralibrary.com

അശ്വബലത്തിലരചന്റെ ശക്തിയിൽ
തുഷ്ടനാകുന്നില്ല സർവ്വശക്തൻ
സ്നേഹിച്ചിടുന്നവൻ തൻ കൃപതേടിടും
മാനവമക്കളെയെന്നുമെന്നും.

## സകലത്തിന്റെയും നാഥാ

ഗായക. സകലലോകനായകാ,

സമൂ. നമിച്ചിടുന്നു നിൻപദം
പ്രിയമോടീശോ നാഥനേ,
പുകഴ്ത്തിടുന്നു നിന്നെ ഞാൻ.

അരുളിടുന്നു മേനികൾക്കു
നീയുയിർപ്പു ദൈവമേ,
പരിചൊടാത്മ രക്ഷയും
തരുന്നു നാഥനായ നീ.

## ത്രൈശുദ്ധകീർത്തനം

ശുശ്രൂ. ശബ്ദമുയർത്തുക സർവ്വരുമേ,
കർത്താവിൻ സ്തുതി പാടിടുവിൻ
നിത്യം ജീവിക്കുന്നവനാം
നാഥനെ വാഴ്ത്തിപ്പാടിടുവിൻ.

ഗായക. പരിശുദ്ധൻ നീ സർവ്വേശാ,
സമൂ. പരിശുദ്ധൻ നീ ബലവാനേ,
പരിശുദ്ധൻ നീ അമർത്യനേ,
കൃപ നീ ഞങ്ങൾക്കേകണമേ.

## പ്രകീർത്തനം

കാർമ്മി. ആകാശമണ്ഡലം വാഴ്ത്തിപ്പുകഴ്ത്തുന്നു
സാനന്ദം ദൈവമഹത്ത്വമെന്നും.
പാവനാത്മാവിന്റെ ഗീതികളാദരാൽ
പാടി, ഹല്ലേലുയ്യാഗീതികളാൽ
ധന്യനാം മാർത്തോമ്മാശ്ലീഹാതന്നോർമ്മയും
(കർത്താവിൻ ദിവ്യജനനത്തിന്നോർമ്മയും)
നമ്മൾക്കുകൊണ്ടാടാം ഹല്ലേലുയ്യാ.

www.malankaralibrary.com

ശുശ്രൂ. II — തൻകരവൈഭവമല്ലോ വിളംബരം
ചെയ്യുന്നു നീലവിശാലവാനം.

സമൂ. — പാവനാത്മാവിന്റെ ...............

ശുശ്രൂ. I — നിത്യം പകലുകളന്യോന്യം ദൈവത്തിൻ
സ്തുത്യമാകും പുകളോതിടുന്നു.

സമൂ. — പാവനാത്മാവിന്റെ ...............

കാർമ്മി. — നിത്യപിതാവിനും പുത്രനും റൂഹായ്ക്കും
നിത്യം സ്തുതി നമുക്കാലപിക്കാം.

സമൂ. — പാവനാത്മാവിന്റെ ...............

ശുശ്രൂ. II — ആദിയിലെപ്പോലെയിപ്പോഴുമെപ്പോഴു-
മായി ഭവിക്കട്ടെയെന്നുമാമ്മേൻ.

സമൂ. — പാവനാത്മാവിന്റെ ...............

## ഹല്ലേലുയ്യാഗീതം

ഹല്ലേലുയ്യാ പാടാം ഹല്ലേലുയ്യാ പാടാം
ഹല്ലേലുയ്യാ പാടാം മോദമോടെ.
മാമകചിത്തത്തിലിന്നു മനോജ്ഞമാ-
മാശയമൊന്നു തുളുമ്പി നില്പൂ.
ആലപിച്ചീടും ഞാൻ കീർത്തനമായതു
രാജാവിൻ മുമ്പിലിന്നിമ്പമോടെ.
എന്നുടെ നാവിപ്പോളേറ്റമനുഗ്രഹം
ചേർന്ന കവിയുടെ തൂലികപോൽ.
താതനും പുത്രനും പാവനാത്മാവിനും
സ്തോത്രമുണ്ടാകട്ടെയുന്നതത്തിൽ
ആദിമുതൽക്കെന്നപോലെ ഭവിക്കട്ടെ
ഇപ്പൊഴുമെപ്പൊഴുമെന്നുമാമ്മേൻ.

## ദിവ്യരഹസ്യഗീതം

ഗായക. — പരിശുദ്ധമീബലിപീഠത്തിൽ കർത്താവിൻ
സമൂ. — തിരുമെയ്യും ദിവ്യമാം തിരുരക്തവും.

www.malankaralibrary.com

ഭയഭക്തിയോടെനമുക്കണഞ്ഞിടാമി
തിരുസന്നിധാനത്തിലീനിമിഷം.
ചിറകുവിരുത്തിയ മാലാഖമാരുടെ
നിരയോടുചേർന്നു മനോജ്ഞമായി
പരിശുദ്ധൻ പരിശുദ്ധൻ ദൈവമാം കർത്താവു
പരിശുദ്ധനെന്നു നമുക്കു പാടാം.

## ദിവ്യരഹസ്യഗീതം (തുടർച്ച)

കാർമ്മി. സ്തുതിയും മഹത്ത്വവും താതനും പുത്രനും
പരിശുദ്ധ റൂഹായ്ക്കുമെന്നുമെന്നും
പരിചോടു ദൈവത്തിൻ മാതാവാം കന്യകാ-
മറിയത്തെയോർത്തിടാമീബലിയിൽ.

സമൂ. സമയത്തിന്നാദിയിലെന്നപോലിപ്പോഴും
സകലകാലത്തേക്കുമെന്നുമാമ്മേൻ.
മിശിഹാതൻ പ്രേഷിതന്മാരേ, തൻ സ്നേഹിത-
ഗണമേ നിരന്തരം സൃഷ്ടികളിൽ
നിരുപമശാന്തി വളരുവാനായ് നിങ്ങൾ
പരിചോടർപ്പിക്കുവിൻ പ്രാർത്ഥനകൾ.

കാർമ്മി. പരിചോടു ദൈവത്തിൻ ജനമെല്ലാമാദരാ-
ലുരുവിട്ടിടട്ടെന്നുമാമ്മേനാമ്മേൻ.
വിജയം വരിച്ചൊരു നീതിമാന്മാരോടും
നിണമേകിമുടിചൂടും ധന്യരോടും
ഒരുമിച്ചു മാർത്തോമ്മാശ്ലീഹാതൻപുണ്യമാം
സ്മരണയുണ്ടാകട്ടെയീബലിയിൽ.

സമൂ. ബലവാനാം കർത്താവു നമ്മോടുകൂടിയു-
ണ്ടഖിലാധിനാഥനോ നമ്മോടൊപ്പം
തുണയാണു യാക്കോബിൻ ദൈവം നമുക്കെന്നും
പ്രണമിക്കാം നമ്മൾക്കു തന്റെ മുമ്പിൽ.

കാർമ്മി. ചെറിയവർ വലിയവരൊന്നുപോൽ നീ നല്കും
മഹിതമാമുത്ഥാനം കാത്തിടുന്നു

www.malankaralibrary.com

മരണത്തിൻ നിദ്രയിലാണ്ടവർ തേടുന്നു
ശരണം നീയേകിടുമുത്ഥാനത്തിൽ.

സമൂ. ഹൃദയം തുറക്കുവിൻ കർത്താവിൻ തിരുമുമ്പി-
ലവിടുത്തെപ്പാടിപ്പുകഴ്ത്തിടുവിൻ
ഉപവാസം പ്രാർത്ഥനയനുതാപമിവയാലെ
പരിശുദ്ധത്രിത്വത്തെയാരാധിക്കാം.

**വിശ്വാസപ്രമാണം**

കാർമ്മി. സർവ്വശക്തനും പിതാവുമാകുമേകനീശനിൽ
ഞങ്ങൾ വിശ്വസിച്ചിടുന്നു ഭക്തിയാർന്നുനിത്യവും.

സമൂ. വിശ്വസിച്ചിടുന്നു ദൃശ്യമെന്നപോലദൃശ്യമാം
വിശ്വമൊക്കെയും രചിച്ച സർവ്വസൃഷ്ടിനാഥനിൽ.
സർവ്വനാഥനായൊരീശനുള്ളൊരേകപുത്രനിൽ
സർവ്വസൃഷ്ടികൾക്കുമുമ്പുമുള്ളൊരാദ്യജാതനിൽ
നിത്യനാം പിതാവിൽനിന്നു ജാതനെന്നിരിക്കിലും
സൃഷ്ടിയായ് ഭവിച്ചിടാത്തൊരേകനാഥനീശോയിൽ
വിശ്വസിച്ചിടുന്നു ഞങ്ങൾ, സത്യദൈവമാണവൻ
സത്തയിൽ പിതാവുമൊത്തു നിത്യമേകനാണവൻ.
സംവിധാനമങ്ങുചെയ്തുവിശ്വമാകെ ഭംഗിയിൽ
സൃഷ്ടമായിതങ്ങയാൽ സമസ്തസൃഷ്ടിജാലവും.
മർത്യരാം നമുക്കു രക്ഷയേകിടാൻ ദയാന്വിതം
സ്വർഗ്ഗലോകവും വെടിഞ്ഞു താണിറങ്ങിവന്നവൻ
ദിവ്യമാമരൂപിയാലെ കന്യയായമേരിയിൽ
നിന്നു മേനിയും ധരിച്ചു മർത്യനായ് പിറന്നവൻ
പീഡകൾ സഹിച്ചു പീലാത്തോസു വാഴും നാളിലായ്
ക്രൂശിൽ ജീവനേകി വയ്ക്കപ്പെട്ടു കല്ലറയ്ക്കകം
പിന്നെ മൂന്നാംനാളുയിർത്തു തിരുവെഴുത്തു ചൊന്നപോൽ
തുംഗമാം മഹത്ത്വമോടു തന്റെ ദിവ്യശക്തിയാൽ
പൂകി സ്വർഗ്ഗലോകമങ്ങു, വാണിടുന്നു പൂജ്യനാം
താതനുള്ള വലതുഭാഗം ചേർന്നുനിത്യമഹിമയിൽ
വീണ്ടുമങ്ങണഞ്ഞിടും വിധിക്കുവാൻ സജീവരാം

www.malankaralibrary.com

മർത്യരോടുകൂടി മൃത്യു നിദ്രപുൽകിയോരെയും.
വിശ്വസിച്ചിടുന്നു ഞങ്ങളേക ദിവ്യാത്മാവിലും
ശ്ലൈഹികം പവിത്രമേക സാർവ്വത്രിക സഭയിലും
പാപമോചനത്തിനുള്ളൊരേകമാമ്മോദീസയും
മേനിതന്നുയിർപ്പും നിത്യമായിടുന്നൊരായുസ്സും
ഏറ്റുചൊല്ലിടുന്നു ഞങ്ങളാദരാൽ നിരന്തരം
ഏറ്റുചൊല്ലിടുന്നു ഭക്തിപൂർവ്വമെന്നുമെന്നുമേ.

## ചിന്തകൾ ഉന്നതത്തിലേക്ക്

കാർമ്മി. നമ്മോടൊപ്പം കർത്താവിൻ
കൃപയും നിത്യപിതാവിന്റെ
സ്നേഹവുമതുപോൽ റൂഹാതൻ ✠
സഹവാസവുമുണ്ടാകട്ടെ.

സമൂ. ആമ്മേൻ

കാർമ്മി. ഉന്നതസ്വർഗ്ഗംതേടട്ടെ
നിങ്ങടെ ഹൃദയവിചാരങ്ങൾ.

സമൂ. അബ്രാഹം പുനരിസഹാക്കും
യാക്കോബിവരുടെ കർത്താവേ,
പരമാരാധ്യൻ രാജാവേ,
പാവനമാം നിൻസന്നിധിയിൽ.

കാർമ്മി. സകലചരാചരനാഥന്നായ്
പരിചൊടുനാംബലിയർപ്പിപ്പൂ.

സമൂ. ന്യായ്യമതെന്നും യുക്തവുമാം
ന്യായ്യമതെന്നും യുക്തവുമാം.

## പരിശുദ്ധൻ

കാർമ്മി. ഒരുമയിലവരുദ്ഘോഷിപ്പൂ
ഉച്ചസ്വരത്തിൽ നിരന്തരമായ്
തിരുസന്നിധിയിൽ സകലേശാ
നിസ്തുലമാം നിൻസ്തുതിഗീതം.

സമൂ. ബലവാനായൊരു കർത്താവാം

ദൈവം നിത്യം പരിശുദ്ധൻ
പരിശുദ്ധൻ തൻ മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറയുന്നു.
ഉയരങ്ങളിലായോശാന
ദാവീദാത്മജനോശാന
കർത്താവിൻ തിരുനാമത്തിൽ
വന്നവനിനിവരുവാനുള്ളോൻ
എന്നുമനുഗ്രഹസമ്പന്നൻ
ഉയരങ്ങളിലവനോശാന.

## അനാഫൊറാ സമാപനം

കാർമ്മി. പൂജ്യമായിടും നിന്റെ നാമത്തി-
നാദരാൽ ഞങ്ങളർപ്പിക്കും
സ്തോത്രവും സ്തുതികീർത്തനങ്ങളും ✠
ഇന്നുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

## തിരുശ്ശരീരം ഉയർത്തുമ്പോൾ

സമൂ. സ്വർഗ്ഗത്തിൽ നിന്നുമിറങ്ങിയ ജീവന്റെ
അപ്പമാകുന്നു ഞാൻ സ്നേഹപൂർവ്വം
എന്നെ സമീപിച്ചു സ്വീകരിക്കുന്നവ-
രെന്നെന്നും ജീവിക്കും, സ്വർഗ്ഗരാജ്യം
നേടുമവരെന്നും ശിഷ്യരോടോതിനാൻ
മാനവരക്ഷകനീശോനാഥൻ.
തന്റെതിരുവിഷ്ടം പൂർത്തിയാക്കീടുന്ന
ക്രോവേന്മാർ, സ്രാപ്പേന്മാർ, മുഖ്യദൂതർ
സാദരമീ ബലിപീഠത്തിൻ മുമ്പിലായ്
കുമ്പിട്ടുനില്ക്കുന്നു ഭക്തിപൂർവ്വം.
പാപകടങ്ങൾതൻ ശാന്തിക്കായീശോതൻ
പൂജ്യശരീരം വിഭജിച്ചീടും
വൈദികനെത്തന്നെ സൂക്ഷിച്ചുവീക്ഷിച്ചു
നില്ക്കുന്നവർ ഭയഭക്തിയോടെ

നീതിതൻ വാതിൽ തുറക്കുക ഞങ്ങൾക്കായ്
നീതിമാനായ നിൻകാരുണ്യത്താൽ
പാപികൾ ഞങ്ങളെ തന്റെ സവിധത്തിൽ
മാടിവിളിച്ച കൃപാനിധിയേ,
പാരമനുതപിക്കുന്നവർക്കൊക്കെയും
വാതിൽ തുറന്നുകൊടുപ്പവനേ
സാദരം നിൻതിരുസന്നിധിയിൽ ഞങ്ങൾ
രാപകൽ കീർത്തനമാലപിക്കും.

**അനുതാപകീർത്തനം**

സമൂ. കർത്താവേ, ദാസർതൻ പാപകടങ്ങൾ നീ
മോചിച്ചിടേണം കരുണയാലേ.

ശുശ്രൂ. ഭിന്നത, തർക്കങ്ങളൊക്കെയകറ്റിടാം
അന്തരംഗം പരിശുദ്ധമാക്കാം.

സമൂ. കർത്താവേ, ദാസർതൻ പാപകടങ്ങൾ നീ
മോചിച്ചീടേണം കരുണയാലേ.

ശുശ്രൂ. ശത്രുത, വിദ്വേഷമാകെ വെടിഞ്ഞുനാ-
മാത്മാക്കൾ പാവനമാക്കിടേണം.

സമൂ. കർത്താവേ, ദാസർതൻ പാപകടങ്ങൾ നീ
മോചിച്ചീടേണം കരുണയാലേ.

ശുശ്രൂ. ഭക്തിയോടീശോയെ കൈക്കൊണ്ടുറൂഹാതൻ
ശക്തിയാൽ നിർമ്മലരായ് ഭവിക്കാം.

സമൂ. കർത്താവേ, ദാസർതൻ പാപകടങ്ങൾ നീ
മോചിച്ചീടേണം കരുണയാലേ.

ശുശ്രൂ. യോജിപ്പുമൈക്യവും ചേർന്നവരായിന്നു
ദിവ്യരഹസ്യങ്ങൾ സ്വീകരിക്കാം.

സമൂ. കർത്താവേ, ദാസർതൻ പാപകടങ്ങൾ നീ
മോചിച്ചീടേണം കരുണയാലേ.

ശുശ്രൂ. ഞങ്ങൾക്കിവ രക്ഷയുത്ഥാനമെന്നിവ-
യ്ക്കങ്ങിന്നു കാരണമാക്കിടേണം.

www.malankaralibrary.com

സമൂ. നിത്യമാം ജീവനും കാരണമാകട്ടെ
സ്തുത്യർഹമീബലിയെന്നുമാമ്മേൻ.

## സ്തോത്രപ്രാർത്ഥന

കർത്താവിൻ തിരുമുമ്പിൽ വന്നതി-
ഭക്തിവിശ്വാസപൂർവ്വകം
ഞങ്ങൾ കൈക്കൊണ്ടൊരീ രഹസ്യങ്ങൾ
പാപമോചനമേകട്ടെ.
ഉന്നതൻ യുഗരാജാവായിടും
കന്യകാസുതനീശോയേ,
ദാസന്റേതുപോൽ സ്രഷ്ടാവിന്റെയും
സാദൃശ്യം നീ നിനയ്ക്കുകിൽ.
നിന്നിൽ വിശ്വസിച്ചാശ്രയിച്ചവർ
നിന്റെ സങ്കേതം തേടിയോർ
നിന്റെ മാംസനിണങ്ങളാൽ പാപ-
മോചനം നേടി ധന്യരായ്.
വാനമേഘത്തിൽ നീയിനിവരും
നാളിൽ നിന്നെതിരേല്പിനായ്
നിന്റെ മുമ്പിൽ വരാനും വാനവ-
വൃന്ദമൊത്തു നിരന്തരം
നിൻസ്തുതിഗീതമാലപിക്കാനും
ഞങ്ങളെ യോഗ്യരാക്കണേ.

## സമാപനാശീർവ്വാദം

കാർമ്മി. കർത്താവാമീശോമിശിഹാവഴിയായി
നിത്യപിതാവായ ദൈവമിപ്പോൾ
പാവനാത്മാവിന്റെ ദാനങ്ങൾ നമ്മളിൽ
വർഷിച്ചനുഗ്രഹമേകിയല്ലോ.
സ്വർഗ്ഗലോകത്തിൽ മഹിമയ്ക്കായ് നമ്മളെ
ദൈവം കനിഞ്ഞു വിളിച്ചുവല്ലോ.
അക്ഷയമായൊരു സൗഭാഗ്യം നേടുവാൻ
നമ്മെനയിച്ചങ്ങു സ്നേഹപൂർവ്വം.
“മാമകഗാത്രം ഭുജിക്കയുമെൻ നിണം

www.malankaralibrary.com

പാനം കഴിക്കയും ചെയ്യുന്നവൻ
എന്നിലും ഞാനങ്ങവനിലും വാണിടു-
മെന്നല്ല, നിശ്ചയമന്ത്യനാളിൽ
ഞാനുയിർപ്പിക്കുമവനെയവൻ ശിക്ഷ
കാണാതെ സ്വർഗ്ഗത്തിൽ ചെന്നുചേരും."
ഏവമരുളിയ നാഥന്റെ വാഗ്ദാനം
പോലെയീ ദിവ്യബലിയിലിപ്പോൾ
പങ്കുവഹിച്ചൊരു നമ്മെയനുഗ്രഹ-
സമ്പന്നരാക്കട്ടെ സർവശക്തൻ
ദൈവികമായ രഹസ്യങ്ങൾ കൈക്കൊണ്ടു
സന്തുഷ്ടരായൊരു നമ്മെയെല്ലാം
കാരുണ്യവാനായ ദൈവം മഹത്ത്വത്തിൻ
ചാരുവസനമണിയിക്കട്ടെ.
ജീവനേകുന്ന കുരിശടയാളത്താൽ
മുദ്രിതരാകട്ടെ നമ്മളെല്ലാം
നാനാ വിപത്തുകൾ തന്നിൽ നിന്നിപ്പോഴു ✠
മെപ്പോഴും രക്ഷിതരായിടട്ടെ.

സമൂ. ആമ്മേൻ.

(വേറൊന്ന്)

കാർമ്മി. ജീവനേകീടുന്ന ദൈവികമാകുമീ-
പാവനമായ ബലിവഴിയായ്
നമ്മൾ സമർപ്പിച്ചു നാഥനു സ്തോത്രവും
നന്ദിയുമുന്നതമാദരവും:
സ്വർഗ്ഗമാകുന്ന ജറുസലേം പട്ടണം
തന്നിൽതൻ ദൂതന്മാരൊത്തു നിത്യം
തന്റെ വലംഭാഗം ചേരുവാനായ് ദൈവം
നമ്മളെ യോഗ്യരായ്ത്തീർത്തിടട്ടെ.
നമ്മിലും ലോകത്തിൻമേലും സഭയുടെ
മക്കളിലൊക്കെയുമൊന്നുപോലെ
നാഥൻ ചൊരിയട്ടെ തന്റെയനുഗ്രഹ ✠
മാരി നിരന്തരമെന്നുമാമ്മേൻ.

www.malankaralibrary.com

സമൂ. ആമ്മേൻ.

(മരിച്ചവരുടെ അനുസ്മരണാദിവസങ്ങളിൽ)

കാർമ്മി. കർത്താവേ, നിന്റെ തിരുസ്സന്നിധാനത്തിൽ
ഞങ്ങൾ സമർപ്പിക്കുമീ ബലികൾ,
പ്രാർത്ഥനാപുഷ്പങ്ങൾ, കാഴ്ചകളൊക്കെയും
പ്രീതിയാൽ കൈക്കൊള്ളുമാറാകണേ.

ആബേലും നോഹയുമബ്രാഹമീയോബും
ഏലിയാ ധന്യരാം ശ്ലീഹന്മാരും
സാദരം നിൻമുമ്പിൽ മോദമോടർപ്പിച്ച
പാവനമായ ബലികൾപോലെ,
പാവം വിധവതൻ കാണിക്കപോലെയു-
മീബലി സ്വീകരിച്ചീടണമേ.
കർത്താവേ, നിന്നുടെ മുമ്പിലീ ദാസന്നായ്
(ദാസിക്കായ് / ദാസർക്കായ്)
ഞങ്ങളർപ്പിച്ചിടുമീ ബലിയിൽ
നീ കനിവാർന്നു മരിച്ചവർക്കുള്ളതാം
പാപകടങ്ങൾ പൊറുക്കേണമേ.
സ്വർഗ്ഗീയമായ മണവറതന്നിലീ
ദാസനെ (ദാസിയെ / ദാസരെ) ചേർക്കണേ നിൻ
കൃപയാൽ.
സാനന്ദം വാനവരോടൊപ്പമീ ദാസൻ
(ദാസി / ദാസർ)
പാടട്ടെ ത്രിത്വത്തിൻ സ്തോത്രഗീതം.

നിൻ തിരുസ്സന്നിധിതന്നിലിന്നീബലി-
യർപ്പിച്ച ഞങ്ങളെല്ലാവരിലും
നിൻ കൃപാമാരി പൊഴിക്കണേ ഞങ്ങൾതൻ
പാപകടങ്ങൾ പൊറുത്തിടേണേ
ആദിയിലെപ്പോലെയിപ്പോഴുമെപ്പോഴു ✠
മായി ഭവിക്കട്ടെയെന്നുമാമ്മേൻ.

സമൂ. ആമ്മേൻ.

www.malankaralibrary.com

## അനുബന്ധം II (തുടർച്ച)

### സങ്കീർത്തനം 35

കർത്താവേ നിന്നെ ഞാനേറ്റു പറഞ്ഞീടും
നിത്യം വലിയ സമൂഹംതന്നിൽ
പാടി സ്തുതിക്കും ജനതകൾതൻമദ്ധ്യേ
പാവനമായ നിൻനാമമെന്നും.
നിത്യപിതാവിനും പുത്രനും റൂഹായ്ക്കും
സ്തോത്രമർപ്പിക്കുന്നു ഞങ്ങളാമ്മേൻ
ആദിയിലെപ്പോലെയിപ്പൊഴുമെന്നേക്കു-
മായി ഭവിക്കട്ടെ, ഹല്ലേലുയ്യാ.

### മദ്ബഹഗീതം

ഗായക. I

ആനന്ദം കൊള്ളട്ടെ നാഥനിൽ നമ്മുടെ
മാനസമെന്നെന്നും ഭക്തിപൂർവ്വം
നമ്മൾക്കനുഗ്രഹം നല്കുമുറവിട-
മെന്നുമീസ്ലീവായിതുവഴിയായ്.
മർത്യഗണം രക്ഷപ്രാപിച്ചു, ഞങ്ങൾക്കു
ശക്തമാംകോട്ട നിൻ ക്രൂശുനാഥാ
നിന്റെ കുരിശാൽ പിശാചിൻ കെണികളിൽ
നിന്നിവർ മോചിതരായീടട്ടെ.

ഗായക. II

ഉന്നതമാകിയ നിൻതിരുനാമത്തിൽ
ഞങ്ങൾ ശരണം ഗമിച്ചിടുന്നു
നമ്മൾക്കനുഗ്രഹം നല്കുമുറവിട-
മെന്നുമീസ്ലീവായിതുവഴിയായ്.
മർത്യഗണം രക്ഷപ്രാപിച്ചു, ഞങ്ങൾക്കു
ശക്തമാംകോട്ട നിൻ ക്രൂശുനാഥാ
നിന്റെ കുരിശാൽ പിശാചിൻ കെണികളിൽ
നിന്നിവർ മോചിതരായീടട്ടെ.

ഗായക. I

നിത്യപിതാവിനും പുത്രനും റൂഹായ്ക്കും
നിത്യം പുകഴ്ചയുണ്ടായിടട്ടെ
രക്ഷകനായ മിശിഹായേ നിൻകൃപാ-

www.malankaralibrary.com

വൃഷ്ടിയാൽ നിന്റെ തിരുസ്സഭയെ
പാവനമാക്കിച്ചമയ്ക്കണേ, നിന്നുടെ
കാരുണ്യപൂരമീയാലയത്തിൽ
നീ ചൊരിയേണമേ, നിൻ ബലിപീഠമീ
ദേവാലയത്തിലുറപ്പിക്കണേ.
നിൻ തിരുഗാത്രവും രക്തവുമിങ്ങിതി-
ലിന്നു പരികർമ്മം ചെയ്തിടുന്നു.

ഗായക. II ആദിമുതൽക്കെന്നപോലെ ഭവിക്കട്ടെ
ഇപ്പൊഴുമെപ്പൊഴുമെന്നുമാമ്മേൻ.
ചോദിക്കുവോർക്കു ലഭിക്കു, മന്വേഷിപ്പോർ
മോദമായ് കണ്ടെത്തുമിപ്രകാരം
കാരുണ്യപൂർവ്വം നിൻ ദാസരോടോതിയ
കർത്താവേ ഞങ്ങൾതൻ ചെയ്തികളാൽ
നിന്റെ തിരുഹിതം പൂർത്തിയാക്കീടുവാൻ
ഞങ്ങൾക്കനുഗ്രഹം നല്കിടേണേ.

ഗായക. I പാടട്ടെ സർവ്വജനങ്ങളുമൊന്നുചേർ-
ന്നാമ്മേനാമ്മേനെന്നു ഭക്തിപൂർവ്വം.
നമ്മൾക്കനുഗ്രഹം നല്കുമുറവിട-
മെന്നുമീസ്ലീവായിതുവഴിയായ്
മർത്ത്യഗണം രക്ഷപ്രാപിച്ചു, ഞങ്ങൾക്കു
ശക്തമാംകോട്ട നിൻ ക്രൂശുനാഥാ
നിന്റെ കുരിശാൽ പിശാചിൻ കെണികളിൽ
നിന്നിവർ മോചിതരായീടട്ടെ.

## വ്യാഖ്യാനഗീതം

ശുശ്രൂഷികൾ ഭൂതലസ്വർഗ്ഗങ്ങൾ തന്നുടെ രാജാവിൻ
രക്ഷയേകുന്ന വിരുന്നിനായി
ദൈവപരിപാലനത്താലണഞ്ഞൊരു
നിങ്ങൾ വചനത്തിൻ പൊൽപ്രഭയിൽ
നിങ്ങളെ ശോധിച്ചുശുദ്ധീകരിക്കുവിൻ
ദൈവസ്നേഹാഗ്നിയിൽ മാനസങ്ങൾ
നിത്യസൗഭാഗ്യത്തിൽ ദിവ്യനിക്ഷേപങ്ങൾ

www.malankaralibrary.com

കർത്താവു നല്കിയരുളിടുന്നു.
പാപികൾ നിങ്ങൾ വരുവിൻ കടങ്ങൾതൻ
ബാദ്ധ്യതയൊക്കെയും നീക്കിടുവിൻ
സ്വർഗ്ഗത്തിലെത്തുവാൻ നിങ്ങൾ ഹൃദയങ്ങൾ
ശുദ്ധീകരിച്ചു വിനയപൂർവ്വം
നന്മയുൾക്കൊണ്ടുശിശുക്കളെപ്പോലവേ
നിർമ്മലരായ് ഭവിച്ചിടുവിൻ.
ദൈവത്തിൻരാജ്യം പ്രഘോഷിതമാകുന്നു
കണ്ടാലുമാത്മീയഗീതങ്ങളാൽ
നിങ്ങൾക്കായിന്നു തുറക്കപ്പെടുന്നല്ലോ
നിത്യസൗഭാഗ്യത്തിൻ പാതമുന്നിൽ.
ഛായപോലുള്ള പഴയനിയമത്തെ
കൈവിട്ടു നൂതനമാം നിയമം
പാലിച്ചോരെബ്രായനായ പൗലോസിന്റെ
മാതൃക നിങ്ങളും കൈക്കൊള്ളുവിൻ.
തീക്ഷ്ണമതിയായോരിസ്രായേൽവംശജൻ
ധീരപുരുഷനാം സാവൂളിനെ
തന്റെ സഭയ്ക്കൊരു മാതൃകയാകുവാൻ
നാഥൻ കനിഞ്ഞു വിളിച്ചുവല്ലോ.
യൂദനിയമത്താൽ പാരമ്പര്യങ്ങളാൽ
പാരമവനന്ധനായിരുന്നു
നാഥന്റെ ദിവ്യപ്രബോധനം സാവൂളി-
ന്നാത്മീയനേത്രം തുറന്നുവല്ലോ.
ഇന്നു തെസലോണിയർക്കായവൻ നല്കും
(ഇന്നിതാ റോമൻ സഭയ്ക്കായവൻ നല്കും)
ദൗത്യം ശ്രവിക്കുക യുക്തമല്ലോ.

## സുവിശേഷഗീതം

ശുശ്രൂ. മിശിഹാതൻ തിരുവചനങ്ങൾ
സുവിശേഷത്തിൻ രൂപത്തിൽ
വിരചിച്ചല്ലോ ശിഷ്യന്മാർ
പരിശുദ്ധാത്മനിവേശത്താൽ

www.malankaralibrary.com

പരിചോടെഴുതീ മത്തായി
തൻസുവിശേഷം യൂദർക്കായ്
മർക്കോസോ തൻകൃതിയാലേ
റോമിലെ ജനതയ്ക്കുണർവേകീ.

ഈജിപ്തിൽ സഭ കൈക്കൊണ്ടു
ലൂക്കായെഴുതിയ സുവിശേഷം
എഫേസൂസിനു യോഹന്നാൻ
തൻകൃതിയേകീയുന്മേഷം.

ജനതകളിന്നാസുവിശേഷം
ധ്യാനിച്ചങ്ങയെ വാഴ്ത്തുന്നു
നിരുപമമാം നിൻ മഹിമകളെ
പരിചൊടുവാഴ്ത്തിപ്പാടുന്നു.

സമൂ. മിശിഹാതൻ...........

### വ്യാഖ്യാനഗീതം

താതനിൽ പുത്രനിൽ പാവനാത്മാവിലും
സാദരം വിശ്വസിച്ചീടുവോരേ,
സൗഖ്യവും ജീവനും നല്കുന്ന കർത്താവിൻ
വാക്കുകൾ കേൾക്കാനണഞ്ഞിടുവിൻ.

ദൈവകുമാരൻ നരരുടെ മധ്യത്തിൽ
മാനവനായ് വന്നവതരിച്ചു.
തന്റെ നിയമം വഴിയായി മർത്യരെ
പാപത്തിൽനിന്നു വിമോചിപ്പിച്ചു.

ദൈവവചനമീഭൂമിയിൽ നിങ്ങൾക്കായ്
നിസ്തുലമായ നിധി തുറന്നു.
പാവനമാകുമീ സദ്ഗ്രന്ഥം മർത്യർക്കു
ജീവനും ഭാഗ്യവും നല്കിടുന്നു.

ജീവസന്ദായകമാകും സജീവമാം
ദൈവവചനം ശ്രവിച്ചിടുമ്പോൾ
സാത്താൻ പലായനം ചെയ്തിടും ബാധകൾ
ഭീതിയോടെ പുറപ്പെട്ടുപോകും.

www.malankaralibrary.com

മർത്യരെ സ്വർഗ്ഗത്തിലേക്കു നയിക്കുന്ന
വാതിലാണോർക്കുകിലീവചനം
ഒട്ടും കെണികളില്ലാതെ സുസജ്ജമാം
പാതയുമാണോർക്കിലീവചനം.

പാവനമീശബ്ദം കേട്ടാൽ മരിച്ചവർ
ജീവിക്കുമെന്നെന്നും നിശ്ചയമായ്
ജീവിക്കുവോരീ വചനം നിരസിച്ചാൽ
മൃത്യുവശഗരായ്ത്തീർന്നുപോകും.

ഈ വചസ്സെന്നും പ്രകാശവും ദീപവും
ജീവനുമായി വിളങ്ങിടുന്നു.
ഈ വചനംവഴി നിത്യവിധിയാളൻ
ഭൂവിൽ പ്രഘോഷിതനായിടുന്നു.

എല്ലാജനങ്ങളും നാഥൻവഴിയായി
രക്ഷിതരായെന്നറിഞ്ഞുകൊൾവിൻ
പാപങ്ങളൊക്കെയും മോചിക്കും കാരുണ്യ-
വാരിധിയങ്ങെന്നു വിശ്വസിപ്പിൻ.

സത്യവചനമാം വിത്തുവിതയ്ക്കുവാ-
നെത്തി വിതക്കാരൻ സ്നേഹപൂർവ്വം
നിങ്ങൾതൻ മാനസമാകും വയലുകൾ
തൻമുമ്പിലർപ്പണം ചെയ്തിടുവിൻ.

നാഥന്റെ ശബ്ദമരുളുന്നു ജീവനും
കാരുണ്യവും പുനരാനന്ദവും
ആയുസ്സുമാശയും നന്മയുമേകുന്നു
മാനവനങ്ങേത്തിരുവചനം.

കർത്താവിലാശ്രയം തേടുവോൻതന്നുടെ
സത്യവചനത്തിൽ വിശ്വസിപ്പോൻ
ഭാഗ്യവാനാണവൻ ജീവിക്കും നിത്യവും
മൃത്യുവശഗനായ്ത്തീർന്നെന്നാലും.

നാഥനിലാശ്രയം തേടിജീവിപ്പവൻ
പാപാർത്തനായി മരിക്കയില്ല

www.malankaralibrary.com

ദൈവകുമാരൻ തിരുമനസ്സായല്ലോ
കന്യകയിൽനിന്നുമവതരിക്കാൻ.

രോഗം സുഖമാക്കി മൃത്യുവശഗർക്കു
ജീവനും നല്കിയ ദൈവപുത്രൻ
ഉത്ഥാനം ചെയ്തു മൃതരിൽ നിന്നെന്നിട്ടു
സ്വർഗ്ഗത്തിലേക്കു കരേറി പിന്നെ.

പാവനാത്മാവിനെയേകിത്തൻ ശിഷ്യരെ
പാരം വിവേകികളാക്കിനാഥൻ
പിന്നീടവരെ സുവിശേഷഘോഷണം
ചെയ്യുവാൻ ലോകത്തിലേക്കയച്ചു.

സാദരം യോഹന്നാൻ (മത്തായി, മർക്കോസു)
നല്കുമനുഭവ-
സാക്ഷ്യം ശ്രവിക്കുവിൻ നിങ്ങളിപ്പോൾ
സത്യവചനങ്ങൾ കേട്ടുചെവിയുള്ളോർ
നിത്യവും സദ്ഫലം നല്കിടട്ടെ.

**സാഷ്ടാംഗപ്രണാമം**

കാർമ്മി. നിന്റെ പുരോഹിതൻ നീതിയണിയുന്നു
നിന്റെ വിശുദ്ധർ മഹത്ത്വവസ്ത്രം.

ഗായക. പാവനമാം ബലിപീഠത്തിൻ മുന്നിലായ്
വൈദികൻ നിർമ്മലമാം കരങ്ങൾ
സ്വർഗ്ഗലോകത്തേക്കുയർത്തി ക്ഷണിക്കുന്നു.
പാവനാത്മാവിനെ ഭക്തിപൂർവ്വം.
സ്വർഗ്ഗത്തിൽ നിന്നുമിറങ്ങിയിതാറൂഹാ
കർത്താവിൻ ഗാത്രവും ശോണിതവും
പാവനമാക്കിച്ചമയ്ക്കുന്നു ഭോജ്യമായ്
പാനീയവുമായ്ത്തീർന്നിടുവാൻ.

ശുശ്രൂ. കൂടാരംതന്നിൽ പ്രവേശിച്ചു നമ്മൾക്കു
കുമ്പിടാം നാഥന്റെ പാദപീഠം

ഗായക. പാവനമാം ബലിപീഠത്തിൻ മുന്നിലായ്
വൈദികൻ നിർമ്മലമാം കരങ്ങൾ

www.malankaralibrary.com

സ്വർഗ്ഗലോകത്തേക്കുയർത്തി ക്ഷണിക്കുന്നു
പാവനാത്മാവിനെ ഭക്തിപൂർവ്വം.

സ്വർഗ്ഗത്തിൽ നിന്നുമിറങ്ങിയിതാറൂഹാ
കർത്താവിൻ ഗാത്രവും ശോണിതവും
പാവനമാക്കിച്ചമയ്ക്കുന്നു ഭോജ്യമായ്
പാനീയവുമായ്ത്തീർന്നിടുവാൻ.

കാർമ്മി. നിത്യപിതാവിനും പുത്രനും റൂഹായ്ക്കും
നിത്യം പുകഴ്ച്ചയുണ്ടായിടട്ടെ.

ഗായക. പാവനമാം ബലിപീഠത്തിൻ മുന്നിലായ്
വൈദികൻ നിർമ്മലമാം കരങ്ങൾ
സ്വർഗ്ഗലോകത്തേക്കുയർത്തി ക്ഷണിക്കുന്നു
പാവനാത്മാവിനെ ഭക്തിപൂർവ്വം.

സ്വർഗ്ഗത്തിൽ നിന്നുമിറങ്ങിയിതാറൂഹാ
കർത്താവിൻ ഗാത്രവും ശോണിതവും
പാവനമാക്കിച്ചമയ്ക്കുന്നു ഭോജ്യമായ്
പാനീയവുമായ്ത്തീർന്നിടുവാൻ.

ശുശ്രൂ. ആദിമുതൽക്കെന്നപോലെഭവിക്കട്ടെ
ഇപ്പൊഴുമെപ്പൊഴുമെന്നുമാമ്മേൻ.

ഗായക. പാവനമാം ബലിപീഠത്തിൻ മുന്നിലായ്
വൈദികൻ നിർമ്മലമാം കരങ്ങൾ
സ്വർഗ്ഗലോകത്തേക്കുയർത്തി ക്ഷണിക്കുന്നു
പാവനാത്മാവിനെ ഭക്തിപൂർവ്വം.

സ്വർഗ്ഗത്തിൽ നിന്നുമിറങ്ങിയിതാറൂഹാ
കർത്താവിൻ ഗാത്രവും ശോണിതവും
പാവനമാക്കിച്ചമയ്ക്കുന്നു ഭോജ്യമായ്
പാനീയവുമായ്ത്തീർന്നിടുവാൻ.

ശുശ്രൂ. എന്നുമെന്നേക്കും കർത്താവാമീശോയേ
നിന്റെ കൃപതൻ വലത്തുകരം
നീട്ടുക നിന്റെയജഗണമാകിയ
ഞങ്ങളിലാശിസ്സുതൂകിടുവാൻ.

നിന്റെ കാരുണ്യമനന്തമാണോർക്കുകിൽ
നിൻകരവേലയാം ഞങ്ങളെ നീ
പൈശാചശക്തിതൻ കൈയിലേല്പിക്കാതെ
എന്നെന്നും കാത്തുരക്ഷിച്ചിടേണേ.

ശുശ്രൂ. കാരുണ്യവാനായ കർത്താവേ നീമുന്നം
സ്നേഹം വഴിയുന്ന വാക്കുകളിൽ
ശിഷ്യഗണത്തിനു നല്കിയ വാഗ്ദാനം
ഞങ്ങൾക്കും നല്കാൻ കനിഞ്ഞിടേണേ.

കാർമ്മി. കണ്ടാലും നിങ്ങളോടൊത്തു വസിക്കും ഞാ-
നെന്നാളും ലോകാന്ത്യമെത്തുവോളം.

ശുശ്രൂ. ശ്ലീഹന്മാരൊത്തുവസിച്ചപോൽ കർത്താവേ
നീ ഞങ്ങളൊത്തു വസിക്കേണമേ.
നിന്റെ കൃപതൻ സഹായത്താലെന്നെന്നും
ഞങ്ങളോടൊത്തു വസിക്കേണമേ

എല്ലാ നിന്റെ തിരുനാമം വാഴ്ത്തിപ്പുകഴ്ത്തുവാൻ
നിന്റെ സ്തുതിഗീതമാലപിക്കാൻ
ഞങ്ങളെ ദുഷ്ടനിൽ നിന്നു രക്ഷിക്കണേ
ശാന്തിതൻ നാളുകളേകിടേണേ.

www.malankaralibrary.com

# ഉള്ളടക്കം

സീറോമലബാർ സഭയുടെ കുർബാന: റാസക്രമം 1

കാലവ്യത്യാസമനുസരിച്ച് മാറിവരുന്ന പ്രാർത്ഥനകൾ (PROPRIA)

മംഗലവാർത്തക്കാലം 106

പിറവിക്കാലം 116

ദനഹാക്കാലം 126

നോമ്പുകാലം 136

ഉയിർപ്പുകാലം 145

ശ്ലീഹാക്കാലം 155

കൈത്താക്കാലം 165

ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ 174

പള്ളിക്കൂദാശക്കാലം 184

സ്വർഗ്ഗാരോഹണത്തിരുനാൾ 194

രൂപാന്തരീകരണത്തിരുനാൾ 206

വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ 216

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം 227

പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ 237

വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ 247

വിശുദ്ധ സ്നാപകയോഹന്നാൻ 257

ശ്ലീഹന്മാരുടെ തിരുനാൾ 266

മാർത്തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ 277

വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാർ 288

www.malankaralibrary.com

വിശുദ്ധരുടെ തിരുനാൾ 298

ദേവാലയ മധ്യസ്ഥന്റെ (മധ്യസ്ഥയുടെ) തിരുനാൾ 309

വിശുദ്ധ കുര്യാക്കോസ് ഏലിയാസ് 320

വിശുദ്ധ അൽഫോൻസ 330

വിശുദ്ധ എവുപ്രാസ്യ 340

സകല മരിച്ചവരുടെയും ഓർമ്മ 351

മൂന്നു നോമ്പ്, നിനിവേ ഉപവാസം 362

അനുബന്ധം 1 (ഗീതങ്ങൾ) 371

അനുബന്ധം 2 396


www.malankaralibrary.com

# സീറോമലബാർ ആരാധനക്രമം

# മൂന്നാമത്തെ കൂദാശക്രമം

## മാർ നെസ്തോറിയസിന്റെ ക്രമം

www.malankaralibrary.com

© All Rights reserved to
the Syro-Malabar Bishop's Synod

*Imprimatur* ✝ **George Cardinal Alencherry**
*Major Archbishop of the Syro-Malabar Church*

*Mount St. Thomas*
*04-08-2018*

✝ **Bishop Thomas Elavanal**
*Chairman, Syro-Malabar Commission for Liturgy*

*Published by*

Commission for Liturgy
Major Archiepiscopal Curia
Mount St. Thomas, P.B. No. 3110
Kakkanad P.O., Kochi 682030.
E-mail: syromalabarliturgy@gmail.com
Phone: 9446477924

*First Print* 2018

*Printed at* Alwaye Press, Aluva - 683 101

www.malankaralibrary.com

# DECREE

**After due consultation and deliberation in the concerned forums with the approval of the Synod of Bishops of the Syro-Malabar Church in its session from 09-14 January 2017 and after having obtained the *Recognitio* of the Congregation for the Oriental Churches on 19 June 2018, the undersigned George Cardinal Alencherry, the Major Archbishop of the Syro-Malabar Church, hereby promulgates the third *Qudasha* (Anaphora), that is, the *Qudasha* of Mar Nestorius, to be effective from 8 September 2018.**

**Given from the Syro-Malabar Major Archiepiscopal Curia at Mount St. Thomas, Kakkanad on 4 August 2018.**

**† George Cardinal Alencherry**
***Major Archbishop of the Syro-Malabar Church***

www.malankaralibrary.com

# മൂന്നാമത്തെ കൂദാശ:
# മാർ നെസ്തോറിയസിന്റെ ക്രമം

വിശുദ്ധ കുർബാനയിലെ സമർപ്പണപരമായ മുഖ്യഭാഗമാണ് കൂദാശ അഥവാ അനാഫൊറ. പൗരസ്ത്യസുറിയാനി കുർബാനക്രമത്തിൽ മൂന്ന് കൂദാശകളാണ് ഉപയോഗിച്ചുവരുന്നത്: ഒന്നാമത്തെ കൂദാശ (മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശ), രണ്ടാമത്തെ കൂദാശ (മാർ തെയദോറിന്റെ കൂദാശ), മൂന്നാമത്തെ കൂദാശ (മാർ നെസ്തോറിയസിന്റെ കൂദാശ). പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലെ ഏറ്റവും ദൈർഘ്യമേറിയ കൂദാശക്രമമാണ് മാർ നെസ്തോറിയസിന്റേത്. വളരെ ആഘോഷപൂർവകമായ ഈ കൂദാശക്രമം ആരാധനക്രമവത്സരത്തിലെ അഞ്ച് ദിവസങ്ങളിലാണ് ഉപയോഗിച്ചിരുന്നത്. ദനഹാ, വിശുദ്ധ യോഹന്നാൻ മാംദാനായുടെ വെള്ളിയാഴ്ച, ഗ്രീക്ക് മല്പാന്മാരുടെ ഓർമ, മൂന്നുനോമ്പിലെ ബുധനാഴ്ച, പെസഹാ വ്യാഴാഴ്ച എന്നിവയാണ് ഈ ദിവസങ്ങൾ.

### 1. മൂന്നാമത്തെ കൂദാശയുടെ പുനരുദ്ധാരണം

മാർത്തോമ്മാക്രിസ്ത്യാനികളുടെ കുർബാനക്രമത്തിൽ മാർ അദ്ദായിയുടെയും മാർ മാറിയുടെയും പേരിലുള്ള ഒന്നാമത്തെ കൂദാശക്രമം മാത്രം മതിയെന്ന് നിശ്ചയിച്ച ഉദയംപേരൂർ സൂനഹദോസ് (1599) മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും പേരിലറിയപ്പെടുന്ന കൂദാശകളുടെ ഉപയോഗം നിർത്തലാക്കി. എന്നാൽ സീറോ മലബാർ കുർബാനയുടെ പുനരുദ്ധാരണവേളയിൽ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശകളും പുനരുദ്ധരിച്ചു ചേർക്കണമെന്ന് 1957ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ നിർദ്ദേശിച്ചു. പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘം 1962, 1969, 1983 വർഷങ്ങളിൽ ഈ രണ്ട് കൂദാശകളും പുനരുദ്ധരിച്ച് ഉപയോഗിച്ചു തുടങ്ങേണ്ടതിന്റെ ആവശ്യകത അനുസ്മരിപ്പിച്ചിരുന്നു. 1986ൽ സീറോ മലബാർ കുർബാനയുടെ പുനരുദ്ധരിക്കപ്പെട്ട റാസക്രമവും 1989ൽ ആഘോഷപൂർവകമായ ക്രമവും സാധാരണക്രമവും നടപ്പിലാക്കിയതിനെത്തുടർന്ന് മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശകൾ പുനരുദ്ധരിക്കുവാനുള്ള ശ്രമങ്ങൾ തുടങ്ങി. 2012ൽ സീറോമലബാർ സിനഡിന്റെയും പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിന്റെയും അംഗീകാരം ലഭിച്ച മാർ തെയദോറിന്റെ കൂദാശക്രമം 2013 ആഗസ്റ്റ് 15ന് പ്രാബല്യത്തിൽവന്നു.

www.malankaralibrary.com

മാർ നെസ്തോറിയസിന്റെ കൂദാശയുടെ ടെക്സ്റ്റ് ലിറ്റർജിക്കൽ റിസേർച്ച് സെന്ററിന്റെയും സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റിയുടെയും സബ്കമ്മിറ്റികളുടെയും തലങ്ങളിൽ സുദീർഘമായ പഠനങ്ങൾ നടത്തിയ ശേഷമാണ് പുനരുദ്ധരിച്ചത്. മൂന്നാമത്തെ കൂദാശയുടെ മൂലരൂപത്തോട് പരമാവധി വിശ്വസ്തത പുലർത്തിക്കൊണ്ടുതന്നെ കാലോചിതമായ മാറ്റങ്ങൾ പ്രാർത്ഥനകളിൽ വരുത്തി യിട്ടുണ്ട്. ഈ കൂദാശക്രമത്തിന്റെ ദൈർഘ്യം പരിഗണിച്ച് പ്രാർത്ഥനകളുടെ ചിലഭാഗങ്ങൾ ഐച്ഛികമായി കൊടുത്തിരിക്കുന്നു. ഒരേ ആശയത്തിന്റെ സ്പഷ്ട മായ ചില ആവർത്തനങ്ങൾ ഒഴിവാക്കാനും അവ്യക്തങ്ങളായ ചില പദങ്ങൾക്കുപ കരം ലളിതമായ പദങ്ങൾ ചേർക്കാനും ശ്രദ്ധിച്ചിട്ടുണ്ട്. വിശ്വാസികൾക്ക് ആശയ ക്കുഴപ്പം ഉണ്ടാകാതിരിക്കേണ്ടതിനായി കൂദാശക്രമത്തിന്റെ പൊതുഘടനയിൽപ്പെട്ട ചില ഘടകങ്ങളെ (പ്രാർത്ഥനാഭ്യർഥനകൾ, ശുശ്രൂഷിയുടെ ആഹ്വാനങ്ങൾ, സമൂഹത്തിന്റെ പ്രത്യുത്തരങ്ങൾ) മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാ ശയിലെപ്പോലെതന്നെ നിലനിറുത്തിയിട്ടുണ്ട്.

മാർ നെസ്തോറിയസിന്റെ കൂദാശയുടെ പുനരുദ്ധരിച്ച ക്രമത്തിന് 2017 ജനുവരി സിനഡ് (XXV സിനഡ്, സെഷൻ 1) അംഗീകാരം നല്കുകയും തുടർന്ന് പരിശുദ്ധസിംഹാസനത്തിന്റെ അംഗീകാരത്തിനായി റോമിലേക്ക് അയയ്ക്കുകയും ചെയ്തു. 2018 ജൂൺ 19-ാം തീയതി പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയം ഈ കൂദാശക്രമത്തിന് പരീക്ഷണാർഥം ഉപയോഗിക്കുവാനുള്ള അംഗീകാരം നല്കി. മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ആഗസ്റ്റ് 4-ാം തീയതി നല്കിയ ഡിക്രി പ്രകാരം (Prot. No. 1384/2018) ഈ കൂദാശക്രമം പ്രസിദ്ധപ്പെടു ത്തുന്നു.

## 2. മൂന്നാമത്തെ കൂദാശയുടെ രചയിതാവ്

മാർ നെസ്തോറിയസിന്റെ പേരിലാണറിയപ്പെടുന്നതെങ്കിലും ഈ കൂദാശ യുടെ രചയിതാവ് നെസ്തോറിയസ് അല്ല എന്നാണ് ഈ കൂദാശയെക്കുറിച്ച് ആധി കാരിക പഠനം നടത്തിയ പണ്ഡിതന്മാരുടെ അഭിപ്രായം. മൂന്നാമത്തെ കൂദാശ യുടെ ഘടന, സെമിറ്റിക്, പൗരസ്ത്യസുറിയാനി ദൈവശാസ്ത്രപ്രമേയങ്ങളുടെ സാന്നിദ്ധ്യം എന്നിവ നെസ്തോറിയസ് അല്ല ഇതിന്റെ രചയിതാവ് എന്നതിന് തെളിവുകളാണ്. എ.ഡി. 540-552 കാലയളവിൽ പൗരസ്ത്യസുറിയാനി പാത്രിയാർക്കീ സായിരുന്ന മാർ ആബായാണ് ഈ കൂദാശയുടെ രചയിതാവെന്ന് പൊതുവേ കരുതപ്പെട്ടിരുന്നു. മാർ ആബാ പാത്രിയർക്കീസ് എ.ഡി. 540-552 കാലയളവിൽ ബൈസാൻസിയത്തിലേക്ക് (കോൺസ്റ്റാന്റിനോപ്പിൾ) പോവുകയും മാർ

www.malankaralibrary.com

നെസ്തോറിയസിന്റെ ഗ്രീക്കു ലിറ്റർജി സുറിയാനിയിലേക്ക് വിവർത്തനം ചെയ്യുകയും ചെയ്തുവെന്ന് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന കയ്യെഴുത്തുപ്രതിയുടെ തലക്കെട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. തന്മൂലം നെസ്തോറിയസിന്റെ അനാഫൊറ ഒരു ഗ്രീക്ക് അനാഫൊറയുടെ വിവർത്തനമാണെന്ന് ഒരു വിഭാഗം ആരാധനക്രമപണ്ഡിതർ വാദിക്കുന്നു. ഈ കൂദാശക്രമത്തിന് വിശുദ്ധ ജോൺ ക്രിസോസ്തോമിന്റെയും വിശുദ്ധ ബേസിലിന്റെയും ഗ്രീക്ക് അനാഫൊറകളുമായി സാമ്യമുണ്ട് എന്ന വസ്തുത ഈ വാദത്തെ പിന്തുണയ്ക്കുന്നു. ചില പണ്ഡിതരുടെ അഭിപ്രായമനുസരിച്ച് നെസ്തോറിയോസ് കോൺസ്റ്റാന്റിനോപ്പിളിൽ പാത്രിയാർക്കീസായിരുന്ന കാലത്ത് ഉപയോഗത്തിലിരുന്നതും പില്ക്കാലത്ത് അദ്ദേഹത്തിന്റെ ശിഷ്യന്മാർ സുറിയാനിയിലേക്ക് വിവർത്തനം ചെയ്തതുമാകാം ഈ അനാഫൊറ.

മാർ അദ്ദായി മാർ മാറി, മാർ തിയദോർ എന്നീ കൂദാശക്രമങ്ങളുമായും മാർ നെസ്തോറിയസിന്റെ കൂദാശക്രമത്തിന് വളരെ സാമ്യങ്ങളുണ്ട്. അഞ്ചാം നൂറ്റാണ്ടിൽ എഴുതപ്പെട്ടതും നർസായിയുടെ പേരിലറിയപ്പെടുന്നതുമായ പതിനേഴാമത്തെ പ്രസംഗത്തിലും ഈ കൂദാശയുടെ ഘടകങ്ങൾക്കു സദൃശമായ ഘടകങ്ങളുണ്ട്. തന്മൂലം നർസായി വ്യാഖ്യാനിക്കുന്നത് നെസ്തോറിയസിന്റെ കൂദാശയാണെന്ന് വാദിക്കുന്ന പണ്ഡിതരും ഉണ്ട്. മാർ ആബായുടെ സന്ദർശനസമയത്ത് കോൺസ്റ്റാന്റിനോപ്പിളിൽ നിലവിലിരുന്നതും സുറിയാനി പാരമ്പര്യത്തിലെ പല ഘടകങ്ങളും കൂട്ടിച്ചേർത്ത് അദ്ദേഹം നവീകരിച്ചതുമായ ഒന്നാണ് മാർ നെസ്തോറിയസിന്റെ പേരിലറിയപ്പെടുന്ന ഈ കൂദാശക്രമമെന്നാണ് പൊതുവേയുള്ള നിഗമനം.

### 3. മൂന്നാമത്തെ കൂദാശയുടെ സവിശേഷതയും ദൈവശാസ്ത്ര പ്രാധാന്യവും

മൂന്നാമത്തെ കൂദാശക്രമം പൂർണമായും വികസിച്ചതും ദൈവശാസ്ത്ര ചിന്തകളാൽ സമ്പന്നവുമാണ്. ഈ കൂദാശക്രമത്തിൽ ക്രിസ്തുവിജ്ഞാനീയപരവും റൂഹാവിജ്ഞാനീയപരവും യുഗാന്ത്യവിജ്ഞാനീയപരവുമായ ധാരാളം അമൂല്യചിന്തകൾ ഒളിഞ്ഞുകിടപ്പുണ്ട്. മൂന്നാമത്തെ കൂദാശക്രമത്തിന് മറ്റുരണ്ടു പൗരസ്ത്യസുറിയാനി കൂദാശക്രമങ്ങളുടെ ഘടനതന്നെയാണുള്ളത്.

പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലെ ഒന്നാമത്തെയും രണ്ടാമത്തെയും കൂദാശകൾപോലെതന്നെ മാർ നെസ്തോറിയസിന്റെ കൂദാശയും വിശ്വാസസംബ ന്ധമായും ദൈവശാസ്ത്രപരമായും ഭദ്രമായ ഒന്നാണെന്ന് ഈ കൂദാശയെക്കുറി

www.malankaralibrary.com

ച്ചുള്ള പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ കൂദാശയിലെ ക്രിസ്തുവിജ്ഞാനീയ പരവും റൂഹാവിജ്ഞാനീയപരവും സഭാവിജ്ഞാനീയപരവും കുർബാനവിജ്ഞാ നീയപരവുമായ ആശയങ്ങൾ സത്യവിശ്വാസത്തോടു ചേർന്നുപോകുന്നതും സ്പഷ്ടമായ വിശുദ്ധഗ്രന്ഥാടിസ്ഥാനമുള്ളതുമാണ്.

സഭയുടെ ദൈവാരാധനയാകുന്ന ആധ്യാത്മികസമ്പത്തിന്റെ നിക്ഷേപാ ലയമാണ് ഓരോ കൂദാശക്രമവും. അതുകൊണ്ടുതന്നെ നമ്മുടെ സഭയുടെ മൂന്ന് കൂദാശക്രമങ്ങളും ഉപയോഗിക്കുന്നത് ഏറെ അഭിലഷണീയമാണെന്ന് മാത്രമല്ല ആധ്യാത്മികവളർച്ചയ്ക്ക് ഉപകാരപ്രദവുമാണ്. രണ്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിലോ മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ രൂപംകൊണ്ടതും ക്രൈസ്തവസഭയുടെ പ്രാരം ഭകാല ചിന്താശൈലികൾ പിന്തുടരുന്നതുമായ മാർ അദ്ദായിയുടെയും മാർ മാറി യുടെയും കൂദാശ ക്രൈസ്തവ സഭകളിൽ ഏറ്റവും ശ്രദ്ധയർഹിക്കുന്നതും വിശിഷ്ടവുമായ ഒരു കൂദാശയാണെന്നതിൽ തർക്കമില്ല. എങ്കിലും ഈ കൂദാശ യെക്കാൾ വളരെയേറെ ദൈവശാസ്ത്രവികാസം പ്രാപിച്ചതും തന്നിമിത്തം ആഴമേറിയ വിശ്വാസപ്രഘോഷണത്തിന് ആരാധനാസമൂഹത്തെ സഹായിക്കുന്നതു മാണ് മാർ നെസ്തോറിയസിന്റെ കൂദാശ.

ഈ കൂദാശയുടെ ആരംഭത്തിൽ തന്നെയുള്ള ഭാഷണകാനോനയിൽ വ്യക്തമായ യുഗാന്ത്യോന്മുഖ ചിന്തകൾ കാണുവാൻ കഴിയും. മാർ അദ്ദാ യിയുടെയും മാർ മാറിയുടെയും കൂദാശയിൽ 'നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്ക് ഉയരട്ടെ' എന്ന ഹ്രസ്വമായ ആശംസയ്ക്കുപകരം ദീർഘവും യുഗാന്ത്യോന്മുഖചിന്തയാൽ സമ്പന്നവും ദൈവശാസ്ത്രവികാസം കൈവന്ന തുമായ ഒരു ആശംസയാണ് നെസ്തോറിയസിന്റെ കൂദാശക്രമത്തിലുള്ളത്.

'ഞങ്ങൾ ഇടറിവീഴുകയും യാചിക്കുകയും ചെയ്തപ്പോൾ അങ്ങ് ഞങ്ങളെ എഴുന്നേല്പ്പിക്കുകയും നവീകരിക്കുകയും വീണ്ടെടുക്കുകയും ചെയ്തു. അങ്ങ് ഞങ്ങളെ സ്വർഗത്തിലേക്ക് ഉയർത്തി. വരുവാനുള്ള രാജ്യം അങ്ങ് കരുണയാൽ ഞങ്ങൾക്ക് പ്രദാനം ചെയ്തു.' രണ്ടാം പ്രണാമജപത്തിലെ ഈ ഏറ്റുപറച്ചിൽ യുഗാന്ത്യോന്മുഖപ്രതീക്ഷ നമ്മിൽ നിറയ്ക്കുന്നതാണ്. എന്റെ പ്രത്യാഗമനംവരെ എന്റെ ഓർമയ്ക്കായി നിങ്ങൾ ഇപ്രകാരം ചെയ്യുവിൻ എന്നാണ് സ്ഥാപന വാക്യങ്ങൾക്കുശേഷം കാർമികൻ ചൊല്ലുന്നത്. മാമ്മോദീസായിൽ തന്നോടൊത്ത് മരിച്ച് സംസ്ക്കരികപ്പെട്ടവരെ തന്റെ വാഗ്ദാനമനുസരിച്ച് ഉയിർപ്പിച്ച് തന്നോടൊത്ത് സ്വർഗത്തിൽ ഉപവിഷ്ടരാക്കി എന്ന് മൂന്നാം പ്രണാമജപത്തിൽ കാർമികൻ പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

പൗരസ്ത്യസുറിയാനി ക്രിസ്തുവിജ്ഞാനീയത്തിന്റെ ഉത്തമനിദർശനങ്ങൾ ഈ കൂദാശക്രമത്തിൽ കാണാം. ഈശോ മിശിഹാ പൂർണദൈവവും പൂർണമനുഷ്യനും ആണെന്ന വിശുദ്ധ ഗ്രന്ഥപ്രബോധനംതന്നെയാണ് ഈ കൂദാശയിലെ പ്രാർഥനകളിലുള്ളത്. മിശിഹായുടെ ശൂന്യവത്ക്കരണത്തിന് ഊന്നൽ നല്കുന്ന പൗലോസ്ശ്ലീഹായുടെ മിശിഹാവിജ്ഞാനീയത്തിന്റെ (ഫിലി 2:6–7) വ്യക്തമായ സ്വാധീനം മൂന്നാം ഗ്ഹാന്തപ്രാർത്ഥനയിൽ കാണാം: "അങ്ങയോടുള്ള സമാനത നിലനിറുത്തേണ്ട കാര്യമായി പരിഗണിക്കാതെ അവൻ തന്നത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ച് വിവേകവും ബുദ്ധിയുമുള്ള അമർത്ത്യമായ ആത്മാവോടും മർത്ത്യമായ ശരീരത്തോടുംകൂടെ പരിപൂർണമനുഷ്യനായി സ്ത്രീയിൽനിന്ന് ജാതനായി. നിയമത്തിന് അധീനരായവരെ ഉദ്ധരിക്കുവാൻ നിയമത്തിന് വിധേയനാവുകയും ചെയ്തു." ഗലാത്തിയാക്കാർക്കുള്ള ലേഖനത്തിൽ കാണുന്ന സ്ത്രീയിൽനിന്നുള്ള ദൈവപുത്രന്റെ ജനനം (ഗലാ 4:4) എന്ന ആശയം മൂന്നാം ഗ്ഹാന്തപ്രാർത്ഥനയിൽ സ്പഷ്ടമായി പ്രതിപാദിച്ചിട്ടുണ്ട്.

മൂന്നാമത്തെ കൂദാശക്രമത്തിലെ റൂഹാക്ഷണപ്രാർത്ഥന താരതമ്യേന ദൈർഘ്യമേറിയതും ദൈവശാസ്ത്രചിന്തകളാൽ വളരെ സമ്പന്നവുമാണ്. പരിശുദ്ധ റൂഹായുടെ കൃപ എഴുന്നള്ളിവന്ന് അപ്പത്തെയും കാസയെയും വാഴ്ത്തി വിശുദ്ധീകരിച്ച് മിശിഹായുടെ ശരീരവും രക്തവുമാക്കി പൂർത്തീകരിക്കണമെന്ന് റൂഹാക്ഷണപ്രാർത്ഥനയുടെ സമയത്ത് കാർമികൻ പ്രാർത്ഥിക്കുന്നു. പരിശുദ്ധാത്മാവിന്റെ പവിത്രീകരണധർമത്തെക്കുറിച്ച് നാലാം ഗ്ഹാന്തയിൽ വ്യക്തമായ സൂചനയുണ്ട്. പവിത്രീകരണഫലമായി ആരാധനസമൂഹത്തിനുണ്ടാകേണ്ട ഗാഢമായ കൂട്ടായ്മയെക്കുറിച്ച് റൂഹാക്ഷണപ്രാർത്ഥനയിൽ പ്രതിപാദിക്കുന്നു: ഏക പ്രത്യാശയിൽ ഞങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നപ്രകാരം ഏകശരീരവും ഏകആത്മാവുമായിത്തീരുവാൻ തക്കവിധം സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ബന്ധത്താൽ ഞങ്ങളെ അന്യോന്യം യോജിപ്പിക്കണമേ.

ഗ്രീക്ക് അനാഫൊറകളുമായി ഘടനയിലും ഉള്ളടക്കത്തിലും ബന്ധമുണ്ടായിരിക്കാമെങ്കിലും മാർ നെസ്തോറിയസിന്റെ കൂദാശയിൽ മിഴിവാർന്നുകാണുന്നത് പൗരസ്ത്യസുറിയാനി പാരമ്പര്യത്തിൽ അധിഷ്ഠിതമായ ആരാധനക്രമശൈലികളും ദൈവശാസ്ത്രചിന്തകളുമാണ്. പൗരസ്ത്യസുറിയാനി ആരാധനക്രമദൈവശാസ്ത്രത്തിന്റെ വളർച്ചയുടെ ഉദാഹരണമായി മാർ നെസ്തോറിയസിന്റെ കൂദാശയെ മനസ്സിലാക്കാം. ഭക്തിദ്യോതകവും ധ്യാനാത്മകവുമായ ലളിതവിവരണങ്ങളുള്ള ഈ കൂദാശയുടെ പ്രാർത്ഥനകൾ വിശ്വാസപ്രഘോഷണത്തിനും വിശ്വാസജീവിത

www.malankaralibrary.com

ത്തിനും വലിയ പ്രചോദനമായിത്തീരുമെന്നതിൽ സംശയമില്ല. ഈശോ മിശിഹായുടെ പെസഹാരഹസ്യത്തിന്റെ ആഘോഷത്തെ കൂടുതൽ അർത്ഥ പൂർണവും അനുഭവവേദ്യവുമാക്കുവാൻ മാർ നെസ്തോറിയസിന്റെ പേരിലുള്ള മൂന്നാമത്തെ കൂദാശക്രമത്തിന് സാധിക്കും എന്നാണ് സഭയുടെ ഉത്തമബോധ്യം. ക്രൈസ്തവവിശ്വാസത്തെക്കുറിച്ചുള്ള ആഴമേറിയ ദൈവശാസ്ത്രബോധ്യങ്ങൾ ഉൾക്കൊള്ളുന്ന മൂന്നാമത്തെ കൂദാശയുടെ ആഘോഷം സീറോമലബാർ സഭയുടെ ദൈവശാസ്ത്രവളർച്ചയ്ക്കും വിശ്വാസജീവിതവളർച്ചയ്ക്കും നിമിത്തമായിത്തീരട്ടെ യെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മാർ തോമസ് ഇലവനാൽ, ചെയർമാൻ
സീറോമലബാർ ലിറ്റർജി കമ്മീഷൻ.

ആഗസ്റ്റ് 15, 2018

www.malankaralibrary.com

## പൊതുനിർദേശങ്ങൾ

1. പൗരസ്ത്യസുറിയാനിപാരമ്പര്യമനുസരിച്ച് അഞ്ച് പ്രധാന ദിനങ്ങളിലാണ് ഈ കൂദാശക്രമം ഉപയോഗിക്കുന്നത്. ദനഹാ, വിശുദ്ധ യോഹന്നാൻ മാംദാനായുടെ വെള്ളിയാഴ്ച, ഗ്രീക്ക് മല്പാന്മാരുടെ ഓർമ്മ, മൂന്നുനോമ്പിന്റെ ബുധനാഴ്ച, പെസഹാ വ്യാഴാഴ്ച എന്നിവയാണ് ഈ ദിനങ്ങൾ. എന്നാൽ മറ്റ് അവസരങ്ങളിലും ഈ ക്രമം ഉപയോഗിക്കാവുന്നതാണ്.

2. ആഘോഷപൂർവ്വകമായ കുർബാനയിലും സാധാരണ കുർബാനയിലും ഉപേക്ഷിക്കാവുന്ന ഭാഗങ്ങൾ ⌜ ⌟ ഇങ്ങനെ അടയാളപ്പെടുത്തിയിരിക്കുന്നു. റാസയിലും ആഘോഷപൂർവകമായ കുർബാനയിലും സാധാരണകുർബാനയിലും ഉപേക്ഷിക്കാവുന്ന ഭാഗങ്ങളാണ് ചെറിയ അക്ഷരത്തിൽ അച്ചടിച്ചിരിക്കുന്നത്.

www.malankaralibrary.com

# മൂന്നാമത്തെ കൂദാശക്രമം

## മാർ നെസ്തോറിയസിന്റെ ക്രമം

*വിശ്വാസപ്രമാണംകഴിഞ്ഞ് കാർമ്മികൻ ശുശ്രൂഷിയെ ആശീർവദിച്ചുകൊണ്ട് ചൊല്ലുന്നു.*

**കാർമ്മി:** സകലത്തിന്റെയും നാഥനായ ദൈവം
തന്റെ സ്തുതികൾ ആലപിക്കുവാൻ നിന്നെ ✠ ശക്തനാക്കട്ടെ.

*ശുശ്രൂഷി ജനങ്ങൾക്കുനേരേ തിരിഞ്ഞ് താഴെവരുന്ന കാറോസൂസ ചൊല്ലുന്നു.*

**ശുശ്രൂ:** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ. പാത്രിയാർക്കീസുമാരും മെത്രാന്മാരുമായ നമ്മുടെ പിതാക്കന്മാർ, പുരോഹിതന്മാർ, ശുശ്രൂഷികൾ എന്നിവരുടെയും ബ്രഹ്മചാരികളുടെയും കന്യകളുടെയും നമ്മുടെ മാതാപിതാക്കന്മാർ, പുത്രീപുത്രന്മാർ, സഹോദരീസഹോദരന്മാർ എന്നിവരുടെയും ഓർമ്മ ആചരിച്ചുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുവിൻ. മിശിഹായുടെ സ്നേഹിതരും വിശ്വാസികളുമായ എല്ലാ ഭരണകർത്താക്കളെയും സത്യവിശ്വാസത്തോടെ മരിച്ച്, ഈ ലോകത്തിൽനിന്നു വേർപെട്ടുപോയ എല്ലാവരെയും അനുസ്മരിക്കുവിൻ.

എല്ലാ പ്രവാചകന്മാരെയും ശ്ലീഹന്മാരെയും രക്തസാക്ഷികളെയും വന്ദകരെയും ഓർമ്മിക്കുവിൻ. മരിച്ചവരുടെ ഉയിർപ്പിൽ അവരെ മുടിചൂടിക്കുന്ന ദൈവം അവരോടുകൂടെ നമുക്കു പ്രത്യാശയും പങ്കാളിത്തവും ജീവനും സ്വർഗരാജ്യത്തിൽ അവകാശവും നല്കട്ടെ. ഈ കുർബാന സംപ്രീതിയോടെ സ്വീകരിക്കപ്പെടുകയും ദൈവത്തിന്റെ വചനത്താലും പരിശുദ്ധാത്മാവിനാലും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യട്ടെ.

മിശിഹായുടെ കൃപയാൽ ഈ ബലി നമുക്കു സഹായത്തിനും രക്ഷയ്ക്കും സ്വർഗരാജ്യത്തിൽ നിത്യജീവനും കാരണമാകട്ടെ.

*ഈ സമയത്ത് കാർമ്മികൻ മൂന്നുപ്രാവശ്യം നന്നായി കുനിഞ്ഞ് ആചാരം ചെയ്യുന്നു. ഓരോ ആചാരത്തിനും ശേഷം അല്പം മുമ്പോട്ടുകയറി ബലിപീഠത്തെ സമീപിക്കുന്നു. തദവസരത്തിൽ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.*

www.malankaralibrary.com

**കാർമ്മി:** **ഞങ്ങളുടെ കർത്താവായ ദൈവമേ,**
**അങ്ങു ഞങ്ങളുടെമേൽ വർഷിച്ച**
**സമൃദ്ധമായ അനുഗ്രഹങ്ങളെപ്രതി**
**ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു.**
**അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളാകുന്ന**
**ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷകരാകുവാൻ**
**എളിയവരും പാപികളുമായിരുന്നിട്ടും**
**ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി.**
**അങ്ങു നല്കിയ ഈ ദാനം തികഞ്ഞ സ്നേഹത്തോടും**
**ഉറച്ച വിശ്വാസത്തോടുംകൂടെ പരികർമംചെയ്യുവാൻ**
**ഞങ്ങളെ ശക്തരാക്കണമെന്ന്**
**അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.**

*കാർമ്മികൻ ബലിപീഠത്തെ സമീപിച്ച് അതിന്റെ മധ്യത്തിലും വലത്തേ അറ്റത്തും ഇടത്തേ അറ്റത്തും ആചാരം ചെയ്തു ചുംബിക്കുന്നു. അനന്തരം മധ്യത്തിൽ വന്ന് പ്രാർത്ഥന യാചിക്കുന്നു.*

**കാർമ്മി:** **കർത്താവേ, ആശീർവദിക്കണമേ.**

*ജനങ്ങൾക്കുനേരേ തിരിഞ്ഞ് കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട്*

**എന്റെ സഹോദരരേ, ഈ കുർബാന എന്റെ കരങ്ങൾവഴി**
**പൂർത്തിയാകുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.**

*ബലിപീഠത്തിനുനേരേ തിരിയുന്നു.*

**സമൂ:** **സകലത്തിന്റെയും നാഥനായ ദൈവം തന്റെ അഭീഷ്ടം നിറവേറ്റുവാൻ അങ്ങയെ ശക്തനാക്കട്ടെ. ഈ കുർബാന അവിടുന്ന് സ്വീകരിക്കട്ടെ. അങ്ങേക്കും ഞങ്ങൾക്കും ലോകം മുഴുവനുംവേണ്ടി അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ അവിടുന്നു സംപ്രീതനാകുകയും ചെയ്യട്ടെ. ആമ്മേൻ.**

*അനന്തരം താഴ്ന്ന സ്വരത്തിൽ യാചനാപ്രാർത്ഥന (കൂശാപ്പ) ചൊല്ലുന്നു.*

കർത്താവും ദൈവവുമായ മിശിഹായേ, ഞങ്ങളുടെ നിരവധിയായ പാപങ്ങൾ പരിഗണിക്കരുതേ. ഞങ്ങളുടെ ദുഷ്ടതയുടെ ആധിക്യംനിമിത്തം നീ കോപിക്കരുതേ. നീ സ്വീകരിച്ച ഞങ്ങളുടെ മനുഷ്യത്വത്തോടെ

www.malankaralibrary.com

സമയത്തിന്റെ സമാപ്തിയിൽ പ്രത്യക്ഷനാകുമ്പോൾ, തിരുസന്നിധിയിൽ കൃപയും അനുഗ്രഹവും കണ്ടെത്തുന്നതിനും സ്വർഗീയഗണങ്ങളോടു ചേർന്ന് നിന്നെ സ്തുതിക്കുന്നതിനും ഞങ്ങൾ യോഗ്യരാകുവാൻവേണ്ടി ഈ ബലി നിന്റെ അവർണനീയമായ കൃപയാൽ പവിത്രീകരിക്കണമേ. ഞങ്ങളുടെ പാപങ്ങൾ തുടച്ചുനീക്കുവാൻ ഇതിനു ശക്തിനല്കുകയും ചെയ്യണമേ.

*കാർമ്മികൻ കുനിഞ്ഞുനിന്ന് ഒന്നാം പ്രണാമജപം (ഗ്ഹാന്ത) ചൊല്ലുന്നു.*

**കാർമ്മി: നഷ്ടപ്പെട്ടുപോയവരെ കണ്ടെത്തുകയും**
**ചിതറിപ്പോയവരെ ഒരുമിപ്പിക്കുകയും**
**അകന്നുപോയവരെ അടുപ്പിക്കുകയും**
**വഴിതെറ്റിയവരെ സത്യത്തിന്റെ അറിവിലേക്ക്**
**തിരിച്ചുകൊണ്ടുവരികയും ചെയ്യുന്ന കർത്താവേ,**
**നിന്നെ ഞാൻ സ്തുതിക്കുന്നു.**
**ബലഹീനനായ എന്നെ നിന്റെ കൃപയാൽ വിളിക്കുകയും**
**കാരുണ്യത്താൽ നിന്റെ പക്കലേക്ക് ആനയിക്കുകയും**
**നിന്റെ ശ്രേഷ്ഠശരീരമാകുന്ന പരിശുദ്ധകത്തോലിക്കാസഭയിലെ**
**സവിശേഷഅംഗമായി നിയമിക്കുകയും**
**ബലിയർപ്പിക്കുവാൻ നിയോഗിക്കുകയും**
**ചെയ്ത കർത്താവേ, നിനക്കു ഞാൻ നന്ദി പറയുന്നു.**

**ഞങ്ങളുടെ രക്ഷകനായ ഈശോമിശിഹായിൽ**
**സംപ്രീതനായി സകല മനുഷ്യരുടെയും**
**പാപങ്ങൾ മോചിച്ച് അനുരഞ്ജിപ്പിക്കുവാൻ**
**തിരുമനസ്സായ ദൈവമേ, അങ്ങയുടെ പ്രിയപുത്രന്റെ**
**പീഡാനുഭവത്തിന്റെയും മരണത്തിന്റെയും**
**സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും**
**ഓർമ്മയാചരണമായ സജീവവും പരിശുദ്ധവും**
**സ്വീകാര്യവുമായ ഈ ബലി**
**അങ്ങയുടെ മുമ്പാകെ ഞാൻ സമർപ്പിക്കട്ടെ.**

*കാർമ്മികൻ ബലിപീഠം ചുംബിച്ചതിനുശേഷം കൈകൾ കുരിശാകൃതിയിൽ നെഞ്ചിന്മേൽ ചേർത്തുവച്ചുകൊണ്ട് ചൊല്ലുന്നു.*

www.malankaralibrary.com

**സത്യത്തിന്റെ പിതാവായ ദൈവമേ,**
**അങ്ങേക്കും അങ്ങയുടെ ഏകജാതനായ**
**ഞങ്ങളുടെ കർത്താവീശോമിശിഹായ്ക്കും**
**അങ്ങയുടെ ജീവിക്കുന്നവനും ജീവിപ്പിക്കുന്നവനുമായ**
**പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും**
**കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു.**
*(തന്റെമേൽ കുരിശടയാളം വരയ്ക്കുന്നു)* **ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.**

**സമൂ:** **ആമ്മേൻ.**

*ഈ സമയത്ത് ശുശ്രൂഷികൾ ബലിപീഠത്തിന്റെ താഴത്തെ പടിയിൽ നില്ക്കുന്നു. കാർമ്മികൻ ജനങ്ങൾക്കുനേരേ തിരിഞ്ഞ് ആശീർവദിക്കുന്നു.*

**കാർമ്മി:** **സമാധാനം ✠ നിങ്ങളോടുകൂടെ.**

**സമൂ:** **അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.**

**ശുശ്രൂ:** **സഹോദരരേ, മിശിഹായുടെ സ്നേഹത്തിൽ**
**നിങ്ങൾ പരസ്പരം സമാധാനം ആശംസിക്കുവിൻ.**

*അനന്തരം ശുശ്രൂഷി ബലിപീഠത്തിങ്കൽ നിന്നിറങ്ങി, മദ്ബഹയിൽ ഇടത്തും വലത്തും നില്ക്കുന്നവർക്കും അതിനുശേഷം ഗായകവേദിയിലുള്ളവർക്കും സമാധാനം നല്കുന്നു. സഹായികളിലൊരാൾ സമൂഹവേദിയിൽ നില്ക്കുന്ന വിശ്വാസികൾക്ക് സമാധാനം നല്കുന്നു. എല്ലാവരും പരസ്പരം സമാധാനം ആശംസിക്കുന്നു. ഈ സമയത്ത് ശുശ്രൂഷി ജനങ്ങൾക്കുനേരെ തിരിഞ്ഞുനിന്ന് അനുസ്മരണ പ്രാർത്ഥന (ഡിപ്റ്റിക്സ്) ചൊല്ലുന്നു.*

**ശുശ്രൂ:** **മരണംമൂലം ഈ ലോകത്തിൽനിന്നു വേർപെട്ടുപോയ പാത്രിയാർക്കീസുമാർ, മെത്രാന്മാർ, പുരോഹിതന്മാർ, ശുശ്രൂഷികൾ എന്നിവർക്കും സഭാസമൂഹത്തിലെ മറ്റു ജീവിതാന്തസ്സുകളിൽപ്പെട്ട പരേതർക്കും** (പ്രത്യേകിച്ച്....) **വേണ്ടി ഈ കുർബാന സ്വീകരിക്കണമേ. ലോകത്തിൽ സമാധാനം ഉണ്ടാകാനും വത്സരത്തിലെ വിവിധ കാലങ്ങൾ അങ്ങയുടെ കൃപയാൽ അനുഗൃഹീതവും ഐശ്വര്യപൂർണവുമാകാനുംവേണ്ടി ഈ ബലി അങ്ങു കൈക്കൊള്ളണമേ.**

**അങ്ങയുടെ സന്നിധിയിൽ അർപ്പിക്കപ്പെടുന്ന ഈ കുർബാനയുടെ സ്വീകരണത്തിനു യോഗ്യരായ എല്ലാ സഭാതനയർക്കുവേണ്ടിയും ഇപ്പോൾ തിരുമുമ്പിൽ നില്ക്കുന്ന അങ്ങയുടെ ദാസന്മാർക്കും ദാസി**

www.malankaralibrary.com

കൾക്കും ഞങ്ങൾക്കുംവേണ്ടിയും മറ്റെല്ലാവർക്കും വേണ്ടിയും (പ്രത്യേകിച്ച്...) ഈ കുർബാന അങ്ങു സ്വീകരിക്കണമേ, എന്നേക്കും. ആമ്മേൻ.

**ശുശ്രൂ:** നമുക്കെല്ലാവർക്കും അനുതാപത്തോടും വിശുദ്ധിയോടുംകൂടെ കർത്താവിനു നന്ദി പറയുകയും അവിടുത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യാം. നിങ്ങൾ ആദരപൂർവംനിന്ന് ഇവിടെ അനുഷ്ഠിക്കപ്പെടുന്നവയെ സൂക്ഷിച്ചു വീക്ഷിക്കുവിൻ. ഭയഭക്തിജനകമായ രഹസ്യങ്ങൾ കൂദാശ ചെയ്യപ്പെടുന്നു. പുരോഹിതൻ (*മെത്രാപ്പോലീത്തായോ മെത്രാനോ ആണ് ബലിയർപ്പിക്കുന്നതെങ്കിൽ പുരോഹിതശ്രേഷ്ഠൻ എന്നു പറയുന്നു.*) തന്റെ മാധ്യസ്ഥ്യംവഴി സമാധാനം സമൃദ്ധമാകുന്നതിനുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു. കണ്ണുകൾ താഴ്ത്തി, വിചാരങ്ങൾ സ്വർഗത്തിലേക്കുയർത്തി, നിശബ്ദരായി, ഏകാഗ്രതയോടും ഭക്തിയോടുംകൂടെ നിങ്ങൾ ഹൃദയത്തിൽ പ്രാർത്ഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ.

*ശുശ്രൂഷി 'നമുക്കെല്ലാവർക്കും' എന്ന് ആരംഭിക്കുമ്പോൾ കാർമ്മികൻ താഴെവരുന്ന പ്രാർത്ഥന (മുട്ടുകുത്തി) താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.*

**കാർമ്മി:** കർത്താവേ, ശക്തനായ ദൈവമേ, ബലഹീനനായ എന്നെ ദയാപൂർവ്വം സഹായിക്കണമേ. അങ്ങയുടെ ത്രിത്വത്തിന്റെ ബഹുമാനത്തിനും ഈ സമൂഹത്തിന്റെ നന്മയ്ക്കുമായി സജീവവും വിശുദ്ധവുമായ ഈ ബലി തിരുസ്സന്നിധിയിൽ അർപ്പിക്കുവാൻ അങ്ങയുടെ അനുഗ്രഹത്താൽ എന്നെ യോഗ്യനാക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

*കാർമ്മികൻ (എഴുന്നേറ്റുനിന്ന്) ദിവ്യരഹസ്യങ്ങളെ മൂടിയിരിക്കുന്ന ശോശപ്പ എടുത്ത് അവയ്ക്കുചുറ്റും വച്ചുകൊണ്ടു ചൊല്ലുന്നു.*

**കാർമ്മി:** കർത്താവേ, നിന്റെ ശരീരത്തിനും രക്തത്തിനും കൃപാപൂർവ്വം നീ എന്നെ യോഗ്യനാക്കി. അപ്രകാരംതന്നെ, വിധിദിവസത്തിൽ, നിന്റെ സംപ്രീതിക്കും എന്നെ യോഗ്യനാക്കണമേ.

*ശുശ്രൂഷി കുന്തുരുക്കവും ധൂപകലശവും കാർമ്മികന്റെ അടുക്കൽ കൊണ്ടുവരുന്നു. അദ്ദേഹം താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.*

www.malankaralibrary.com

**കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയത്രിത്വത്തിന്റെ നാമത്തിൽ ✠ ആശീർവദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.

*കാർമ്മികൻ അവിടെത്തന്നെനിന്ന് ബലിപീഠം ധൂപിച്ചുകൊണ്ടു ചൊല്ലുന്നു.*

**ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ മഹനീയമായ ആലയത്തിലെ വിശുദ്ധ ബലിപീഠത്തിനു മുമ്പിൽ ഞങ്ങൾ അർപ്പിക്കുന്ന പരിമളധൂപം അങ്ങയെ പ്രസാദിപ്പിക്കട്ടെ. അങ്ങയുടെ പരിശുദ്ധനാമത്തിന്റെ സംപ്രീതിക്കും അങ്ങയുടെ ദാസരായ ഞങ്ങളുടെയും അങ്ങയുടെ അജഗണത്തിന്റെയും പാപങ്ങളുടെ മോചനത്തിനും ഇതു കാരണമാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.**

*ധൂപകലശം ശുശ്രൂഷിയെ തിരിച്ചേല്പിച്ചുകൊണ്ടു ചൊല്ലുന്നു.*

**എപ്പോഴും തന്റെ അഭീഷ്ടമനുസരിച്ചു പ്രവർത്തിക്കുന്നതിന്**
**മിശിഹാ നിന്നെ ശക്തനാക്കട്ടെ.**

**കാർമ്മി:** **മിശിഹാ കർത്താവിൻ കൃപയും**
**ദൈവപിതാവിൻ സ്നേഹമതും**
**റൂഹാതൻ സഹവാസവുമീ ✠**
**നമ്മോടൊത്തുണ്ടാകട്ടെ.**

**സമൂ:** **ആമ്മേൻ.**

**കാർമ്മി:** **ക്രോവേ, സ്രാപ്പേവൃന്ദങ്ങൾ**
**സ്തുതിഗീതങ്ങൾ പാടീടും**
**ഉയരങ്ങളിലേക്കുയരട്ടെ**
**ഹൃദയവികാരവിചാരങ്ങൾ.**

**സമൂ:** **പൂർവ്വപിതാവാമബ്രാഹം,**
**ഇസഹാക്ക്, യാക്കോബെന്നിവർ തൻ**
**ദൈവമേ, നിത്യം ആരാധ്യൻ**
**രാജാവേ, നിൻ സന്നിധിയിൽ.**

www.malankaralibrary.com

**കാർമ്മി:** മർത്ത്യകുലത്തിന്നാദ്യഫലം
മിശിഹാതൻ തിരുബലിയല്ലോ
സൃഷ്ടികുലത്തിൻ രക്ഷയ്ക്കായ്
സർവാധിപനായ് അർപ്പിപ്പൂ.

**സമൂ:** ന്യായവുമാണതു യുക്തവുമാം
ന്യായവുമാണതു യുക്തവുമാം.

*(അല്ലെങ്കിൽ)*

**കാർമ്മി:** നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും
പിതാവായ ദൈവത്തിന്റെ സ്നേഹവും
പരിശുദ്ധാത്മാവിന്റെ സഹവാസവും
നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.
ഇപ്പോഴും ✠ *(ദിവ്യരഹസ്യങ്ങളുടെമേൽ റൂശ്മ ചെയ്യുന്നു.)*
എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

*തിരുനാൾ ദിവസങ്ങളിൽ*

*കാർമ്മികൻ കൈകൾ ഉയർത്തിക്കൊണ്ട് ചൊല്ലുന്നു*

**കാർമ്മി:** ക്രോവേന്മാരും സ്രാപ്പേന്മാരും പരിശുദ്ധൻ,
പരിശുദ്ധൻ, പരിശുദ്ധൻ എന്ന് നിരന്തരം പ്രകീർത്തിക്കുന്ന,
ഭയഭക്തിജനകവും മഹത്ത്വപൂർണവുമായ ഉന്നതങ്ങളിലേക്ക്
നിങ്ങളുടെ വിചാരങ്ങൾ ഉയർത്തുവിൻ.

**സമൂ:** അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും
യാക്കോബിന്റെയും ദൈവമേ,
ആരാധ്യനായ രാജാവേ, അങ്ങയുടെ സന്നിധിയിലേക്ക്.

**കാർമ്മി:** പ്രവാചകന്മാർ പ്രതീകങ്ങളിലൂടെ സൂചിപ്പിച്ചതും
ശ്ലീഹന്മാർ പരസ്യമായി പ്രസംഗിച്ചതും
രക്തസാക്ഷികൾ ജീവാർപ്പണംകൊണ്ടു സ്വന്തമാക്കിയതും
മല്പാന്മാർ ദേവാലയങ്ങളിൽ വ്യാഖ്യാനിച്ചതും
പുരോഹിതന്മാർ വിശുദ്ധ ബലിപീഠത്തിന്മേൽ സമർപ്പിച്ചതും
ശുശ്രൂഷികൾ തങ്ങളുടെ കരങ്ങളിൽ വഹിച്ചതും

www.malankaralibrary.com

**ജനതകൾ പാപപ്പരിഹാരത്തിനായി സ്വീകരിച്ചതും**
**മനുഷ്യവംശത്തിന്റെ ആദ്യഫലമായ മിശിഹാ രക്തരഹിതമായി**
**അർപ്പിച്ചതുമായ കുർബാന സർവസൃഷ്ടികൾക്കുംവേണ്ടി**
**സകലത്തിന്റെയും നാഥനായ ദൈവത്തിന്**
**എല്ലായിടത്തും അർപ്പിക്കപ്പെടുന്നു.**

**സമൂ: അതു ന്യായവും യുക്തവുമാകുന്നു.**

**ശുശ്രൂ: സമാധാനം നമ്മോടുകൂടെ.**

*(അല്ലെങ്കിൽ)*

**ശുശ്രൂ: തന്റെ ശരീരത്താൽ നമ്മുടെ ദുഃഖത്തെ സന്തോഷമായി പകർത്തുകയും തന്റെ ജീവരക്തം നമ്മുടെ ഹൃദയങ്ങളുടെമേൽ തളിക്കുകയും ചെയ്ത് നമ്മുടെ രക്ഷകനായ മിശിഹാ നമുക്കുവേണ്ടി പൂർത്തീകരിച്ച അദ്ഭുതാവഹമായ രക്ഷാപദ്ധതിയെ നിങ്ങൾ ഓർക്കുകയും നൈർമല്യത്തോടും ശ്രദ്ധയോടും കൂടി പ്രാർത്ഥിക്കുകയും ചെയ്യുവിൻ. സമാധാനം നമ്മോടുകൂടെ.**

*സാധാരണ ദിവസങ്ങളിൽ*

*കാർമ്മികൻ കൈകളുയർത്തിക്കൊണ്ട് ചൊല്ലുന്നു.*

**കാർമ്മി: നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്ക് ഉയരട്ടെ.**

**സമൂ: അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും**
**യാക്കോബിന്റെയും ദൈവമേ,**
**ആരാധ്യനായ രാജാവേ, അങ്ങയുടെ സന്നിധിയിലേക്ക്.**

**കാർമ്മി: സകലത്തിന്റെയും നാഥനായ ദൈവത്തിന്**
**കുർബാന അർപ്പിക്കപ്പെടുന്നു.**

**സമൂ: അതു ന്യായവും യുക്തവുമാകുന്നു.**

**ശുശ്രൂ: സമാധാനം നമ്മോടുകൂടെ.**

*കാർമ്മികൻ താഴ്ന്ന സ്വരത്തിൽ യാചനാപ്രാർത്ഥന (കൂശാപ്പ) ചൊല്ലുന്നു.*

www.malankaralibrary.com

**കാർമ്മി:** എന്റെ കർത്താവേ, അങ്ങയുടെ കൃപയെ ഞാൻ ആരാധിക്കുന്നു. അങ്ങയുടെ കാരുണ്യത്തെ ഞാൻ സ്തുതിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഞാൻ അയോഗ്യനാണെങ്കിലും, സ്തുത്യർഹവും ദൈവികവുമായ രഹസ്യങ്ങൾ അങ്ങേക്കു സമർപ്പിക്കുവാൻ അങ്ങയുടെ ദയയാൽ, അങ്ങ് എന്നെ യോഗ്യനാക്കി. ലോകത്തിന്റെ ശാന്തിക്കും സൃഷ്ടിയുടെ സമാധാനത്തിനും അങ്ങയുടെ വിശ്വസ്തസഭയുടെ നിലനില്പിനും പുരോഹിതന്മാരുടെ വിശുദ്ധിക്കും വിശ്വാസികളുടെ വളർച്ചയ്ക്കും നീതിമാന്മാരുടെ സംരക്ഷണത്തിനും ഇവ കാരണമാകട്ടെ.

അനുതാപികളുടെ കടങ്ങളുടെ പൊറുതിക്കും തെറ്റിപ്പോയവരുടെ തിരിച്ചുവരവിനും സകല മനുഷ്യരുടെയും സഹായത്തിനും രക്ഷയ്ക്കുംവേണ്ടിയും ഇപ്പോൾ തിരുമുമ്പാകെ നില്ക്കുന്ന അങ്ങയുടെ ദാസീദാസന്മാരുടെ തെറ്റുകൾ അങ്ങയുടെ കൃപയാലും കരുണയാലും മായിച്ചുകളയുന്നതിനുവേണ്ടിയും കർത്താവേ, അങ്ങയോടു ഞാൻ അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു. എന്നേക്കും, ആമ്മേൻ.

*കാർമ്മികൻ കുനിഞ്ഞുനിന്ന് രണ്ടാം പ്രണാമജപം (ഗ്ഹാന്ത) ചൊല്ലുന്നു.*

**കാർമ്മി:** **കർത്താവേ, സർവ്വശക്തനും നിത്യനുമായ ദൈവമേ,**
**സകലത്തെയും പരിപാലിക്കുന്ന പിതാവേ,**

**ഞങ്ങൾ എല്ലാക്കാലത്തും എല്ലാനേരത്തും**
**അങ്ങേക്ക് സ്തുതിയും മഹത്ത്വവും ആരാധനയും അർപ്പിക്കുന്നത്**
**ന്യായവും യുക്തവും യോഗ്യവുമാകുന്നു.**
**സൃഷ്ടിക്കപ്പെടാത്തവനും സർവസൃഷ്ടികളുടെയും**
**ഗ്രഹണശക്തിക്ക് അതീതനും സർവവ്യാപിയുമായ സത്യദൈവമേ,**
**വിവേകപൂർവകമായ ശുശ്രൂഷയ്ക്കായി**
**തകർന്ന ഹൃദയത്തോടും വിനീതമായ ആത്മാവോടുംകൂടെ**
**ആത്മീയഫലങ്ങളർപ്പിക്കുവാൻ ഞങ്ങൾ അധരം തുറക്കുമ്പോൾ**
**അങ്ങ് ഞങ്ങൾക്കു വചനം നല്കണമേ.**
**എന്തുകൊണ്ടെന്നാൽ അങ്ങ് ഞങ്ങളുടെ ദൈവവും,**
**ഞങ്ങളുടെ രാജാവും കർത്താവും രക്ഷകനും പ്രത്യാശയുമായ**
**ഈശോമിശിഹായുടെ പിതാവും ആകുന്നുവല്ലോ.**
**അവിടത്തേപ്പക്കൽ ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും**
**സർവനിക്ഷേപങ്ങളും നിഗൂഢമായിരിക്കുന്നു.**

www.malankaralibrary.com

**അങ്ങിൽനിന്നു പുറപ്പെടുന്നവനും അങ്ങയുടെ ദൈവത്വത്തിന്റെ**
**അദൃശ്യസ്വഭാവം ഉള്ളവനുമായ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള**
**ജ്ഞാനം മിശിഹാവഴി ഞങ്ങൾ പ്രാപിച്ചു.**
**വിവേചനാശക്തിയുള്ള ദൃശ്യരും അദൃശ്യരുമായ സർവരും**
**അവൻവഴി ശക്തിയും പൂർണതയും വിശുദ്ധിയും പ്രാപിക്കുന്നു.**

**അങ്ങേക്കും അങ്ങയുടെ ഏകജാതനും**
**അങ്ങയുടെ പരിശുദ്ധാത്മാവിനും**
**ഞങ്ങൾ നിരന്തരം സ്തുതിയർപ്പിക്കുന്നു.**
**എന്തുകൊണ്ടെന്നാൽ, സർവവും അങ്ങയുടെ പ്രവൃത്തിയാകുന്നു.**
**അങ്ങ് ഞങ്ങളെ ഇല്ലായ്മയിൽനിന്ന്**
**അസ്തിത്വത്തിലേക്കാനയിക്കുകയും ക്രമപ്പെടുത്തുകയും ചെയ്തു.**
**ഞങ്ങൾ ഇടറിവീഴുകയും ക്ഷയിക്കുകയും ചെയ്തപ്പോൾ**
**അങ്ങ് ഞങ്ങളെ എഴുന്നേല്പിക്കുകയും നവീകരിക്കുകയും**
**വീണ്ടെടുക്കുകയും ചെയ്തു. അങ്ങയുടെ കരുണയാൽ**
**ഞങ്ങളെ സ്വർഗത്തിലേക്ക് ഉയർത്തുകയും**
**വരുവാനുള്ള രാജ്യം ഞങ്ങൾക്ക് നല്കുകയും ചെയ്തു.**
**അളവറ്റ കരുതലോടെ ഞങ്ങളെ സന്ദർശിക്കുന്നതിൽനിന്ന്**
**അങ്ങ് വിരമിച്ചില്ല. അങ്ങ് ഞങ്ങളുടെമേൽ ചൊരിഞ്ഞ ഗ്രാഹ്യവും**
**അഗ്രാഹ്യവും രഹസ്യവും പരസ്യവുമായ**
**സകല കൃപാവരങ്ങൾക്കുമായി**
**പിതാവും പുത്രനും പരിശുദ്ധാത്മാവുമായ അങ്ങയെ**
**ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു.**
**ഈ ശുശ്രൂഷ ഞങ്ങളുടെ കരങ്ങളിൽനിന്ന് സ്വീകരിക്കണമേ.**
**അങ്ങയുടെ ശക്തിയുടെ വിസ്മയനീയമായ പ്രവൃത്തികൾ**
**വിവരിക്കുന്നതിനും അങ്ങയുടെ മഹത്ത്വം പ്രഘോഷിക്കുന്നതിനും**
**ഞങ്ങൾ അശക്തരാകുന്നു. എന്റെ കർത്താവേ,**
**സകല സൃഷ്ടികളുടെയും അധരങ്ങളും നാവുകളും**
**ഒന്നുചേർന്നാൽപോലും അങ്ങയുടെ മഹിമ വർണിക്കാനാവില്ലെന്ന്**
**ഞങ്ങൾ ഏറ്റുപറയുന്നു.**

*കാർമ്മികൻ ബലിപീഠം ചുംബിക്കുന്നു. അനന്തരം കൈകൾ ഉയർത്തി ചൊല്ലുന്നു.*

www.malankaralibrary.com

**കാർമ്മി:** **ഒന്നായ് ഉച്ചസ്വരത്തിലവർ**
**തിരുസ്സന്നിധിയിൽ അനവരതം**
**സ്തുതിഗീതങ്ങൾ പാടുന്നു.**

**സമൂ:** **ദൈവം നിത്യമഹത്ത്വത്തിൻ**
**കർത്താവെന്നും പരിശുദ്ധൻ**
**ബലവാനീശൻ പരിശുദ്ധൻ.**
**മണ്ണും വിണ്ണും നിറയുന്നു**
**മന്നവനവനുടെ മഹിമകളാൽ.**
**ഉന്നതവീഥിയിലോശാന**
**ദാവീദിൻ സുതനോശാന.**
**കർത്താവിൻ തിരുനാമത്തിൽ**
**വന്നവനും യുഗരാജാവായ്**
**വീണ്ടും വരുവോനും ധന്യൻ**
**ഉന്നതവീഥിയിലോശാന.**

(*അല്ലെങ്കിൽ*)

**കാർമ്മി:** **എന്റെ കർത്താവേ, അങ്ങയുടെ ത്രിത്വത്തിന്റെ മുമ്പാകെ സ്വർഗവാസികളുടെ ആയിരങ്ങളും മാലാഖമാരുടെ പതിനായിരങ്ങളും ഒരുമിച്ച് നിരന്തരം സ്തുതിയും സ്തോത്രവുമർപ്പിച്ചുകൊണ്ട് ഒന്നുചേർന്ന് ഉദ്ഘോഷിക്കുന്നു.**

**സമൂ:** **ബലവാനും കർത്താവുമായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. അവിടുത്തെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. ഉന്നതങ്ങളിൽ ഓശാന. ദാവീദിന്റെ പുത്രന് ഓശാന. കർത്താവിന്റെ നാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനുമായവൻ അനുഗൃഹീതനാകുന്നു. ഉന്നതങ്ങളിൽ ഓശാന.**

*കാർമ്മികൻ ഈ സമയം ബലിപീഠം ചുംബിച്ചതിനുശേഷം (മുട്ടുകുത്തി) താഴ്ന്നസ്വരത്തിൽ യാചനാപ്രാർത്ഥന ചൊല്ലുന്നു.*

**കാർമ്മി:** ദൈവമേ, അങ്ങു പരിശുദ്ധനാകുന്നു. അങ്ങു മാത്രമാകുന്നു യഥാർത്ഥപിതാവ്. സ്വർഗത്തിലും ഭൂമിയിലുമുള്ള സകല പിതൃത്വവും അങ്ങിൽനിന്നാകുന്നു. നിത്യനായ പുത്രാ, അങ്ങു പരിശുദ്ധനാകുന്നു. സമസ്തവും അങ്ങുവഴി സൃഷ്ടിക്കപ്പെട്ടു. റൂഹാദ്ക്കുദ്ശായേ, അങ്ങു പരിശുദ്ധനാകുന്നു. എല്ലാം അങ്ങുവഴി പവിത്രീകരിക്കപ്പെടുന്നു.

www.malankaralibrary.com

(*കാർമ്മികൻ തുടരുന്നു.*)

ഹാ, എനിക്കു ദുരിതം! ഞാൻ അസ്വസ്ഥനായിരിക്കുന്നു. കാരണം, എന്റെ അധരങ്ങൾ അശുദ്ധമാകുന്നു. അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ ഞാൻ വസിക്കുകയും ചെയ്യുന്നു. ബലവാനും കർത്താവുമായ രാജാവിനെ എന്റെ നയനങ്ങൾ ദർശിച്ചു. കർത്താവിനെ ഇന്നു ഞാൻ അഭിമുഖം കണ്ട ഈ സ്ഥലം എത്ര ഭീതിജനകം! ഇതു ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല. കർത്താവേ, അങ്ങയുടെ കൃപ ഞങ്ങളുടെമേൽ ഉണ്ടാകട്ടെ. അശുദ്ധരായ ഞങ്ങളെ ശുദ്ധീകരിക്കുകയും ഞങ്ങളുടെ അധരങ്ങളെ പവിത്രീകരിക്കുകയും ചെയ്യണമേ. എന്റെ കർത്താവേ, നിസ്സാരരായ ഞങ്ങളുടെ കീർത്തനങ്ങൾ സ്രാപ്പേന്മാരുടെയും മുഖ്യദൂതന്മാരുടെയും സ്തോത്രങ്ങളോടു ചേർക്കണമേ. ഭൂവാസികളെ സ്വർഗവാസികളോടൊന്നിപ്പിച്ച അങ്ങയുടെ കാരുണ്യത്തിനു സ്തുതി.

(*അല്ലെങ്കിൽ*)

ബലവാനായ കർത്താവേ, പാപിയും കുറ്റക്കാരനും ദുർഭഗനുമായ ഈ ദാസന്റെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനുംവേണ്ടി കരുണാസമ്പന്നനായ നിന്നോട് അപേക്ഷിക്കുന്നു. ജീവദായകവും പരിശുദ്ധവുമായ ഈ ബലി എനിക്കുവേണ്ടിയും നിന്റെ രക്ഷയെ പ്രതീക്ഷിക്കുന്ന ഈ ജനത്തിനുവേണ്ടിയും ബലഹീനനായ എന്റെ കരങ്ങളിൽനിന്നു സ്വീകരിക്കണമേ. എന്റെ കർത്താവേ, ഇതു ഞങ്ങൾക്കു പാപപ്പരിഹാരത്തിനും രോഗശാന്തിക്കും കരുണയ്ക്കും കാരണമാകട്ടെ. നിന്റെ തിരുശരീരവും തിരുരക്തവും ഞങ്ങളുടെ ശരീരങ്ങളോടും ആത്മാക്കളോടും സംയോജിപ്പിക്കപ്പെടുമ്പോൾ അവ പാപമാലിന്യങ്ങളിൽനിന്നു ഞങ്ങളെ വെടിപ്പാക്കുകയും സാത്താന്റെ സകലതിന്മയും വഞ്ചനയും ഞങ്ങളിൽനിന്നു നീക്കിക്കളയുകയും ചെയ്യട്ടെ. സത്യവിശ്വാസത്താലും രക്ഷാപദ്ധതിയെക്കുറിച്ചുള്ള അറിവിന്റെ പ്രകാശത്താലും കർത്താവായ നിന്റെ കർത്തൃത്വത്തിന്റെ പൂർണസ്നേഹത്താലും നിന്റെ കൃപയിലുള്ള നല്ല ശരണത്താലും ഞങ്ങൾ നിറയട്ടെ. തിരുമുമ്പാകെയുള്ള നിർമലവും പരിശുദ്ധവുമായ ഈ ശുശ്രൂഷ കൈക്കൊള്ളണമേ. ഞങ്ങളെല്ലാവരും എല്ലായിടത്തും ഏകആത്മാവോടും ഏകവിചാരത്തോടും സത്യവിശ്വാസത്തോടും പൂർണസ്നേഹത്തോടുംകൂടെ തിരുഹിതം നിറവേറ്റുവാൻ യോഗ്യരാകട്ടെ. ഞങ്ങളുടെമേൽ ചൊരിഞ്ഞ അവർണനീയമായ സകല കൃപകൾക്കുമായി നിന്റെ കർത്തൃത്വത്തെ മഹത്ത്വപ്പെടുത്താൻ ഞങ്ങൾ യോഗ്യരാകുകയും ചെയ്യട്ടെ.

www.malankaralibrary.com

*( കാർമ്മികൻ എഴുന്നേല്ക്കുന്നു)*

**കാർമ്മി:** **കർത്താവേ, ആശീർവദിക്കണമേ.**

*ജനങ്ങൾക്കുനേരേ തിരിഞ്ഞു കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട്*

**എന്റെ സഹോദരരേ, ഈ കുർബാന**
**എന്റെ കരങ്ങൾ വഴി പൂർത്തിയാകുവാൻ**
**നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.**

*ബലിപീഠത്തിനുനേരെ തിരിയുന്നു.*

**സമൂ:** **മിശിഹാ അങ്ങയുടെ പ്രാർത്ഥന കേൾക്കുകയും കുർബാന സ്വീകരിക്കുകയും ചെയ്യട്ടെ. അങ്ങയുടെ പൗരോഹിത്യത്തെ അവിടുന്നു സ്വർഗരാജ്യത്തിൽ മഹത്ത്വപ്പെടുത്തട്ടെ. അങ്ങേക്കു വേണ്ടിയും ഞങ്ങൾക്കുവേണ്ടിയും അവിടുത്തെ കൃപയും അനുഗ്രഹവും പ്രത്യാശാപൂർവം കാത്തിരിക്കുന്ന ലോകം മുഴുവനും വേണ്ടിയും അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ അവിടുന്നു സംപ്രീതനാവുകയും ചെയ്യട്ടെ. ആമ്മേൻ.**

*കാർമ്മികൻ കുനിഞ്ഞുനിന്ന് മൂന്നാം പ്രണാമജപം (ഗ്ഹാന്ത) ചൊല്ലുന്നു.*

**നല്ലവനായ കർത്താവേ,**
**കരുണയുള്ള പിതാവായ ദൈവമേ,**
**ഈ സ്വർഗീയഗണങ്ങളോടുകൂടെ ഞങ്ങളും ഉദ്ഘോഷിക്കുന്നു.**
**എന്തുകൊണ്ടെന്നാൽ അങ്ങ് യഥാർത്ഥത്തിൽ**
**പരിശുദ്ധനും മഹത്ത്വമുള്ളവനും**
**പുകഴ്ചയുള്ളവനും ഉന്നതനുമാകുന്നു.**

**ഭൂമിയിൽ അങ്ങയെ ആരാധിക്കുന്നവരെ സ്വർഗത്തിൽ**
**അങ്ങയെ മഹത്ത്വപ്പെടുത്തുന്നവരോടു**
**സദൃശരാകാൻ അങ്ങ് യോഗ്യരാക്കി.**
**അനാദിമുതൽ അങ്ങയോടുകൂടെയുള്ളവനും**
**അങ്ങയുടെ സ്വഭാവമുള്ളവനും സർവസൃഷ്ടികളെയും**
**രൂപപ്പെടുത്തുന്നവനുമായ റൂഹായോടൊത്ത്**
**അങ്ങയുടെ ഏകജാതനായ കർത്താവീശോമിശിഹായും**
**പരിശുദ്ധനാകുന്നു.**

www.malankaralibrary.com

അങ്ങിൽ മറഞ്ഞിരിക്കുന്ന ആത്മജാതനും
അങ്ങയോടു സദൃശനും അങ്ങിൽനിന്നുള്ള പ്രകാശവും
അങ്ങയുടെ സത്തയുടെ പ്രതിച്ഛായയുമായ വചനമാകുന്ന
ദൈവത്തെ ഞങ്ങൾ വാഴ്ത്തുന്നു.
അങ്ങയോടുള്ള സമാനത നിലനിറുത്തേണ്ട കാര്യമായി
പരിഗണിക്കാതെ അവൻ തന്നത്തന്നെ ശൂന്യനാക്കി
ദാസന്റെ രൂപം സ്വീകരിച്ച് വിവേകവും ബുദ്ധിയുമുള്ള
അമർത്ത്യമായ ആത്മാവോടും മർത്ത്യമായ ശരീരത്തോടുംകൂടെ
പരിപൂർണമനുഷ്യനായി.

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സകലരുടെയും രക്ഷയ്ക്കായി
മഹത്ത്വത്തിലും അധികാരത്തിലും ബഹുമാനത്തിലും
അവൻ ഞങ്ങളുടെ നശ്വരമായ മനുഷ്യപ്രകൃതിയെ
തന്നോടു ചേർക്കുകയും ഒന്നാക്കി മാറ്റുകയും ചെയ്തു.
നിയമത്തിൻ കീഴിലുള്ളവരെ വീണ്ടെടുക്കുന്നതിനായി
അവൻ നിയമത്തിനു വിധേയനായി;
ആദത്തിൽ മൃതരായവരെയെല്ലാം ജീവിപ്പിക്കുന്നതിന്
സ്ത്രീയിൽ നിന്നു ജാതനായി.
അവൻ തന്റെ കല്പനകളാൽ നിയമത്തെ പൂർത്തിയാക്കി
തന്റെ ശരീരത്തിൽ പാപത്തെ നിഹനിച്ചു.
ഞങ്ങളുടെ അന്ധമായിരുന്ന മനോനേത്രങ്ങൾ തുറക്കുകയും
രക്ഷയുടെ മാർഗം തെളിക്കുകയും ദൈവികജ്ഞാനത്തിന്റെ
പ്രകാശത്താൽ ഞങ്ങളെ ദീപ്തരാക്കുകയും ചെയ്തു.
തന്നെ സ്വീകരിച്ചവർക്ക് ദൈവമക്കളാകാൻ
അവൻ അധികാരം നല്കി.
പരിശുദ്ധജലത്താലുള്ള മാമ്മോദീസായാൽ
ഞങ്ങളെ കഴുകി ശുദ്ധരാക്കുകയും
പരിശുദ്ധാത്മാവിന്റെ ദാനംവഴി തന്റെ കൃപയാൽ
ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്തു.
മാമ്മോദീസായിൽ തന്നോടൊത്തു മരിച്ച് സംസ്കരിക്കപ്പെട്ടവരെ
തന്റെ വാഗ്ദാനമനുസരിച്ച് ഉയിർപ്പിക്കുകയും
തന്നോടൊത്ത് സ്വർഗത്തിൽ ഉപവിഷ്ടരാക്കുകയും ചെയ്തു.
അവൻ ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ സ്നേഹിച്ചു;
അവസാനംവരെ സ്നേഹിച്ചു.

www.malankaralibrary.com

എല്ലാവർക്കും ജീവൻ നല്കുന്നതിനും മനുഷ്യവംശത്തിന്റെ
പാപകടങ്ങൾ വീട്ടുന്നതിനുംവേണ്ടി
അവൻ മോചനദ്രവ്യമായിത്തീർന്നു.
പാപംനിമിത്തം മരണത്തിന് അടിമകളായിത്തീർന്ന
ഞങ്ങൾക്കെല്ലാവർക്കുംവേണ്ടി തന്നെത്തന്നെ സമർപ്പിച്ചു.
തന്റെ വിലയേറിയ രക്തത്താൽ അവൻ ഞങ്ങളെ
വിലയ്ക്കുവാങ്ങുകയും രക്ഷിക്കുകയും ചെയ്തു.
അവൻ പാതാളത്തിലേക്കിറങ്ങുകയും
മരണത്തിന്റെ ബന്ധനങ്ങളെ അഴിക്കുകയുംചെയ്തു.
പാതാളത്തിൽ അടക്കപ്പെടാൻ
കഴിയാത്ത അവൻ ഞങ്ങളുടെ രക്ഷയുടെ
ആദ്യഫലമായി മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു.
സകലത്തിലും ഒന്നാമനാകുവാൻ അവൻ
നിദ്രപ്രാപിച്ചവരുടെ ആദ്യഫലമായിത്തീർന്നു.
അവൻ സ്വർഗത്തിലേക്ക് കരേറുകയും
അങ്ങയുടെ മഹത്ത്വത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും
ചെയ്തു. അങ്ങയുടെ തിരുമുമ്പാകെ ഞങ്ങൾ അർപ്പിക്കുന്ന
ഈ രഹസ്യം ഞങ്ങളുടെ രക്ഷയുടെ ഓർമയ്ക്കായി
അവൻ ഞങ്ങൾക്ക് ഏല്പിച്ചുതന്നു.

പീഡാസഹനത്തിനും മരണത്തിനുമുള്ള
സമയം ആസന്നമായപ്പോൾ ഈശോ
ലോകത്തിന്റെ ജീവനുവേണ്ടി
താൻ ഏല്പിച്ചുകൊടുക്കപ്പെട്ട ആ രാത്രിയിൽ
ശിഷ്യന്മാരോടൊത്ത് മോശയുടെ നിയമപ്രകാരം
പെസഹാ ആചരിച്ചവേളയിൽ
തന്റെ പുതിയ പെസഹാ സ്ഥാപിച്ചു.
ഞങ്ങൾക്കുവേണ്ടി മുറിക്കപ്പെട്ടവനായ മിശിഹാ
ഞങ്ങളെ ഭരമേല്പിച്ചപ്രകാരം
അവൻ സ്വർഗത്തിൽനിന്ന്
വീണ്ടും പ്രത്യക്ഷനാകുന്നതുവരെ
അവന്റെ ഓർമയ്ക്കായി
ഞങ്ങൾ ഈ പെസഹാ അനുഷ്ഠിക്കുന്നു.

www.malankaralibrary.com

**പെസഹാഭക്ഷണസമയത്ത് ഈശോ**
**കറയില്ലാത്തതും നിർമലവുമായ തന്റെ തൃക്കരങ്ങളിൽ**
**അപ്പമെടുത്ത്** *(പീലാസയെടുക്കുന്നു)*
**വാഴ്ത്തി ✠✠✠ വിഭജിച്ച് ഭക്ഷിക്കുകയും**
**തന്റെ ശിഷ്യന്മാർക്കു നല്കുകയും**
**ചെയ്തുകൊണ്ട് അരുൾചെയ്തു:**
**ഇത് പാപമോചനത്തിനായി**
**നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന**
**എന്റെ ശരീരമാകുന്നു.**
**നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ.**

**സമൂ:** **ആമ്മേൻ.**

**കാർമ്മി:** *(കാസയെടുക്കുന്നു)* **അപ്രകാരംതന്നെ കാസയിൽ**
**വീഞ്ഞും വെള്ളവും കലർത്തി**
**വാഴ്ത്തി ✠✠✠ സ്തോത്രം ചെയ്തു**
**പാനം ചെയ്തശേഷം തന്റെ ശിഷ്യന്മാർക്ക്**
**നല്കിക്കൊണ്ട് അരുൾചെയ്തു:**
**ഇതു പാപമോചനത്തിനായി**
**അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന**
**പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു.**
**നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി പാനം ചെയ്യുവിൻ.**

**സമൂ:** **ആമ്മേൻ.**

*(കാർമ്മികൻ തുടരുന്നു)*

**എന്റെ പ്രത്യാഗമനംവരെ എന്റെ ഓർമയ്ക്കായി**
**നിങ്ങൾ ഇപ്രകാരം ചെയ്യുവിൻ.**
**എന്തെന്നാൽ, ഈ അപ്പത്തിൽനിന്നു**
**ഭക്ഷിക്കുകയും ഈ കാസയിൽനിന്ന്**
**പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം**
**എന്റെ ആഗമനംവരെ എന്റെ മരണത്തെയാണ്**
**നിങ്ങൾ അനുസ്മരിക്കുന്നത്.**

*എല്ലാവരും കുനിഞ്ഞ് ആചാരം ചെയ്യുന്നു. കാർമ്മികൻ പ്രണാമജപം തുടരുന്നു.*

www.malankaralibrary.com

**ആകയാൽ, എന്റെ കർത്താവേ,**
**സത്യവിശ്വാസത്തോടെ ഇവയെ സമീപിച്ച്**
**കൈക്കൊള്ളുന്നവർക്ക്**
**ഇവ കടങ്ങളുടെ പൊറുതിക്കും**
**പാപങ്ങളുടെ മോചനത്തിനും**
**മരിച്ചവരിൽനിന്നുള്ള ഉയിർപ്പിനും**
**സ്വർഗരാജ്യത്തിൽ നവജീവനും കാരണമാകട്ടെ.**

*(ബലിപീഠം ചുംബിക്കുന്നു)*

**കാർമ്മി:** **ആരാധ്യനായ പിതാവേ, അങ്ങേക്കും**
**സ്തുത്യർഹനായ പുത്രനും**
**അങ്ങയുടെ ജീവിക്കുന്നവനും ജീവിപ്പിക്കുന്നവനുമായ**
**പരിശുദ്ധ റൂഹായ്ക്കും**
**ഞങ്ങൾ സ്തുതിയും ബഹുമാനവും**
**കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.**
**ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.**
*(ദിവ്യരഹസ്യങ്ങളുടെമേൽ റൂശ്മ ചെയ്യുന്നു.)*

**സമൂ:** **ആമ്മേൻ.**

**ശുശ്രൂ:** **നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.**

*(അല്ലെങ്കിൽ)*

**ബുദ്ധിയുടെ ദീപ്തമായ നേത്രങ്ങൾകൊണ്ടും മനസ്സിന്റെ നിർമലമായ ചിന്തകൾകൊണ്ടും നമ്മുടെ രക്ഷകനായ മിശിഹായുടെ ശാന്തതയും എളിമയും അനുസരണവും നിങ്ങൾ ദർശിക്കുവിൻ. സ്ലീവായിലെ തന്റെ കഠിനമായ പീഡാനുഭവത്തിനായി ആനയിക്കപ്പെടുന്ന ഏകജാതനെ നിങ്ങൾ സൂക്ഷിച്ചുവീക്ഷിക്കുവിൻ. നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.**

*കാർമ്മികൻ താഴ്ന്ന സ്വരത്തിൽ യാചനാപ്രാർത്ഥന ചൊല്ലുന്നു.*

**കാർമ്മി:** കർത്താവേ, ശക്തനായ ദൈവമേ, അങ്ങയുടെ സന്നിധിയിൽ പ്രീതിജനകമായവിധം വർത്തിച്ച നീതിമാന്മാരും വിശുദ്ധരുമായ പിതാക്കന്മാർ, പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ, വന്ദകന്മാർ എന്നിവരുടെ

www.malankaralibrary.com

ബഹുമാനത്തിനുവേണ്ടിയും പരിശുദ്ധ കത്തോലിക്കാസഭമുഴുവനുവേണ്ടിയും പുരോഹിതന്മാർ, ഭരണകർത്താക്കൾ, മേലധികാരികൾ എന്നിവർക്കുവേണ്ടിയും രോഗികൾ, ക്ലേശിതർ, ആകുലർ, പീഡിതർ, അഗതികൾ, ദുഃഖിതർ, മരണംമൂലം ഞങ്ങളിൽനിന്ന് വേർപെട്ടുപോയവർ എന്നിവർക്കുവേണ്ടിയും അങ്ങയുടെ കാരുണ്യത്തെ പ്രത്യാശാപൂർവ്വം കാത്തിരിക്കുന്ന ഈ ജനത്തിനും എളിയവനും ബലഹീനനുമായ എനിക്കുംവേണ്ടിയും ഈ കുർബാന സ്വീകരിക്കണമേ. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ കാരുണ്യത്തിനും കൃപാധിക്യത്തിനും യോജിച്ചവിധം അങ്ങയുടെ ജനത്തോടും എളിയവനായ എന്നോടും വർത്തിക്കണമേ. എന്റെ പാപങ്ങൾക്കും തെറ്റുകൾക്കും തക്കവിധം അങ്ങു പ്രവർത്തിക്കരുതേ. അങ്ങയുടെ കൃപയാൽ യഥാർഥവിശ്വാസത്തോടെ ഞങ്ങൾ സ്വീകരിക്കുന്ന ഈ തിരുശരീരംവഴി ഞാനും ഇവരും കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും യോഗ്യരാകട്ടെ. ആമ്മേൻ.

*(അല്ലെങ്കിൽ)*

**കാർമ്മി:** കർത്താവേ, ദയാലുവും കാരുണ്യവാനും അലിവുള്ളവനുമായ ദൈവമേ, ഞാൻ കേവലം പൂഴിമണ്ണും ചാരവുമാകുന്നു. പാപിയും ബലഹീനനും അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ അങ്ങയുടെ മുമ്പാകെ കടക്കാരനുമായ ഞാൻ ഇപ്പോൾ തിരുമുമ്പാകെ പ്രാർത്ഥിക്കാൻ തുടങ്ങുന്നു. കർത്താവേ, കാരുണ്യപൂർവ്വം എന്നോടു ദയതോന്നണമേ. അങ്ങയുടെ കാരുണ്യത്താൽ കടങ്ങളുടെ കടലിൽനിന്ന് എന്നെ പിടിച്ചുകയറ്റണമേ. അങ്ങയുടെ മനസ്സലിവിനാൽ പാപഗർത്തത്തിൽനിന്ന് എന്നെ കരേറ്റുകയും എല്ലാം സൗഖ്യമാക്കുന്ന അങ്ങയുടെ ഔഷധത്താൽ എന്റെ തിന്മകളുടെ മുറിവുകളും കുറ്റങ്ങളുടെ വ്രണങ്ങളും സുഖപ്പെടുത്തുകയും ചെയ്യണമേ.

കർത്താവേ, തിരുമുമ്പാകെ എന്റെ അധരങ്ങൾ തുറക്കണമേ. യാചനകൾ അർപ്പിക്കാൻ എന്നെ അങ്ങ് യോഗ്യനാക്കണമേ. എന്റെയും എന്റെ സഹോദരരുടെയും കടങ്ങളുടെ മോചനത്തിനും പാപങ്ങളുടെ പൊറുതിക്കുമായി അങ്ങയോടപേക്ഷിക്കാനും ദൈവമായ അങ്ങേക്ക് യോജിച്ചവയും അങ്ങയോട് ഉണർത്തിക്കേണ്ടവയുമായ കാര്യങ്ങൾ യാചിക്കാനും എന്നെ അനുവദിക്കണമേ. എന്തുകൊണ്ടെന്നാൽ, അക്ഷയമായ സമ്പത്തിന്റെ നിധി അങ്ങയുടെ പക്കലുണ്ടല്ലോ. എല്ലാനേരവും അങ്ങേക്ക് യാചനകൾ സമർപ്പിക്കപ്പെടുന്നു. സമൃദ്ധമായ ദാനങ്ങൾ അങ്ങ് ഉദാരമായി നല്കുകയും ചെയ്യുന്നു. മാധുര്യവാനും ദീർഘക്ഷമയുള്ളവനുമായ അങ്ങ് എന്നോടു കോപി

www.malankaralibrary.com

ക്കരുതേ. എന്തെന്നാൽ തിരുമുമ്പാകെ മുഖപ്രസാദത്തോടെ നില്ക്കുവാൻ എനിക്കു മനോധൈര്യമില്ല. എങ്കിലും അങ്ങയുടെ തിരുനാമത്തിൽ ഞാൻ വിളിക്കപ്പെട്ടിരിക്കുന്നതിനാൽ എന്നെ അങ്ങ് കൈക്കൊള്ളണമേ. അങ്ങയുടെ ജനത്തിനും അങ്ങയുടെ മേച്ചിൽപ്പുറത്തെ ആടുകൾക്കുംവേണ്ടി എന്റെ ബലഹീനകരങ്ങളിൽനിന്ന് ഈ ബലി സ്വീകരിക്കണമേ. ഇവയെല്ലാറ്റിനെയുംപ്രതി അങ്ങയുടെ നാമത്തിന് ഞാൻ സ്തോത്രം ചെയ്യുകയും കർത്താവായ അങ്ങേക്ക് ആരാധന സമർപ്പിക്കുകയും ചെയ്യുന്നു. ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

*കാർമ്മികൻ കുനിഞ്ഞുനിന്ന് നാലാം പ്രണാമജപം (ഗ്ഹാന്ത) ചൊല്ലുന്നു.*

**കാർമ്മി: കർത്താവേ, സർവശക്തനും പിതാവുമായ ദൈവമേ,**
**ഞങ്ങൾക്കായി നല്കപ്പെട്ട ഈ രക്ഷയെയും**
**ഞങ്ങൾക്കുവേണ്ടി പരികർമ്മം ചെയ്യപ്പെട്ട**
**എല്ലാറ്റിനെയും ഞങ്ങൾ അനുസ്മരിക്കുന്നു.**
**എല്ലാറ്റിനുമുപരിയായി, സത്യപിതാവായ ദൈവമേ,**
**അങ്ങയിൽനിന്നുള്ളവനും അങ്ങയോട് സമനായവനും**
**അങ്ങയോട് ഐക്യപ്പെട്ടവനും അനാദിയുമായ**
**അങ്ങയുടെ ഏകജാതന്റെ ജനനത്തെയും**
**ഞങ്ങൾക്കായുള്ള രക്ഷാപദ്ധതിയെയും**
**ഞങ്ങൾ വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു.**
**അവന്റെ സ്ലീവായെയും പീഡാനുഭവത്തെയും**
**മരണത്തെയും സംസ്കാരത്തെയും**
**മൂന്നാം നാളിലെ ഉത്ഥാനത്തെയും സ്വർഗാരോഹണത്തെയും**
**പിതാവിന്റെ വലത്തുഭാഗത്തുള്ള ഉപവിഷ്ടനാകലിനെയും**
**മരിച്ചവർക്കും ജീവിക്കുന്നവർക്കും അവരവരുടെ**
**പ്രവൃത്തികൾക്കനുസൃതം പ്രതിഫലം നല്കി**
**വിധിക്കാനായുള്ള രണ്ടാമത്തെ ആഗമനത്തെയും**
**ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു.**

**പിതാവേ, അങ്ങിൽനിന്നു പുറപ്പെടുകയും**
**അങ്ങയോടും അങ്ങയുടെ ഏകജാതനോടുംകൂടെ**
**ഒരുപോലെ എല്ലാവരാലും ആരാധിക്കപ്പെടുകയും**
**സ്തുതിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്ന,**

www.malankaralibrary.com

**അങ്ങയുടെ ദൈവത്വത്തിന്റെ മഹനീയസത്തയിൽനിന്നുള്ള
സത്യത്തിന്റെ ആത്മാവായ പരിശുദ്ധാരൂപിയെയും
ഞങ്ങൾ ഏറ്റുപറയുന്നു.**

**ഭൂമിയുടെ ഒരതിർത്തിമുതൽ മറ്റേ അതിർത്തിവരെയുള്ള
ഏകവും പരിശുദ്ധവും ശ്ലൈഹികവും കാതോലികവുമായ സഭ
എല്ലാവിധ ഇടർച്ചകളിൽനിന്നും വീഴ്ചയും ഉപദ്രവവുംകൂടാതെ
സംരക്ഷിക്കപ്പെടുവാനായി സജീവവും പരിശുദ്ധവും
സ്വീകാര്യവും സംപൂജ്യവും ഭയഭക്തിജനകവും മഹോന്നതവും
കളങ്കരഹിതവുമായ ഈ ബലി സർവസൃഷ്ടികൾക്കുംവേണ്ടി
ഞങ്ങൾ അർപ്പിക്കുന്നു.**

**സത്യമായും ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ,
കറയോ മാലിന്യമോ ചുളിവോ ഇല്ലാതെ
നിന്റെ സഭയെ എല്ലാവിധ ഇടർച്ചകളിലുംനിന്ന് ഇളക്കവും
ഉപദ്രവവും കൂടാതെ കാത്തുകൊള്ളണമേ.
പാതാളവാതിലുകൾ ഒരുനാളും അതിനെ തോല്പിക്കുകയില്ലെന്ന്
അങ്ങയുടെ വത്സലപുത്രനും ഞങ്ങളുടെ കർത്താവുമായ
ഈശോമിശിഹാവഴി അങ്ങ് അരുൾചെയ്തിട്ടുണ്ടല്ലോ.**

*തുടർന്നു വരുന്ന ഭാഗങ്ങൾ പ്രത്യുത്തരത്തോടുകൂടിയോ അല്ലാതെയോ തുടരുന്നു.*

**സാർവത്രികസഭയുടെ പിതാവായ
റോമായിലെ മാർ** (പേര്) **പാപ്പായ്ക്കും
ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ
മേജർ ആർച്ചുബിഷപ്പ് മാർ** (പേര്) **മെത്രാപ്പോലീത്തായ്ക്കും
ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷനായ മാർ** (പേര്)
**മെത്രാപ്പോലീത്തായ്ക്കും ഞങ്ങളുടെ പിതാവും മേലദ്ധ്യക്ഷനുമായ
മാർ** (പേര്) **മെത്രാനും (മെത്രാപ്പോലീത്താ) വേണ്ടിയും
സത്യവിശ്വാസത്തിന്റെ വചനം പ്രഘോഷിക്കുന്ന
എല്ലാ സ്ഥലങ്ങളിലുമുള്ള
ഞങ്ങളുടെ പിതാക്കന്മാരായ മെത്രാന്മാർക്കും
നീതിയോടും സത്യത്തിന്റെ നൈർമല്യത്തോടുംകൂടെ
നിന്റെ മുമ്പാകെ ശുശ്രൂഷചെയ്യുന്ന എല്ലാ പുരോഹിതന്മാർക്കും
നിർമലമനഃസാക്ഷിയോടെ വിശ്വാസരഹസ്യം**

www.malankaralibrary.com

മുറുകെപ്പിടിച്ചിരിക്കുന്ന എല്ലാ ശുശ്രൂഷികൾക്കും
- സമർപ്പിതർക്കും അല്മായപ്രേഷിതർക്കും -
വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

അങ്ങയുടെ എല്ലാ ജനസമൂഹത്തിനും
അറിഞ്ഞും അറിയാതെയും തിരുസന്നിധിയിൽ
പാപം ചെയ്തുപോയ എല്ലാവർക്കും ഞങ്ങളിൽനിന്ന്
വേർപിരിഞ്ഞുപോയ എല്ലാ മരിച്ചവർക്കുംവേണ്ടിയും
ഞങ്ങൾ അപേക്ഷിക്കുന്നു.
തിരുമുമ്പാകെ ഈ കുർബാന അർപ്പിക്കാൻ
അങ്ങയുടെ കൃപയാൽ യോഗ്യനായിത്തീർന്ന
ബലഹീനനായ ഈ ദാസനുവേണ്ടിയും
നീതിയുടെ പ്രവൃത്തികളാൽ അങ്ങയുടെ പരിശുദ്ധസഭയെ
സവിശേഷമായി പരിപാലിക്കുന്നവർക്കുവേണ്ടിയും
ദരിദ്രർക്ക് ഉദാരമായി ദാനധർമ്മം ചെയ്യുന്നവർക്കുവേണ്ടിയും
ഞങ്ങൾ പ്രാർത്ഥിക്കുന്നു. എല്ലാ ഭരണാധികാരികൾക്കും
ഈ ലോകത്തിലെ നേതാക്കൾക്കും അധികാരികൾക്കുംവേണ്ടിയും
രാജ്യങ്ങളുടെ സുസ്ഥിതിക്കുവേണ്ടിയും
അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.
കർത്താവേ, അങ്ങയോടുള്ള ഭയഭക്തി
അവരിൽ സ്ഥിരപ്പെടുത്തണമേ.
അങ്ങയുടെ സത്യം അവരിൽ നട്ടുവളർത്തണമേ.

യുദ്ധങ്ങൾ ഒഴിവാക്കുകയും യുദ്ധപ്രിയരായ ജനതകളെ
ചിതറിക്കുകയും ചെയ്യണമേ. അതുവഴി ഞങ്ങൾ വിനയത്തോടും
ദൈവഭയത്തോടുംകൂടി സമാധാനപരവും ശാന്തവുമായ ജീവിതം
നയിക്കാൻ ഇടയാകട്ടെ. അങ്ങയുടെ കൃപയാൽ
ഭൂമിയിൽ ഫലവർഗങ്ങൾ സമൃദ്ധമാക്കുകയും
നല്ല കാലാവസ്ഥ സംജാതമാക്കുകയും
വത്സരങ്ങൾ അനുഗൃഹീതമാക്കുകയും ചെയ്യണമേ.
അങ്ങയുടെ ദയയാൽ എല്ലാ സ്ഥലങ്ങളോടും ദേശവാസികളോടും
കരുണ കാണിക്കുകയും അവരെ അനുഗ്രഹിക്കുകയും
കാത്തുപരിപാലിക്കുകയും ചെയ്യണമേ.

www.malankaralibrary.com

കരയിലും കടലിലും ആകാശത്തും
യാത്രചെയ്യുന്നവരെ സംരക്ഷിക്കണമേ.
അങ്ങയുടെ പരിശുദ്ധനാമത്തെപ്രതി
ഞെരുക്കങ്ങളിലും സങ്കടങ്ങളിലും
പീഡനങ്ങളിലും വിഷമങ്ങളിലും
കലഹങ്ങളിലുംപെട്ടിരിക്കുന്നവരും
ബന്ധനങ്ങളിലും കാരാഗൃഹങ്ങളിലും
പീഡിപ്പിക്കപ്പെടുകയും
കഷ്ടതയനുഭവിക്കുകയും ചെയ്യുന്നവരും
നിരന്തരമായ മർദനങ്ങളിലും അടിമത്തത്തിലും
കഴിയുന്നവരുമായ എല്ലാ സഹോദരങ്ങൾക്കുവേണ്ടിയും
ഞങ്ങൾ അപേക്ഷിക്കുന്നു.
രോഗങ്ങളും കഠിനവേദനകളുംമൂലം
പരീക്ഷിക്കപ്പെടുകയും അത്യധികം വ്യാകുലപ്പെട്ടിരിക്കുകയും
ചെയ്യുന്ന എല്ലാവരെയും അങ്ങ് സഹായിക്കണമേ.

എല്ലാ മനുഷ്യരും ജീവിക്കുകയും
സത്യത്തിന്റെ ജ്ഞാനത്തിലേക്ക് തിരിയുകയും ചെയ്യണമെന്ന്
ആഗ്രഹിക്കുന്ന കർത്താവേ,
അങ്ങയുടെ വത്സലപുത്രനും
ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹാവഴി
അങ്ങ് ഞങ്ങളോടു കല്പിച്ചിട്ടുള്ളതുപോലെ
ഞങ്ങളെ ദ്വേഷിക്കുന്നവർക്കും
ഞങ്ങൾക്കെതിരായി തിന്മചെയ്യുന്നവർക്കും
ഞങ്ങളുടെ എല്ലാ ശത്രുക്കൾക്കും വേണ്ടിയും
അങ്ങയുടെ കരുണ ഞങ്ങൾ യാചിക്കുന്നു.
കർത്താവേ, ബലവാനായ ദൈവമേ,
അവരുടെ ശിക്ഷയ്ക്കും പ്രതികാരത്തിനുമല്ല;
പ്രത്യുത, അങ്ങയുടെ കാരുണ്യത്താൽ
അവരുടെ പാപമോചനത്തിനും രക്ഷയ്ക്കുംവേണ്ടി
ഞങ്ങൾ അപേക്ഷിക്കുന്നു.

*(അല്ലെങ്കിൽ)*

## പ്രത്യുത്തരത്തോടുകൂടിയ ഗ്ഹാന്താ

**കാർമ്മി:** സാർവത്രികസഭയുടെ പിതാവായ
റോമായിലെ മാർ (പേര്) പാപ്പായ്ക്കും
ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ
മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായ്ക്കും
ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷനായ മാർ (പേര്)
മെത്രാപ്പോലീത്തായ്ക്കും ഞങ്ങളുടെ പിതാവും മേലദ്ധ്യക്ഷനുമായ
മാർ (പേര്) മെത്രാനും (മെത്രാപ്പോലീത്താ) വേണ്ടിയും
സത്യവിശ്വാസത്തിന്റെ വചനം പ്രഘോഷിക്കുന്ന
എല്ലാ സ്ഥലങ്ങളിലുമുള്ള
ഞങ്ങളുടെ പിതാക്കന്മാരായ മെത്രാന്മാർക്കും
നീതിയോടും സത്യത്തിന്റെ നൈർമല്യത്തോടുംകൂടെ
നിന്റെ മുമ്പാകെ ശുശ്രൂഷചെയ്യുന്ന എല്ലാ പുരോഹിതന്മാർക്കും
നിർമലമനഃസാക്ഷിയോടെ വിശ്വാസരഹസ്യം
മുറുകെപ്പിടിച്ചിരിക്കുന്ന എല്ലാ ശുശ്രൂഷികൾക്കും
– സമർപ്പിതർക്കും അല്മായപ്രേഷിതർക്കും –
അങ്ങയുടെ എല്ലാ ജനസമൂഹത്തിനുവേണ്ടിയും
ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.

**കാർമ്മി:** അറിഞ്ഞും അറിയാതെയും തിരുസന്നിധിയിൽ
പാപം ചെയ്തുപോയ എല്ലാവർക്കും
ഞങ്ങളിൽ നിന്ന് വേർപിരിഞ്ഞുപോയ
എല്ലാ മരിച്ചവർക്കുംവേണ്ടി
ഞങ്ങൾ അപേക്ഷിക്കുന്നു.
തിരുമുമ്പാകെ ഈ കുർബാന അർപ്പിക്കാൻ
അങ്ങയുടെ കൃപയാൽ യോഗ്യനായിത്തീർന്ന
ബലഹീനനായ ഈ ദാസനുവേണ്ടിയും
നീതിയുടെ പ്രവൃത്തികളാൽ അങ്ങയുടെ പരിശുദ്ധസഭയെ
സവിശേഷമായി പരിപാലിക്കുന്നവർക്കുവേണ്ടിയും

www.malankaralibrary.com

ദരിദ്രർക്ക് ഉദാരമായി ദാനധർമം ചെയ്യുന്നവർക്കുവേണ്ടിയും
ഞങ്ങൾ പ്രാർത്ഥിക്കുന്നു.
എല്ലാ ഭരണാധികാരികൾക്കും
ഈ ലോകത്തിലെ നേതാക്കൾക്കും അധികാരികൾക്കുംവേണ്ടിയും
രാജ്യങ്ങളുടെ സുസ്ഥിതിക്കുവേണ്ടിയും
അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.
കർത്താവേ, അങ്ങയോടുള്ള ഭയഭക്തി
അവരിൽ സ്ഥിരപ്പെടുത്തുകയും അങ്ങയുടെ സത്യം
അവരിൽ നട്ടുവളർത്തുകയും ചെയ്യണമേ.

**സമൂ:** ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.

**കാർമ്മി:** എന്റെ കർത്താവേ, അങ്ങയോടു ഞങ്ങൾ
അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു.
യുദ്ധങ്ങൾ ഒഴിവാക്കുകയും യുദ്ധപ്രിയരായ
ജനതകളെ ചിതറിക്കുകയും ചെയ്യണമേ.
അതുവഴി ഞങ്ങൾ വിനയത്തോടും
ദൈവഭയത്തോടുംകൂടി സമാധാനപരവും
ശാന്തവുമായ ജീവിതം നയിക്കുവാൻ ഇടയാകട്ടെ.
അങ്ങയുടെ കൃപയാൽ ഭൂമിയിൽ
ഫലവർഗങ്ങൾ സമൃദ്ധമാക്കുകയും
നല്ല കാലാവസ്ഥ സംജാതമാക്കുകയും
വത്സരങ്ങൾ അനുഗൃഹീതമാക്കുകയും ചെയ്യണമേ.
അങ്ങയുടെ ദയയാൽ എല്ലാ സ്ഥലങ്ങളോടും ദേശവാസികളോടും
കരുണകാണിക്കുകയും അവരെ അനുഗ്രഹിക്കുകയും
കാത്തുപരിപാലിക്കുകയും ചെയ്യണമേ.

**സമൂ:** ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.

**കാർമ്മി:** കരയിലും കടലിലും ആകാശത്തും
യാത്രചെയ്യുന്നവരെ സംരക്ഷിക്കണമേ.
അങ്ങയുടെ പരിശുദ്ധനാമത്തെപ്രതി
ഞെരുക്കങ്ങളിലും സങ്കടങ്ങളിലും
പീഡനങ്ങളിലും വിഷമങ്ങളിലും
കലഹങ്ങളിലും പെട്ടിരിക്കുന്നവരും

www.malankaralibrary.com

ബന്ധനങ്ങളിലും കാരാഗൃഹങ്ങളിലും
പീഡിപ്പിക്കപ്പെടുകയും കഷ്ടതയനുഭവിക്കുകയും ചെയ്യുന്നവരും
നിരന്തരമായ മർദനങ്ങളിലും
അടിമത്തത്തിലും കഴിയുന്നവരുമായ
എല്ലാ സഹോദരങ്ങൾക്കുവേണ്ടിയും
ഞങ്ങൾ അപേക്ഷിക്കുന്നു.
രോഗങ്ങളും കഠിനവേദനകളുംമൂലം പരീക്ഷിക്കപ്പെടുകയും
അത്യധികം വ്യാകുലപ്പെട്ടിരിക്കുകയും ചെയ്യുന്ന
എല്ലാവരെയും അങ്ങ് സഹായിക്കണമേ.

**സമൂ:** ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.

**കാർമ്മി:** എല്ലാ മനുഷ്യരും ജീവിക്കുകയും സത്യത്തിന്റെ ജ്ഞാനത്തിലേക്ക്
തിരിയുകയും ചെയ്യണമെന്ന് ആഗ്രഹിക്കുന്ന കർത്താവേ,
അങ്ങയുടെ വത്സലപുത്രനും
ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹാവഴി
അങ്ങ് ഞങ്ങളോടു കല്പിച്ചിട്ടുള്ളതുപോലെ
ഞങ്ങളെ ദ്വേഷിക്കുന്നവർക്കും
ഞങ്ങൾക്കെതിരായി തിന്മചെയ്യുന്നവർക്കും
ഞങ്ങളുടെ എല്ലാ ശത്രുക്കൾക്കുംവേണ്ടി
അങ്ങയുടെ കരുണ ഞങ്ങൾ യാചിക്കുന്നു.
കർത്താവേ, ബലവാനായ ദൈവമേ,
അവരുടെ ശിക്ഷയ്ക്കും പ്രതികാരത്തിനുമല്ല;
പ്രത്യുത, അങ്ങയുടെ കാരുണ്യത്താൽ
അവരുടെ പാപമോചനത്തിനും രക്ഷയ്ക്കുംവേണ്ടി
ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ:** ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.

*കാർമ്മികൻ തുടരുന്നു.*

**കാർമ്മി:** കർത്താവേ, മർത്ത്യരായ ഞങ്ങൾ
അങ്ങയുടെ കല്പന ലംഘിച്ച്
പാപം ചെയ്തുപോയി. എല്ലാറ്റിനെയും ഭരിക്കുന്ന നല്ലവനായ
അങ്ങയുടെ കരുണയാൽ ഞങ്ങളോടു ക്ഷമിച്ച്

www.malankaralibrary.com

**ഞങ്ങളുടെ പാപങ്ങൾ മോചിക്കണമേ.**
**ഞങ്ങൾ ഒന്നുചേർന്ന് അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.**
**ഇപ്പോഴും എപ്പോഴും ✠ എന്നേക്കും.** (*ദിവ്യരഹസ്യങ്ങളുടെമേൽ റൂശ്മ ചെയ്യുന്നു.*) **ആമ്മേൻ.**

**ശുശ്രൂ:** **ഹൃദയംകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ.**

*(അല്ലെങ്കിൽ )*

**അത്യുന്നതങ്ങളിലേക്ക് കണ്ണുകൾ ഉയർത്തുവിൻ, ഹൃദയജ്ഞാനത്തോടെ വീക്ഷിക്കുവിൻ. നിങ്ങൾ പ്രാർത്ഥിക്കുകയും ഇപ്പോൾ അനുഷ്ഠിക്കപ്പെടുന്നവയെക്കുറിച്ചു ധ്യാനിക്കുകയും ചെയ്യുവിൻ. മിശിഹായുടെ മഹനീയമായ സിംഹാസനത്തിനുമുമ്പിൽ സ്രാപ്പേന്മാർ ഭയത്തോടെ നില്ക്കുന്നു. അവരെല്ലാവരും, പ്രാർത്ഥിക്കുന്ന ജനത്തോടും ലോകംമുഴുവനുംവേണ്ടി അനുഗ്രഹം യാചിക്കുന്ന പുരോഹിതനോടുംചേർന്ന്, സജ്ജമാക്കപ്പെട്ടിരിക്കുന്ന ശരീരത്തെയും കലർത്തപ്പെട്ടിരിക്കുന്ന കാസയെയും ഉയർന്ന സ്വരത്തിൽ നിരന്തരം പാടി സ്തുതിക്കുന്നു.**

*കാർമ്മികൻ താഴ്ന്ന സ്വരത്തിൽ യാചനാപ്രാർത്ഥന ചൊല്ലുന്നു.*

**കാർമ്മി:** ഞങ്ങളുടെ കർത്താവീശോമിശിഹായേ, നിനക്ക് സ്തുതി. പുരോഹിതരുടെ ഗണത്തിൽ എന്നെ ചേർക്കുകയും നിന്റെ വിശുദ്ധരുടെ ഗണത്തിൽ എന്നെ ഉൾപ്പെടുത്തുകയും ചെയ്ത നിനക്കു സ്തുതി. നിന്റെ ജനത്തിനുവേണ്ടി മനോധൈര്യത്തോടെ മാദ്ധ്യസ്ഥ്യം വഹിക്കാനും നിന്റെ കാരുണ്യത്തിന്റെ വസ്ത്രാഞ്ചലത്തിൽ സ്പർശിക്കാനും എന്നെ യോഗ്യനാക്കിയ കർത്താവേ, നിനക്കു സ്തുതി. എന്റെ കർത്താവേ, നിന്റെ കാരുണ്യം പ്രതീക്ഷിച്ചുനില്ക്കുന്ന നിന്റെ ജനത്തോടു മനസ്സലിവുതോന്നണമേ.

നിന്റെ ആലയിൽനിന്നു വഴിതെറ്റിപ്പോയ ആടുകളെക്കുറിച്ചു ദയതോന്നണമേ. നിന്റെ കല്പന ലംഘിച്ച പാപികളോടു ക്ഷമിക്കണമേ. നിന്റെ കാരുണ്യാതിരേകത്താൽ സർവസൃഷ്ടികളോടും കരുണ കാണിക്കണമേ. നിന്റെ ദയയാൽ കടക്കാരോടു ക്ഷമിക്കുകയും നിന്റെ ആർദ്രതയാൽ കുറ്റക്കാരോടു രമ്യതപ്പെടുകയും ചെയ്യണമേ. തെറ്റിപ്പോയവരെ നിന്റെ തൊഴുത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരണമേ. ചിതറിപ്പോയവരെ നിന്റെ

www.malankaralibrary.com

ഭവനത്തിലേക്കു കൂട്ടിച്ചേർക്കണമേ. ഞെരുക്കത്തിലിരിക്കുന്നവരെ നിന്റെ കൃപയാൽ ആശ്വസിപ്പിക്കണമേ. ഹൃദയം തകർന്നവർക്ക് നിന്റെ ദയയാൽ ആശ്വാസം നല്കണമേ. നിന്റെ തിരുനാമത്തെപ്രതി പ്രവർത്തിക്കുന്നവ രുടെ ആവശ്യങ്ങൾ നിറവേറ്റണമേ. നിന്നിലുള്ള പ്രത്യാശയിൽ സത്യ മാർഗത്തിലൂടെ ചരിക്കുന്നവരെ സഹായിക്കണമേ. നിന്നിലുള്ള ശരണ ത്തിൽ മരണനിദ്രപ്രാപിച്ചവരെ ഉയിർപ്പിക്കണമേ. അവരെ കൃപയാൽ നിന്റെ വലത്തുഭാഗത്തു നിറുത്തുകയും ആദിമുതൽ നിന്നെ പ്രസാദിപ്പിച്ച സകല നീതിമാന്മാരോടും നിർമലരോടുംകൂടെ നിന്റെ രാജ്യത്തിലെ സ്വർഗീയഭാഗ്യങ്ങളാൽ ആനന്ദിപ്പിക്കുകയും ചെയ്യണമേ.

ഈ നാഴികയിൽ നിന്റെ നാമത്തിൽ ഒരുമിച്ചുകൂടി തിരുമുമ്പാകെ നില്ക്കുന്ന നിന്റെ ജനത്തിന്റെ കടങ്ങൾ പൊറുക്കുകയും കറകൾ നീക്കി ക്കളയുകയും പാപങ്ങൾ മോചിക്കുകയും ചെയ്യണമേ. അവരുടെ വേദന കൾ ശമിപ്പിക്കുകയും രോഗങ്ങൾ സുഖമാക്കുകയും ചെയ്യണമേ. അവ രുടെ ശത്രുക്കളെ ദുർബലരാക്കണമേ. അവരെ വെറുക്കുന്നവരെ പരാജ യപ്പെടുത്തണമേ. അവരുടെ കറകൾ മായിച്ചുകളയുകയും മുറിവുകൾ കഴു കുകയും കുറവുകൾ നികത്തുകയും ചെയ്യണമേ. അവരെ നാശ ത്തിൽനിന്നും തിരിച്ചുകൊണ്ടുവരണമേ. നിർജീവാവസ്ഥയിലുള്ളവർക്ക് നവജീവൻ പ്രദാനം ചെയ്യണമേ. പീഡിതരെ ആശ്വസിപ്പിക്കണമേ. കല ഹങ്ങൾ ശമിപ്പിക്കണമേ. അവരെ വലയംചെയ്തിരിക്കുന്ന അന്ധകാര ത്തിൽ പ്രകാശം ചൊരിയണമേ. വീണുപോയവരെ ഏഴുന്നേല്പിക്കുകയും ദരിദ്രരെ സമ്പന്നരാക്കുകയും ചെയ്യണമേ. ഞെരുക്കങ്ങളിൽ അവർക്ക് ആശ്വാസം നല്കണമേ. അവർക്കുവേണ്ടിയും പാപിയും ദരിദ്രനുമായ എനിക്കുവേണ്ടിയുമുള്ള എളിയവനായ എന്റെ പ്രാർത്ഥന കേൾക്കണമേ. എന്തുകൊണ്ടെന്നാൽ, നിന്റെ മുമ്പാകെ കുമ്പിട്ടുനില്ക്കാൻ ഈ സമയത്ത് എനിക്ക് ഇടവരുത്തിയല്ലോ. എന്നെ സഹായിച്ചു രക്ഷിക്കണമേ. വീണു പോയ എന്നെ എഴുന്നേല്പിക്കണമേ. നിസ്സാരനായ എന്നെ ഉയർത്ത ണമേ. പാപിയായ എന്നിൽ കനിയണമേ. എന്റെ കുറ്റങ്ങൾ അവഗണിച്ച് എന്റെ പ്രാർത്ഥന കേൾക്കുകയും യാചന സ്വീകരിക്കുകയും നിന്റെ മാർഗ ത്തിലൂടെ എന്നെ നടത്തുകയും നിന്റെ വാഗ്ദാനങ്ങളിൽ എന്നെ ഉറപ്പിക്കു കയും നിന്റെ രഹസ്യങ്ങളിൽ എന്നെ പങ്കാളിയാക്കുകയും ചെയ്യണമേ. നിന്റെ നിത്യസൗഭാഗ്യത്തിൽ എന്നെ നിന്റെ വലത്തുഭാഗത്തു നിറുത്തു കയും എല്ലാവരോടുമൊത്ത് നിന്റെ ഭവനത്തിൽ വിരുന്നിനിരുത്തുകയും

www.malankaralibrary.com

നിന്റെ സകല വിശുദ്ധരോടുംകൂടെ നിന്റെ മഹത്ത്വത്തിന്റെ സിംഹാസന ത്തിൻ മുമ്പാകെ മനോവിശ്വാസത്തോടെ നില്ക്കാൻ എന്നെ യോഗ്യനാ ക്കുകയും ചെയ്യണമേ. നിന്നെ ബഹുമാനിക്കുന്ന ഭൂവാസികളായ മനുഷ്യ രുടെയും നിന്നെ മഹത്ത്വപ്പെടുത്തുന്ന ക്രോവേന്മാരുടെയും സ്രാപ്പേന്മാ രുടെയും നിന്നെ പാടിസ്തുതിക്കുന്ന ദൂതന്മാരുടെയും പ്രാർത്ഥനകൾ വഴി പാപിയായ എന്റെമേൽ നിന്റെ കാരുണ്യധാര ഒഴുക്കണമേ. ആമ്മേൻ.

*കാർമ്മികൻ കുനിഞ്ഞുനിന്ന് അഞ്ചാം പ്രണാമജപം (ഗ്ഹാന്ത) ചൊല്ലുന്നു.*

**കാർമ്മി: കർത്താവേ, സർവശക്തനായ ദൈവമേ,**
**ഞങ്ങളുടെ പിതാവേ, അങ്ങയോടു ഞങ്ങൾ**
**യാചിക്കുന്നു. അങ്ങയുടെ മുമ്പാകെ ഞങ്ങൾ**
**പ്രണമിച്ച് ആരാധിക്കുന്നു.**

**തെറ്റിപ്പോയവരെ തിരിച്ചുകൊണ്ടുവരണമേ.**
**അന്ധകാരത്തിലായിരിക്കുന്നവരെ പ്രകാശിപ്പിക്കണമേ.**
**ബലഹീനരെ ശക്തിപ്പെടുത്തണമേ.**
**വീണവരെ എഴുന്നേല്പിക്കണമേ.**
**നില്ക്കുന്നവരെ വീഴാതെ കാക്കണമേ.**
**ഓരോരുത്തർക്കും ഉപകാരപ്രദവും ആവശ്യകവുമായവ**
**കാരുണ്യപൂർവ്വം അങ്ങ് പ്രദാനം ചെയ്യണമേ.**
**ഞങ്ങളുടെ കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുകയും**
**തിരുമുമ്പാകെ അപേക്ഷിക്കുകയും ചെയ്യുന്നു.**
**എല്ലാ പിതാക്കന്മാരെയും പാത്രിയർക്കീസുമാരെയും**
**പ്രവാചകന്മാരെയും ശ്ലീഹന്മാരെയും രക്തസാക്ഷികളെയും**
**വന്ദകരെയും മെത്രാന്മാരെയും മല്പാന്മാരെയും പുരോഹിതരെയും**
**മ്ശംശാനമാരെയും ഞങ്ങളുടെ ഈ ശുശ്രൂഷയിൽ പങ്കുചേർന്ന്**
**ലോകം വിട്ടുപോയ എല്ലാവരെയും**
**സത്യവിശ്വാസത്തോടെ നിദ്രപ്രാപിച്ച്**
**കടന്നുപോയിരിക്കുന്ന എല്ലാവരെയും അങ്ങ് ഓർക്കണമേ.**
**അവരുടെ നാമം അങ്ങ് അറിയുന്നുവല്ലോ.**

www.malankaralibrary.com

പാപത്തിലേക്ക് ചാഞ്ഞിരിക്കുന്നവരും പ്രലോഭനങ്ങൾക്കും
ദുരാശകൾക്കും അടിമപ്പെട്ടവരുമായ മനുഷ്യരെന്ന നിലയിൽ
തിരുമുമ്പാകെ പാപം ചെയ്ത്
അകന്നുപോയവരോട് പൊറുക്കുകയും
ക്ഷമിക്കുകയും ചെയ്യണമേ.

അങ്ങയെ പ്രസാദിപ്പിച്ച എല്ലാവരുടെയും
പ്രാർത്ഥനയാലും അപേക്ഷയാലും
അങ്ങ് ഞങ്ങളിലേക്ക് തിരിയണമേ.
ഞങ്ങളുടെയും അങ്ങയുടെ വിശുദ്ധ മദ്ബഹായുടെ മുമ്പാകെ
നില്ക്കുന്ന എല്ലാ ദാസന്മാരുടെയും ദാസികളുടെയുംമേൽ
കരുണയായിരിക്കണമേ.
സ്വർഗീയപ്രകാശത്തിൽ അങ്ങയുടെ വിശുദ്ധർ പ്രാപിച്ച
ഓഹരിക്കും അവകാശത്തിനും
പങ്കുകാരാകുവാൻ ഞങ്ങളെ എല്ലാവരെയും യോഗ്യരാക്കണമേ.
ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ഈ പ്രവാസകാലത്ത്
നിഷ്കളങ്കമായ സ്നേഹത്തിലും നിർമലമായ വിചാരങ്ങളിലും
തിരുസന്നിധിയിൽ ജീവിക്കുവാൻ ഞങ്ങൾക്കു കൃപനല്കണമേ.

അങ്ങിലുള്ള സത്യവിശ്വാസത്തിന്റെ
യഥാർത്ഥജ്ഞാനം ഞങ്ങൾ സമ്പാദിക്കുകയും
അങ്ങയുടെ ഭയഭക്തിജനകവും പരിശുദ്ധവും
ദൈവികവുമായ രഹസ്യങ്ങളിൽ
പങ്കുകാരാകുകയും ചെയ്തുകൊണ്ട്
അങ്ങയുടെ മഹത്ത്വത്തിന്റെ ഭീതിജനകമായ
സിംഹാസനത്തിനുമുമ്പിൽ നില്ക്കുമ്പോൾ
ഞങ്ങൾ ലജ്ജിക്കാനും ശിക്ഷയ്ക്ക്
വിധിക്കപ്പെടാനും ഇടയാക്കരുതേ.

ഭയഭക്തിജനകവും പരിശുദ്ധവും ജീവദായകവും
ദൈവികവുമായ അങ്ങയുടെ രഹസ്യങ്ങളുടെ ശുശ്രൂഷയ്ക്ക്
ഈ ലോകത്തിൽ ഞങ്ങളെ യോഗ്യരാക്കിയതുപോലെ
വരുവാനിരിക്കുന്ന ലോകത്തിൽ
കടന്നുപോകാത്തതും അഴിയാത്തതുമായ
സകല സൗഭാഗ്യങ്ങളിലും പ്രസന്നവദനരായി പങ്കുകാരാകാൻ
ഞങ്ങളെ യോഗ്യരാക്കണമേ.

www.malankaralibrary.com

**ഇവിടെ ഞങ്ങൾ കണ്ണാടിയിലെന്നപോലെ**
**അവ്യക്തമായി അനുഭവിക്കുന്നവയ്ക്ക്**
**അങ്ങ് അന്ത്യം വരുത്തുമ്പോൾ**
**അവിടെ തെളിവായി സ്വർഗത്തിലുള്ള**
**അതിപരിശുദ്ധസ്ഥലം പ്രാപിക്കുവാൻ**
**ഞങ്ങളെ അനുഗ്രഹിക്കണമേ.**

**ആകയാൽ, ഞങ്ങളുടെ കർത്താവേ,**
**എളിയവരും നിസ്സാരരും ബലഹീനരുമായ ഞങ്ങൾ**
(*കാർമ്മികൻ ബലിപീഠത്തിൽ റൂശ്മാ ചെയ്യുന്നു.*)
**അങ്ങിൽനിന്ന് അകന്നവരായിരുന്നു.**
**അങ്ങയുടെ കാരുണ്യാതിരേകത്താൽ**
**തിരുമുമ്പിൽ നില്ക്കുന്നതിനും**
**ഭീതിജനകവും മഹത്ത്വപൂർണവുമായ**
**ഈ ശുശ്രൂഷ പരികർമ്മം ചെയ്യുന്നതിനും**
**അങ്ങ് ഞങ്ങളെ യോഗ്യരാക്കി.**
**സകല സൃഷ്ടികളെയും നവീകരിക്കുന്ന**
**ആരാധ്യമായ അങ്ങയുടെ ദൈവത്വത്തോട്**
**ഞങ്ങൾ ഒരുമിച്ച് അപേക്ഷിക്കുന്നു.**

**ശുശ്രൂ:** **നിങ്ങൾ മൗനമായി ഭയഭക്തിയോടുകൂടെ പ്രാർത്ഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ.**

*(അല്ലെങ്കിൽ)*

**ഈ സമയം എത്രയോ ഭയഭക്തിജനകവും ആശ്ചര്യജനകവുമാകുന്നു. ഇതാ പുരോഹിതൻ റൂഹായെ വിളിക്കുകയും റൂഹാ ഉന്നതത്തിൽ നിന്നിറങ്ങി തന്റെ ഇഷ്ടം നിറവേറ്റുകയും ചെയ്യുന്നു. നമ്മുടെ രക്ഷകനായ മിശിഹായുടെ ശരീരവും രക്തവുമാകുന്ന ഈ സ്വർഗീയ കുർബാന അതു സ്വീകരിക്കുന്നവരുടെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനുമായി വിശുദ്ധീകരിക്കപ്പെടുന്നു. നിങ്ങൾ ശാന്തരായി, ഭയഭക്തിയോടെനിന്ന് പ്രാർത്ഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ.**

www.malankaralibrary.com

(*കാർമ്മികൻ കൈകൾ ഉയർത്തിക്കൊണ്ട് പ്രാർത്ഥിക്കുന്നു*)

**കാർമ്മി:** എന്റെ കർത്താവേ, പരിശുദ്ധ റൂഹായുടെ കൃപ
എഴുന്നള്ളിവരുകയും അങ്ങയുടെ മുമ്പാകെ
ഞങ്ങളർപ്പിക്കുന്ന ഈ കുർബാനയിൽ
ആവസിക്കുകയും കുടികൊള്ളുകയും
ഈ അപ്പത്തെയും കാസയെയും
വാഴ്ത്തി വിശുദ്ധീകരിച്ച്
ഞങ്ങളുടെ കർത്താവീശോമിശിഹായുടെ
ശരീരവും രക്തവുമാക്കി പൂർത്തീകരിക്കുകയും ചെയ്യണമേ.

ആരാധ്യവും പരിശുദ്ധവുമായ ഈ രഹസ്യങ്ങൾ
അവ സ്വീകരിക്കുന്നവർക്കെല്ലാം
ശരീരത്തിന്റെയും ആത്മാവിന്റെയും
ശുദ്ധീകരണത്തിനും ബുദ്ധിയുടെ പ്രകാശത്തിനും
മരിച്ചവരിൽനിന്നുള്ള ഉയിർപ്പിനും നിത്യജീവനും
തിരുസന്നിധിയിലുള്ള സംപ്രീതിക്കും
ഞങ്ങളുടെ കർത്താവീശോമിശിഹാവഴി
അങ്ങ് ഞങ്ങൾക്കു വാഗ്ദാനം ചെയ്തിരിക്കുന്ന
രക്ഷയ്ക്കും കാരണമാകട്ടെ. ഏകപ്രത്യാശയിൽ
ഞങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നപ്രകാരം
ഏകശരീരവും ഏകആത്മാവുമായിത്തീരുവാൻതക്കവിധം
സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ബന്ധത്താൽ
ഞങ്ങളെ അന്യോന്യം യോജിപ്പിക്കണമേ.

(*കാർമ്മികൻ തുടരുന്നു*) തന്റെ ശരീരത്തിന്റെയും
ആത്മാവിന്റെയും ശിക്ഷാവിധിക്കായി
ആരും ഇതു ഭക്ഷിക്കാനും പാനം ചെയ്യാനും
ഇടയാകാതിരിക്കട്ടെ.

പാപംമൂലം അയോഗ്യരായിരിക്കെ
ഈ അപ്പത്തിൽനിന്നു ഭക്ഷിക്കുന്നതും
ഈ കാസയിൽനിന്ന് പാനം ചെയ്യുന്നതും
രോഗത്തിനും ബലഹീനതയ്ക്കും
കാരണമാകാതിരിക്കട്ടെ. പ്രത്യുത, അങ്ങേക്കു
പ്രസാദകരമായ സകലത്തിലും
ഞങ്ങളെ ശക്തിപ്പെടുത്തുകയും ഉറപ്പിക്കുകയും ചെയ്യണമേ.

www.malankaralibrary.com

**അങ്ങനെ നിർമലമനഃസാക്ഷിയോടുകൂടി**
**അങ്ങയുടെ അഭിഷിക്തന്റെ ശരീരത്തോടും രക്തത്തോടും**
**ഐക്യപ്പെടാൻ ഞങ്ങൾ യോഗ്യരായിത്തീരട്ടെ.**

*(ബലിപീഠം ചുംബിക്കുന്നു)*

**അങ്ങയുടെ മഹോന്നതവും ഭയഭക്തിജനകവുമായ**
**സിംഹാസനത്തിന്റെ മുമ്പാകെ**
**ന്യായവിധിക്കായി ഞങ്ങൾ നില്ക്കുമ്പോൾ**
**തിരുസന്നിധിയിൽ കരുണയും ദയയും**
**ഞങ്ങൾ കണ്ടെത്തട്ടെ.**
**ആദിമുതൽ അങ്ങയെ പ്രസാദിപ്പിച്ച എല്ലാവരോടുംകൂടെ**
**അങ്ങയുടെ ഏകജാതന്റെ കൃപയിലും കരുണയിലും**
**ഞങ്ങൾ ആനന്ദിക്കാൻ ഇടയാകട്ടെ.**

**കർത്താവേ, അങ്ങേക്കും അങ്ങയുടെ ഏകജാതനും**
**ജീവിക്കുന്നവനും ജീവിപ്പിക്കുന്നവനുമായ**
**പരിശുദ്ധാത്മാവിനും മഹത്ത്വവും ബഹുമാനവും ആധിപത്യവും**
**പുകഴ്ചയും ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും ✠ എന്നേക്കും**
*(ദിവ്യരഹസ്യങ്ങളുടെമേൽ റൂശ്മ ചെയ്യുന്നു.)*

**സമൂ:** **ആമ്മേൻ.**

*ശേഷം കുർബാനയുടെ പൊതുക്രമത്തിലേതുപോലെ*

**(സ്വർഗവാസികളുടെ സമാധാനവും...)**

www.malankaralibrary.com

www.malankaralibrary.com